# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 15, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 13

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 15, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

100/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ശ്രീ. ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 1

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 77

**II അടിയന്തരപ്രമേയം**

**കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം**
(അവതരണാനുമതി നിഷേധിച്ചു.) .. 380

**III ശ്രദ്ധ ക്ഷണിക്കൽ**

1. പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ— .. 404
ശ്രീമതി യു. പ്രതിഭ ഹരി
2. പാർവ്വതീ പുത്തനാറിന്റെ ശോചനീയാവസ്ഥ— .. 407
ശ്രീ. വി. എസ്. ശിവകുമാർ

**IV സബ്മിഷൻ**

1. നേമം പോലീസ് സ്റ്റേഷനിലെ മർദ്ദനം—
പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 411
2. കോളനി നവീകരണം— .. 413
ശ്രീ. കെ. ബി. ഗണേഷ് കുമാർ
3. നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തൽ — .. 417
ശ്രീ. കെ. മുരളീധരൻ
4. കുടിവെള്ള വിതരണം— .. 418
ശ്രീ. കെ. ആൻസലൻ
5. പാലം നിർമ്മാണം— .. 420
ശ്രീ. കോവൂർ കുഞ്ഞുമോൻ
6. ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിർമ്മാണം— .. 420
ഡോ. എൻ. ജയരാജ്

7. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്— .. 424

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

8. കൺസ്ട്രക്ഷൻ അക്കാഡമി— .. 426

ശ്രീ. ജി. എസ്. ജയലാൽ

9. മത്സ്യത്തൊഴിലാളി സഹായ പദ്ധതി— .. 429

ശ്രീ. കെ. വി. അബ്ദുൾഖാദർ

10. ജലവൈദ്യുത പദ്ധതി— .. 430

ശ്രീ. ഇ. കെ. വിജയൻ

**V റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ എട്ട് മുതൽ പതിനൊന്നുവരെയുള്ള റിപ്പോർട്ടുകൾ .. 432

**VI ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 432

ധനാഭ്യർത്ഥന നമ്പർ XXII-നഗര വികസനം

ധനാഭ്യർത്ഥന നമ്പർ XXXV-പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI-ഗ്രാമവികസനം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 15, തിങ്കൾ*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 13 |
|---|---|---|

നിയമസഭ 2017 മേയ് മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം (*391)

**സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിച്ച പദ്ധതികൾ**

1. (*391) ശ്രീ. എ. എം. ആരിഫ് :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ?

100/2020.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നീളം (കി.മീ.) | തുക (കോടി രൂപയിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | മലപ്പുറം ജില്ലയിലെ തണ്ണീർകോട് നടുവട്ടം കാഞ്ഞിരമുക്ക് റോഡിനെ അഭിവൃദ്ധിപ്പെടുത്തൽ | 15 | 15.00 |
| 2 | ആലപ്പുഴ ജില്ലയിലെ കളർക്കോട് വടിക്കൽ-ഗലീലിയോ ജംഗ്ഷൻ-കപ്പ ജംഗ്ഷൻ വയാനി പള്ളി-വ്യാസ ജംഗ്ഷൻ-അയ്യൻ കോയിക്കൽ റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 20 | 20.00 |
| 3 | കണ്ണൂർ ജില്ലയിലെ ചിറക്കുനി-ആണ്ടല്ലൂർ-പാറപ്രം-മുന്നപെരിയ-ചക്കരക്കൽ-കഞ്ഞിരോട്-മുണ്ടേരി മൊട്ട-ചെട്ടികുളം-കരിങ്കൽക്കുഴി പറശ്ശിനിക്കടവ് റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 24 | 24.00 |
| 4 | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ചെറുപുഴ റോഡ് കി.മീ. 0/000 മുതൽ 15/000 വരെയുള്ള റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 15 | 12.00 |
| 5 | കണ്ണൂർ ജില്ലയിലെ കൊട്ടിയോടി-ചെറുവാഞ്ചേരി-കണ്ണവം റോഡ് 0/000 മുതൽ 15/000 വരെയുള്ള റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 15 | 15.00 |
| 6 | കോഴിക്കോട് ജില്ലയിലെ അത്തോളി-ചീക്കിലോട്-നൻമി-0/000 മുതൽ 1/400 വരെയുള്ള റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 10.4 | 11.00 |
| 7 | കണ്ണൂർ ജില്ലയിലെ തിരൂർ-ബ്ലാത്തൂർ-ഇരിക്കൂർ-മട്ടന്നൂർ-റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 21 | 21.00 |
| 8 | പാലക്കാട് ജില്ലയിലെ കുഴൽമന്ദം കൊടുവായൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 10 | 10.00 |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | പാലക്കാട് ജില്ലയിലെ കോങ്ങാട് മുതൽ മംഗലംകുന്ന് വരെയുള്ള റോഡ് അഭിവൃദ്ധി പ്പെടുത്തൽ | 15 | 15.00 |
| 10 | തൃശ്ശൂർ ജില്ലയിലെ പാറേമ്പാടം കുരിശ്ശ്-വട്ടമ്പാടം-റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 13 | 13.00 |
| 11 | എറണാകുളം ജില്ലയിലെ ചെറിയപള്ളി-തിരുമുപ്പം-കുനമ്മാവ്-ചെമ്മായം-തോന്നിയകാവ്-തൃക്കാപുരം-റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 10 | 12.00 |
| 12 | തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂർ-ചാലക്കുടി റോഡ് ദേശീയപാത 47-മായി ബന്ധപ്പെടുത്തി -അഭിവൃദ്ധിപ്പെടുത്തൽ | 15 | 15.00 |
| 13 | തിരുവനന്തപുരം ജില്ലയിലെ കല്ലമ്പലം പുതുശ്ശേരിമുക്ക്-നഗരൂർ-കാരേറ്റ്-റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 14.5 | 16.00 |
| 14 | കൊല്ലം ജില്ലയിലെ ചെങ്ങമനാട് കടയ്ക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 15 | 15.00 |
| 15 | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ-മന്ന-വെള്ളാവ്-കുട്ടിയേരി-പനത്തുർ കട്ടമ്പള്ളികടവ്-പൂവം റോഡ്-അഭിവൃദ്ധി പ്പെടുത്തൽ | 15 | 15.00 |
| 16 | കണ്ണൂർ ജില്ലയിലെ കുപ്പം-എരിപുരം റോഡ് 0/000 മുതൽ 10/000 വരെയുള്ള റോഡ്-അഭിവൃദ്ധിപ്പെടുത്തൽ | 10 | 10.00 |
| 17 | കാസർഗോഡ് ജില്ലയിലെ ചന്ദേര-തൃക്കരിപ്പൂർ-ഒലവറ റോഡ് 0/000 മുതൽ 12/000 വരെയുള്ള റോഡ്-അഭിവൃദ്ധി പ്പെടുത്തൽ | 12 | 10.00 |
| 18 | എറണാകുളം ജില്ലയിലെ ഇടപ്പള്ളി-മെത്താനം-പ്രിമിയർ ജംഗ്ഷൻ-പാതാളം ജംഗ്ഷൻ റോഡും ലിങ്ക് റോഡ് മുതൽ വടക്ക് കളമശ്ശേരി ഗ്ലാസ് ഫാക്ടറി റോഡുമായി ബന്ധപ്പെടുത്തി ദേശീയപാത 47 അഭിവൃദ്ധിപ്പെടുത്തൽ | 12 | 11.00 |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | ഇടുക്കി ജില്ലയിലെ പൂപ്പാറ-രാജകുമാരി-രാജാക്കാട്-18 കി.മീ. ദൂരം സഞ്ചാരയോഗ്യ മായ രീതിയിൽ അഭിവൃദ്ധിപ്പെടുത്തൽ | 18 | 12.00 |
| 20 | കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ -നീണ്ടൂർ-കല്ലറ റോഡ് കി.മീ. 0/000 മുതൽ 10/600 വരെയും ലിങ്ക് റോഡ് മുതൽ പ്രാവട്ടം ജംഗ്ഷൻ മുതൽ പനമ്പാളം ജംഗ്ഷൻ വരെയും (0/000 മുതൽ 6/4000) സഞ്ചാരയോഗ്യമായ രീതിയിൽ അഭിവൃദ്ധി പ്പെടുത്തൽ | 17 | 16.00 |
| 21 | എറണാകുളം ജില്ലയിലെ ചീനിക്കുഴി-കിളികുളം-മംഗലത്തുനട-കടയിരുപ്പ്-പുളിഞ്ചോട്-കണിനാട്-കരിമുകൾ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 17 | 16.00 |
| 22 | എറണാകുളം ജില്ലയെ ബന്ധിപ്പിക്കുന്ന ഗാന്ധി സ്ക്വയർ മുതൽ മിനി ബൈപ്പാസ്-കണ്ണൻകുളങ്ങര-പുതിയകാവ്-പൂത്തോട്ട റോഡ്-ലിങ്ക് റോഡ്- മാറാട് കെട്ടേഴത്തു കടവ് ഗ്രിഗോറിസ് സ്കൂൾ വരെയുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 15 | 12.00 |
| 23 | കാസർഗോഡ് ജില്ലയിലെ 0/000 മുതൽ 13/000 വരെയുള്ള ഹോസ്ദുർഗ്ഗ്-നീലേശ്വരം വഴി-മടിക്കിവരെയുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 13 | 12.00 |
| 24 | ആലപ്പുഴ ജില്ലയിലെ ചെന്നവേളി തിരുവിഴ-തുരുത്തൻകവല-കായിപ്പുറം-റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 10 | 12.00 |
| 25 | തിരുവനന്തപുരം ജില്ലയിലെ നരിക്കല്ല്-തച്ചോട്-പനയറ-ചാവർകോട് റോഡ്-ഞെക്കാട്- റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 10 | 10.00 |
| 26 | തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ-ശാസ്തവട്ടം-ചെലമ്പ്-അഴൂർ-ചിറയിൻകീഴ്-റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 13 | 13.00 |
| 27 | കണ്ണൂർ ജില്ലയിലെ എടാട്ട്-ഹനുമാനമ്പലം-ഭാസ്കരൻ പീടിക-ശ്രീസ്ഥ എമ്പേറ്റ് റോഡ് 0/000 കി.മീ. മുതൽ 14/000 കി. മീ. വരെ റോഡ് പുനരുദ്ധാരണം | 14 | 12.00 |

| 1 | 2 | 3 | 4 |
|---|---|---|---|
| 28 | കണ്ണൂർ ജില്ലയിലെ കയ്യാലി-കോളശ്ശേരി-എരഞ്ഞോളി-തോട്ടുമ്മൽ-കതിരൂർ 0/000 കി.മീ. മുതൽ 10/000 വരെ റോഡ് പുനരുദ്ധാരണം | 10 | 10.00 |
| 29 | ആലപ്പുഴ ജില്ലയിലെ തീരദേശ തുമ്പോളി ബീച്ച് ചർച്ച് കളർകോട് ജംഗ്ഷൻ റോഡും (കോമാടി കൈചൂണ്ടി ജില്ലാ കോടതി സിറിയൻ ചർച്ച് കല്ലുപുറം കൈതവന-കളർകോട് വഴി) ആലപ്പുഴ ജംഗ്ഷനും പുനരുദ്ധാരണം | 10 | 12.00 |

(ബി) 10 കിലോമീറ്ററിൽ കുറയാത്ത സംസ്ഥാന പാതകൾ മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയാണ് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നത്. കൂടാതെ പാലങ്ങളുടെ നിർമ്മാണം, റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ്, റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ, സംസ്ഥാന അതിർത്തികളിലെ പാലങ്ങളുടെ പ്രോജക്ടുകൾ എന്നിവയും സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്. പൊതുവെ 10 മുതൽ 50 കോടി വരെയുള്ള പ്രോജക്ടുകളാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. ഈ സ്കീമിൽ തെരഞ്ഞെടുക്കുന്ന റോഡുകൾ കഴിഞ്ഞ 3 വർഷക്കാലം ഒരു പുരോഗമന പ്രവൃത്തിക്കും വിധേയമാകുവാനും പാടില്ല. ഈ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ നടപടി ഉൾപ്പെടുത്താനാവില്ല.

<u>ശ്രീ. എ. എം. ആരിഫ് </u>: സർ, സെൻട്രൽ റോഡ് ഫണ്ട് ആക്ട്, 2000 നിലവിൽ വന്നതിനുശേഷം വിവിധ തോതിലുള്ള വിഭവ സമാഹരണമാണ് പ്രസ്തുത ഫണ്ടിൽ കളക്ട് ചെയ്യുന്നത്. ഗതാഗതവുമായി ബന്ധപ്പെട്ട് എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി തുടങ്ങി വിവിധ ടാക്സുകൾ ഈടാക്കുന്നുണ്ട്. ഇങ്ങനെ ഈടാക്കുന്ന ടാക്സുകൾ കേന്ദ്ര സർക്കാരിന്റെ മൂന്ന് മന്ത്രാലയങ്ങൾക്ക് വിതരണം ചെയ്യുകയാണ്. ടാക്സ് വിതരണം ചെയ്യുമ്പോൾ അവർ ഒരുപാട് മാനദണ്ഡങ്ങൾ വയ്ക്കും. ടാക്സ് കളക്ട് ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. പക്ഷേ കേരളത്തിന്റെ ഭൂപ്രകൃതിക്കും ഭൂമിശാസ്ത്രത്തിനും അനുസൃതമായ നിലയിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. റൂറൽ ഡെവലപ്മെന്റ് മേഖലയിൽ 8 മീറ്റർ വീതിയിൽ കുറവുള്ള റോഡ് നിർമ്മാണം പാടില്ല എന്നാണ്. സംസ്ഥാന സർക്കാർ സമാഹരിക്കുന്ന തുകയ്ക്ക് സംസ്ഥാന സർക്കാരിന് ഫണ്ട് അലോക്കേഷനില്ല,

എന്നാൽ സംസ്ഥാന സർക്കാരാണ് പ്രയോറിറ്റി ലിസ്റ്റ് സമർപ്പിക്കുന്നത്. അങ്ങനെ സമർപ്പിക്കുന്ന ലിസ്റ്റിനെ മറികടന്ന്, വിവേചനപരമായി കേന്ദ്രത്തിലിരിക്കുന്ന അധികാരികളും ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ടവരുമെല്ലാം തീരുമാനമെടു ക്കാറുണ്ടോ; ഇത് സെൻട്രൽ റോഡ് ഫണ്ട് ആക്ടിലെ 10(8) പ്രകാരം വയലേഷനാണ്. ഇത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ചർച്ച ചെയ്ത് അംഗീകരിക്കുന്ന ലിസ്റ്റാണ് ആധികാരികമായി ലഭ്യമാക്കേണ്ടതെന്ന് ആക്ടിൽ പറയുന്നുണ്ട്. പക്ഷേ അതിൽ എല്ലാവർഷവും കേന്ദ്ര ഉപരിതല മന്ത്രാലയം മാറ്റങ്ങൾ വരുത്താറുണ്ട്. ചില എം.പി.മാരുടെ ഇഷ്ടപ്രകാരം പ്രയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തും. കൂടാതെ അധികാരത്തിലുള്ള രാഷ്ട്രീയപാർട്ടികളുടെ സ്വാധീനമുള്ള ചില ആളുകളും കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും ഇങ്ങനെ മാറ്റം വരുത്താറുണ്ട്. കൊടുക്കുന്ന ലിസ്റ്റിന്റെ 30 ശതമാനത്തോളം മാത്രമേ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂ. ആ റോഡുകളൊക്കെ ചെയ്യേണ്ടതാണെങ്കിലും വളരെ എക്സ്ക്ലൂസീവ് ആയ ലിസ്റ്റാണ് സംസ്ഥാന സർക്കാർ എപ്പോഴും കൊടുക്കുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ എല്ലാക്കാലത്തും ചെറിയ കാര്യത്തിൽപ്പോലും കേന്ദ്രം വിള്ളൽ ഉണ്ടാക്കാറുണ്ട്. ഇപ്പോൾ അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 വർഷം കൊണ്ട് ആകെ 35 റോഡുകളും 436 കോടി രൂപയുടെ അടങ്കൽ തുകയുമാണ് ലഭിച്ചത്. എന്നാൽ 397 കോടി രൂപയുടെ അടങ്കൽ തുകയാണ് നമുക്ക് ഈ വർഷം ലഭിച്ചത്. എല്ലാവർഷവും ഈ അടങ്കൽ തുക ആവർത്തിക്കുക യാണെങ്കിൽ അത് റിക്കാർഡ് ആയിരിക്കും. പക്ഷേ അതുസംബന്ധിച്ച് പറയാൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ട് വർഷം ഒരു തുകയും കൊടുത്തിട്ടില്ല. ഇത്തവണയും അങ്ങനെ സംഭവിക്കുമായിരിക്കാം. എങ്കിലും ശാസ്ത്രീയമായൊരു നടപടിക്രമമല്ല കേന്ദ്രഉപരിതല മന്ത്രാലയം പാലിക്കുന്നത് എന്നുള്ളത് സത്യമാണ്.

ശ്രീ. എ. എം. ആരിഫ് : സർ, വടക്കൻ ജില്ലകളിലെ റോഡുകൾക്കായി ധാരാളം തുക വകയിരുത്തിയിട്ടുള്ളത് നല്ല കാര്യമാണ്. തെക്കൻ ജില്ലകളിലെ കഴിഞ്ഞ വർഷത്തെ ഫണ്ട് അലോക്കേഷൻ അത് ബാലൻസ് ചെയ്യാൻ വേണ്ടി കൊടുത്തതായിരിക്കാം. 2005-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി ചേർത്തലയെ പ്രതിനിധീകരിക്കുന്ന സന്ദർഭത്തിൽ അനുവദിക്കപ്പെട്ട സെൻട്രൽ റോഡ് ഫണ്ടാണ് 2006-ൽ എക്സിക്യൂട്ട് ചെയ്തത്. ഇപ്പോൾ 10 വർഷം കഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ വളരെ അപൂർവ്വമായാണ് സെൻട്രൽ റോഡ് ഫണ്ടിന്റെ വർക്ക് കിട്ടുന്നത്. ചേർത്തല-അരൂക്കുറ്റി റോഡ് അത്തരത്തിൽ നിർമ്മിക്കപ്പെട്ട ഒന്നാണ്. സെൻട്രൽ

റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത റോഡ്, 10 വർഷം കഴിഞ്ഞപ്പോൾ സഞ്ചാരയോഗ്യമല്ലാതായി മാറിയിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളിൽ ഈ ഫണ്ട് ഉപയോഗിച്ച് നല്ല നിലയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇപ്പോഴത്തെ ചട്ടപ്രകാരം ഒരേ സ്ഥലത്ത് തന്നെ സെൻട്രൽ റോഡ് ഫണ്ട് വീണ്ടും അനുവദിക്കുന്ന രീതി കാണുന്നില്ല. നമ്മുടെ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ ചെയ്യേണ്ട അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് അവരുടെ ചട്ടങ്ങളിൽ അതുകൂടി ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രസർക്കാരിനോട് പറയാവുന്നതാണ്. മലബാർ മേഖലയിൽ സെൻട്രൽ റോഡ് ഫണ്ടിന്റെ വർക്കുകൾ കിട്ടിയിട്ടുണ്ടാകും. ഇത്തവണ ആലപ്പുഴ ജില്ലയിൽ ആദ്യമായി മൂന്ന് വർക്കുകൾ വന്നിട്ടുണ്ട്. എന്നാൽ വയനാട്, പത്തനംതിട്ട എന്നീ രണ്ട് ജില്ലകളിൽ ഒരു വർക്കുപോലും ഇതുവരെ വന്നിട്ടില്ല. നമ്മൾ ലിസ്റ്റ് സമർപ്പിച്ചിട്ടും അവർ തരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും തന്നിട്ടില്ല. ഇത്തരത്തിലുള്ള കടുത്ത അവഗണനകളുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ പുതിയ ലിസ്റ്റിൽ ഈ രണ്ട് ജില്ലകൾക്ക് മുൻതൂക്കം നൽകി അവിടെ അത്യാവശ്യം റോഡുകൾ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കേന്ദ്രത്തിൽനിന്ന് റോഡ് വികസനത്തിന് കൂടുതൽ ഫണ്ട് ലഭിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സാധ്യതകൾക്കനുസരിച്ച് ഫണ്ട് ലഭ്യമാകണമെങ്കിൽ അവർ നിഷ്കർഷിക്കുന്ന ചില മാനദണ്ഡങ്ങളുണ്ട്. 10 കോടി രൂപ മുതൽ 50 കോടി രൂപ വരെയുള്ള സ്കീമുകൾ നിർദ്ദേശിക്കേണ്ടതായുണ്ട്. ഇത്തരം സ്കീമുകൾ നിർദ്ദേശിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജനപ്രതിനിധികളുമായി ആലോചിച്ച് മാക്സിമം പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ച് അത് ലഭ്യമാക്കുന്നതിനും ഫോളോ അപ് ചെയ്യാനുമുള്ള സംവിധാനം പൊതുമരാമത്ത് വകുപ്പിനുണ്ടോ; കഴിഞ്ഞ കാലങ്ങളിൽ അത് ഉണ്ടായിട്ടില്ലെങ്കിൽ ഇനിയെങ്കിലും മാക്സിമം ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സംഘടിത ശ്രമം നടത്താൻ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഫണ്ട് കിട്ടിയത് ഇത്തവണയാണ്. 2011-16 കാലയളവിൽ 5 വർഷം കൊണ്ട് 35 വർക്കുകൾക്ക് 436 കോടി രൂപയാണ് അടങ്കൽ തുകയായി ലഭിച്ചത്. എന്നാൽ ഈ ഒരു വർഷം 29 വർക്കുകൾക്ക് 397 കോടി രൂപ ലഭിച്ചു. ഇത് അടുത്ത വർഷവും ലഭിക്കുമോ എന്ന് പറയാൻ കഴിയില്ല. അവരുമായി നല്ല രീതിയിൽ നിരന്തരം

ബന്ധപ്പെട്ടതുകൊണ്ടാണ് അടങ്കൽ തുക ലഭിച്ചത്. എന്നാൽ കേന്ദ്രത്തിൽ ഭരണകക്ഷിയുടെ സ്വാധീനമുള്ളവരും എം.പി.മാരുടെ ഇഷ്ടപ്രകാരവും അവർ ലിസ്റ്റിൽ മാറ്റം വരുത്തും. അതുകൊണ്ട് ആ റോഡുകളൊന്നും വേണ്ടെന്ന് പറയാൻ പറ്റില്ല. പ്രയോറിറ്റി ലിസ്റ്റിൽ എല്ലാ റോഡുകളെയും ഉൾപ്പെടുത്താൻ കഴിയില്ല. സംസ്ഥാന സർക്കാരിനെ സഹായിക്കണമെന്നും ചട്ടങ്ങളിലുള്ള ഇത്തരം ലംഘനങ്ങൾ ഒഴിവാക്കണമെന്നും തീർച്ചയായും അറിയിക്കുന്നതാണ്. എം.എൽ.എ.മാർ എഴുതി നൽകുന്നതാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് കൊടുക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കഴിഞ്ഞ വർഷം നാനൂറ്റി ചില്വാനം കോടിയും ഈ വർഷം 397 കോടി രൂപയും അടങ്കൽ തുക വാങ്ങാൻ കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് ഇത് കുറവായാണ് കാണുന്നത്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; തലപ്പാടി മുതൽ തെക്കോട്ട് വരുന്ന ദേശീയപാത നാലുവരിയാക്കാൻ മുമ്പ് തീരുമാനിക്കുകയും പണി ആരംഭിക്കാൻ നിശ്ചയിച്ചതുമാണ്. എന്നാൽ പല കാരണങ്ങൾ കൊണ്ട് അത് മുടങ്ങിക്കിടക്കുകയാണ്. എന്നാൽ ഈ സർക്കാർ 45 മീറ്റർ വീതിയിൽ ആറുവരി പാതയാക്കുമെന്ന് പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. അത് എത്രയുംവേഗം പണി ആരംഭിച്ച് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടിയുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ദേശീയപാതയുടെ കാര്യമാണ് പറയുന്നതെങ്കിൽ അത് ഇതിൽ ഉൾപ്പെടില്ല. ദേശീയപാതകൾ കേന്ദ്രസർക്കാർ നേരിട്ടാണ് നിർമ്മിക്കുന്നത്. കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയ്ക്ക് 40,000 കോടി രൂപയുടെ അടങ്കൽ തുക അംഗീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അത് വടക്കൻ മലബാറിൽ നിന്നാണ് ആരംഭിക്കുന്നത്. ദേശീയപാതയ്ക്ക് ഈ പണം മാറ്റിവയ്ക്കാൻ കഴിയില്ല. കഴിഞ്ഞ 5 വർഷം കൊണ്ട് 35 വർക്കുകൾക്കായി 436 കോടി രൂപയാണ് അടങ്കൽ തുക ലഭിച്ചത്. അങ്ങ് അത് തെറ്റിച്ചാണ് പറഞ്ഞത്. ഇത്തരത്തിലാണ് അതിന്റെ നടപടിക്രമം.

ശ്രീ. രാജു എബ്രഹാം: സർ, അടുത്ത വർഷത്തെ പട്ടികയിൽ പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പ്രാകൃതമായ നിലയിലാണ് മലയാളികളിൽ ചിലർ റോഡിനെ കാണുന്നത്. തടി, കല്ല് മുതലായവ റോഡ് സൈഡിൽ ഇറക്കുകയും വലിയ മതിൽ

കെട്ടി വെള്ളം ഒഴുക്ക് തടസ്സപ്പെടുത്തുകയും ചെയ്യുന്നതുവഴി റോഡ് തകരുന്നു. ഇതിനെതിരെ 1998-ൽ ശ്രീ. പി. ജെ. ജോസഫിന്റെ കാലത്തുള്ള ദുർബലമായ ഒരു നിയമമുണ്ട്. റോഡുകളെ സംരക്ഷിക്കാൻ കർശനമായ നിയമ സംരക്ഷണം സ്വീകരിക്കുമോ; അതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, നിലവിലുള്ള നിയമത്തിൽ ഭേദഗതി വേണമെങ്കിൽ അത് ചർച്ച ചെയ്ത് തീരുമാനമെടുക്കാം. പക്ഷേ നിലവിലുള്ള നിയമം ശക്തമാണ്. അത് നടപ്പാക്കാൻ നമ്മൾ ശ്രമിക്കുമ്പോൾ അതിന് തടസ്സം വരുത്തുന്നത് പ്രാദേശിക രാഷ്ട്രീയ പാർട്ടികളും സംഘടനകളുമാണ്. നാഷണൽ ഹൈവേ കയ്യേറിയ ആളുകളിൽനിന്ന് പിഴ ഈടാക്കുന്നില്ല. അവിടെനിന്നും മാറിത്തരണമെന്ന് പറഞ്ഞാൽ അവർ ഉടനെ ജാഥ നടത്തുകയാണ് ചെയ്യുന്നത്. 'നിയമം അറിയാവുന്ന നിയമ വകുപ്പുമന്ത്രി വഴിയോര കച്ചവടക്കാരെ ഒഴിവാക്കുന്നത് ശരിയല്ല' എന്നുള്ളത് ഒരു രാഷ്ട്രീയ നേതാവിന്റെ പ്രസ്താവനയാണ്. അതിൽ സർക്കാരിന് ഒന്നും ചെയ്യാൻ സാധിക്കില്ല. ഇത് സാമൂഹ്യബോധത്തിന്റെ പ്രശ്നമാണ്. അങ്ങ് പറഞ്ഞതുപോലെ, റോഡാണെന്നുള്ള ബോധം ആർക്കുമില്ല. റോഡിൽ നിന്നും എല്ലാവരും മാറിയേ പറ്റൂ. മാറാതിരിക്കാൻ പറ്റില്ല. അതിനുള്ള കർശന നടപടിയെടുക്കാൻ സർക്കാർ തയ്യാറാണ്. അതിനുമുമ്പ് കൺസെൻസസ് ഉണ്ടാകണം. നാലുവരിപ്പാതയാക്കുമ്പോൾ നാഷണൽ ഹൈവേയിൽനിന്നും എല്ലാവരും മാറിയേപറ്റൂ എന്നുള്ളത് ഒരു സാമൂഹ്യ പ്രശ്നമാണ്. നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് അങ്ങ് സൂചിപ്പിച്ചത് പൂർണ്ണമായും ശരിയാണ്. അത് നടപ്പിലാക്കേണ്ടതുണ്ട്. നിയമത്തിൽ സർക്കാർ ഉറച്ച് നിൽക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ചേർത്തലയിലെ ഒരു പ്രവൃത്തി പൂർത്തിയാക്കാൻ പത്ത് കൊല്ലമെടുത്തു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റ് ആണെങ്കിലും ഈ ഗവൺമെന്റ് ആണെങ്കിലും ലഭിക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കണം. ശ്രീ. ജെയിംസ് മാത്യുവിന്റെ മണ്ഡലത്തിൽ നിന്നാരംഭിച്ച് ഇരിക്കൂറിലേയ്ക്കുപോകുന്ന ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന് 27 കോടി രൂപ അനുവദിച്ചതാണ്. ഒന്നര കൊല്ലമായി, ഇതുവരെയും ടെണ്ടർ ക്ഷണിച്ചിട്ടില്ല. ചില ഉദ്യോഗസ്ഥന്മാർ പണി നടത്താതിരിക്കാൻ ബോധപൂർവ്വം ശ്രമിക്കുകയാണ്. സി.ആർ.എഫ് പദ്ധതി പ്രകാരമുള്ള ഓരോ വർക്കും ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് മോണിറ്റർ ചെയ്ത് തടസ്സങ്ങൾ മാറ്റി പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. ജി. സുധാകരൻ: സർ, സംസ്ഥാനത്ത് ഇനിയും നിർമ്മാണം പൂർത്തിയാകാത്തതും കരാർ ഉറപ്പിക്കാത്തതുമായ എല്ലാ വർക്കുകളെയും സംബന്ധിച്ച സംസ്ഥാനതല റിവ്യൂ താമസിയാതെ നടത്തുന്നതാണ്. 2000 മുതൽ 2016 വരെ 165 റോഡുകളാണ് കിട്ടിയിരിക്കുന്നത്. അതിൽ 133 റോഡുകളുടെ പണി പൂർത്തിയാക്കി. 2 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. 33 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാകാൻ പോകുന്നതേയുള്ളൂ. മഴക്കാലം കഴിയുമ്പോൾ നിർമ്മാണം തുടങ്ങാൻ കഴിയും. ഏതാണ്ട് പതിനേഴ് വർഷത്തെ കാലതാമസമുണ്ടായിട്ടുണ്ട്. അത് റിവ്യൂ ചെയ്ത് ആരാണ് ഉത്തരവാദിയെന്നുള്ളത് കണ്ടെത്തി പരിഹാരം കാണാം.

ശ്രീ. ജെയിംസ് മാത്യു: സർ, ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ച അതേ വിഷയത്തിന്റെ തുടർച്ചയാണ് ഞാൻ ചോദ്യമായി ഉന്നയിക്കുന്നത്. സംസ്ഥാനത്ത് സി.ആർ.എഫ് റോഡുകൾ അനുവദിക്കുന്നത് സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം റോഡിന്റെ പണി പൂർത്തിയാക്കാനുള്ള കാലതാമസത്തേക്കാളുപരി നമുക്ക് ലഭിക്കേണ്ട പണത്തിൽ കുറവ് വരുന്നതിന് അത് കാരണമാകാറുണ്ട്. ഓരോ വർഷവും സെൻട്രൽ റോഡ് ഫണ്ടിൽ കൂടുതൽ പണം അനുവദിക്കുന്നത് സംസ്ഥാനത്തിന് അതിനുമുൻപ് അനുവദിച്ച തുക ചെലവഴിച്ചതിന്റെ തോത് പരിശോധിച്ചുകൊണ്ടാണ്. രണ്ട് വർഷം കൂടുതൽ തുക അനുവദിച്ചാൽ അടുത്ത രണ്ട് വർഷം തുക ലഭിക്കാതെ പോകുന്ന സാഹചര്യത്തിന്റെ അടിസ്ഥാനം അനുവദിച്ച തുക സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കി ചെലവഴിക്കാത്തതുകൊണ്ടാണ്. കേവലം റോഡ് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള അടിയന്തര പ്രാധാന്യം മാത്രമല്ല, കൂടുതൽ തുക ലഭിക്കുന്നതിന് കൂടി മോണിറ്ററിംഗ് അടിസ്ഥാനമാകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അത് കുറച്ചുകൂടി വേഗത്തിൽ ആക്കുകയും ഓരോ വർഷവും സെൻട്രൽ ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് പെട്രോളിയം സെസ്സിന്റെ അടിസ്ഥാനത്തിൽ നമുക്ക് ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ എന്നത് ഉൾപ്പെടെ പരിശോധിക്കുന്നതിന് ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും ഏർപ്പെടുത്താവുന്നതാണ്. നമുക്ക് 2000 മുതൽ 2016 വരെ ലഭിച്ച 165 റോഡുകളിൽ ഇനി 8% റോഡാണ് പൂർത്തിയാക്കാനുള്ളത്. ബാക്കിയുള്ളത് പൂർത്തിയായി. 8% റോഡുകളുടെ പണി ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുമെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഈ വർഷം കിട്ടിയ 29 റോഡുകളുടെയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ശ്രീ. ജെയിംസ് മാത്യു സൂചിപ്പിച്ചതുപോലെ, ഫണ്ട് ചെലവഴിച്ചില്ലെങ്കിൽ ഫണ്ട് കുറയും. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പ്രശ്നം ഇതാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി ജോർജ് : സർ, ശ്രീ. രാജു എബ്രഹാം ചോദിച്ച ചോദ്യവുമായി ബന്ധപ്പെട്ടാണ് ഞാൻ ചോദിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഒരു സെക്ഷൻ ആഫീസ് ഉണ്ടെങ്കിൽ ആ സെക്ഷന് കീഴിലുള്ള റോഡുകളുടെ ഉത്തരവാദിത്വം ആ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഉണ്ടാകണം. രാഷ്ട്രീയ പാർട്ടിയെല്ലാം റോഡിൽ കൊടിനാട്ടും. എല്ലാ മതവിഭാഗങ്ങൾക്കും അവരുടെ സ്ഥാപനങ്ങൾ പുറമ്പോക്കിൽ വേണമെന്നുള്ളത് നിർബന്ധമാണ്. മലയോരമേഖലയിൽ ആര് തടിവെട്ടിയാലും അത് റോഡിലാണിടുന്നത്. ഇത് മുഴുവൻ ജപ്തി ഉൾപ്പെടെയുള്ള നിയമനടപടിയിലേയ്ക്ക് പോകണം. ഓഫീസുകളിൽ എഞ്ചിനീയർമാരില്ല. ഈരാറ്റുപേട്ട സെക്ഷനിൽ ഒരു എ.ഇ. അല്ലാതെ ആഫീസർമാരോ വർക്ക് സൂപ്രണ്ടോ ഇല്ല. ഇത്തരം പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് നിയമനിർമ്മാണം നടത്തണം. ആര് പുറമ്പോക്ക് കയ്യേറിയാലും അതിനെതിരെ കേസ്സെടുക്കാനും നഷ്ടപരിഹാരം ഈടാക്കാനുമുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ജി. സുധാകരൻ: സർ, നേരത്തെ റോഡിന്റെ സുരക്ഷയെപ്പറ്റി പറഞ്ഞത് കുറേക്കൂടി സംയുക്തമായി ചോദിച്ചിരിക്കുകയാണ്. കേരളത്തിലെ റോഡുകളിൽ മുഴുവൻ തടിക്കച്ചവടം, കല്ലുകച്ചവടം മുതലായവയാണ് നടക്കുന്നത്. ഇത് സാമൂഹികമായ ഒരു ബോധമാണ്. ഇതിന്റെ പുറകിലുള്ള പലതും ആ പ്രദേശത്തെ രാഷ്ട്രീയ നേതാക്കന്മാരായിരിക്കും. എല്ലാം കണ്ടുകെട്ടാൻ നിയമമുണ്ട്. പുതിയ ഗവൺമെന്റ് വന്നതിനുശേഷം ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുസംബന്ധിച്ചുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട്. ചിലയിടത്ത് ചെയ്തിട്ടുമുണ്ട്. അതിനെ ഉടനെ തടയുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ചില സ്ഥലങ്ങളിൽ ഇതൊരു സാമൂഹ്യവിരുദ്ധ സംസ്കാരമായി മാറിയിട്ടുണ്ട്. തടിക്കച്ചവട സ്ഥാപനത്തിന് പെർമിഷൻ കൊടുത്ത ലോക്കൽ ബോഡീസാണ് റോഡിൽ തടികൾ ഇടുന്നത് നിയമംമൂലം നിരോധിക്കേണ്ടത്. നിയമം ലംഘിച്ചാൽ ലൈസൻസ് റദ്ദ് ചെയ്യണം. ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചീനിയർ അവിടത്തെ ക്വാസി- ജുഡീഷ്യൽ അതോറിറ്റിയാണ്. ആ ജില്ലയിൽ ഇതെല്ലാം ക്ലിയറാക്കിയില്ലെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാം. അങ്ങനെവരുമ്പോൾ കേരളത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കാണില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് സാമൂഹികവും രാഷ്ട്രീയപരവുമായി ചർച്ചചെയ്ത് ഇത് ശക്തമായി നടപ്പാക്കണം. ഇപ്പോൾ എല്ലായിടത്തും റോഡ് നിർമ്മാണങ്ങൾ ആരംഭിക്കുകയാണ്. ഇങ്ങനെ ഓരോ സ്ഥലത്തും റോഡ് നവീകരണമുണ്ടാകും. എല്ലാവരുടെയും സഹായത്തോടുകൂടി ശ്രീ. പി. സി. ജോർജ് അടക്കമുള്ള എല്ലാ അംഗങ്ങളും പറഞ്ഞതും ഇനി പറയാനിരിക്കുന്നതുമായ കാര്യങ്ങൾ പരിഹരിക്കേണ്ടതുണ്ട്. അതിന് എല്ലാവരുടെയും പിന്തുണ ആവശ്യമാണ്. അങ്ങനെ റോഡ് സുരക്ഷിതമായ യാത്രയ്ക്കുമാത്രമായി മാറ്റിവയ്ക്കാൻ കഴിയും.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സംസ്ഥാനത്തിന്റെ സമഗ്ര അടിസ്ഥാന വികസനത്തിനുവേണ്ടിയാണ് സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ടാർജറ്റും അതുതന്നെയാണ്. കേരളത്തിലെ സെൻട്രൽ റോഡ് ഫണ്ട് നഗരങ്ങളുടെ വികസനത്തിനുവേണ്ടിയാണ് മിക്കവാറും വിനിയോഗിച്ചുവരുന്നത്. ഗ്രാമ പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിക്കുന്നില്ല. ഇത് ഒരു വിവേചനമാണ്. കൂടുതൽ റോഡുകളും കെട്ടിടങ്ങളും വീടുകളും ഫാക്ടറികളുമായി നഗരങ്ങൾ വികസിച്ചു കൊണ്ടിരിക്കുന്നു, ഗ്രാമങ്ങൾ പിറകോട്ടുപോയിക്കൊണ്ടുമിരിക്കുന്നു. അതിനാൽ സെൻട്രൽ റോഡ് ഫണ്ട് ഗ്രാമങ്ങളിലേയ്ക്കുകൂടി കൊടുക്കാനുള്ള സംവിധാന മുണ്ടാകണം. ചില നോംസിന്റെ പുറത്താണിത് കൊടുക്കുന്നതെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെ നോംസ് ഒന്നുമില്ല. ഡൽഹിയിൽ മാനിപ്പുലേറ്റ് ചെയ്യാൻ കഴിയുന്ന പാർലമെന്റ് അംഗങ്ങളുടെ മണ്ഡലങ്ങളിൽ അവർ കൊണ്ടുവന്ന റോഡായി അതിനെ ഉദ്ഘാടനം ചെയ്യുകയാണ്. അതിൽ എം.എൽ.എ.മാർക്ക് ഒരു റോളുമില്ല. സെൻട്രൽ റോഡ് ഫണ്ടിൽ എം.എൽ.എ. മാർക്കുള്ള റോൾ എന്താണെന്നുള്ളത് വ്യക്തമാക്കണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നഗര കേന്ദ്രീകൃതമാണെന്നാണ് അങ്ങ് ആദ്യം സൂചിപ്പിച്ചത്. എന്നാൽ അത് അങ്ങനെയല്ല. ഇത്തവണ ഇരുനൂറോളം റോഡുകൾ ഉൾപ്പെടുന്ന ലിസ്റ്റാണ് അയച്ചത്. അതിൽ ഇരുപത്തൊൻപതെണ്ണം കിട്ടി. അതിൽ 5% ഒഴികെ എല്ലാം ഗ്രാമങ്ങളിലാണ്. നഗരങ്ങളിൽക്കൂടി കടന്നുപോകുന്നു എന്നേയുള്ളൂ. കണ്ണൂർ ജില്ലയിലെ കൊട്ടിയോട്, ചെറുവാരി, കണ്ടമം, കോഴിക്കോട് ജില്ലയിലെ അത്തോളി തുടങ്ങിയ റോഡുകളും ഇതുപോലെയാണ്. തിരുവനന്തപുരത്ത് കല്ലമ്പലം, പുതുശ്ശേരിമുക്ക്, നഗരൂർ തുടങ്ങിയവ ഗ്രാമങ്ങളിലാണ്. പത്ത് ശതമാനത്തിന് താഴെ നഗരങ്ങളിൽമാത്രമായി ഒരു റോഡുപോലും കാണില്ല. നഗരങ്ങളിൽ മാത്രമായി ഒരു റോഡും ഇത്തവണയില്ല. നോംസ് അവർ വയലേറ്റ് ചെയ്തുവെന്നുള്ളത് ശരിയാണ്. എം.എൽ.എ.മാരുടെ പ്രൊപ്പോസൽ വരാതെ ഒരു റോഡിനും അനുമതി നൽകില്ല. നമ്മൾ അനുമതി കൊടുത്ത റോഡുകളാണ് ചില ആളുകൾ ലിസ്റ്റിൽ ആദ്യം ഉൾപ്പെടുത്തുന്നത്. അതും ആവശ്യമാണ്. എല്ലാം ജനപ്രതിനിധികളാണ് ചെയ്യുന്നത്. ഇതിനൊരു മാനദണ്ഡം ഉണ്ടാക്കാം.

## വാഹനപ്പെരുപ്പം നേരിടാൻ റോഡ് വിപുലീകരണവും ബൈപ്പാസ് നിർമ്മാണവും

2. (*392) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വകാര്യ വാഹനപ്പെരുപ്പം നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ഇവ പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിനായുള്ള റോഡ് വിപുലീകരണത്തിനും നിലവിലുള്ള റോഡുകൾ കയ്യേറ്റങ്ങൾ ഒഴിവാക്കി പൂർണ്ണമായി വിനിയോഗിക്കുന്നതിനും ഉപരിതലം മെച്ചപ്പെടുത്തി നവീകരിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ:

(ബി) വാഹന സാന്ദ്രത നഗര കേന്ദ്രീകൃതമായതിനാൽ, നഗരങ്ങളിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ:

(സി) റോഡ് ശൃംഖലയിൽ 73 ശതമാനം വരുന്ന ജില്ലാ റോഡുകൾ വീതി വളരെ കുറഞ്ഞതും ഉപരിതലം വേണ്ടത്ര നിലവാരമുള്ളതുമല്ലാത്തതിനാൽ ഇവയുടെ നിലവാരം ഉയർത്താൻ പദ്ധതിയുണ്ടോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) റോഡുകളിലെ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി 3-9-2016-ന് ക്യാബിനറ്റ് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, അതിന്റെ ഗസറ്റ് നോട്ടിഫിക്കേഷനും ഇറക്കി. ഇതിന്റെ പരിരക്ഷയ്ക്കായി നാഷണൽ ഹൈവേയിൽ അതിന്റെ അതോറിറ്റിയായി നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും സ്റ്റേറ്റ് ഹൈവേയിൽ മുഖ്യ ജില്ലാറോഡുകളുടെയും പരിപാലനത്തിന് ഈ നിയമം നടപ്പാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും നിയമിച്ച് ഉത്തരവായിട്ടുണ്ട്. സബ്ഡിവിഷനുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്ഷനിൽ എ.ഇ. യും ഇതിന്റെ സെമി ജുഡിഷ്യൽ അധികാരിയാണ്. പരമ്പരാഗത 20 mm ചിപ്പിംഗ് കാർപ്പെറ്റ് സംവിധാനം മാറ്റി ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കിവരുന്നു. ഉപരിതലം പുതുക്കുന്നതിന് NRMB (Natural Rubber Modified Bitumen) ഉപയോഗിക്കുന്നതിനുമുള്ള വ്യവസ്ഥ എസ്റ്റിമേറ്റിൽ

ഉൾക്കൊള്ളിച്ച് സാങ്കേതികാനുമതി നൽകിവരുന്നു. അങ്ങനെയാണ് ഇപ്പോൾ നിർമ്മിച്ചുവരുന്നത്. റോഡുകളിൽ ഗതാഗത നിയന്ത്രണത്തിനായി Bye pass/ Flyover എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിച്ച് വരുന്നു. റോഡിന്റെ പാർശ്വവശങ്ങൾ നിലവിലുള്ള റോഡിന്റെ അതേ നിലവാരത്തിൽ ബലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച് 17-ഉം എൻ.എച്ച്-47-ഉം സർവ്വീസ് റോഡോടുകൂടിയ നാലുവരിപ്പാതയായും മറ്റ് എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വാഹന സാന്ദ്രത നഗര കേന്ദ്രീകൃതമായതിനാൽ നഗരങ്ങളിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ബൈപ്പാസ് റോഡുകൾ നിർമ്മിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിലെ പല ജില്ലാതല റോഡുകളും മുൻകാലങ്ങളിൽ വില്ലേജ് റോഡുകളായും ഒ.ഡി.ആർ.-ആയും ഉണ്ടായിരുന്നവയാണ്. ഇവ അപ്ഗ്രേഡ് ചെയ്ത് എം.ഡി.ആർ. ആയി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി വീതി കൂട്ടാനോ അപ്ഗ്രേഡ് ചെയ്യാനോ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടില്ല. അത് ഏറ്റെടുക്കേണ്ടതാണ്. സ്ഥലം സൗജന്യമായി ലഭിച്ചയിടങ്ങളിൽ വളരെ വേഗം റോഡിന്റെ വീതികൂട്ടാനും പണിയാനും കഴിയും. എന്നാൽ കൂടുതൽ ഭാഗത്തും സ്ഥലം സൗജന്യമായി തരില്ലെന്ന് മാത്രമല്ല റോഡ് നിർമ്മിക്കാതിരിക്കാനുള്ള ലിറ്റിഗേഷനിലേയ്ക്കും പോകുന്ന സ്വഭാവം കണ്ടുവരുന്നുണ്ട്. നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കിവരികയാണ്. ക്വാളിറ്റി കൺട്രോൾ വിംഗ് എല്ലാ ജില്ലകളിലും രൂപീകരിച്ചുകഴിഞ്ഞു. തിരുവനന്തപുരത്തിനുപുറമെ എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി റീജിയണൽ ഡിസൈൻ വിംഗ് രൂപീകരിച്ചിട്ടുണ്ട്. അവിടെയുള്ള ചില സാമൂഹ്യ രാഷ്ട്രീയ പ്രാദേശിക പ്രവർത്തകരുടെ ചില സമ്മർദ്ദങ്ങൾ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഇതൊക്കെ ചർച്ച ചെയ്ത് പരിഹരിച്ചുകൊണ്ട് തീർച്ചയായും നിയമം നടപ്പിലാക്കാൻ കഴിയുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

ശ്രീ. എം. മുകേഷിനുവേണ്ടി (ശ്രീ. കെ. വി. അബ്ദുൾ ഖാദർ): സർ, വാഹനപ്പെരുപ്പം നേരിടാനായി റോഡ് വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. കേരളത്തിൽ വടക്കുനിന്ന് തെക്കോട്ട് ദേശീയ പാതയിലൂടെ യാത്ര ചെയ്താൽ കേരളത്തിലെ പല നഗരങ്ങളിലേയും യാത്ര വളരെ ദുഷ്കരമാണെന്ന് കാണാം. ആലപ്പുഴയായാലും കൊല്ലമായാലും തൃശ്ശൂരായാലും ഗതാഗതക്കുരുക്ക് വലിയ തോതിൽ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഏതൊക്കെ സ്ഥലങ്ങളിലാണ് ബൈപ്പാസ് പരിഗണനയിലുള്ളത്? തൃശ്ശൂർ പൂങ്കുന്നത്ത് ശോഭാസിറ്റി ഭാഗത്ത് ഗതാഗതം വളരെ

ദുഷ്കരമാണ്. ഗുരുവായൂർ ഒരു റയിൽവേ മേൽപ്പാലം അങ്ങ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ബൈപ്പാസുകളും മേൽപ്പാലങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ബൈപ്പാസു കളെയും ഓവർബ്രിഡ്ജുകളെയും ഫ്ലൈഓവറുകളെയും അണ്ടർപാസേജുകളെയും സംബന്ധിച്ച് പ്രത്യേകമായി ചോദിക്കുകയാണെങ്കിൽ അതിന്റെ ലിസ്റ്റ് നൽകാം. ഇതെല്ലാം 10 കോടിക്ക് മുകളിലുള്ള പദ്ധതികളായതിനാൽ കിഫ്ബിയിലാണ് പ്രഖ്യാപിച്ചത്. അതിന്റെ നടപടിക്രമങ്ങൾ വളരെ ശാസ്ത്രീയമായും സാങ്കേതികമായും നടത്തേണ്ടതാണ്. അതിന്റെ കാലപരിധി പാലിക്കേണ്ടതായുണ്ട്, പെട്ടെന്ന് ചെയ്യാൻ കഴിയില്ല. ആദ്യഘട്ടമെന്ന നിലയിൽ അതിൽ കുറച്ച് കാലതാമസം വരുന്നുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് കിഫ്ബി വഴി കാലതാമസം പരിഹരിക്കുന്നതിന് ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എൻ.എച്ച്-17-ന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ടോ; ആ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ദേശീയ പാത നാലുവരിയാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ മുൻഗണന നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടുതവണ അതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചുചേർത്തിരുന്നു. വളരെ ഉത്സാഹപൂർണ്ണമായ പ്രതികരണമാണ് കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽനിന്നും ഈ കാര്യത്തിൽ പ്രത്യേകം രൂപീകരിച്ചിട്ടുള്ള നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ഉണ്ടായിട്ടുള്ളത്. എന്നാൽ കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി കാര്യങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നതെന്ന സംശയം എനിക്കുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്തുന്നതിനും നോട്ടിഫൈ ചെയ്യുന്നതിനും പരാതി കേൾക്കുന്നതിനും പണം നൽകുന്നതിനുമായി മൂന്നുനാല് നോട്ടിഫിക്കേഷൻ ഇറക്കേണ്ടതുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ഭാഗങ്ങളിൽ നോട്ടിഫിക്കേഷൻ കഴിഞ്ഞ് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് എത്തിയിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം ഭാഗത്ത് കുറെയധികം സ്ഥലങ്ങൾ നാലുവരിപ്പാതയായിട്ടുണ്ട്. കോഴിക്കോടിന്റെ ഒരു ഭാഗം മുതൽ തൃശ്ശൂരിന്റെ ഒരു ഭാഗം വരെയുള്ളത് പുരോഗമിച്ചുവരുന്നു. തിരുവിതാംകൂർ ഭാഗത്ത് സ്ഥലം മാർക്ക് ചെയ്തുവെങ്കിലും ഏറ്റെടുത്ത് തുടങ്ങുന്നതേയുള്ളൂ. ഈ വർഷം തന്നെ ദേശീയ പാത നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണം തുടങ്ങുന്നതിന്, കേന്ദ്ര ഗവൺമെന്റുമായി

ബന്ധപ്പെട്ട എന്തെങ്കിലും കാലതാമസമല്ലാതെ സംസ്ഥാന ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. എല്ലാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്യുന്നത്. പണിതുകൊടുക്കുന്ന ജോലി മാത്രമേ നമുക്കുള്ളൂ. ഇക്കാര്യത്തിൽ ശക്തമായി സംസ്ഥാന ഗവൺമെന്റ് ഇടപെട്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നുമാസക്കാലം ചെറിയൊരു slackness വന്നോയെന്ന സംശയമുണ്ട്. തോന്നിയകാവ്-തൃക്കാപുരം ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്താനുള്ള നടപടികളും നടന്നുവരുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, പൊതുമരാമത്ത് വകുപ്പിൽ മുമ്പ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കുഴികൾ അടയ്ക്കുന്നതിനുമെല്ലാം എൻ.എം.ആർ. തൊഴിലാളികളുണ്ടായിരുന്നു. ഇപ്പോൾ അതില്ല. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത് പൊതുമരാമത്ത് വകുപ്പിൽ മെയിന്റനൻസ് വിഭാഗം ആരംഭിക്കുമെന്നാണ്. അത് റോഡിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു വേണ്ടിയാണോ, ആണെങ്കിൽ റോഡിലെ കുഴികൾ അടയ്ക്കുന്നതിനുവേണ്ടി ആധുനിക യന്ത്രങ്ങൾ ഒരു ജില്ലയിൽ കൊടുത്താൽ ആ ജില്ലയിലെ എല്ലാ കുഴികളും കാലതാമസമില്ലാതെ അടയ്ക്കാൻ കഴിയും. അതുസംബന്ധിച്ച് വകുപ്പ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, സംസ്ഥാന മന്ത്രിസഭ കേരള പി.ഡബ്ല്യൂ.ഡി.ക്ക് മെയിന്റനൻസ് ഡിവിഷൻ തുടങ്ങാൻ തീരുമാനമെടുക്കുകയും അതിനൊരു ചീഫ് എഞ്ചിനീയറെ നിയമിക്കാൻ അനുവാദം നൽകുകയും ചെയ്തു. നമുക്ക് ചീഫ് എഞ്ചിനീയർമാരുടെ എണ്ണം വളരെ കുറവാണ്. ഇപ്പോഴത്തെ പുതിയ നിർമ്മാണങ്ങളും കിഫ്ബിയുടെ വർക്കുമൊക്കെ വന്നപ്പോൾ 15 ചീഫ് എഞ്ചിനീയർമാർ വേണ്ടിടത്ത് 7 പേർ മാത്രമാണുള്ളത്. അതുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയറുടെ ചുമതല കൊടുത്ത് ഈ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഓരോ അസംബ്ലി മണ്ഡലത്തിലും ചുരുങ്ങിയത് ഒരു എ.ഇ. യെ വർക്ക് നടക്കുമ്പോൾ തന്നെ മെയിന്റനൻസിന്റെ പരിശോധനയ്ക്കായി നിയോഗിക്കാം. വർക്ക് നടന്നുകഴിഞ്ഞ് റോഡിൽ പ്രശ്നമുണ്ടായിട്ടുണ്ടെങ്കിൽ ഒരു പ്രത്യേക പീരിഡിൽ ഈ കോൺട്രാക്ടറെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കാവുന്നതാണ്. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ അതിന്റെ നടപടികൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. കാലാവധി കഴിഞ്ഞ് റോഡ് പുനർനിർമ്മിക്കാൻ സാമ്പത്തിക പ്രയാസമുണ്ടായാൽ ഇവിടെ മെയിന്റനൻസ് നടത്താനുള്ള അധികാരവും ഇവർക്കുണ്ട്. ഇത് സാമ്പത്തികമായി വലിയ ചെലവുള്ളതാണ്. ഞാൻ സാന്ദർഭികമായി പറയുന്നതാണ്. 1200 ഓവർസിയർമാർ നാലുവർഷമായി ഈ വകുപ്പിൽ ഇല്ലായിരുന്നു. എം.എൽ.എ.-മാർ ആവശ്യപ്പെടുമ്പോൾ നൽകാൻ

കഴിയാത്തത് അതുകൊണ്ടാണ്. ഇപ്പോൾ ഗവൺമെന്റ് പി.എസ്.സി.-യിൽ സമ്മർദ്ദം ചെലുത്തി 750 പേരെ നിയമിച്ചു. എന്നാലും കുറച്ച് ബാക്കിയുണ്ട്. ഏകദേശം 500 ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാരും വേണം. 95 പേരെ ഇപ്പോൾ പി.എസ്.സി. നിയമിച്ചു. ബാക്കിയെല്ലാം വേക്കന്റായി കിടക്കുകയാണ്. ഇപ്പോൾ വർക്കുകളെല്ലാം നടക്കുന്നതിനാൽ കൂടുതൽ ഉദ്യോഗസ്ഥരുടെ ആവശ്യമുണ്ട്. ഇത് സാമ്പത്തികമായി വലിയൊരു പ്രാരാബ്ദ്ധമാണ്. എങ്കിലും നമുക്ക് എന്തൊക്കെയാണ് വേണ്ടത്, നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്നതുസംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും കൊടുത്തതുകൊണ്ട് കുറച്ച് മാറ്റങ്ങൾ വരുത്തി. എന്നാലും കുറെക്കൂടി പ്രൊഫഷണൽസിനെ നമുക്ക് ആവശ്യമാണ്. അങ്ങനെയൊരു പ്രശ്നമുണ്ടെന്നതുകൂടി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. വി. അൻവർ</u>: സർ, വാഹനപ്പെരുപ്പംകൊണ്ട് വല്ലാതെ ശ്വാസംമുട്ടുന്ന സംസ്ഥാനമാണ് കേരളം. വാഹനങ്ങളുടെ റേഷ്യോ പരിശോധിച്ചാൽ അമേരിക്കയ്ക്കും മുകളിലാണ് കേരളം നിൽക്കുന്നത്. അമേരിക്കയിൽ 6 പേർക്ക് ഒരു വാഹനമാണെങ്കിൽ കേരളത്തിൽ 5 പേർക്ക് ഒരു വാഹനമുള്ള അവസ്ഥയാണ്. റോഡുകൾ വികസിപ്പിക്കുക എന്നത് നമ്മളെ സംബന്ധിച്ച് വലിയ പ്രയാസമുള്ള കാര്യമാണ്. കാരണം, കേരളം മുഴുവൻ പട്ടണമായി കഴിഞ്ഞു. ഗ്രാമം എന്നുപറഞ്ഞ് ഒഴിച്ചിടാവുന്ന ഒരു സ്ഥലവുമില്ല. പുതിയ റോഡുകൾ കണ്ടെത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് സാറ്റലൈറ്റ് സംവിധാനമുള്ളതുകൊണ്ട് പുതിയ റോഡുകൾ കണ്ടെത്തുമ്പോൾ ഒരുപാട് സാമ്പത്തിക ലാഭം സംസ്ഥാനത്തിന് വരുന്നുണ്ട്. നമ്മൾ എടുക്കുന്ന സ്ഥലത്തിന് 10 ലക്ഷം രൂപയാണ് നിലവിൽ കൊടുക്കുന്നതെങ്കിൽ പുതിയ റോഡുകളുടെ അലൈൻമെന്റ് വരുമ്പോൾ അതിന്റെ പത്തിലൊന്ന് ചെലവിൽ സംസ്ഥാനത്തിന് പുതിയ റോഡുകൾ നിർമ്മിക്കാൻ സാധിക്കും. മറ്റൊരു പ്രധാനകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ളത്, കേരളത്തിൽ 44 പുഴകളുണ്ട്. ഞാൻ ചെറിയൊരുദാഹരണം ചൂണ്ടിക്കാണിക്കാം. നിലമ്പൂർ വഴിക്കടവിൽനിന്ന് പുറപ്പെടുന്ന ചാലിയാർ പുഴ കോഴിക്കോടാണ് അവസാനിക്കുന്നത്. അതിന്റെ തീരത്തുകൂടി റോഡ് നിർമ്മിക്കുകയാണെങ്കൽ ഒരു സെന്റ് ഭൂമിപോലും ചിലപ്പോൾ അക്വയർ ചെയ്യേണ്ടി വരില്ല. റവന്യൂഭൂമി വെറുതേ കിടക്കുകയാണ്. കേരളത്തിൽ ഒട്ടനവധി പുഴയുടെ തീരങ്ങളിലൂടെ പുതിയ റോഡുകൾ പ്ലാൻ ചെയ്യുകയാണെങ്കിൽ വളരെ ചെലവുകുറഞ്ഞതും അക്വിസിഷന് പണം കുറച്ച്, ആളുകളുടെ പ്രതിഷേധത്തിന് സാഹചര്യമില്ലാതെ പുതിയ റോഡുകളുണ്ടാക്കാനുള്ള ഒരു കാഴ്ചപ്പാട് സംസ്ഥാന ഗവൺമെന്റിനുണ്ടാകണം. നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിനപ്പുറം സംസ്ഥാന ഗവൺമെന്റ് സർവ്വേ നടത്തി പുതിയ റോഡുകൾ ഇത്തരത്തിൽ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി വ്യാപകമായി പുതിയ റോഡുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ചർച്ച ചെയ്തിട്ടില്ല. ഗവൺമെന്റിന് അനുസംബന്ധിച്ച് പഠിക്കാതെ മറുപടി പറയാൻ കഴിയില്ല. കേരളത്തിൽ എല്ലായിടത്തും റോഡുകളുണ്ട്. പക്ഷേ അത് ലോക്കൽ ബോഡീസിന്റേതാണ്. അത് നന്നാക്കിയാൽ മതി. ലോക്കൽ ബോഡീസ് അഞ്ചുവർഷത്തിലൊരിക്കൽ കുറേയധികം റോഡുകൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കാറുണ്ട്. അക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. കേരളത്തിലെ റോഡുകളുടെ മൂന്നിൽ രണ്ട് ഭാഗവും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ റോഡുകളാണ്. കാലോചിതമായി പരിഷ്കരിക്കാത്തതുകൊണ്ടും വീതി കൂട്ടാത്തതു കൊണ്ടും പണമില്ലാത്തതുകൊണ്ടുമുള്ള പ്രശ്നമാണുള്ളത്. അങ്ങ് പറഞ്ഞ കാര്യം അങ്ങനെയാണ് അടിസ്ഥാനപരമായി പരിഹരിക്കാൻ കഴിയുന്നത്. അതിലെ ഒരു ചെറിയ ഭാഗം പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയാണെങ്കിൽ അത് ഗവൺമെന്റ് ആലോചിച്ച് ഉചിതമായത് ചെയ്യാം. 1.10 കോടി രജിസ്റ്റേർഡ് വാഹനങ്ങളാണ് കേരളത്തിൽ ഒരു ദിവസം ഓടുന്നത്. ഇതിൽ 10 ശതമാനത്തോളം അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നുണ്ട്. ഏകദേശം ഒന്നേകാൽ കോടി വാഹനങ്ങൾ ഈ കൊച്ചുകേരളത്തിന്റെ 40,000 കിലോമീറ്റർ ദൈർഘ്യമുള്ള പി.ഡബ്ല്യു.ഡി. റോഡിലൂടെ ഓടിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ 2016-ലെ കണക്കനുസരിച്ച് റോഡുകളിൽ ഒരു വർഷം ശരാശരി 39,420 അപകടങ്ങളും ഒരു ദിവസം ശരാശരി 108 അപകടങ്ങളും ഉണ്ടാകുന്നു. അതിന്റെ ഫലമായി കഴിഞ്ഞ വർഷം ശരാശരി 4287 മരണങ്ങളും ഒരു ദിവസം ശരാശരി 12 മരണങ്ങളും നടന്നതായാണ് കണക്ക്. അതുപോലെ കഴിഞ്ഞ വർഷം 44108 പേർക്കും ഒരു ദിവസം ശരാശരി 121 ആളുകൾക്കും പരിക്ക് പറ്റിയിട്ടുണ്ട്. അപകടത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണ്. ഇതാണ് ഗതാഗതവകുപ്പുമായി ബന്ധപ്പെട്ട് ശേഖരിച്ചിട്ടുള്ള കണക്ക്.

ശ്രീ. വി. കെ. സി. മമ്മത് കോയയ്ക്കുവേണ്ടി ശ്രീ. കെ. ഡി. പ്രസേനൻ: സർ, ശ്രീ. പി. വി. അൻവർ ചോദിച്ച ചോദ്യത്തിന്റെ തുടർച്ചതന്നെയാണിത്. പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളിലുണ്ടാകുന്ന ഗതാഗതക്കുരുക്കുകൾ മറികടക്കാൻ ബൈപ്പാസ് റോഡുകളെപ്പോലെ ഇപ്പോൾ പല ഗ്രാമീണ റോഡുകളെയും ഉപയോഗപ്പെടുത്തുകയാണ്. വിവിധ പഞ്ചായത്തുകളെയും പി.ഡബ്ല്യു.ഡി. റോഡുകളെയും ബന്ധിപ്പിക്കുന്ന ഇത്തരം ഗ്രാമീണ റോഡുകളുടെ നവീകരണത്തിനോ മെയിന്റനൻസ് പ്രവർത്തനത്തിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയില്ല. അവരുടെ സാമ്പത്തിക സ്ഥിതി പരിതാപകരമാണ്. ഈ അവസ്ഥയിൽ സഭയിൽ ഒന്നുകിൽ പി.ഡബ്ല്യു.ഡി. ഇത്തരം റോഡുകൾ അടിയന്തരമായി ഏറ്റെടുക്കുകയോ അല്ലാത്തപക്ഷം വളരെ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളെങ്കിലും നവീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇത് പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ മുഴുവൻ മറുപടി പറയേണ്ട കാര്യമല്ല. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറയേണ്ട കാര്യമാണ്. കാരണം മൂന്നിൽ രണ്ട് റോഡുകളും ആ വകുപ്പിന്റേതാണ്. പക്ഷെ ഒരു കാര്യം പറയാം, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഏകദേശം 5000 കോടി രൂപ ഇത്തരം റോഡുകളുടെ വൺടൈം മെയിന്റനൻസിനായി അനുവദിച്ചിരുന്നു, പി.ഡബ്ല്യൂ.ഡി. റോഡിനല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഏതാണ്ട് 4000 കോടി രൂപ അനുവദിച്ചിരുന്നു. ഒരു ഗവൺമെന്റ് ഒരിക്കലാണ് ഇത്തരത്തിൽ ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടേയുള്ളൂ. കുറേ പഞ്ചായത്ത് റോഡുകളും നഗര റോഡുകളും ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം ക്യാബിനറ്റ് വിശദമായി പരിശോധിച്ച് പരിഗണനയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്. അതിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഈ കാര്യത്തിലുള്ള നടപടി ക്രമത്തിന്റെയും കീഴ്വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് ബന്ധപ്പെട്ട വകുപ്പുമായും മന്ത്രിസഭയുമായും ആലോചിക്കേണ്ടതാണ്. പഞ്ചായത്ത്/ മുനിസിപ്പൽ റോഡുകളുടെ നല്ലൊരു ഭാഗവും തദ്ദേശ സ്ഥാപനങ്ങൾതന്നെ നന്നാക്കണം. അതിനുള്ള സംവിധാനം വേറെ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ദേശീയ പാത 47-ൽ മണ്ണുത്തി മുതൽ ആലുവ വരെയുള്ള ഭാഗത്ത് റീ-ടാറിംഗിന്റെ ഭാഗമായി ഒരു മാസത്തിലധികമായി റോഡ് ചിപ്പിംഗ് നടത്തിയിട്ടിരിക്കുകയാണ്. ഇക്കാര്യം ഞാൻ നേരത്തെ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്ന കാര്യമാണ്. ചിപ്പിംഗ് നടത്തിയതിന്റെ ഭാഗമായി റോഡിന്റെ സൈഡിൽ ഇവ കൂട്ടിയിട്ടിരിക്കുന്നതിനാൽ ഭയങ്കര പൊടി ശല്യവും നിരന്തരമായി വാഹനാപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് ഇരുചക്ര വാഹന യാത്രക്കാർ അപകടങ്ങളിൽപ്പെട്ട് ഗുരുതരമായി പരിക്കേൽക്കുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ചിപ്പിംഗ് നടത്തി ഒരു മാസത്തിലധികമായിട്ടും ഇതുവരെ റീ-ടാറിംഗ് നടത്താനുള്ള സൗകര്യങ്ങളുണ്ടായിട്ടില്ല. വളരെ ചുരുങ്ങിയ ദൈർഘ്യത്തിൽ മാത്രമേ റീ-ടാറിംഗ് നടത്തിയിട്ടുള്ളൂ. ചിപ്പിംഗ് നടത്തിക്കഴിഞ്ഞാലുടൻതന്നെ റീ-ടാറിംഗ് നടത്തണമെന്നാണ് നിബന്ധന. ദേശീയ പാതയുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഒരു പ്രദേശത്ത് ഇത്രയും ഗുരുതരമായ സാഹചര്യമാണുണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ അങ്ങയുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. കഴിഞ്ഞയാഴ്ച ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ അന്വേഷണം നടത്തിയിരുന്നു. ഇത് സാധാരണഗതിയിൽ ഇല്ലാത്ത ഒരു കാര്യമാണ്. ചേർത്തലയിൽ നാലുകിലോമീറ്റർ ദൂരം ഇത്തരത്തിലുള്ള വർക്ക് നടക്കുന്നുണ്ട്. ബാക്കി വർക്കുകൾ പൂർത്തിയാകാറായി. അവിടെ ചിപ്പിംഗ് നടത്തി ഇത്തരത്തിൽ കൂട്ടിയിട്ടിട്ടില്ല, അത് നിർമ്മിച്ചുകൊണ്ടേയിരിക്കുകയാണ്. ഹരിപ്പാട് അസംബ്ലി മണ്ഡലത്തിലെ വർക്ക് ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു. നങ്ങ്യാർകുളങ്ങര മുതൽ തെക്കോട്ടുള്ള ഒരു കിലോമീറ്റർ ഒഴികെ ബാക്കി പൂർത്തിയായിട്ടുണ്ട്. കായംകുളത്തും അമ്പലപ്പുഴയിലും വർക്ക് ആരംഭിച്ചിട്ടുണ്ട്. അവിടെയും റോഡിന്റെ വശങ്ങളിൽ ചിപ്പിംഗ് നടത്തിയത് കൂട്ടിയിട്ടില്ല. സാധാരണ ആ റോഡിൽത്തന്നെ ഒരാഴ്ചയ്ക്കുള്ളിൽ ഉപയോഗിക്കുന്നതിനു വേണ്ടി മാറ്റിവയ്ക്കും. അങ്ങനെതന്നെ ഉപയോഗിക്കണം. ഏതായാലും അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ ഉചിതമായ തീരുമാനമെടുക്കുകയും ഈ സ്ഥിതി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരികയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ദേശീയ പാതാ വികസനത്തെക്കുറിച്ച് പറഞ്ഞപ്പോൾ പല റോഡുകളും ലോക്കൽ ബോഡീസിന്റെ കയ്യിലാണെന്ന് അങ്ങ് സൂചിപ്പിച്ചു. റോഡ് വിപുലീകരണത്തിന് തടസ്സമായി വരുന്നത് ലോക്കൽ ബോഡീസിന്റെ കൈവശമുള്ള ഫണ്ടാണ്. അതുകൊണ്ട് ലോക്കൽ ബോഡീസിന്റെ റോഡുകൾ വിപുലീകരിക്കുന്നതിന് ചിലപ്പോൾ കടകൾ പൊളിക്കേണ്ടിവരും, ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സഹായിക്കുന്നതിനുള്ള ഫണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിന് പി.ഡബ്ല്യു.ഡി.-യുടെ ഫണ്ടല്ല വിനിയോഗിക്കുന്നത്. മൂന്നിൽ രണ്ടുഭാഗം റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രശ്നം ഉന്നയിക്കാവുന്നതാണ്. ന്യായമായ പരിഹാരം അപ്പോൾ കാണാൻ കഴിയുമെന്നാണ് പറയാനുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, റോഡ് കയ്യേറ്റങ്ങൾ വളരെ വ്യാപകമായി കാണുകയും ദിനംപ്രതി വർദ്ധിച്ചുവരികയുമാണ്. പരസ്യപ്പലകകൾ, അൺ-ആതറൈസ്ഡ് ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ, ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് കയ്യേറി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും, ലൈസൻസില്ലാത്ത തട്ടുകടകൾ ഇവയൊക്കെയാണ് ഏറ്റവും കൂടുതൽ ട്രാഫിക് ബ്ലോക്ക് സംസ്ഥാനത്തുണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഇത് പരിഹരിക്കാൻ പി.ഡബ്ല്യു.ഡി. എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന പ്രധാന കാര്യമാണിത്. റോഡിന്റെ സംരക്ഷണത്തിന് നിയമമുണ്ട്. സംസ്ഥാന ഗവൺമെന്റ് ആ നിയമം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. ചില സ്ഥലത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. ചിലയിടത്ത് പ്രാദേശികമായ പ്രശ്നങ്ങളുണ്ടായി. അക്കാര്യങ്ങളൊക്കെ വിശദീകരിച്ച് കഴിഞ്ഞതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഇതെല്ലാം മാറ്റേണ്ടതാണ്. ശരിയും തെറ്റും ആർക്കറിയാം; റോഡ് നിർമ്മിച്ചു കഴിഞ്ഞാൽ മൂന്നാം ദിവസം വെട്ടിപ്പൊളിക്കുകയാണ്. അതിന് അവിടത്തെ എഞ്ചിനീയർമാർ സമ്മതിക്കുകയില്ല. അപ്പോൾ പി.ഡബ്ല്യു.ഡി.-യെ സമീപിക്കും. ഇപ്പോൾ റോഡ് വെട്ടിപ്പൊളിക്കുന്നതിന് പി.ഡബ്ല്യു.ഡി. ഒരു കത്തുപോലും കൊടുക്കുന്നില്ല, ഇതിനൊക്കെ വ്യക്തമായ തീരുമാനമുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് അപാകതയുള്ള ചില ഉത്തരവുകളുണ്ടായിരുന്നു. നിലവിൽ അതെല്ലാം മാറ്റി പെർഫെക്ടാക്കി. റോഡ് മുറിക്കേണ്ടത് ആവശ്യമാണെങ്കിൽ മുറിക്കാം, ബന്ധപ്പെട്ട വകുപ്പും എഞ്ചിനീയർമാരും നിബന്ധനകളൊന്നും പാലിക്കുന്നില്ല. അതുകൊണ്ട് പി.ഡബ്ല്യു.ഡി.-ക്ക് ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ തരത്തിൽ റോഡിന്റെ ഏതെങ്കിലും ഭാഗം ഉപയോഗിക്കുന്നതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. പക്ഷെ റോഡിന്റെ അരികിലായിരിക്കണം എന്ന ഒരു മിനിമം തത്വം അവരുംകൂടി പാലിക്കണം. ഇക്കാര്യത്തിൽ ഇനിയും കോൺഫറൻസ് കൂടാൻ തീരുമാനിച്ചിട്ടുണ്ട്. മൊത്തത്തിലുള്ള റോഡ് പരിപാലനം എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ബാധിച്ചിട്ടുണ്ട്. അതാണ് അങ്ങ് ഉന്നയിച്ചത്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നമുക്ക് താമസിയാതെ പ്രവർത്തിച്ചുതുടങ്ങാം. അപ്പോൾ ഈ പ്രശ്നങ്ങൾ മാറും, പക്ഷെ നിങ്ങളെല്ലാവരും ഗവൺമെന്റിന്റെ ഒപ്പം ഉണ്ടാകണം. സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുമുഴുവൻ നമ്മുടെ കൈവശമാകുകയും എല്ലാ കയ്യേറ്റങ്ങളും നിർത്തലാക്കാൻ സാധിക്കുകയും ചെയ്യും.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, നമ്മുടെ സംസ്ഥാനത്തെ വാഹനപ്പെരുപ്പം മൂലമുള്ള ഗതാഗത തടസ്സം ഒഴിവാക്കാനാണല്ലോ ബൈപ്പാസുകൾ നിർമ്മിക്കുന്നത്. വർഷങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്ന രണ്ട് ബൈപ്പാസുകളാണ് കണ്ണൂർ ബൈപ്പാസും തലശ്ശേരി-മാഹി ബൈപ്പാസും. അതിന്റെ പ്രവർത്തനം ഇതുവരെ കാര്യക്ഷമമായി തുടങ്ങിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. കൊല്ലം-ആലപ്പുഴ ബൈപ്പാസുകൾ പൂർത്തീകരിച്ചാൽ ദേശീയ പാതയിലെ ഗതാഗതക്കുരുക്കിന് ഒരളവോളം പരിഹാരം കാണാൻ സാധിക്കും. മറ്റൊരു പ്രശ്നം, വർഷങ്ങളായി റോഡ് പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും അക്വിസിഷൻ നടപടികളും സർവ്വേ നടപടികളും പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട്

റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നില്ല. ഇത് പ്രത്യേകമായി പരിശോധിച്ച് അക്വിസിഷൻ, സർവ്വേ നടപടികൾ ത്വരിതപ്പെടുത്താൻ പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ കീഴിൽ ഒരു സ്പെഷ്യൽ വിഭാഗത്തെ രൂപീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അക്വിസിഷൻ, സർവ്വെ നടപടികൾ പി.ഡബ്ല്യൂ.ഡി.-യുടെ കീഴിലല്ല വരുന്നത്. ആവശ്യമായ ഭൂമി റവന്യൂ വകുപ്പ് അക്വയർ ചെയ്തുതരുമെന്ന മാത്രമേയുള്ളൂ. അവർ ആവശ്യമുള്ളപ്പോൾ ആളെ എടുക്കുകയും പകരം ആളെ തരാറുമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമാംവിധം റവന്യൂ വകുപ്പിനെയും പി.ഡബ്ല്യൂ.ഡി.-യെയും ബന്ധപ്പെട്ട എല്ലാ വകുപ്പിനെയും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ളൊരു പൊതുപ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കാരണം, മുമ്പ് ചെയ്ത അതേ മെക്കാനിസം വച്ചാണ് ഇപ്പോഴും ചെയ്യുന്നത്. മെക്കാനിസത്തിന് മാറ്റം വരണം. അതിനെക്കുറിച്ച് തീർച്ചയായും ഗവൺമെന്റിന് ബോധ്യമുണ്ട്. ഗവൺമെന്റ് മൊത്തത്തിൽ അത് ചർച്ചചെയ്യും.

ആലപ്പുഴ-കൊല്ലം ബൈപ്പാസിന്റെ പണി നടക്കുന്നുണ്ട്. 2018-ൽ അത് കമ്മീഷൻ ചെയ്യാൻ കഴിയും. ഞാൻ കഴിഞ്ഞ അസംബ്ലിയിൽ അതിനെക്കുറിച്ച് പറഞ്ഞിരുന്നു. ആലപ്പുഴ ബൈപ്പാസിന്റെ ഉപരിതല നിർമ്മാണത്തിന് ഒരു എഞ്ചിനീയറിംഗ് ഡിസൈൻ വേണം. അത് ലോകപ്രശസ്തനായ ഡോ. അരവിന്ദന് കൊടുത്തു. അദ്ദേഹം റിട്ടയർ ചെയ്തതിനുശേഷം പകരം ആളെ നിയമിച്ചിട്ടില്ല. അങ്ങനെ കുറച്ച് കാലതാമസം കേന്ദ്ര റെയിൽവേ മന്ത്രാലയം ഉണ്ടാക്കി. പണത്തിന്റെ കാര്യത്തിൽ വലിയ വ്യത്യാസമില്ല. മൂന്നോ നാലോ കോടി രൂപ മാത്രമേ ഇനി കൊടുക്കാനുള്ളൂ. ഫണ്ടല്ല പ്രശ്നം. ഇപ്പോൾ എന്തായാലും പണി സുഗമമായി നടന്നുവരികയാണ്. 2018 ആഗസ്റ്റാകുന്നതിനുമുമ്പ് ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന വിവരം.

മി. സ്പീക്കർ : ഇനിയും ധാരാളം ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ സമയം കുറവായതിനാൽ അനുവദിക്കുന്നില്ല.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ ആദ്യമേ ചോദ്യം ചോദിക്കാൻ അവസരം ചോദിക്കുകയാണ്.

മി. സ്പീക്കർ : ആദ്യം ചോദിച്ചുവെന്നുള്ളതല്ലല്ലോ. മാനദണ്ഡങ്ങളില്ലേ..... (ബഹളം)........... നിങ്ങൾക്ക് എത്ര തവണ അവസരങ്ങൾ ലഭിച്ചു; എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പ്രാതിനിധ്യമുണ്ടോ; അങ്ങേയ്ക്ക് കണക്ക് പരിശോധിക്കാം. എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടാണ് കൊടുത്തത്. അല്ലാതെ ആദ്യം ചോദിച്ചുവെന്ന നിലയിലല്ല, ഇല്ലാത്ത ശീലങ്ങളുണ്ടാക്കേണ്ട.

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

3 (* 393) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ നൽകുന്നതിലേയ്ക്കായി പാഠപുസ്തകങ്ങളുടെ അച്ചടി ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാഠപുസ്തകങ്ങൾ അതത് അദ്ധ്യയന വർഷം തുടങ്ങുമ്പോൾത്തന്നെ ലഭ്യമാക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 2017-18-ലെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസ്-നെ (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി) ചുമതലപ്പെടുത്തുകയും 2016 സെപ്റ്റംബർ മാസത്തിൽത്തന്നെ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 76% പുസ്തകങ്ങളും കെ.ബി.പി.എസ്. സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചിട്ടുണ്ട്. 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 'സി-ആപ്റ്റ്'-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം 92% പൂർത്തിയായിട്ടുണ്ട്.

(ബി) 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. മുഖേനയാണ് നടത്തിവരുന്നത്. അദ്ധ്യയന വർഷം

ആരംഭിക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഒന്നാം വാല്യം പാഠപുസ്തകങ്ങൾ 2017 ഫെബ്രുവരി ആദ്യവാരം മുതൽതന്നെ സംസ്ഥാനത്തെ സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. ആയത് അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഈ പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവിടെനിന്നും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. 'സി-ആപ്റ്റ്' മുഖേന പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിവരുന്നു. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം മേയ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതാണ്.

(സി) 2017-18 അദ്ധ്യയന വർഷം തുടങ്ങുമ്പോൾത്തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുകഴിഞ്ഞു. തുടർന്നുള്ള അദ്ധ്യയന വർഷങ്ങളിലും ഇതേ നടപടികൾ തുടരുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഇവിടെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് ഈ അദ്ധ്യയന വർഷംതന്നെ വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. ഈ വർഷംതന്നെ മലയാള ഭാഷാപഠനം നിർബന്ധമാക്കുമെന്നും ഈ അദ്ധ്യയന വർഷംതന്നെ അത് ആരംഭിക്കുമെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കും മറ്റ് ന്യൂനപക്ഷ ഭാഷകൾ മാത്രമുള്ള സ്കൂളുകളിലുമൊക്കെ പഠിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള പാഠപുസ്തകങ്ങളെ സംബന്ധിച്ച് ധാരണയുണ്ടോ; ആ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനും മലയാള ഭാഷാപഠനം ഈ വർഷംതന്നെ നടപ്പിലാക്കുന്നതിനുംവേണ്ട എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, മലയാള ഭാഷാ നിർബന്ധിത ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടേയുള്ളൂ. ഈ മാസം 17-ാം തീയതി സബ്ജക്ട് കമ്മിറ്റി കൂടിയശേഷം നിയമസഭ ഈ ബിൽ പാസ്സാക്കുന്നതിനെത്തുടർന്ന് നേരത്തെ സൂചിപ്പിച്ച എല്ലാ മേഖലകളിലും മലയാള ഭാഷാപഠനം നിർബന്ധിതമാക്കും. ആ സമയത്ത് ഏതെല്ലാം മേഖലയിൽ പുതിയ പാഠപുസ്തകങ്ങൾ വേണോ, അതിനനുബന്ധമായി ആവശ്യമുള്ളതെല്ലാം പൂർണ്ണമായി തയ്യാറാക്കാനും അച്ചടിക്കാനുമുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കും.

ശ്രീ. എം. ഉമ്മർ : സർ, സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളായാലും എയ്ഡഡ് സ്കൂളായാലും അൺ-എയ്ഡഡ് സ്കൂളായാലും നമ്മുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളാണ്.

പലപ്പോഴും മറ്റ് വിദ്യാലയങ്ങളിലേക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്തതിനു ശേഷമാണ് അൺ-എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്തുവരാറുള്ളത്. അത് അൺ-എയ്ഡഡ് മേഖലകളിൽ പഠിക്കുന്ന കുട്ടികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്. മറ്റ് വിദ്യാലയങ്ങൾക്ക് പാഠപുസ്തകം വിതരണം ചെയ്യുന്നതോടൊപ്പംതന്നെ അൺ-എയ്ഡഡ് മേഖലയിൽ പഠിക്കുന്ന കുട്ടികൾക്കും പാഠപുസ്തകം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ ഇവിടെ നേരത്തെ വായിച്ച കണക്ക് ചോദ്യം തയ്യാറാക്കുമ്പോഴുള്ളതാണ്. ഇന്നത്തെ കണക്കനുസരിച്ച് 8, 9, 10 ക്ലാസ്സുകളിലെ 98% പുസ്തകങ്ങളും സ്കൂളുകളിൽത്തന്നെ എത്തിക്കഴിഞ്ഞിട്ടുണ്ട്. കുറച്ചുദിവസങ്ങൾക്കുള്ളിൽ, അതായത് 20-ാം തീയതിക്കുള്ളിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും 8-10 ക്ലാസ്സുകളിലെ നൂറുശതമാനം പുസ്തകങ്ങളും എത്തുന്നതാണ്. ഇത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. അതോടൊപ്പംതന്നെ റെക്കഗ്നൈസ്ഡ് അൺ-എയ്ഡഡ് സ്കൂളുകളിലേക്കുള്ള പുസ്തകങ്ങളും തയ്യാറായിട്ടുണ്ട്. ഇതെല്ലാം ഒന്നിച്ച് പ്രിന്റ് ചെയ്തുവച്ചിരിക്കുകയാണ്. അവർ തുക അടയ്ക്കുന്നതനുസരിച്ച് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്. എയ്ഡഡ് സ്കൂളുകളിലും റെക്കഗ്നൈസ്ഡ് അൺ-എയ്ഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും ഈ വർഷാരംഭത്തിൽ എല്ലാപേർക്കും പാഠപുസ്തകം ലഭിച്ചിരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, പഴയകാലത്തെ അപേക്ഷിച്ച് ഇപ്പോൾ പാഠപുസ്തകങ്ങൾ അടിക്കടി മാറാറുണ്ട്. പഴയകാലത്ത് അമ്മ പഠിച്ച പാഠം തന്നെയാണ് അല്ലെങ്കിൽ പദ്യം തന്നെയാണ് മകളും പഠിച്ചിരുന്നത്. ഒരുപാട് വർഷങ്ങൾ കഴിയുമ്പോഴാണ് ഒരു പാഠപുസ്തകത്തിന് മാറ്റം വരുന്നത്. കഴിഞ്ഞ കുറച്ചുകാലങ്ങളായി രണ്ടും മൂന്നും അല്ലെങ്കിൽ നാലും അഞ്ചും വർഷം കൂടുമ്പോൾ പാഠപുസ്തകങ്ങൾ മാറുന്നുണ്ട്. ഇതിന് ഒരു കൃത്യമായ മാനദണ്ഡമുണ്ടോ; എത്ര വർഷംകൂടുമ്പോഴാണ് ഒരു പാഠപുസ്തകത്തിന് മാറ്റം വരുത്തുന്നത്? അങ്ങനെ മാറ്റം വരുത്തി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന കരിക്കുലം കമ്മിറ്റിയെക്കുറിച്ച് കഴിഞ്ഞ കാലങ്ങളിൽ ആക്ഷേപമുണ്ടായതാണ്. ആക്ഷേപങ്ങളില്ലാത്ത വിധം ആ രംഗത്ത് എക്സ്പെർട്ടായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റിയുണ്ടാക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകളുണ്ടോ? പലപ്പോഴും മാറ്റം വരുന്ന പുസ്തകങ്ങളാണ് വല്ലാതെ വൈകുന്നത്. അങ്ങനെ മാറ്റം വരുന്ന പുസ്തകങ്ങൾ തീരെ വൈകാതെതന്നെ മറ്റ് പുസ്തകങ്ങൾക്കൊപ്പം എത്തിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ് :</u> സർ, പാഠപുസ്തകം വൈകുന്നത് ഈ സർക്കാരിന്റെ അദ്ധ്യയന വർഷത്തിൽ ഇനി ഒരിക്കലും ഉണ്ടാകില്ല. പഠിക്കാൻ പാഠപുസ്തകം വേണം, അത് എല്ലാ വർഷവും തയ്യാറാക്കും എന്നുള്ളത് ഉറപ്പാണ്. പാഠപുസ്തകവും പാഠ്യപദ്ധതിയും രണ്ടും രണ്ടാണ്. അതുകൊണ്ടുതന്നെ പാഠ്യപദ്ധതി പരിഷ്കരണവും പാഠപുസ്തക പരിഷ്കരണവും രണ്ടായി തന്നെ കാണേണ്ടതുണ്ട്. വിശദീകരിച്ച് പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് പാഠ്യപദ്ധതിയിൽ മാറ്റം വേണമോയെന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയിലെ ആദ്യത്തെ കമ്മിറ്റി കൂടിക്കഴിഞ്ഞതിനുശേഷം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നാഷണൽ കരിക്കുലം ഫ്രെയിം വർക്കുകളിലും മാറ്റം വന്നിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തു കൊണ്ട് ആനുകാലികമായ പാഠ്യപദ്ധതി പരിഷ്കരണവും പാഠപുസ്തക പരിഷ്കരണവും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ചെയ്യുകയും അങ്ങനെ ചെയ്യുമ്പോൾ ആവശ്യമായ പാഠപുസ്തകം എന്താണെന്ന് നേരത്തെ കണ്ട് ആ പാഠപുസ്തകം തയ്യാറാക്കാനുള്ള അക്കാദമിക ചുമതല നിർവ്വഹിക്കുന്ന കമ്മിറ്റി സജീവമാക്കുകയും അതിനാവശ്യമായ പാഠപുസ്തക മാനുസ്ക്രിപ്റ്റ് ഉണ്ടാക്കുകയും അത് നേരത്തെ തന്നെ പ്രിന്റ് ചെയ്യുവാനുള്ള സംവിധാനം കൃത്യമായും ശാസ്ത്രീയമായും പ്ലാൻ ചെയ്യുകയും ചെയ്യും.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, 2017-18 അദ്ധ്യയന വർഷത്തേക്കുള്ള പുസ്തകങ്ങൾ ഏകദേശം അച്ചടിച്ചുകഴിഞ്ഞു, സമയത്തിനുതന്നെ വിതരണം ചെയ്യുമെന്ന് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പുസ്തകം കിട്ടുക എന്നുള്ളതുതന്നെ വളരെ ആശ്വാസകരമാണ്. യഥാർത്ഥത്തിലുള്ള പ്രശ്നം ഇതൊന്നുമല്ല. സംസ്ഥാനത്ത് വിദ്യാഭ്യാസം വളരെ സാർവ്വത്രികമാണ്. പക്ഷേ ഗുണമേന്മയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെ പിറകിലാണ്. സാർവ്വത്രികമായ ഈ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാക്കി മാറ്റണം. അതിൽ പാഠപുസ്തകങ്ങൾക്ക് വലിയ പങ്കുണ്ട്. അതിനു വലിയ മാറ്റം വരേണ്ടിയിരിക്കുന്നു. അങ്ങനെ സമഗ്രമായ ഒരു സംവിധാനം വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരികയും നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ക്വാളിറ്റി എഡ്യൂക്കേഷൻ ലഭിക്കുന്ന വിധത്തിലേക്ക് മാറ്റുകയും ചെയ്യുന്നതിന് പാഠപുസ്തകങ്ങളുടെ കാര്യത്തിലായാലും സിലബസ്സിന്റെ കാര്യത്തിലായാലും അങ്ങ് മുൻകയ്യെടുത്ത് ഒരു നിലപാട് സ്വീകരിക്കുമോ; അത് നടപ്പിലാക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ് :</u> സർ, തീർച്ചയായും അങ്ങ് പറഞ്ഞത് ശരിയാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ വളരെ മുകളിലാണെങ്കിലും കണക്കിൽ നമ്മൾ വളരെ പുറകിലാണ്. ഇത് മനസ്സിലാക്കിക്കൊണ്ടുതന്നെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഥമലക്ഷ്യം അക്കാദമിക മികവ് അന്താരാഷ്ട്ര തലത്തിലാക്കുക എന്നുള്ളതാണ്. അതിന് ആവശ്യമായിട്ടുള്ള ഭൗതിക

സാഹചര്യങ്ങളാണ് തുടർന്ന് ഒരുക്കുന്നത്. അതുകൊണ്ടുതന്നെ തുടർന്നുവരുന്ന അദ്ധ്യയന വർഷത്തിൽ അക്കാദമിക മികവ് അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്താൻ പാകത്തിനുള്ള പശ്ചാത്തല ഒരുക്കങ്ങളാണ് നടത്തുന്നത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒന്നര ലക്ഷം അദ്ധ്യാപകർക്ക് എട്ട് ദിവസത്തെ പരിശീലനം ഇപ്പോൾ നടന്നുവരികയാണ്. ആ പരിശീലനം കൊണ്ടുമാത്രം ഈ മികവിലേയ്ക്ക് എത്താൻ കഴിയുമെന്ന് കരുതുന്നില്ല. പക്ഷേ ഇങ്ങനെ ഒരു പരിശീലന പദ്ധതി രൂപീകരിച്ച് ആ പദ്ധതിയുടെ തുടർച്ചയിലൂടെ പൂർണ്ണമായ അക്കാദമിക മികവ് തന്നെയാണ് ലക്ഷ്യമിടുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ തുടർ വളർച്ച എന്നുപറയുന്നത് അക്കാദമിക മികവിലൂടെയാവും. അങ്ങനെയാണ് സ്കൂളുകളെ അന്താരാഷ്ട്രതലത്തിലേയ്ക്ക് എത്തിക്കാൻ ശ്രമിക്കുന്നത്. ആ ലക്ഷ്യത്തിൽ എത്താൻ കഴിയുമെന്ന് കരുതുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, അങ്ങ് പറഞ്ഞതുപോലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും മെച്ചപ്പെടുത്തുന്നത് ഭൗതിക സൗകര്യങ്ങളെക്കാളുപരി അക്കാദമിക രീതിയിലാണ് നമ്മൾ ചെയ്യേണ്ടത്. ഇപ്പോൾ മത്സരപ്പരീക്ഷകളൊക്കെ വരുന്നത് ദേശീയ തലത്തിലാണ്. മത്സരക്ഷമത എന്നുള്ളത് കേരളത്തിലെ കുട്ടികൾക്ക് വളരെ കൂടുതലാണ്. പക്ഷേ ഗവൺമെന്റ് സ്കൂളുകളിൽ പഠിച്ചുവരുന്നവർ ദേശീയ തലത്തിൽ സി.ബി.എസ്.ഇ.-യുമായി മത്സരിക്കുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. പക്ഷേ എൻ.സി.ഇ.ആർ.ടി.-യുടെ സിലബസ്സുമായി ഒത്തുപോകുന്ന വിധത്തിൽ, അവരെ വെല്ലുന്ന വിധത്തിൽ പ്രിപ്പെയർ ചെയ്താൽ മാത്രമേ നമ്മളെ സംബന്ധിച്ചിടത്തോളം മത്സരപ്പരീക്ഷകളിലെ മത്സരക്ഷമത നമ്മുടെ കുട്ടികൾക്ക് വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ. എൻ.സി.ഇ.ആർ.ടി.-യുമായി ദേശീയതലത്തിൽ നടക്കുന്ന അല്ലെങ്കിൽ അതിനുകിടപിടിക്കുന്ന വിധത്തിലുള്ള സിലബസ്സും ക്രോഡീകരിച്ചാണോ അല്ലെങ്കിൽ എസ്.സി.ഇ.ആർ.ടി. പ്രത്യേകമായാണോ തയ്യാറാക്കിയിട്ടുള്ളത്; ഏതാണ് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ളത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പ്ലസ്ടു തലത്തിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പുസ്തകം നേരത്തെ തുടരുന്നവയാണ്. പാഠപുസ്തകത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഈ വർഷവും കഴിഞ്ഞ തവണയും അതിനുമുമ്പിലത്തെ തവണത്തെയും അതേ പാഠപുസ്തകം തന്നെയാണ് തുടരുന്നത്. പ്ലസ്ടു തലത്തിൽ എസ്.സി.ഇ.ആർ.ടി.-യുടെ സിലബസ്സ് നമ്മൾ ഫോളോ ചെയ്യുന്നു. ഇവിടെ അടിസ്ഥാന പ്രശ്നം അതല്ല. സാധാരണ പരീക്ഷയ്ക്ക് ചോദിക്കുന്ന ചോദ്യങ്ങൾ വിട്ട് മറ്റൊരു തലത്തിലാണ് എൻട്രൻസ് പരീക്ഷയിൽ ചോദ്യങ്ങൾ ചോദിക്കുന്നത്. കുട്ടി ആ വിഷയം പഠിച്ചിട്ടുണ്ടോ എന്നതിലപ്പുറം പഠിച്ച വിഷയത്തിൽ ആഴത്തിൽ ധാരണയുണ്ടോ എന്നതാണ് എൻട്രൻസ് പരീക്ഷയിൽ ചോദിക്കുന്നത്. ഇതാണ്

സാധാരണ പരീക്ഷയും എൻട്രൻസ് പരീക്ഷയും തമ്മിലുള്ള വ്യത്യാസം. അത്തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കും എന്നുള്ള ഒരു ഓറിയന്റേഷൻ കുട്ടിക്കുണ്ടായാൽ സർക്കാർ സ്കൂളിൽ പഠിച്ചതല്ല, ഈ വിഷയം പഠിച്ച ഏത് കുട്ടിക്കും അത് പാസ്സാകാവുന്നതാണ്. ഈ ഒരു ദിശാബോധം അല്ലെങ്കിൽ അത്തരത്തിലുള്ള ഓറിയന്റേഷൻ നമ്മുടെ പഠന പ്രക്രിയയിൽ കുറവായിരുന്നു എന്നതുകൂടി മനസ്സിലാക്കിക്കൊണ്ടാണ് അക്കാദമിക മികവ് എന്നത് ആ വിഷയത്തിന്റെ കേവല പഠനം മാത്രമല്ല ആ വിഷയത്തിന്റെ ആഴത്തിലേയ്ക്കുള്ള പഠനം കൂടിയാണെന്ന് ഞാൻ നേരത്തെ പറഞ്ഞത്. അപ്പോൾ മാത്രമേ അന്താരാഷ്ട്രതലത്തിലേയ്ക്ക് അക്കാദമിക മികവ് ഉയരുകയുള്ളൂ. ആ തലത്തിലേയ്ക്ക് നമ്മുടെ അക്കാഡമിക് സെൻസ് ഉയരുമ്പോൾ ഈ പറഞ്ഞ പ്രശ്നം പരിഹരിച്ച് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ഏത് എൻട്രൻസും പാസ്സാകുന്ന ഒരു തലത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കും.

ശ്രീ. കെ. രാജൻ: സർ, അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ കൃത്യമായി പാഠപുസ്തകങ്ങൾ എത്തിക്കാൻ കഴിഞ്ഞതിൽ ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. വിദ്യാഭ്യാസമേഖല പോലെതന്നെ കേരളത്തിന്റെ കൃഷി മേഖലയിലും ഈ സർക്കാർ ഒരു വലിയ അവബോധം ഉണ്ടാക്കാനുള്ള ശ്രമം ഈ വർഷം നടത്തിയത് വളരെ സ്വാഗതാർഹമാണ്. ആ ഘട്ടത്തിൽ കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂട്ടായി ചിന്തിച്ചുകൊണ്ട് സ്കൂളുകളിൽ കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുള്ള പരിശ്രമം നടത്തുന്നു എന്ന് പ്രഖ്യാപിക്കുന്നതായി അറിയാൻ കഴിഞ്ഞു. സഭയിലും അങ്ങനെ പ്രഖ്യാപിച്ചു എന്നാണ് എന്റെ ധാരണ. ഈ സാഹചര്യത്തിൽ കൃഷി പാഠ്യപദ്ധതിയുടെ ഭാഗമായി വരികയെന്നുള്ളത് ജനങ്ങൾക്ക് മുമ്പിൽ വളരെ ആവേശകരമായ ഒരു കാര്യമാണ്. കൃഷി പാഠ്യപദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കൊണ്ടുവരാനായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെല്ലാം ശ്രമങ്ങൾ ഉണ്ടായി; ഈ ശ്രമം ഏത് ഘട്ടത്തിലാണ് ഇപ്പോൾ നിൽക്കുന്നത് ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന് കേരളജനതയുടെ വർഷങ്ങളായിട്ടുള്ള ഒരു ആഗ്രഹമാണ്. അത് സാർത്ഥക മാക്കുന്നതിനുവേണ്ടി കരിക്കുലം കമ്മിറ്റിയുടെ ആദ്യ യോഗാവതരണത്തിൽത്തന്നെ കൃഷി കേരളത്തിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ തുടർചർച്ചകൾ കരിക്കുലം കമ്മിറ്റിയിൽ നടക്കാൻ പോവുകയാണ്. കരിക്കുലം കമ്മിറ്റിയിലൂടെ പാഠ്യപദ്ധതിയുടെ ഭാഗമായി സാങ്കേതികമായും സാംസ്കാരികമായും

വരുന്നതിനൊപ്പം തന്നെ സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുവാനുള്ള നിർദ്ദേശങ്ങളും പദ്ധതികളും ആയിക്കഴിഞ്ഞു. അതായത് സ്കൂൾ ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകം എന്ന രീതിയിലേയ്ക്ക് മാറ്റി കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തി പാഠ്യപദ്ധതിയിലൂടെ അല്ലാതെ തന്നെ സാമൂഹ്യ ഇടപെടലിലൂടെ കാർഷിക സംസ്കാരം വികസിപ്പിക്കുവാനുള്ള ഒരു ശ്രമം കൂടി നടക്കുന്നുണ്ട്. അങ്ങനെ ഔപചാരികവും അനൗപചാരികവുമായി കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തുവാനുള്ള ഒരു ശ്രമത്തിന്റെ പുതിയ പാഠ്യരീതിയാണ് വളർത്തിയെടുക്കേണ്ടത്.

**സ്കൂൾ പരീക്ഷാ സമ്പ്രദായം ആധുനികവൽക്കരിക്കുവാൻ നടപടി**

4 (*394) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്കൂൾ പരീക്ഷാ സമ്പ്രദായം ആധുനികവത്ക്കരിക്കുവാൻ ആലോചന യുണ്ടോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയടക്കമുള്ള പരീക്ഷകൾക്ക് ഓരോ വിഷയത്തിനും ചോദ്യ ബാങ്ക് തയ്യാറാക്കി, സ്കൂൾ പരീക്ഷാ സമ്പ്രദായം സമഗ്രമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട എല്ലാവരുടേയും അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) കാണാപാഠം പഠിച്ച് പരീക്ഷ എഴുതുന്ന രീതി ഒഴിവാക്കുന്ന രീതിയിലും കുട്ടികളുടെ വിശകലന ശേഷിയും നിരീക്ഷണ പാടവവും ഓർമ്മശക്തിയും പരീക്ഷിക്കപ്പെടുന്ന വിധത്തിലുമാകുമോ ചോദ്യങ്ങൾ തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ആലോചിച്ചുവരുന്നു.

(ബി) പൊതുപരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുന്ന രീതിയെക്കുറിച്ച് ആലോചിച്ചുവരുന്നു. മികച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷാ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായകമാകും.

(സി) ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഇതിന്മേൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ഡി) ചോദ്യപേപ്പർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് ക്ലാസ്സ് റൂം അനുഭവമുള്ള വിദഗ്ദ്ധരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി ചോദ്യശേഖരം തയ്യാറാക്കി പ്രസ്തുത ചോദ്യങ്ങളിൽ നിന്നും ചോദ്യപേപ്പർ തയ്യാറാക്കിയാൽ കുട്ടികളുടെ ശേഷികൾ പരിശോധിക്കാൻ കഴിയുമെന്ന് കരുതുന്നു.

ശ്രീ. ഷാഫി പറമ്പിലിനു വേണ്ടി ശ്രീ. അനിൽ അക്കര : സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ വളരെയധികം പ്രതീക്ഷകളാണ് ഉണ്ടായിരുന്നത്. പക്ഷേ കണക്കിന്റെ ചോദ്യപേപ്പർ ചോർന്നതോടുകൂടി ആ പ്രതീക്ഷ നഷ്ടമായി. അദ്ദേഹത്തിന്മേലുള്ള വിശ്വാസ്യതയും നഷ്ടപ്പെട്ടു. സംസ്ഥാനത്ത് പി.എസ്.സി.-യുടെയും എൽ.ബി.എസ്-ന്റെയുമൊക്കെ പരീക്ഷകൾ കുറ്റമറ്റതാക്കാൻ നിലവിൽ നല്ല മാതൃകകളുണ്ട്. അതിനാൽ ചോദ്യപേപ്പർ തയ്യാറാക്കാൻ അദ്ധ്യാപക സംഘടനകളെ ഏൽപ്പിക്കുന്നതിനുപകരം സ്വതന്ത്ര ഏജൻസിയെ ഏൽപ്പിച്ച് വളരെ മാതൃകാപരമായി പരീക്ഷകളുടെ വിശ്വാസ്യത ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇതേക്കുറിച്ച് രണ്ട് തവണ ഞാൻ സഭയിൽ പറഞ്ഞതാണ്. ഇത് സ്വതന്ത്ര ഏജൻസിയെയല്ല ഏൽപ്പിക്കുന്നത്. നേരത്തെയും ഒരു സംഘടനയേയും പരീക്ഷ നടത്താൻ സർക്കാർ ഏൽപ്പിച്ചിട്ടില്ല. ഇനി മുതൽ കേരളത്തിലെ ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള എല്ലാ പരീക്ഷകളും വിദ്യാഭ്യാസവകുപ്പ് നേരിട്ടാണ് നടത്തുക.

ശ്രീ. അനിൽ അക്കര : സർ, കണക്ക് പരീക്ഷയുടെ ചോദ്യം ചോർന്നപ്പോൾ ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം ഉയർന്നുവന്നു. എന്നാൽ ജുഡീഷ്യൽ അന്വേഷണത്തിനുപകരം വിജിലൻസ് അന്വേഷണത്തിലേയ്ക്കാണ് സർക്കാർ പോയത്. ഈ വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിൽ എത്തി; അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഏത് ഉദ്യോഗസ്ഥനാണ് അതിനെക്കുറിച്ച് അന്വേഷിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിന് ഞാൻ അതിനുള്ള ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ഈ പ്രശ്നത്തിൽ ആരാണ് ഉത്തരവാദി എന്ന് കണ്ടെത്തിയാൽ അവർക്കെതിരെ കർശന നടപടിയെടുക്കും.

ശ്രീ. വി. ടി. ബൽറാം: സർ, പരീക്ഷാ സമ്പ്രദായം കുറ്റമറ്റതാക്കണമെന്നുള്ള കാര്യം ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. അങ്ങ് ആ കാര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷാഫലം പുറത്തുവന്ന് കുട്ടികൾ പ്ലസ്‌വൺ പ്രവേശനത്തിനുവേണ്ടി തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. പക്ഷേ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഫലങ്ങൾ ഇതുവരെ വന്നിട്ടില്ല. ഇന്നത്തെ നിലയ്ക്കാണെങ്കിൽ ആ കുട്ടികൾക്ക് നമ്മൾ നിർദ്ദേശിച്ചിരിക്കുന്ന സമയക്രമത്തിനുള്ളിൽ പ്ലസ്‌വൺ-ന് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അത് പുനഃപരിശോധിച്ച് ഡേറ്റ് നീട്ടി നൽകാൻ തയ്യാറാകുമോ; അവർ നമ്മുടെ കുട്ടികളായതുകൊണ്ട് അക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള ഇടപെടലുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കേരളത്തിലെ പ്ലസ്‌വൺ ക്ലാസ് നേരത്തെ തന്നെ ആരംഭിക്കണമെന്ന് വർഷങ്ങളായി എല്ലാവരും ആഗ്രഹിക്കുന്നതാണ്. ഇപ്പോഴത്തെ ടൈംടേബിൾ അനുസരിച്ച് ജൂൺ 14-ാം തീയതി പ്ലസ്‌വൺ ക്ലാസ്സുകൾ ആരംഭിക്കും. അതനുസരിച്ചാണ് ടൈംടേബിൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതിനിടയിൽ സി.ബി.എസ്.ഇ. ഫലം വരുമെന്നാണ് കരുതുന്നത്. ഏതായാലും ഇപ്പോഴത്തെ ടൈംടേബിൾ അനുസരിച്ച് പോകാനാണ് ശ്രമിക്കുന്നത്. ബാക്കി കാര്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഈ വർഷത്തെ എസ്.എസ്. എൽ. സി. ഫലം നോക്കുകയാണെങ്കിൽ ഇരുപത്തൊന്നായിരം കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് ലഭിച്ചെങ്കിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കണക്ക് പരീക്ഷ വീണ്ടും എഴുതിയതുകൊണ്ട് കുറെയധികം കുട്ടികൾക്ക് ഒൻപത് 'എ' പ്ലസ്സും ബാക്കി 'എ' -യും 'ബി ' പ്ലസ്സുമാണ് കിട്ടിയത്. എത്ര കുട്ടികൾക്കാണ് കണക്കു പരീക്ഷ വീണ്ടും എഴുതിയതുകൊണ്ടു മാത്രം പത്ത് 'എ' പ്ലസ് എന്ന സ്വപ്നം നഷ്ടപ്പെട്ടതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇപ്പോൾ എന്റെ കൈവശം അതിന്റെ കണക്കില്ല. അത് ആവശ്യപ്പെട്ടാൽ എഴുതിത്തരാം.

ശ്രീ. അൻവർ സാദത്ത്: സർ, ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാനുള്ള വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അങ്ങനെ പ്രത്യേക മാനദണ്ഡങ്ങളൊന്നും ഇല്ല. ക്വസ്റ്റ്യൻ ബാങ്ക് എന്നു പറയുന്നത് വലിയ ഒരു സങ്കല്പമാണ്. എൻട്രൻസ് പോലെയുള്ള പരീക്ഷയ്ക്കും സാധാരണ പരീക്ഷയ്ക്കും ഉണ്ടാകാവുന്ന ചോദ്യങ്ങളെ ഓരോ ടെക്സ്റ്റിൽനിന്നും പൂൾ ചെയ്ത് ഏതെല്ലാം തരത്തിലുള്ള ചോദ്യങ്ങൾ

പരീക്ഷയ്ക്ക് വരുന്നുവോ അതിനെയെല്ലാം തയ്യാറാക്കുക എന്നുള്ളതാണ് ചോദ്യബാങ്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതൊരു സങ്കല്പമേ ആയിട്ടുള്ളൂ. Brain storming session നടത്തി ഈ മേഖലയിലെ വിദഗ്ദ്ധരെയെല്ലാം ചേർത്തിരുത്തി എങ്ങനെ വേണമെന്ന് മൂർത്തമായി കണ്ടെത്തി അതിനുള്ള പരിപാടികൾ ചിട്ടയായി നടപ്പിലാക്കും. ഏതായാലും ചോദ്യബാങ്ക് ഈ വർഷം നിലവിൽ വരും.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### രജിസ്ട്രേഷൻ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

5 (*395) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനവും പണം കൈമാറ്റത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഭൂമി രജിസ്ട്രേഷൻ നടപടികളെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് ഭൂമി രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും രജിസ്ട്രേഷൻ വരുമാനത്തെ ബാധിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കി സർക്കാർ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ഡിസംബർ വരെ) പ്രതിമാസം ശരാശരി നികുതി വരുമാനത്തിൽ മുൻ മാസങ്ങളെ അപേക്ഷിച്ച് 45.11 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് രജിസ്ട്രേഷനുകളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയാണ് ഉണ്ടാക്കിയിട്ടുള്ള തെങ്കിലും വരുമാനം വർദ്ധിച്ചുവരികയാണ് ഉണ്ടായത്.

(സി) രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**കേന്ദ്രത്തിൽനിന്നും ലഭിച്ച വരൾച്ചാ ദുരിതാശ്വാസ സഹായം**

6(*396) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) വരൾച്ചാ ദുരിതാശ്വാസം എന്ന രീതിയിൽ കേന്ദ്രത്തിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(സി) വരൾച്ചയെപ്പറ്റി പഠിക്കാൻ വന്ന കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് റവന്യൂ/ദുരന്തനിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വരൾച്ചമൂലം നഷ്ടം കണക്കാക്കാവുന്നത് പ്രധാനമായും കാർഷിക മേഖല, മൃഗ സംരക്ഷണ മേഖല, മത്സ്യബന്ധന മേഖല, വൈദ്യുത മേഖല എന്നിവയിലാണ്. പൂർണ്ണമായും വരൾച്ചയുടെ നാശനഷ്ടം വിലയിരുത്തുക എന്നത് അസാധ്യവുമാണ്. സ്ഥിര വിളകൾ കൂടുതൽ ഉള്ള കേരളത്തിൽ കടുത്ത വരൾച്ച ഇവയുടെ ദീർഘകാല ആദായം കുറയ്ക്കും എന്നാണ് ശാസ്ത്രസമൂഹം വിലയിരുത്തുന്നത്. കാർഷിക മേഖലയിൽ 43,879 ഹെക്ടർ കൃഷി നാശം ഉണ്ടായിട്ടുണ്ട് എന്ന് കൃഷി വകുപ്പും പാലക്കാട് ജില്ലയിൽ 62,702 കന്നുകാലികൾക്ക് വരൾച്ച ബാധിച്ചിട്ടുണ്ട് എന്ന് മൃഗസംരക്ഷണ വകുപ്പും അറിയിച്ചിരുന്നു. ക്ഷീര വികസന വകുപ്പ് അറിയിച്ചത് പ്രകാരം ഏകദേശം 3 ലക്ഷം ലിറ്റർ പാൽ ഉൽപാദനം കുറവുണ്ട്. മത്സ്യബന്ധന വകുപ്പ് അറിയിച്ചത് പ്രകാരം മത്സ്യ കൃഷിയിൽ 60% കുറവുണ്ടാകും എന്ന് കരുതുന്നു. നവംബർ 2016 മുതൽ മേയ് 2017 വരെ ഏകദേശം 1058.3 കോടി രൂപയുടെ

വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടി വരും എന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെമ്മോറാണ്ടത്തിൽ എല്ലാ മേഖലയിലുമായി ഏകദേശം 2651.9 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം കേരളം ആവശ്യപ്പെട്ടത് 992 കോടി രൂപയാണ്.

(ബി) വരൾച്ച പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. സംസ്ഥാന സർക്കാർ വരൾച്ച പ്രഖ്യാപിച്ചതിന്റെ വെളിച്ചത്തിൽ കേരളത്തിന് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 അധിക തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഭക്ഷ്യ-ധാന്യവും, മണ്ണെണ്ണയും, എണ്ണയും അധികമായി കേരളത്തിന് അനുവദിക്കണം എന്നും, കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായം അനുവദിക്കണം എന്നും കേന്ദ്ര സർക്കാരിനോട് മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ പ്രതികരണം ഇക്കാര്യത്തിൽ ലഭ്യമായിട്ടില്ല. റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

- 31-10-2016-ലെ സ.ഉ(പി) നമ്പർ 555/2016/ഡി.എം.ഡി. 24-4-2017-ലെ സ.ഉ.(പി) നമ്പർ 25/2017/ഡി.എം.ഡി. നമ്പർ ഉത്തരവുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.
- 31-10-2016-ലെ 42830/K3/2016/DMD നമ്പരായുള്ള പരിപത്രം പ്രകാരം 26 ഇന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.
- വരൾച്ച പ്രഖ്യാപിച്ച ശേഷം 2016-17 സാമ്പത്തിക വർഷം എല്ലാ ജില്ലകൾക്കുമായി 42.42 കോടി കുടിവെള്ള വിതരണത്തിനായി അനുവദിച്ചു. 2017-18 സാമ്പത്തിക വർഷം ഇതുവരെ കുടിവെള്ള വിതരണത്തിന് എല്ലാ ജില്ലകൾക്കുമായി 14 കോടി രൂപയും അനുവദിച്ചു.

വരൾച്ച പ്രഖ്യാപിച്ച ശേഷം കൃഷി നാശത്തിന്റെ ദുരിതാശ്വാസത്തിനായി 15.466 കോടി രൂപ സർക്കാർ അനുവദിച്ചു. പാലക്കാട് ജില്ലയ്ക്ക് മൃഗ സംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് തുടങ്ങുന്നതിനായി 35 ലക്ഷം രൂപ അനുവദിച്ചു.

- കർഷകരുടെ കാർഷിക കടങ്ങളുടെ ജപ്തി നടപടികളിന്മേൽ 31-5-2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു.

- ചീഫ് സെക്രട്ടറി വിവിധ വീഡിയോ കോൺഫറൻസ് മുഖാന്തിരം ജില്ലകളുടെ വരൾച്ച പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായി.

- 31-1-2017-ന് ബഹു: മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തിരം ജില്ലകളുടെ വരൾച്ച പ്രതികരണ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു.

- വാണിജ്യ-വ്യവസായിക ആവശ്യങ്ങൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് 31-5-2017 വരെ നിയന്ത്രണമേർപ്പെടുത്തി.

- വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്റ്റ് നിർണ്ണയിക്കുകയും 2 മാസം കൊണ്ട് ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെയുള്ള, BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുളുടെ എണ്ണം 5000 മാത്രമായതിനാൽ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വാട്ടർ കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് പുറമേ ടാങ്കർ വഴിയും കുടിവെള്ള വിതരണം നടത്തുവാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി.

- ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന ഏകോപന യോഗങ്ങൾ ചേർന്നിരുന്നു.

- റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന ഏകോപന യോഗം ചേർന്നിരുന്നു.

- 2017 മാർച്ച് 28-ന് ബഹു. കേന്ദ്ര കൃഷി മന്ത്രി ശ്രീ. രാധാമോഹൻ സിംഗിനെ സന്ദർശിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രിയും, ബഹു: കൃഷി വകുപ്പ് മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു.

## അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കൽ പദ്ധതി

7(*397) ശ്രീ. വി. ജോയി :
ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കൽ പദ്ധതിയെ (അസാപ്)കുറിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യാവസായികവും തൊഴിൽപരവുമായ കഴിവ് ആർജ്ജിക്കുന്നതിനായുള്ള ഈ പദ്ധതി വിദ്യാർത്ഥികളെ ഏതെല്ലാം മേഖലയിലാണ് പ്രാവീണ്യം നേടാൻ സഹായിക്കുന്നത്; ഈ പദ്ധതി പ്രകാരം വിവിധ കോഴ്സുകൾക്കായി വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കുന്നുണ്ടോ; സർക്കാർ നൽകുന്ന സഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ വിവിധ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് ലഭിച്ചിട്ടുള്ള തൊഴിലവസരങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പദ്ധതി എത്ര മാത്രം പ്രയോജനപ്രദമെന്ന് വിശദപഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അസാപ്പ് തന്നെ വാർഷിക അവലോകനം നടത്താറുണ്ട്. ഈ അവലോകനങ്ങൾ വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കാറുണ്ട്.

കൂടാതെ അസാപ്പ് പരിശീലനം പൂർത്തിയാക്കിയ 6681 വിദ്യാർഥികളുടെ ഇടയിൽ ഒരു സ്വതന്ത്ര ഏജൻസി നടത്തിയ തൊഴിൽക്ഷമതാ പഠനത്തിൽ അസാപ്പ് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക്, പരിശീലനം സിദ്ധിക്കാത്ത വിദ്യാർത്ഥികളെക്കാൾ ഇംഗ്ലീഷ് ഭാഷാ പ്രാവിണ്യം (English Comprehension) ദത്ത ശേഖരണവും അവലോകനവും (Information Gathering & Synthesis), ക്വാണ്ടിറ്റേറ്റീവ് എബിലിറ്റി (Quantitative Ability), വിഷയമേഖലയിലുള്ള അഭിരുചി (Domain Aptitude)-എന്നിവയിൽ മുന്നിട്ട് നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകളിലെയും, ആർട്സ് & സയൻസ് കോളേജുകളിലെയും അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികളിൽ മികച്ച ആശയവിനിമയ പാടവവും കമ്പ്യൂട്ടർ ഉപയോഗക്ഷമതയും കണ്ടുവരുന്നു. അസാപ് കുട്ടികൾ 0-100 ശ്രേണിയിൽ 63 പോയിന്റുകൾ നേടിയപ്പോൾ അസാപ്പിനു പുറത്തുള്ള കുട്ടികൾക്ക് 49 പോയിന്റുകൾ മാത്രമേ നേടാനായിട്ടുള്ളൂ.

(ബി) കോർ സ്കില്ലുകളായ ആശയ വിനിമയ ശേഷി, ജീവന നൈപുണ്യം (Life skill) വിവര സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള ശേഷി എന്നിവ അസാപ്പിന്റെ കോഴ്സുകളിൽ ചേരുന്ന മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നു. ഇതു കൂടാതെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കുന്ന അതത് തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ടിട്ടുള്ള ശേഷികളിലും പ്രാവിണ്യം നേടാൻ സഹായിക്കുന്നു.

എല്ലാ കോഴ്സുകൾക്കും ഫീസ് ഉണ്ട്. ഈ ഫീസിൽനിന്നും ബി.പി.എൽ., എസ്.ഇ.ബി.സി., ഭിന്നശേഷിയുള്ളവർ, എസ്.സി./എസ്.റ്റി. ഓരോ ബാച്ചിലുമുള്ള ഇതര വിദ്യാർത്ഥികളിൽ നിന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രണ്ടുപേർ എന്നിവരുടെ ഫീസ് ചെലവ് സർക്കാരാണ് വഹിക്കുന്നത്. ഫീസ് ഈടാക്കുന്ന വിഭാഗത്തിലെ കുട്ടികൾ വിജയകരമായി പഠനം പൂർത്തിയാക്കിയാൽ ഫീസിൽ നിന്നും 25% കിഴിവ് നൽകുന്നതാണ്.

ബജറ്റിൽ, പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നാണ് അസാപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടപ്പാക്കുന്നത്. ഇതിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായവും സംസ്ഥാന സർക്കാരിന്റെ ധനസഹായവും അടങ്ങിയിരിക്കുന്നു.

(സി) അസാപ് പരിശീലനം കഴിഞ്ഞ് ഇറങ്ങിയ ആദ്യ വർഷത്തെ കുട്ടികൾക്കിടയിൽ നടത്തിയ സർവ്വേ (Tracer Study) പ്രകാരം കോളേജ് വിദ്യാർത്ഥികളിൽ 7.2% പേർക്കും ഹയർസെക്കൻഡറി വിദ്യാർത്ഥികളിൽ 3.2% പേർക്കും ജോലി ലഭിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ ലഭ്യമാണെങ്കിലും ഉപരിപഠനം, അവരവരുടെ സ്വന്തം സ്ഥലങ്ങൾക്ക് പുറത്തുള്ള തൊഴിൽ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള വിമുഖത, പെൺകുട്ടികളുടെ വിവാഹം കഴിയുന്നത്, മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കൽ എന്നീ കാരണങ്ങൾ കൊണ്ട് പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങിയാൽ ഉടനെ ജോലി സ്വീകരിക്കാൻ കുട്ടികൾ വിമുഖത ഉള്ളതായി സർവ്വേ പ്രകാരം വെളിവാക്കപ്പെട്ടിട്ടുണ്ട്.

(സി) വിശദ പഠനം നടത്തിയിട്ടില്ല. ആസൂത്രണ ബോർഡിന്റെ വിലയിരുത്തൽ വിഭാഗത്തോട് വിശദ പഠനം നടത്താൻ ആവശ്യപ്പെടുന്നതാണ്.

## കെ.എസ്.റ്റി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

8(*398) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കണമെന്ന് വെളിപ്പെടുത്തുമോ;

(ബി) ലോകബാങ്ക് എത്ര കോടി രൂപ ഇതിനായി നൽകിയെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി, ലോക ബാങ്ക് നൽകിയിരുന്ന വായ്പയിൽ 220 കോടി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) കെ.എസ്.റ്റി.പി.ക്ക് സ്ഥിരം പ്രോജക്ട് ഡയറക്ടറുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ;

(ഇ) സമയപരിധിക്കുള്ളിൽ റോഡുകളുടെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കെ. എസ്.റ്റി.പിയുടെ രണ്ടാം ഘട്ടത്തിൽ നാളിതുവരെ തുടങ്ങിയ എല്ലാ പ്രവൃത്തികളും 2018 ആഗസ്റ്റ് മാസത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടര വർഷം നിർമ്മാണ കാലാവധി പ്രതീക്ഷിക്കുന്ന പുനലൂർ-പൊൻകുന്നം പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു. ഇതിന്റെ പ്രവൃത്തി ആരംഭിച്ചാലേ പൂർത്തിയാക്കുന്ന തീയതി തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) കെ.എസ്.റ്റി.പി രണ്ട് പദ്ധതിക്കുവേണ്ടി ഇതുവരെ ലോകബാങ്ക് വിഹിതമായി 375.10 കോടി രൂപ കിട്ടി. ഈ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്.

(സി) ലോകബാങ്ക് വായ്പയിൽ തുക ഒന്നും റദ്ദാക്കിയിട്ടില്ല.

(ഡി) കെ.എസ്.റ്റി.പി. യിൽ ഇപ്പോൾ സ്ഥിരം പ്രോജക്ട് ഡയറക്ടർ ചുമതല ഏറ്റെടുത്തിട്ടുണ്ട്.

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യഥാസമയം അവലോകന യോഗം കൂടി നടപടികൾ സ്വീകരിച്ചു വരുന്നു.

## ഭൂഗർഭജല ശോഷണം തടയാൻ നടപടി

9(*399) ശ്രീ. പി. ഉണ്ണി :

ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വിവിധ സ്ഥലങ്ങളിൽ, വിശേഷിച്ച് പാലക്കാട് ജില്ലയിൽ പെപ്സി, കൊക്കകോള, മദ്യ നിർമ്മാണ കമ്പനികൾ എന്നിവയുടെ പ്രവർത്തന ഫലമായി ഉണ്ടാകുന്ന ഭൂഗർഭജല ശോഷണം തടയാൻ വകുപ്പിന് സാധ്യമായിട്ടുണ്ടോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഭൂഗർഭജലത്തിന്റെ വിവേക പൂർണ്ണമായ വിനിയോഗത്തിനും ഭൂഗർഭജല സംപോഷണത്തിനും വകുപ്പിന്റെ ഇടപെടൽ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) 1978-ൽ രൂപീകൃതമായ സംസ്ഥാന ഭൂജലവകുപ്പിന്റെ ആദ്യകാല പ്രവർത്തനങ്ങൾ മുഖ്യമായും സംസ്ഥാനത്തെ കാർഷിക പുരോഗതിയെ ലക്ഷ്യമിട്ടിട്ടുള്ളതായിരുന്നുവെങ്കിലും പിന്നീട് വകുപ്പിന്റെ പ്രവർത്തനം കുടിവെള്ളത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വ്യാപിപ്പിച്ചു. ഭൂജലവകുപ്പിന് ഇപ്പോൾ 14 ജില്ലകളിലായി 14 ജില്ലാ ഓഫീസും, 3 രാസപരിശോധനാശാലകളും, 1 വർക്ക്ഷോപ്പ് ആൻറ് സ്റ്റോഴ്സും നിലവിലുണ്ട്. വകുപ്പിന്റെ ഹൈഡ്രോജിയോളജി, എഞ്ചിനീയറിംഗ്, ജിയോഫിസിക്സ്, ഹൈഡ്രോകെമിസ്ട്രി, അഡ്മിനിസ്ട്രേഷൻ എന്നീ ഉപവിഭാഗങ്ങളുണ്ട്.

വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാനനിർണ്ണയവും, കുടിവെള്ളത്തിനും, ജലസേചനത്തിനും വ്യവായികാവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർ വെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണവും ജലലഭ്യതാ തോതിന്റെ നിർണ്ണയവും, ഡെവലപ്പിംഗും, കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് എം.പി./എം.എൽ.എ. ഫണ്ട് എസ്.സി.ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ഭൂജല പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാങ്കേതിക സഹായവും ഉപദേശം നൽകലും ഭൂജല വകുപ്പിന്റെ പ്രവർത്തനത്തിലുൾപ്പെടുന്നു.

ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള ആക്റ്റിന്റെ ഫലപ്രദമായ നടപ്പാക്കൽ, ഭൂജല സംരക്ഷണത്തിനും, കൃത്രിമ സംപോഷണത്തിനുമായുള്ള റീചാർജ്ജ് സ്ട്രക്ചറുകൾക്കായുള്ള സ്ഥാന നിർണ്ണയവും നിർമ്മാണവും കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വകുപ്പ് ഫണ്ടുപയോഗിച്ച് ചെറുകിട ജലസേചന പദ്ധതികളും കുഴൽകിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കലും, സംസ്ഥാനത്തിലെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തലും, ഭൂജലത്തിന്റെയും, ഉപരിതല ജലത്തിന്റെയും സമാസമമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കലും, ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ എന്നിവയും ഭൂജലവകുപ്പ്, ഗുണനിലവാരം, മീറ്ററിയോളജി എന്നിവയുടെ ഡാറ്റാ ശേഖരിച്ച് അതുപയോഗിച്ചുള്ള പഠനങ്ങൾ നടത്തുന്നതും ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായി സാമാന്യ ജനങ്ങളെ ബോധവൽക്കരിക്കലും ഭൂജല വകുപ്പിന്റെ പ്രവർത്തനങ്ങളാണ്.

(ബി) പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്ന പെപ്സികോ ഇന്ത്യ ഹോൾഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഏഴ് കുഴൽകിണറുകളാണ് നിലവിലുള്ളത്. ഇതിൽനിന്നും പ്രതിദിനം 5.5 ലക്ഷം മുതൽ 6 ലക്ഷം ലിറ്റർ വരെ ഭൂജലം കമ്പനി എടുത്തു വന്നിരുന്നു. 18-4-2007-ൽ ചേർന്ന നിയമസഭ ഉപസമിതിയുടെ നിർദ്ദേശപ്രകാരം കമ്പനിയുടെ ജലചൂഷണത്തെക്കുറിച്ച് പഠിച്ച് ഭൂജലവകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഭൂജലഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്നും ഇത് പരിശോധിക്കുന്നതിനായി SCADA (Supervisory Control and Data Acquisition)Telemetry സംവിധാനം ഏർപ്പെടുത്തണമെന്നും ഉപസമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രതിദിന ഭൂജല ഉപയോഗം 2.34 ലക്ഷം ലിറ്ററായി പരിമിതപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകി. ഈ ഉത്തരവിനെതിരെ കമ്പനി ബഹു: കേരള ഹൈക്കോടതി-യെ സമീപിക്കുകയും കോടതിയുടെ 20693/2010 നമ്പർ റിട്ടു ഹർജിയിലെ 23-5-2011 തീയതിയിലെ ഉത്തരവ് പ്രകാരം വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ ഉത്തരാവുകയും അതുവരെ നിലവിൽ ഉപയോഗിച്ചു കൊണ്ടിരുന്ന പ്രതിദിനം 6 ലക്ഷം ലിറ്റർ എന്ന തോതിൽ ജലം ഉപയോഗിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഭൂജല വകുപ്പ് ഡയറക്ടർ, കേന്ദ്ര ഭൂജല ബോർഡ് റീജയണൽ ഡയറക്ടർ, ഡയറക്ടർ, CWRDM, കോഴിക്കോട് തുടങ്ങിയ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ടിൻ പ്രകാരമുള്ള 2.34 ലക്ഷം ലിറ്റർ ആയി ഭൂജല ഉപഭോഗം പരിമിതപ്പെടുത്തണമെന്ന നിർദ്ദേശം ശരിവച്ചിരിക്കുകയാണ്. SCADA സംവിധാനത്തിൽ ശേഖരിക്കപ്പെടുന്ന ഭൂജല ഉപഭോഗത്തിന്റെ വിവരങ്ങൾ എല്ലാ മാസവും ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽ ലഭ്യമാക്കുകയും ഉപഭോഗത്തിൽ സുതാര്യത ഉറപ്പാക്കുകയും ചെയ്യുന്നതിനായി Telemetry സംവിധാനം സ്ഥാപിക്കണമെന്ന നിർദ്ദേശിച്ചതിൻ പ്രകാരം GSM അടിസ്ഥാനത്തിലുള്ള Telemetry സ്ഥാപിക്കാമെന്ന് കമ്പനി അറിയിക്കുകയും ചെയതിട്ടുണ്ട്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജല ഉപഭോഗം 75% കുറയ്ക്കുവാൻ ഭൂജല വകുപ്പ് പാലക്കാട് ജില്ല ഓഫീസിൽനിന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനി പ്രതിദിന ജല ഉപഭോഗം 2017 ഫെബ്രുവരി 3 മുതൽ പ്രതിദിനം 1.50 ലക്ഷം ലിറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭൂജലവകുപ്പ് കുഴൽകിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണൽ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2016-2017 സാമ്പത്തിക വർഷം 1 കോടി രൂപ രാജിവ്ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് അനുവദിച്ചിരുന്നു. ഇത് കൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും, 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും, 5328 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും, 23 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് ഭൂജലപരിപോഷണത്തിനായി ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2016-2017 സാമ്പത്തിക വർഷത്തിൽ 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും' എന്ന പദ്ധതിക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-2017 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി.

കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്തെ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഭൂജല ആക്റ്റ് 2002 നിലവിലുണ്ട്. ഇതനുസരിച്ച് സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

**വരൾച്ചാ ദുരിതാശ്വാസം**

10(*400) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വരൾച്ച ബാധിത പ്രദേശമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിന് സംസ്ഥാനത്തിന് പദ്ധതി വിഹിതമായി എന്ത് തുക ലഭിക്കും;

(സി) പദ്ധതി വിഹിതമായി സംസ്ഥാനത്തിനു ലഭിക്കുന്ന തുകയുടെ 65 ശതമാനം ജലലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾക്കായി വിയോഗിക്കണമെന്ന് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വരൾച്ചാ മാനുവൽ 2009, 2016 എന്നിവ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്നത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്.

(ബി & സി) പദ്ധതി വിഹിതമായി ഏതെങ്കിലും അധിക നിധി അനുവദിക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ കേന്ദ്രത്തിന്റെ വരൾച്ചാ മാനുവലിൽ നൽകിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ 31-10-2016-ലെ സ.ഉ.(പി)നമ്പർ 555/2016/ഡി.എം.ഡി. നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കപ്പെട്ട സംസ്ഥാനത്തെ 14 ജില്ലകളിലും 2017-18 വർഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ

അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഭക്ഷ്യ-ധാന്യവും മണ്ണെണ്ണയും എണ്ണയും അധികമായി കേരളത്തിന് അനുവദിക്കണമെന്നും കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായം അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും സംസ്ഥാനത്തിന് അധിക ധനസഹായം ലഭ്യമായിട്ടില്ല. ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഇത്തരം ഒരു നിർദ്ദേശം ലഭ്യമായിട്ടില്ല.

(ഡി) ബാധകമല്ല.

**ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ**

11(*401) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ അടിയന്തര സഹായമെത്തിക്കാനായി റവന്യൂ വകുപ്പിനു കീഴിലുള്ള ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ദുരന്ത ലഘൂകരണ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങളും, സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും നിലവിലുണ്ടെന്ന് അറിയിക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരം സ്ഥാപിതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ളതും ജില്ലാതലത്തിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതും സംസ്ഥാനത്തിന് പൊതുവായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുള്ളതുമാണ്. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ആവശ്യമായ 'ദുരന്ത മുന്നറിയിപ്പ് സാങ്കേതികവിദ്യ' വികസനം കെൽട്രോൺ മുഖാന്തിരം തയ്യാറാക്കിവരുന്നു.

(ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത ലഘൂകരണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതു നിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും സമയോചിതമായി പുതുക്കുകയും ചെയ്യുന്നു.
- പ്രാദേശിക തലത്തിൽ, പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത സാധ്യത ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അവബോധം നൽകുന്നു.
- സംസ്ഥാന-ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുന്നു.
- ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.
- സംസ്ഥാന അടിയന്തരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പരിഷ്കരിക്കുന്നു.
- സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു.
- ദീർഘകാല ദുരന്ത പുനർനിർമ്മാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

(സി) സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല, സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതിക വിദ്യ എന്നീ മുന്നറിയിപ്പ് സംവിധാനങ്ങളും കേന്ദ്ര സർക്കാരിന്റെയും UNDP യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതിയും നടത്തുന്നു. വരൾച്ച പ്രതിരോധ പദ്ധതികളായ ജലവർഷിണി, മഴപൊലിമ, വാട്ടർ കിയോസ്കുകൾ, പ്രദേശിക വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ചെറു തടയണകൾ എന്നിവ നടപ്പാക്കുകയും മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി, സംസ്ഥാന അഗ്നിശമന സേന ശാക്തീകരണം, കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം,

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം (ഓപ്പറേഷൻ അനന്ത) എന്നിവ നടത്തുന്നു. കൂടാതെ ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, മോക്ക് ഡ്രില്ലുകൾ എന്നിവ നടത്തുന്നു. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ തയ്യാറാക്കുകയും സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം, ദുരന്ത വിവര സംവേദന സാങ്കേതിക വിദ്യയുടെ വികസനവും പരിപാലനവും ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ, 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ, ദുരന്ത ലഘൂകരണ പരിശീലനങ്ങൾ, ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ്, നെറ്റ്‌വർക്ക്-ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം, ദേശീയ അടിയന്തരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം എന്നീ സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിവരുന്നു.

## വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ നടപടി

12(*402) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എം. സ്വരാജ് :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പൊതുവിദ്യാലയങ്ങളെയും എഞ്ചിനീയറിംഗ് മേഖലയെയും വാണിജ്യവൽക്കരിക്കുകയും സർവകലാശാലകൾ പോലും സ്വകാര്യ മേഖലയിൽ അനുവദിക്കാൻ നീക്കം നടത്തുകയും ചെയ്തതിൽ നിന്ന് വിഭിന്നമായി വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ 10 ശതമാനം വർദ്ധനവ് വരുത്തുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഹയർസെക്കന്ററി മേഖലയിൽ ആവശ്യത്തിന് അദ്ധ്യാപക തസ്തികകൾ ഇല്ലാതിരുന്ന പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികവും അക്കാദമികവുമായ കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി മുഖേന നിരവധി വൈവിദ്ധ്യമാർന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞമെന്ന പദ്ധതി മുഖേന ലക്ഷ്യമിടുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനായി വിവിധ സർവ്വകലാശാലകൾ ഉൾപ്പെടെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വകുപ്പിന്റെ കീഴിൽ 'കിഫ്ബി' പദ്ധതി മുഖേന കേരളത്തിൽ 52 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷംകൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശതോത്തര സുവർണ്ണജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ കോളേജുകളെ

ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയ പദ്ധതികളും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽവഴി നടപ്പിലാക്കിവരുന്നു. ഉന്നത വിജ്ഞാനത്തിന്റെ ഗുണനിലവാരം സാമാന്യജനത്തിനുകൂടി പ്രയോജനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 'പ്രബുദ്ധത' എന്ന നൂതന പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ഉന്നത വിദ്യാഭ്യാസ കൗൺസിൽവഴി നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ 10 ശതമാനം വർദ്ധനവ് വരുത്തുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക അക്കാദമിക തലങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കുവാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന തോടൊപ്പം ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. കൂടാതെ അക്കാദമിക തലത്തിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപന അദ്ധ്യയന തലങ്ങളിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ് സംവിധാനം' ശക്തിപ്പെടുത്തുന്നതിനാ വശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര-പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠനസൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(സി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പൊതുമരാമത്ത് വകുപ്പിന് പുത്തൻ രൂപഭാവം വരുത്താൻ നടപടി**

13(*403) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് പുത്തൻ രൂപഭാവം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഏതെല്ലാം രീതിയിലുള്ള ബോധവത്ക്കരണമാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണങ്ങൾ സംബന്ധിച്ചുള്ള നവീന ആശയങ്ങൾ സമന്വയിപ്പിക്കാനായി വകുപ്പിനെ സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) "പുതിയ കാലം പുതിയ നിർമ്മാണം" ഇതാണ് പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യം. പൊതുമരാമത്ത് വകുപ്പിന് പുത്തൻ രൂപഭാവം വരുത്തുന്നതിന് എടുത്ത നടപടികൾ വിശദമായി ചുവടെ ചേർക്കുന്നു:

(1) ഡിസൈൻ വിഭാഗവും ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ വിഭാഗവും

23-2-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 15/2017/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗവും ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ വിഭാഗവും ശക്തിപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ് ആസ്ഥാനത്ത് നിലവിലുള്ള മൂന്ന് ഡിസൈൻ യൂണിറ്റുകൾ പുനഃസംഘടിപ്പിച്ച് ഏഴ് ഡിസൈൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്തും കോഴിക്കോടും രണ്ട് പുതിയ മേഖല ഡിസൈൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പതിനെട്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ബാക്കി തസ്തികകൾ പുനർവിന്യാസം വഴിയാണ് നികത്തുന്നത്. ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് തിരുവനന്തപുരത്ത് ഒരു ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ മേഖല ലബോറട്ടറി രൂപീകരിച്ചിട്ടുണ്ട്. എറണാകുളത്തും കോഴിക്കോടുമാണ് നിലവിൽ മേഖലാ ലബോറട്ടറികൾ ഉള്ളത്. മൂന്ന് മേഖലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിലും പുതിയ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) <u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാത്ത് വകുപ്പിലെ ടെസ്റ്റിംഗ് ലബോറട്ടറിയായും ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആയും ഒരു ട്രെയിനിംഗ് കേന്ദ്രമായും പ്രവർത്തിച്ചുവരുന്നു. കൂടാതെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബിന്റെ പ്രവർത്തനങ്ങളും കെ.എച്ച്.ആർ.ഐ. ചെയ്തുവരുന്നു. കെ.എച്ച്.ആർ.ഐ.-യെ എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബായി ഉയർത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

(3) <u>കിഫ്ബിക്കായി പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ്</u>

18-2-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 8/2017/പൊ.മ.വ. പ്രകാരം കിഫ്ബിയുടെ കീഴിൽ വരുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡ് ശാക്തീകരിച്ചുകൊണ്ട് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് (PMU) രൂപം നൽകിയിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) <u>മെയിന്റനൻസ് വിംഗ്</u>

റോഡുകളുടെ അറ്റകുറ്റപ്പണികൾ ശാസ്ത്രീയമായി ചെയ്യുവാൻവേണ്ടി ഒരു മെയിന്റനൻസ് പോളിസി നിലവിൽ വന്നിട്ടുണ്ട്. അന്തർദ്ദേശീയ നിലവാരത്തിനുള്ള ഹൈവേ അസറ്റ് മാനേജ്മെന്റ് പോളിസിപ്രകാരം റോഡുകൾ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തിയതിനുശേഷം 5 വർഷത്തെ performance based maintenance contract-ൽ പരിപാലിക്കപ്പെടുവാനാണ് പ്രസ്തുത പോളിസി വിഭാവനം ചെയ്യുന്നത്. ഇതിലേയ്ക്കായി ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ റോഡ് മെയിന്റനൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(5) <u>ബ്രിഡ്ജ് മെയിന്റനൻസ് പോളിസി</u>

സംസ്ഥാനത്ത് 3000-ൽപ്പരം വരുന്ന പാലങ്ങളുടെ റീഹാബിലിറ്റേഷൻ, മെയിന്റനൻസ്, പുതിയ പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പാലങ്ങൾക്കായി ഒരു വിഭാഗം രൂപീകരിക്കുവാനുള്ള കാര്യം പരിശോധിച്ചുവരുന്നു.

(6) <u>പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം</u>

പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് മൂലം വിജിലൻസിന് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിന് കാലതാമസം നേരിടുന്ന കാര്യം വിശദമായി പരിശോധിച്ചതിൽ, വിജിലൻസ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പ്രസ്തുത വിഭാഗത്തിന് കീഴിൽ പുതിയ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി 4-2-2017-ലെ സ.ഉ.(സാധാ) നമ്പർ 135/2017/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിർമ്മാണം സംബന്ധിച്ചുള്ള നവീന ആശയങ്ങൾ സമന്വയിപ്പിച്ച് വകുപ്പിനെ സജ്ജമാക്കാനുമായി വിവിധ തരം പരിശീലന പരിപാടികൾ വകുപ്പ് മുഖേന നടത്തിവരുന്നു. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നിരത്തുകളുടെ നിർമ്മാണം, പരിപാലനം, അറ്റകുറ്റപ്പണികൾ, റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതാണ്. ഇൻഡ്യൻ അക്കാഡമി ഓഫ് ഹൈവേ എഞ്ചിനീയേഴ്സിന്റെ ആറാഴ്ചത്തെ റോഡ് സുരക്ഷ സംബന്ധിച്ച വിശദമായ സർട്ടിഫിക്കറ്റ് കോഴ്സിന് 15 എഞ്ചിനീയർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതാണ്. ആർക്കിടെക്ച്ചർ വിഭാഗത്തിന് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. പൊതുമരാമത്ത് വകുപ്പിന് വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള പരിശീലന കലണ്ടറിൽ, വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ജീവനക്കാരുടെ ഭരണപരവും നയപരവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധയിനം പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടോട്ടൽ സ്റ്റേഷൻ സർവ്വേ, പ്രൈസ് സോഫ്റ്റ്‌വെയർ പരിശീലനം, ഡിസൈൻ സോഫ്റ്റ്‌വെയർ പരിശീലനം, ആട്ടോകാഡ് പരിശീലനം, വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ മുതലായവയും പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതുതായി വകുപ്പിൽ പ്രവേശിക്കുന്ന സാങ്കേതിക ജീവനക്കാർക്ക് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഭരണപരവും സാങ്കേതികവും പ്രായോഗിക തലത്തിലുമുള്ള വ്യക്തമായ ബോധവൽക്കരണം ലഭിക്കത്തക്ക രീതിയിൽ പരിശീലനം നടപ്പിലാക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ 2016 ജൂലൈ 28-ന് "പുതിയ കാലം-പുതിയ നിർമ്മാണം" എന്ന ലോഗോ മുറുകെപ്പിടിച്ച് ലോക പ്രശസ്ത സാങ്കേതിക വിദഗ്ദ്ധരായ പത്മശ്രീ ഡോ. ഇ. ശ്രീധരൻ, പ്രൊഫ. ഡോ. പി. കെ. അരവിന്ദൻ, ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് റോഡ് വിഭാഗം എഞ്ചിനീയർമാർക്ക്, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, പരിപാലനം എന്നിവ സംബന്ധിച്ച് ശില്പശാല നടത്തി. ഗ്രീൻ കൺസെപ്റ്റ് ഉൾക്കൊണ്ടുകൊണ്ടുള്ള കെട്ടിട നിർമ്മാണരീതി മരാമത്ത് വകുപ്പിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഗ്രാമവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് മരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗം എഞ്ചിനീയർമാർക്ക് ശില്പശാല നടത്തി.

**ഗൃഹശ്രീ ഭവനനിർമ്മാണ പദ്ധതി**

14(*404) ശ്രീ. കെ. ആൻസലൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണത്തിനായി 'ഗൃഹശ്രീ ' ഭവനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്;

(ഡി) പദ്ധതിപ്രകാരം നടപ്പുവർഷം എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സന്നദ്ധസംഘടനകളുടെ സഹായം ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) 26-8-2013-ലെ സ.ഉ.(എംഎസ്.)21/2013/ഭവനം നമ്പർ ഉത്തരവ് പ്രകാരം ഗൃഹശ്രീ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബലവിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ. എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടുകൂടി വീട് വച്ച് നൽകുന്ന ഗൃഹശ്രീ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സന്നദ്ധ സംഘടനകൾ, കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവർ സ്പോൺസർഷിപ്പ് തുക ഒടുക്കി ശിപാർശ ചെയ്തിട്ടുള്ള വ്യക്തികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാരുണ്യവാൻമാരായ വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവർ സ്പോൺസർ വിഹിതമായി 1,00,000 രൂപയും ഗുണഭോക്തൃവിഹിതമായി 1,00,000 രൂപയും ബോർഡിൽ അടയ്ക്കുമ്പോൾ സർക്കാർ സബ്സിഡി വിഹിതമായ 2,00,000 രൂപയും ചേർത്ത് 4,00,000 രൂപ 4 ഗഡുക്കളായി വീടിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിലായി നൽകുന്നു.

(ഡി) നടപ്പുസാമ്പത്തിക വർഷം 21.76 കോടി രൂപ സർക്കാർ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗപ്പെടുത്തി 1088 വീടുകൾക്ക് അനുമതി നൽകാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ**

15(*405) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എൻ. ഷംസീർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന സ്കീമുകൾ എന്തെല്ലാമാണ്;

(ബി) സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനും സംസ്ഥാനത്ത് റൂസ പദ്ധതി പ്രകാരം ലഭിച്ച ഫണ്ടും അതിന്റെ വിനിയോഗവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നയപരമായ ഇടപെടൽ നടത്തേണ്ട കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന സ്കീമുകൾ താഴെ പറയുന്നവയാണ് :

1. നിലവിലുള്ള സ്വയംഭരണ കലാലയങ്ങളെ സർവ്വകലാശാലകളാക്കി മാറ്റുന്ന പദ്ധതി.
2. നിലവിലുള്ള ക്ലസ്റ്റർ കോളേജുകളെ സർവ്വകലാശാലകളാക്കി മാറ്റുന്ന പദ്ധതി.
3. അടിസ്ഥാന സൗകര്യ വികസനം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക്.
4. പുതിയ ആർട്സ് & സയൻസ് മാതൃകാ കോളേജുകൾ തുടങ്ങുന്ന പദ്ധതി.
5. നിലവിലുള്ള ഡിഗ്രി കോളേജുകളെ മാതൃകാ കോളേജുകളായി ഉയർത്തുന്ന പദ്ധതി.
6. പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി.

7. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി.
8. ഗവേഷണം, നൂതന ആശയങ്ങൾ, നിലവാരം മെച്ചപ്പെടുത്തുക എന്നിവയ്ക്കായുള്ള പദ്ധതി.
9. വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സാമൂഹിക സമത്വം നടപ്പിലാക്കാനുള്ള പദ്ധതി.
10. പുതിയ അദ്ധ്യാപക നിയമനങ്ങൾക്കായുള്ള സാമ്പത്തിക സഹായം.
11. അദ്ധ്യാപക പരിശീലനത്തിനായി പരിശീലന കേന്ദ്രങ്ങളെ നവീകരിക്കുന്ന പദ്ധതി.
12. ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്ന പദ്ധതി.
13. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ പരിശീലനം നടപ്പിലാക്കുന്ന പദ്ധതി.
14. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ ഏജൻസികളെ നവീകരിക്കുവാനുള്ള പദ്ധതി.
15. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കുംവേണ്ടി പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനദ്ധ്യാപകരുടെയും അടിസ്ഥാന വിവരശേഖരണം നടത്തുന്നതിനായിട്ടുള്ള പദ്ധതികൾ.
16. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കുന്ന പദ്ധതി.
17. സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ നവീകരണത്തിനായുള്ള പദ്ധതി.
18. ഭരണ ഉപദേശക മൂല്യ നിർണ്ണയ ഗവേഷണ പദ്ധതി.

(ബി) ഉണ്ട്.

സംസ്ഥാനത്തിന് ഇതുവരെ ആകെ 98,38,66,667 രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും 91.25 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. റൂസ ഫണ്ട് നൽകിയ സ്ഥാപനങ്ങളിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് നിലവിലുണ്ട്. ഇതുകൂടാതെ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പദ്ധതികൾ വിലയിരുത്തും. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ഭാഗമായ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും നിലവിലുണ്ട്. വിദഗ്ദ്ധരായ 20 പ്രൊഫസർമാരുടെ ഒരു പാനൽ ആണ് ഈ ഗ്രൂപ്പ്. ഇവരും പദ്ധതികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തും. റൂസ പദ്ധതിയുടെ ഒന്നാം ഗഡു സ്ഥാപനങ്ങൾക്ക് നൽകുകയും അവയുടെ പുരോഗതി വിലയിരുത്തുകയും അതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽനിന്നും ചെലവഴിച്ചതിന്റെ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച സാക്ഷ്യപത്രം കേന്ദ്ര മാനവശേഷി വികസന വകുപ്പിന് അയച്ചുകൊടുക്കുകയും അതിനുള്ള അംഗീകാരമായി 2-ാം ഗഡു സ്ഥാപനങ്ങൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനം നവീകരിക്കുന്നതിലേക്കായി ഡോ. രാജൻ ഗുരുക്കൾ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് ക്വാളിറ്റി ഓഡിറ്റിംഗും സോഷ്യൽ ഓഡിറ്റിംഗും

16(*406) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾക്ക് ക്വാളിറ്റി ഓഡിറ്റിംഗും സോഷ്യൽ ഓഡിറ്റിംഗും നടത്താറുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദ രീതിയിൽ ഗ്രീൻ ബിൽഡിംഗ് സങ്കല്പം അനുസരിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ-ജല മലിനീകരണം കുറയ്ക്കൽ എന്നിവ വഴി ആവാസ വ്യവസ്ഥയെയും ജൈവ വൈവിദ്ധ്യത്തെയും സംരക്ഷിച്ച് പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവർത്തികളിൽ നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളുടെയും പ്രവർത്തനം നടപ്പാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പേമെന്റ് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നൽകുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റിംഗും നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ആഡിറ്റിംഗ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയുടെ ചില പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ വിംഗ് വഴി ഗുണനിലവാരപരിശോധന നടത്തുന്നുണ്ട്. ദേശീയപാത വിഭാഗം സംബന്ധിച്ചുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാരം നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുവാൻ പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലാരം പരിശോധിക്കുന്നതിന് പദ്ധതികളുടെ കൺസൽട്ടന്റ് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയറും നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രീൻബിൽഡിംഗ് സങ്കൽപം അനുസരിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ രൂപകൽപ്പന ആർക്കിടെക്ചർ വിഭാഗം ചെയ്യുമ്പോൾ തന്നെ ഇതിനാവശ്യമായ ഘടകങ്ങൾ ഡിസൈനിൽ ഉൾപ്പെടുത്താറുണ്ട്. മാലിന്യ നിർമ്മാർജനത്തിനായി കേന്ദ്ര റോഡുഗതാഗത മന്ത്രാലയത്തിന്റെ 9-11-2015-ലെ RW/NH/3044/24/2015/S&R(R) നമ്പർ കത്ത്

പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കിലോ മീറ്റർ ചുറ്റളവിനകത്തു വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമൂലം പ്ലാസ്റ്റിക് മുഖേനയുള്ള മാലിന്യം ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്. ഒരു കിലോമീറ്റർ റോഡിന് 1000 കിലോ ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്.

**അന്യാധീനപ്പെട്ട തോട്ടംഭൂമി ഏറ്റെടുക്കുന്നതിന് സമഗ്ര നിയമനിർമ്മാണം**

17(*407) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട തോട്ടംഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏറ്റെടുക്കുന്ന ഭൂമി, ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) അന്യാധീനപ്പെട്ട സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഏറ്റെടുക്കുന്ന ഭൂമിയുടെ പുനരുപയോഗം സംബന്ധിച്ച കാര്യങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

**നിർമ്മിതി കേന്ദ്രത്തിന്റെ കലവറ വിപണന കേന്ദ്രം**

18(*408) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ മേഖലയിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സ്വാധീനവും വ്യാപ്തിയും അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ന്യായമായ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കലവറ എന്ന പേരിൽ വിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ സേവനങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) ന്യായമായ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കലവറ എന്ന പേരിൽ വിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് ഇവ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം

19(*409) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) അദ്ധ്യാപന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് സ്കിൽ ഡെവലപ്മെന്റ് ഉൾപ്പെടെയുള്ള ട്രെയിനിംഗ് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതിൽ പ്രധാനമായി സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, സ്മാർട്ട് ക്ലാസ്റൂമുകളിൽ സാങ്കേതികവിദ്യയുപയോഗിച്ച് അദ്ധ്യയനം നടത്തുക, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കായിക സൗകര്യങ്ങളും ഹരിത ക്യാമ്പസും ഒരുക്കുക എന്നിങ്ങനെ നിരവധി കാര്യങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നു.

(സി) അദ്ധ്യാപകർക്ക് ഏപ്രിൽ മാസം മുതൽ സാങ്കേതികവിദ്യയുപയോഗിച്ച് ട്രെയിനിംഗ് നൽകിവരുന്നു. ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രത്യേക ഐ.റ്റി. അധിഷ്ഠിത പരിശീലനവും സീമാറ്റ് മുഖാന്തിരം ലീഡർഷിപ്പ് ട്രെയിനിംഗും വകുപ്പ് നൽകിവരുന്നു.

**നെയ്യാർ ഡാമിൽനിന്നും ജലമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

20(*410) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കടുത്ത ജലക്ഷാമം പരിഹരിക്കുന്നതിന് നെയ്യാർ ഡാമിൽനിന്നും ജലമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ മലയോര മേഖലകളിലും ഗ്രാമപ്രദേശങ്ങളിലും കടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കോളനികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) കുടിവെള്ള ക്ഷാമം കൂടുതൽ രൂക്ഷമായ പഞ്ചായത്തുകളിൽ ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ ജലസംഭരണിയിൽനിന്ന് ജലം

കരമനയാറ്റിൽ എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്, പൂർണ്ണ തോതിലുള്ള പമ്പിംഗും നടക്കുന്നു. നെയ്യാർ ഡാമിലെ കാപ്പുകാടുനിന്നും ജലം പമ്പ് ചെയ്ത് 1.5 കി.മീ. അകലെയുള്ള കരമന നദിയിലെ അണിയിലക്കടവിലെത്തിക്കുന്ന പ്രവർത്തനങ്ങളാണ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചത്. ഇതിലേക്കായി 400 മീറ്റർ, 800 mm DIK-9 പൈപ്പ്, 350 മീറ്റർ, 700 mm DIK-9 പൈപ്പ് എന്നിവ സ്ഥാപിച്ചും 100 HP യുടെ പമ്പുകൾ 2 എണ്ണവും ജലസംഭരണിയിൽ താഴ്ത്തി ഇടാവുന്ന പ്രത്യേക തരം (180 HP) പമ്പുകൾ 2 എണ്ണവും ഉപയോഗിച്ചും ഏകദേശം 70 ദശലക്ഷം ലിറ്റർ വെള്ളം പമ്പുചെയ്യുന്നു. കൂടാതെ 400 മീറ്റർ, 600 mm ഡി.ഐ. പൈപ്പിലൂടെ ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന്റെ ഡ്രെഡ്ജർ ഉപയോഗിച്ചുള്ള പമ്പിംഗും ജലസേചന വകുപ്പിന്റെ ഡ്രെഡ്ജർ ഉപയോഗിച്ചുള്ള 200 mm പി.വി.സിയുടെ രണ്ട് ലൈനിലൂടെയുള്ള പമ്പിംഗും നടന്നുവരുന്നു. ഘട്ടംഘട്ടമായി തുടങ്ങിയ പ്രവർത്തികൾ ആകെ 15 ദിവസം കൊണ്ടാണ് വൈദ്യുതി, വനം, വ്യവസായം, മോട്ടോർവാഹനം, റവന്യൂ, ധനകാര്യം, പോലീസ് എന്നീ വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ ജലവിഭവ വകുപ്പിന് സാധിച്ചത്.

(ബി) ഉണ്ട്. മലയോര മേഖലകളിലും ഗ്രാമ പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പാക്കാൻവേണ്ടി നിലവിലെ ലൈനുകൾ ദീർഘിപ്പിച്ചും ജലം എത്തിച്ചേരാത്ത ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ ക്രമീകരിച്ചും കുടിവെള്ള പദ്ധതികളുടെ കിറ്റിലേക്കുള്ള ലീഡിംഗ് പൈപ്പുകൾ താഴ്ത്തിയും കിണറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽമാറ്റിയും പമ്പുകളുടെ കാര്യക്ഷമത ഉറപ്പാക്കിയും പരമാവധി ജലവിതരണം ഉറപ്പുവരുത്തുന്നുണ്ട്. റവന്യൂ, തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടാങ്കർ ലോറി വഴി വരൾച്ചബാധിത പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്. നദികളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പാക്കുന്നു.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ വരൾച്ചയെ തുടർന്ന് കുടിവെള്ള വിതരണം നടത്തുന്നതിനായി 350 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിരുന്നു. അതുപ്രകാരം തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ 217 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കടുത്ത ജലക്ഷാമം കണക്കിലെടുത്ത് തിരുവനന്തപുരത്ത് 51 സ്ഥലങ്ങളിൽ കേരള വാട്ടർ അതോറിറ്റി മുൻകൈയെടുത്ത് ജില്ലാ ഭരണകൂടം ലഭ്യമാക്കിയ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമായ പഞ്ചായത്തുകളിൽ, പഞ്ചായത്തുകളും ജില്ലാ ഭരണകൂടവും ആവശ്യപ്പെടുന്ന പ്രകാരം ടാങ്കറുകൾ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ വിവിധ വെൻഡിംഗ് പോയിന്റുകളിൽനിന്നും ശുദ്ധീകരിച്ച ജലം നൽകി വരുന്നു.

**റോഡ് നിർമ്മാണത്തിന് പുത്തൻ സാങ്കേതികവിദ്യ**

21(*411) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പരമ്പരാഗതമായി ഉപയോഗിക്കാത്ത പുത്തൻ സാങ്കേതിക വിദ്യകളും വിഭവങ്ങളും ഉപയോഗിക്കുന്നുണ്ടോ; സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപഭോഗം കൂടി നിൽക്കുന്ന പശ്ചാത്തലത്തിൽ റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ;

(ബി) റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഏതളവ് വരെ ഉപയോഗിക്കാമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) മണ്ണിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ, ജിയോടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മാണ പ്രവൃത്തി നടത്തുന്നുണ്ടോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പരമ്പരാഗതമായി ഉപയോഗിക്കാത്ത പുത്തൻ സാങ്കേതിക വിദ്യകളും വിഭവങ്ങളും ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ BM&BC ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിൽ സാധാരണ ബിറ്റുമിന് പകരമായി NRMB (Natural Rubber Modified Bituminous) ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി. മീ. റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് ചീപ്പിംഗ് കാർപെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. ബി.എം. & ബി.സി. പ്രവർത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 100 കി.മീ. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ 200.00 കി.മീ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ടാറിംഗിനായി ഉപയോഗിക്കുന്നതുവഴി പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കുന്നതാണ്.

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.) എസ്.പി.98/2013 പ്രകാരം ബിറ്റുമിന്റെ തൂക്കത്തിന്റെ 6 മുതൽ 8 ശതമാനം വരെ പ്ലാസ്റ്റിക് ഉപയോഗിക്കാവുന്നതാണെന്നും 180 ഡിഗ്രി സെന്റീഗ്രേഡിന് താഴെ പ്ലാസ്റ്റിക് ചൂടാകുന്നതുകൊണ്ട് വിഷാംശം വായുവിൽ കലരുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്. ഒരു കിലോമീറ്റർ ദൂരം 7 മീറ്റർ വീതിയിൽ പുതുക്കുന്നതിന് സാധാരണ 100 ടൺ (1000 കിലോ) ശുദ്ധീകരിച്ച പ്ലാസ്റ്റിക് ആവശ്യമായി വരും.

നാഷണൽ ഹൈവേകളിലും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീ-സർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച് IRC പഠനം നടത്തുകയും ഇത്തരത്തിൽ നിർമ്മിച്ച റോഡുകളുടെ നേട്ടങ്ങളെക്കുറിച്ച് IRC SP 98-2013-ൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. മണ്ണിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ, ജിയോടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**റോഡ് നിർമ്മാണ മേഖലയിൽ പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ**

22(*412) ശ്രീ. എം. നൗഷാദ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം റോഡ് നിർമ്മാണ മേഖലയിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണത്തിൽ നടപ്പിലാക്കിയ പുതിയ നിർമ്മാണ രീതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന വണ്ടിപ്പെരിയാർ പാലം, കല്ലാർ പാലം, പി സി കനാൽ (പുതുപൊന്നാനി-കൊച്ചി കനാൽ) പാലവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ദേശീയപാതയുടെ വിവിധ സ്ഥലങ്ങളിലായി ഉപരിതലങ്ങൾ പുതുക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽവരുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ ഡിവിഷൻ തിരിച്ച കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ എല്ലാ പ്രവൃത്തികളിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ഉദ്യോഗസ്ഥർ അതാത് സമയം പരിശോധനകൾ നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധിക്കുന്നുണ്ട്. പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവർത്തികളിൽ നടപ്പാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ പേമെന്റ് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളെ സംബന്ധിച്ച് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ പരിശോധനയും അവലോകനവും നടത്തി യഥാസമയം പൂർത്തീകരിച്ചും വരുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ പുതിയ നിർമ്മാണ രീതികൾ നടപ്പിലാക്കുന്നതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭാഗമായി ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം നിർമ്മിക്കുന്ന പ്രവൃത്തികളിൽ സാധാരണ ബിറ്റുമിന് പകരമായി എൻ. ആർ. എം. ബി. (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മണ്ണിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം, ജിയോടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ച് ഉറപ്പുവരുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ് വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം**

23(*413) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെയിടയിൽ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനും മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ദോഷഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ

പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്നത് തടയുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്കൂൾ പരിസരത്ത് 100 വാരക്കുള്ളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ കോപ്ട, കെ.പി. ആക്ട്, എൻ.ഡി.പി.എസ്. ആക്ട് 1985 എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് മദ്യം, മയക്കുമരുന്ന് എന്നിവ കൈമാറുന്നവർക്കെതിരെ ജെ.ജെ.ആക്ട്, കെ.പി. ആക്ട് എന്നിവ പ്രകാരവും നിയമ നടപടികൾ സ്വീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കാൻ പാടില്ല എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂളും പരിസരവും ലഹരി വിമുക്തമാക്കുന്നതിന് പോലീസ്, എക്സൈസ്, പി.റ്റി.എ., തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ, ആരോഗ്യ വകുപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാർ നിർദ്ദേശപ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനത്തിലും കേരള ലഹരി വർജ്ജനമിഷന്റെ തീരുമാനമനുസരിച്ച് 2017 ജനുവരി 30-നകം ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീരിക്കുന്നതിനും ജനുവരി 30-ന് ലഹരിവിമുക്ത പ്രതിജ്ഞയെടുക്കുന്നതിനും എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് ക്ലബ്ബുകൾ സ്ഥാപനങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരാറുണ്ട്. ആന്റിനാർക്കോട്ടിക് സെൽ ഇതിനായി കോളേജുകളിൽ പ്രവർത്തിക്കുന്നു.

ഹയർസെക്കണ്ടറി വകുപ്പിന്റെ കീഴിലെ സൗഹൃദ ക്ലബ്ബുകളുടെ 2016-17 അദ്ധ്യയന വർഷത്തെ പരിശീലനങ്ങളിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽനിന്നും മയക്കുമരുന്നിൽനിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേക്ക് "മുക്തി" എന്ന പേരിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ട്രെയിനിംഗും നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ കുറ്റവാസനയും ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്.

ഓരോ സ്കൂളിലെയും രണ്ട് വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരി വസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തിയിരുന്നു. ഓരോ സ്കൂളിലെയും സൗഹൃദ കോ-ഓഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും നടത്തിയ Refresher Training Programme-ലെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തിരിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS-ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസോസിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെയുള്ളവരും ക്ലാസെടുത്തിരുന്നു. ലഹരി വിമുക്തം കേരളം എന്ന ലക്ഷ്യത്തോടെ കെയർ ആന്റ് ഷെയർ ഫൗണ്ടേഷൻ തയ്യാറാക്കിയ "വഴികാട്ടി" എന്ന ഹ്രസ്വചിത്രം 3-3-2017 ഉച്ചകഴിഞ്ഞ് 2.30 മുതൽ 3 മണിവരെ വിക്ടേഴ്സ് ചാനൽ, തിരുവനന്തപുരം ദൂരദർശൻ എന്നിവ സംപ്രേഷണം ചെയ്തിരുന്നു. ഇത് തൽസമയം കാണുവാൻ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും അവസരമൊരുക്കിയിരുന്നു.

സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാൻ എല്ലാ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം ജനുവരിയിൽ എല്ലാ ഹയർ സെക്കണ്ടറി സ്കൂളിലും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിരുന്നു.

**ഡാം സുരക്ഷാസെല്ലിന്റെ പ്രവർത്തനങ്ങൾ**

24(*414) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഡാം സുരക്ഷാ നടപടിക്രമങ്ങൾ എന്തെല്ലാ മാണെന്നും ഡാം സുരക്ഷാ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(ബി) കൃത്യമായ ഇടവേളകളിൽ ഉണ്ടാകേണ്ട പരിശോധനകൾക്ക് വ്യവസ്ഥയില്ലാത്തതും അടിയന്തര സാഹചര്യം നേരിടാൻ വേണ്ട എമർജൻസി ആക്ഷൻ പ്ലാനില്ലാത്തതും സംസ്ഥാനത്തെ ഡാം സുരക്ഷാ പ്രക്രീയയെ നിഷ്ഫലമാക്കാതിരിക്കാനായി പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തുമോ;

(സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ കാര്യത്തിൽ പ്രതികൂലമായ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പുതിയ ഡാം നിർമ്മാണ ത്തിനായുള്ള രാഷ്ട്രീയ പരിഹാരത്തിനായി ശ്രമം നടക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം കേരള സംസ്ഥാന അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനും മറ്റുമായി കേരള ഡാം സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള നടപടികൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ ശക്തിക്ഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തി എടുക്കേണ്ട തുടർ നടപടികൾ ഉപദേശിക്കുക, പൊതുജന സുരക്ഷയെക്കരുതി അണക്കെട്ടുകളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കുക, അണക്കെട്ടുകളുടെ സുരക്ഷയെക്കരുതി റിസർവോയറുകളുടെ ജലവിതാനത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തുക തുടങ്ങി അണക്കെട്ടുകളുടെയും റിസർവോയറുകളുടെയും സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്താൻ വേണ്ട എല്ലാ കാര്യങ്ങളിലും സർക്കാരിനും അണക്കെട്ടുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും വേണ്ട ഉപദേശങ്ങളും ആജ്ഞകളും നൽകുകയെന്നതാണ് ഈ അതോറിറ്റിയുടെ പ്രധാന കടമ. അതോറിറ്റിയുടെ ഉപദേശവും ആജ്ഞകളും അനുസരിച്ച് വേണ്ട തുടർ നടപടികൾ നിശ്ചിത സമയത്തിനുള്ളിൽ അണക്കെട്ടുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ എടുക്കേണ്ടതുണ്ട്. അതോറിറ്റിയുടെ ഉപദേശങ്ങളിലും ആജ്ഞകളിലും എന്തെങ്കിലും വീഴ്ചവരുത്തിയാൽ ആ അണക്കെട്ടിന്റെ ചുമതല അതോറിറ്റിയുടെ നിർദ്ദേശപ്രകാരം കേരള സർക്കാരിന് ഏറ്റെടുക്കാവുന്നതും വേണ്ട തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട കക്ഷിയിൽനിന്ന് ഇതിനുള്ള നഷ്ടപരിഹാരം ഈടാക്കാവുന്നതുമാണ്.

കൂടാതെ ജലസേചന വകുപ്പിൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ഡാം സേഫ്റ്റി ഓർഗനൈസേഷനും ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലും ഡാമുകളുടെ സുരക്ഷാ മേൽനോട്ടത്തിനായി ചീഫ് എഞ്ചിനീയർ തലവനായി സുരക്ഷാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിഭാഗം ഡാമിന്റെ സുരക്ഷ ലക്ഷ്യമാക്കി മൺസൂൺ കാലത്തിനുമുമ്പും ശേഷവും ഡാമിലും ഡാമിന്റെ അനുബന്ധ ഘടകങ്ങളിലും കേന്ദ്ര

ജല കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുകയും അവിടെ കൈക്കൊള്ളേണ്ട അറ്റകുറ്റപ്പണികൾ സ്വീകരിക്കുകയും സുരക്ഷാ ക്രമീകരണങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി അധികമായി വേണ്ടിവരുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പരിശോധനകളുടെ ഭാഗമായി ഡാമിൽ സ്ഥാപിച്ചിട്ടുള്ള ഗേറ്റുകൾ, വാൽവുകൾ, ശാസ്ത്രീയ മേൽനോട്ടത്തിനുള്ള ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും അവ പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുന്നു. കൂടാതെ ഇൻടേക്, ട്രാഷ്റാക്ക്, സർഷാഫ്റ്റ്, ജലവാഹിനി തുരങ്കങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും അവ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഡാമുകളുടെ സുഗമമായ പ്രവർത്തനത്തിനുതകും വിധത്തിൽ ജീവനക്കാരെയും സുരക്ഷാ ജോലിക്കാരെയും വിന്യസിപ്പിച്ച് സുരക്ഷാ ക്രമീകരണങ്ങൾ പ്രായോഗികമാക്കുകയും ചെയ്യുന്നു.

(ബി) കേരള ഡാം സേഫ്റ്റി അതോറിറ്റി സംസ്ഥാനത്തെ എല്ലാ ഡാമുകളിലും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. അങ്ങനെ കാണപ്പെടുന്ന അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ മരാമത്ത് പണികളും സമയബന്ധിതമായി പരിഹരിക്കാൻ വേണ്ട വിശദമായ നിർദ്ദേശങ്ങൾ അതത് ഡാം സംരക്ഷകർക്ക് അതോറിറ്റി അപ്പപ്പോൾ നൽകാറുണ്ട്. അടിയന്തര സാഹചര്യം നേരിടാനായി എല്ലാ ഡാമുകളിലും എമർജൻസി ആക്ഷൻ പ്ലാൻ കേരള ഡാം സേഫ്റ്റി അതോറിറ്റി തയ്യാറാക്കി വരുന്നുണ്ട്.

DRIP പദ്ധതിയുടെ കീഴിൽ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടിയായി ഡാം ബ്രേക്ക് അനാലിലിസ് ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനെ തുടർന്ന് എല്ലാ ഡാമുകളുടെയും എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്. കൂടാതെ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിനായി Surveillance System, Instrumentation എന്നിവ DRIP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കേന്ദ്ര ജല കമ്മീഷൻ അനുശാസിക്കുന്ന പരിശോധനകൾ കൃത്യമായ ഇടവേളകളിൽ കൃത്യമായ വ്യവസ്ഥയോടുകൂടി നടത്തിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഡാമുകളുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യം നേരിടാൻ വേണ്ട എമർജൻസി ആക്ഷൻ പ്ലാൻ, ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡ്

തയ്യാറാക്കി വരുന്നുണ്ട്. ഇതിനകം തന്നെ പമ്പാ, കക്കി, ആനത്തോട് എന്നീ മൂന്ന് ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

(സി) മുല്ലപ്പെരിയാർ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നത് തന്നെയാണ് സർക്കാർ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീം കോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ TOR അംഗീകരിച്ച് കിട്ടുന്നതിന് 28-3-2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷ തള്ളിയ സാഹചര്യത്തിൽ അപേക്ഷ വീണ്ടും സമർപ്പിക്കുവാൻ സർക്കാർ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ആയത് സമർപ്പിക്കുന്നതിനായുള്ള നടപടികൾ നടന്നുവരികയുമാണ്.

## മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ

25(*415) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കയ്യേറ്റ ഭൂമി ഒഴിപ്പിക്കാൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ ലിസ്റ്റിൽ എല്ലാ കയ്യേറ്റങ്ങളും ഉൾപ്പെടുമോ; ഇല്ലെങ്കിൽ ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(സി) മതാരാധനാ ചിഹ്നങ്ങളോ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയോ മുൻനിർത്തി നടത്തുന്ന കയ്യേറ്റങ്ങളുടെ കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ലിസ്റ്റ് തയ്യാറാക്കി വരികയാണ്. പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) ത്വരിതപരിശോധന നടത്തിയും ലഭ്യമായ ഓഫീസ് രേഖകൾ അടിസ്ഥാനമാക്കിയുമാണ് ലിസ്റ്റ് തയ്യാറാക്കുന്നത്. സ്ഥലപരിശോധന, സർവ്വെ നടപടികൾ എന്നിവ നടത്തി മാത്രമേ കയ്യേറ്റങ്ങൾ സംബന്ധിച്ച് പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഏതുതരത്തിലുള്ള കയ്യേറ്റമായാലും കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം

26(*416) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനുള്ള ധനം എവിടെനിന്ന് കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്ന തെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ രണ്ട് വർഷംകൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) നിന്ന് 500 കോടി രൂപ അനുവദിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ നിന്നുമുള്ള ധനസഹായം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ 48 ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി നൽകുന്ന ചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തി രൂപീകരിച്ച ടെക്നിക്കൽ ടീം അംഗങ്ങൾ ബന്ധപ്പെട്ട കോളേജുകൾ സന്ദർശിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടികൾ തുടർന്നു വരുന്നു.

54 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ ലബോറട്ടറികളും ലൈബ്രറികളും വികസിപ്പിക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 700 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്.

RUSA പദ്ധതി പ്രകാരവും സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി വിഹിതമായി College Infrastructure Upgradation Programme (CIUP) സ്കീം പ്രകാരം 2,800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോളേജുകളിൽനിന്നും ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് കോളേജുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി ഏറ്റെടുക്കാൻ നടപടി**

27(*417) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരികെ ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും പാട്ടക്കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്ര രൂപ ഇവരിൽനിന്നും ഈടാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) പാട്ടവ്യവസ്ഥ ലംഘിച്ചതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ശിപാർശ

സമർപ്പിക്കുന്നതിനു സ.ഉ. (എം.എസ്.) നമ്പർ 55/2017/റവ തീയതി 18-2-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഓരോ കേസും പരിശോധിച്ച് പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളിടത്ത് ഭൂമി തിരിച്ചെടുക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പാട്ടക്കുടിശ്ശിക വരുത്തി ഭൂമി കൈവശം വച്ചുവരുന്നവരിൽനിന്നും പാട്ടകുടിശ്ശിക ഈടാക്കി വരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ഈടാക്കിയ തുക/ സ്വീകരിച്ച നടപടി |
|---|---|
| തിരുവനന്തപുരം | കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കൊല്ലം | നടപടി സ്വീകരിച്ചു വരുന്നു. |
| പത്തനംതിട്ട | 5,34,588 രൂപ. |
| ആലപ്പുഴ | ഈടാക്കിയിട്ടില്ല. |
| കോട്ടയം | കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇടുക്കി | 7,127 രൂപ. |
| എറണാകുളം | 63,000 രൂപ ഈടാക്കി. ബാക്കി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| തൃശ്ശൂർ | നടപടി സ്വീകരിച്ചു വരുന്നു. |
| പാലക്കാട് | 1,03,750 രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| മലപ്പുറം | 94,562 രൂപ. |
| കോഴിക്കോട് | 34,000 രൂപ. |
| വയനാട് | ഇത്തരം കേസുകൾ ഇല്ല. |
| കണ്ണൂർ | കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കാസർഗോഡ് | ഇത്തരം കേസുകൾ ഇല്ല. |

(സി) കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ അഞ്ച് ജില്ലകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചേർത്തുകൊള്ളുന്നു:

| ജില്ല | |
|---|---|
| കൊല്ലം | പാട്ട വ്യവസ്ഥ ലംഘിച്ചതിനാൽ കൊല്ലം താലൂക്ക്, കൊല്ലം ഈസ്റ്റ് വില്ലേജ്, ബ്ലോക്ക് നമ്പർ 147 ൽ, റീസർവ്വെ നമ്പർ 1-ൽപ്പെട്ട 5.30 ആർ. സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. |
| കോട്ടയം | പാട്ട വ്യവസ്ഥ ലംഘിച്ച ഒരു കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 7-12-2016-ലെ WP (C) 9458/07 നമ്പർ വിധിപ്രകാരം ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| എറണാകുളം | പാട്ട വ്യവസ്ഥ ലംഘിച്ചതിന് ഫോർട്ട് കൊച്ചി വില്ലേജ്, സർവ്വെ നമ്പർ 1174, 1175, 8pt-ൽപ്പെട്ട 1.25 ഏക്കർ ഭൂമി M/s ആസ്പിൻ വാൾ കമ്പനിയിൽനിന്നും 5-12-2016-ൽ ഏറ്റെടുത്തിട്ടുണ്ട്. |
| പാലക്കാട് | പാട്ട വ്യവസ്ഥ ലംഘിച്ച് നിള ഹോസ്പിറ്റൽ അനധികൃതമായി കൈയ്യേറിയ പട്ടാമ്പി വില്ലേജിലെ സർവ്വെ നമ്പർ 136-ൽപ്പെട്ട 4.5 സെന്റ് സ്ഥലം ഒഴിപ്പിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയതിനെതിരെ ഹോസ്പിറ്റൽ അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) 25213/2016 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നു. |
| കോഴിക്കോട് | 18-4-2017-ലെ 72/L2/2017/റവ നമ്പർ സർക്കാർ നിർദ്ദേശ പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയ 1.56 ഏക്കർ ഭൂമി തിരികെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## ഓൺലൈൻ പോക്കുവരവ് സംവിധാനം

28(*418) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഓൺലൈൻ പോക്കുവരവ് സംവിധാനം കേരളത്തിലെ എല്ലാ വില്ലേജുകളിലും നടപ്പിലായിട്ടുണ്ടോ; ഇനി എത്ര വില്ലേജുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ട് എന്നറിയിക്കുമോ;

(സി) ഓൺലൈൻ പോക്കുവരവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതിനകം 1,185 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ടി 1,185 വില്ലേജുകളിൽ 417 എണ്ണത്തിൽ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല. ഇനി സംസ്ഥാനത്ത് 479 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കാനുണ്ട്.

(സി) ഇല്ല.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അനഭിലഷണീയ പ്രവണതകൾ

29(*419) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നടക്കുന്ന അനഭിലഷണീയമായ പ്രവണതകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) യോഗ്യതയുള്ള അധ്യാപകരുടെ അഭാവംമൂലം പഠനപ്രക്രിയ ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വൻതുക ഫീസ് ഇനത്തിലും തലവരി ഇനത്തിലും മറ്റും ഈ കോളേജുകൾ വാങ്ങുന്നുണ്ടെങ്കിലും അക്കാദമികവും അല്ലാത്തതുമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടങ്ങളിൽ പരിമിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിശ്ചിത വിജയശതമാനം ഇല്ലാത്ത സ്വാശ്രയ കോളേജുകൾ അടച്ചുപൂട്ടുന്നതിന് തയ്യാറാകുമോ;

(ഇ) പ്രസ്തുത അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സർക്കാർ പക്ഷത്തുനിന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സർക്കാർ അത്തരം വിലയിരുത്തലുകൾ നടത്തിയിട്ടില്ല. എന്നാൽ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ചില അനഭിലഷണീയമായ പ്രവണതകൾ നടക്കുന്നതായി പത്ര മാധ്യമങ്ങളിലൂടെയും വിദ്യാർത്ഥികളിൽനിന്നും ലഭിക്കുന്ന പരാതികളിലൂടെയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യോഗ്യരായ അദ്ധ്യാപകരുടെ അഭാവംമൂലം പഠന പ്രക്രിയ ശരിയായ രീതിയിൽ നടക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ.ഐ.സി.റ്റി.ഇ. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യരായ അദ്ധ്യാപകരെയാണ് നിയമിക്കേണ്ടതെന്ന് സാങ്കേതിക സർവ്വകലാശാല എല്ലാ സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കേളേജുകളും എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് സർക്കാർ NOC നൽകിയിട്ടില്ല. സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നുണ്ട്.

(ഡി) വിജയ ശതമാനം കുറവുള്ള കോളേജുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ വിജയ ശതമാനം കുറവുള്ള കോളേജുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായ ഒരു മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയെയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഒരു ഇ.വി.സി. (എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി) രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. കൂടാതെ സർക്കാരിൽനിന്നും എ.ഐ.സി.റ്റി.ഇ. സർവ്വകലാശാലകൾ എന്നിവയിൽനിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

**വൈജ്ഞാനിക രംഗത്തുണ്ടായ നിലവാരത്തകർച്ച**

30 (*420) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവൽകൃത വിപണന തന്ത്രത്തിന്റെ ഫലമായി മിടുക്കരായ വിദ്യാർത്ഥികളെ ശാസ്ത്ര-മാനവിക വിഷയങ്ങളിൽനിന്ന് അകറ്റി സാങ്കേതിക-വൈദഗ്ദ്ധ്യ രംഗത്ത് കേന്ദ്രീകരിപ്പിച്ചതുമൂലം സംസ്ഥാനത്തെ വൈജ്ഞാനിക രംഗത്തുണ്ടായ നിലവാരത്തകർച്ച പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാനായി ആർട്സ് ആൻഡ് സയൻസ് കോളേജുകളെയും അവയെ നയിക്കുന്ന സർവ്വകലാശാലകളെയും ആധുനീകരിച്ച് ശാസ്ത്രബോധവും മാനവികതയും പരിപോഷിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മുന്നേറ്റത്തിനും ദേശീയ ഉന്നത വിദ്യാഭ്യാസ പ്രസ്ഥാനത്തിൽ (റൂസ) നിന്നും സാമ്പത്തിക സഹായം നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ & ബി) ആഗോളവൽകൃത വിപണന തന്ത്രത്തിന്റെ ഫലമായി മിടുക്കരായ വിദ്യാർത്ഥികളെ ശാസ്ത്ര-മാനവിക വിഷയങ്ങളിൽനിന്ന് അകറ്റി സാങ്കേതിക വൈദഗ്ദ്ധ്യ രംഗത്ത് കേന്ദ്രീകരിപ്പിച്ചതുമൂലം സംസ്ഥാനത്ത് വൈജ്ഞാനിക രംഗത്ത് നിലവാരത്തകർച്ച ഉണ്ടായിട്ടുണ്ട് എന്ന ധാരണ പൊതുവെ ഉണ്ടെങ്കിലും ഇത് സംബന്ധിച്ച് ഔപചാരിക പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല. ശാസ്ത്ര-മാനവിക വിഷയങ്ങൾ പഠിക്കാൻ മിടുക്കരായ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി 2009-10 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. അടുത്ത കാലത്ത് മേൽ പദ്ധതി പുനരവലോകനം ചെയ്തപ്പോൾ ശാസ്ത്ര- മാനവിക വിഷയ പഠനത്തിന് സമീപ കാലത്ത് ഉണ്ടായിരിക്കുന്ന പുത്തൻ ഉണർവ്വിനും താൽപ്പര്യത്തിനുമുള്ള ഒരു കാരണം ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഗവൺമെന്റ്/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് റൂസ പദ്ധതിപ്രകാരമുള്ള കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനായി വിവിധ പദ്ധതികൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ് വഴി കേന്ദ്ര മാനവ ശേഷി വികസന വകുപ്പിന് സമർപ്പിക്കുകയും വിവിധ സാമ്പത്തിക സഹായങ്ങൾ നേടിയെടുക്കുകയും ചെയ്തു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് 6 യൂണിവേഴ്സിറ്റികൾക്കായി 20 കോടി രൂപ വീതവും ഇക്വിറ്റി ഇനിഷ്യേറ്റീവിനായി 5 കോടിയും ഫാക്കൽറ്റി ഇപ്രൂവ്മെന്റിനായി 1 കോടിയും പ്രിപ്പറേറ്ററി ഗ്രാന്റായി 8 കോടി 65 ലക്ഷം രൂപയും (ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപങ്ങളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അടിസ്ഥാന വിവരശേഖരണം നടത്തുന്നതിനായുള്ള പദ്ധതികൾക്ക്) അനുവദിച്ചിട്ടുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

1(3608) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് 2016-2017 സാമ്പത്തിക വർഷം ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ്, കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിൽ പ്ലാൻ ഫണ്ടിലുള്ള പ്രവൃത്തികൾ, കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ, എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ചിറ്റൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

പ്ലാൻ ഫണ്ട്

1. പള്ളിമുക്ക് - കല്യാണപ്പേട്ട – ആലാംകടവ് റോഡ് - കി. മി. 0/00 മുതൽ 5/500 വരെ - അഭിവൃദ്ധിപ്പെടുത്തലും വീതി കൂട്ടുന്ന പ്രവൃത്തിയും 380.00 ലക്ഷം രൂപ
2. നല്ലേപ്പുള്ളി - അഞ്ചാംമൈൽ റോഡ് - കി. മീ. 0/00-5/830 – അഭിവൃദ്ധിപ്പെടുത്തൽ -360 ലക്ഷം രൂപ.

റോഡ് വിഭാഗത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി ഒന്നും തന്നെയില്ല.

കിഫ്ബി

1. കരിമണ്ണ് - കുലുക്കപാറ -കള്ളിയമ്പാറ – ഒഴലപ്പതി റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 15.00 കോടി രൂപ
2. പുതുനഗരം -കിണാശ്ശേരി റോഡ് -0/00-7/791- അഭിവൃദ്ധിപ്പെടുത്തൽ 10.00 കോടി രൂപ

കെട്ടിട വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

ദേശീയ പാത വിഭാഗത്തിൻകീഴിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### റോഡുകളുടെ അറ്റകുറ്റപ്പണിക്ക് എസ്.എൽ.ടി. എഫിൽനിന്ന് അനുവദിച്ച തുക

2(3609) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ് പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് എസ്.എൽ.ടി.എഫിൽനിന്ന് അനുവദിച്ച തുകയും റോഡുകളുടെ പേരുകളുടെ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളുടെ പ്രവൃത്തിക്ക് ടെണ്ടർ ആയോയെന്നും പണി ആരംഭിച്ചോ എന്നും വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണിക്ക് എസ്.എൽ.ടി.എഫിൽനിന്ന് പണം അനുവദിക്കാത്ത, ശോചനീയാവസ്ഥയിലുള്ള റോഡുകളുണ്ടോ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ 2017 മേയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കോട്ടയം, കോഴിക്കോട്, ഇടുക്കി, കാസർഗോഡ് ഡിവിഷൻ ഒഴികെ ബാക്കി ഡിവിഷനുകളിൽ നിലവിൽ ഗതാഗത യോഗ്യമല്ലാതെ ശോചനീയാവസ്ഥയിലുള്ള റോഡുകളുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

### പൊതുമരാമത്ത് വകുപ്പിലെ ബ്ലൂപ്രിന്റർ തസ്തിക

3(3610) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അനുവദനീയമായ ബ്ലൂപ്രിന്റർ തസ്തിക എത്ര; നിലവിൽ എത്രപേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പൊതുമരാമത്ത് വകുപ്പിൽ പ്രവർത്തനക്ഷമമായ എത്ര ബ്ലൂപ്രിന്റ് മെഷീനുകൾ ഉണ്ട്; ഏതെല്ലാം ഓഫീസുകളിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്; പ്രവർത്തനക്ഷമമായ ബ്ലൂപ്രിന്റർ ഉള്ള ഓഫീസുകളിൽ ബ്ലൂപ്രിന്റർ തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഓഫീസുകളിൽ; വ്യക്തമാക്കാമോ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലെ സാഹചര്യത്തിൽ ബ്ലൂപ്രിന്റർ തസ്തികയുടെ ആവശ്യകത എന്താണെന്ന് വിശദമാക്കാമോ; ഇതിനായി ഉപയോഗിക്കുന്ന ആധുനിക സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) യാതൊരു ജോലിയും ചെയ്യാതെ ബ്ലൂപ്രിന്റർ തസ്തികയിൽ ശമ്പളം പറ്റുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ബ്ലൂപ്രിന്റർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള മാനദണ്ഡം, യോഗ്യത എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആകെ 30 തസ്തിക നിലവിലുണ്ട്. 21 പേർ നിലവിൽ ജോലി ചെയ്യുന്നു. 9 ഒഴിവുകൾ നിലവിലുണ്ട്.

(ബി) വകുപ്പിൽ പ്രവർത്തനക്ഷമമായ 3 ബ്ലൂപ്രിന്റ് മെഷീനുകൾ ഉണ്ട്. ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയം, തൃശ്ശൂർ റോഡ്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്. പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ അത്യാധുനിക സംവിധാനമായ ഫോട്ടോകോപ്പിയർ/പ്ലോട്ടർ ഉള്ളതിനാൽ ബ്ലൂപ്രിന്റർ തസ്തികയുടെ ആവശ്യം നിലവിലില്ല.

(ഡി) 18 ബ്ലൂപ്രിന്റർമാർ ജോലി ചെയ്യാൻ കഴിയാതെ ശമ്പളം പറ്റുന്ന സാഹചര്യമുണ്ട്.

(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം III-ാം ഫാറം വിജയവും ബ്ലൂപ്രിന്റിംഗിൽ പ്രവൃത്തി പരിചയവുമാണ് യോഗ്യതകൾ.

**ഡോ. കെ. എസ്. സിന്ധുവിന് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി**

4(3611) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് അസ്സിസ്റ്റന്റ് പ്രൊഫസറും വിധവയുമായ ഡോ. കെ. എസ്. സിന്ധുവിന് 30-12-16-ലെ സർക്കാർ ഉത്തരവ് 1774/2016/PWD പ്രകാരം അനുവദിച്ച ക്വാർട്ടേഴ്സ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള ക്വാർട്ടേഴ്സ് ഉണ്ടായിട്ടും വിധവയായ ഡോ. കെ. എസ്. സിന്ധുവിന് ക്വാർട്ടേഴ്സ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇനി എപ്പോൾ ഡോ. കെ. എസ്. സിന്ധുവിന് സർക്കാർ ക്വാർട്ടേഴ്സ് ലഭ്യമാക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി)) 30-12-2016-ലെ സ.ഉ,(സാധാ) നമ്പർ 1774/16/പൊ.മ.വ. പ്രകാരം എറണാകുളം മഹാരാജാസ് കോളേജിലെ സംഗീത വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. കെ. എസ്. സിന്ധുവിന് എറണാകുളം കാക്കനാടുള്ള ക്വാർട്ടർ നമ്പർ 4(എ)3/16 അനുവദിച്ചുത്തരവായിരുന്നു. എന്നാൽ ടി ക്വാർട്ടേഴ്സ്, മേൽ പരാമർശിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപു തന്നെ എറണാകുളം ജില്ലാ സപ്ലൈ ഓഫീസർക്ക് അനുവദിക്കുവാനുള്ള നടപടികൾ എറണാകുളം കളക്ടറേറ്റിൽ സ്വീകരിച്ചിരുന്നതിനാലാണ് ഡോ. കെ. എസ്. സിന്ധുവിന് ക്വാർട്ടേഴ്സ് അനുവദിക്കാൻ സാധിക്കാതിരുന്നത്. ഒഴിവുള്ള സമാന ടൈപ്പിലുള്ള 4(എ)2/11 നമ്പർ ക്വാർട്ടേഴ്സ് കണ്ടെത്തുകയും ടി ക്വാർട്ടേഴ്സ് ഡോ. കെ. എസ്. സിന്ധുവിന് 6-5-2017-ലെ എറണാകുളം ജില്ലാകളക്ടറുടെ എ 3-280/17 നമ്പർ നടപടിക്രമപ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**പിഡബ്ല്യൂ.ഡി. അതിഥി മന്ദിരങ്ങളുടെ നവീകരണം**

5(3612) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുമരാമത്തുവക അതിഥി മന്ദിരങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്ത് പൊതുമരാമത്ത് വക അതിഥി മന്ദിരങ്ങൾ ഇല്ല. ടൂറിസം വകുപ്പിന്റെ കീഴിലുള്ള അതിഥി മന്ദിരങ്ങൾ പൊതുമരാമത്ത് വകുപ്പ് ആ വകുപ്പിന്റെ ആവശ്യപ്രകാരം അറ്റകുറ്റപ്പണികൾ നടത്തുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ്ഹൗസുകൾ (വിശ്രമ മന്ദിരങ്ങൾ) നവീകരിക്കുന്നത് സംബന്ധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

**പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്ന ഗ്രാമീണ റോഡുകൾ**

6(3613) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ബസ് സർവ്വീസ് നടത്തുന്നതുമായ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(സി) അടിയന്തര പ്രാധാന്യവും റോഡുകളുടെ വ്യാപ്തിയും പരിഗണിച്ച് ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് പ്രത്യേക ഫണ്ട് ലഭ്യമാക്കാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ബസ് സർവ്വീസ് നടത്തുന്നതുമായ പ്രധാനപ്പെട്ട ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

(ബി) ഗ്രാമീണ റോഡുകൾ എം.ഡി.ആർ. ആക്കി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇതനുസരിച്ച് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷനും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും അനുമതിയും ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം എന്നതാണ് വ്യവസ്ഥ.

ജനപ്രതിനിധികളുടെയും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭാരവാഹികളുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ റോഡുകൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതിനായി റോഡുകളെ ODR(Other District Roads),MDR (Major District Roads) എന്ന് തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) ഗ്രാമീണ റോഡുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലാണ്. കഴിഞ്ഞ കാലങ്ങളിൽ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക ഫണ്ട് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഇത് നവീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി

7(3614) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് റെസ്റ്റ് ഹൗസുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുമോ;

(ബി) ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ ഇല്ലാത്തത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) പിഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്ന സംവിധാനം

8(3615) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാർ ചെയ്യുമ്പോൾ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ;

(ബി) ഏതു രീതിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ടാർ ചെയ്യുമ്പോൾ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന സംവിധാനം നടപ്പാക്കുന്നതിനായി റോഡ് സർഫസിംഗിനും റീ സർഫസിംഗിനും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഉപയോശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം. ചിപ്പിംഗ് കാർപെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബി.എം.&ബി.സി. പ്രവർത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ- ചടച്ചി- മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 200 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH/3044/24/ 2015 &R(R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കിലോമീറ്റർ ചുറ്റളവിനകത്തുവരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച് IRC പഠനം നടത്തുകയും, ഇത്തരത്തിൽ നിർമ്മിച്ച റോഡുകളുടെ നേട്ടങ്ങളെക്കുറിച്ച് IRC SP98/2013-ൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വേസ്റ്റ് ശുദ്ധീകരിച്ച് കഷണങ്ങളാക്കി ഉപരിതലം പുതുക്കുമ്പോൾ ചൂടാക്കിയ മെറ്റലിനോടൊപ്പം ചേർത്താണ് ഉപയോഗിക്കുന്നത്. ഇൻഡ്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.) പഠനങ്ങൾക്കുശേഷം പ്ലാസ്റ്റിക് കഷണങ്ങളാക്കി ചൂടാക്കി ടാർ പാത്രത്തിൽ ചേർക്കാവുന്നതാണെന്ന് ഐ.ആർ.സി.എസ്.പി. 98/2013 കോഡ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ കോഡ് പ്രകാരം ബിറ്റുമിന്റെ തൂക്കത്തിന്റെ 6 മുതൽ 8 ശതമാനം വരെ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതാണെന്നും 180° C താഴെ പ്ലാസ്റ്റിക് ചൂടാക്കുന്നതുകൊണ്ട് വിഷാംശം വായുവിൽ കലരുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്.

**നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര ഭാഗത്തെ ഗതാഗതക്കുരുക്ക്**

9(3616) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര വാർഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഫ്ലൈ ഓവറുകളും അടിപ്പാതകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര വാർഡിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലം നിർമ്മാണം**

10(3617) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കാലടി വാർഡിനെയും ആറ്റുകാൽ വാർഡിനെയും ബന്ധിപ്പിക്കുന്ന കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(സി) കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ഡി) ഇതിനായി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കല്ലടിമുഖം പാലം നിർമ്മാണത്തിനുവേണ്ടി 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1044/2009/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സ്ഥലവില എസ്.എൽ.ഇ.സി. അംഗീകരിച്ചുകൊണ്ട് 18-6-2015 ലെ സ.ഉ.(സാധാ) നമ്പർ 3121/15/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനെത്തുടർന്ന് പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) കല്ലടിമുഖം പാലത്തിന്റെ രൂപരേഖ പുതുക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുതുക്കിയ രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പുതിയ നിരക്ക് പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിയുടെയും അതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി പുതിയ റിക്വസിഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കല്ലടിമുഖം പാലം നിർമ്മാണത്തിനുവേണ്ടി 1,88,000 രൂപയാണ് 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(ഡി) 25 ഭൂവുടമകളിൽ നിന്നായി 6.91 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ജില്ലാകളക്ടർ ഡി. എൽ. പി. സി. മീറ്റിംഗിൽ ഭൂവുടമകളുമായി കൂടിയാലോചിച്ച് സ്ഥലത്തിന്റെ വില നിശ്ചയിക്കുകയും ആയത് 28-5-2015-ലെ എസ്.എൽ.ഇ.സി. അംഗീകരിക്കുകയും ഇത് സംബന്ധിച്ച് 18-6-2015-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**നേമം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

11(3618) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച നിലവിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ ദേശീയപാത 47 (പുതിയ എൻ.എച്ച്66) കരമന-പ്രാവച്ചമ്പലം ഭാഗത്തെ റോഡപകടങ്ങൾ ഒഴിവാക്കുന്ന പ്രവൃത്തികൾക്കായി 25 ലക്ഷം രൂപ കേരള റോഡ് സേഫ്റ്റിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കെട്ടിടവിഭാഗത്തിൻകീഴിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. നേമം യു.പി.എസ്. ബഹുനില കെട്ടിടനിർമ്മാണത്തിന്റെ ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മരം പഞ്ചായത്ത് മുറിച്ചുമാറ്റുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

2. നേമം യി.പി.എസ്.-ന് വേണ്ടി കെട്ടിടവും ചുറ്റുമതിൽ നിർമ്മാണവും-പ്രവൃത്തി പൂർത്തിയായി വരുന്നു.

3. പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിട നിർമ്മാണം-അസ്തിവാര ജോലികൾ നടന്നുവരുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ വരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കരമന കളിയിക്കാവിള രണ്ടാം ഘട്ട റോഡ് വികസനം**

12(3619) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന കളിയിക്കാവിള രണ്ടാം ഘട്ട റോഡ് വികസനം ഏത് ഘട്ടത്തിലാണ്;

(ബി) രണ്ടാം ഘട്ടം റോഡ് നിർമ്മാണത്തിനുള്ള സ്ഥലം വിട്ടു കൊടുത്ത ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക മാർച്ച് 31-ന് മുമ്പ് നൽകാമെന്ന് കളക്ടർ വിളിച്ചു കൂട്ടിയ ഭൂവുടമകളുടെ യോഗത്തിൽ ഉറപ്പുനൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ഉറപ്പ് പാലിക്കപ്പെടാത്തതിന്റെ കാരണമെന്താണ്;

(ഡി) നഷ്ടപരിഹാരം അടിയന്തരമായി നൽകി ഏറ്റെടുത്ത സ്ഥലത്തെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി റോഡ് വികസനം ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായുള്ള വഴിമുക്ക് (കി.മീ. 575/500) മുതൽ കളിയക്കാവിള (കി.മീ.599/000) വരെയുള്ള 17 കി.മീ. റോഡിന്റെ അലൈൻമെന്റിന്റെ കരട് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കുക യുണ്ടായി. ഫീസിബിലിറ്റി സ്റ്റഡിക്ക് ശേഷം അതിലെ നിർദ്ദേശങ്ങളും ജംഗ്ഷൻ ഡിസൈനും ഉൾപ്പെടുത്തി ഫൈനൽ അലൈൻമെന്റ് തയ്യാറാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. കൂടാതെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം (575/500) മുതൽ വഴിമുക്ക് (582/000) വരെയുള്ള 6.5 കി.മീ. റോഡ് വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.50 കി.മീ. ഭാഗത്തെ വികസനത്തിനാണ് കിഫ്ബിയിൽനിന്നും 153.27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തുള്ള സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ 266.87 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത ഭാഗത്തെ കെട്ടിടങ്ങൾ പൊളിക്കുന്ന പണി പുരോഗതിയിലാണ്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.50 കി.മീ. ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ 98.10 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി &സി) പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി ലഭിച്ച 266.87 കോടി രൂപ ഭൂമി ഉടമകൾക്ക് നൽകുന്നതിനായി റവന്യൂ വകുപ്പിന് മാർച്ച് 31-ന് മുമ്പ് കൈമാറിയിരുന്നു. പ്രസ്തുത ഭൂവുടമകളുടെ യോഗം വിളിച്ച ചേർത്തിട്ടില്ല.

(ഡി) നഷ്ടപരിഹാരത്തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറിയ ഭാഗത്തെ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്. സ്ഥലമേറ്റെടുത്ത് കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**റോഡ് നിർമ്മാണത്തിൽ ആധുനികവൽക്കരണം**

13(3620) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുനിർമ്മാണത്തിന് നിലവിൽ ഏതെല്ലാം സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിന് സഹായിക്കുന്ന ഏതെല്ലാം നിർമ്മാണ രീതികളാണ് അവലംബിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് റോഡുകൾക്കായി പ്ലാസ്റ്റിക്, റബ്ബർ, കയർ ഭൂവസ്ത്രം തുടങ്ങിയവ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) റോഡ് നിർമ്മാണത്തിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടാകാവുന്ന സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നതിനും ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിൽ പ്രവർത്തിച്ച് വരുന്ന ഗവേഷണ വികസന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ പരമ്പരാഗതമായി ചെയ്തുവരുന്ന 20 mm Chipping Carpet ഉപരിതലത്തിന് പകരമായി ഉപരിതലത്തിന്റെ ഈട് കൂട്ടുന്നതിനായി ബിഎം &ബിസി ഉപരിതലത്തിലുള്ള റോഡ്, വെള്ളക്കെട്ട്മൂലം കേടുപാടുകൾ ഉണ്ടാകാൻ

സാദ്ധ്യതയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് ടൈലിംഗ് നിർമ്മാണം, കോൺക്രീറ്റ് കൊണ്ടുള്ള ഉപരിതലം, കൂടാതെ റോഡുകളുടെ subsoil-ന്റെ strength ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണം എന്നീ സാങ്കേതിക വിദ്യകളും, NRMB (Natural Rubber Modified Bituminous) ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിനസ് എന്നിവ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുവഴി റോഡുനിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന ഘടകങ്ങളായ മെറ്റൽ, ബിറ്റുമിൻ, പാറപ്പൊടി എന്നിവയുടെ അളവിലും അവയുടെ അനുപാതത്തിലും കൃത്യത പാലിക്കാൻ കഴിയുന്നതുമൂലം മിക്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും, കൂടാതെ മിക്സ് നിരത്തുന്നതിന് ആട്ടോമാറ്റിക് സെൻസർ പേവറും, പ്രതലം ബലപ്പെടുത്തുന്നതിന് ടാൻഡം റോളർ, വൈബ്രേറ്റർ റോളർ മുതലായവ ഉപയോഗിക്കുന്നതുവഴി മിക്സ് ഡിസൈനിംഗ് നിഷ്കർഷിക്കുന്ന ഡെൻസിറ്റി പ്രതലത്തിന് നേടിയെടുക്കാനും സാധിക്കുന്നു. ഇതു വഴി റോഡ് വളരെക്കാലം ഉറപ്പോടെ സംരക്ഷിക്കാൻ സാധിക്കുന്നു.

(സി) പൊതുമരാമത്ത് റോഡുകൾക്കായി പ്ലാസ്റ്റിക്, റബ്ബർ, കയർ, ഭൂവസ്ത്രം തുടങ്ങിയവ ഉപയോഗിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റുകളിൽ പരമാവധി പ്രവൃത്തികൾക്ക് NRMB യും പ്ലാസ്റ്റിക്കും ഉപയോഗിച്ചുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിൽ ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്യുന്നത് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ്. ആയതുപോലെ മണ്ണിന് ഉറപ്പ് കുറവുള്ള ഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കാറുണ്ട്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ 27-12-2016 തീയതിയിലെ F.No.RW/NH-33044/24/2015/S7R/(R) പ്രകാരം സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 കി.മീ. റോഡ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് ചെയ്യുവാനും അതിന്റെ പെർഫോമൻസ് വിലയിരുത്തി റിപ്പോർട്ട് ചെയ്യുവാനും അതിന്റെ അടിസ്ഥാനത്തിൽ ഇത് കരാറിൽ നിർബന്ധമാക്കാനും തീരുമാനിച്ചുകൊണ്ടുള്ള കത്ത് കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് പ്രവർത്തികൾക്കാവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.) എന്ന സ്ഥാപനം തിരുവനന്തപുരം കാര്യവട്ടത്ത് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനമായ CRRI (Central Road Research Institute) New Delhi യിൽ നിന്നും ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നൽകുന്നുണ്ട്.

**മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം**

14(3621) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിഗതാഗത മന്ത്രാലയം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബൈപ്പാസ് രൂപീകരണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ടെണ്ടർ നടപടി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17-ലെ ബജറ്റിൽ കിഫ്ബിയിൽനിന്നും ഒഴിവാക്കപ്പെട്ട പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-ഡി) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുത്തിട്ടില്ല. പുനർ ദർഘാസ് നടപടികൾ എടുത്തു വരുന്നു. ദർഘാസ് നടപടി പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

15(3622) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി അടിസ്ഥാന മേഖലയിലെ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് സ്പീഡ് കേരളാ പദ്ധതി (Sustainable and Planned Effort to Ensure Infrastructure Development). സ്പീഡ് കേരള പദ്ധതി കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്) നെയാണ് ഏർപ്പിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

**ശബരിമല റോഡ് പാക്കേജിൽ ഉൾപ്പെട്ട റോഡുകൾ**

16(3623) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശബരിമല റോഡ് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലെ എത്ര റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കർണ്ണാടകത്തിൽനിന്നും വരുന്ന തീർത്ഥാടകരുടെ പ്രവേശന ജില്ല എന്ന നിലയിൽ മേൽ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലകളിലെ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് തുക അനുവദിക്കുന്ന വിഷയം വരും വർഷങ്ങളിൽ പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 28-7-2016-ലെ സ.ഉ. (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിൽ വരുന്ന പത്തനംതിട്ട ജില്ലയിലെ 71 പ്രവൃത്തികൾക്ക് 1294.59 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിലെ 4 പ്രവൃത്തികൾക്ക് 5835 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ 21 പ്രവൃത്തികൾക്ക് 430 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ 30 പ്രവൃത്തികൾക്ക് 956 ലക്ഷം രൂപയും കൂടാതെ കെ.എസ്.റ്റി.പി. യുടെ അധീനതയിലുള്ള ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന് 85 ലക്ഷം രൂപയും കൂടാതെ ദേശീയപാതാ വിഭാഗത്തിന്റെ

അധീനതയിലുള്ള വിവിധ റോഡു പ്രവൃത്തികൾക്കായി 342.95 ലക്ഷം രൂപയും ഉൾപ്പെടെ അനുബന്ധത്തിൽ* പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ആകെ 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മഴക്കാലത്തിനുശേഷം കേടുപാടുകൾ സംഭവിച്ചിട്ടുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നോൺ-പ്ലാൻ ശീർഷകത്തിൽനിന്നും തുക വകയിരുത്തി ഗതാഗതയോഗ്യ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## തീരദേശ ഹൈവേ നടപ്പാക്കുമ്പോൾ കുടിയൊഴിപ്പിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾ

17(T* 3624) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നടപ്പാക്കുമ്പോൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ എങ്ങനെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കാര്യമായ കുടിയൊഴിപ്പിക്കൽ ഉദ്ദേശിക്കുന്നില്ല. തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് ആണ് നടത്തുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഫൈനൽ അലൈൻമെന്റും ജില്ലാതല റൂട്ട് വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. കുടിയൊഴിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി നാറ്റ്പാക് ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(സി & ഡി) വിശദമായ പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കുടിയൊഴിപ്പിക്കേണ്ടതുണ്ടോയെന്നും ഉണ്ടെങ്കിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും നഷ്ടപരിഹാര പദ്ധതിയും സംബന്ധിച്ച കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

**തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടി**

18(3625) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി നിലവിൽ പ്രോജക്ട് ഒന്നും തയ്യാറാക്കിയിട്ടില്ല.

(ബി) തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നിലവിലെ ജംഗ്ഷൻ വീതികൂട്ടി നിർമ്മിക്കുകയും റോഡ് സുരക്ഷാ സംവിധാനം നടപ്പിലാക്കുകയുമാണ് പരിഹാരം.

**ആറന്മുള മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

19(3626) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം, എന്നിവ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; മുടങ്ങിക്കിടക്കുന്നതിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആറന്മുള നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൻ കീഴിൽ ആറന്മുള സത്രത്തിന്റെ അഡീഷണൽ ബ്ലോക്കിന്റെ ബാലൻസ് വർക്ക് എന്ന പ്രവൃത്തിയാണ് മുടങ്ങിക്കിടക്കുന്നത്. ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 12-5-2014-ൽ എഗ്രിമെന്റ് വച്ചു. ടിയാന്റെ അനാരോഗ്യം കാരണം കാലാവധിക്കുള്ളിൽ പണി തുടങ്ങാൻ സാധിച്ചില്ല. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസമായിരുന്നു. ടി കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസം കൂടി നീട്ടി നൽകുവാൻ കരാറുകാരൻ ആവശ്യപ്പെട്ടു. എന്നാൽ ബാങ്ക് ഗ്യാരന്റിയുടെ നിശ്ചിത കാലാവധിയായ 3 വർഷം കഴിഞ്ഞതിനാൽ ടി കാലഘട്ടത്തേക്ക് കൂടി ബാങ്ക് ഗ്യാരന്റി നീട്ടി നൽകുവാൻ കോൺട്രാക്ടറോട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാൽ പണി തുടർന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിരത്തുകളും പാലങ്ങളും ദേശീയപാത വിഭാഗങ്ങളിൽ മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല.

**മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ**

20(3627) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ആയതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവിലൂടെ അനുവദിച്ച തുക നാളിതുവരെയും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയും സാങ്കേതിക അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫ്ലൈഓവറിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡ്രിക്ബോർഡിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

(ബി) പ്രസ്തുത പ്രവൃത്തിക്ക് മഞ്ചേരി വില്ലേജിൽ 520.8 m2-ഉം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം മുൻകൂർ ലഭ്യമാവില്ല എന്നതിനനുസരിച്ച് സ്ഥലമെടുപ്പ് നടപടികൾക്കായി ജില്ലാ കളക്ടർക്ക് അർത്ഥന നൽകിയിട്ടുണ്ട്.

(സി) സ്ഥലം മുൻകൂർ ലഭ്യമായിട്ടില്ല. ഡിസൈൻ ടെൻഡർ നടത്താൻ ശ്രമിച്ചെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ ഡിസൈൻ ലഭ്യമാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിലെ ഡ്രിക്ബോർഡിലേക്ക് ഇൻവെസ്റ്റിഗേഷൻ വിശദാംശങ്ങൾ കൈമാറിയിട്ടുണ്ട്.

(ഡി) സ്ഥല ലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രമേ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്ത് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

### കാലാവധി കഴിഞ്ഞ ടോൾ ബൂത്തുകൾ

21(3628) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി സ്ഥലങ്ങളിൽ കാലാവധി കഴിഞ്ഞും ടോൾ ബൂത്തുകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ടോൾ പിരിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർത്തലാക്കിയ ടോൾ ബൂത്തുകളുടെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കാലാവധി കഴിഞ്ഞ ടോൾ ബൂത്തുകളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി) കേരളത്തിൽ പൊതുമരാമത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 10 കോടിക്ക് മുകളിൽ നിർമ്മാണ ചെലവുള്ള 14 പാലങ്ങളിലും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ നിലവിൽ 16 ടോൾ ബൂത്തുകളുമാണ് നിലവിലുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ ടോൾ ബൂത്തുകളുടെ വിവരം താഴെ ചേർക്കുന്നു:

| | |
|---|---|
| 1 | വാരാപ്പുഴ പാലം |
| 2 | പടനക്കാട് റെയിൽവേ മേൽപ്പാലം |
| 3 | ആക്കുളം പാലം |
| 4 | അറപ്പുഴ പാലം |
| 5 | തട്ടപ്പിള്ളി കാട്ടുപുഴപാലം |
| 6 | എയർപോർട്ട് -സീപോർട്ട് റോഡ് ഇരുമ്പനം |
| 7 | എസ്.എൻ.ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം |

## ഡിസൈൻ വിംഗിനെയും ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗിനെയും ശക്തിപ്പെടുത്തുവാൻ നടപടി

22(3629) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെയും ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗിനേയും ശക്തിപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന് വേണ്ടി പുതുതായി ഏതൊക്കെ ഓഫീസുകളുടെ യൂണിറ്റാണ് രൂപീകരിക്കുന്നത്;

(സി) ജീവനക്കാരെ കണ്ടെത്തുന്നതിന് ഏതൊക്കെ ഓഫീസുകളാണ് നിർത്തലാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ തസ്തികകൾ ഷിഫ്റ്റ് ചെയ്ത് മാറ്റുവാനാണുദ്ദേശിക്കുന്നത്;

(ഇ) ഇതുമൂലം ഏതൊക്കെ തസ്തികകൾ ഇല്ലാതാകുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വകുപ്പിനുള്ളിലെ മാറ്റങ്ങൾ എന്നത് കണക്കിലെടുത്ത് ഡിപ്ലോയ്മെന്റ് (പുനർവിന്യാസം) എന്നതിനു പകരം പോസ്റ്റ് ഷിഫ്റ്റിംഗ് എന്ന് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വകുപ്പിൽ ഇത്രയും വലിയ മാറ്റങ്ങൾ നടത്തുമ്പോൾ അക്കാര്യം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ചർച്ചയ്ക്കുള്ള അവസരം ഉണ്ടാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെയും ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗിനെയും ശക്തിപ്പെടുത്തുന്നതിനായി 23-2-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 15/2017/പൊ.മ.വ. പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഡിസൈൻ കാര്യാലയത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജസ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റ് എഞ്ചിനീയറിംഗ് യൂണിറ്റ്, MEP (മെക്കാനിക്കൽ-ഇലക്ട്രിക്കൽ & പ്ലംബിംഗ്) ഡിസൈൻ യൂണിറ്റ് തുടങ്ങിയ ഏഴ് യൂണിറ്റുകൾ ആരംഭിക്കുവാനും എറണാകുളം, കോഴിക്കോട് റീജിയണൽ ഡിസൈൻ യൂണിറ്റ് ആരംഭിക്കുവാനുമുള്ള അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബും എല്ലാ റീജിയണൽ ലാബുകളിലും ഇൻവെസ്റ്റിഗേഷൻ യൂണിറ്റും ആരംഭിക്കുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

(സി) ജീവനക്കാരെ കണ്ടെത്തുന്നതിന് താഴെപ്പറയുന്ന ഓഫീസുകളിൽനിന്ന് ജീവനക്കാരെ പുനർവിന്യസിക്കുന്നതാണ് :

1. വടകരയിലുള്ള ചുരം റോഡ് സബ്ഡിവിഷൻ

2. തിരുവനന്തപുരത്തുള്ള നാഷണൽ ഹൈവേ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ

3. എറണാകുളത്തുള്ള നാഷണൽ ഹൈവേ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ

4.ആലപ്പുഴ നാഷണൽ ഹൈവേ മെക്കാനിക്കൽ സബ് ഡിവിഷൻ

5. തൃശ്ശൂർ നാഷണൽ ഹൈവേ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ

6. ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ, തലശ്ശേരി

7. പുനലൂർ ബ്രിഡ്ജസ് സെക്ഷൻ

ഓഫീസുകൾ നിർത്തലാക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഷിഫ്റ്റ് ചെയ്ത് മാറ്റാനുദ്ദേശിക്കുന്ന തസ്തികകൾ ചുവടെ പറയുന്നവയാണ് :

| | | |
|---|---|---|
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | - | 1 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 6 |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | - | 27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 53 |
| ഫസ്റ്റ് ഗ്രേഡ് ഓവർസിയർ | - | 42 |
| രണ്ടാം ഗ്രേഡ് ഓവർസിയർ | - | 56 |
| മൂന്നാം ഗ്രേഡ് ഓവർസിയർ | - | 16 |

(ഇ) ഇതുമൂലം ഒരു തസ്തികയും ഇല്ലാതാകുന്നില്ല.

(എഫ്) വകുപ്പിനുള്ളിലെ മാറ്റങ്ങളാണ് ഉത്തരവായിട്ടുള്ളത്. ആവശ്യമെങ്കിൽ ചർച്ച നടത്താവുന്നതാണ്.

## ഡിസൈൻ വിംഗിനെയും ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗിനെയും ശക്തിപ്പെടുത്തുന്നതിന് നടപടി

23(3630) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനേയും ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗിനേയും ശക്തിപ്പെടുത്തുന്നതിന് ഉത്തരവിറക്കിയോ;

(ബി) ഈ ശക്തിപ്പെടുത്തലിന് മുന്നോടിയായി എന്തെങ്കിലും പഠനമോ വർക്ക് സ്റ്റഡിയോ നടത്തുകയുണ്ടായോ; വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ചകൾ നടത്തുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ധാരാളം പരാതികൾ ഉയർന്ന സാഹചര്യത്തിൽ ചർച്ചക്ക് അവസരമൊരുക്കുമോ;

(ഇ) പുതുതായി ആരംഭിക്കുന്ന ഓഫീസുകളിലേക്ക് ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ പി.എ.സി.-യുടെ ശിപാർശ അനുസരിച്ചാണ് ഇത് ശക്തിപ്പെടുത്തിയിട്ടുള്ളത്.

(സി) ടെക്നിക്കൽ വിംഗിന്റെ രൂപീകരണം ആയതിനാൽ മിനിസ്റ്റീരിയൽ സർവ്വീസ് സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ഇ) 23-2-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 15/2017/പൊ.മ.വ. പ്രകാരം പുതുതായി ആരംഭിക്കുന്ന ഓഫീസുകളിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ 18 തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണം**

24(3631) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഇതുവരെ എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(ബി) ഭരണാനുമതി ലഭ്യമായ തുകയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഈ റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) എന്തുകൊണ്ടാണ് തുടർനിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) തുടർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(എഫ്) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കലിന് 948 ലക്ഷം രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 580 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൂർത്തീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുരുർ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ റോഡ് പ്രവൃത്തികൾ 25% പൂർത്തീകരിച്ചിട്ടുമുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ശ്രീ. പി.ഡി. ആന്റണി നൽകിയിട്ടുള്ള കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാലാണ് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടത്.

(ഇ & എഫ്) ശ്രീ. പി. ഡി. ആന്റണിയുടെ സ്ഥലവും വിട്ടുപോയ സർവ്വെ നമ്പറുകളും ഉൾപ്പെടെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 15 കോടി രൂപയുടെ പുതിയ റിക്വസിഷൻ നൽകിയിട്ടുണ്ട്. തഹസീൽദാരുടെ ഓഫീസിൽനിന്ന് ബി.വി.ആർ. തയ്യാറാക്കി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**പണിയൂർ കടവ് പാലത്തിന്റെ ബലക്ഷയം**

25(3632) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി-പണിയൂർ കടവ് റോഡിൽ പണിയൂർ കടവ് പാലത്തിന് അടുത്ത കാലത്തായി ബലക്ഷയം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പാലത്തിലൂടെ അമിതഭാരം കയറ്റിയ ലോറികൾ കടന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നിശ്ചിത അളവിൽ കൂടുതൽ ഭാരംകയറ്റിയ ലോറികൾ ഈ പാലത്തിലൂടെ കടന്നുപോകുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ പാലം അടിയന്തരമായി പരിശോധനകൾ നടത്തി അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി പണിക്കർകടവ് പാലത്തിന് (ശരിയായ പേര്) ബലക്ഷയം സംഭവിച്ചതായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഡെക് സ്ലാബ്, ബീം, കൈവരികൾ എന്നിവ കാലഹരണപ്പെട്ടിരിക്കുകയാണ്. ബീമിന്റെ മുകളിൽ ധാരാളം വിള്ളലുകൾ കാണപ്പെടുന്നുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദമായ പഠനത്തിനുശേഷം അമിത ഭാരം കയറ്റിയ ലോറികൾ പാലത്തിലൂടെ കടന്നു പോകുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബലക്ഷയം വന്ന പാലങ്ങളുടെ വിശദമായ സാങ്കേതിക പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം പാലത്തിന്റെ ബലക്ഷയത്തിന്റെ വ്യാപ്തി അറിയാൻ കഴിയും. അതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വൈലോങ്ങര ഒരോടം പാലം ബൈപ്പാസ് നിർമ്മാണം**

26(3633) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട വൈലോങ്ങര ഒരോടം പാലം ബൈപ്പാസ് നിർമ്മാണം റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുകയും ആർ.ബി.ഡി.സി.കെ. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിലേയ്ക്കായി കിറ്റ്കോയെ (കേരളാ ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ) ഏൽപ്പിച്ചിട്ടുമുള്ള സാഹചര്യത്തിൽ, പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി കിറ്റ്കോ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ, ആക്ടിവിറ്റി കലണ്ടർ ഉൾപ്പെടെയുള്ള പ്രാഥമിക കാര്യങ്ങൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സർവ്വെ നടപടികൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) ട്രാഫിക് സർവ്വെ പൂർത്തിയാക്കി ടോപ്പോഗ്രാഫിക് സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

**കായംകുളം മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികളുടെ പുരോഗതി**

27(3634) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണം

28(3635) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) കരട് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ച് അന്തിമ റിപ്പോർട്ട് നൽകുവാൻ കരാർ ഏറ്റെടുത്ത ഇന്റഗ്രൽ സൊലൂഷൻ എന്ന ഏജൻസിക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ബഡ്ജറ്റിൽ നേമം മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള മരാമത്ത് പണികൾ

29(3636) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ നേമം നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 2016-17, 17-18 വർഷത്തെ ബഡ്ജറ്റിൽ നേമം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കരമന – പൂജപ്പുര റോഡിലെ ഓട നിർമ്മാണം - 209 ലക്ഷം -ടെണ്ടർ നടപടികൾ നടന്നുവരുന്നു.

2. മണക്കാട് കാലടി റോഡിലെ ടാറിംഗ് -183 ലക്ഷം -ടെണ്ടർ നടപടികൾ നടന്നുവരുന്നു.

3.കിള്ളിപ്പാലം -ഐരാണിമുട്ടം ബണ്ട് റോഡ് (93 ലക്ഷം രൂപ) കി.മീ. 0/000 മുതൽ 1/200-ടെണ്ടർ നടപടികൾ നടന്നുവരുന്നു.

4. മണക്കാട് - പെരുനെല്ലി റോഡിൽ കി.മീ. 0/000 മുതൽ 1/400 വരെ നവീകരണം - ടെണ്ടർ നടപടികൾ നടന്നുവരുന്നു.

2017-18 ബഡ്ജറ്റിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതികളൊന്നും തന്നെയില്ല.

## പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പാറക്കടവ്-തോട്ടത്താങ്കണ്ടി റോഡ് ഏറ്റെടുക്കൽ നടപടി

30(3637) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പാറക്കടവ് - തോട്ടത്താങ്കണ്ടി റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ടോ; ഈ വർഷം എത്ര രൂപ ബജറ്റിൽ ഈ റോഡിന് വേണ്ടി നീക്കിവച്ചിട്ടുണ്ട്;

(ബി) തോട്ടത്താങ്കണ്ടി പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള റോഡ് വികസനത്തിനായി നടപടി

31(3638) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വിപുലീകരണത്തിനും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുമായി ധാരാളം തണൽ മരങ്ങൾ മുറിച്ചുമാറ്റേണ്ടതായ സാഹചര്യം ഉളവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ മരം മുറിച്ച് മാറ്റാതെ വേരോടെ പിഴുത് പുനസ്ഥാപിക്കുന്ന സാങ്കേതിക വിദ്യ പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള റോഡ് വികസനത്തിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് നല്ല ആശയമാണ്. ഈ ആശയം നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധനകളും പഠനങ്ങളും നടത്തി പരീക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ മരങ്ങൾ പിഴുതുമാറ്റി പുനഃസ്ഥാപിക്കുമ്പോൾ ടി മരങ്ങൾക്ക് അനുയോജ്യമായ പരിസ്ഥിതി, മണ്ണിന്റെ ഘടന, മാറ്റുന്ന മരങ്ങളുടെ പരിപാലനം എന്നിവകൂടി പിരിശോധിക്കേണ്ടതുണ്ട്. എന്നാൽ PWD യിൽ നിലവിൽ ഈ വിഷയം പരിഗണനയിലില്ല.

(സി) പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ അലൈൻമെന്റും വികസനത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലങ്ങളും പരിസ്ഥിതിക്ക് ആഘാതം വരുത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമാണ് തെരഞ്ഞെടുക്കുന്നത്.

## ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി

32(3639) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ പ്രസ്തുത നിർദ്ദേശങ്ങളിൽപ്പെട്ട ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോങ്ങാട് മണ്ഡലത്തിലെ പ്രസ്തുത നിർദ്ദേശങ്ങളിൽപ്പെട്ട നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ദേശീയപാത വിഭാഗത്തിൻകീഴിൽ വരുന്ന മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. കെട്ടിട വിഭാഗത്തിൻകീഴിലുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. * പ്രസ്തുത പട്ടികയിലെ പത്തിരിപ്പാല ഗവൺമെന്റ് ഹൈസ്കൂളിനു വേണ്ടിയുള്ള കെട്ടിടനിർമ്മാണം (40 ലക്ഷം രൂപ) എൽ.പി. സ്കൂൾ മുണ്ടക്കുന്നിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം (15 ലക്ഷം രൂപ) എന്നീ പദ്ധതികൾക്ക് എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാക്കി പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മംഗലപുരം-വിഴിഞ്ഞം ആറുവരി പാത**

33(3640) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട മംഗലാപുരം-വിഴിഞ്ഞം ആറ് വരിപാതയുടെ (ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോഗ്രാം II) നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വരെയായെന്ന് വിശദമാക്കാമോ; ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതു സംബന്ധിച്ചും തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോഗ്രാം II-ന്റെ ഔട്ടർ ഏര്യാ വികസനത്തിനായുള്ള ഔട്ടർ ഏരിയാ നോർത്ത് കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട മംഗലപുരം-വിഴിഞ്ഞം ആറു വരിപാത. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്തധികാരികളുമായി കൂടിയ യോഗത്തിൽ നിന്നും ലഭിച്ച പഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിയുടെ അടുത്ത ഘട്ടമെന്ന നിലയിൽ ഇതിന്റെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ്, സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് എന്നിവ നടത്തുന്നതിനായി എൽ& റ്റി എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിക്ക് KIIFB യിൻകീഴിൽ ഫണ്ട് ലഭിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി KIIFB യുടെ ഗൈഡ് ലൈൻസ് പ്രകാരമുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി പാതയുടെ അറ്റകുറ്റപ്പണികൾ

34(3641) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വരുന്ന കാലവർഷത്തിനുമുമ്പായി അറ്റകുറ്റപ്പണികൾ നടത്തുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാതയുടെ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ (കി.മീ. 9/000 മുതൽ 16/120) കലുങ്ക്, കാന തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കായി എസ്. എൽ. റ്റി. എഫിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപയുടെ പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്. തൃശ്ശൂർ മുതൽ എറവ് വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് വർക്ക് ഉടമ്പടി നിലവിലുള്ളതിനാൽ മറ്റ് തരത്തിലുള്ള അറ്റകുറ്റപ്പണികൾ തൽക്കാലം സാധ്യമാകുകയില്ല.

## മാവേലിക്കര ഐ.എച്ച്.ആർ.ഡി.-ക്ക് പുതിയ കെട്ടിടം

35(3642) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഐ.എച്ച്.ആർ.ഡി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഭരണസാങ്കേതികാനുമതികൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള മാവേലിക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ അക്കാഡമിക് ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ

നിർമ്മാണത്തിനായി 22-10-2016-ലെ ജി.ഒ. (ആർ.ടി.) നമ്പർ 2850/2016/ എച്ച്.ഇ.ഡി.എൻ. പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതിയും 28-4-2017-ലെ നമ്പർ 86/2017-18 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ചു. 20-5-2017-ന് ദർഘാസുകൾ ലഭിക്കത്തക്ക അവസാന തീയതിയായി നിശ്ചയിച്ചാണ് ദർഘാസുകൾ ക്ഷണിച്ചിരിക്കുന്നത്.

**കടാന്തോട് പാലം പുനർനിർമ്മാണം**

36(3643) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കടാന്തോട് പാലം അപകടകരമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായി നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടാന്തോട് പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 73.69 സെന്റ് സ്ഥലം ആവശ്യമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികൾ**

37(3644) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗത്തിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽനിന്ന് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെ;

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക, ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നേരത്തെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെ;

(ഡി) നേരത്തെ ഭരണാനുമതി ലഭിച്ചെങ്കിലും ഇനിയും ടെണ്ടർ ചെയ്യാത്ത പ്രവൃത്തികൾ കുറ്റ്യാടി മണ്ഡലത്തിൽ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെ;

(ഇ) എങ്കിൽ ഈ പ്രവൃത്തികൾ എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകും; ടെണ്ടർ നടപടിക്ക് തടസ്സമായ ഘടകം എന്താണ്;

(എഫ്) കിഫ്ബിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ അനുവദിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെ;

(ജി) പ്രസ്തുത റോഡിന്റെ പേര്, എസ്റ്റിമേറ്റ് തുക തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി ലഭിക്കേണ്ടതുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

| ക്രമ നമ്പർ | പ്രവൃത്തി | തുക (ലക്ഷത്തിൽ) | ഭരണാനുമതി നൽകിയ ഉത്തരവ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തോടന്നൂർ-ഇടിഞ്ഞക്കടവ് റോഡ് കി.മീ. 1/500-7/500(പ്രവർത്തി നടത്തുന്നത്- 2/500-3/750 അഭിവൃദ്ധിപ്പെടുത്തൽ | 92 | സ.ഉ. (സാധാ) നമ്പർ 179/17/പൊ.മ.വ. തീയതി 14-2-2017 |
| 2 | അമ്പലക്കുളങ്ങര വട്ടക്കണ്ടിപ്പാറ റോഡ്- കി.മീ. 0/000– 4/250 അഭിവൃദ്ധിപ്പെടുത്തൽ | 550 | സ.ഉ. (കൈ) നമ്പർ 18/17/പൊ.മ.വ. തീയതി 16-3-2017 |
| 3 | കാവിൽ തീക്കുനി - കുറ്റ്യാടി റോഡ്- കി.മീ. 17/225 – 18/335 അഭിവൃദ്ധിപ്പെടുത്തൽ | 150 | |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | സംസ്ഥാന പാത 38 PUKC ബൈപ്പാസിൽ കി.മീ. 47/500 - 50/200 - സ്കൂളുകൾക്ക് സമീപമുള്ള അപകടമേഖലയിൽ നടപ്പാത നിർമ്മാണവും റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും | 250 | സ.ഉ (സാധാ) നമ്പർ 234/17/പൊ.മ.വ. തീയതി 23-2-2017 |

സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) വില്യാപ്പള്ളി-ആയഞ്ചേരി റോഡ് കി.മീ. 1/650-5/325 പുനരുദ്ധാരണം -100 ലക്ഷം

(ഡി) ഉണ്ട്. വില്യാപ്പള്ളി - ആയഞ്ചേരി റോഡ് കി.മീ. 0/000-5/325 അഭിവൃദ്ധിപ്പെടുത്തൽ -4 കോടി രൂപ

(ഇ) ആഗസ്റ്റ് മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ ഒരു പ്രവൃത്തി നടക്കുന്നതിനാലാണ് ഈ പ്രവൃത്തി ടെണ്ടർ ചെയ്യാതിരുന്നത്.

1. വടകര -വില്യാപ്പള്ളി - ചേലക്കാട് റോഡ്-കി.മീ. 0/000 -15/984 അഭിവൃദ്ധിപ്പെടുത്തൽ -31 കോടി രൂപ

2. കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ-15 കോടി രൂപ

3. കുറ്റ്യാടി ബൈപ്പാസ് റോഡ് - 550 ലക്ഷം രൂപ

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി**

38(3645) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അടിയന്തരമായി ആരംഭിക്കേണ്ടതും എന്നാൽ ഇതിനകം ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പാലം പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ഡി) ഇവയുടെ ഭരണാനുമതിക്കായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന് കീഴിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ ഒന്നുംതന്നെ യില്ല.

(സി & ഡി) പുതിയ പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല.

**പാലങ്ങളുടെ രൂപകല്പന ആകർഷകമാക്കുന്നതിന് നടപടി**

39(3646) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സാധ്യതകൾകൂടി കണക്കിലെടുത്ത്, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) കോടികൾ മുടക്കി നിർമ്മിക്കുന്ന ഇത്തരം പാലങ്ങൾ, സുഗമമായ യാത്രക്കൊപ്പം വിദേശ രാജ്യങ്ങളിലേതുപോലെ ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കുന്ന തരത്തിൽ രൂപകല്പന ചെയ്യാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളിലും ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ രൂപകല്പന ചെയ്യുന്ന പാലങ്ങൾ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് സൗന്ദര്യാത്മകവും, നൂതന സാങ്കേതികവിദ്യയും ഉൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) നിർദ്ദേശം നൽകിയിട്ടുണ്ട്. ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടുള്ള നിർമ്മാണ രീതിക്കനുസൃതമായാണ് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ രൂപകല്പന തയ്യാറാക്കുന്നത്.

**കാസർഗോഡ് ബൈപ്പാസ് റോഡ്**

40(3647) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആർ.ബി.ഡി.സി.കെ. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ടെണ്ടർ സംബന്ധിച്ച അന്തിമ നടപടി ആയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആർ.ബി.ഡി.സി.കെ. ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിരേഖ തയ്യാറാക്കുന്നതിന് കൊച്ചി ആസ്ഥാനമായ കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 3 മാസമാണ് പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള കാലാവധി.

**പെരുമ്പട്ട പാലത്തിന്റെ ടെണ്ടർ നടപടി**

41(3648) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് (കാസർഗോഡ് സ്പെഷ്യൽ പാക്കേജ്) പ്രകാരം തൃക്കരിപ്പൂർ പെരുമ്പട്ടയിൽ നിർമ്മിക്കുന്ന പെരുമ്പട്ട പാലത്തിന്റെ ടെണ്ടർ നടപടി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെട്ട പെരുമ്പട്ട പാലത്തിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

42(3649) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംകൊണ്ട് ഗതാഗത യോഗ്യമല്ലാതായി തീർന്ന പാലങ്ങൾ പരിശോധിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്തെല്ലാമെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പാലങ്ങളാണ് പുതുക്കി പണിയാനുള്ളത്; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) അപകടകരമായ അവസ്ഥയിൽ തുടരുന്ന തൃക്കുറ്റിശ്ശേരി പാലം പുതുക്കി പണിയുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങളുടെ കാലപ്പഴക്കം പരിശോധിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ചെന്നൈ ഐ.ഐ.ടി. പ്രൊഫസർ ആയിരുന്ന ഡോ. അരവിന്ദൻ, ചെയർമാനായ ഒരു കമ്മിറ്റിയും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടെയും ഇൻവെന്ററി സർവ്വേയും പ്രീമൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വെയും നടത്താൻ എസ്.എൻ. ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റുമായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ സർവ്വേ പ്രകാരം ലഭിച്ച വിവരങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള IBMS (Indian Bridge Management System) എന്ന സംവിധാനത്തിലൂടെ ആവശ്യമായ റേറ്റിംഗ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്ക് ആവശ്യമായ പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാനും കഴിയുന്നതാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ വിശദമായ സാങ്കേതിക പഠനം നടത്തേണ്ടത് താഴെ പറയുന്ന പാലങ്ങൾക്കാണ് :

1. മഞ്ഞപ്പാലം

2. തൃക്കുറ്റിശ്ശേരി പാലം

3. കൈതക്കൊല്ലി പാലം

4. തലയോട് പാലം

5. കരിയാത്തൻപാറ പാലം

6. തെച്ചി പാലം

7. കക്കയം അണക്കെട്ടുമായി ബന്ധിപ്പിക്കുന്ന പാലം

ഈ പാലങ്ങളുടെ വിശദമായ പഠനം നടത്തിവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

43(3650) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ (റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ) ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ഡി) സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തി ആരംഭിക്കാതെയിരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലം പൊതുമരാമത്ത് കെട്ടിട, നിരത്ത് വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയപാതയുടെ കീഴിൽ വരുന്ന കോങ്ങാട് - മംഗലംകുന്ന് റോഡിന് സി. ആർ. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കെട്ടിട വിഭാഗത്തിൻ കീഴിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കലിന്റെ സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഒറ്റപ്പാലം ആശുപത്രി സൂപ്രണ്ട് തടസ്സവാദം ഉന്നയിച്ചതുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാത്തത്. ദേശീയ പാതയിൽ പോങ്ങാട് മംഗലംകുന്ന് റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തശേഷം ആരംഭിക്കാതെയിരിക്കുന്ന നിർമ്മാണ പ്രവൃത്തി ഒന്നുംതന്നെയില്ല.

## ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണം

44(3651) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാനുണ്ട്;

(ബി) ഒറ്റപ്പാലം ബൈപ്പാസിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 27-9-2016-ലെ സ.ഉ. (സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ബൈപ്പാസ് നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ആർ.ബി.ഡി.സി.കെ. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ട്രാഫിക് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വെ,

സോയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ പൂർത്തിയാക്കി പദ്ധതി റിപ്പോർട്ട് കിഫ്ബി-യിൽ സമർപ്പിക്കുന്നതാണ്. പദ്ധതി റിപ്പോർട്ട് ലഭിച്ച് സ്ഥലം പൂർണ്ണമായി ഏറ്റെടുത്തതിനുശേഷം ടെണ്ടർ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾ**

45(3652) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾ ഏതെല്ലാം;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ മാനന്തവാടി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്;

(ഡി) മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ ക്രമനമ്പർ രണ്ടിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ബഡ്ജറ്റ് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയിലുൾപ്പെട്ട പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു വരുന്നു.

(സി) 49 പ്രവൃത്തികൾക്കായി 432.50 ലക്ഷം രൂപയുടെ എസ്.എൽ.റ്റി.എഫ്. പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്ന രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

46(3653) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പുതിയകാവ് - പള്ളിക്കൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ മാവേലിക്കര ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിട നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി 68.25 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അനുമതിക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് ഡയറക്ടറായ ഡി.എച്ച്.എസ്.-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് പദ്ധതിയിൽ അനുവദിച്ച റോഡുകൾ**

47(3654) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാറിന്റെ കാലത്ത് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അവസാനമായി വൺടൈം മെയിന്റനൻസ് പദ്ധതിയിൽ അനുവദിച്ച റോഡുകൾ ഏതൊക്കെ എന്നറിയിക്കാമോ;

(ബി) റോഡുകളുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതൊക്കെ റോഡ് പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ച്;

പദ്ധതിയിൽ ഏതൊക്കെ റോഡുകളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്; ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) മുൻസർക്കാരിന്റെ കാലത്ത് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അവസാനമായി വൺടൈം മെയിന്റനൻസ് പദ്ധതിയിൽ അനുവദിച്ച റോഡ് പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന റോഡ് പ്രവൃത്തികളിൽ ക്രമ നമ്പർ 19 ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. ഈ പ്രവൃത്തികൾ മേയ് 31-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാതയെ ജില്ലാ പാതയാക്കി വിജ്ഞാപനം ചെയ്യാൻ നിവേദനം**

48(3655) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-തമ്പാനൂർ-കളിയിക്കാവിള പാതയെ ജില്ലാ പാതയാക്കി വിജ്ഞാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ആരിൽനിന്നാണ് പ്രസ്തുത നിവേദനം ലഭിച്ചതെന്നും അതിന്മേൽ എന്ത് തീരുമാനം എടുത്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ചെർക്കള-കല്ലടക്ക റോഡ് പുനർ നിർമ്മാണം**

49(3656) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള-കല്ലടക്ക റോഡ് പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്നും ഈ റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അനന്തര നടപടികൾ എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള-കല്ലടക്ക റോഡ് പുനർ നിർമ്മിക്കുന്നതിന് കിഫ്ബി-യിൽ ഉൾപ്പെടുത്തി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് പൂർത്തീകരണ ഘട്ടത്തിലാണ്. ഇതിനിടയിൽ പ്രസ്തുത റോഡ് നാഷണൽ ഹൈവേ ആയി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയതായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അറിയിച്ചിട്ടുണ്ട്.

**കണ്ണനാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം**

50(3657) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണനാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 5-10-2016 തീയതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ പാലത്തിന്റെ അലൈൻമെന്റ് മാറ്റിയതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിശദീകരണം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) വിശദീകരണം എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിലെ കണ്ണങ്കാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ (ശരിയായ പേര്) നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 5-10-2016-ൽ വിളിച്ചു ചേർത്ത യോഗത്തിൽ അലൈൻമെന്റ് മാറ്റിയതു സംബന്ധിച്ച നടപടി കുറിപ്പ് 31-10-2016-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചുവെങ്കിലും അലൈൻമെന്റ് മാറ്റുന്നതിനുള്ള വിശദീകരണം സംബന്ധിച്ച് സർക്കിൾ ഓഫീസിൽ മതിയായ രേഖകൾ ലഭ്യമല്ലാത്തതിനാൽ,

അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഉണ്ടായി. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉടൻ ലഭ്യമാക്കുന്നതാണ്.

## ഫ്ലൈഓവറുകൾ, സിഗ്നലിംഗ് സംവിധാനം എന്നിവയിലൂടെ റോഡ് സുരക്ഷ

51(3658) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർധിച്ചുവരുന്ന വാഹനങ്ങൾ മൂലമുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കാനും വാഹനാപകടങ്ങളിൽ കുറവ് വരുത്താനുമായി തമിഴ്നാട്ടിലെ പോലെ കോർപ്പറേഷൻ, നഗരസഭാ പ്രദേശങ്ങളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) വരുന്ന 20 വർഷത്തെ വാഹന വർധനവ് കണക്കിലെടുത്ത് ഇതുസംബന്ധിച്ച് എന്തെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഉദ്ദേശിക്കുന്നുണ്ടോ; എല്ലാ തിരക്കുള്ള ജംഗ്ഷനുകളിലും സിഗ്നലിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ, സംസ്ഥാന, ജില്ലാ പാതകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പാതകളും കാൽനടക്കാർക്കും സൈക്കിൾ യാത്രികരായ സാധാരണക്കാർക്കും സൗഹൃദപരമാക്കാനായി കർമ്മപദ്ധതി രൂപീകരിച്ച് സമയബന്ധിതമായി റോഡ് സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വർദ്ധിച്ചുവരുന്ന വാഹന പെരുപ്പംമൂലമുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 2016-17 ബഡ്ജറ്റിൽ 8 ഫ്ലൈ ഓവർ, 4 അണ്ടർപാസ്സ്, 17 ബൈപ്പാസുകൾ എന്നിവയും 2017-18 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം നാല് ഫ്ലൈഓവറും വിഭാവന ചെയ്തിട്ടുണ്ട്.

(ബി) നഗര റോഡുവികസന പദ്ധതികളിൽ ഫ്ലൈ ഓവറുകൾ, നടപ്പാതകൾ, സിഗ്നൽ സംവിധാനങ്ങൾ, തെരുവ് വിളക്കുകൾ മുതലായവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അടുത്ത 15 വർഷത്തെ ഗതാഗത വർദ്ധനവ് കണക്കിലെടുത്ത് വിശദമായ പഠനം നടത്തിയാണ് നഗര റോഡുവികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC)

നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് തിരക്കേറിയ ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനും അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും നഗര റോഡ് വികസന പദ്ധതികളിൽ വിഭാവന ചെയ്തിട്ടുണ്ട്.

(സി) കാൽനടക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുന്നിലുള്ള റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും ഫുട്ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കുവാനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ റോഡ് സുരക്ഷ കൗൺസിലുകളോട് റോഡ് സുരക്ഷാ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നഗര വികസന പദ്ധതികളിലും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ സ്ഥാപിക്കുകയും റോഡ് മുറിച്ചുകടക്കേണ്ട സ്ഥലങ്ങളിൽ സീബ്രാ ക്രോസിംഗ് വരച്ച് നൽകുകയും ചെയ്യുന്നുണ്ട്. സിഗ്നലുകൾ സ്ഥാപിച്ചിട്ടുള്ള ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനുവേണ്ടി പ്രത്യേക സിഗ്നലിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത വികസന പദ്ധതിയിൽ കാൽനടയാത്രക്കാർക്കും, സൈക്കിൾ യാത്രികരായ സാധാരണക്കാർക്കും മറ്റും സുരക്ഷിതമായി സഞ്ചരിക്കാൻ വേണ്ടതായ സംവിധാനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുഗമമായ യാത്ര ഉറപ്പാക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രാബല്യത്തിൽ വരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## കന്നിപ്പുറം, മുള്ളറവിള-ആയയിൽ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം

52(3659) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപ്പുറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം കിഫ്ബിവഴി ആരംഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം നടപടികൾ ആണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്ന് വിശദീകരിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എത്ര മാസം വേണ്ടി വരുമെന്ന് വിശദീകരിക്കാമോ;

(സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുള്ളറവിള-ആയയിൽപാലം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ തടസ്സം എന്താണ്; വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പാലത്തിന്റെ പുതിയ പ്ലാൻ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെടാൻ കാരണം എന്താണ്;

(ഇ) മുള്ളറവിള-ആയയിൽ പാലത്തിന്റെ നടപടിക്രമങ്ങൾ സെപ്റ്റംബർ 30-ന മുൻപ് പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കന്നിപ്പുറം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം കിഫ്ബി വഴി ആരംഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നടന്നുവരുന്നു. കിഫ്ബി ആവശ്യപ്പെട്ട ഭേദഗതി അനുസരിച്ച് പാലം വീതി കൂട്ടിയുള്ള ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് പുതുക്കി ഡി.പി.ആർ. കിഫ്ബിക്ക് വീണ്ടും സമർപ്പിക്കുന്നതാണ്.

(ബി) പുതുക്കിയ ഡിസൈൻ അനുസരിച്ചുള്ള ഡി.പി.ആർ.-ന് കിഫ്ബി-യിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(സി) നെയ്യാറ്റിൻകര – മുള്ളറവിള – ആയയിൽ പാലത്തിന് പുതുക്കിയ ഡിസൈൻ കിഫ്ബിയിൽനിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പാലത്തിന്റെ നിലവിലുള്ള ഡിസൈൻ മുൻപ് തയ്യാറാക്കിയിരുന്നത് പഴയ കോഡ് പ്രകാരമായിരുന്നു. എന്നാൽ പുതിയ കോഡ് പ്രകാരം പാലത്തിന്റെ പുതുക്കിയ ഡിസൈൻ പാലം നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പാലത്തിന്റെ പുതുക്കിയ ഡിസൈൻ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

53(3660) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇങ്ങനെ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് പറയാമോ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടി ഏത് വരെ ആയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷം നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡ്-പാലം പ്രവൃത്തികൾ**

54(3661) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും നിർമ്മാണം എപ്പോൾ തുടങ്ങി എപ്പോൾ തീരുമെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ഇനി പുനർനിർമ്മാണം അനിവാര്യമായിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഈ റോഡുകൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ നിർമ്മിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതും ഭരണാനുമതി ലഭ്യമാകാനിരിക്കുന്നതുമായ പാലങ്ങൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (List 1)*

(ബി) ഭരണാനുമതി നൽകിയ 5 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. 3 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽ പ്രവൃത്തികൾ കരാറിലേർപ്പെട്ട് 9 മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുനർനിർമ്മാണം ആവശ്യമുള്ള റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (List 2).* പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നെല്ലിക്കുന്ന് പാലത്തിന്റെ പ്രവൃത്തിയാണ് കാസർഗോഡ് നിയോജകമണ്ഡലത്തിൽ പൂർത്തിയായിട്ടുള്ളത്. താഴെപ്പറയുന്ന പാലങ്ങളുടെ നിർമ്മാണപ്രവൃത്തികളാണ് കാസർഗോഡ് മണ്ഡലത്തിൽ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

1. കോട്ടക്കണ്ണി പാലം നിർമ്മാണം (നബാർഡ്)

2. വിദ്യാഗിരി പാലം നിർമ്മാണം (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്)

ഓടങ്കൽ പാലം പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ. (സാധാ) നമ്പർ 1496/2016/പൊ.മ.വ. ക്രമനമ്പർ 61 ആയി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

തുപ്പക്കൽ പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ കോടതി സമുച്ചയം

55(3662) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ കോടതി സമുച്ചയത്തിന് (price No. 1354/17) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്ന പ്രവർത്തനം ഏത് വരെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പുതുക്കിയ നിരക്ക് പ്രകാരമുള്ള 14 കോടി രൂപയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പരിശോധന ഉടൻ പൂർത്തിയാക്കി ഭരണാനുമതിയ്ക്കായി ബന്ധപ്പെട്ട ഭരണവകുപ്പായ Judiciary-ക്ക് അയയ്ക്കുന്നതാണ്.

**സർക്കാർ കെട്ടിടങ്ങളുടെ പരിപാലനം**

56(3663) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കെട്ടിടങ്ങൾ പലതും കൃത്യമായി പരിപാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ കെട്ടിടങ്ങളുടെ മെയിന്റനൻസിനും റിപ്പയറിംഗിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര വർഷം കൂടുമ്പോഴാണ് സർക്കാർ കെട്ടിടങ്ങൾ പെയിന്റ് ചെയ്യാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് കീഴിൽ വരുന്ന കേരളത്തിലെ സർക്കാർ കെട്ടിടങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിപാലിച്ചു വരുന്നു.

(ബി) സർക്കാർ കെട്ടിടങ്ങളുടെ മെയിന്റനൻസിനും റിപ്പയറിംഗിനുമായി നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും അനുസരിച്ച് കെട്ടിട വിഭാഗം ഡിവിഷൻ ഓഫീസുകൾ മുഖേന പ്രവൃത്തി ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(സി) മാന്വൽ അനുസരിച്ച് അയൺ വർക്കും, വൈറ്റ് വാഷിങ് ഒഴികെ 2 വർഷത്തിലൊരിക്കലാണ് സർക്കാർ കെട്ടിടങ്ങൾ പെയിന്റ് ചെയ്യേണ്ടത്. അയൺ വർക്കും വൈറ്റ് വാഷിംങും വർഷത്തിലൊരിക്കലാണ് ചെയ്യേണ്ടത്. എന്നാൽ ഫണ്ടിന്റെ ലഭ്യത പലപ്പോഴും ഇതിന് തടസമാകാറുണ്ട്.

**പള്ളിപ്പുറം ഇൻഫോപാർക്കിലേക്ക് റോഡും പാലവും നിർമ്മാണം**

57(3664) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 ബജറ്റിൽ അനുവദിച്ച പള്ളിപ്പുറം ഇൻഫോപാർക്കിലേക്ക് ദേശീയപാതയിലെ വയലാർ ജംഗ്ഷനിൽ നിന്നുള്ള റോഡും പാലവും നിർമ്മാണം എന്ന പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദമാക്കാമോ?

ഉത്തരം

ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ മണ്ണ് പരിശോധന നടത്തി ഡിസൈൻ ലഭ്യമാക്കണം. ഇപ്പോൾ മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതൊടൊപ്പം സ്ഥലമെടുപ്പ് ജോലികളും പൂർത്തിയാക്കേണ്ടതുണ്ട്.

**റോഡിനുവേണ്ടി വിട്ടുകൊടുത്ത സ്ഥലത്തിന്റെ വില ലഭിച്ചില്ലെന്ന പരാതി**

58(3665) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം, വൈത്തല ശ്രീ. വി. അബ്ദുറഹ്മാൻ റോഡിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തിട്ട് വില ലഭിച്ചില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) E1271356/M(PWD&R)/2017 നമ്പർ പ്രകാരമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും (മലപ്പുറം) സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കോട്ടക്കൽ ബൈപ്പാസിന്റെ ഒന്നും രണ്ടും റീച്ചുകൾ പ്രവൃത്തി നടത്താനായി ഈ റോഡിന്റെ പരിധിയിൽപ്പെട്ടിരുന്നതും ഭൂമി ഏറ്റെടുത്ത സമയത്ത് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും സർവ്വേ നമ്പർ വിട്ടുപോയതുമായ നിലവിൽ റോഡാക്കിയ ഭാഗം (എസ്.ആർ. നമ്പർ 479/15, 479/26, 399/22 0.481 ഹെക്ടർ) 3-6-2013-ലെ സ.ഉ.(കൈ) നമ്പർ 1177/2013 പ്രകാരം തണ്ണീർതട സംരക്ഷണ നിയമത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ LA-4-8138/10, dtd: 16-3-2010 പ്രകാരം ഭൂമി വില നിശ്ചയിച്ച് മേൽ സർവ്വേ നമ്പറിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേരി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 28-2-2017-ലെ ഇ 4/എൽ.എ/2016 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഡയറക്ട് പർച്ചേസ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് ടാറിംഗ്

59(3666) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് ഉപരിതലം നിർമ്മിച്ചിട്ടുള്ള റോഡുകൾ ഉയർന്ന നിലവാരം പുലർത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് എത്ര ദൈർഘ്യം റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ് 8P 98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച സാഹചര്യത്തിൽ, നടപ്പുസാമ്പത്തിക വർഷത്തിൽ ഇത്തരം റോഡുകൾ കൂടുതൽ നിർമ്മിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം പുതുക്കിയിട്ടുണ്ട്. ഇത്തരം റോഡുകളിൽ പോട്ട്ഹോൾ കുറയുന്നതായും റോഡിന്റെ ഈട് കൂടുതൽ ഉണ്ടായതായും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ പ്ലാസ്റ്റിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് റോഡിന്റെ ഉപരിതല നിർമ്മാണം പ്രാവർത്തികമാക്കിയിട്ടില്ല.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബി.എം. & ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തിയതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം

ഭാഗത്ത് 1കി.മീ. ദൂരം വരുന്ന ബി.എം. & ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷം സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ പരമാവധി പ്രവൃത്തികളിൽ shredded plastic ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏകദേശം 200 കി.മീ. ദൈർഘ്യം വരുന്ന ഉപരിതലം Shredded plastic ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ് എസ്.പി. 98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തികവർഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനത്ത് 200 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

## പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുവാൻ നടപടി

60(3667) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുവാൻ പുതുതായി ഏതൊക്കെ യൂണിറ്റുകളാണ് രൂപീകരിച്ചിട്ടുള്ളത്;

(ബി) ഒരു വിംഗിന്റെ കീഴിലുള്ള വിവിധ യൂണിറ്റുകളിലെ ഒരേ കേഡർ തസ്തികകൾക്ക് വിവിധ തസ്തികാ നാമങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; ഇതുകൊണ്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കാമോ;

(സി) വിവിധ യൂണിറ്റുകളിലേക്കാവശ്യമായ ടെക്നിക്കൽ ഉദ്യോഗസ്ഥർ ഏതൊക്കെ തസ്തികയിൽപ്പെട്ടവരായിരിക്കണമെന്നും എത്ര എണ്ണം വീതം ആയിരിക്കണമെന്നും നിശ്ചയിക്കുകയുണ്ടായോ; അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) വിവിധ യൂണിറ്റുകൾ രൂപീകരിച്ചപ്പോൾ ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരെ ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഏതൊക്കെ തസ്തികകൾ ഷിഫ്റ്റ് ചെയ്തോ അല്ലാതെയോ ലഭ്യമാക്കണമെന്നും പറയാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്തെ നിലവിലുള്ള ഡിസൈൻ കാര്യാലയത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജസ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ് എൻവയോൺമെന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് MEP (മെക്കാനിക്കൽ-ഇലക്ട്രിക്കൽ & പ്ലംബിംഗ്) ഡിസൈൻ യൂണിറ്റ് തുടങ്ങിയ ഏഴ് യൂണിറ്റുകൾ ആരംഭിക്കാനും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഡിസൈൻ യൂണിറ്റ് ആരംഭിക്കാനുമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബും എല്ലാ ലാബുകളിലും ഇൻവെസ്റ്റിഗേഷൻ യൂണിറ്റും ആരംഭിക്കുന്നതിനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഡിസൈൻ യൂണിറ്റിന്റെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1986-ൽ രൂപീകരിച്ചതാണ്. ഇപ്പോൾ അന്തർദ്ദേശീയ നിലവാരം അനുസരിച്ചുള്ള ഡി.പി.ആർ., ഡിസൈൻ എന്നിവ ചെയ്യുന്നതിന് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണ്. അന്തർദ്ദേശീയ തലത്തിൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ പ്ലാക്ടീസ് അനുസരിച്ചാണ് വിവിധ തസ്തിക നാമങ്ങൾ നൽകിയിട്ടുള്ളത്. ഇതുകൊണ്ട് വിവിധ യൂണിറ്റുകളിൽ അതിന് നിർദ്ദിഷ്ടമായ സ്പെഷ്യലൈസേഷനിൽ ഉപരിപഠനം പൂർത്തീകരിച്ചവരോ ജോലി പരിചയം നേടിയവരോ ആയ എഞ്ചിനീയർമാർക്ക് ജോലി ചെയ്യാൻ അവസരം ലഭിക്കുകയും ഡിസൈൻ ജോലികളുടെ നിലവാരം ഉയർത്താനും സാധിക്കും.

(സി) വിവിധ യൂണിറ്റുകളിലേക്കാവശ്യമായ ടെക്നിക്കൽ സ്റ്റാഫിന്റെ എണ്ണവും തസ്തികകളും 10-4-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 24/2017/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) ഡിസൈൻ യൂണിറ്റുകളിൽ മിനിസ്റ്റീരിയൽ തസ്തികകൾ ആവശ്യമില്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിസൈൻ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ആവശ്യമായ മിനിസ്റ്റീരിയൽ സ്റ്റാഫിനെ പുനർ വിന്യസിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ 10-4-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 24/2017/പൊ.മ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (അനുബന്ധം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ വിശ്രമകേന്ദ്രങ്ങൾ/ടൂറിസ്റ്റ് ബംഗ്ലാവുകൾ

61(3668) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിശ്രമകേന്ദ്രങ്ങൾ/ടൂറിസ്റ്റ് ബംഗ്ലാവുകൾ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ പലതിലെയും മുറികൾ വൃത്തിഹീനമായതും ഉപയോഗശൂന്യമായതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളെയും ടൂറിസം ഗസ്റ്റ് ഹൗസുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) 2017-18 ബഡ്ജറ്റിൽ റസ്റ്റ്ഹൗസുകളുടെ നവീകരണത്തിന് എത്രരൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസുകളും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ്ഹൗസുകളും ഉപയോഗിച്ചുവരുന്നു. എന്നാൽ ജീവനക്കാരുടെ അപര്യാപ്തതയും ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം സമയബന്ധിതമായി അറ്റകുറ്റപ്പണികൾ തടസ്സപ്പെടുന്നതുമൂലവും റസ്റ്റ്ഹൗസുകളുടെ സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുന്നുണ്ട്. റസ്റ്റ് ഹൗസുകൾ സർക്കാർ ഗസ്റ്റ്ഹൗസുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്.

(ഇ) റസ്റ്റ്ഹൗസുകളുടെ നവീകരണത്തിനുൾപ്പെടെ 2017-18 ബഡ്ജറ്റിൽ ബന്ധപ്പെട്ട ശീർഷകത്തിൽ 15 കോടി രൂപ സംരക്ഷണത്തിനായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ മറ്റ് നിർമ്മാണ പ്രവർത്തനത്തോടൊപ്പം റസ്റ്റ് ഹൗസുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് വകയിരുത്തിയിട്ടുള്ള 28.92 കോടി രൂപയും റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ പരിഷ്കരിച്ച മാന്വൽ

62(3669) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അടുത്തിടെ പരിഷ്കരിച്ച മാന്വൽ അംഗീകരിച്ച് ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പരിഷ്കരിച്ച മാന്വൽ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) മാന്വലിൽ പോരായ്മകളുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഗ്യാരണ്ടി ഉറപ്പാക്കുന്നതിനും പ്രത്യേക നിബന്ധനകൾ വ്യവസ്ഥ ചെയ്യുമോ;

(ഇ) ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റം ഉൾപ്പടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും മാന്വലിൽ ഉൾപ്പെടുത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പൊതുമരാമത്ത് വകുപ്പിൽ ശക്തവും വ്യവസ്ഥാപിതവുമായ എസ്റ്റാബ്ലിഷ്മെന്റ് സംവിധാനവും കുറ്റമറ്റ സ്പെഷ്യൽ റൂൾസും നിലനിൽക്കുന്നത് കണക്കിലെടുത്ത് ഇക്കാര്യങ്ങൾ മാന്വലിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 1-2-2012-ലെ സ.ഉ. (പി) നമ്പർ 13/2012/പൊ.മ.വ. പ്രകാരം മാന്വൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. മാന്വൽ വെബ്സൈറ്റിൽ ലഭ്യമാണ്. അച്ചടിച്ച കോപ്പികൾ വിതരണത്തിന് ലഭ്യമല്ല.

(ബി) മാന്വലിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളില്ലാത്തതിനാൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

(സി) ഉണ്ട്. ഇതു പരിഹരിക്കാനായി 20-10-2012-ലെ സ.ഉ. (സാധാ) നമ്പർ 1784/2012/പൊ.മ.വ. പ്രകാരം ചീഫ് എഞ്ചിനീയർ കൺവീനറായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് 13-5-2013-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ സാമ്പത്തിക ബാധ്യതകൾ വരുന്ന Cost of Tender form, Bid Security, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായ കാര്യങ്ങൾക്ക് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മാന്വലിനോടനുബന്ധിച്ച് ഒരു ക്വാളിറ്റി കൺട്രോൾ മാന്വലും [സ.ഉ. (സാധാ) നമ്പർ 1339/2015/പൊ.മ.വ. തീയതി 10-9-2015], ഒരു ലബോറട്ടറി മാന്വലും [സ.ഉ. (സാധ) നമ്പർ 1346/2015/പൊ.മ.വ. തീയതി 11-9-2015]എന്നിവയും ഉത്തരവായിട്ടുണ്ട്.

പ്രസ്തുത കാര്യം നടപ്പിൽ വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ഡയറക്ടറുടെ നേതൃത്വത്തിൽ 14 ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലബോറട്ടറികളും സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കെ.എച്ച്.ആർ.ഐ.-യിൽനിന്നും ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ വേർപെടുത്തി ഒരു റീജിയണൽ ലാബ് തുടങ്ങുവാൻ 10-4-2017-ലെ സ.ഉ. (കൈ) നമ്പർ 24/2017/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ &എഫ്) ജീവനക്കാരുടെ നിയമനവും സ്ഥലം മാറ്റങ്ങളും സർവ്വീസ് റൂൾ പ്രകാരമാണ് ചെയ്യേണ്ടത്. മാന്വലിൽ ജീവനക്കാരുടെ ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ ഒഴിവുകൾ**

63(3670) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ; എത്ര ഒഴിവുകൾ നിലവിലുണ്ട്; കണ്ണൂർ ജില്ലയിൽ ഏതൊക്കെ സെക്ഷനുകളിലാണ് ഒഴിവുകൾ നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് പട്ടിക 15-3-2017-ന് പ്രാബല്യത്തിൽ വന്നു. 139 ഒഴിവുകൾ നിലവിലുണ്ട്. കണ്ണൂർ ജില്ലയിൽ ഒഴിവുകൾ നിലവിലുള്ള സെക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കെ.എസ്.റ്റി.പി. ഡിവിഷൻ, കണ്ണൂർ.

2. ബിൽഡിംഗ്സ് സെക്ഷൻ, ഇരിട്ടി.

3. ബ്രിഡ്ജസ് സെക്ഷൻ, തലശ്ശേരി.

4. ബ്രിഡ്ജസ് സെക്ഷൻ, കണ്ണൂർ.

5. റോഡ്സ് സെക്ഷൻ, മാടായി.

(ബി &സി) 115 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാനക്കയറ്റം മുഖേന നിയമിക്കേണ്ടവയാണ്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 115 ഒഴിവുകളിൽ 90 പേരുടെ നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ഇവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 25 ഒഴിവുകളിൽ നിയമന ശിപാർശ ലഭിക്കാനുണ്ട്.

**പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്ന വിഭാഗം**

64(3671) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ഘടന വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണ്;

(ഡി) എത്ര തുക വരെയുള്ള പ്രവൃത്തികളാണ് പ്രസ്തുത വിഭാഗം വഴി നടത്തുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരള സംസ്ഥാനത്തിൽ റോഡ്, ബ്രിഡ്ജ് മെയിന്റനൻസ് പോളിസി നടപ്പിലാക്കുന്നതിന് 22-10-2016-ലെ സ.ഉ. (കൈ) നമ്പർ 72/2016/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനുള്ള വിഭാഗ രൂപീകരണവുമായി ബന്ധപ്പെട്ട് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്നു. റോഡ് അറ്റകുറ്റപ്പണികളുടെ മേൽനോട്ടത്തിനായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചുമതല നൽകിയിട്ടുണ്ട്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു വിഭാഗം രൂപീകരിക്കാനുള്ള ശിപാർശ സമർപ്പിക്കാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

## പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണം

65(3672) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ നടപ്പാക്കിയ ഇ ടെണ്ടറിംഗും, ഇ പേമെന്റും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) ആധുനികവത്ക്കരണം വഴി ഭരണതലത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1 ഡിസൈൻ വിഭാഗത്തിന്റെ ആധുനികവൽക്കരണം

ഡിസൈനുകൾ പുറംകരാർ നൽകി പൂർത്തീകരിക്കുന്നത് നിർത്തലാക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി ഡിസൈൻ വിഭാഗം ആധുനികവൽക്കരിക്കുന്നതിനായി 23-2-2017-ലെ സ.ഉ. (കൈ) നമ്പർ 15/2017/ പൊ.മ.വ. പ്രകാരം ഡിസൈൻ വിഭാഗത്തെ 7 യൂണിറ്റുകളായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഡിസൈനിന്റെ എറണാകുളത്തുള്ള രണ്ടും, കോഴിക്കോടും തുടങ്ങുന്ന റീജിയണൽ ഓഫീസുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2 ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ യൂണിറ്റ്

1-10-2013-ൽ ആരംഭിച്ച ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ കീഴിൽ 11 ജില്ലാ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്. 23-2-2017-ലെ സ.ഉ. (കൈ) നമ്പർ 15/2017/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്വാളിറ്റി കൺട്രോൾ വിഭാഗം ആധുനികവൽക്കരിക്കുന്നതിനായി തിരുവനന്തപുരത്ത് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബ്, കൂടാതെ സംസ്ഥാനത്തെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളോടനുബന്ധിച്ച് ഓരോ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും തുടങ്ങുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

3 കേരള ഹൈവേ റീസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന കെ.എച്ച്.ആർ.ഐ.-യെ എൻ.എ.ബി.എൽ. അക്രഡിറ്റ് ലാബായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്നവയും ചെയ്തിട്ടുണ്ട് :

- പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പരിഷ്കരിച്ചു

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatic Centre) യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി.

- ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി

- ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

- പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ MORTH Specification അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കിവരുന്നു.

- പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി റീജിയണൽ തലത്തിലും, ജില്ലാതലത്തിലും Quality Control ലാബുകൾ സ്ഥാപിച്ചു.

- ആധുനിക സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃത പരിശീലനത്തിനുവേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടി കെട്ടിട നിർമ്മാണം നടന്നുവരുന്നു.

- റെസ്റ്റ്ഹൗസുകളിൽ ഇ-ബുക്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് PRICE സോഫ്റ്റ് വെയർ വഴി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇ-ടെണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ 5 ലക്ഷം രൂപയിൽ കൂടുതൽ തുക വരുന്ന എല്ലാ പ്രവൃത്തികളുടെയും ദർഘാസുകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ രണ്ടാം ഘട്ടമായി പ്രീക്വാളിഫിക്കേഷൻ ഇവാലുവേഷൻ നടപടികൾ ഓൺലൈൻ മുഖേന ചെയ്യുന്നത് പരിഗണനയിലാണ്. ഇ-പേയ്മെന്റ് ഒഴിവാക്കി കരാറുകാരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

(സി) ആധുനികവൽക്കരണം വഴി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മാന്വൽ പരിഷ്കരണം മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനമായ PRICE (Project Information and Cost Estimation) നടപ്പിലാക്കിയതുവഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. MORTH Specification അനുസരിച്ച് നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. ജില്ലാതലത്തിലുള്ള Quality Control ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

## ഏറ്റുമാനൂർ പട്ടണത്തിലെ ഫ്ലൈ ഓവർ നിർമ്മാണം

66(3673) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയുടെ പ്രവൃത്തിയായ ഏറ്റുമാനൂർ പട്ടണത്തിലെ ഫ്ലൈ ഓവർ നിർമ്മാണത്തിനുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫ്ലൈ ഓവർ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തിയാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏറ്റുമാനൂർ പട്ടണത്തിലെ ഫ്ലൈ ഓവർ നിർമ്മാണത്തിനുള്ള ഡീറ്റയിൽസ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ട്രാഫിക് സർവ്വെ പൂർത്തീകരിച്ചു. ടൊപ്പോഗ്രാഫിക് സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം

67(3674) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജീവനക്കാരുടെ എതിർപ്പിനെ തുടർന്ന് നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;വ്യക്തമാക്കാമോ;

(ബി) മിക്ക പൊതുമരാമത്ത് ഓഫീസുകളിലും ജനപ്രതിനിധികളും എം. എൽ.എ.മാരുടെ പി. എ. മാരും വിവരങ്ങൾ അന്വേഷിച്ചെത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കാണാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ പഞ്ചിംഗ് സമ്പ്രദായത്തിന് കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും അടിയന്തരമായി പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരും മറ്റ് ജീവനക്കാരും ഫീൽഡിൽ/സൈറ്റിൽ പോകുമ്പോൾ ബന്ധപ്പെട്ട ഓഫീസിലെ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആയത് ഇപ്പോഴും തുടർന്നുവരികയാണ്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിർദ്ദേശം നൽകുന്നതാണ്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടിയിലെ കാലതാമസം

68(3675) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പൊതുമരാമത്ത് പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടപടിയിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേഷൻ നടപടി സമയ ബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നത് വേഗത്തിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നിശ്ചയിക്കപ്പെട്ട ഏജൻസികളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എംപാനൽ ചെയ്തിട്ടുള്ള കൺസൾട്ടന്റുമാർ

വഴി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളോടനുബന്ധിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ഡി.റ്റി.ഇ. യുടെ കീഴിൽ ഉള്ള എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് എന്നിവയെ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ ചെയ്യിക്കുവാനായി ഒരു എം.ഒ.യു എഗ്രിമെന്റ് വയ്ക്കുവാനും കൂടി തീരുമാനമെടുത്തിട്ടുണ്ട്. ആയത് ഉടനെ തന്നെ നടപ്പിലാക്കുന്നതാണ്.

## കോട്ടക്കലിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റാൻ നടപടി

69(3676) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) സ്ഥലമേറ്റെടുക്കുന്നതിനും പ്രവൃത്തി നടത്തുന്നതിനും ആവശ്യമായ ബാക്കി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനിയറുടെ കത്ത് ലഭിച്ചിട്ടുണ്ടോ ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) കഞ്ഞിപ്പുര-മൂടാൽ റോഡിന്റെ പ്രവൃത്തിക്ക് ആരംഭത്തിൽ എത്ര തുകയാണ് കണക്കാക്കിയിരിന്നത്; എത്ര തുക അനുവദിച്ചു; ഇനി എത്ര തുക അനുവദിക്കാനുണ്ട്; ബാക്കി തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 25-1-2017-ൽ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് വീതി കൂട്ടുന്നതിനും, ഇലക്ട്രിക് പോസ്റ്റുകളും, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനും മാറ്റിസ്ഥാപിക്കുന്നതിനും വേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണനയ്ക്കു സമർപ്പിക്കുവാൻ 11-4-2017-ലെ ജി3/129/2017 നമ്പർ കത്തു പ്രകാരം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) 16-2-2012-ലെ സ.ഉ. (സാധാ) നമ്പർ 238/12/പൊ.മ.വ. പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപ റോഡ് പ്രവൃത്തിക്കും, 10 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുമായാണ് വകയിരുത്തിയിട്ടുള്ളത്. 16-11-2016-ലെ സ.ഉ. (സാധാ) നമ്പർ 1579/2016/പൊ.മ.വ. പ്രകാരം 25,40,000 രൂപ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ട്. 3-8-2016-ലെ സ.ഉ.(സാ.ധാ) നമ്പർ 1133/2016/പൊ.മ.വ. പ്രകാരം കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 27,48,33,734 രൂപ ആവശ്യമായുണ്ട്. നടപ്പു സാമ്പത്തിക വർഷം പരിഷ്കരിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് സർക്കാർ ക്വാർട്ടേഴ്സുകൾ**

70(3677) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് എന്ന നിലയിൽ സർക്കാർ ക്വാർട്ടേഴ്സുകൾ ലഭിച്ചവർ പ്രസ്തുത ക്വാർട്ടേഴ്സുകൾ ഒഴിയണമെന്നാവശ്യപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഏതു തീയതി മുതൽ ക്വാർട്ടേഴ്സുകൾ ലഭിച്ചവരാണ് ഒഴിയണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) 2016 മേയ് 21-ന് ശേഷം എത്ര പേർക്ക് സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിച്ചു; ഇതിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ എത്ര; സർക്കാർ ജീവനക്കാർ എത്ര; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 7-9-2016-ലെ സ.ഉ.(കൈ) നമ്പർ 65/2016/പൊ.മ.വ. പ്രകാരം (Rules for the allotment and occupation of Government Servants. 2006) ഭേദഗതി ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവിലെ റൂൾ 2 (ii), (ii)(a) പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് എന്ന നിലയിൽ സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിച്ചു കിട്ടിയവർ, അവർ പേഴ്സണൽ സ്റ്റാഫ് അല്ലാതായി ഒരു മാസത്തിനകം ക്വാർട്ടർ ഒഴിയേണ്ടതാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 7-9-2016-ലെ സ.ഉ. (കൈ) നമ്പർ 65/2016/പൊ.മ.വ. ഉത്തരവിന് 1-3-2006 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(സി) 2016 മേയ് 21-ന് ശേഷം പ്രത്യേക ഉത്തരവ് പ്രകാരം ആകെ 484 പേർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചു. ഇതിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ പെട്ടവർക്ക് അനുവദിച്ച സർക്കാർ ക്വാർട്ടേഴ്സുകളുടെ എണ്ണം 177-ഉം, മറ്റു സർക്കാർ ജീവനക്കാർക്ക് അനുവദിച്ച സർക്കാർ ക്വാർട്ടേഴ്സുകളുടെ എണ്ണം 307-ഉം ആണ്.

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് www.kerala.gov.in, eoffice. kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**മക്കരപ്പറമ്പ് വൈലോങ്ങര ബൈപ്പാസുകൾ**

71(3678) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെങ്കിലും ദർഘാസ് നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ;

(സി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള) ഇത് സംബന്ധിച്ച നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽനിന്നും പ്രസ്തുത ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിട്ടില്ല. പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദർഘാസ് നടപടി പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ ട്രാഫിക് സർവ്വെ പൂർത്തിയാക്കി. ടൊപ്പോഗ്രഫിക് സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

## പൊതുമരാമത്ത് വകുപ്പിൽ എച്ച്.ആർ.ഡി. സെല്ലിന്റെ പ്രവർത്തനം

72(3679) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (HRD) സെൽ പ്രവർത്തിക്കുന്നുണ്ടോ; ആയതിന്റെ ഘടന വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സെല്ലിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാർ മാത്രമാണ് ജോലി ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എച്ച്.ആർ.ഡി. സെല്ലിന്റെ പ്രവർത്തനത്തിനും ജീവനക്കാരെ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(ഇ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ട ടെക്നിക്കൽ വിഭാഗം ജീവനക്കാരെ ഭരണപരമായ കാര്യങ്ങൾക്ക് നിയോഗിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ;

(എഫ്) പൊതുമരാമത്ത് വകുപ്പിൽ ശക്തമായ ഒരു അഡ്മിനിസ്ട്രേറ്റീവ് കേഡർ നിലനിൽക്കുമ്പോൾ ഇങ്ങനെയൊരു സെല്ലിന്റെ പ്രവർത്തനം ഒരു ദുർവ്യയം ആണെന്ന് കണക്കാക്കി ഇത് നിർത്തലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത സെല്ലിന്റെ ഘടന ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 2 |

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിലേയും ഭരണ വിഭാഗത്തിലെയും ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിർമ്മാണം സംബന്ധിച്ചുള്ള നവീന ആശയങ്ങൾ സമന്വയിപ്പിച്ച് വകുപ്പിനെ സജ്ജമാക്കാനുമായി വിവിധതരം പരിശീലന പരിപാടികൾ എച്ച്.ആർ.ഡി. നടത്തുന്നു.

2. പുതുതായി വകുപ്പിൽ പ്രവേശിക്കുന്ന വിവിധ തസ്തികകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നു.

3. വകുപ്പിലെ ജീവനക്കാർക്ക് കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

4. ഓരോ വർഷവും പരിശീലന കലണ്ടർ തയ്യാറാക്കുകയും സർക്കാരിൽനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു.

5. ഉന്നതപഠനത്തിന് (എം.ടെക്) ഉദ്യോഗസ്ഥരെ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

6. ഓരോ പരിശീലന പരിപാടിയുടെയും വിലയിരുത്തൽ നടത്തി അത് മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നു.

7. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നിരത്തുകളുടെ നിർമ്മാണം, പരിപാലനം, അറ്റകുറ്റപ്പണികൾ, റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

8. ഇൻഡ്യൻ അക്കാദമി ഓഫ് ഹൈവേ എഞ്ചിനീയേഴ്സിൽ ആറാഴ്ചത്തെ റോഡ് സുരക്ഷാ സംബന്ധിച്ച വിശദമായ സർട്ടിഫിക്കറ്റ് കോഴ്സിന് 15 എഞ്ചിനീയർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

9. പുറത്തുനിന്നുള്ള ഏജൻസികളെ ആശ്രയിക്കാതെ പൊതുമരാമത്ത് രൂപകൽപ്പന വിഭാഗത്തിന്റെ ശാക്തീകരണം നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം ആർക്കിടെക്ച്ചർ വിഭാഗത്തിന് സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എം.എസ്. പ്രോജക്ട് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു.

10. പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള പരിശീലന കലണ്ടറിൽ, വകുപ്പിലെ സാങ്കേതിക വിഭാഗത്തിലേയും ഭരണ വിഭാഗത്തിലേയും ജീവനക്കാരുടെ ഭരണപരവും നയപരവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധയിനം പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ടോട്ടൽ സ്റ്റേഷൻ

സർവേ, പ്രൈസ് സോഫ്റ്റ്വെയർ പരിശീലനം, ഡിസൈൻ സോഫ്റ്റ്വെയർ പരിശീലനം, ആട്ടോകോഡ് പരിശീലനം, വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ മുതലായ പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. 25-4-2007-ലെ സ.ഉ. (സാധാ) നമ്പർ 587/07/പൊ.മ.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഉണ്ട്.

(എഫ്) എച്ച്.ആർ.ഡി. സെൽ, വകുപ്പിന്റെ ഭരണ വിഭാഗത്തിന്റെ ഒരു ഭാഗമാണ്. സാങ്കേതികവും ഭരണപരവുമായ എല്ലാ ജീവനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ നടത്തുന്ന സെൽ നിർത്തലാക്കുന്ന കാര്യം പരിഗണനയിലില്ല.

## കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

73(3680) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് 20 കോടി രൂപയാണ് ബഡ്ജറ്റ് സ്പീച്ച് 17-18-ൽ അനുവദിച്ചിട്ടുള്ളത്.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കിയതിനുശേഷം പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(സി) തത്വത്തിലുള്ള അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി KIIFB-ക്ക് സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നെടുമ്പ്രക്കാട്ട-വിളക്കുമരം പാലത്തിന്റെ നിർമ്മാണം**

74(3681) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പ്രക്കാട്ട-വിളക്കുമരം പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കിഫ്ബി മുഖേന ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നെടുമ്പ്രക്കാട്ട-വിളക്കുമരം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ ജോലി ടെൻഡർ ചെയ്തിട്ടുണ്ട്.

(ബി) 31-10-2016-ലെ G.O.(Rt)No. 1496/2016/PWD ഉത്തരവുപ്രകാരം പ്രസ്തുത പ്രവൃത്തിക്ക് KIIFB മുഖേന 30 കോടി രൂപയുടെ പ്രാഥമിക ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി പൂർത്തീകരിച്ച് ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി KIIFB-യുടെ അംഗീകാരം ലഭിച്ച് സാങ്കേതികാനുമതി നൽകിയശേഷം മാത്രമേ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**2016-17 ബജറ്റിലെ പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

75(3682) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡ് പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്;

(ബി) സാങ്കേതികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം;

(സി) സാങ്കേതികാനുമതി ലഭ്യമാകാൻ വൈകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2016-17 വർഷ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് എന്ന് സാങ്കേതികാനുമതി ലഭ്യമാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) 1-4-2017 മുതൽ പുതുക്കിയ നിരക്ക് നിലവിൽ വന്നതിനാൽ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റുകൾ പുതിയ നിരക്കനുസരിച്ച് പുതുക്കേണ്ടതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. എസ്റ്റിമേറ്റുകൾ കുറവുകൾ പരിഹരിച്ച് പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

## ഇ-പേമെന്റ് സംവിധാനംമൂലം രജിസ്ട്രേഷൻ നടപടികളിലുണ്ടായിട്ടുള്ള സങ്കീർണ്ണത

76(3683) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റത്തിനുള്ള ഇ-പേമെന്റ് സംവിധാനം സംസ്ഥാനത്ത് നിലച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനംമൂലം വസ്തു കൈമാറ്റ രജിസ്ട്രേഷൻ നടപടികളിൽ ഉണ്ടായിട്ടുള്ള സങ്കീർണ്ണത ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇ-പേമെന്റ് സംവിധാനം നിലവിൽ വന്നതിന് ശേഷം എത്ര ആധാരങ്ങൾ രജിസ്റ്റർ ചെയ്തു; രജിസ്ട്രേഷൻ ഫീസിനത്തിൽ എന്ത് തുക സംസ്ഥാന ഖജനാവിലെത്തി;

(ഡി) രജിസ്ട്രേഷൻ വകുപ്പിന് ഇതു വഴി നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇ-പേമെന്റ് സംവിധാനം സംസ്ഥാനത്ത് നിലച്ചിട്ടില്ല. എന്നാൽ നെറ്റ് ബാങ്കിംഗ് സംവിധാനം സാങ്കേതിക തകരാർമൂലം 15-4-2017 മുതൽ 3-5-2017 വരെ നിർത്തിവച്ചിരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2,03,803 എണ്ണം. രജിസ്ട്രേഷൻ ഫീസിനത്തിൽ 200.23 കോടി രൂപ റവന്യൂ വരുമാനമായി സർക്കാർ ഖജനാവിൽ എത്തിയിട്ടുണ്ട്.

(ഡി) നഷ്ടമുണ്ടായിട്ടില്ല.

**സബ്‌രജിസ്ട്രാർ ഓഫീസുകളിലെ ഫയലിംഗ് ഷീറ്റ് സമ്പ്രദായം**

77(3684) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിലുള്ള ഫയലിംഗ് ഷീറ്റ് സമ്പ്രദായം പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതുമൂലം തൊഴിൽ രഹിതരാകുന്ന യുവതീ-യുവാക്കളെ എപ്രകാരം സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫയലിംഗ് ഷീറ്റ് സമ്പ്രദായം പിൻവലിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**ഭൂമി രജിസ്ട്രേഷന് കുറ്റമറ്റരീതിയിലുള്ള ഓൺലൈൻ സംവിധാനം**

78(3685) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന് ഓൺലൈനായി ഫീസ് അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നെറ്റ് ബാങ്കിങ് വഴിയോ മറ്റ് ഓൺലൈൻ സംവിധാനം വഴിയോ ഫീസ് അടച്ച് എന്തെങ്കിലും തുക നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) ഇത്തരത്തിൽ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തു കൊണ്ടാണ് കുറ്റമറ്റരീതിയിലുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്;

(സി) ഈ സംവിധാനത്തിന്റെ തകരാർമൂലം സബ് രജിസ്ട്രാർമാർ ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഓൺലൈൻ സംവിധാനത്തിന്റെ അപാകത അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന് ഓൺലൈനായി ഫീസ് അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയതുവഴി യാതൊരു തുകയും നഷ്ടപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ 8 സബ് രജിസ്ട്രാർ ഓഫീസുകളിലായി രജിസ്ട്രേഷൻ ഫീസിനത്തിൽ നെറ്റ് ബാങ്കിംഗ് സംവിധാനംവഴി ഒടുക്കിയ 1,02,819 രൂപ സർക്കാർ ഖജനാവിൽ വരവ് വയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുകയും ആയത് സബ് രജിസ്ട്രാർ മുഖാന്തിരം ബന്ധപ്പെട്ട കക്ഷിയെക്കൊണ്ട് തുക ഒടുക്കിയിട്ടുള്ളതുമാണ്. ഓൺലൈൻ സംവിധാനത്തിലെ 4 മാനദണ്ഡങ്ങളിൽ രണ്ടെണ്ണം പ്രവർത്തിക്കാത്തത് കാരണമാണ് മേൽ പോരായ്മയുണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. ഓൺലൈൻ സംവിധാനത്തിലുണ്ടായ അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ രജിസ്ട്രേഷൻ വകുപ്പിന്റെ സഹായം**

79(3686) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിന്റെ സഹായം, റവന്യൂവകുപ്പിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) യഥാർത്ഥ ആധാരത്തിന്റെ പകർപ്പ് ഓൺലൈനായി റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് നടപടി സ്വീകരിക്കാത്തതിനാലാണ് ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കാൻ കഴിയാത്തതെന്ന റിപ്പോർട്ടുകൾ രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ റവന്യൂ വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര ധനസഹായം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസിന്റെ ഗ്രേഡ് ഉയർത്തുവാൻ നടപടി**

80(3687) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാരുടെ ജോലിഭാരം പരിഗണിച്ച് അധിക തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആധാരങ്ങളുടെ രജിസ്ട്രേഷൻ കൂടാതെ മറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾക്കും നിരവധിപേർ ആശ്രയിക്കുന്ന കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസിന്റെ ഗ്രേഡ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ എത്ര; ഇത് നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ജോലി ഭാരത്തിനനുസരിച്ച് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഗ്രേഡ് നിശ്ചയിക്കുന്ന രീതി രജിസ്ട്രേഷൻ നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്യുന്നില്ല.

(സി) മലപ്പുറം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ സീനിയർ ക്ലർക്കിന്റെ ഒരു ഒഴിവും ക്ലർക്കിന്റെ ഒരു ഒഴിവും ഉണ്ട്. ഈ ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി**

81(3688) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനംവഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധ്യമാകുന്നതാണ്. അതിനാൽ അപേക്ഷകർക്ക് നേരിട്ട് ഓഫീസിൽ ഹാജരാകാതെ ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ സേവനം ലഭിക്കുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് വകുപ്പിൽനിന്ന് നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് സംവിധാനവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്ന സബ് രജിസ്ട്രാർ തല അവലോകന യോഗങ്ങൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ/ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണങ്ങൾക്കായി ഈ ആഫീസിലെ ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ വകുപ്പിലെ വിജിലൻസ് ഹെഡ് & സംസ്ഥാന വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ മേഖലാ തലത്തിൽ 4 ഡെപ്യൂട്ടി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാരെ കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മേഖലാ വിജിലൻസ് ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്.

തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽ 2016 മേയ് മാസം മുതൽ ലഭിച്ച വരവുതുക ട്രഷറിയിൽ അടയ്ക്കുന്നതിൽ വീഴ്ചവരുത്തുകയും 53 ലക്ഷം രൂപയുടെ സാമ്പത്തിക തിരിമറി നടത്തുകയും ചെയ്തുവെന്ന പരാതി പരിശോധിച്ചതിൽ, മേയ് മാസം മുതൽ രജിസ്ട്രാർ ഓഫീസിലെ വരവു തുക റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി നേരിട്ട് ട്രഷറിയിൽ അടയ്ക്കുന്നതിനുപകരം, ഓഫീസിൽ ചായ കൊണ്ടുവരുന്ന വ്യക്തിയുടെ കയ്യിൽ ഏൽപ്പിക്കുകയും ടിയാൾ ടി തുക ട്രഷറിയിൽ ഒടുക്കാതെ അപഹരിക്കുകയും വ്യാജ രസീതുകൾ ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്തു എന്ന് കണ്ടെത്തുകയും തുക ട്രഷറിയിൽ അടയ്ക്കുന്നതിന് ചുമതലപ്പെട്ട ഓഫീസ് അറ്റന്റന്റുമാർ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കാതെ ഗുരുതരമായ വീഴ്ച വരുത്തിയതുമൂലം സർക്കാരിന് 53 ലക്ഷം രൂപയുടെ നഷ്ടം

ഉണ്ടായതായും കണ്ടെത്തി. സബ് രജിസ്ട്രാർ, ഹെഡ് ക്ലർക്ക് എന്നീ മേലധികാരികളിൽനിന്നും ഡ്യൂട്ടി നിർവ്വഹിക്കുന്നതിൽ വീഴ്ച ഉണ്ടായി എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉത്തരവാദികളായ രണ്ട് സബ് രജിസ്ട്രാർമാരെയും ഹെഡ് ക്ലാർക്കിനേയും ഓഫീസ് അറ്റന്റന്റുമാരേയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ഓഫീസ് അറ്റന്റന്റുമാർക്കെതിരെ സാമ്പത്തിക ക്രമക്കേടിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. പോലീസ് അന്വേഷണം നടന്നുവരുന്നു.

മലപ്പുറം ജില്ലയിൽ തേഞ്ഞിപ്പാലം സബ് രജിസ്ട്രാർ ഓഫീസിൽ പോലീസ് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത രൂപ പിടിച്ചെടുത്തു. ഇതിന് ഉത്തരവാദിയായ സബ് രജിസ്ട്രാറെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നുവരുന്നു.

പൂവാർ സബ് രജിസ്ട്രാറുടെ ചാർജ്ജ് വഹിക്കുമ്പോൾ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളിലൂടെ സർക്കാരിന് 7 കോടിയോളം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വേണ്ടത്ര അവധാനതയോടെ ഡ്യൂട്ടി നിർവ്വഹിക്കാൻ സാധിക്കാതെ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും സർക്കാരിന്റെ 1.75 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്ത ജീവനക്കാരിയെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**നേമം റെയിൽവേ സ്റ്റേഷൻ വികസനം**

82(3689) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് നേമം റെയിൽവേ സ്റ്റേഷന്റെ വികസനത്തിനുവേണ്ട നടപടികൾ എത്രയുംവേഗം കൈക്കൊള്ളുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമോ;

(സി) നേമം റെയിൽവേ സ്റ്റേഷൻ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം കൈമാറുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നേമം റെയിൽവേ സ്റ്റേഷൻ വികസനവുമായി ബന്ധപ്പെട്ട് റെയിൽവേയിൽനിന്ന് അർത്ഥന ലഭിച്ചിട്ടില്ല.

(ബി&സി) അർത്ഥന ലഭ്യമാക്കുന്ന കാര്യത്തിൽ റെയിൽവേ അധികാരികളുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതാണ്.

**റെയിൽവേ യാത്രക്കാരുടെ സംരക്ഷണത്തിനുള്ള നടപടി**

83(3690) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ യാത്രക്കാരുടെ ജീവനും സ്വത്തിനുമുള്ള സംരക്ഷണത്തിനായും സുരക്ഷയ്ക്കായും സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ, റെയിൽവേയും കേരള പോലീസും സംയുക്തമായി, ഓരോ ബോഗിയിലും കേരള പോലീസിലെ ഒരാളെ വീതമെങ്കിലും സ്ഥിരമായി നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലൂടെ വനിതായാത്രക്കാർക്ക് നേരെയുള്ള ആക്രമണങ്ങളും ബോഗികളിലെ മോഷണങ്ങളും മറ്റും തടയുവാൻ സാധിയ്ക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) റെയിൽവേ യാത്രക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണത്തിനായി മിക്കവാറും എല്ലാ ട്രെയിനുകളിലും റെയിൽവേ പോലീസ് വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നുണ്ട്. അവർ എല്ലാ കോച്ചുകളിലും പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ വനിതാ യാത്രക്കാർക്ക് നേരെയുള്ള ആക്രമണങ്ങളും ബോഗികളിലെ മോഷണങ്ങളും മറ്റും തടയുവാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. എല്ലാ ട്രെയിനുകളിലും ഓരോ ബോഗിയിലും ഒരാളെ വീതം ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ആവശ്യമായ അംഗസംഖ്യ റെയിൽവേ പോലീസ് യൂണിറ്റിൽ നിലവിൽ ഇല്ല.

### നിലമ്പൂർ-നഞ്ചൻകോട് റെയിൽപാതയുടെ സർവ്വെ നടപടികൾ

84(T*3691) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-നഞ്ചൻകോട് റെയിൽപാതയുടെ സർവ്വെ നടപടികൾ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സർവ്വെ നടപടികൾക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) സർവ്വെ നടപടികൾ പുനരാരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

17-3-2017-ൽ കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (അടിസ്ഥാന സൗകര്യ വികസന വകുപ്പ്) അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത കേരളത്തിലെയും കർണ്ണാടകത്തിലെയും സംരക്ഷിത വനപ്രദേശങ്ങളിലൂടെയും കടുവ സങ്കേതത്തിലൂടെയും കടന്നുപോകുന്നതിനാൽ ബദൽ പാത കണ്ടെത്താൻ തീരുമാനിച്ചിരുന്നു.

17-4-2017-ൽ ബംഗളൂരുവിൽ നടന്ന കേരള-കർണ്ണാടക ചീഫ് സെക്രട്ടറിതല യോഗത്തെ തുടർന്ന് ഡി.എം.ആർ.സി. തയ്യാറാക്കിയ സ്കെച്ച് പ്രകാരമുള്ള നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി സംബന്ധിച്ച തുടർനടപടികൾ നിർത്തി വച്ചിരിക്കുകയുമാണ്.

(ബി) തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) പരിശോധിച്ചുവരുന്നു.

### തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം

85(3692) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആസ്ഥാന റെയിൽവേ സ്റ്റേഷനായ തിരൂരിൽ രാജധാനി (ട്രെയിൻ നമ്പർ 12431) ഉൾപ്പെടെ നിരവധി ട്രെയിനുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തതുകാരണം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---
* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) രാജധാനി എക്സ്പ്രസ് (നമ്പർ 12431) ട്രെയിനിനെങ്കിലും തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജധാനി എക്സ്പ്രസ് (നമ്പർ 12431) ട്രെയിനിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനോടും റെയിൽവേ ബോർഡിനോടും ആവശ്യപ്പെടുന്നതാണ്.

**ദേശീയ നൈപുണ്യ വികസന പദ്ധതി**

86(3693) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടിയുള്ള ദേശീയനൈപുണ്യ വികസന പദ്ധതിക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കേരളത്തിലെ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി കേന്ദ്രം അംഗീകരിച്ച് നാലു വർഷക്കാലം പിന്നിട്ടിട്ടും പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിലോ, സർക്കാർ തലത്തിലോ ആലോചന നടന്നിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ടി നൈപുണ്യ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് കേന്ദ്രം നൽകിവരുന്ന മുഴുവൻ വിഹിതവും റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ നൈപുണ്യ വികസന പദ്ധതി പ്രകാരം വിവിധ കോഴ്സുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ 2017-18 അദ്ധ്യയന വർഷം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. ആർ. വി. ജി. മേനോൻ ചെയർമാനായുള്ള ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 വി.എച്ച്.എസ്.ഇ. വിദ്യാലയങ്ങളിലെ ഒമ്പതാം ക്ലാസിൽ 2017-18 അദ്ധ്യയന വർഷം തന്നെ ലെവൽ 1 ക്ലാസ്സുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതുസംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ദേശീയ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് 2018 ഡിസംബറിനുശേഷം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ഫണ്ടുകൾ കിട്ടാത്ത സാഹചര്യമുണ്ട്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത

87(3694) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂളിൽനിന്നും 2016-17 അദ്ധ്യയനവർഷം വിരമിച്ച അദ്ധ്യാപകർക്ക് പകരം 2017-18 അദ്ധ്യയന വർഷാരംഭത്തിൽ പുതിയ അദ്ധ്യാപകരെ നിയമിക്കുവാൻ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർക്ക് സാധിക്കുമോ;

(ബി) ഇങ്ങനെ നിയമിതരാകുന്ന അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാണോ; ഇവർക്ക് കെ-ടെറ്റ് നേടാൻ ഒരു വർഷത്തെ സമയം അനുവദിക്കുമോ;

(സി) 2017-18 വർഷം നിയമിതരാവുന്ന അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത ഇല്ലെങ്കിൽ നിയമനാംഗീകാരം ലഭിക്കുമോ;

(ഡി) പി. എസ്. സി. ലിസ്റ്റിലുള്ള അദ്ധ്യാപകർക്ക് കെ-ടെറ്റ് ഇല്ലാതെ സർക്കാർ സ്കൂളുകളിൽ നിയമനം ലഭിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 അദ്ധ്യയന വർഷം വിരമിച്ച അദ്ധ്യാപകർക്ക് പകരം 2017-18-ൽ പുതിയ അദ്ധ്യാപകരെ, ബന്ധപ്പെട്ട ചട്ടങ്ങളനുസരിച്ചുമാത്രം നിയമിക്കാൻ മാനേജർക്ക് സാധിക്കും.

(ബി) 2017-18-ൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് നിലവിലെ നിയമ പ്രകാരം കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. 31-3-2018 വരെ കെ-ടെറ്റ് യോഗ്യത നേടുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. [ജി.ഒ. (പി) നമ്പർ 3/2017/പൊ.വി.വ. തീയതി 21-2-2017 പ്രകാരം).

(സി) നിലവിലെ നിയമപ്രകാരം നിയമനാംഗീകാരം ലഭിക്കില്ല.

(ഡി) 30-8-2016-നുമുൻപ് വിജ്ഞാപനം ചെയ്ത് റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച തസ്തികകളുടെ നിയമന ശിപാർശ നടപടി താൽക്കാലികമായി നിർത്തിവയ്ക്കാൻ ബഹു. കമ്മീഷൻ 20-3-2017-ൽ തീരുമാനിച്ചിരുന്നു. എന്നാൽ ടി വിഷയത്തിന്റെ വിവിധ വശങ്ങൾ വീണ്ടും പരിശോധിച്ച് കമ്മീഷൻ 30-8-2016-നു മുമ്പ് വിജ്ഞാപനം ചെയ്തതും ഇപ്പോൾ നിയമനശിപാർശ ചെയ്യുമ്പോൾ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് OP(KAT)179/2016 നമ്പർ ഹർജിയിലെ അന്തിമ വിധിക്കും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും വിധേയമായാണ് നിയമന ശിപാർശ എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി നിയമനശിപാർശ പുനഃരാരംഭിക്കാൻ 27-3-2017-ൽ തീരുമാനിച്ചിട്ടുണ്ട്.

**ഗ്രീൻ പ്രോട്ടോകോൾ**

88(3695) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷം മുതൽ സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ 2016-17 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി വരുംവർഷങ്ങളിലും തുടരുന്നതാണ്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലാസ്റ്റിക് നിർമ്മിത ഉൽപ്പന്നങ്ങൾ നിരോധിക്കുക, പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 1 മുതൽ പ്ലാസ്റ്റിക്

കവറുകൾ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള കപ്പുകൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിക്ക് പുറമെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതുമൂലം അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നു എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

**അദ്ധ്യാപക തസ്തിക നിർണ്ണയം**

89(3696) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.ഐ. സമ്പ്രദായപ്രകാരം 2016-17 വർഷത്തെ അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ;

(ബി) എത്ര അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഈ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഇല്ല.

(ബി) 2016-17-ൽ തസ്തിക നിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 2016-17-ലെ തസ്തിക നിർണ്ണയം, പുനർവിന്യാസം എന്നിവയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട 27337/16 നമ്പർ റിട്ട് പെറ്റീഷനും അനുബന്ധ കേസുകളും നിലവിൽ കോടതിയുടെ പരിഗണനയിലാണ്. മേൽപ്പറഞ്ഞ കേസുകളിലെ അന്തിമവിധിക്കനുസരിച്ചുമാത്രമേ പ്രസ്തുത വർഷത്തെ തസ്തികനിർണ്ണയത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ

കഴിയുകയുള്ളൂ. ഇപ്രകാരം തസ്തികനിർണ്ണയം നടത്തിയതിനുശേഷം മാത്രമേ തസ്തികനഷ്ടം വന്നു പുറത്തായ അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**വിദ്യാഭ്യാസ അവകാശ നിയമം**

90(3697) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടും ഒറ്റപ്പെട്ട ദ്വീപുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ഈ അവകാശം നിഷേധിക്കപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളോ, പ്രീ പ്രൈമറി സ്കൂളുകളോ ഇല്ലാത്ത ഇത്തരം ദ്വീപിലെ കുട്ടികൾക്ക് സുരക്ഷിത യാത്രാ സൗകര്യം ഒരുക്കി അവരുടെ പഠനം തുടരുവാനുള്ള സൗകര്യം ഒരുക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

**ഐ.ഇ.ഡി. റിസോഴ്സ് ടീച്ചർമാർക്ക് ആനുകൂല്യങ്ങൾ**

91(3698) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ 10 വർഷം മുതൽ 18 വർഷം വരെ ജോലി ചെയ്തു വരുന്ന ഐ.ഇ.ഡി. റിസോഴ്സ് ടീച്ചർമാർക്ക് ജോലി സ്ഥിരത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ ഉണ്ടാകുമോ;

(ബി) 10 വർഷം മുതൽ 18 വർഷം വരെ സർവ്വീസുള്ള, സർക്കാർ ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞ 150 ഓളം വരുന്ന റിസോഴ്സ് ടീച്ചർമാരെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകി സ്ഥിരപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) ഐ.ഇ.ഡി.സി./ഐ.ഇ.ഡി.എസ്.എസ്. എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കരാർ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് റിസോഴ്സ് ടീച്ചേഴ്സിന് നിയമനം നൽകിയിട്ടുള്ളത്. ഐ.ഇ.ഡി.സി./ ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ പൂർണ്ണമായും ഓരോ അക്കാദമിക വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനം നൽകാൻ ഉതകുന്ന വിധത്തിൽ സർക്കാർ ഉത്തരവുകളോ നിയമവ്യവസ്ഥയോ ഇല്ല. കൂടാതെ, താത്കാലിക നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള ബഹു. സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്.

**കെ-ടെറ്റ് പരീക്ഷ**

92(3699) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷ (കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്) അദ്ധ്യാപക നിയമനത്തിന് നിർബന്ധിതമാക്കിയത് എന്നു മുതലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വർഷത്തിൽ രണ്ടു തവണ നടത്തേണ്ട പരീക്ഷ അതനുസരിച്ച് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തിൽ നടത്തിയ കെ-ടെറ്റ് പരീക്ഷയിൽ എത്ര ശതമാനം പേരാണ് തോറ്റത്;

(ഡി) ഈ പരീക്ഷയ്ക്ക് ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. വിജ്ഞാപനത്തിലോ നിയമന ഉത്തരവിലോ ആവശ്യപ്പെടാത്ത കെ-ടെറ്റ് പരീക്ഷ ജയിക്കണമെന്ന നിബന്ധനയിൽനിന്ന് സർവ്വീസിലുള്ള ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ 2013-2014 അധ്യയന വർഷത്തിൽ സർവ്വീസിൽ പ്രവേശിച്ചവരെ കൂടി ഒഴിവാക്കുമോ?

<u>ഉത്തരം</u>

(എ) 2012-13 വർഷം നിയമിതരായവർക്ക് നിയമന അംഗീകാരം ലഭിക്കണമെങ്കിൽ അവർ കെ-ടെറ്റ് യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന്

25-7-2012-ലെ 244/12/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഉത്തരവായിട്ടുണ്ട്. 31-3-2012 വരെ സ്ഥിരവേക്കൻസിയിൽ നിയമനം ലഭിച്ചവരെ കെ-ടെറ്റ്-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) സർക്കാർ ഉത്തരവ് നമ്പർ 18/2017/പൊ.വി.വ. തീയതി 15-3-2017 പ്രകാരം വർഷത്തിൽ രണ്ടുതവണ പരീക്ഷ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) 86.48 %

(ഡി) ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

(ഇ) 30-8-2016-ലെ സ.ഉ. (പി) നമ്പർ 145/2016/പൊ.വി.വ. പ്രകാരം പി.എസ്.സി വിജ്ഞാപനങ്ങൾക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കി ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം 2012-13 വർഷം മുതൽ സർവ്വീസിൽ പ്രവേശിച്ചവർ 31-3-2008-നുമുമ്പ് കെ-ടെറ്റ് യോഗ്യത നിലവിൽവന്നതിനുശേഷം സർവ്വീസിലുള്ള ആരെയും ഒഴിവാക്കിയിട്ടില്ല.

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി.**

93(3700) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ എൻ.ഒ.സി. നല്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നത്;

(ബി) സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകൾ പിന്തുടരുന്ന സ്കൂളുകളിൽ അഡ്മിഷൻ ഫീസ് ഇനത്തിലും, അക്കാഡമിക് ഫീസ് ഇനത്തിലും, ടെക്സ്റ്റ് ബുക്ക്, യൂണിഫോം, മറ്റ് പഠനോപകരണങ്ങൾ എന്നിവയുടെ വിലയിനത്തിലും, വൻതുക വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അനഭിലഷണീയമായ പ്രവണതകൾ നിയന്ത്രിക്കുന്നതിന് തയ്യാറാകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളുമായി ആലോചിച്ച് മേൽപ്പറഞ്ഞ വിഷയങ്ങളിലെല്ലാം ഒരു ഏകീകൃത സമ്പ്രദായം നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-10-2011-ലെ G.O.(Ms)No.202/2011/G.Edn, 7-12-2012-ലെ G.O.(Ms)No.384/2012/G.Edn എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ എൻ.ഒ.സി. നൽകിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്. സ്കൂളുകളെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ബി.ആർ.സി. കളിലെ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ

94(3701) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കുറവുമൂലം 2016-ൽ ജോലി നഷ്ടപ്പെട്ട് ഗവൺമെന്റ് സ്കൂളുകളിലേക്ക് പുനർ നിയമനം നൽകപ്പെട്ട സംരക്ഷിത അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ 2012-ലെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട് ബി.ആർ.സി.കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്കൂളുകളിൽ പുനർനിയമനം നൽകിയ സംരക്ഷിത അദ്ധ്യാപകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും (ഇൻക്രിമെന്റ്, ലീവ് സറണ്ടർ തുടങ്ങിയവ ഉൾപ്പെടെ) ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ബി.ആർ.സി.കളിൽ നിയമിതരായ സംരക്ഷിത അദ്ധ്യാപകർക്ക് കൂടി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ സംരക്ഷിത അദ്ധ്യാപക ലിസ്റ്റിൽപ്പെട്ട അദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ശമ്പളം സംബന്ധിച്ച അപാകതകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട് പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകർക്ക് അവരുടെ മാതൃവിദ്യാലയത്തിൽ തസ്തികയും ഒഴിവും ലഭ്യമാകുമ്പോൾ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്കൂളിൽ പുനഃപ്രവേശി ക്കാവുന്നതാണ്.

**എസ്.എസ്.എൽ.സി. പരീക്ഷക്ക് പുനഃപരീക്ഷ നടത്തേണ്ട സാഹചര്യം**

95(3702) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷക്ക് പുനഃപരീക്ഷ നടത്തേണ്ട സാഹചര്യത്തെ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭാവിയിൽ ഇത്തരം പ്രധാനപ്പെട്ട പരീക്ഷകൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 20-3-2017-ൽ നടന്ന എസ്.എസ്.എൽ.സി. ഗണിതശാസ്ത്രം പരീക്ഷ ചോദ്യപേപ്പറിലെ ചില ചോദ്യങ്ങൾക്ക് ഒരു സ്വകാര്യ സ്ഥാപനം നടത്തിയ മോഡൽ പരീക്ഷയുടെ ചോദ്യപേപ്പറുമായി സാമ്യമുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്യുകയും 30-3-2017-ന് പുനഃപരീക്ഷ നടത്തുകയുമുണ്ടായി. ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മുൻകരുതലുകൾ സ്വീകരിക്കുന്നത് സംബന്ധിച്ച മാറ്റങ്ങൾ പരിശോധിച്ചുവരുന്നു.

## എസ്.എസ്.എൽ.സി. പരീക്ഷ

96(3703) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ ചോദ്യകർത്താക്കളുടെ പേരുവിവരങ്ങൾ ചോർത്തിയെടുത്ത് അവരെകൊണ്ട് മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കി കച്ചവടം ചെയ്യുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന്റെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ എസ്.സി.ഇ.ആർ.റ്റി.-യിൽ നിന്നും ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് വിദഗ്ദ്ധരായ അദ്ധ്യാപകരുടെ പാനൽ ആവശ്യപ്പെടുകയും ലഭിക്കുന്ന പാനലിൽനിന്നും ഒരു ചെയർമാനെയും 4 സെറ്റർമാരെയും ഓരോ വിഷയത്തിനും തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അതിനുശേഷം ചെയർമാൻമാരുടെ യോഗം പരീക്ഷാ സെക്രട്ടറി വിളിക്കുകയും ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ചെയർമാൻമാർക്കും സെറ്റർമാർക്കും എസ്.സി.ഇ.ആർ.റ്റി.-യിൽനിന്നും ലഭിക്കുന്ന മോഡൽ ചോദ്യപേപ്പറുകളും നിർദ്ദേശങ്ങളും പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായിയും നൽകുന്നു. ചെയർമാൻമാർ തങ്ങളുടെ കീഴിലുള്ള ഓരോ ചോദ്യരചയിതാക്കളെയും വെവ്വേറെ തയ്യാറാക്കിയ ചോദ്യപേപ്പറുകൾ സഹിതം ഹാജരാകുവാൻ ആവശ്യപ്പെടുകയും ചോദ്യപേപ്പറുകൾ പരീക്ഷാ ഭവനിൽ വച്ച് 2 ദിവസം സൂക്ഷ്മപരിശോധന നടത്തുകയും സീൽ ചെയ്ത കവറുകളിൽ 4 ചോദ്യപേപ്പറുകളും പരീക്ഷാഭവനിൽ എത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത 4 ചോദ്യപേപ്പറുകളിൽ ഒരെണ്ണം മോഡൽ പരീക്ഷയ്ക്കും ഒരെണ്ണം പൊതു പരീക്ഷയ്ക്കുമായി പരീക്ഷാ കമ്മീഷണർ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുത്ത ചോദ്യപേപ്പർ പരീക്ഷാ സെക്രട്ടറി നേരിട്ട് സെക്യൂരിറ്റി പ്രിന്റർക്ക് അയച്ചുകൊടുക്കുന്നു.

## ലബ്ബ കമ്മിറ്റി റിപ്പോർട്ട്

97(3704) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി അദ്ധ്യാപകർക്കു സേവനവേതന തുല്യത ഉറപ്പു വരുത്താൻ ശിപാർശ ചെയ്ത ലബ്ബ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരേ ജോലിയെടുക്കുന്ന അദ്ധ്യാപകരെ ജൂനിയർ എന്നും സീനിയർ എന്നും തരം തിരിക്കുന്ന നടപടി നിർത്തലാക്കണമെന്ന ലബ്ബ കമ്മിറ്റിയുടെ ശിപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ലബ്ബാകമ്മിറ്റി റിപ്പോർട്ടിലെ ചില ശിപാർശകൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ശിപാർശകൾ നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പുനഃസംഘടന

98(3705) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സമഗ്രമായ ഒരു പുനഃസംഘടന സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

99(3706) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെങ്കിലും എൽ.പി.സ്കൂളിനെ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എൽ.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18-6-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ചുപരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തിവരികയാണ്. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(സി) കുട്ടിയുടെ താമസ സ്ഥലത്തുനിന്നും ഒരു കിലോമീറ്റർ പരിധിയിൽ എൽ.പി. സ്കൂൾ, മൂന്ന് കിലോമീറ്റർ പരിധിയിൽ യു.പി. സ്കൂൾ അഞ്ച് കിലോമീറ്റർ പരിധിയിൽ ഹൈസ്കൂൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് കേന്ദ്ര ആർ.റ്റി.ഇ. ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## എൽ.പി./യു.പി. സ്കൂളുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

100(3707) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് എത്ര എൽ.പി./യു.പി സ്കൂളുകളെയാണ് ഹൈടെക് സ്കൂളുകളായി ഉയർത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) എൽ.പി./യു.പി. സ്കൂളുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്ന് മുതൽ തുടങ്ങുമെന്ന് സർക്കാർ വിശദമാക്കുമോ?

ഉത്തരം

(എ-സി) എൽ.പി./യു.പി. സ്കൂളുകളെ ഹൈടെക് സ്കൂളുകളായി ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. നിലവിൽ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളാണ് ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രൈമറി തലത്തിൽ പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ (ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ 'കളിപ്പെട്ടി', അഞ്ചുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ 'ഇ @ വിദ്യ') അദ്ധ്യാപക പരിശീലനം, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

## പ്ലസ് ടു അദ്ധ്യാപക നിയമനം

101(3708) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും 2016 അദ്ധ്യയന വർഷം പ്രാബല്യത്തിൽ തസ്തികകളുടെ എണ്ണം രേഖപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഉത്തരവ് ഇറക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നതായി അറിയാമോ; ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; ഇതിന്റെ തുടർ നടപടി വിശദമാക്കാമോ;

(ബി) പുതുതായി അനുവദിച്ച സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്കും, അധിക ബാച്ചുകളിലേക്കും തസ്തികകൾ സൃഷ്ടിക്കുന്നതിന് ധന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; അതിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് വിശദീകരിക്കുമോ;

(സി) ടി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ദിവസ വേതനം പലർക്കും ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവ് പ്രകാരം എത്ര അദ്ധ്യാപകർക്ക് വേതനം ലഭിച്ചു; ഏതെല്ലാം വർഷങ്ങളിലെ വേതനമാണ് ലഭിച്ചത്; എത്ര പേർക്ക് വേതനം ഇനിയും ലഭിക്കാനുണ്ട്; ആർ. ഡി. ഡി. തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക്/ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11-4-2016-ലെ സ.ഉ. (കൈ)നമ്പർ 76/2016/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് തസ്തികകളുടെ എണ്ണം വ്യക്തമാക്കിക്കൊണ്ടുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുന്നതേയുള്ളൂ.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

102(3709) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോമേഴ്സ് (സീനിയർ/ജൂനിയർ/നോൺ വോക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്;

(ബി) കഴിഞ്ഞ സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി അധിക ബാച്ചുകളുടെ അദ്ധ്യാപക തസ്തികകളുടെ പോസ്റ്റ് ക്രിയേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) എച്ച്.എസ്.എ.യിൽ നിന്ന് എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. (കോമേഴ്സ്) ആയി പ്രൊമോഷന് അർഹതയുണ്ടെന്നും എത്ര ഒഴിവുകൾ ഇതിനായി മാറ്റിവച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1-1-2016 മുതൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കൊമേഴ്സിന്റെ 21 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സിന്റെ 4 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഒഴിവുകളിൽ 11 എണ്ണവും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സിന്റെ ഒഴിവുകളിൽ 4 എണ്ണവും പി.എസ്.സി. യിൽ നിന്നുള്ള നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്.

നോൺ വൊക്കേഷണൽ (കൊമേഴ്സ്) അദ്ധ്യാപകരുടെ 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരേയും പി.എസ്.സി. ശിപാർശ ചെയ്തിട്ടില്ല.

(ബി) ഇല്ല. 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ സർക്കാർ/ എയ്ഡഡ് മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക്/ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11-4-2016-ലെ സ.ഉ.(കൈ)നമ്പർ 76/2016/പൊ.വി. നമ്പർ ഉത്തരവുപ്രകാരം തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് തസ്തികകളുടെ എണ്ണം വ്യക്തമാക്കിക്കൊണ്ടുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പിരീയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലെ 33 ഒഴിവുകൾ.

(ഡി) ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകളുടെ പി.എസ്.സി. വിജ്ഞാപനം**

103(3710) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ ഏതെല്ലാമാണെന്ന് അറിയുമോ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി പ്രസ്തുത അദ്ധ്യാപക തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ തസ്തികകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റം**

104(3711) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ 2017-18 അദ്ധ്യയന വർഷത്തിലേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്ഥലംമാറ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഹയർ സെക്കന്ററി അദ്ധ്യാപക സ്ഥലംമാറ്റ മാനദണ്ഡങ്ങൾ കോളേജ് അദ്ധ്യാപകരുടേത് പോലെ ഏകീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ 3-4-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ മാനദണ്ഡമനുസരിച്ച് സോഫ്റ്റ്‍വെയർ തയ്യാറാക്കുന്നതിന് എൻ.ഐ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി എൻ.ഐ.സി. ആവശ്യപ്പെട്ട ഫണ്ടും അനുവദിച്ച് നൽകിയിട്ടുണ്ട്. സോഫ്റ്റ്‍വെയറിൽ മാറ്റംവരുത്തുന്ന നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നതാണ്.

(സി) ഹയർ സെക്കന്ററി അദ്ധ്യാപക സ്ഥലംമാറ്റ മാനദണ്ഡങ്ങൾ കോളേജ് അദ്ധ്യാപകരുടേതുപോലെ ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലില്ല.

## ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

105(3712) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ 2014-15, 2015-16 അദ്ധ്യയന വർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് 2017-ലെ ബഡ്ജറ്റിൽ എത്ര രൂപയാണ് അനുവദിച്ചത്; ഇതു പ്രകാരം പുതിയതായി അനുവദിച്ച സർക്കാർ സ്കൂൾ/എയ്ഡഡ് സ്കൂൾ/അഡീഷണൽ ബാച്ച് എന്നിവയിൽ എത്ര തസ്തികയാണ് സൃഷ്ടിക്കുക; തരംതിരിച്ച് കണക്ക് നൽകാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നിലപാട് എന്താണ്; ഈ അദ്ധ്യാപകർക്ക് മുൻകാല പ്രാബല്യം നൽകുമോ;

(സി) തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഫയലിൽ ധനകാര്യവകുപ്പിന്റെ ശിപാർശ എന്തായിരുന്നു; വ്യക്തമാക്കാമോ;

(ഡി) ടി സ്കൂളുകളിൽ ഏതു വർഷം മുതൽ തസ്തിക സൃഷ്ടിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഇ) ടി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മൂന്നു വർഷമായി ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ഏതെല്ലാം വർഷത്തെ ഗസ്റ്റ് വേതനം നൽകാനാണ് ധനകാര്യവകുപ്പ് അംഗീകാരം നൽകിയത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക്/ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11-4-2016-ലെ സ.ഉ.(കൈ) നമ്പർ 76/2016/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾ വരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം വിശദമായി പരിശോധിച്ചുവരുന്നു.

(ഡി) 2017-18 അദ്ധ്യയന വർഷം തസ്തിക സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം**

106(3713) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകർ ആഴ്ചയിൽ എട്ട് പീരിയഡ് അധികം പഠിപ്പിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം നിർദ്ദേശം നടപ്പിലാക്കിയാൽ അദ്ധ്യാപകരുടെ ജോലിഭാരം കൂടുമെന്നതും നിയമനാംഗീകാരം കിട്ടാത്ത ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന് ഭീഷണിയാകുമെന്നുമുള്ള വസ്തുത പരിഗണിച്ച് ഈ നിർദ്ദേശം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ഹയർ സെക്കന്ററി സൗകര്യമില്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകൾ

107(3714) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സൗകര്യമില്ലാത്ത എത്ര ഗവൺമെന്റ് ഹൈസ്കൂളുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) പിന്നോക്ക മേഖലകളിൽ പ്രവർത്തിക്കുന്ന ആർ, എം. എസ്. എ. ഹൈസ്കൂളുകളിൽ ഹയർസെക്കന്ററി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിച്ച് അവ പരിശോധിച്ച് മാത്രമേ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ടി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയശേഷം അപേക്ഷകൾ ക്ഷണിക്കുമ്പോൾ പ്രസ്തുത നയപരമായ തീരുമാനത്തിനുള്ളിൽ വരുന്നപക്ഷം ആർ.എം.എസ്.എ. ഹൈസ്കൂളുകൾക്കും എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

## പള്ളം ഗവൺമെന്റ് എൽ.പി. സ്കൂളിൽ ടീച്ചർമാരുടെ തസ്തിക

108(3715) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ വടക്കാഞ്ചേരി എ.ഇ.ഒ.യുടെ പരിധിയിൽ വരുന്ന പള്ളം ഗവൺമെന്റ് എൽ.പി. സ്കൂളിൽ അദ്ധ്യാപകരുടെ എത്ര തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; അറിയിക്കാമോ;

(സി) സ്കൂൾ തുറക്കുന്നതിനു മുമ്പ് ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പള്ളം ഗവൺമെന്റ് എൽ.പി. വിദ്യാലയത്തിൽ നിലവിൽ ഒരു പ്രധാന അദ്ധ്യാപികയുടെയും മൂന്ന് ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റിന്റെയും ഒരു ജൂനിയർ അറബിക് (പി.ടി.) യുടെയും അദ്ധ്യാപക തസ്തിക അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) രണ്ട് ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റിന്റെയും ഒരു ജൂനിയർ അറബിക് (പി.ടി.) യുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

109(3716) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും സർക്കാർ ഇതുവരെ ചെയ്തതും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാസർഗോഡ് ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേര് വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) എയ്ഡഡ് സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; ഇത്തരത്തിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളുടെ പേര് വിവരം മണ്ഡലം തിരിച്ചു നൽകാമോ?

<u>ഉത്തരം</u>

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ ഇതുവരെ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലെയും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുവേണ്ടി നിയോജക മണ്ഡലം എം.എൽ.എ.യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 141 സ്കൂളുകളെ തെരഞ്ഞെടുക്കുകയും പ്രസ്തുത ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ

പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനായി കണ്ടെത്തിയിട്ടുള്ള 40 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളിൽ 37 എണ്ണം പദ്ധതി നിർവ്വഹണ ത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 'കിഫ്ബി' പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

2. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 4 നിയോജകമണ്ഡലങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്നു.

3. അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ് സംവിധാനം' ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

4. പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ 2016-17 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു.

5. കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'ജൈവ വൈവിദ്ധ്യ ഉദ്യാനം' സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിലും മണ്ഡലം എം.എൽ.എ. യുടെ ശിപാർശയുടെ അടിസ്ഥാനത്തിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

6. അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. മികവിന്റെ കേന്ദ്രങ്ങളായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം 2021-22 അദ്ധ്യയന വർഷത്തോടുകൂടി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

2. 2017-18 അദ്ധ്യയന വർഷത്തോടുകൂടി ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റാനാകുമെന്ന് കരുതുന്നു.

3. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ. യുടെ ശിപാർശകൂടി കണക്കിലെടുത്ത് എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയുടെ കൂടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്ന പദ്ധതിയുടേയും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള വിവിധ അദ്ധ്യാപക പരിശീലന പരിപാടികളുടെയും പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എയ്ഡഡ് വിദ്യാലയങ്ങൾക്കും ലഭ്യമാക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങളിൽ മധ്യവേനലവധിക്കാല ക്യാമ്പുകൾ**

110(3717) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ മധ്യവേനലവധിക്കാലത്ത് കുട്ടികളുടെ കലാകായിക, സർഗ്ഗശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് കുട്ടികളെ പരിചയിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്; അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള പരിപാടികൾ എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിർബന്ധമായും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എസ്.എസ്.എ. സംഘടിപ്പിക്കുന്ന വേനൽക്കാല ക്യാമ്പാണ് പ്രതിഭോത്സവം.

(ബി) പൊതുവിദ്യാലയങ്ങളെ ടാലന്റ് ലാബുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിഭോത്സവം സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ആ മേഖലയിൽ പ്രാവീണ്യമുള്ളവരാക്കി തീർക്കുകയുമാണ് ലക്ഷ്യം.

(സി) ആദ്യഘട്ടത്തിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ അതത് എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ഓരോ യു.പി വിദ്യാലയങ്ങളിലാണ് പ്രതിഭോത്സവം സംഘടിപ്പിക്കുന്നത്.

**നോൺ-വൊക്കേഷണൽ അദ്ധ്യാപകരുടെ ജോലിഭാരം**

111(3718) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന നോൺ-വൊക്കേഷണൽ (ജൂനിയർ) അദ്ധ്യാപകരുടെ ജോലി ഭാരം, ഹയർ സെക്കണ്ടറി (സീനിയർ) അദ്ധ്യാപകരുടേതിന് തുല്യമാണോ; വിശദീകരിക്കാമോ;

(ബി) നോൺ-വൊക്കേഷണൽ (ജൂനിയർ) അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി (സീനിയർ) അദ്ധ്യാപകരുടെ ശമ്പളം നൽകണമെന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ വിഷയത്തിൽ 2016 വർഷത്തിലെ ഏതെങ്കിലും മന്ത്രിസഭായോഗം എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടായിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത മന്ത്രിസഭാ യോഗ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ?

ഉത്തരം

(എ) അല്ല. വി. എച്ച്. എസ്. ഇ. നോൺ-വൊക്കേഷണൽ (ജൂനിയർ) അദ്ധ്യാപകരുടെ ജോലി ഭാരം, എച്ച്.എസ്.എസ്. സീനിയർ അദ്ധ്യാപകരുടേതിന് തുല്യമല്ല. നോൺ-വൊക്കേഷണൽ ജൂനിയർ അദ്ധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ പരമാവധി 12 മണിക്കൂറാണ്. എന്നാൽ എച്ച്.എസ്.എസ്. സീനിയർ അദ്ധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ മിനിമം 16 പീരിയഡും പരമാവധി 25 പീരിയഡുമാണ്.

(ബി) ഉണ്ട്. ദീപേഷ് പി.കെ.-യും മറ്റുള്ളരും ഫയൽ ചെയ്ത ഒ.എ. 715/2016-ൽ 19-8-2016-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ടായിരുന്നു.

(ഡി) ഇല്ല. ഇക്കാര്യം പുനഃപരിശോധനയിലാണ്.

**എടക്കര എ.എസ്.എൽ.വി. സ്കൂൾ**

112(3719) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എടക്കര എ.എസ്.എൽ.വി. സ്കൂൾ ഇപ്പോൾ സർക്കാർ നിയന്ത്രണത്തിലാണോ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിദ്യാലയം പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എടക്കര എ.എസ്.വി.യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ടില്ല. സ്കൂളിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ മാനേജരായി നിയമിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങൾ അടച്ച് പൂട്ടുന്നത് സർക്കാർ നയമല്ല. എന്നാൽ സ്കൂൾ സ്ഥിരമായി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല. സ്കൂൾ പൂട്ടാതെ തുടർന്നുകൊണ്ടു പോകുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

**എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം**

113(3720) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽനിന്നും അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്;

(ബി) ഈ സർക്കാരിൻെറ കാലയളവിൽ എത്ര ജീവനക്കാരെ ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇങ്ങനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുമ്പോൾ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്താൻ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) കെ.ഇ.ആർ അദ്ധ്യായം 14 എ, ചട്ടം 14(എ) യിൽ പ്രതിപാദിച്ചിരിക്കുന്ന KSR, Part I, അദ്ധ്യായം XI, അദ്ധ്യായം IV(c) എന്നീ സർക്കാർ ജീവനക്കാർക്ക് ബാധകമായ നിയമങ്ങളും തത്വങ്ങളും എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ഒരുപോലെ ബാധകമാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഡെപ്യൂട്ടേഷൻ ഒഴിവുകൾ ഒരു നിശ്ചിത കാലയളവിലേയ്ക്ക് മാത്രമായതിനാൽ ഇത്തരം ഒഴിവുകളിലേയ്ക്ക് സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ചോ, പ്രസ്തുത സ്കൂളിലെ സീനിയർ അവകാശികളാലോ, പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി അദ്ധ്യാപകരെ ദിനവേതനാടിസ്ഥാനത്തിൽ നിയമിച്ചോ ഒഴിവുകൾ നികത്താവുന്നതാണ്.

**ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിയമനം**

114 (3721) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടും നാളിതുവരെ നിയമനം ലഭിക്കാത്ത കൊല്ലം ജില്ലയിലെ അപേക്ഷകരുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് സീനിയോറിറ്റി മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) നിയമന ഉത്തരവ് ലഭിച്ചവർക്ക് നിയമനം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ 30 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അപേക്ഷാ തീയതിയാണ് സീനിയോറിറ്റിക്കുള്ള മാനദണ്ഡം

(സി) ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകൾ ആശ്രിത നിയമനം വഴി നടത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഫാമിലി പെൻഷൻ അനുവദിക്കുന്നതിനായുള്ള അപേക്ഷ**

115(3722) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ, ശിവപുരം, കോളാരി എൽ.പി. സ്കൂൾ അദ്ധ്യാപകനായിരുന്ന കെ.നാരായണൻ നായർ 2015 നവംബർ 5-ന് മരണമടഞ്ഞതിനെത്തുടർന്ന് അദ്ദേഹത്തിന്റെ വിധവ പാപ്പിനിശ്ശേരി, അയിക്കൽ, ഐശ്വര്യയിൽ എ. വി. നാരായണി ഫാമിലി പെൻഷനുവേണ്ടി ക്രമപ്രകാരം അപേക്ഷ നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി അപേക്ഷയിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) അവർക്ക് ഫാമിലി പെൻഷൻ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ടിയാളുടെ സേവന പുസ്തകം ലഭ്യമായിട്ടില്ലാത്തതിനാൽ ഫാമിലി പെൻഷൻ പാസ്സാക്കി അക്കൗണ്ടന്റ് ജനറലിന് അയയ്ക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സേവന പുസ്തകം ലഭ്യമായാലുടൻ കുടുംബ പെൻഷൻ പാസ്സാക്കി അക്കൗണ്ടന്റ് ജനറലിന് അയയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. സേവന പുസ്തകം കണ്ടെത്തുന്നതിനുള്ള തീവ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതികൾ**

116(3723) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; ഒന്നാംഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജൈവവൈവിധ്യ ഉദ്യാനം, ലാബ് നവീകരണം, മികവിന്റെ കേന്ദ്രം, യു.പി. സ്കൂൾ നവീകരണം, രണ്ട് എൽ.പി. സ്കൂൾ നവീകരണം, അടിസ്ഥാന സൗകര്യവികസനം ഇവയിൽ ഏറനാട് മണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയ സ്കൂളുകൾ ഏതെല്ലാമാണ്; പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ;

(സി) ഓരോന്നിനും ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനായി സർക്കാർ താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1 ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

2 ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3 എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 1 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

ഒന്നാമത്തെ കർമ്മ പദ്ധതിയായ ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിലെ 40 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം 37 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി 'കിഫ്ബി' പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* രണ്ടാമത്തെ കർമ്മ പദ്ധതിയായ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്നു. മൂന്നാമത്തെ കർമ്മ പദ്ധതിയായ എൽ.പി., യു.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. നാലാമത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അദ്ധ്യാപക ശാക്തീകരണത്തിനായി കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ അദ്ധ്യാപക പരിശീലന പരിപാടികളും നടന്നുവരുന്നു.

(ബി) ലബോറട്ടറി നവീകരണം യു.പി.സ്കൂൾ നവീകരണം, രണ്ട് എൽ.പി.സ്കൂൾ നവീകരണം തുടങ്ങിയ പ്രവർത്തികൾക്കായുള്ള സ്കൂൾ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് പരിഗണിച്ചിട്ടുള്ളത് ഗവ. ഹയർ സെക്കന്ററി സ്കൂൾ കുഴിമണ്ണയും ജൈവവൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത് ഗവ. ഹൈസ്കൂൾ വടശ്ശേരിയുമാകുന്നു.

(സി) വിവിധ സ്കൂളുകളുടെ ബന്ധപ്പെട്ട പ്രവർത്തികളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### സ്കൂൾ പാചക തൊഴിലാളികൾ

117(3724) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ എഴുപതു മുതൽ എൺപതു വയസ്സുവരെ പ്രായമുള്ള പാചക തൊഴിലാളികൾ ഉള്ളതായും ഇവർക്ക് സ്വന്തമായി ജോലി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ ബന്ധുക്കളെ ഉപയോഗിച്ച് ജോലി നിർവ്വഹിക്കുന്നതായുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രായപരിധി നിശ്ചയിച്ച് കോമ്പൻസേഷൻ നൽകി റിട്ടയർമെന്റ് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ പാചക തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കാത്ത വെക്കേഷൻ കാലത്ത് ജീവനോപാധിയായി സാമ്പത്തികാനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമപെൻഷൻ ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പാചകത്തൊഴിലാളികളുടെ എണ്ണം നിശ്ചയിക്കുന്നതിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ ശാസ്ത്രീയമായ അനുപാതം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ചേലക്കര നിയോജകമണ്ഡലത്തിലെ സി.ബി.എസ്.ഇ. സ്കൂളുകൾ**

118(3725) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;അവയുടെ പേരുവിവരവും, ഡിവിഷനുകളുടെ എണ്ണവും, കുട്ടികളുടെ എണ്ണവും തരംതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നാലെണ്ണം പ്രവർത്തിക്കുന്നു. അവ സാന്റ് ജോസ് സെൻട്രൽ സ്കൂൾ എളനാട്, ഗ്രേസ് സെൻട്രൽ സ്കൂൾ വെങ്ങാനെല്ലൂർ, ചേലക്കര സെൻട്രൽ സ്കൂൾ, തോന്നൂർക്കര, അൽ-ഇർഷാദ് ഇംഗ്ലീഷ് സ്കൂൾ, പാഞ്ഞാൾ എന്നിവയാണ്. ഡിവിഷനുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

**ചേലക്കര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് യു.പി./എൽ.പി. സ്കൂളുകൾ**

119(3726) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര ഗവൺമെന്റ് യു.പി./ എൽ.പി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ ഒരോന്നിന്റെയും പേരുവിവരവും കുട്ടികളുടെ എണ്ണവും ഡിവിഷനുകളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) എത്ര എയിഡഡ് യു.പി./എൽ.പി. സ്കൂൾ ഉണ്ട്; അവയുടെ പേരുവിവരവും കുട്ടികളുടെ എണ്ണവും ഡിവിഷനുകളും പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) വിവരം അനുബന്ധം (2) ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ഏജൻസി

120(3727) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഏത് ഏജൻസിയെയാണ് സർക്കാർ ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്നുമുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്.)-യാണ് ഏൽപ്പിച്ചിരിക്കുന്നത്. 11, 12 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 'സി-ആപ്റ്റ്'-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത ഏജൻസികൾ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

## ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ

121(3728) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട എത്ര ലൈബ്രറികളാണ് കേരളത്തിൽ പ്രവർത്തിച്ച് വരുന്നത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) ലൈബ്രറികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ഡി) പ്രസ്തുത ലൈബ്രറികളിലെ ലൈബ്രേറിയൻമാരുടെ പ്രതിഫലം എത്രയാണ്; ഇവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 8,180 ഗ്രന്ഥശാലകളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ 2016-ലെ ഗ്രഡേഷനിൽ പങ്കെടുത്ത് ഗ്രാന്റിന് അർഹമായത് 5,838 ഗ്രന്ഥശാലകളാണ്. ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ഗ്രാന്റ് ലിസ്റ്റ് - 2016 -17 | | |
|---|---|---|
| ക്രമ നമ്പർ | ജില്ല | ആകെ |
| 1 | തിരുവനന്തപുരം | 536 |
| 2 | കൊല്ലം | 635 |
| 3 | പത്തനംതിട്ട | 271 |
| 4 | ആലപ്പുഴ | 286 |
| 5 | കോട്ടയം | 359 |
| 6 | ഇടുക്കി | 223 |
| 7 | എറണാകുളം | 435 |
| 8 | തൃശ്ശൂർ | 478 |
| 9 | പാലക്കാട് | 383 |
| 10 | മലപ്പുറം | 418 |
| 11 | കോഴിക്കോട് | 506 |
| 12 | വയനാട് | 189 |
| 13 | കണ്ണൂർ | 825 |
| 14 | കാസർഗോഡ് | 294 |
| | ആകെ | 5838 |

(സി) ഗ്രന്ഥശാലകൾക്ക് ധനസഹായവും മറ്റ് പദ്ധതികളും അനുവദിക്കുന്നത് ലൈബ്രറി കൗൺസിൽ വഴിയാണ്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് വാർഷിക ഗ്രാന്റും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട ഗ്രാന്റും പ്രതിമാസ പരിപാടികൾ

സംഘടിപ്പിക്കുന്നതിന് പ്രവർത്തന ഗ്രാന്റും നൽകി വരുന്നു. കൂടാതെ എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽനിന്നും ലൈബ്രറികൾക്ക് ധനസഹായം അനുവദിച്ചുവരുന്നുമുണ്ട്.

(ഡി) ഗ്രേഡ് തിരിച്ചാണ് ലൈബ്രേറിയന്മാർക്ക് അലവൻസ് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എ, ബി, സി ഗ്രേഡിലുള്ള ലൈബ്രേറിയന്മാർക്ക് പ്രതിമാസം 1700 രൂപ വീതവും ഡി, ഇ, എഫ് ഗ്രേഡിലുള്ള ലൈബ്രേറിയന്മാർക്ക് പ്രതിമാസം 1,450 രൂപയും അനുവദിച്ചു നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

ലൈബ്രേറിയന്മാരുടെ പ്രതിമാസ അലവൻസ് യഥാക്രമം 2000 രൂപയും, 1,750 രൂപയുമായി ഉയർത്തുന്ന വിഷയം പരിഗണനയിലാണ്.

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

122(3729) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷാരംഭത്തിനു മുൻപ് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വാഹനങ്ങളിൽ അനുവദനീയമായി എണ്ണത്തിൽ കൂടുതൽ കുട്ടികൾ സഞ്ചരിക്കുന്നില്ല എന്ന കാര്യം കർശനമായി നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

### ഉത്തരം

(എ) അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ഏതെങ്കിലും സ്കൂളുകൾ ജീർണ്ണാവസ്ഥയിലുള്ളതാണോ, മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തവിധം ഉപയോഗശൂന്യമായ താണോയെന്ന് പരിശോധിക്കുവാനും അപ്രകാരം കണ്ടെത്തുന്ന സ്കൂൾ കെട്ടിടങ്ങളുടെ കേടുപാടുകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുവാനും അടിയന്തര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസുകളുടെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്റരുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ചേലക്കര നിയോജകമണ്ഡലത്തിലെ അൺ-എയ്ഡഡ് സ്കൂളുകൾ**

123(3730) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകൾ എത്രയെന്നും അവയിൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, യു.പി. എൽ.പി. സ്കൂളുകൾ എന്നിവയുടെ പേരുവിവരവും കുട്ടികളുടെ എണ്ണവും ഡിവിഷനുകളുടെ എണ്ണവും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സ്റ്റേറ്റ് സിലബസ് പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളുടേയും അല്ലാത്തവയുടേയും വിവരങ്ങൾ പ്രത്യേകം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**സ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി**

124(3731) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കായി ഏതെങ്കിലും തരത്തിലുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി അൺ-എയ്ഡഡ് മേഖലയിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 30-9-2016-ലെ ജി.ഒ.(എം.എസ്.)നമ്പർ 163/2016/ പൊ.വി.വ. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50,000 രൂപയും, ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000 രൂപയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും, പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്നതരത്തിൽ നടപ്പിലാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**മയ്യനാട് എച്ച്.എസ്.എസ്. സ്കൂളിലെ അദ്ധ്യാപകന്റെ സസ്പെൻഷൻ**

125(3732) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യനാട് എച്ച്.എസ്.എസ്. സ്കൂളിലെ കണക്ക് അദ്ധ്യാപകനായിരുന്ന എസ്. സുനിൽദത്തിനെ 2-8-2011 മുതൽ മാനേജ്മെന്റ് സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിരുന്നോ; വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപകന് എതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി വിദ്യാഭ്യാസവകുപ്പും സർക്കാരും ടിയാനെ സർവ്വീസിൽ വീണ്ടും പ്രവേശിപ്പിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) മാനേജ്മെന്റ് പ്രസ്തുത നിർദ്ദേശം അനുസരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് ലംഘിച്ച മാനേജർക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ച് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-8-2011 മുതൽ ശ്രീ. എസ്. സുനിൽദത്ത് സസ്പെൻഷനിലാണ്.

(ബി) ശ്രീ. എസ്. സുനിൽദത്തിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ 14/09/15 ലെ-ജി.ഒ.(ആർ.ടി)നമ്പർ 4082/15/പൊ.വി.വ. പ്രകാരം മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രീ. എസ്. സുനിൽദത്തിനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കാനുള്ള ഉത്തരവിനെതിരായി മാനേജർ ബഹു. ഹൈക്കോടതിയിൽ 8710/2017 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേൽ താല്ക്കാലിക സ്റ്റേ നേടിയിട്ടുമുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തത്ക്കാലം നിർവ്വാഹമില്ല.

**സ്കൂളിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിനായി നൽകിയ അപ്പീൽ**

126(3733) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, ആർ.കെ.യു.പി.എസ്. പാലോട് വയൽ സ്കൂളിലെ നിയമനം സ്ഥിരപ്പെടുത്തി ലഭിക്കുന്നതിനായി ശ്രീമതി ഷെറീഫ ബീബി.വി.വൈ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപ്പീൽ അപേക്ഷയിൽ (ഫയൽ നമ്പർ G/18743/2017/DPI) നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്മേൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം നിയമനം സ്ഥിരപ്പെടുത്തി നൽകാമായിരുന്നിട്ടും ബന്ധപ്പെട്ടവർ ആയതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(സി) അപ്പീൽ അപേക്ഷയിൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നത് പരിശോധിച്ച് എത്രയും വേഗം അന്തിമ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കണ്ണൂർ, ആർ.കെ. യു.പി.എസ്. പാലോട് വയൽ സ്കൂൾ അനാദായകരമായ സ്കൂളുകളുടെ വിഭാഗത്തിൽപ്പെടുന്നതാണ്. അതിനാൽ ഗവൺമെന്റിന്റെ 1-8-2016 തീയതിയിലെ 631703/ജെ2/16/പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം ശ്രീമതി ഷെറീഫ ബീബി.വി.വൈ.യുടെ അപ്പീൽ അപേക്ഷ, പുനഃപരിശോധന നടത്തി തുടർനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശത്തോടെ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ യഥാസമയം അയച്ചുകൊടുത്തിട്ടുണ്ട്.

**മലപ്പുറം പാറക്കൽ എ.എം.യു.പി.സ്കൂൾ അദ്ധ്യാപകന്റെ അവധി**

127(3734) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാറക്കൽ എ. എം. യു. പി. സ്കൂളിലെ ഷംസുദീൻ എന്ന അധ്യാപകന്റെ ലീവ് സംബന്ധമായ ഫയൽ ഇപ്പോൾ പൊതു വിദ്യാഭ്യാസ 'ബി 1' സെക്ഷനിൽ നിലവിലുണ്ടോ; (ബി 1/832548/2016/പൊതു വിദ്യാഭ്യാസ വകുപ്പ്). ഈ ഫയൽ എന്നാണ് സർക്കാരിന് ലഭിച്ചത്; ഇതിൽ 'ബി 1' സെക്ഷൻ എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടോ; എന്നാണ് അയച്ചത്; ധനകാര്യ വകുപ്പിൽ നിന്ന് തിരികെ 'ബി' സെക്ഷനിലേക്ക് ലഭിച്ചിട്ടുണ്ടോ;എങ്കിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സ് എന്താണെന്ന് അറിയിക്കുമോ; ലീവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ തപാൽ സർക്കാരിൽ ലഭിച്ചത് 30-8-2016 ലാണ്. ശ്രീ. ഷംസുദീൻ റ്റി. കെ.-ക്ക് 1-7-2015 മുതൽ 31-5-2016 വരെ മുൻകാല പ്രാബല്യത്തിൽ ലീവനുവദിക്കുന്ന വിഷയത്തിൽ അഭിപ്രായം ആരായുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയയ്ക്കുകയും തുടർന്ന് ആ വകുപ്പിന്റെ അഭിപ്രായമനുസരിച്ച് ഫയൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉപദേശ സെക്ഷനായ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിലേയ്ക്കയയ്ക്കുകയും ചെയ്തു.

(ബി) ധനകാര്യ വകുപ്പിൽ ഫയൽ അയച്ചിട്ടുണ്ട്. 31-1-2017-ലാണ് ഫയൽ ധനകാര്യ വകുപ്പിലേയ്ക്കയച്ചത്. ധനകാര്യ വകുപ്പിൽനിന്ന് ഫയൽ തിരികെ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ റിമാർക്സ് ചുവടെ ചേർക്കുന്നു:

"ശ്രീ. ഷംസുദീൻ റ്റി. കെ. മറ്റൊരു ജോലി സ്വീകരിക്കുന്നതിനായാണ് 1-7-2015 മുതൽ 31-5-2016 വരെ ശൂന്യവേതനാവധി എടുത്തിരിക്കുന്നത്. പ്രസ്തുത അവധി ഒരുദ്യോഗസ്ഥന് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരമാണ് അനുവദിക്കുന്നത്. കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായുള്ള അവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കാൻ വ്യവസ്ഥയില്ല. ടി അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും 1960-ലെ KCS (CC&A) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ട് സർവ്വീസിൽനിന്ന് പിരിച്ച് വിടേണ്ടതുമാണ്. എന്നാൽ ശ്രീ. ഷംസുദീൻ റ്റി. കെ. നിയമനാംഗീകാരമില്ലാത്ത കാലയളവിലാണ് അവധിയിൽ പ്രവേശിച്ചിരിക്കുന്നത്. നിയമനാംഗീകാരമില്ലാത്ത കാലയളവിൽ ഒരുദ്യോഗസ്ഥൻ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചാലും ആയത് അനുവദിക്കാനാവില്ല. മുൻകാല പ്രാബല്യത്തിൽ അനുവദനീയ മല്ലാത്തതിനാൽ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി നിയമനാംഗീകാരമില്ലാത്ത കാലയളവിൽ എടുക്കുന്നത് തികച്ചും ക്രമവിരുദ്ധമാണ്. അത്തരത്തിൽ അവധിയിൽ പ്രവേശിച്ചാൽ നിയമനാംഗീകാരം റദ്ദ് ചെയ്യുകയാണ് വേണ്ടത്.

ഈ സാഹചര്യത്തിൽ ശ്രീ. ഷംസുദീൻ. റ്റി. കെ. എയ്ഡഡ് സ്കൂൾ ടീച്ചർ ആയതിനാൽ കെ.ഇ.ആർ. പ്രകാരവും കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരവും സ്വീകരിക്കേണ്ട തുടർനടപടിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് (ജെ) യുടെ അഭിപ്രായവും ടിയാന് വിവിധ ഘട്ടങ്ങളിൽ നിയമനം നൽകിയ ഉത്തരവുകളുടെയും നിയമനാംഗീകാരം നൽകിയ ഉത്തരവുകളുടെയും പകർപ്പുകളും സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണ്".

ടിയാന് ലീവ് അനുവദിച്ച് ഉത്തരവിറങ്ങിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ ടിയാന്റെ appointment order കളുടെ പകർപ്പ് സഹിതം അഭിപ്രായത്തിനായി ഫയൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിലേയ്ക്കയച്ചിരിക്കുകയാണ്.

**ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക തസ്തികകൾ**

128(3735) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ 2011-ൽ ആരംഭിച്ച ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിൽ മതിയായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതുകാരണം പഠനം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ചുള്ള പൊതുവിദ്യാഭ്യാസവകുപ്പിന്റെ 52521/R3/15/ നമ്പർ ഫയലിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ചു. നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സംരക്ഷിത അദ്ധ്യാപക ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) 29-1-2016-ലെ സ.ഉ.(പി)29/16/പൊ.വി.വ. പ്രകാരം കോഴിക്കോട് ജില്ലയിലെ ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിലെ ഒഴിവുള്ള തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 24-4-2017-ലെ കത്ത് മുഖേന കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് അനുവദിച്ച സ്കൂൾ ബസുകൾ**

129(3736) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ അഞ്ച് വിദ്യാലയങ്ങൾക്ക് മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 2015-16-ൽ 45 ലക്ഷം രൂപ ചെലവിൽ അനുവദിച്ച സ്കൂൾ ബസ് പ്രൊപ്പോസലിൽ 28-6-2016-ലെ ജി. ഒ. (ആർ. ടി.) നമ്പർ 2047/ 2016/പൊ. വി. വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടും നാളിതുവരെ വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ ലഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എംലി സോഫ്റ്റ് വെയറിൽ നൽകിയ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസലുകൾക്ക് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറും ധനകാര്യ വകുപ്പും അംഗീകാരം നൽകിയിട്ടുള്ളതായി അറിയാമോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിച്ച് 2017 ജൂൺ 1-ന് മുമ്പായി വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 28-6-2016-ലെ സ.ഉ.(സാധാ) നമ്പർ 2047/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടാത്ത സാഹചര്യത്തിലാണ് സ്കൂളുകൾക്ക് ബസ് വിതരണം ചെയ്യാൻ താമസം നേരിടുന്നത്.

(സി) ബസ് വാങ്ങുന്നതിനായി 45 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മലപ്പുറം) തിരുവനന്തപുരത്തെ ചീഫ് എഞ്ചിനീയർക്ക് 14-12-16-ൽ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ യഥാവിധി നൽകിയിരുന്നു. ഇതിൽ അനുമതി ആകാതിരുന്നതിനാൽ 4-5-2017-ൽ വീണ്ടും ഇക്കാര്യം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുവരേയും ചീഫ് എഞ്ചിനീയറുടെ അനുമതി ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

(ഡി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്കും അവിടെനിന്നും മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

## സ്വാശ്രയ, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രക്ഷകർതൃ സമിതികൾ

130(3737) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രക്ഷകർതൃ സമിതികൾ ശക്തമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ രക്ഷാകർതൃ സമിതികൾക്ക് ശക്തമായ നിയമസംരക്ഷണം നൽകുന്നകാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ &ബി) സ്വാശ്രയ, അൺ എയിഡഡ് വിദ്യാലയങ്ങളിൽ രക്ഷാകർതൃ സമിതികൾ പ്രവർത്തിക്കുന്നതിന് സർക്കാർ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

## ചാലക്കുടി ഐ.ആർ.എം.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

131(3738) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയിലുള്ള ഐ.ആർ.എം. എൽ.പി.സ്കൂൾ ചാലക്കുടി മുനിസിപ്പാലിറ്റിയ്ക്ക് നൽകുന്നതിനായി മാനേജ്മെന്റ് സമർപ്പിച്ച സറണ്ടർ സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പത്തൊൻപത് വർഷക്കാലമായി മാനേജരില്ലാത്ത പ്രസ്തുത സ്കൂൾ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ &ബി) ചാലക്കുടി ഐ.ആർ.എം.എൽ.പി.സ്കൂൾ മുനിസിപ്പാലിറ്റിക്ക് സറണ്ടർ ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ടി സ്കൂളിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളോ, നിയമാവലിയോ സമർപ്പിച്ചിരുന്നില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ

132(3739) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾക്കുള്ള വാടക കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരത്തിലുള്ള വാടക കെട്ടിടങ്ങൾ സർക്കാരിലേക്ക് നല്കുവാൻ സമ്മതമാണെങ്കിൽ ആവശ്യമായ തുക നൽകി ഏറ്റെടുക്കുവാൻ സന്നദ്ധമാകുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 20 സർക്കാർ സ്കൂളുകൾ നിലവിൽ സ്വന്തമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ 14 എണ്ണം വാടക നൽകിയും 4

എണ്ണം മുൻസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിടത്തിലും 1 എണ്ണം ഫോറസ്റ്റ് വകുപ്പ് വക കെട്ടിടത്തിലും മറ്റൊന്ന് സ്വകാര്യ എസ്റ്റേറ്റ് വക കെട്ടിടത്തിലും വാടക നൽകാതെ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. കെട്ടിട ഉടമസ്ഥർ നൽകിയ വാടക പുനഃനിർണ്ണയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ വാടക പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**പുതിയതായി തുടങ്ങുന്ന സ്കൂളുകളും അപ്ഗ്രഡേഷനും**

133(3740) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ എവിടെ നിന്നെല്ലാം അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) മുക്കം ഉപജില്ലയിലെ പൂവാറൻതോട് ഗവൺമെന്റ് എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും, നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18-6-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി വരികയാണ്. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

## കൊയിലാണ്ടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രം

134(3741) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാസ്റ്റർ പ്ലാൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) മാസ്റ്റർ പ്ലാൻ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ; ഈ നടപടികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) മാസ്റ്റർ പ്ലാൻ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് 8-12-2016-ലെ സ.ഉ. (പി)നമ്പർ 205/2016/പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതുപ്പാടി ഗവൺമെന്റ് ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

135(3742) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 400 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ ഹൈസ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ തുക ഉൾപ്പെടുത്തിയപ്പോൾ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി ഗവ: ഹൈസ്കൂൾ ഉൾപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) പട്ടിക സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പുതുപ്പാടി ഗവ. ഹൈസ്കൂളിനെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സർക്കാർ ഹൈസ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ capital head-ലാണ് തുക പൊതുവായി വകയിരുത്തുന്നത്. അടിസ്ഥാന സൗകര്യ വികസനം ആവശ്യമായ സ്കൂളുകളുടെ എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുകയുമാണ് പതിവ് രീതി. 26-4-2017-നാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഈ സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം നടന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഒരു ശിപാർശയും ടി യോഗത്തിന്റെ പരിഗണനയ്ക്കായി ലഭിച്ചിരുന്നില്ല.

1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരിഗണിച്ചിട്ടുള്ളത്. പ്രസ്തുത നിബന്ധന പാലിക്കുവാൻ സാധിക്കാത്ത നിയോജക മണ്ഡലങ്ങളിൽ 400 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളേയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി നിയോജകമണ്ഡലം എം.എൽ.എ.യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ടി സ്കൂൾ ഉൾപ്പെട്ടതായി കാണുന്നില്ല.

**അദ്ധ്യാപകനായ ശ്രീ. ജോസഫ് ആൻഡ്രൂസ്.സി.-യുടെ ഉദ്യോഗക്കയറ്റം**

136(3743) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി എം.ഐ.എച്ച്. എസ്.എസിലെ അദ്ധ്യാപകനായ ശ്രീ. ജോസഫ് ആൻഡ്രൂസ് സി.-യുടെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽ എ.സി.ഡി.എ 4/40077/16/എച്ച്.എസ്.ഇ. നമ്പരായി ഫയൽ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയലിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതിൻമേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനം വൈകുന്നതിന്റെ കാരണം പരിശോധിച്ച് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 7-9-2016-ൽ

(ബി) ശ്രീ. ജോസഫ് ആൻഡ്രൂസിന്റെ അപേക്ഷയിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് പ്രസ്തുത അപേക്ഷ മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ഇല്ല. മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് ലഭ്യമാകാത്തതാണ് കാരണം.

**ഡിജിറ്റൽ പാഠപുസ്തകം**

137(3744) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾ ഭാരമേറിയ പാഠപുസ്തകങ്ങൾ സ്കൂളിൽ കൊണ്ടുപോകുന്നത് ഒഴിവാക്കുന്നതിനായി ഡിജിറ്റൽ പാഠപുസ്തകം എന്ന സംവിധാനം പൈലറ്റ് പ്രോജക്ട് ആയി ഏതെങ്കിലും വിദ്യാലയത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

വിദ്യാർത്ഥികൾ ഭാരമേറിയ പാഠപുസ്തകങ്ങൾ സ്കൂളിൽ കൊണ്ടുപോകുന്നത് ഒഴിവാക്കുന്നതിനായി ഡിജിറ്റൽ പാഠപുസ്തകം എന്ന സംവിധാനം നടപ്പിലാക്കിയിട്ടില്ല. എന്നാൽ പാഠപുസ്തകങ്ങളുടെ ഡിജിറ്റൽ പതിപ്പുകളും ഇ-കണ്ടെന്റും ഉൾപ്പെടുന്ന റിസോഴ്സ് പോർട്ടൽ ഐറ്റി@സ്കൂൾ തയ്യാറാക്കിയിട്ടുണ്ട്.

കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനായി ഈ അദ്ധ്യയന വർഷം മുതൽ ഒന്നുമുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്.

**മാവേലിക്കര മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

138(3745) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മാവേലിക്കര നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഓരോ സ്കൂളിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിലെ ഗവ. ഗേൾസ് എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ പദ്ധതിയുടെ ഭാഗമായി ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും ഇതര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും വിവിധ സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറായിട്ടില്ല. സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയുടെ പ്രയോജനം മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്കും ലഭ്യമാകുന്നതാണ്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനങ്ങളും സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി) ജൈവവൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായും മറ്റുമുള്ള കർമ്മ പദ്ധതികളുടെ മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ്**

139(3746) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി രമണി, എൽ.പി.എസ്.എ., ഗവ.യു.പി.എസ്., കല്ലാച്ചി എന്നവർ എന്നാണ് എ.ഇ.ഒ. നാദാപുരം ഓഫീസിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) എന്ത് കാരണത്താലാണ് നാല് വർഷമായിട്ടും മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) മറ്റ് തടസ്സങ്ങളൊന്നും ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിൽ റീഇംബേഴ്സ്മെന്റ് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 4-12-2013-ൽ

(ബി) സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയതിനാൽ സർക്കാരിന്റെ അനുമതി വാങ്ങി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദനീയ തുക പരിശോധിക്കുന്നതിനുവേണ്ടി അയയ്ക്കുകയും എന്നാൽ ചില സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ തിരിച്ചയച്ചുകൊണ്ട് പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡറയക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി അപേക്ഷ പല പ്രാവശ്യം മടക്കി അയയ്ക്കേണ്ടിവന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

## അൺ-എയ്ഡഡ്, സ്വാശ്രയ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ

140(3747) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ്, സ്വാശ്രയ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് അർഹമായ ശമ്പളം നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി സ്ഥാപനങ്ങളിൽ അയോഗ്യരായിട്ടുള്ളവർ കുട്ടികളെ പഠിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അൺഎയ്ഡഡ്, സ്വാശ്രയ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യോഗ്യരായ അദ്ധ്യാപകർക്ക് അർഹമായ ശമ്പളം നൽകുന്നു എന്ന് ഉറപ്പുവരുത്തുമോ;

(സി) അയോഗ്യരായിട്ടുള്ള അദ്ധ്യാപകർ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അയോഗ്യരായവർ കുട്ടികളെ പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അൺഎയ്ഡഡ്, സ്വാശ്രയ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യോഗ്യരായ അദ്ധ്യാപകർക്ക് അർഹമായ ശമ്പളം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള ബില്ലിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരാതി ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂളുകളിലെ യൂണിഫോം ഉപയോഗം

141(3748) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നിലധികം യൂണിഫോം ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴും സംസ്ഥാനത്തെ പല സ്കൂളുകളും ഒന്നിലേറെ യൂണിഫോം ഉപയോഗിക്കുന്നതിന് നിഷ്കർഷിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 2017-18 അദ്ധ്യയന വർഷം മുതലെങ്കിലും ഈ പ്രവണത അവസാനിപ്പിക്കുന്നതിന് സർക്കാർ കർശന നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നിലധികം യൂണിഫോം ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിൻമേൽ ഡി.പി.ഐ. ഒരു മാർഗ്ഗരേഖ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വൊക്കേഷണൽ ജി.എഫ്.സി. അദ്ധ്യാപികയെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

142(3749) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ 2007-ന് മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവന കാലാവധിയുള്ള വികലാംഗരെ ഇനിയും സ്ഥിരപ്പെടുത്തുവാനുണ്ടോ;

(ബി) 2007-ന് മുൻപ് 179 ദിവസം സേവനകാലാവധി പൂർത്തിയാക്കിയതും ഇപ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ ചെങ്ങന്നൂർ ഗവ.ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നോൺ വൊക്കേഷണൽ ജി.എഫ്.സി. അദ്ധ്യാപികയായി ജോലി ചെയ്യുന്നതുമായ വികലാംഗയായ സി. ജെ. സിജിമോളെ നാളിതുവരെ സ്ഥിരപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) വികലാംഗയായ ശ്രീമതി സി. ജെ. സിജിമോളെ എന്ന് സർവ്വീസിൽ സ്ഥിരപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിൽ 2007-ന് മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവന കാലാവധിയുള്ള വികലാംഗരെ സ്ഥിരപ്പെടുത്താനില്ല.

(ബി&സി) 23-10-2014-ലെ സ.ഉ.(എം.എസ്.)നമ്പർ 88/2014/സാ.നീ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19-1-2015-ലെ ഇ 4/8295/13 നമ്പർ ഉത്തരവുപ്രകാരം ശ്രീമതി സി. ജെ. സിജിമോൾക്ക് ചെങ്ങന്നൂർ ഗവ. ഗേൾസ് വി.എച്ച്.എസ്. സ്കൂളിൽ ജി.എഫ്.സി. അദ്ധ്യാപികയായി പുനർ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ 2 കോഴ്സുകൾ മാത്രമാണ് നിലവിലുള്ളത്. 2 കോഴ്സുകൾ മാത്രമുള്ള സ്കൂളുകളിൽ ജി.എഫ്.സി. അദ്ധ്യാപകരെ കൺസോളിഡേറ്റഡ് ശമ്പളത്തിലാണ് നിയമിക്കുന്നത്. ആയതിനാൽ ശ്രീമതി സിജി മോളെ കൺസോളിഡേറ്റഡ് ശമ്പളത്തിലാണ് ചെങ്ങന്നൂർ ഗവ. ഗേൾസ് സ്കൂളിൽ നിയമിച്ചിട്ടുള്ളത്.

## കുട്ടികളുടെ കായികാഭിരുചി വളർത്തുന്നതിനുള്ള പദ്ധതികൾ

143(3750) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കുട്ടികളുടെ കായികാഭിരുചി വളർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് കായിക അദ്ധ്യാപകർ ഉള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂൾ തലത്തിൽ കുട്ടികളുടെ കായിക അഭിരുചി വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളിലും എസ്.എസ്.എ. വഴി കായികാദ്ധ്യാപകരെ നിയമിക്കുന്നുണ്ട്.

(ബി&സി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരവും എസ്.എസ്.എ. യുടെ പാഠ്യപദ്ധതിക്ക് അനുസൃതമായും 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലേക്കും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിലേക്കും കലാ (സംഗീതം, ചിത്രകല), കായികം, പ്രവൃത്തിപരിചയം എന്നീ മൂന്ന വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (838X3 വീതം ആകെ 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ) കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം (29000/month) നൽകിക്കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും കെ.ഇ.ആറിലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിയമിക്കുവാൻ 5-10-2016-ലെ സ.ഉ. (എം.എസ്) നമ്പർ 170/2016/പൊ.വി.വ ഉത്തരവ് പ്രകാരം എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ കായികാദ്ധ്യാപകരുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് എല്ലാ സർക്കാർ സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

144(3751) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 വർഷങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്, ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയനുസരിച്ച് 2015-16, 2016-17 വർഷങ്ങളിൽ ഓരോ സ്കൂളിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## താത്കാലിക അദ്ധ്യാപകരുടെ ശമ്പളം

145(3752) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്ന താത്ക്കാലിക അദ്ധ്യാപകരുടെ ശമ്പളം നേരിട്ട് നൽകണമെന്ന അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ നിയമനാംഗീകാരം ലഭിച്ചവരുടെ 29-1-2016 വരെയുള്ള ശമ്പളം പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുമെന്നാണ് 29-1-2016-ലെ ജി.ഒ.(പി)നമ്പർ 29/2016/പൊ.വി.വ.-ൽ നിർദ്ദേശിച്ചിട്ടുള്ളത്. അവധി ഒഴിവിൽ നിയമിക്കപ്പെട്ടവർ, പാർട്-ടൈം അദ്ധ്യാപകർ തുടങ്ങി പി.എഫിൽ അംഗത്വം നിർബന്ധമില്ലാത്തവരുടെ കാര്യത്തിൽ ഇത് നേരിട്ട് പണമായി നൽകാമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. (ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്).

## ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ വിവിധ തസ്തികകളിലെ നിയമനം

146(3753) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർ.എം.എസ്.എ. (രാഷ്ട്രീയ മധ്യമ ശിക്ഷാ അഭിയാൻ) പദ്ധതിയിൽപ്പെടുത്തി ഹൈസ്കൂളാക്കി ഉയർത്തിയ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ, ഓഫീസ് സ്റ്റാഫ് തസ്തികകളിലെ നിയമനം നാളിതുവരെയും നടപ്പിലാകാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ ഹെഡ്മാസ്റ്റർ, ഓഫീസ് സ്റ്റാഫ് തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ടി നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) 2013-ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട മറ്റ് സ്കൂളുകളിൽ ഹെഡ്മാസ്റ്റർ, ഓഫീസ് സ്റ്റാഫ് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ആർ.എം.എസ്.എ. പദ്ധതിപ്രകാരമല്ല ഉയർത്തപ്പെട്ടത്. 2013-ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ടി സ്കൂൾ ഉൾപ്പെടെയുള്ള 29 സ്കൂളുകളിൽ പ്രഥമാധ്യാപകരെ നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ ടി സ്കൂളിലെ ഓഫീസ് സ്റ്റാഫ് തസ്തികകളിലെ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മക്കരപറമ്പ് ഹയർസെക്കണ്ടറി സ്കൂളിനെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടി**

147(3754) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ സൂചിപ്പിച്ചിരുന്നതും മങ്കട നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തതുമായ മക്കരപറമ്പ് ഹയർസെക്കണ്ടറി സ്കൂളിനെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇതിലേക്കായി മക്കരപറമ്പ് ജി.എച്ച്.എസ്.എസ്. ഡി.പി.ആർ. തയ്യാറാക്കി നല്കിയിട്ടുണ്ടോ;

(സി) ആദ്യ ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്നതിന് മക്കരപറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ലഭ്യമായിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതാണ്. കൂടാതെ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്നതോടെ പ്രസ്തുത സ്കൂളിന്റെ

അടിസ്ഥാന സൗകര്യങ്ങളിലും ഗണ്യമായ മാറ്റം വരുന്നതാണ്. കൂടാതെ കാലോചിതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരുന്നതിനാൽ അക്കാദമിക തലത്തിലും കാര്യമായ പുരോഗതി ഉണ്ടാകുന്നതാണ്.

## സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി

148(3755) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; ഇതിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ആരാണ്;

(ബി) 2016 ജനുവരി മുതൽ വിവിധ വിഷയങ്ങളിൽ അച്ചടക്ക നടപടിയ്ക്ക് വിധേയരായവരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇതിൽ കുറ്റവിമുക്തരായവരുടെ പേര് വിവരം ലഭ്യമാക്കുമോ; കുറ്റവിമുക്തരായവർ വീണ്ടും ആ സ്ഥാനങ്ങളിൽ ജോലി നോക്കുന്നുണ്ടോ;

(സി) വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതും പിന്നീട് ഇത് സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടാകാത്തതും വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സ്കോളർഷിപ്പ്, ഉച്ചക്കഞ്ഞി, ഫീസ് തുടങ്ങിയ വിഷയങ്ങളിൽ നടപടിക്ക് വിധേയരായവർ വീണ്ടും ആ സ്ഥാനങ്ങളിൽ ജോലിനോക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നടപടികൾ എടുക്കുമ്പോൾ കുറ്റകൃത്യങ്ങളിൽ ഉത്തരവാദിത്തമുള്ള, ഉന്നത ഉദ്യോഗസ്ഥരെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഉച്ചക്കഞ്ഞിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഡി.പി.ഐ.യിലെ ഫയൽ പ്രോസസ്സിംഗ് സംവിധാനം എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ജി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തലത്തിലുള്ള ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച ഫയൽ കാണുന്നുണ്ടോ; ഉച്ചക്കഞ്ഞി ഫണ്ട് തിരിമറി കേസുകളിൽ സൂപ്രണ്ട്, എ.എ. തുടങ്ങിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ആന്റ് വിജിലൻസ് ആഫീസറാണ് ഇതിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചശേഷം തുടർ നടപടികൾ ഉണ്ടാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) തപാൽ സെക്ഷനിൽനിന്നും ലഭിക്കുന്ന തപാലുകൾ സെക്ഷൻ ക്ലാർക്ക് ഫയലാക്കി, സൂപ്രണ്ട് വഴി സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് സമർപ്പിച്ച് ഫയലുകളിൽ ഉത്തരവ് വാങ്ങുന്നു. കൂടാതെ പ്രോഗ്രാം ചെയ്യുന്നതിനായി കരാർ അടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ പ്രോഗ്രാമർകൂടി ഉണ്ട്. ടിയാനാണ് ഡേറ്റാസ് കൺസോളിഡേഷൻ നടപടി നടത്തിവരുന്നത്. എന്നാൽ 1-3-2017 മുതൽ ഈ തസ്തികയിൽ ആളില്ല.

(ജി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തലത്തിൽ ഉദ്യോഗസ്ഥർ ഫയൽ കാണുന്നുണ്ട്. ഉച്ചഭക്ഷണ വിഭാഗത്തിലെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് നിലവിൽ 591/17 നമ്പർ തീയതി 17-4-2017 എഫ്.ഐ.ആർ. പ്രകാരം തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം നടന്നുവരികയാണ്. സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണവും നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാക്കി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സൂപ്രണ്ട്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരുടെ പേരിൽ നടപടി എടുക്കേണ്ടതുണ്ടെങ്കിൽ അതിനു കഴിയുകയുള്ളൂ.

**അധികജോലിക്ക് പകരം സറണ്ടർ**

149(3756) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ ഇൻ ചാർജ് ചുമതല വഹിക്കുന്ന അദ്ധ്യാപകർക്ക് ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രവൃത്തി ദിവസങ്ങളിലെ അധികജോലിക്ക് പകരം സറണ്ടർ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; പ്രസ്തുത ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ആർ.ഡി.ഡി.യുടെ (RDD) ഉത്തരവ് അനുസരിച്ച് ജോലി നോക്കുന്ന പ്രസ്തുത പ്രിൻസിപ്പൽമാർ പ്രൊമോട്ട് ചെയ്തുവരുന്നവരെപ്പോലെ എല്ലാ ജോലികളും നോക്കിയിട്ടും അവരെ ആനുകൂല്യത്തിന്റെ കാര്യത്തിൽ അവഗണിക്കുന്ന നടപടി തിരുത്തി അവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ-ഇൻ-ചാർജ് വഹിക്കുന്ന അദ്ധ്യാപകർക്ക് സറണ്ടർ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. ഈ വിഷയം സംബന്ധിച്ച് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട മേഖലാ ഉപഡയറക്ടർമാർക്ക് നൽകിയ നിർദ്ദേശത്തിൻമേൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ള കത്തിൻമേൽ ഇ-610525/റ്റി1/2016/പൊ.വി.വ. നമ്പർ ഫയലിൽ സർക്കാർ അധിക വിവരം ഹയർസെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്**

150(3757) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടാനപ്പള്ളി എച്ച്.എസ്.എസിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകിയിട്ടുള്ള 19-12-2016-ലെ 3776/16/വി.ഐ.പി./എം. (ഇ.ഡി.എൻ.) പ്രകാരമുള്ള നിർദ്ദേശത്തിൻമേൽ സ്വീകരിച്ച തുടർനടപടി അറിയിക്കാമോ?

ഉത്തരം

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനായി അപേക്ഷ ആഭ്യന്തര വകുപ്പിന് നൽകിയിട്ടുണ്ട്.

**അദ്ധ്യാപകരുടെ പ്രൊമോഷൻ**

151(3758) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 10-6-2015-ലെ 157/2015 നമ്പരായി ഇറക്കിയ സർക്കാർ ഉത്തരവിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായ സീനിയറായ അദ്ധ്യാപകരുടെ അഭാവത്തിൽ ടെസ്റ്റ് പാസ്സായ ജൂനിയറായ H.S.A.-ക്ക് മുൻഗണന നൽകി പ്രൊമോഷൻ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ബി) ഇതിനായി KER പ്രത്യേകമായി ഭേദഗതി ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ KER ചട്ടം 44(A) മുൻകാല പ്രാബല്യത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരാകാൻ കെ.ഇ.ആർ. അധ്യായം XIV A യിലെ ചട്ടം '44 എ' യിലെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽനിന്ന് 50 വയസ്സ് കഴിഞ്ഞവരെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രൊമോഷന് ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകർ അതത് മാനേജ്മെന്റിൽ ഉണ്ടെങ്കിൽ അവർക്ക് പ്രൊമോഷന് മുൻഗണന നൽകുമെന്നാണ് 10-6-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 157/2015/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്.

(ബി&സി) ഇതിനായി കെ.ഇ.ആർ. ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പഴുതൂർ, കുളത്തൂർ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകരെ നിയമിക്കൽ**

152(3759) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രമാക്കുന്ന നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ, കുളത്തൂർ എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ടി സ്കൂളിൽ ക്ലീനിംഗ് നടത്തുന്നതിന് പുതിയ ജീവനക്കാരെ നിയമിക്കാൻ കഴിയുമോ?

ഉത്തരം

(എ&ബി) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനുശേഷം ആവശ്യമെങ്കിൽ മാത്രമാണ് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നത്. എല്ലാ അദ്ധ്യാപകർക്കും പൊതുവായിട്ടാണ് വിദ്യാഭ്യാസ വകുപ്പ് പരിശീലനം നൽകിവരുന്നത്. പ്രത്യേക സ്കൂളുകൾക്ക് മാത്രമായി പിശീലന പരിപാടികൾ സംഘടിപ്പിക്കാറില്ല. കുളത്തൂർ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിലവിലുള്ള 2 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അദ്ധ്യാപകർക്ക് കണ്ടന്റ് ബേസ്ഡ് പരിശീലനം, നോൺ വൊക്കേഷണൽ അദ്ധ്യാപക പരിശീലനം എന്നിവ നൽകിവരുന്നുണ്ട്.

(സി) 2015-16-ലെ തസ്തിക നിർണ്ണയപ്രകാരം ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിന് പ്രസ്തുത സ്കൂളുകളിൽ എഫ്.ടി.എം. തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

**പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ നടപടി**

153(3760) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ പുതിയ അധ്യയനവർഷം പാഠപുസ്തകങ്ങളിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഭാരതത്തിന്റെ മതേതര മൂല്യങ്ങൾക്ക് കളങ്കം ചാർത്തുന്ന സാമൂഹിക പ്രവണതകൾ ഉയർന്നുവരുന്നത് കണക്കിലെടുത്ത് ഈ വെല്ലുവിളികളെ അതിജീവിക്കാൻ ഉതകുന്നവിധത്തിൽ പാഠ്യവിഷയങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ പാഠപുസ്തകങ്ങൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്. എന്നാൽ ഈ വരുന്ന അദ്ധ്യയന വർഷം (2017-18) പാഠപുസ്തകങ്ങൾ ഒന്നുംതന്നെ പരിഷ്കരിക്കുന്നില്ല.

(ബി) നിലവിലെ പാഠപുസ്തകങ്ങളിലെ അച്ചടിപ്പിശകുകളും ആശയപ്പിശകുകളും പരിശോധിച്ച് മാറ്റം വരുത്തിയാണ് 2017-18 അദ്ധ്യയന വർഷത്തെ പാഠപുസ്തകം നൽകിയിട്ടുള്ളത്. കൂടാതെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിന് പുസ്തകങ്ങൾ അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ രണ്ട്/മൂന്ന് ഭാഗങ്ങളായി തിരിച്ച് അച്ചടിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന മൂല്യങ്ങൾ അധിഷ്ഠിതമാക്കിയാണ് സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കിയിട്ടുള്ളത്. അടുത്ത പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ മൂല്യങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്ന തരത്തിലുള്ള പാഠഭാഗങ്ങളും പഠന പ്രവർത്തനങ്ങളും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഹയർസെക്കന്ററി വിഭാഗം അദ്ധ്യാപകരുടെ തസ്തിക**

154(3761) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് ഹയർസെക്കൻഡറി വിഭാഗത്തിൽ അദ്ധ്യാപക തസ്തിക വെട്ടിക്കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിദ്യാലയങ്ങളിൽ കൗൺസിലർമാർക്ക് നൽകുന്ന വേതനം**

155(3762) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ എട്ട് വർഷത്തിലധികമായി തുച്ഛമായ വേതനത്തിന് ജോലി ചെയ്തുവരുന്ന കൗൺസിലർമാരുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്ത് IED റിസോഴ്സ് ടീച്ചർമാർക്ക് ഇപ്പോൾ നൽകുന്ന വേതനമെങ്കിലും ഈ വിഭാഗക്കാർക്ക് നൽകാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഉയർന്ന വിദ്യാഭ്യാസമുള്ള ഇക്കൂട്ടർക്ക് സ്ഥിര നിയമനം ഉൾപ്പെടെ നൽകാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കൗൺസിലർമാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം സാമൂഹ്യനീതി വകുപ്പിൽ പരിശോധിക്കുന്നതാണ്.

(ബി) സ്കൂൾ കൗൺസിലർമാർക്ക് സ്ഥിരനിയമനം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം**

156(3763) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം പരിശോധിച്ച് ഗ്രേഡ് നൽകുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) വിദ്യാലയങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; ഏതു വർഷം മുതൽ പ്രസ്തുത പരിശോധന നടപ്പിലാക്കുമെന്ന് വിശദീകരിക്കുമോ;

(സി) പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിലുള്ള ഇടപെടലിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ വിവിധ ഗ്രേഡിലേക്ക് തിരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**ചേലക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകൾ**

157(3764) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവയിലെ ഹൈസ്കൂൾ/ ഹയർസെക്കന്ററി തലംവരെയുള്ള ഡിവിഷനുകളുടെയും, കുട്ടികളുടെയും എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) എത്ര ഗവൺമെന്റ് വി.എച്ച്..എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരവും കുട്ടികളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) എത്ര എയിഡഡ് ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരവും, കുട്ടികളുടെ എണ്ണവും ഡിവഷനുകളുടെ എണ്ണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2.

| സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| ഗവൺമെന്റ് വി.എച്ച്.എസ്.എസ്, തിരുവില്വാമല | 119 |
| ഗവൺമെന്റ് വി.എച്ച്.എസ്.എസ്, ദേശമംഗലം | 115 |

(സി) വിവരം ശേഖരിച്ചുവരുന്നു.

**യു.ജി.സി. അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശിക**

158(3765) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ എല്ലാ അദ്ധ്യാപകർക്കും നൽകിക്കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആകെ എത്ര തുക നല്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശമ്പള കുടിശ്ശിക നൽകുന്നതിന് കേന്ദ്രം എത്ര തുക കൈമാറി എന്നും ആയത് എന്ന് ലഭിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) സർക്കാർ/എയ്ഡഡ് മേഖലയിലെ കുറച്ച് അദ്ധ്യാപകർക്ക് മാത്രമേ തുക നൽകിയിട്ടുള്ളൂ എന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവേചനരഹിതമായി അർഹരായ എല്ലാ അദ്ധ്യാപകർക്കും ശമ്പളക്കുടിശ്ശിക വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മൂന്നാം ഗഡു വിതരണം ചെയ്യുന്നതിനായി 250,36,90,224 രൂപയും നാലാം ഗഡു വിതരണം ചെയ്യുന്നതിനായി 201,62,70,558 രൂപയും റിലീസ് ചെയ്യുവാനാണ് അനുമതി നൽകിയത്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഗഡു | റിലീസ് ചെയ്ത തുക (രൂപയിൽ) | നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക (രൂപയിൽ) | കേന്ദ്ര സർക്കാർ റിലീസ് തീയതി |
|---|---|---|---|
| 1 | 314,08,68,936/ | 251,26,95,149/ | 13-11-2014 |
| 2 | 232,47,57,984/ | 185,98,06,387/ | 2-6-2016 |
| 3 & 4 | 451,99,60,782/ | 111,17,00,009/ | 1-2-2017 & 31-3-2017 |

(സി&ഡി) പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട് അനധികൃതമായി സർവ്വകലാശാലകൾ അദ്ധ്യാപകർക്ക് നൽകിയ തുക സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതിനാൽ ആയത് തിരിച്ചുപിടിക്കുന്നതിലേക്കായി നാലാം ഗഡു കുടിശ്ശിക തുകയുടെ 20 ശതമാനം തടഞ്ഞുവയ്ക്കുവാനും ഉത്തരവായിരുന്നു. ഇത്തരത്തിൽ തിരിച്ചുപിടിക്കേണ്ട തുക കണക്കുകൂട്ടി ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ 21-12-2016 മുതൽക്ക് മൂന്നുമാസത്തെ സമയപരിധിയാണ് നൽകിയിരുന്നത്. എന്നാൽ ഒരു സർവകലാശാലയും ഇത് പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ശമ്പളകുടിശ്ശിക തുക 'SPARK' പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പുള്ളതായതിനാൽ 'Manual Bill' സമർപ്പിക്കുന്ന ചില പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാങ്കേതിക കാരണങ്ങളാൽ ശമ്പളകുടിശ്ശിക വിതരണത്തിൽ ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്.

## എൽ.പി. സ്കൂളിന്റെ അപ്ഗ്രഡേഷനും ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകളും

159(3766) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് കുട്ടികൾ ലഭ്യമായ എൽ.പി. സ്കൂളുകൾ ഉള്ളതും പരിസരപ്രദേശങ്ങളിൽ യു.പി. സ്കൂൾ ഇല്ലാത്തതുമായ പ്രദേശങ്ങളിലെ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത്, യു.പി സ്കൂൾ ആക്കുന്ന നയപരമായ തീരുമാനം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി അനുവദിച്ച ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിൻമേലുള്ള 18-6-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തിവരികയാണ്. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ബി) സർക്കാർ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടികൾ**

160 (3767) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്ത് അനുവദിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ച പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തിന് നഷ്ടപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) ഭാവിയിൽ ഇത്തരം പ്രതിസന്ധികൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രം സംസ്ഥാനത്ത് അനുവദിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥാപനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാർ നിദ്ദേശിച്ച നിബന്ധനകൾക്ക് അനുസരിച്ചുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാർ അനുശാസിക്കുന്ന അനുപാതത്തിലുള്ള സംസ്ഥാന വിഹിതം കൃത്യമായി അനുവദിക്കുന്നതിനും വ്യക്തമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് സ്ഥാപിക്കപ്പെട്ട ഐ.ഐ.ടി.-യുടെ പശ്ചാത്തല വികസനത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടത്തിവരുന്നു.

(ബി & സി) സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ അഭാവം കാരണം കേന്ദ്രം അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാനത്തിന് നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ**

161(3768) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ പാഠ്യ പദ്ധതി ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) പുതിയ പരിഷ്കാരങ്ങൾ നടത്തുന്നതിനായി വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അദ്ധ്യാപക പരിശീലനത്തിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും

പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST)) പാർക്കും പ്രവർത്തിച്ചുവരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തിവരുന്നത്. എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെയും വിദ്യാർത്ഥികളിൽനിന്ന് യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) സഹകരിച്ച് പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'ധൈഷണിക പര്യാവരൺ ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ ഒരു വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

### എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം

162(3769) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാല ചട്ടം ഭേദഗതി ചെയ്ത് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി/എസ്.ടി സംവരണം കർശനമായി പാലിക്കണമെന്ന് 28-6-2006-ലെ F1/5/2006 നമ്പർ കത്ത് മുഖേന യു.ജി.സി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സർവ്വകലാശാല ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ പട്ടികവിഭാഗത്തിന് ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള സംവരണം നൽകണമെന്ന് 25-5-2015-ൽ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-ഡി) കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം കർശനമായി പാലിക്കണമെന്നുള്ള യു.ജി.സി. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 32393/2010, 33205/2010, 9140/2013 എന്നീ റിട്ട് ഹർജികളിലെ 25-5-2015-ലെ വിധിയുടെ അടിസ്ഥാനത്തിലും കേരളത്തിലെ ന്യൂനപക്ഷപദവിയില്ലാത്ത എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക- അനദ്ധ്യാപക നിയമനങ്ങളിൽ മെറിറ്റ് ക്വാട്ടയിൽ, പി.എസ്.സി. ഏർപ്പെടുത്തിയിട്ടുള്ളതുപോലെ പട്ടികജാതി വിഭാഗത്തിന് 8% സംവരണവും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള 2% സംവരണവും ഏർപ്പെടുത്തി ഡയറക്ട് പേമെന്റ് എഗ്രിമെന്റ്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതുസംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചുവെങ്കിലും മേൽ പറഞ്ഞ കോടതി വിധിക്കെതിരെ നിരവധി അപ്പീൽ പെറ്റീഷനുകൾ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിധിക്കെതിരെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

## കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിൽ കാലതാമസം

163(3770) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ നിയമിതരായവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം, റിട്ടയർ ചെയ്ത പ്രിൻസിപ്പൽമാർക്കുൾപ്പെടെ അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റ് ലഭിച്ചിട്ടില്ലെന്ന ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് അർഹതപ്പെട്ട ഇൻക്രിമെന്റ് അനുവദിച്ച് പെൻഷൻ പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 10-12-2010-ലെ സ.ഉ.(പി)392/2010/ഉ.വി.വ. പ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി. യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പൽമാരായി പ്രൊമോട്ട് ചെയ്തിരുന്നു. തുടർന്ന് 23-2-2016-ൽ ബഹു. കേരള ഹൈക്കോടതി ഫുൾബഞ്ച് 18-9-2010 മുതൽ സംസ്ഥാനത്ത് യു.ജി.സി. യോഗ്യത അനുസരിച്ച് നിയമനങ്ങളും പ്രൊമോഷനും പാടുള്ളൂ എന്ന് വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ തടസ്സപ്പെട്ടു. 18-9-2010-ന് ശേഷം യു.ജി.സി. യോഗ്യത ഇല്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ 23-2-2016 മുതൽ യു.ജി.സി. റഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തു. പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ കോളേജുകളുടെ ഭരണപരമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 19-3-2017-ലെ സ.ഉ (പി)10/2017/ഉ.വി.വ. പ്രകാരം സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. യോഗ്യതയുള്ള അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് അർഹതപ്പെട്ട ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോളേജ് പ്രിൻസിപ്പൽ നിയമനം**

164(3771) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ച യോഗ്യത നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) മതിയായ യോഗ്യത ഇല്ലാതെ ഇതിനകം പ്രിൻസിപ്പൽ നിയമനം നേടിയവരെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തരംതാഴ്ത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഉണ്ട്. സ.ഉ.(പി)392/2010/ഉ.വി.വ. തീയതി 10-12-2010 പ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റൂളിന്റെ ഭേദഗതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം കാരണം പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ഭരണപരമായി ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അത് തരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കോളേജിലെ പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ യു.ജി.സി. നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിന് സ.ഉ.(പി)10/2017/ഉ.വി.വ. തീയതി 19-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സുപ്രീം കോടതി മുൻപാകെ പരിഗണനയിലുള്ള കേസിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ മതിയായ യോഗ്യതയില്ലാതെ ഇതിനകം പ്രിൻസിപ്പൽ നിയമനം നേടിയവരുടെ കാര്യത്തിൽ തീരുമാനം എടുക്കാനാകുകയുള്ളൂ.

## തലശ്ശേരി ബ്രണ്ണൻ കോളേജിൽ പുതിയ കോഴ്സ്

165(3772) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി ബ്രണ്ണൻ കോളേജിൽ ഇസ്ലാമിക് ഹിസ്റ്ററി ബിരുദാനന്തര ബിരുദ തലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിൽ ഇല്ല.

## മലപ്പുറം ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി/പി.ജി. കോഴ്സുകൾ

166(3773) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി കോഴ്സുകളും പി.ജി. കോഴ്സുകളും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണയിലുണ്ടോ;

(സി) എങ്കിൽ ബി.എ.(ഇംഗ്ളീഷ്), ബി.എസ്.സി.(ഫുഡ് ടെക്നോളജി) എന്നീ ഡിഗ്രി കോഴ്സുകളും എം.എ.(ഹിസ്റ്ററി), എം.എ.(അറബിക്) എന്നീ പി.ജി. കോഴ്സുകളും അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. ഈ വിഷയത്തിൽ മലപ്പുറം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചുവരികയാണ്.

## സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ്

167(3774) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ പുതിയ കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലോ കോളേജ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലോ ഫയൽ പരിശോധന നടക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) പുതിയ സ്വാശ്രയ കോളേജുകളും സ്വാശ്രയ കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നതും 22-8-2016-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ. (സാധാ)178/ 2016/ഉ.വി.വ. നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരുന്നു. എന്നാൽ ഈ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ അന്തിമ വിധിക്ക് വിധേയമായേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ബി&സി) ഉണ്ട്. സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ശിപാർശ സഹിതം അംഗീകാരത്തിനായി സർക്കാരിലേക്ക് അയയ്ക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

**സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് തൊഴിൽ സുരക്ഷ**

168(3775) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് തൊഴിൽ സുരക്ഷയോ മിനിമം വേതനമോ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാനും മാനേജ്മെന്റിന്റെ അന്യായമായ ഇടപെടൽ ഒഴിവാക്കുവാനും നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എന്നത്തേക്ക് ഇതിനുള്ള നടപടികൾ ആരംഭിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്വാശ്രയ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എംഎസ്.)നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വാശ്രയ കോളേജുകളിൽ നടക്കുന്ന വിദ്യാർത്ഥി പീഡനങ്ങൾ

169(3776) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന വിദ്യാർത്ഥി പീഡനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയ പഠനരീതികളും കാടൻ ശിക്ഷാരീതികളും പിന്തുടരുന്ന സ്വാശ്രയ കോളേജുകളെ കണ്ടെത്തി അഫിലിയേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എം.എസ്.)നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സോഷ്യോളജി വിഷയം ബിരുദതലത്തിൽ പഠിക്കുവാൻ കോളേജുകൾ

170(3777) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യോളജി വിഷയം ബിരുദതലത്തിൽ പഠിക്കുവാൻ സംസ്ഥാനത്ത് നാമമാത്രമായ കോളേജുകളെ ഉള്ളുവെന്നത് വസ്തുതയാണോ;

(ബി) ഹയർ സെക്കന്ററി തലത്തിൽ സോഷ്യോളജി ഉൾപ്പെടുന്ന അഞ്ച് കോമ്പിനേഷനുകളിലായി 75000 കുട്ടികൾ പ്രതിവർഷം പാസ്സാകുന്നുണ്ടോ; എങ്കിൽ ഇവർക്ക് ഉപരിപഠനത്തിനായി കൂടുതൽ കോളേജുകളിൽ സോഷ്യോളജിക്ക് ബിരുദകോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) 2016 വർഷം 67,923 കുട്ടികൾ പരീക്ഷ എഴുതിയതിൽ 61,447 പേർ ഉപരിപഠനത്തിന് അർഹരായി. 2017 വർഷം 70,306 കുട്ടികൾ സോഷ്യോളജി കോമ്പിനേഷനിൽ പരീക്ഷ എഴുതിയിട്ടുണ്ട്. കൂടുതൽ കോളേജുകളിൽ സോഷ്യോളജിക്ക് ബിരുദ കോഴ്സുകൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കോടഞ്ചേരി ഗവൺമെന്റ് കോളേജിന് ലൈബ്രറി ഫണ്ട്**

171(3778) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതിയിലെ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ ലൈബ്രറി നവീകരണത്തിനായി ഫണ്ട് അനുവദിച്ചിരുന്നോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ട് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അനുവദിച്ചിരുന്നു. കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ പുതിയ ഗ്രന്ഥശാല കെട്ടിട നിർമ്മാണത്തിനായി 70 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കോളേജ് പ്രിൻസിപ്പാൾ 84.80 രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുക ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള തുകയേക്കാൾ അധികമാകയാൽ ടി വിഷയം ശിപാർശയോടുകൂടി കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാർ മേഖലയിൽ കോളേജുകൾ**

172(3779) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ സർക്കാർ മേഖലയിൽ കോളേജുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ ഈ കോഴ്സുകൾക്കുവേണ്ടി അനുവദിച്ച തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പുതിയ തസ്തികകൾ സൃഷ്ടിച്ചത് കാരണം സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിൽ ആരംഭിച്ച കോളേജുകളുടെയും കോഴ്സുകളുടെയും പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) പ്രസ്തുത കോളേജുകളിൽ അനുവദിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ പട്ടിക അനുബന്ധം 2, 3 ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ കോളേജുകളിലും കോളേജ് വിദ്യാഭ്യാസ വകുപ്പിലും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

173(3780) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ 1-7-2016-ൽ എത്ര പ്രിൻസിപ്പൽ(സ്പെഷ്യൽ ഗ്രേഡ്)/പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടായിരുന്നു;

(ബി) ഇതേ തീയതിയിൽ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടായിരുന്നു;

(സി) ഇവയിൽ ഏതൊക്കെ തീയതികളിൽ എത്ര ഒഴിവുകൾ വീതം നികത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ)യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയില്ലാത്തവർ പ്രിൻസിപ്പൽ തസ്തികയിൽ നിയമിക്കപ്പെട്ട് സേവനം അനുഷ്ഠിച്ചു വരുന്നുണ്ടോ; എങ്കിൽ അതിനിടയാക്കിയ കാരണവും അവരുടെ പേര് വിവരവും നിയമനത്തീയതിയും വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിധിയെന്തായിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ജി) കോടതി വിധി വരുന്നതുവരെ യോഗ്യരായവരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-7-2016-ൽ 4 പ്രിൻസിപ്പാൾ (സ്പെഷ്യൽ ഗ്രേഡ്) തസ്തികകളും 24 പ്രിൻസിപ്പാൾ തസ്തികകളും ഒഴിവുണ്ടായിരുന്നു.

(ബി) 1-7-2016-ൽ 1 അഡീഷണൽ ഡയറക്ടർ തസ്തികയും 5 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളും ഒഴിവുണ്ടായിരുന്നു.

(സി) അഡീഷണൽ ഡയറക്ടറുടെ തസ്തികയിലെ ഒരു ഒഴിവ് 2-2-2017 തീയതിയിൽ നികത്തി. 24 പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവുകൾ 28-3-2017 തീയതിയിലും നികത്തി.

(ഡി) 2009-ലെ യു.ജി.സി. റെഗുലേഷനിൽ പ്രതിപാദിക്കുന്ന യോഗ്യത ടി തസ്തികയിലെ പ്രൊമോഷനുകൾക്ക് ബാധകമാക്കണം എന്ന ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യോഗ്യത പുനർ നിശ്ചയിച്ച് ഒഴിവുകൾ നികത്തേണ്ടി വന്നതിനാലാണ് കാലതാമസമുണ്ടായത്.

(ഇ) ഉണ്ട്. പ്രസ്തുത വ്യക്തികൾ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് വേണ്ടുന്ന യോഗ്യതയെ സംബന്ധിച്ച് ബഹു. ഹൈക്കോടതി വിധിക്ക് മുൻപായി സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത അനുസരിച്ച് പ്രിൻസിപ്പാളായി സ്ഥാനക്കയറ്റം ലഭിച്ചവരാണ്. പേര് വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(എഫ്) ഇതുസംബന്ധിച്ച് 23-2-2016-ലെ ബഹു. ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്. WP(C)29253/2012, മറ്റുള്ളവ. 2009-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് അദ്ധ്യാപക പ്രിൻസിപ്പാൾ നിയമനങ്ങൾ നടത്തുന്നതിന് വിധിയിൽ നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 19-3-2017-ലെ G.O.(P)No.10/ 2017/Hedn ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയുള്ളവരെ പ്രിൻസിപ്പാൾ ആയി നിയമിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ജി) സ.ഉ.(പി)392/2010/ഉ.വി.വ. തീയതി 10-12-2010 പ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ നിലനിന്ന കോടതി വ്യവഹാരങ്ങളും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാലുമാണ് നിയമനം വൈകിയത്.

**സർവ്വകലാശാലകളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

174(3781) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അവയെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത്തരം കോളേജുകളിലെ ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടെയുള്ള ലാബുകൾ സ്ഥാപിക്കുന്നതിനും ലൈബ്രറികൾ വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇത്തരം സർക്കാർ കോളേജുകളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയിൽനിന്നും ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർ നാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ.(സാധാ)807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽനിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി DPR (Detailed Project Report) തയ്യാറാക്കിവരുന്നു.

ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് യു.ജി.സി. യുടെ "കോളേജസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ഫാറൂഖ് കോളേജ്, കോഴിക്കോട്, സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട് എന്നീ കോളേജുകൾക്ക് പുറമെ കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, ലിറ്റിൽ ഫ്ലവർ കോളേജ് ഗുരുവായൂർ, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട, വിമല കോളേജ്, തൃശ്ശൂർ എന്നിവയ്ക്കുകൂടി "കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" പദവി നൽകി വികസന സഹായം നൽകാൻ യു.ജി.സി. തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കിവരുന്നു. കൂടാതെ, കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'ധൈഷണിക പര്യാവരൺ ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതി സംസ്ഥാനത്ത് ഒരു ക്യാമ്പസ്സിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിൽ പ്രധാന ലൈബ്രറിയിൽ ഡിജിറ്റലൈസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും ക്യാമ്പസിൽ സമ്പൂർണ്ണ വൈ.ഫൈ ഏർപ്പെടുത്തുന്നതിനും ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലബോറട്ടറികൾ നിർമ്മിക്കുന്നതിനും പഠന വകുപ്പുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ക്യാമ്പസ് ഡിജിറ്റലൈസേഷന്റെ ഭാഗമായി 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ'-ന്റെ (RUSA) ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ക്യാമ്പസ് നെറ്റ് വർക്കിംഗ് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈബ്രറികളുടെ ആധുനിക വത്കരത്തിലൂടെയും വിദ്യാഭ്യാസ വിഭവകേന്ദ്രങ്ങളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യമിടുന്നു.

(ഡി) സർക്കാർ കോളേജിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ക്യാമ്പസ് ഡിജിറ്റലൈസേഷൻ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ'-ന്റെ (RUSA) ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ റൂസ ഗ്രാന്റ് വിനിയോഗിച്ച് സർക്കാർ കോളേജിൽ അടിസ്ഥാന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന്റെ പുതിയ കോളേജ്**

175(3782) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന്റെ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം എന്തെങ്കിലും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ എതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

ഇക്കാര്യത്തിൽ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

**സ്വകാര്യ കോളേജുകളിൽ 2013-ൽ അനുവദിച്ച പുതിയ കോഴ്സുകൾ**

176(3783) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ ഏതെല്ലാം സ്വകാര്യ കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോഴ്സുകൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ ശിപാർശ ചെയ്തിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ കോളേജുകളിലെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി പുറത്തിറങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അദ്ധ്യാപക നിയമനം നടത്താത്തതിന്റെ പേരിൽ അത്തരം കോളേജുകൾ അനുഭവിക്കുന്ന പ്രയാസം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) 2013-ലെ സ.ഉ. നമ്പർ 615/2013/HEDN തീയതി 12-9-2013 പ്രകാരം പുതുതായി കോഴ്സുകൾ അനുവദിച്ച ഏതെല്ലാം കോളേജുകൾക്ക് ഇതിനകം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-ൽ പുതിയ കോഴ്സുകൾ അനുവദിച്ച ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുവദിക്കപ്പെട്ട കോഴ്സുകളിലെ ക്ലാസ്സുകൾ ആരംഭിച്ചത് അതാത് യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിച്ചതിനുശേഷമാണ്. ആയതിനാൽ അന്ന് കോഴ്സുകൾക്കായി യൂണിവേഴ്സിറ്റി ശിപാർശ ചെയ്തിരുന്നു.

(സി) പതിമൂന്ന് കോളേജുകളിലെ കോഴ്സുകളിൽ ചില തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം കൂടുതൽ തസ്തികകൾ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഉണ്ട്.

(ഇ&എഫ്) 18-5-2016-ലെ ഡി2/104/2016/ഉ.വി.വ. സർക്കാർ കത്തുപ്രകാരം 12-9-2013-ലെ സ.ഉ.(എം.എസ്.)നമ്പർ615/13/ഉ.വി.വ. പ്രകാരം അനുവദിച്ച കോഴ്സുകളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അതിഥി അദ്ധ്യാപകരെ നിയമിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

(ജി) 1. എൻ.എസ്.എസ്. കോളേജ്, നിലമേൽ - കൊമേഴ്സ് - 4

2. എൻ.എസ്.എസ്. കോളേജ്, കരമന - ഇംഗ്ലീഷ് - 4

3. എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം-ഇക്കണോമിക്സ് - 4

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. എം.ജി. കോളേജ്, തിരുവനന്തപുരം - ഇംഗ്ലീഷ് - 4

5. എൻ.എസ്.എസ്. കോളേജ്, വാഴൂർ - ഇംഗ്ലീഷ് - 5

6. എൻ.എസ്.എസ്. കോളേജ്, പന്തളം-ജിയോഗ്രഫി - 1, (സൂപ്പർ ന്യൂമററി) ജിയോളജി - 1 സ്റ്റാറ്റിസ്റ്റിക്സ് - 1

[സ.ഉ.(എം.എസ്.) നമ്പർ 142/15/ഉ.വി.വ. തീയതി 20-4-2015]

7. എം.എസ്.എം. കോളേജ്, കായംകുളം - അറബിക് - 1

[സ.ഉ.(എം.എസ്.) നമ്പർ 505/15/ഉ.വി.വ. തീയതി 3-8-2015]

8. അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി-കമ്പ്യൂട്ടർ സയൻസ്-1

[സ.ഉ.(എം.എസ്.) നമ്പർ 646/15/ഉ.വി.വ. തീയതി 12-11-2015]

9. പയ്യന്നൂർ കോളേജ്, പയ്യന്നൂർ - ബി.ബി.എ – 2

[സ.ഉ.(എം.എസ്.) നമ്പർ 20/16/ഉ.വി.വ. തീയതി 1-2-2016]

10. മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് -

ബി.എസ്.സി. ഇലക്ട്രോണിക്സ് - 2

[സ.ഉ.(എം.എസ്.) നമ്പർ 21/16/ഉ.വി.വ. തീയതി 1-2-2016]

11. എം.ജി. കോളേജ്, ഇരുട്ടി (2017-18 അദ്ധ്യയന വർഷം മുതൽ - കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് - 6)

[സ.ഉ.(എം.എസ്.) നമ്പർ 184/16/ഉ.വി.വ. തീയതി 5-9-2016]

12. മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്-ബി.എം.എം.സി.- 2

[സ.ഉ.(എം.എസ്.) നമ്പർ 199/16/ഉ.വി.വ. തീയതി 25-9-2016]

13. ടി.കെ.എം. കോളേജ്, കൊല്ലം - ബയോകെമിസ്ട്രി - 1

[സ.ഉ.(എം.എസ്.) നമ്പർ 237/16/ഉ.വി.വ. തീയതി 20-11-2016]

പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

177(3784) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിലും പുതിയ സെമസ്റ്ററുകൾ ആരംഭിക്കുന്നതിലും കാലതാമസം വരുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ റീ എക്സാം ഒഴികെയുള്ള ബി.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 27-ാം തീയതിയും റീ എക്സാം കഴിഞ്ഞത് ഫെബ്രുവരി 25-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് ഏപ്രിൽ 4-ാം തീയതിയും റീ എക്സാം സബ്ജക്ടിന്റേത് ഏപ്രിൽ 27-ാം തീയതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റീ എക്സാം ഒഴികെയുള്ള ബി.ടെക് മൂന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 30-ാം തീയതിയും, റീ എക്സാം കഴിഞ്ഞത് മാർച്ച് 4-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് മേയ് 2-ാം തീയതി പ്രസിദ്ധീകരിക്കുകയും റീ എക്സാം സബ്ജക്ടിന്റേത് മേയ് 9-ാം തീയതി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പരീക്ഷാ ഫലം വളരെ വേഗംതന്നെ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സാങ്കേതിക സർവ്വകലാശാല തുടക്കം മുതൽ തന്നെ ഒരു അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ച് അതനുസരിച്ചുള്ള പഠന-പരീക്ഷാ സമ്പ്രദായമാണ് നടപ്പിലാക്കിവരുന്നത്.

## എറണാകുളം ജില്ലയിലെ ടെക്നിക്കൽ ഹൈസ്കൂളുകൾ

178(3785) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ എത്ര ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്രവേശനം തേടിയെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതിന് സാധിക്കാറുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കലിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടിന് അനുബന്ധമായി ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ നിലവിൽ നാല് ടെക്നിക്കൽ ഹൈസ്കൂളുകൾ ഉണ്ട്.

(ബി) ടെക്നിക്കൽ ഹൈസ്കൂളുകളിൽ 8-ാം ക്ലാസ്സ് പ്രവേശനം നൽകുന്നത് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയതിനാൽ പ്രവേശന പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം തന്നെ പ്രവേശനം നൽകുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ

179(3786) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന പത്ത് വർഷക്കാലയളവിൽ തൊഴിൽമേഖലയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുന്ന രീതിയിലുള്ള സാങ്കേതിക വിദ്യാ വികാസം, നിലവിലുള്ള എഴുപതു ശതമാനം തൊഴിലുകളും ഇല്ലാതാക്കുമെന്ന അന്താരാഷ്ട്ര തൊഴിൽ സംഘടന, ആഗോള സാമ്പത്തിക ഫോറം എന്നിവയുടെ പഠനങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾ നവീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുത്തൻ പ്രവണതകളെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന സാങ്കേതിക വിദഗ്ദ്ധരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് വേണ്ട മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം സാങ്കേതിക മാറ്റങ്ങൾ ഉൾകൊള്ളുന്ന രീതിയിൽ ആധ്യാപകർക്കും മറ്റ് സാങ്കേതിക സഹായികൾക്കും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വ്യവസായ അക്കാദമിക തലത്തിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് നിലവിലെ ഡിപ്ലോമ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് റിസർച്ച് (SITTTR) മുഖേന സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് ബിരുദതലം മുതലുള്ള കോഴ്സുകളുടെ സിലബസ് പരിഷ്കരണം യൂണിവേഴ്സിറ്റി തലത്തിലാണ് നടപ്പിലാക്കുന്നത്. അതിനനുബന്ധമായി പുതിയ കോഴ്സുകളുടെ സാദ്ധ്യതാ പഠനം നടത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ അദ്ധ്യാപകർക്ക് നൂതന സാങ്കേതിക വിദ്യയിൽ അവഗാഹം നേടാനാവശ്യമായ പരിശീലന പരിപാടികളും ഉന്നതവിദ്യാഭ്യാസ യോഗ്യത നേടാൻ ക്യൂ.ഐ.പി. മുഖാന്തരം തുടർപഠനത്തിനുള്ള അവസരവും നൽകുന്നുണ്ട്. കരിയർ അഡ്വാൻസ്മെന്റിന് ദേശീയ/അന്താരാഷ്ട്ര സെമിനാറുകളിലെ പ്രബന്ധാവതരണവും ജേണൽ പബ്ലിക്കേഷനും മാനദണ്ഡമാക്കുക വഴി സാങ്കേതിക രംഗത്തെ മാറ്റങ്ങളെ കുറിച്ചുള്ള അവബോധം ഉറപ്പാക്കുന്നുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ്**

180(3787) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോളിടെക്നിക് കോളേജുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; ഇതിൽ സർക്കാർ കോളേജ്, എയ്ഡഡ് കോളേജ് എന്നിങ്ങനെ വേർതിരിച്ച് ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പുതിയ പോളിടെക്നിക് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാണോ;

(സി) പിന്നോക്ക പ്രദേശമായ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പോളിടെക്നിക് കോളേജ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെ 65 പോളിടെക്നിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 45 എണ്ണം സർക്കാർ മേഖലയിലും 6 എണ്ണം എയ്ഡഡ് മേഖലയിലും 14 എണ്ണം സ്വാശ്രയമേഖലയിലുമാണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| സർക്കാർ പോളിടെക്നിക് കോളേജ് | - 45 |
| തിരുവനന്തപുരം | 5 |
| കൊല്ലം | 2 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 3 |
| ഇടുക്കി | 4 |
| എറണാകുളം | 4 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 2 |
| മലപ്പുറം | 4 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 3 |
| വയനാട് | 3 |
| കാസർഗോഡ് | 2 |
| എയ്ഡഡ് പോളിടെക്നിക് കോളേജ് | - 6 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| തൃശ്ശൂർ | 1 |

| | |
|---|---|
| മലപ്പുറം | 1 |
| കാസർഗോഡ് | 1 |

(ബി) 3-6-2015-ലെ ജി.ഒ.(എം.എസ്.)നമ്പർ 229/15/ഉവിവ. പ്രകാരം 6 പോളിടെക്നിക് കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. മഞ്ചേരി, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ എ.ഐ.സി.റ്റി.ഇ.യുടെ അനുമതി ലഭിക്കുകയും അതനുസരിച്ച് 2016-17 അദ്ധ്യയന വർഷം സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. ശേഷിക്കുന്ന 4 പോളിടെക്നിക്കുകൾക്ക് എ.ഐ.സി.റ്റി.ഇ.യുടെ അനുമതി ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി**

181(3788) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവ്വകലാശാലക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുക്കാൻ അനുയോജ്യമായ സ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ഭരണകൂടം യൂണിവേഴ്സിറ്റിയെ അറിയിച്ചിരുന്നോ; എങ്കിൽ അതു സംബന്ധിച്ചുള്ള കത്തിടപാടുകളുടെയെല്ലാം പകർപ്പ് ലഭ്യമാക്കുമോ;

(സി) ജില്ലാ ഭരണകൂടം നിർദ്ദേശിച്ച സ്ഥലങ്ങൾ യൂണിവേഴ്സിറ്റി അധികൃതർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെ പരിശോധിച്ചു; ഓരോ ഭൂമിയെയും സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജില്ലാ ഭരണകൂടം പ്രത്യേകമായി ഏതെങ്കിലും ഭൂമി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ വെള്ളക്കെട്ടുകളോ കണ്ടൽ ചെടികൾ വളരുന്ന പ്രദേശങ്ങളോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽനിന്നും ഭൂമി ഏറ്റെടുക്കുവാൻ 17-2-2016 തീയതിയിൽ ജില്ലാതല വിലനിർണ്ണയ സമിതി യോഗം ചേർന്ന്

എസ്.എൽ.ഇ.സി. അംഗീകാരത്തിനായി 23-6-2016 തീയതിയിൽ സർക്കാരിലേക്ക് അയച്ചിരുന്നു. ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് ബെഞ്ച് മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് സർക്കാരിലേക്ക് 17-6-2016-ന് അപേക്ഷ നൽകുകയും ടി അപേക്ഷ റിപ്പോർട്ടിനായി അയച്ചുതരികയും ചെയ്തിരുന്നു. അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി. സാങ്കേതിക സിമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചത് പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് സർവ്വകലാശാല വി.സി. അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മലയാളം സർവ്വകലാശാലയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 17.21 ഏക്കർ സ്ഥലത്തിന്റെ വില സംബന്ധിച്ച് റീ നെഗോഷ്യേറ്റ് ചെയ്ത് ഇപ്പോൾ നിശ്ചയിച്ച വിലയിൽനിന്നും പരമാവധി കുറയ്ക്കാനാകുമോ എന്ന വിവരം അറിയിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മലയാളം സർവ്വകലാശാല ഭൂമി ഏറ്റെടുക്കലിനായി 21-6-2013 തീയതിയിലെ എൽ.എ. 4-57943/12 നമ്പർ കത്ത് പ്രകാരം തിരൂർ താലൂക്കിലെ ആതവനാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ഒപ്പുവച്ച് തിരികെ നൽകുന്നതിനായി മലയാളം സർവ്വകലാശാല വി.സി.-ക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ പരിസരവാസികളുടെ എതിർപ്പുകാരണം തിരൂർ താലൂക്കിലെ ആതവനാട് വില്ലേജിൽപ്പെട്ട 100 ഏക്കർ ഭൂമി ആവശ്യമില്ലെന്ന് 6-11-2013 തീയതിയിലെ മലയാള സർവ്വകലാശാല വി.സി. അറിയിച്ചിട്ടുള്ളതാണ്. മലയാള സർവ്വകലാശാല വി.സി. യുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(സി&ഡി) ജില്ലാ ഭരണകൂടം ആദ്യം നിർദ്ദേശിച്ച ആതവനാട് വില്ലേജിലെ സ്ഥലം മലയാളം സർവ്വകലാശാല വി.സി. നേരിട്ട് പരിശോധിച്ചിട്ടുള്ളതുമാണ്. മലയാളം സർവ്വകലാശാല വി.സി.യുടെ 6-11-2013 തീയതിയിലെ കത്തിൽ ടി സ്ഥലം വലിയ കുഴിയും കുന്നുകളുമായി കിടക്കുന്നതും കല്ല് വെട്ടിയെടുത്ത വലിയ ഗർത്തങ്ങൾകൊണ്ട് ഉപയോഗ ശൂന്യമാണെന്നും സർവ്വകലാശാല കാമ്പസ് സ്ഥാപിക്കുന്നതിന് ഈ സ്ഥലം തീരെ ചേരുന്നതല്ലെന്നും ഭീമമായ തുക ചെലവിട്ടെങ്കിലെ കെട്ടിടങ്ങൾ പണിയാൻ സാധിക്കുകയുള്ളൂ എന്നും സൂചിപ്പിച്ചിരുന്നു. പരിസരവാസികളുടെ എതിർപ്പും ക്വാറി ഉടമകൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങൾമൂലവും ഈ ഭൂമി ഏറ്റെടുക്കലിന് അനയോജ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലക്കായി സ്ഥലം

182(3789) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയ്ക്കുവേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലം അനുയോജ്യമാണോ എന്ന് സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ; പരിശോധിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വെളിപ്പെടുത്താമോ;

(ബി) തുഞ്ചൻ പറമ്പിന് സമീപത്തുനിന്നും സർവ്വകലാശാല മാറ്റിക്കൊണ്ടു പോകുവാൻ ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുഞ്ചൻ സ്മാരകത്തിന് സമീപം തന്നെ അനുയോജ്യമായ സ്ഥലം കണ്ടെത്തി സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർവ്വകലാശാല നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ

1. പ്രൊഫ. ടി. പി. സോമസുന്ദരൻ (എൻ.ഐ.റ്റി, കോഴിക്കോട്, ടെക്നിക്കൽ കമ്മിറ്റി അംഗം)

2. പ്രൊഫ. ആർ. എസ്. ചന്ദ്രശേഖര നാടാർ (ടെക്നിക്കൽ കമ്മിറ്റി അംഗം)

3. ശ്രീ. പി. എസ്. സലാഹുദ്ദീൻ (ടെക്നിക്കൽ കമ്മിറ്റി അംഗം)

4. ഡോ. കെ. എം. ഭരതൻ ( രജിസ്ട്രാർ ഇൻ ചാർജ്)

5. ഡോ. എം. ശ്രീനാഥൻ (അക്കാദമിക് ഡീൻ)

6. ഡോ. ടി. അനിതകുമാരി (സ്റ്റുഡന്റ് വെൽഫെയർ ഡീൻ)

7. ശ്രീ. പി. ജയരാജൻ (ലൈബ്രറി കൺസൾട്ടന്റ്)

8. ശ്രീ. എൻ. മോഹനനാഥ ബാബു (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ)

(ബി&സി) മലയാള സർവ്വകാലശാല തിരൂർ തുഞ്ചൻപറമ്പിന്റെ ഭാഗമായല്ല പ്രവർത്തിക്കുന്നത്. വെട്ടം പഞ്ചായത്തിലെ വാക്കാട് തുഞ്ചൻമെമ്മോറിയൽ കോളേജിന്റെ അഞ്ച് ഏക്കർ സ്ഥലത്താണ് താൽക്കാലിക കേന്ദ്രം പ്രവർത്തിക്കുന്നത്. തിരൂരിൽ അനുയോജ്യമായ സ്ഥലം എടുക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്.

**സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

183(3790) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സാക്ഷരത നേടിയെടുക്കുന്ന വ്യക്തികളുടെ തുടർവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശീയ സാക്ഷരതാ മിഷനിൽനിന്നും ആവശ്യമായ ഗ്രാന്റുകൾ ലഭിക്കാത്തത് പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന സാക്ഷരത കൈവരിക്കുന്ന നവ സാക്ഷരരുടെ തുടർ പഠനത്തിനായി സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന നാല്, ഏഴ്, പത്ത്, ഹയർസെക്കന്ററി തുല്യതാ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള അവസരം സാക്ഷരത മിഷൻ നൽകിവരുന്നു. 2011-ലെ സെൻസസ് പ്രകാരം 18 ലക്ഷം നിരക്ഷരർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ നാലാംതരം വിജയിക്കാത്തവരെ കണ്ടെത്തി സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയെടുക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി മാറ്റുന്നതിന് സാക്ഷരതാമിഷൻ അതോറിറ്റി ആവിഷ്ക്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് "അതുല്യം". ഈ പദ്ധതിയിലൂടെ 2,02,862 പേർക്ക് പ്രാഥമിക വിദ്യാഭ്യാസം നേടിയെടുക്കാൻ സാക്ഷരത മിഷന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഏഴാംതരം തുല്യത അവസാന ബാച്ചിൽ (2016 നവംബർ) 7771 പഠിതാക്കൾ രജിസ്റ്റർ ചെയ്യുകയും 4939 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. പത്താംതരം തുല്യത 11-ാം ബാച്ചിൽ 31286 പേർ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. ഹയർസെക്കന്ററി തുല്യത രണ്ടാം ബാച്ചിൽ (2016-2018) 14934 പേർ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു.

(സി) ഉണ്ട്. സ്ത്രീ സാക്ഷരതാ നിരക്ക് 50%-ൽ കുറവുള്ള ജില്ലകൾക്കുമാത്രമാണ് പ്രവർത്തനങ്ങൾക്കായി ദേശീയ സാക്ഷരതാ മിഷൻ 2009-ന ശേഷം ഗ്രാന്റ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് കേന്ദ്രസർക്കാർ ഗ്രാന്റ് ലഭിക്കുന്നില്ല. 2009 മുതൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ലഭിക്കുന്നത്.

(ഡി) സാക്ഷരതാ മിഷന്റെ ജീവനാഡികളായ സാക്ഷരതാ പ്രേരക്മാരെ ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി ഇവരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു.

**അക്ഷരസാഗരം സാക്ഷരതാ പരിപാടി**

184(3791) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷരസാഗരം സാക്ഷരതാ പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സാക്ഷരതാ പരിപാടികൾ കാര്യക്ഷമമായി നടത്താൻ കൈക്കൊണ്ടുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) നിലവിലെ കണക്ക് പ്രകാരം കേരളത്തിലെ നിരക്ഷരരും നവസാക്ഷരരും എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരസാഗരം തീരദേശ സാക്ഷരതാ പരിപാടി. ഒന്നാം ഘട്ടത്തിൽ ഫിഷറീസ് വകുപ്പ് നിർദ്ദേശിച്ച തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തീരദേശ പഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

- തീരദേശ സാക്ഷരതാ നിലവാരം ഉയർത്തുക.
- നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക.
- തീരദേശത്ത് തുടർവിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യമുണ്ടാക്കുക.

- മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, മത്സ്യസമ്പത്ത്/ തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- സ്ത്രീ ശാക്തീകരണം സാധ്യമാക്കുക.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- ശുചിത്വം/ആരോഗ്യം/പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധ മുണ്ടാക്കുക.
- പരിപൂർണ്ണ സാക്ഷരത കൈവരിക്കുക.
- ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുക.

(ബി) സാക്ഷരതാ പരിപാടികൾ കാര്യക്ഷമമാക്കുവാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(i) തീരദേശ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കാൻ അക്ഷരസാഗരം പദ്ധതി

(ii) ആദിവാസി മേഖലകളിലെ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിനായി 'അട്ടപ്പാടി സാക്ഷരതാ പദ്ധതി'

(iii) 2017-ൽ ഒരു ലക്ഷം പേരെ സാക്ഷരരാക്കുന്നതിനായി 'അക്ഷരലക്ഷം 2017' എന്ന പദ്ധതി.

(iv) ഇതര സംസ്ഥാനത്തൊഴിലാളികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കായുള്ള പ്രത്യേക സാക്ഷരതാ പദ്ധതികൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹായ സഹകരണങ്ങളോടെ പദ്ധതികൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

(സി) 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ 18 ലക്ഷം നിരക്ഷരരും 12 ലക്ഷം നവസാക്ഷരരും ഉണ്ട്.

**വിദ്യാഭ്യാസ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

185(3792) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) പ്രകാരം ഏതെല്ലാം തൊഴിൽ പരിശീലനങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് അനുസൃതമായി വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചി വളർത്താനും തൊഴിൽ ആഭിമുഖ്യം സൃഷ്ടിക്കാനും ഉതകുംവിധം അസാപ്-ന്റെ തൊഴിൽ പരിശീലന പരിപാടികൾ പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അസാപ്പ് നൽകുന്ന കോഴ്സുകളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിന് അനുസൃതമായി വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചി വളർത്താനുപകരിക്കുന്ന തൊഴിൽ പരിശീലന പരിപാടികളാണ് അസാപ്പ് നടപ്പിലാക്കിവരുന്നത്.

**കൊയിലാണ്ടിയിൽ പുതിയ റവന്യൂ ഡിവിഷൻ ഓഫീസ്**

186(3793) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബജറ്റിൽ കോഴിക്കോട് ജില്ലയിൽ പുതുതായി റവന്യൂ ഡിവിഷൻ ആരംഭിക്കുന്നതിന് സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പുതുതായി ആരംഭിക്കുന്ന റവന്യൂ ഡിവിഷന്റെ ആസ്ഥാനമായി സർക്കാർ തീരുമാനിച്ചത് എവിടെയാണെന്ന് വിശദമാക്കാമോ;

(സി) താലൂക്ക് ആസ്ഥാനവും പ്രധാന നഗരവുമായ കൊയിലാണ്ടി ആസ്ഥാനമായി പരിഗണിക്കണം എന്നാവശ്യപ്പെട്ട് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) റവന്യൂ ഡിവിഷണൽ ആസ്ഥാനം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

**മലയാള സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ**

187(3794) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തുഞ്ചൻ പറമ്പിന് സമീപപ്രദേശത്തുള്ള ആരെങ്കിലും സ്ഥലം ന്യായവിലയ്ക്ക് വിട്ടുനല്കാമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ ഭൂമിയുടെ അനുയോജ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരാണ് പരിശോധന നടത്തിയത്; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ സർവ്വെ നമ്പർ 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6, 316/10-ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ 17-2-2016 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് എസ്.എൽ.ഇ.സി. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനിൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് ബെഞ്ച് മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ റിപ്പോർട്ടിനായി ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ബെഞ്ച് മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ഭൂമി സംബന്ധിച്ച റിപ്പോർട്ട് അയച്ചുതരുവാൻ മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയായ മലയാള സർവ്വകലാശാല വി.സി. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചുപ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുക യുമുണ്ടായി.

(സി) ഉണ്ട്. അർത്ഥനാധികാരിയായ മലയാള സർവ്വകലാശാല നിയോഗിച്ച സാങ്കേതിക സമിതിയാണ് സ്ഥലം പരിശോധിച്ചിട്ടുള്ളത്. പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വയനാട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തന നിയന്ത്രണം**

188(3795) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തന നിയന്ത്രണത്താൽ നിർമ്മാണ സാമഗ്രികളുടെ ക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ സാമഗ്രികളായ കല്ല്, മണൽ തുടങ്ങിയവയുടെ ദൗർലഭ്യം കാരണം ആദിവാസി ഭവന നിർമ്മാണമടക്കമുള്ള പ്രവൃത്തികൾ സ്തംഭിച്ചിരിക്കുന്നത് പരിഹരിക്കുവാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രണത്തിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിർമ്മാണ സാമഗ്രികളായ കല്ല്, മണൽ എന്നിവ ന്യായവിലയ്ക്ക് വിൽപ്പന നടത്തുന്നതിന് ജില്ലയിൽ നിലവിൽ നിയമാനുസൃതം പ്രവർത്തിക്കുന്ന ലീസ് ക്വാറി ഉടമസ്ഥർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോവിലകം പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ**

189(3796) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴം പാലത്തിനുവേണ്ടി ഉഭയസമ്മതപ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ 15-12-2015-ലെ സ.ഉ. (ആർ.റ്റി.) 6625/15/RD പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലക്ക് ഭൂമി കൈമാറാൻ കക്ഷികൾ സന്നദ്ധരല്ലാതെ വന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടന്നില്ല. ആയതിനാൽ LARR Act 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. 10-5-2017-ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി കൂടിയ SLEC-SLMC കമ്മിറ്റി, ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ 15-12-2015-ലെ സ.ഉ.(ആർ.റ്റി) 6625/15/RD നമ്പർ സർക്കാർ ഉത്തരവ് റദ്ദുചെയ്യാനും, LARR Act 2013 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭരണ വകുപ്പായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിക്കുന്നതാണ്.

**കെട്ടിട നികുതി ഒറ്റത്തവണയായി പിരിച്ചെടുക്കുന്നതിന് സംവിധാനം**

190(3797) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതിയിനത്തിൽ വില്ലേജ് ഓഫീസ് മുഖേന ഒടുക്കേണ്ട ഒറ്റത്തവണ നികുതിയിനത്തിൽ എത്ര രൂപ സർക്കാരിന് പിരിച്ചെടുക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒറ്റത്തവണ നികുതി പിരിച്ചെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട്ടു നമ്പർ നൽകുന്ന സമയത്തു തന്നെ റവന്യൂ വകുപ്പിലും നികുതി ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം ഒറ്റത്തവണ കെട്ടിട നികുതിയിനത്തിൽ 160.51 കോടി രൂപ പിരിവ് വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഒറ്റത്തവണ കെട്ടിട നികുതിയിനത്തിൽ 2017 മാർച്ച് മാസത്തിൽ 3.75 കോടി രൂപ പിരിക്കുവാൻ ബാക്കിയുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് (7) പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി, കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് 9-7-15-ലെ സ.ഉ.(എം.എസ്.)നമ്പർ 231/15/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിന് നടപടി**

191(3798) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളേയും ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) നിലവിലുള്ള പല നടപടിക്രമങ്ങളും കാലഹരണപ്പെട്ടതാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ ആയവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളെയും ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതും സ്വീകരിച്ചിട്ടുള്ളതുമായ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി പല നടപടിക്രമങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്.

**നെയ്യാർ ഡാം മേഖലയിൽ നാലര ഏക്കർ കയ്യേറി ക്ഷേത്രം നിർമ്മിച്ച സംഭവം**

192(3799) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാന ജില്ലയിൽ സർക്കാർ ഭൂമിയിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങളുടെ വിവര ശേഖരണം നടന്നിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച പൂർണ്ണരൂപം വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നെയ്യാർ ഡാം മേഖലയിൽ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(സി) ഇതിൽ ജലവിഭവ വകുപ്പിന്റെ നാലര ഏക്കർ കയ്യേറി ക്ഷേത്രം നിർമ്മിച്ച സംഭവം ഉൾപ്പെടുന്നുണ്ടോ;

(ഡി) എങ്കിൽ ഈ കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 553 കേസുകളിലായി 74.9849 ഹെക്ടർ സർക്കാർ ഭൂമി തിരുവനന്തപുരം ജില്ലയിൽ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നെയ്യാർ ഡാം മേഖലയിൽ നിലവിൽ മൂന്ന് കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതിൽ ജലവിഭവ വകുപ്പിന്റെ നാലര ഏക്കർ കയ്യേറി ക്ഷേത്രം നിർമ്മിച്ച സംഭവം ഉൾപ്പെടുന്നുണ്ട്.

(ഡി) പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലങ്ങളിലെ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ്

193(3800) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ ലഭിച്ച അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) വില്ലേജാഫീസറും കൃഷി ഓഫീസറും ആർ.ഡി.ഒ.-ക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത അനുമതി നൽകുന്നത്;

(സി) പ്രാദേശിക നിരീക്ഷണ സമിതിയുടെ മേൽനോട്ടമില്ലാതെ ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിനെ മാത്രം ആശ്രയിച്ച് അനുമതി നൽകുന്നത് ഉദ്യോഗസ്ഥർക്ക് സ്വന്തം താല്പര്യം അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള അവസരം നൽകുകയില്ലേ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ശരിയായ തീരുമാനം എടുക്കുന്നതിന് എന്ത് നിബന്ധനയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡാറ്റാ ബാങ്കിൽ/കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ സർക്കാരിന്റെ 22-12-2016-ലെ 46848/പി1/16/റവ, 1-3-2017-ലെ 13105/പി1/2017/റവ എന്നീ സർക്കുലറുകളിൽ അനുശാസിച്ചിട്ടുള്ളതിൻ പ്രകാരം വീട് നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് 14-3-2017-ലെ റവ.പി1-7-2017 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച് പ്രാദേശികതല സമിതിയുടെ ശിപാർശ സഹിതം ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്കായി വരുന്ന അപേക്ഷകളിൻമേൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണെന്ന് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും തന്നെ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) വില്ലേജാഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നത്.

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള അപേക്ഷകളിൽ മാത്രമേ പ്രാദേശികതല നിരീക്ഷണ സമിതിക്ക് പ്രസക്തിയുള്ളൂ. ഇത്തരം കേസുകളിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് വാങ്ങി അവ പരിഗണിച്ച് ആവശ്യമായ മറ്റ് അന്വേഷണത്തിനുശേഷം പ്രാദേശികതല നിരീക്ഷണ സമിതി നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാതല അധികൃത സമിതി തീരുമാനമെടുക്കേണ്ടത്. കെ.എൽ.യു. പ്രകാരമുള്ള അപേക്ഷകൾ പ്രാദേശികതല നിരീക്ഷണ സമിതിയുടെ അധികാര പരിധിയിൽ വരുന്നതല്ല.

(ഡി) ഇതുസംബന്ധിച്ച വ്യവസ്ഥകൾ നിയമത്തിലും ചട്ടത്തിലും സർക്കാർ നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഇതിനുപരിയായി മറ്റ് നിബന്ധനകളുടെ ആവശ്യമുള്ളതായി കാണുന്നില്ല.

**കെട്ടിടനിർമ്മാണ സാമഗ്രികൾ ഉപഭോക്താക്കൾക്ക് വില കുറച്ച് നൽകുന്ന കലവറ പദ്ധതി**

194(3801) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കലവറ പദ്ധതി' കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുവഴി കെട്ടിടനിർമ്മാണത്തിന് എന്തെല്ലാം സാമഗ്രികളാണ് ഗുണഭോക്താക്കൾക്ക് വിലകുറച്ച് നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പാലിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ 2009-ൽ ആരംഭിച്ച കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറ നിലവിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്) 12 എണ്ണം പ്രവർത്തിച്ചുവരുന്നു. 5 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലും ഉടൻതന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. കെസ്നിക്കിന്റെ കലവറകൾ കൂടാതെ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയും സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ ബി.പി.എൽ. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) 600 ചതുരശ്ര അടി വരെ തറവിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് കലവറയിൽനിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്ക് ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകിവരുന്നു. പുതിയ വീടിന്റെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവർത്തനങ്ങൾക്ക് നിർമ്മിതിയിൽനിന്നും കമ്പി, സിമന്റ് എന്നിവ നൽകിവരുന്നു. കൂടാതെ അനധികൃതമായി കടത്തുമ്പോൾ പിടിച്ചെടുക്കുന്ന മണലും സർക്കാർ നിശ്ചയിച്ച നിരക്കിൽ കലവറയിൽനിന്നും വിതരണം ചെയ്തുവരുന്നു.

(സി) 1. 2000 ചതുരശ്ര അടിവരെ തറവിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/ അറ്റകുറ്റപ്പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/എൻ.ഒ.സി.യോ ലഭിച്ച രേഖകൾ നൽകണം.

3. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ അത് തെളിയിക്കുന്ന തിനാവശ്യമായ രേഖകൾ നൽകണം.

4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട്ടുനിർമ്മാണ മാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.

5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്കുശേഷം സാമഗ്രികൾ നൽകുന്നതാണ്.

## ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലും സുരക്ഷാ സംവിധാനങ്ങളില്ലാതെയും പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾ

195(3802) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പലതും ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിലാണെന്നും, സുരക്ഷാസംവിധാനങ്ങൾ ഇല്ലാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത വില്ലേജാഫീസ് കെട്ടിടങ്ങൾ 13-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനം-റവന്യൂ വകുപ്പ് ഭൂമികളിലെ കയ്യേറ്റങ്ങൾ

196(3803) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് വനം-റവന്യൂ വകുപ്പ് ഭൂമികളിൽ കയ്യേറ്റങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മൂന്നാർ, പൂയംകുട്ടി എന്നീ സ്ഥലങ്ങളിൽ എത്ര ഹെക്ടർ വീതം വനഭൂമിയും റവന്യൂ ഭൂമിയും കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആയതിൽ എത്ര ഹെക്ടർ ഭൂമി നെയ്യാർ ഡാം മേഖലയിൽതിരിച്ചു പിടിച്ചിട്ടുണ്ട്; ബാക്കി എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കയ്യേറ്റക്കാരിൽ കൂടുതൽ ഭൂമി കയ്യേറിയവരുടെ പേരുൾപ്പെടെയുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത കയ്യേറ്റഭൂമികൾ അടിയന്തരമായി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലകളിൽനിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഭൂമിയിലുള്ള കയ്യേറ്റങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | റവന്യൂ ഭൂമി |
|---|---|
| തിരുവനന്തപുരം | 74.9780 ഹെക്ടർ |
| കൊല്ലം | 27.6787 ഹെക്ടർ |
| പത്തനംതിട്ട | 16.4131 ഹെക്ടർ |
| കോട്ടയം | 8.8938 ഹെക്ടർ |
| ആലപ്പുഴ | 08.0609 ഹെക്ടർ |
| ഇടുക്കി | 157.9889 ഹെക്ടർ |
| എറണാകുളം | 31.6565 ഹെക്ടർ |
| തൃശ്ശൂർ | 5.6215 ഹെക്ടർ |
| പാലക്കാട് | 5.9954 ഹെക്ടർ |
| മലപ്പുറം | 5.2166 ഹെക്ടർ |
| കോഴിക്കോട് | 6.0702 ഹെക്ടർ |
| വയനാട് | 81.5332 ഹെക്ടർ |
| കണ്ണൂർ | 0.8903 ഹെക്ടർ |
| കാസർഗോഡ് | 22.8538 ഹെക്ടർ |

(ബി) മൂന്നാർ ചിന്നക്കനാൽ മേഖലകളിലായി 155.05 ഹെക്ടർ റവന്യൂ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) നെയ്യാർഡാം മേഖലയിൽ 2.3644 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. കയ്യേറ്റം നിർണ്ണയിക്കുന്നതിന് കള്ളിക്കാട്, വാഴിച്ചൽ വില്ലേജുകളിൽ സർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) മൂന്നാർ പ്രദേശത്തെ കയ്യേറ്റം സംബന്ധിച്ച് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലെ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച ലിസ്റ്റ് ശേഖരിച്ചുവരുന്നു.

(ഇ) കയ്യേറ്റഭൂമി തിരിച്ച് പിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ KDH വില്ലേജിൽ 1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ നിയമം), മറ്റ് വില്ലേജുകളിൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള ഒഴിപ്പിക്കൽ ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു.

**തോട്ട ഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെ നടപടി**

197(3804) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തോട്ട ഭൂമി മുറിച്ച് വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(1)(e) പ്രകാരം സീലിംഗ് പരിധിയിൽനിന്ന് ഇളവ് നൽകിയ തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 81-ാം വകുപ്പ് പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകുന്ന ഭൂമി തുണ്ടുകളാക്കി വിൽപ്പനയിലൂടെയോ അല്ലാതെയോ കൈമാറ്റം ചെയ്യുന്ന സാഹചര്യങ്ങളിൽ, കൈമാറ്റം ചെയ്യുന്ന ഭൂമി അങ്ങനെയുള്ള ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ അത്രയും വിസ്തീർണ്ണം ഭൂമി ആർക്കാണോ സീലിംഗ് കേസിൽ ഇളവ് അനുവദിച്ചത് ആ കക്ഷിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അക്കൗണ്ടിൽ ഉൾപ്പെടുത്തി കേരള ഭൂപരിഷ്കരണ ആക്ടിലെ 87-ാം വകുപ്പ് (Explanation II) പ്രകാരം എസ്.എം. കേസ് എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇളവ് നൽകിയ തോട്ടഭൂമി മുറിച്ചുവിൽക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്കും താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകുകയും അതനുസരിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. വിവിധ ആവശ്യങ്ങൾക്കായി ഒഴിവാക്കി നൽകിയ ഭൂമി തുണ്ടുകളാക്കി കൈമാറ്റം നടത്തുകയും കൈമാറ്റത്തിലൂടെ ഭൂമി ആർജിക്കുന്ന ആൾ പ്രസ്തുത ഭൂമി അതേ ആവശ്യത്തിന് തന്നെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്നതരത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## പുഞ്ച പമ്പിംഗ് സബ്സിഡി നൽകണമെന്ന് ആവശ്യപ്പെട്ട് കെ. ടി. തോമസ് സമർപ്പിച്ച പരാതി

198(3805) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 കാലയളവിൽ കോട്ടയം ജില്ലയിൽ പുഞ്ച പമ്പിംഗ് സബ്സിഡി നൽകുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു; ഈ അപേക്ഷകൾ പ്രകാരം എത്ര കോടി രൂപ സബ്സിഡിയിനത്തിൽ ആവശ്യമായുണ്ട്; ഇതിൽ എത്ര തുക വിതരണം ചെയ്തു എന്നറിയിക്കാമോ;

(ബി) പമ്പിംഗ് സബ്സിഡിയിനത്തിൽ ഇനി എത്ര പേർക്ക് തുക ലഭിക്കുവാനുണ്ട്; ഇതിന് എത്ര കോടി രൂപ ആവശ്യമായിട്ടുണ്ട് എന്നറിയിക്കാമോ; ഈ തുക എന്നേക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുയെന്നറിയിക്കാമോ;

(സി) പമ്പിംഗ് സബ്സിഡി നൽകണമെന്നുകാണിച്ച് കെ.ടി.തോമസ് റവന്യൂവകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ Rev.K4/17/2017 ഫയൽ പ്രകാരം കോട്ടയം ജില്ലാ കളക്ടർ തുക കണ്ടെത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) തോമസിന്റെ പരാതിയിൽ റവന്യൂ വകുപ്പ് പരിഹാരം കണ്ടെത്തിയിട്ടുണ്ടോ : ഇല്ലെങ്കിൽ ഫയൽ നടപടിയിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 കാലയളവിൽ കോട്ടയം പുഞ്ച സ്പെഷ്യൽ ഓഫീസിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി 353 അപേക്ഷകളിലായി 5,72,00,000 (അഞ്ച് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം) ആവശ്യമായിരുന്നു. 2016-17-ൽ 1,50,00,000 (ഒരു കോടി അമ്പത് ലക്ഷം രൂപ മാത്രം) അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക വിനിയോഗിച്ച് മുൻഗണനാക്രമത്തിൽ 117 അപേക്ഷകളിലായി 1,49,98,039 രൂപ (ഒരു കോടി നാൽപ്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുപ്പത്തിയൊമ്പത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ടെന്നും 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള 61,00,000 രൂപ (അറുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) 43 അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നതായും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) 2016-17 കാലയളവിൽ സബ്സിഡി നൽകാൻ ബാക്കിയുള്ള 193 അപേക്ഷകർക്കും 2017-18 സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച 29 അപേക്ഷകർക്കും തുക നൽകാൻ ബാക്കിയുണ്ടെന്നും പ്രസ്തുത അപേക്ഷകർക്ക് സബ്സിഡി അനുവദിക്കുന്നതിനായി 4,11,00,000 രൂപ (നാല് കോടി പതിനൊന്ന് ലക്ഷം രൂപ മാത്രം) ഇനിയും ആവശ്യമായുണ്ടെന്നും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ദുരന്ത നിവാരണ വകുപ്പിൽനിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം പുഞ്ചകൃഷി പാടശേഖരത്തിൽ പമ്പിംഗ് സബ്സിഡിക്ക് തുക അനുവദിക്കുന്നതിന് നിർവ്വാഹമില്ല.

**ദേശീയ കുടുംബസഹായ നിധിയിൽനിന്ന് സഹായം**

199(3806) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ താലൂക്കുകളിലും കളക്ടേറ്റുകളിലുമായി ദേശീയ കുടുംബസഹായ നിധിയിൽനിന്ന് സഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അനേകം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ആകെ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര ഫണ്ട് ലഭിക്കാത്തത് കാരണമാണോ തീർപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എത്ര വർഷത്തെ കുടിശ്ശിക കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ട് എന്നത് വിശദമാക്കാമോ;

(ഇ) ഇത് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൻ.എഫ്.ബി.എസ്. പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ആകെ 41656 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ ധനസഹായം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്.

(ഡി&ഇ) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ഏപ്രിൽ 2015 മുതൽ സെപ്റ്റംബർ 2015 വരെയും ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016 വരെയുമുള്ള കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. ഒക്ടോബർ 2015 മുതൽ മാർച്ച് 2016 വരെയുള്ള 2015-16 വർഷത്തെ രണ്ടാം ഗഡു കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ആയത് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

**വയൽ, നീർത്തട സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

200(3807) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയൽ, നീർത്തട സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മുൻകാലങ്ങളിൽ അനധികൃതമായി നികത്തിയ വയലുകളും നീർത്തടങ്ങളും കണ്ടെത്തുന്നതിനും അവ പൂർവസ്ഥിതിയിലാക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) ഡാറ്റാ ബാങ്ക് പൂർത്തിയാകാത്ത സ്ഥലങ്ങളിലും ഡാറ്റാബാങ്ക് തയ്യാറാക്കിയ സ്ഥലങ്ങളിൽ 2008-ന് മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങളിലും സാധാരണക്കാർക്ക് വീടുവെക്കാൻ ബുദ്ധിമുട്ട് നേരിടാതിരിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്?

ഉത്തരം

(എ) നെൽവയൽ/നീർത്തട സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 12 പ്രകാരം വില്ലേജ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ളതും നെൽവയലോ തണ്ണീർത്തടമോ അനധികൃതമായി രൂപാന്തരപ്പെടുത്തുന്നപക്ഷം സെക്ഷൻ 13 പ്രകാരം ആയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ നെൽവയലോ തണ്ണീർത്തടമോ അനധികൃതമായി പരിവർത്തനപ്പെടുത്തുന്നപക്ഷം ടി പ്രദേശത്ത് പ്രവേശിക്കുന്നതിനും നിയമ വിരുദ്ധ പ്രവർത്തികൾക്ക് ഉപയോഗിച്ച വാഹനങ്ങളും ഉപകരണങ്ങളും പിടിച്ചെടുക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് നൽകുന്നതിനും സെക്ഷൻ 19 പ്രകാരം വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12-8-2008-ന് മുൻപ് അനധികൃതമായി നികത്തിയ ഭൂമികളിൻമേൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡാറ്റാ ബാങ്കിൽ/കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ ഭൂഉടമയുടെ സ്വന്തം വീട് നിർമ്മിക്കുന്നതിന് കെ.എൽ.യു. ക്ലോസ് 6 പ്രകാരം പഞ്ചായത്തിൽ 10 സെന്റിലും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റിലും വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സർക്കാരിന്റെ 22-12-2016-ലെ 46848/പി1/2016/റവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

**മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മാരകം നിർമ്മിക്കുന്നതിന് ഭൂമി**

201(3808) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മാരകം നിർമ്മിക്കുന്നതിനായി 20-5-2005-ലെ സ.ഉ.(എം.എസ്.)നമ്പർ 149/2005/റവ. ഉത്തരവ് പ്രകാരം

നൽകിയ കണയന്നൂർ താലൂക്കിലെ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട ഒരേക്കർ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി കൊച്ചി നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അറിയിപ്പ് നൽകിയത്;

(ബി) അളന്ന് തിട്ടപ്പെടുത്തുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് അളന്ന് തിട്ടപ്പെടുത്തി നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി കൊച്ചി നഗരസഭയുടെ അറിയിപ്പ് 16-7-2005-ന് എറണാകുളം കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം നാളിതുവരെ സർക്കാർ ഉത്തരവുപ്രകാരം നിർദ്ദേശിച്ചിരുന്ന ഒരേക്കർ ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സി) 25 സെന്റ് ഭൂമി മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മാരകത്തിലേയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലെ ഉത്തരവിൽ മാറ്റംവരുത്തി പുനർ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

**ദുരന്ത നിവാരണ ആക്ടുപ്രകാരം ഏറ്റെടുത്തിട്ടുള്ള ജലസ്രോതസ്സുകൾ**

202 (3809) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ ആക്ട്പ്രകാരം ഏറ്റെടുത്തിട്ടുള്ള ജലസ്രോതസു കളിൽനിന്നും സ്വകാര്യവ്യക്തികളും ജലവിതരണ കമ്പനികളും വെള്ളമൂറ്റുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിതരണത്തിന് സഹായിക്കുന്ന ഇത്തരം ജലസ്രോതസ്സുകളിൽനിന്നും പമ്പുസെറ്റുകൾ സ്ഥാപിച്ചും അല്ലാതെയുമുള്ള ജലചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാറമടകളിലെ ജലസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എത്രമാത്രം വിജയകരമാണെന്ന് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ ദുരന്ത നിവാരണ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള ജലസ്രോതസ്സുകളിൽനിന്നും സ്വകാര്യ വ്യക്തികളും ജലവിതരണ കമ്പനികളും വെള്ളമൂറ്റുന്നതിനുള്ള ശ്രമങ്ങൾ തടഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജലചൂഷണം തടയുന്നതിനും ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ അനധികൃതമായി ജലം ഊറ്റുന്നത് തടയുന്നതിന് താലൂക്ക് തലത്തിൽ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ജലചൂഷണം തടയുന്നതിന് പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ആഫീസ് എന്നിവയുടെ നേതൃത്വത്തിൽ നിരീക്ഷണവും നടത്തിവരുന്നു. കാസർഗോഡ് ജില്ലയിൽ പുഴകളിൽ നിന്ന് അനധികൃതമായി ജലം ചൂഷണം ചെയ്യുന്നത് തടയുന്നതിനുവേണ്ടി കൃഷിവകുപ്പും കെ.എസ്.ഇ.ബി. യും ജലസേചന വകുപ്പും സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിവരുന്നുണ്ട്.

(സി) അവശ്യസന്ദർഭങ്ങളിൽ പാറമടകളിൽനിന്നും വെള്ളം ശേഖരിച്ച് ഉപയോഗയോഗ്യമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുടിവെള്ളക്ഷാമം നേരിടാനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദ്ദേശം നൽകിയിരുന്നു. കുടിവെള്ളക്ഷാമം അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ നിലവിലെ ജലസ്രോതസ്സുകളിൽ നിന്നുമാത്രം കുടിവെള്ള ആവശ്യം നിറവേറ്റാൻ പര്യാപ്തമല്ലാത്ത സാഹചര്യം ഉണ്ടായാൽ കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കാനായി വിവിധ ജില്ലകളിൽ നിലവിലുള്ള പാറക്കുളങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പാറക്കുളങ്ങളിൽനിന്നും ഒരു ജില്ലയിലും കുടിവെള്ള ആവശ്യത്തിനായി നിലവിൽ ജലം ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

**പട്ടയം പുതുക്കിനൽകൽ**

203(3810) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരിക്കൽ പട്ടയം ലഭിക്കുകയും, പിന്നീട് ആ പട്ടയം തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടുപോകുകയും ചെയ്തവർക്ക് വീണ്ടും പട്ടയം ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഒരിക്കൽ പട്ടയം ലഭിക്കുകയും പിന്നീട് ആ പട്ടയം തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ട് പോകുകയും ചെയ്തവർക്ക് പട്ടയ പകർപ്പ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതും ടി അപേക്ഷകളിൽ കക്ഷിയുടെ സത്യവാങ്മൂലത്തിന്റെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നഷ്ടപ്പെട്ടുവെന്നുള്ള കാര്യം ശരിയാണോയെന്ന് ഉറപ്പ് വരുത്തുകയും ആയതിനുശേഷം ബന്ധപ്പെട്ട പട്ടയഫയലും അനുബന്ധ റിക്കോർഡുകളും പരിശോധിച്ച് പട്ടയത്തിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടശേഷം പട്ടയത്തിന്റെ സർട്ടിഫൈഡ് പകർപ്പ് അപേക്ഷകന് നൽകുകയാണ് ചെയ്തുവരുന്നത്.

**അരൂർ കെൽട്രോൺ ഫെറി-കമ്പളങ്ങി പാലത്തിന്റെ**
**അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ്**

204 (3811) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ കെൽട്രോൺ ഫെറി-കമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും എൽ.എ.ആർ. ആക്ട് (ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻറ് റീസെറ്റിൽമെന്റ്) പ്രകാരമുള്ള അപേക്ഷ എറണാകുളം, കോട്ടയം ജില്ലാ കളക്ടർമാർക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 2017 മാർച്ച് മാസത്തിൽ എറണാകുളം കളക്ടറേറ്റിൽ ചേർന്ന, സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അരൂർ കെൽട്രോൺ ഫെറി-കമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം എറണാകുളം ജില്ലയ്ക്ക് മാത്രം ബാധകമായിട്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറലിനെ പൊന്നുംവില ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്.

(സി & ഡി) നിലവിലുള്ള അലൈൻമെന്റ് പ്രകാരം മൂന്ന് വീടുകൾ നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുണ്ട്. ഇതൊഴിവാക്കാനായി പ്രസ്തുത വീടുകൾ ഒഴിവാക്കി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി ലഭിക്കുന്നതിനായി അർത്ഥനാധികാരിയോട് അരൂർ, കൊച്ചി എം.എൽ.എ. മാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നാളിതുവരെ അലൈൻമെന്റ് സ്കെച്ച് ലഭ്യമായിട്ടില്ലാത്തതാണ്.

(ഇ) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടില്ല.

## ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ

205 (3812) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ ഉണ്ട്; വിശദ വിവരം നൽകാമോ;

(ബി) ലാന്റ് ട്രിബ്യൂണലുകളിൽ പട്ടയം സംബന്ധമായ അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലായി 17 ലാന്റ് ട്രിബ്യൂണലുകൾ ഉണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ചേർത്തല, തൊടുപുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഒറ്റപ്പാലം, തിരൂർ, മഞ്ചേരി, കോഴിക്കോട്, മാനന്തവാടി, പയ്യന്നൂർ, കുത്തുപറമ്പ്, കാസർഗോഡ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 30-9-2016-ൽ ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാന്റ് ട്രിബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും 30-12-2016 വരെ തീർപ്പാക്കേണ്ട

കേസ്സുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം 92211 കേസ്സുകൾ തീർപ്പാക്കുവാൻ ഉണ്ടായിരുന്നതിൽ 4774 കേസ്സുകൾ 30-12-2016 വരെ തീർപ്പാക്കിയിട്ടുണ്ട്. തുടർന്ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുകയും തീർപ്പാക്കേണ്ടുന്ന കേസ്സുകളുടെ എണ്ണം നിശ്ചയിച്ച് നൽകുകയും ചെയ്തുവരുന്നു. 2017 ജനവരി മുതൽ ഏപ്രിൽ വരെ 4564 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രിബ്യൂണൽ ഓഫീസുകളിലെ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പരിശീലന ക്ലാസ് നൽകിവരുന്നു. ലാന്റ് റിഫോംസ് ഹെഡ്ഡിൽ നിന്നും ശമ്പളം വാങ്ങുന്നവർക്ക് മറ്റ് ജോലികൾ അസൈൻ ചെയ്തുകൊടുക്കാൻ പാടില്ലാത്തതും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാന്റ് ട്രിബ്യൂണൽ തഹസീൽദാർമാർ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലുകളുടെ അധികച്ചുമതല നൽകി 17-1-2017-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ലാന്റ് ട്രിബ്യൂണൽ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം

206(3813) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ലാന്റ് ട്രിബ്യൂണൽ ഓഫീസുകളിൽ അപേക്ഷകൾ വർഷങ്ങളോളം കെട്ടികിടക്കുന്നത് ഒഴിവാക്കാനും അപേക്ഷയുടെ സീനിയോറിറ്റി അനുസരിച്ച് സേവനം കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

207(3814) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഈ കാലയളവിൽ അനുമതി നൽകിയതും നടപ്പിലാക്കിയതുമായ പദ്ധതികൾ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) മലപ്പുറം മണ്ഡലത്തിൽ കഴിഞ്ഞ 2 വർഷം (2015-16, 2016-17) നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും ചുവടെ കൊടുക്കുന്നു:

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി നൽകിയ തുക |
|---|---|
| നിമജ്ജനം കടവ് നവീകരണം | 63,00,000 |
| മലയാറ്റൂർ നീലേശ്വരം പഞ്ചായത്തിലെ കോമേന്ത പള്ളിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിംഗ് താഴെ പെരിയാറിന് കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ | 15,00,000 |
| മലയാറ്റൂർ നീലേശ്വരം പഞ്ചായത്തിലെ മലയാറ്റൂർ പാലത്തിന് താഴെ പള്ളി കടവിന് സമീപം പെരിയാറിന് കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ | 15,00,000 |

| | |
|---|---|
| കൂവപ്പടി പഞ്ചായത്തിലെ കപ്രിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് താഴെ പെരിയാറിന് കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ നിർമ്മാണം. | 20,00,000 |
| വേങ്ങൂർ പഞ്ചായത്തിലെ പാണംകുഴി കടവിന് സമീപം പെരിയാറിന് കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ നിർമ്മാണം | 20,00,000 |
| മാഞ്ഞാലി തേലത്തുരുത്ത് കടവിന് സമീപം ചെറിയ തേക്കാനത്തിന് താഴെ മാഞ്ഞാലി തോടിന് കുറുകെയുള്ള താൽക്കാലിക ബണ്ട് നിർമ്മാണം | 8,81,500 |

കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമപഞ്ചായത്തിൽ പാലക്കോട് ആഴിമുഖത്തെ ചെളിനീക്കംചെയ്യൽ പ്രവൃത്തിക്കായി 33.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മറ്റ് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ഈ കാലയളവിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(സി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കൂട്ടിലങ്ങാടി പാലത്തിന് സമീപം കടലുണ്ടിപ്പുഴയിൽ കുട്ടമണ്ണ കടവിൽ വാഹനങ്ങൾ പുഴയിലേക്കിറങ്ങുന്നത് തടയുന്നതിന് സ്ഥിരം ബ്ലോക്കേഡ് നിർമ്മാണം |
| 2 | ആനക്കയം ഗ്രാമപഞ്ചായത്തിൽ കടലുണ്ടിപ്പുഴയിൽ ചെക്ക് പോസ്റ്റ് കടവിൽ വാഹനങ്ങൾ പുഴയിലേക്കിറങ്ങുന്നത് തടയുന്നതിന് സ്ഥിരം ബ്ലോക്കേഡ് നിർമ്മാണം |
| 3 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴയിൽ നമ്പ്രാണി ചെക്ക്ഡാമിന്റെ ഇടതുകര സംരക്ഷണ പ്രവൃത്തി |
| 4 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴയിൽ നൂറാടി പാലത്തിന് മുകൾഭാഗം വലതുകര സംരക്ഷണ പ്രവൃത്തി |

(ഡി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22(3) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നത്.

## മലയാളം സർവ്വകലാശാലയ്ക്ക് നഗരാതിർത്തിയിൽ സ്ഥലം നൽകാമെന്ന വാഗ്ദാനം

208(3815) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർക്കാർ ഏതെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വെട്ടം പഞ്ചായത്തിൽ ഇതിനായി കണ്ടെത്തിയ ഭൂമിക്ക് വിലനിർണ്ണയ സമിതി നിശ്ചയിച്ച വില അധികമാണെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ചതുപ്പും കണ്ടൽക്കാടും നിറഞ്ഞ ഈ സ്ഥലം ജില്ലാഭരണകൂടം ശിപാർശ ചെയ്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ചതുപ്പ് സ്ഥലത്തിന് വിലനിശ്ചയിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) ചതുപ്പ് നിലത്തിന് നിശ്ചയിച്ച വിലയ്ക്കോ, അതിലും കുറച്ചോ നഗരാതിർത്തിയിൽ സ്ഥലം നല്കാമെന്ന് വാഗ്ദാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ച് ഈ സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തൽ എന്തായിരുന്നു;

(എഫ്) ജില്ലാഭരണകൂടം കണ്ടെത്തിയ ഭൂമിയുടെ യഥാർത്ഥ ഉടമകളുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ ഭൂഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 9-7-2015-ലെ ജി.ഒ. (എം.എസ്.) നമ്പർ 123/15/കൃഷി, 2-12-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 230/15/കൃഷി എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽനിന്നും 17 ഏക്കർ 21 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ 17-2-2016 തീയതിയിൽ ജില്ലാതല വിലനിർണ്ണയ സമിതി യോഗം ചേർന്ന് എസ്.എൽ.ഇ.സി. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ റിപ്പോർട്ടിനായി ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ഭൂമി സംബന്ധിച്ച റിപ്പോർട്ട് അയച്ചുതരുവാൻ മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചത് പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുകയുമുണ്ടായി.

(സി) മലപ്പുറം ജില്ലയിൽ വെട്ടം വില്ലേജിൽ സർവ്വേ നമ്പർ 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6, 316/10-ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് സ്ഥലം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് മലയാള സർവ്വകലാശാല വി.സി. 17-12-2014-ൽ സമർപ്പിച്ച അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സമർപ്പിക്കുക യുണ്ടായി. അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ മേൽ സ്ഥലത്തെ തണ്ണീർത്തടങ്ങളും ജലാശയങ്ങളും കണ്ടൽക്കാടുകളും നിലവിലുള്ളതു പോലെ നിലനിർത്തിക്കൊണ്ട് നീരൊഴുക്കിനെ ബാധിക്കാത്ത തരത്തിൽ പരിവർത്തനം നടത്തണമെന്ന വ്യവസ്ഥയോടെ നികത്തുന്നതിന് അനുമതി നൽകുകയുണ്ടായി.

(ഡി) മലയാള സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 17-2-2016-ൽ ഡി.എൽ.പി.സി. ചേരുകയും PWD റോഡ് ആക്സസ് ഉള്ള സ്ഥലത്തിന് സെന്റൊന്നിന് 2,70,000 രൂപയും പഞ്ചായത്ത് റോഡ് ആക്സസ് ഉള്ള സ്ഥലത്തിന് സെന്റൊന്നിന് 1,70,000 രൂപയും റോഡ് ആക്സസ് ഇല്ലാത്ത സ്ഥലത്തിന് സെന്റൊന്നിന് 70,000 രൂപയുമാണ് വില കണ്ടത്. എന്നാൽ കൈവശക്കാർ എല്ലാം സഹോദരന്മാർ ആയതിനാൽ മേൽ മൂന്ന് തരത്തിലുള്ള ഭൂമിക്ക് ആവറേജ് വിലയായ 1,70,000 രൂപ നൽകണമെന്ന് ഭൂവുടമകൾ യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ആയത് ഡി.എൽ.പി.സി. പരിഗണിച്ച് സെന്റൊന്നിന് 1,70,000 രൂപ വില നിശ്ചയിച്ചു.

(ഇ) ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ അപേക്ഷ റിപ്പോർട്ടിനായി ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിരുന്നു. ആയതിൻപ്രകാരം ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ഭൂമി അനുയോജ്യമാണോയെന്ന് കണ്ടെത്താൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയായ മലയാള സർവ്വകലാശാല വി.സി. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചതുപ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന്, 2-12-2016 തീയതിയിലെ 228/2014/വി.സി. നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു.

(എഫ്) ജില്ലാതല വിലനിർണ്ണയ സമിതി യോഗത്തിൽ ഭൂവുടമകൾ പങ്കെടുത്തിരുന്നു. അബ്ദുൾ ജലീൽ, അബ്ദുൾ ഗഫൂർ, ഹബീബ് റഹ്മാൻ.വി, ഡോ. മുഹമ്മദ് കാസിം, നിയാസ്, യാസർ. കെ.കെ.പി., ഇജാസ് മുനവർ, ജംഷീദ് റഫീഖ്, അബ്ദു സലാം എന്നീ ഭൂവുടമകളാണ് ജില്ലാതല വിലനിർണ്ണയ സമിതി യോഗത്തിൽ പങ്കെടുത്തിരുന്നത്.

**വരുമാന സർട്ടിഫിക്കറ്റിന്റെ കാലാവധി വർദ്ധിപ്പിക്കാൻ നടപടി**

209 (3816) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാന സർട്ടിഫിക്കറ്റ് നൽകുമ്പോൾ എന്ത് ആവശ്യത്തിനെന്നും എവിടെ സമർപ്പിക്കാനെന്നും രേഖപ്പെടുത്തുന്നതുമൂലം സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന ഓരോ ഘട്ടത്തിലും അപേക്ഷകൾ നൽകി കാത്തിരിക്കേണ്ടതായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥർക്കും അപേക്ഷകർക്കും ഒരു പോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ സ്ഥിതി ഒഴിവാക്കാൻ ഒരു വർഷക്കാലം പ്രാബല്യമുള്ളതും, ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ളതുമായ വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് ഒരു വർഷമായി നിജപ്പെടുത്തി 25-4-2013-ൽ തന്നെ ജി.ഒ.(പി)160/2013 ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവിലും 23-3-1985-ലെ സ.ഉ.(കൈ)

192/85/ആർ.ഡി.യിലും നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രസ്തുത ഉത്തരവുകളിൽ 'കുടുംബം' എന്ന് നിർവ്വചിച്ചിരിക്കുന്നവരുടെ വരുമാനമാണ് കണക്കാക്കി വരുന്നത്. കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടേയും പേര് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നാളിതുവരെ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇടുക്കി വില്ലേജിലെ പട്ടയഭൂമി കൈമാറ്റത്തിന് നേരിടുന്ന തടസ്സങ്ങൾ

210(3817) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആവശ്യമാണെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂമി കൈമാറ്റത്തിന് ഇപ്രകാരം ഒരു വ്യവസ്ഥ ഉൾപ്പെടുത്താൻ ഇടയാക്കിയ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറ്റം സംബന്ധിച്ച് ഇപ്രകാരം ഏർപ്പെടുത്തിയ വ്യവസ്ഥമൂലം സാധാരണക്കാർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി വില്ലേജിലെ പട്ടയ ഭൂമി കൈമാറ്റത്തിന് ആർ.ഡി.ഒ..യുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഇടുക്കി വില്ലേജിൽ വ്യാജ പട്ടയമുണ്ടാക്കി റവന്യൂ രേഖകളിൽ ചേർത്ത് ബാങ്കുകളിൽനിന്നും വായ്പ തട്ടിയെടുക്കുന്നുണ്ടെന്ന് അന്വേഷണങ്ങളിൽ കണ്ടെത്തിയതിനെ തുടർന്നാണ് ഇത്തരമൊരു നടപടി സ്വീകരിച്ചത്.

(സി) ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## അന്വേഷണ ഏജൻസികളെ സഹായിക്കുന്ന റവന്യൂ, സർവ്വേ വകുപ്പ് ജീവനക്കാർ

211(3818) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് റവന്യൂ, സർവ്വെ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളതെന്നും ഏതു കാലാവധിവരെയാണ് നിയമിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഈ കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചവർ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. റവന്യൂ വകുപ്പിൽ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ മൂക്കുന്നിമലയിൽ അനധികൃത പാറഘനനം സംബന്ധിച്ച് വിജിലൻസ് അഴിമതി നിരോധന ബ്യൂറോ രജിസ്റ്റർ ചെയ്ത കേസ്സിൽ വിജിലൻസിനെ സഹായിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് സർവ്വേയറായ ശ്രീ. സുരേഷ് കുമാർ ആർ. വി., പള്ളിച്ചൽ വില്ലേജിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. രാഹുൽ കുമാർ, ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ. നെൽസൺ, ശ്രീ. സേവ്യർ എന്നിവരെ നിയോഗിച്ചിരുന്നു. സുരേഷ് കുമാർ ഒഴികെയുള്ള ജീവനക്കാർ വകുപ്പിൽ തിരികെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്.

സർവ്വേയും ഭൂരേഖയും വകുപ്പിൽ മാനന്തവാടി റീസർവ്വേ സൂപ്രണ്ടായ ശ്രീ. അജിത് കുമാർ ആർ.ജി. എന്നയാളെ സി.ബി.ഐ. യുടെ RC 04 (E)/2014 നമ്പർ കേസ് അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. സി.ബി.ഐ. യുടെ അഭ്യർത്ഥന പ്രകാരം കേസന്വേഷണത്തിൽ സഹായിക്കുന്നതിനാണ് രണ്ട് മാസത്തേയ്ക്ക് ടിയാളുടെ സേവനം വിട്ടുകൊടുത്തത്.

(സി) ഉണ്ട്. സർവ്വേ വകുപ്പിൽ ശ്രീ. അജിത് കുമാർ ആർ.ജി. ഹെഡ്സർവ്വെയറായി ജോലി നോക്കിയിരുന്ന കാലയളവിൽ 26-6-2014 മുതൽ സി.ബി.ഐ. യിലെ RC04/(E)/2014 നമ്പർ കേസ് അന്വേഷണത്തിനായി സഹായിച്ചുവരുന്നു. സർവ്വെ ഡയറക്ടറുടെ 30-11-2016-ലെ ജി4-43/13 നമ്പർ ഉത്തരവ് പ്രകാരം ടിയാന് മാനന്തവാടി റീസർവ്വേ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി. എന്നാൽ സി.ബി.ഐ. യുടെ അഭ്യർത്ഥന അനുസരിച്ച് ടിയാളുടെ സേവനം രണ്ട് മാസത്തേയ്ക്ക് കൂടി സി.ബി.ഐ.-ക്ക് വിട്ട് നൽകിയിരുന്നു.

റവന്യൂ വകുപ്പിൽനിന്നും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ട ആർക്കും തന്നെ പ്രസ്തുത കാലയളവിൽ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

## തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലവില നിശ്ചയിച്ചതിൽ ക്രമക്കേട്

212 (T3819) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി അക്വയർ ചെയ്യുന്നതിനുള്ള സ്ഥലം നിശ്ചയിച്ചതിലും വില നിശ്ചയിച്ചതിലും ക്രമക്കേടു നടന്നിട്ടുണ്ടെന്നുകാണിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂഉടമകളെ ഒഴിവാക്കി നിർത്തി ഭൂമി ബ്രോക്കർമാരുമായി ചേർന്നാണ് യഥാർത്ഥ വിലയിലും ഉയർന്നവില ശിപാർശ ചെയ്തതെന്ന ആക്ഷേപം അന്വേഷിച്ചിട്ടുണ്ടോ;

(സി) ചതുപ്പും കണ്ടൽചെടികളും നിറഞ്ഞ പ്രദേശമാണ് ജില്ലാഭരണകൂടം ശിപാർശ ചെയ്തതെന്നും പാരിസ്ഥിതിക പ്രത്യാഘാതം എന്താണെന്ന് പരിശോധിക്കാതെയും കേന്ദ്രസർക്കാരിന്റെ ഭൂമി ഏറ്റെടുക്കൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയുമാണ് ഭൂമി നിർദ്ദേശിച്ചതെന്നുമുള്ള ആവലാതി ഉൾപ്പെടെയുള്ളവ അന്വേഷിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുമോ?

### ഉത്തരം

(എ) മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽനിന്നും 17 ഏക്കർ 21 സെന്റ് ഭൂമി ഏറ്റെടുക്കുവാൻ 17-2-2016 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാതല വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് കാണിച്ചുകൊണ്ട് ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ റിപ്പോർട്ടിനായി ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ബെഞ്ച്മാർക്ക് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ഭൂമി സംബന്ധിച്ച റിപ്പോർട്ട് അയച്ചുതരുവാൻ മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അർത്ഥനാധികാരിയായ മലയാളം സർവ്വകലാശാല വി.സി. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്.എൽ.ഇ.സി. പ്രൊപ്പോസൽ അയച്ചത് പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുകയുമുണ്ടായി.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അന്വേഷിച്ചിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽ വെട്ടം വില്ലേജിൽ സർവ്വേ നമ്പർ 313/1 ബി, 313/3 ബി, 313/4 ബി, 313/5, 313/6, 313/7, 313/8 ബി, 313/9, 315/1, 315/2, 315/3, 316/6, 316/9, 316/11, 340/5, 341/1, 341/2, 341/3, 341/4, 341/5, 341/6, 316/10-ൽ ഉൾപ്പെട്ട 17 ഏക്കർ 21 സെന്റ് സ്ഥലം തുഞ്ചത്തെഴുത്തച്ചൻ മലയാള സർവ്വകലാശാല ആസ്ഥാനം നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് മലയാള സർവ്വകലാശാല വി.സി. 17-12-2014-ൽ സമർപ്പിച്ച അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സമർപ്പിക്കുകയുണ്ടായി. അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ മേൽ സ്ഥലത്തെ തണ്ണീർത്തടങ്ങളും ജലാശയങ്ങളും കണ്ടൽക്കാടുകളും നിലവിലുള്ളതുപോലെ നിലനിർത്തിക്കൊണ്ട് നീരൊഴുക്കിനെ ബാധിക്കാത്ത തരത്തിൽ പരിവർത്തനം നടത്തണമെന്ന വ്യവസ്ഥയോടെ നികത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും ലാന്റ് അക്വിസിഷൻ ഓഫീസർ നടപടികൾ പൂർത്തീകരിച്ച് ശിപാർശ സമർപ്പിക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള LARR ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ SLEC-SLMC കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**വരൾച്ച നേരിടാൻ നൽകിയ ഇരുപത്താറിന നിർദ്ദേശങ്ങൾ**

213(3820) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വരൾച്ചയെക്കുറിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാറിന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; നിവേദനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) വരുംകാലങ്ങളിൽ വരൾച്ചയുടെ കാഠിന്യവും ശുദ്ധജലക്ഷാമത്തിന്റെ രൂക്ഷതയും വർദ്ധിച്ചുവരുമെന്നതു കണക്കാക്കി ദീർഘകാലപദ്ധതികളും തത്കാലമുള്ള വേനൽ പ്രതിരോധനടപടികളും അടിയന്തരമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നാലുമാസംമുമ്പ് നിയമസഭയിൽ റവന്യൂമന്ത്രി കേരളത്തെ വരൾച്ചബാധിതപ്രദേശമായി പ്രഖ്യാപിച്ചത് പ്രകാരം വരൾച്ച നേരിടാൻ ജില്ലാകളക്ടർമാർക്ക് ഇരുപത്താറിന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സഭയിൽ പറഞ്ഞതനുസരിച്ച് ജില്ലാകളക്ടർമാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഈ ഇരുപത്താറ് നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വരൾച്ചാക്കെടുതികൾ സംബന്ധിച്ച് വിവിധ വകുപ്പുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കിയ മെമ്മോറാണ്ടം കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത മെമ്മോറാണ്ടത്തിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വൈദ്യുതി തുടങ്ങി എല്ലാ മേഖലകളിലുമായി ഏകദേശം 2651.9 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 992 കോടി രൂപയാണ് അധിക സഹായമായി സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര സംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി 2017 ഏപ്രിൽ 19 മുതൽ 21 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര പ്രതികരണം അറിവായിട്ടില്ല. കേന്ദ്രത്തിന് സമർപ്പിച്ച മെമ്മോറാണ്ടം ഒട്ടനവധി പേജുകൾ ഉൾക്കൊള്ളുന്നതാകയാൽ അതിന്റെ മതിയായ പകർപ്പുകൾ അച്ചടിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ഇ-മെയിൽ ആയി അയച്ചുനൽകുന്നതാണ്.

(ബി &സി) ഭാവിയിൽ ഇത്തരം ഒരു വരൾച്ച കേരളത്തെ ഗ്രസിക്കാതിരിക്കാൻ ഹരിത കേരളം പദ്ധതിയിലൂടെ വലിയ രീതിയിലുള്ള പ്രാദേശിക ജല സംരക്ഷണ പ്രവർത്തനങ്ങൾ ആണ് സർക്കാർ ദീർഘകാല പദ്ധതി എന്ന നിലയിൽ നടപ്പാക്കുന്നത്. നിലവിലെ സ്ഥിതി തരണം ചെയ്യുവാൻ 31-10-2016-ലെ 42830/കെ.3/2016 ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം 26-ഇന വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി. (പരിപത്രം അനുബന്ധമായി ചേർക്കുന്നു.)* പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

ദുരന്ത നിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ വിവിധ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സാമൂഹ്യമാധ്യമങ്ങളിലും റേഡിയോയിലും "ജലത്തെ ബഹുമാനിക്കു, വരൾച്ചയെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രതിരോധിക്കൂ" എന്ന പരസ്യ വാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കുവാൻ പ്രചരണം നടത്തിവരുന്നു. ദീർഘകാല വരൾച്ചാ പ്രതിരോധവും കൂടി പരിഗണിച്ചുകൊണ്ട് സംസ്ഥാനത്താകെ നിരവധി കുളങ്ങളും കിണറുകളും കുഴൽക്കിണറുകളും ഉപയോഗയോഗ്യമാക്കുകയും നിരവധി മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തു. നിരവധി താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ഹാന്റ് പമ്പുകൾ നവീകരിക്കുകയും ചെയ്തു. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് ദീർഘകാല വരൾച്ചാ പ്രതിരോധ നടപടികളുടെ കൂടി ഭാഗമായാണ്. വിവിധ ജില്ലകളിൽ അനധികൃതമായി ജലം ഊറ്റുന്നത് തടയുന്നതിന് താലൂക്ക് തലത്തിൽ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ജലചൂഷണം തടയുന്നതിന് പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ എന്നിവയുടെ നേതൃത്വത്തിൽ നിരീക്ഷണവും നടത്തിവരുന്നു. കാസർഗോഡ് ജില്ലയിൽ പുഴകളിൽനിന്ന് അനധികൃതമായി ജലം ചൂഷണം ചെയ്യുന്നത് തടയുന്നതിനുവേണ്ടി കൃഷി വകുപ്പും കെ.എസ്.ഇ.ബി.-യും ജലസേചന വകുപ്പും സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിവരുന്നുണ്ട്. അതിരൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ വരൾച്ചാ പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വനം-വന്യജീവി വകുപ്പ് എന്നിവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ ദിനംപ്രതിയുള്ള മഴയുടെ അളവ്, താപനില എന്നിവ നിരീക്ഷിക്കുകയും ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിനുള്ള നടപടികളും വിവിധ ജില്ലകളിൽ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്.

## താലൂക്ക് സഭകൾ

214(3821) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് സഭകൾ പുനഃസംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ താലൂക്ക് സഭകൾ എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. താലൂക്ക് സഭകൾക്ക് പകരം താലൂക്ക് വികസന സമിതികളാണ് നിലവിൽ ഉള്ളത്. താലൂക്ക് വികസന സമിതി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**കായംകുളം സിവിൽ സ്റ്റേഷനിലെ ഓഫീസുകൾ**

215 (3822) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഏതെല്ലാം വകുപ്പുകളുടെ ഓഫീസുകളാണ് പ്രവൃത്തിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ചുവടെ പരാമർശിക്കുന്ന ഓഫീസുകൾ പ്രവർത്തിക്കുന്നു:

1. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്
2. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസ്
3. എംപ്ലോയ്മെന്റ് ഓഫീസ്
4. കൃഷി ഭവൻ
5. മേജർ ഇറിഗേഷൻ ഓഫീസ്
6. സ്പെഷ്യൽ തഹസീൽദാർ എൽ.എ. റെയിൽവെ ഓഫീസ്
7. അസിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) ഓഫീസ്
8. കയർ പ്രോജക്ട് ഓഫീസ് (2 എണ്ണം)
9. ഡയറി ഡെവലപ്മെന്റ് ഓഫീസ്
10. ലേബർ ഓഫീസ്
11. ഐ.സി.ഡി.എസ്. ഓഫീസ്
12. മൈനർ ഇറിഗേഷൻ ഓഫീസ്
13. കൊമേഴ്സ്യൽ ടാക്സ് ഓഫീസ്
14. ഓണാട്ടുകര വികസന ഏജൻസി ഓഫീസ് (2 എണ്ണം)

**മിച്ചഭൂമി അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം**

216(3823) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയിൽ പകുതിപോലും അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) കോടതികളിൽ നിലനിൽക്കുന്ന കേസ്സുകളാണ് ഇത്തരം പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പൊതുആവശ്യത്തിന് നോട്ടിഫൈ ചെയ്ത ഭൂമി അവ ആവശ്യമില്ലാത്ത പക്ഷം ഡിവെസ്റ്റ് ചെയ്ത് മിച്ചഭൂമിയായി ഭൂരഹിതർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അത്തരമൊരു സാഹചര്യം നിലവിലില്ല. എന്നാൽ ചില കേസ്സുകളിൽ വിതരണത്തിനായി ശേഷിക്കുന്ന മിച്ചഭൂമി വെള്ളക്കെട്ട്, പാറക്കെട്ട്, വനഭൂമി തർക്കം, അന്യകൈവശം എന്നീ കാരണങ്ങളാലും വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾമൂലവും സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(സി) ഭൂരഹിതർക്ക് വിതരണം ചെയ്യാൻ മിച്ചഭൂമി ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പൊതു ആവശ്യത്തിന് വേണ്ടി നോട്ടിഫൈ ചെയ്ത ഭൂമി അതിനായി ആവശ്യമില്ലെന്ന് ബോധ്യമാകുന്നപക്ഷം അവ ഡിവെസ്റ്റ് ചെയ്ത് മിച്ചഭൂമിയായി ഭൂരഹിതർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

**പാലക്കാട് ജില്ലയിലെ വരൾച്ചയുടെ കാഠിന്യം**

217(3824) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വരൾച്ചാ കെടുതികൾമൂലം ജില്ലയിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 31-10-2016-ൽ എല്ലാ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചശേഷം വരൾച്ചാ പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വരൾച്ചാ പ്രഖ്യാപനത്തിന് ശേഷം പാലക്കാട് ജില്ലയിലെ കുടിവെള്ള വിതരണത്തിനായി 2016-17, 2017-18 കാലയളവിൽ ആകെ 4.96 കോടി രൂപയും കാർഷിക മേഖലയിൽ ആശ്വാസ സഹായമായി 1.43 കോടി രൂപയും മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി ക്യാമ്പ് തുടങ്ങുന്നതിന് 0.35 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ജില്ലയിൽ വെള്ളത്തിന്റെ ഉപയോഗം കുടിവെള്ളത്തിനുമാത്രമായി പരിമിതപ്പെടുത്തുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലയിലെ വിവിധ താലൂക്കുകളിൽ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലയിൽ 600 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. അവയിൽ 468 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചുകഴിഞ്ഞു. അവശേഷിക്കുന്നവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ മണ്ണ് സംരക്ഷണ കേന്ദ്രം നബാർഡിന്റെ സഹായത്തോടെ 26 കുളങ്ങൾ നവീകരിച്ചു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ 599 കുളങ്ങൾ നവീകരിച്ചു. 84 കുളങ്ങൾ നിർമ്മിച്ചു. ഭൂജല വകുപ്പ് 553 ഹാന്റ് പമ്പുകൾ, 5 കുഴൽക്കിണറുകൾ, 15 വാട്ടർ സപ്ലൈ സ്കീമുകൾ എന്നിവയുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. മൂപ്പ് കുറഞ്ഞ നെൽവിത്തിനങ്ങൾ കൃഷി ചെയ്യുന്നതിന് ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും കൃഷി വകുപ്പ് കർഷകർക്ക് നിർദ്ദേശം നൽകി. മൃഗസംരക്ഷണ വകുപ്പ് വരൾച്ച രൂക്ഷമായ അട്ടപ്പാടി, ചിറ്റൂർ മേഖലകളിൽ കന്നുകാലി ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച വകയിൽ 27,85,41,615 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മൃഗ സംരക്ഷണ മേഖലയിൽ പാലുല്പാദനത്തിൽ വന്ന കുറവും കന്നുകാലികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് 18,00,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരത്തിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായം മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

## മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയും വനഭൂമിയും തരംതിരിക്കാത്തതിന്റെ മറവിൽ കയ്യേറ്റം

218(3825) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയും വനഭൂമിയും തരംതിരിക്കാത്തതിന്റെ മറവിൽ സർക്കാർ ഭൂമിയിൽ പല വൻകിട കയ്യേറ്റങ്ങളും നടന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ മേഖലയിൽ റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി ചേർന്ന് സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ ആവശ്യമായ സർവ്വേ നടത്താൻ തയ്യാറാകുമോ;

(സി) അതീവ പരിസ്ഥിതി പ്രാധാന്യമുള്ള ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഭൂമാഫിയകൾ ഇവിടെ കയ്യേറി കൈവശം വച്ചിരിക്കുന്നത് എന്നതിന്റെ ഗൗരവം കണക്കിലെടുത്ത് സത്യസന്ധമായ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് ത്വരിത പരിശോധന നടത്തി പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ലഭ്യമായ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ കേരള ഭൂസംരക്ഷണ നിയമം, കണ്ണൻ ദേവൻ ഭൂമി ഏറ്റെടുക്കൽ നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാണക്കാട് വില്ലേജിലെ ഇൻകെൽ എജ്യൂസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ കൈമാറ്റനടപടികൾ

219(3826) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മലപ്പുറം ഗവൺമെന്റ് വനിതാ കോളേജ് എന്നിവക്കായി പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്ഥലം കൈമാറ്റനടപടികൾക്കുള്ള സാങ്കേതികതടസ്സങ്ങൾ എന്തെല്ലാമാണ്; അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ;

(സി) രണ്ട് സംരംഭങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്ത് എത്രയുംവേഗം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മലപ്പുറം വനിതാ കോളേജ് എന്നിവയ്ക്കായി പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ സ്ഥലം പതിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു വെങ്കിലും ഇക്കാര്യത്തിൽ മേൽ നടപടി കൈക്കൊള്ളുന്നതിന് KSIDC-യും ഇൻകെലും തമ്മിലുള്ള പാട്ടക്കരാർ പുതുക്കേണ്ടതുള്ളതിനാൽ ആയതിന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് മലപ്പുറം ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി&സി) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച ഭൂമി KSIDC-യും ഇൻകെലും തമ്മിലുള്ള കരാറിൽ ഉൾപ്പെട്ട ഭൂമിയാണ്. ടി കരാർ പ്രകാരം അനുവദിച്ച ഭൂമി കുറവ് ചെയ്ത് റവന്യൂ വകുപ്പിന് ഡീവെസ്റ്റ് ചെയ്ത് KSIDC-യും ഇൻകെലും തമ്മിലുള്ള കരാർ പുതുക്കേണ്ടതാണ്. എന്നാൽ ടി കരാർ പുതുക്കുന്നതിലുള്ള സാങ്കേതിക തടസ്സംമൂലമാണ് ഭൂമി കൈമാറ്റം വൈകുന്നത്. റവന്യൂ വകുപ്പിന് ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## നെല്ലനാട് വില്ലേജാഫീസ് കെട്ടിടം നവീകരണം

220(3827) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് വില്ലേജാഫീസ് കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് കെട്ടിടം നവീകരിക്കേണ്ട വില്ലേജ് ആഫീസുകളുടെ പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ നെല്ലനാട് വില്ലേജാഫീസ് കെട്ടിട നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്.

## വരൾച്ചാ കെടുതികളെപ്പറ്റി കേന്ദ്ര സംഘത്തിന് സമർപ്പിച്ച റിപ്പോർട്ട്

221 (3828) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ചാ കെടുതികളെപ്പറ്റി കേന്ദ്ര സംഘത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ എത്ര രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയിട്ടുള്ളത്; കേന്ദ്ര സംഘത്തിന് സമർപ്പിച്ച റിപ്പോർട്ടിന്റെയും കേന്ദ്ര സംഘം നൽകിയ വിലയിരുത്തൽ റിപ്പോർട്ടിന്റെയും കോപ്പി നൽകാമോ?

ഉത്തരം

വരൾച്ചമൂലം നഷ്ടം കണക്കാക്കാവുന്നത് പ്രധാനമായും കാർഷിക മേഖല, മൃഗസംരക്ഷണ മേഖല, മത്സ്യ ബന്ധന മേഖല, വൈദ്യുതി മേഖല എന്നിവയിലാണ്. പൂർണ്ണമായും വരൾച്ചയുടെ നാശനഷ്ടം വിലയിരുത്തുക എന്നത് അസാധ്യവുമാണ്. വിവിധ വകുപ്പുകളിൽനിന്ന് ശേഖരിച്ച വരൾച്ച മൂലമുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത മെമ്മോറാണ്ടത്തിൽ എല്ലാ മേഖലയിലുമായി ഏകദേശം 2651.9 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം കേരളം ആവശ്യപ്പെട്ടത് 992 കോടി രൂപയാണ്. കേന്ദ്രസംഘം വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി 2017 ഏപ്രിൽ 19 മുതൽ 21 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര പ്രതികരണം അറിവായിട്ടില്ല. കേന്ദ്രത്തിന് സമർപ്പിച്ച വരൾച്ചാ മെമ്മോറാണ്ടം ഒട്ടനവധി പേജുകൾ ഉൾക്കൊള്ളുന്നതാകയാൽ ആയതിന്റെ മതിയായ എണ്ണം പകർപ്പുകൾ അച്ചടിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ഇ-മെയിലായി അയച്ചുനൽകുന്നതാണ്.

## ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവൃത്തികളുടെ തുക

222 (3829) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റികൾക്ക് എത്ര ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ സാധിക്കുന്നത്;

(ബി) ഇത്തരം പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവൃത്തികളുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റികൾക്ക് 10 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ സാധിക്കുന്നത്.

(ബി) ഇത്തരം പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവൃത്തികളുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മൂന്നാറിലെ വൻകിട കയ്യേറ്റങ്ങളുടെ പ്രാഥമിക പട്ടിക**

223 (3830) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ വൻകിട കയ്യേറ്റങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിൽ ഉൾപ്പെട്ട 10 വൻകിട കയ്യേറ്റക്കാർ ആരൊക്കെയാണ്. അവർ കയ്യേറിയത് എത്ര ഏക്കർ സർക്കാർ ഭൂമിയാണ്;

(ബി) 1957-ലെ ലാന്റ് കൺസർവൻസി ആക്ടിലെ നിബന്ധനപ്രകാരമാണോ ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്;

(സി) സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിന് പൊതുധാരണ യുണ്ടാക്കുവാൻ സർക്കാർ തിരുവനന്തപുരത്ത് സർവ്വകക്ഷിയോഗം വിളിച്ചിട്ടുണ്ടോ; കയ്യേറ്റം ഒഴിപ്പിക്കുവാൻ സംസ്ഥാനത്ത് നിയമവ്യവസ്ഥയുള്ളപ്പോൾ ഇത്തരം ഒരു യോഗം ചേരുന്നത് എന്തടിസ്ഥാനത്തിലാണ്;

(ഡി) ഇടുക്കി രാമക്കൽ മേട്ടിൽ സ്വകാര്യവ്യക്തി 3 സെന്റ് പട്ടയത്തിന്റെ മറവിൽ കയ്യേറിയ 1.45 ഏക്കർ സ്ഥലം 29-4-2017-ൽ റവന്യൂ അധികാരികൾ ഒഴിപ്പിച്ചിരുന്നോ;

(ഇ) ഈ കയ്യേറ്റം ഒഴിപ്പിച്ചത് സർവ്വകക്ഷിയോഗം ചേർന്ന് അഭിപ്രായ സമന്വയം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലോ, അതോ ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നോട്ടീസ് നൽകി ഒഴിപ്പിച്ചവയാണോ എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) എം. എം. ലംബോധരൻ, ചിന്നക്കനാൽ വില്ലേജിൽ 240 ഏക്കർ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; കയ്യേറ്റം ഒഴിപ്പിക്കുന്നതിന് മുമ്പ് വൈദ്യുതിമന്ത്രിയുടെ അഭിപ്രായം ആരായേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് ത്വരിത പരിശോധന നടത്തി തയ്യാറാക്കിയ പ്രാഥമിക പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1971-ലെ കണ്ണൻ ദേവൻ (ഭൂമി ഏറ്റെടുക്കൽ) നിയമം എന്നിവ പ്രകാരമാണ് ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നത്.

(സി) ഉണ്ട്. 7-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് യോഗം ചേർന്നിട്ടുള്ളത്.

(ഡി) ഇടുക്കി രാമക്കൽമേട്ടിൽ സ്വകാര്യവ്യക്തി കയ്യേറിയ ഉദ്ദേശം 1.75 ഏക്കർ ഭൂമി പാറത്തോട് വില്ലേജ് ആഫീസർ മുഖാന്തിരം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുള്ളതാണ്.

(ഇ) 7-5-2017-ലെ സർവ്വകക്ഷിയോഗം നടക്കുന്നതിനുമുമ്പും 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1971-ലെ കണ്ണൻദേവൻ ഭൂമി ഏറ്റെടുക്കൽ നിയമം എന്നിവ പ്രകാരവും ഒഴിപ്പിക്കൽ നടപടികളും കയ്യേറ്റത്തിനെതിരെയുള്ള നിയമ നടപടികളും സ്വീകരിച്ചുവന്നിരുന്നതാണ്.

(എഫ്) ചിന്നക്കനാൽ വില്ലേജിൽ ബ്ലോക്ക് 6-ൽ സർവ്വെ നമ്പർ 1-ൽ വിവിധയാളുകളുടെ കൈവശമുണ്ടായിരുന്ന 250 ഏക്കർ സർക്കാർ ഭൂമി 2007-ൽ ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ ശ്രീ.എം.എം. ലംബോധരൻ എന്നയാളുടെ മകന്റെ പേരിൽ അവകാശരേഖയുള്ളതായി വ്യക്തമാക്കി ടിയാൻ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിൽ 29/13-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി സ്ഥലത്തെ കയ്യേറ്റ വിവരങ്ങൾ കൃത്യമായി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 1957-ലെ ഭൂസംരക്ഷണ നിയമ പ്രകാരമാണ് ഒഴിപ്പിക്കൽ നടപടികൾ നടന്നുവരുന്നത്.

**മാവേലിക്കര മണ്ഡലത്തിലെ ദുരിതാശ്വാസ പ്രവൃത്തികളും ആലപ്പുഴ ജില്ലയിൽ അനുവദിച്ച തുകയും**

224(3831) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുൻസിപ്പാലിറ്റികളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലകളിലും വരൾച്ചയുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ; ആലപ്പുഴ ജില്ലയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 'സംസ്ഥാന ദുരന്ത പ്രതികരണനിധി' മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

(സി) ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**കാസർഗോഡ് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ**

225 (3832) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ജില്ലയിലെ ഏതൊക്കെ ഗ്രൂപ്പ് വില്ലേജുകളെയാണ് വിഭജിക്കാൻ നടപടി സ്വീകരിച്ചിരിക്കുന്നത്;

(ഡി) മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകളെ വിഭജിക്കാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 29 ഗ്രൂപ്പ് വില്ലേജുകളാണ് നിലവിലുള്ളത്.

(ബി-ഡി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

226 (3833) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മൂന്ന് ഏക്കർ സ്ഥലം റവന്യൂ വകുപ്പിന് വിട്ടു നൽകാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി താലൂക്കിലെ കോളാരി വില്ലേജിലെ പഴശ്ശി ജലസേചന പദ്ധതിയുടെ മൂന്നേക്കർ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലവിഭവവകുപ്പിന്റെ 28-11-2013-ലെ WRD/27698/IRI/12 നമ്പർ കത്ത് പ്രകാരം മൂന്നേക്കർ സ്ഥലം റവന്യൂവകുപ്പിനു വിട്ടുനൽകാമെന്ന് ജലവിഭവവകുപ്പ് സമ്മതം അറിയിക്കുകയും 2016-2017-ലെ പുതുക്കിയ ബജറ്റ് പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഏറ്റെടുക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ കാലതാമസമുണ്ടാകാതെ ഭൂമി കൈമാറ്റം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ നല്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥപ്രകാരമുള്ള പ്രൊപ്പോസൽ PWD, വനം വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി 10-3-2017-ന് ഇരിട്ടി തഹസിൽദാർ തലശ്ശേരി ആർ.ഡി.ഒ.-ക്ക് സമർപ്പിച്ചിരുന്നെങ്കിലും ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് പ്രോപ്പോസൽ തിരികെ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ഇരിട്ടി തഹസിൽദാർക്ക് മടക്കി നൽകുകയുണ്ടായി. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് 9-5-2017-ന് ഇരിട്ടി തഹസിൽദാർ ആർ.ഡി.ഒ.-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) PWD വകുപ്പിൽനിന്നും വനം വകുപ്പിൽനിന്നും വില നിർണ്ണയം സംബന്ധിച്ച റിപ്പോർട്ടുകൾ കിട്ടാനുണ്ടായ കാലതാമസവും തഹസിൽദാർ സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകളുംമൂലം സർക്കാരിൽ റിപ്പോർട്ട് നാളിതുവരെയും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കി ഉടൻ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## പത്തനംതിട്ട വില്ലേജിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി

227(3834) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട വില്ലേജിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി എത്ര ഹെക്ടർ ഉണ്ട്;

(ബി) റവന്യൂ പുറമ്പോക്ക് ഭൂമി, സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളുടെ ഓഫീസ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട വില്ലേജിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് മറ്റ് വകുപ്പുകൾക്ക് റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടു നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽ ചെറിയ പ്ലോട്ടുകളായി ആകെ 0.08.09 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങളുടെ അർത്ഥനാപത്രം ലഭിക്കുന്നമുറയ്ക്ക് അനുയോജ്യമായ റവന്യൂ പുറമ്പോക്ക് ഭൂമി ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായവും തേടി ആവശ്യമായ തീരുമാനം എടുക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട വില്ലേജിൽ മറ്റ് വകുപ്പുകൾക്ക് റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുനൽകിയിട്ടില്ല.

## കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകാൻ നടപടി

228(3835) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിലവിലുള്ള 419063/B2/2017 നമ്പർ ഫയലിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിൻമേൽ നടപടി സ്വീകരിച്ച് തീർപ്പാക്കാത്തതിന്റെ കാരണവും ഫയലിലെ മറ്റ് നടപടിക്രമങ്ങളും വ്യക്തമാക്കാമോ; ഈ ഫയലിൽ എന്നേക്ക് തീർപ്പുകൽപ്പിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

419063/B2/2017 എന്നത് റസീപ്റ്റ് നമ്പരാണ്. ബി2/237/2017-റവ നമ്പർ ഫയലിലാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ച ശിപാർശയിന്മേൽ ഭരണ വകുപ്പിന്റെ ഭരണാനുമതി ഇല്ലാത്തതിനാൽ ഭരണാനുമതിയോടുകൂടി ശിപാർശ ലഭ്യമാക്കുവാൻ ബി2/237/2017-റവ നമ്പർ ഫയലിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതിയോടുകൂടി ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC-SLMC കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും നിലവിലുള്ള LARR ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**രോഗചികിത്സാ സഹായത്തിനായി ചെങ്ങന്നൂർ താലൂക്കിൽനിന്നും ലഭിച്ച അപേക്ഷ**

229(3836) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രോഗചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ചെങ്ങന്നൂർ താലൂക്കിലെ വില്ലേജുകളിൽ തീർപ്പ് കല്പിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ പേരുവിവരം വിശദമാക്കുമോ;

(ബി) ഈ അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ അപേക്ഷകൾ എന്ന് തീർപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**തൊണ്ടിമുതൽ കുമിഞ്ഞുകൂടി കിടക്കുന്നത്**

230(3837) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേകളിലും മറ്റ് റവന്യൂ ആസ്ഥാനങ്ങളിലും തൊണ്ടിമുതലുകൾ കുമിഞ്ഞുകൂടി കിടക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; മലപ്പുറം, കൊല്ലം കളക്ടറേറ്റ് സ്ഫോടനങ്ങൾ ഉൾപ്പെടെ നടന്ന സാഹചര്യത്തിൽ ഇത്തരം തൊണ്ടിമുതലുകൾ കുമിഞ്ഞ് കൂടുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടിമുതലുകൾ ഒരു നിശ്ചിത കാലയളവിന് ശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കളക്ടറേറ്റ് ഉൾപ്പെടെയുള്ള റവന്യൂ ആസ്ഥാനങ്ങളും പരിസരവും ശുചിത്വവും മാലിന്യ മുക്തവുമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തൊണ്ടിമുതലുകളുമായി ബന്ധപ്പെട്ട കേസ് തീരുന്ന മുറയ്ക്ക് കോടതി നിർദ്ദേശമനുസരിച്ച് തൊണ്ടിമുതലുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുള്ളതാണ്.

(ബി) വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടിമുതലുകൾ അതുമായി ബന്ധപ്പെട്ട കേസ്സുകൾ തീരുന്ന മുറയ്ക്ക് കോടതി നിർദ്ദേശപ്രകാരം ലേലം ചെയ്ത് വിൽക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കളക്ടറേറ്റുകൾ ഉൾപ്പെടെയുള്ള റവന്യൂ ആസ്ഥാനങ്ങൾ ശുചിത്വമായും മാലിന്യ മുക്തമായും സൂക്ഷിക്കുന്നതിനായി ടി കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആവശ്യമുള്ളപക്ഷം ശുചിത്വമിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

## കരിമ്പനക്കാവ് ദേവസ്വം ഭഗവതി ക്ഷേത്രത്തിന്റെ അന്തിമ വർഷാശനം കുടിശ്ശിക

231(3838) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കല്ലൂർ-വടക്കും മുറി വില്ലേജിൽ കരിമ്പനക്കാവ് ദേവസ്വം ഭഗവതി ക്ഷേത്രത്തിന് അനുവദിച്ചിട്ടുള്ള അന്തിമവർഷാശനം (ആന്വിറ്റി) വർദ്ധിപ്പിച്ച ഉത്തരവുപ്രകാരം ലഭിക്കേണ്ട തുക കുടിശ്ശിക സഹിതം ഉടൻ നൽകുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(സി) തുക ഉടൻ വിതരണം ചെയ്യാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചുവരുന്നു.

(ബി&സി) നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**പാട്ടഭൂമിയിലെ പാട്ടത്തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ**

232 (3839) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അധീനതയിലുള്ളതും പാട്ടത്തിന് നൽകിയിരിക്കുന്നതുമായ ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ; ഇതിന്മേൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം എത്രയെന്ന് വ്യകതമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടകരാർ പുതുക്കിയ ഭൂമി സംബന്ധിച്ച വിശദ വിവരം നൽകാമോ;

(സി) ഇതിൽ പാട്ടത്തുക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച് വിശദവിവരം നൽകുമോ; ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 3502.5507 ഹെക്ടർ പാട്ടത്തുകയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിന്റെ കൃത്യമായ കണക്ക് ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ നാല് ജില്ലകളൊഴികെ മറ്റ് 10 ജില്ലകളിലും പാട്ടക്കരാർ പുതുക്കി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പാട്ടക്കരാർ പുതുക്കിയത് സംബന്ധിച്ച വിവരം | അതിൽ പാട്ടത്തുക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | കള്ളിക്കാട് ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി പാട്ടത്തിന് നൽകിയ 19 ആർ ഭൂമിയുടെ കുടിശ്ശിക ഒഴിവാക്കി പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | പത്തനംതിട്ട | പത്തനംതിട്ട പ്രസ് ക്ലബ്ബിന് കോഴഞ്ചേരി താലൂക്ക്, പത്തനംതിട്ട വില്ലേജ് സർവ്വേ 194/65-ൽപ്പെട്ട 01.20 ആർ ഭൂമിയും കലഞ്ഞൂർ വില്ലേജിൽ റീ സർവ്വെ 324/6-ൽപ്പെട്ട 35.60 ആർ സ്ഥലത്ത് ശ്രീ. ദേവരാജൻ പേരിലും പാട്ടം പുതുക്കിയിട്ടുണ്ട്. | പ്രസ് ക്ലബ്ബിൽ നിന്നും പിരിച്ചെടുക്കാനുള്ള 4,000 രൂപ ഉടൻ പിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | ആലപ്പുഴ | മാവേലിക്കര താലൂക്കിൽ നാലും കാർത്തികപ്പള്ളി താലൂക്കിൽ ഒന്നും വ്യക്തിഗത പാട്ടങ്ങൾ പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | കോട്ടയം | വൈക്കം താലൂക്ക്, വെള്ളൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിലുള്ള 19.44 ആർ ഭൂമിയും മീനച്ചൽ താലൂക്കിലെ 26.42 ആർ ഭൂമിയും പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | ഇടുക്കി | ഇടുക്കി താലൂക്കിൽ പാട്ടക്കരാർ പുതുക്കി നൽകിയ കേസ്സുകൾ ഉണ്ട്. | കോടതി കേസ്സുകൾ നിലനിൽക്കുന്നു. |
| 6 | എറണാകുളം | ആലുവ താലൂക്കിൽ പഞ്ചായത്ത് പ്രദേശത്തെ 13 കേസ്സുകൾ പുതുക്കിയിട്ടുണ്ട്. | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സഹിതം സ്വീകരിച്ചുവരുന്നു. |
| 7 | പാലക്കാട് | ഒറ്റപ്പാലം താലൂക്കിൽ രണ്ട് കേസ്സുകളിലായി 0.0024 ഹെക്ടർ ഭൂമിയുടെ പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| 8 | കോഴിക്കോട് | മൂന്ന് വ്യക്തികൾക്ക് 1/2 സെന്റ് വീതം ഭൂമിയുള്ള പാട്ടം പുതുക്കിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | വയനാട് | ഒറ്റ വ്യക്തിക്ക് (0.0081 ഹെക്ടർ) വൈത്തിരി താലൂക്കിൽ പാട്ടം പുതുക്കി നൽകിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |
| 10 | കണ്ണൂർ | പഞ്ചായത്ത് പരിധിയിൽപ്പെട്ട 13 കേസ്സുകൾ പുതുക്കി നൽകിയിട്ടുണ്ട്. | നടപടികൾ സ്വീകരിച്ചുവരുന്നു. |

**രാമക്കൽമേട് കൈക്കലാക്കാൻ തമിഴ്നാടിന്റെ ശ്രമം**

233 (3840) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേട് വിനോദസഞ്ചാരമേഖല കൈക്കലാക്കുന്നതിനായി തമിഴ്നാട് സർക്കാർ സർവ്വേ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നീക്കം ചെറുക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**കൊയിലാണ്ടിയിൽ തണ്ണീർത്തടങ്ങളുടെ ഡാറ്റാ ബാങ്ക്**

234(T*3841) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കൊയിലാണ്ടി താലൂക്കിലെ കൂരാച്ചുണ്ട് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. (ഡാറ്റാ ബാങ്ക് അന്തിമമാക്കി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.)*

(ബി) കേരള കൺസർവേഷൻ ഓഫ് പാഡി ആന്റ് വെറ്റ് ലാന്റ് ആക്ട് 2008-ലെയും കേരള കൺസർവേഷൻ ഓഫ് പാഡി ആന്റ് വെറ്റ് ലാന്റ് റൂൾസ് 2008-ലെയും സെക്ഷനുകൾ പാലിച്ച് ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചത്.

**തോപ്പുംപടിയിലെ ടിൻ ഫാക്ടറിയുടെ ഉടമസ്ഥാവകാശം**

235 (3842) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശ്ചിമ കൊച്ചിയിൽ തോപ്പുംപടി പ്യാരി ജംഗ്ഷനു സമീപത്തായി വർഷങ്ങൾക്ക് മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ അടഞ്ഞു കിടക്കുന്നതുമായ ടിൻ ഫാക്ടറിയുടെയും വസ്തുവകകളുടെയും ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പശ്ചിമ കൊച്ചിയിൽ തോപ്പുംപടി പ്യാരി ജംഗ്ഷന് സമീപത്തായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ടിൻ ഫാക്ടറിയുടെയും വസ്തുവകകളുടെയും ഉടമസ്ഥാവകാശം ആയതിലെ 04.35 ആർ (10.750 സെന്റ്) പുഴ പുറമ്പോക്ക് ഒഴികെയുള്ളത് പ്രസ്തുത ഫാക്ടറിക്ക് തന്നെയാണ്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

236 (3843) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലിസ്റ്റിന്റെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, സ്വന്തമായി ഭൂമി ഇല്ലാത്തതും, വാർഷിക കുടുംബ വരുമാനം 75,000 രൂപയിൽ താഴെ ആയിട്ടുള്ളതും, സംസ്ഥാനത്ത് സ്ഥിരതാമസക്കാരായിട്ടുള്ളതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. 2,91,757 അപേക്ഷകളിൽനിന്നും വ്യക്തമായ അന്വേഷണത്തിലൂടെ 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. മാരകരോഗം ബാധിച്ചവർ, വിധവകൾ, അംഗവൈകല്യം സംഭവിച്ചിട്ടുള്ളവർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ തുടങ്ങിയ കൂടുതൽ ദുർബലരായവർക്ക് മുൻഗണന നൽകിക്കൊണ്ട് വില്ലേജ്തല റാങ്ക് ലിസ്റ്റാണ് തയ്യാറാക്കിയിരുന്നത്. ഭൂമി പതിവ് ചട്ടങ്ങിൽ പ്രതിപാദിക്കുന്ന നടപടികൾ എല്ലാം പാലിച്ചുകൊണ്ടാണ് ഗുണഭോക്താക്കൾക്ക് ഭൂമി പതിച്ചുനൽകുന്നത്. 14 ജില്ലകളിലുമായി 58,398 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രാദേശികമായ തർക്കങ്ങൾ മുഖേനയോ, കോടതി കേസ്സുകൾ മുഖേനയോ അനുവദിച്ച ഭൂമി ബന്ധപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും കൈമാറാൻ കഴിഞ്ഞിട്ടില്ല. ആക്ഷേപങ്ങൾ പരിഹരിച്ച് ഭൂമി കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി)പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലിസ്റ്റിന്റെ വിവരങ്ങൾ ജില്ല തിരിച്ച് താഴെച്ചേർക്കുന്നു:

| ജില്ല | ലഭ്യമായിരുന്ന അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 47340 | 35798 |
| കൊല്ലം | 29850 | 28591 |
| പത്തനംതിട്ട | 7532 | 6807 |
| ആലപ്പുഴ | 17142 | 14163 |
| കോട്ടയം | 10742 | 10388 |
| ഇടുക്കി | 10496 | 7970 |
| എറണാകുളം | 43248 | 31379 |

| | | |
|---|---|---|
| തൃശ്ശൂർ | 30836 | 26776 |
| പാലക്കാട് | 28524 | 23874 |
| മലപ്പുറം | 25998 | 23962 |
| കോഴിക്കോട് | 9070 | 8304 |
| വയനാട് | 6611 | 4546 |
| കണ്ണൂർ | 12184 | 11099 |
| കാസർഗോഡ് | 12184 | 10271 |
| ആകെ | 291757 | 243928 |

(സി) പദ്ധതി പ്രകാരം നൽകിയ ഭൂമിയെ സംബന്ധിച്ച്, വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും, വഴി സൗകര്യമില്ലെന്നും തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്ന് വന്നിരുന്നു. കൂടാതെ പട്ടയം നൽകിയവർക്ക് മുഴുവനായും, ഭൂമി കൈമാറുന്നതിലും വീഴ്ച സംഭവിച്ചിരുന്നു. ആക്ഷേപങ്ങളിൽ വിശദമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണാനും അനുയോജ്യമല്ലാത്ത ഭൂമി വിതരണം ചെയ്തിട്ടുള്ള കേസ്സുകളിൽ അവ മാറ്റി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിലേയ്ക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

237(3844) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയും വീടും ഇല്ലാത്തവർക്ക് വാസയോഗ്യമായ ഭൂമി പതിച്ചു നൽകാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി കാര്യക്ഷമമാക്കി വാസയോഗ്യമായ ഭൂമി നൽകുന്ന കാര്യത്തിൽ നടപടികൾ ഉണ്ടാക്കുമോ?

ഉത്തരം

(എ) വീട് വയ്ക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്തതും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് ഗുണഭോക്തൃ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി പതിച്ചു നൽകിയവരുടെ പേര് വിവരം**

238 (3845) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലത്തെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ എത്ര ഹെക്ടർ ഭൂമിയാണ് പതിച്ചു നൽകിയത്;

(ബി) നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ ഈ ഭൂമി വിതരണം ചെയ്തത്;

(സി) എത്ര പേർക്കാണ് ഭൂമി പതിച്ചു നൽകിയത്;

(ഡി) 50 സെന്റിന് മുകളിൽ പതിച്ചു നൽകിയവരുടെ പേര് വിവരവും ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-2016 കാലത്തെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 709.28 ഹെക്ടർ ഭൂമി പതിച്ചുനൽകി ഉത്തരവായിരുന്നു.

(ബി) ഭൂമി പതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. ഭൂമി ബന്ധപ്പെട്ടവർക്ക് കൈമാറുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല.

(സി) പദ്ധതിപ്രകാരം 14 ജില്ലകളിലായി 58398 പേർക്ക് ഭൂമി പതിച്ചുനൽകാൻ ഉത്തരവായിട്ടുണ്ട്.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് ഭൂമി വീതമാണ് പതിച്ചുനൽകുന്നത്. പദ്ധതി പ്രകാരം മൂന്ന് സെന്റിൽ കൂടുതൽ പതിച്ച് നൽകിയിട്ടില്ല.

## കൊട്ടാരക്കരയിൽ റവന്യൂ ഡിവിഷണൽ ഓഫീസ് സ്ഥാപിക്കാൻ നടപടി

239 (3846) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ റവന്യൂ ഡിവിഷണൽ ആഫീസ് അനുവദിച്ച് ഉത്തരവായത് എന്നാണ്;

(ബി) പ്രസ്തുത ആഫീസിന്റെ ആസ്ഥാനം നിശ്ചയിക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്താണ്;

(സി) ജില്ലയുടെ മധ്യഭാഗമായ കൊട്ടാരക്കരയിൽ പുതിയ റവന്യൂ ഡിവിഷണൽ ആഫീസിന്റെ ആസ്ഥാനം സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം ജില്ലയിലെ പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിലുള്ള റവന്യൂ ഡിവിഷനുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഭൂപ്രകൃതി, ജനങ്ങളുടെ യാത്രാസൗകര്യം, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവ പരിഗണിച്ച് റവന്യൂ ഡിവിഷന്റെ ആസ്ഥാനം നിശ്ചയിക്കുന്നതാണ്.

(സി) റവന്യൂ ഡിവിഷണൽ ആസ്ഥാനം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

## അർഹരായവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി

240(3847) ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർഹരായവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി വിവിധ കളക്ട്രേറ്റുകളിൽ ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഭൂമി പതിവ് നിയമപ്രകാരം ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് ജില്ലാ കളക്ടർമാർ അർഹരായവർക്ക് ഭൂമി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂരഹിത കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നതാണ്. എന്നാൽ ലൈഫ് മിഷൻ പ്രകാരം ഭൂരഹിത ഭവനരഹിതരുടെ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നിലവിൽ നടപടി ആരംഭിച്ചിട്ടുള്ളതാണ്. അന്തിമ പരിശോധന കഴിഞ്ഞതിനു ശേഷം ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗഗോത്ര വിഭാഗങ്ങൾക്ക് നിലവിൽ നൽകിവരുന്നത് വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖയാണ്. 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്കും പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കയ്യേറ്റക്കാരിൽനിന്നും തിരിച്ചുപിടിച്ച ഭൂമിയുടെ കണക്ക്**

241 (3848) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്നും എത്ര ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റക്കാരിൽ നിന്നും 147.822 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | തിരിച്ചുപിടിച്ച ഭൂമി |
|---|---|
| തിരുവനന്തപുരം | 2.8370 ഹെക്ടർ |
| കൊല്ലം | 0.812 ഹെക്ടർ |
| പത്തനംതിട്ട | 0.0102 ഹെക്ടർ |
| കോട്ടയം | 0.0727 ഹെക്ടർ |
| ആലപ്പുഴ | 0.3394 ഹെക്ടർ |
| ഇടുക്കി | 132.01.76 ഹെക്ടർ |
| എറണാകുളം | 0.8862 ഹെക്ടർ |

**പാപ്പാത്തിചോലയിലെ അനധികൃത ഭൂമി കയ്യേറ്റം**

242(3850) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ചിന്നക്കനാൽ പാപ്പാത്തിചോലയിൽ അനധികൃതമായി ഭൂമി കയ്യേറി മെറ്റൽ കുരിശ് സ്ഥാപിച്ചതാണെന്ന ആരോപണത്തിന്റെ പേരിൽ ടി മെറ്റൽ കുരിശ് ജില്ലാ ഭരണകൂടം നീക്കം ചെയ്തിരുന്നോ; എങ്കിൽ ആ നടപടിക്കെതിരെ ആരെങ്കിലും രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) കുരിശ് സ്ഥാപിച്ച പ്രദേശത്തിൽനിന്നും പോലീസ് രണ്ടാളെ കസ്റ്റഡിലെടുത്തിട്ടുണ്ടോ; എന്തു കുറ്റം ആരോപിച്ചാണ് അറസ്റ്റ് ചെയ്തത്;

(സി) കയ്യേറ്റമൊഴിപ്പിക്കാൻ ചെന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് തടസ്സമുണ്ടാക്കിയ കുറ്റത്തിന് കേസെടുത്തിട്ടുണ്ടോ; ഏങ്കിൽ ആരുടെയൊക്കെ പേരിൽ; ആരെയൊക്കെ അറസ്റ്റ് ചെയ്തു?

<u>ഉത്തരം</u>

(എ) ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർവ്വെ നമ്പർ 34/1-ൽപ്പെട്ട സർക്കാർ പുറമ്പോക്കിൽ അനധികൃതമായി കയ്യേറി സ്ഥാപിച്ചിരുന്ന മെറ്റൽ കുരിശ് നീക്കംചെയ്തിട്ടുള്ളതാണ്. അതിനെതിരെ നൽകിയിരുന്ന പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)രാജു S/o കുട്ടപ്പൻ (40 വയസ്) പുതുപ്പറമ്പിൽ, വാഴവറ്റ, വയനാട് ജില്ല. (2) സിബി @സെബാസ്റ്റ്യൻ S/o ആഗസ്തി (39 വയസ്), ഇടശ്ശേരിൽ, രാജകുമാരി എന്നിവർക്കെതിരെ ശാന്തൻപാറ പോലീസ് സ്റ്റേഷൻ CR334/17 U/s IPC 447, 153 A, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ്സെടുത്ത് കോടതി ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എത്തിയ റവന്യൂ ഉദ്യോഗസ്ഥരെ വാഹനം ഉപയോഗിച്ച് തടസ്സപ്പെടുത്തിയതിന് കെ. ഒ. പൊറിഞ്ചു (KL-46C-739 രജിസ്റ്റർ നമ്പരുള്ള ഒമ്നി വാൻ വാഹനത്തിന്റെ ഉടമ) കാഞ്ഞിരത്തിങ്കൽ വീട്, തൃശ്ശൂർ എന്നയാൾക്കെതിരെ IPC 1860 സെക്ഷൻ 353 പ്രകാരം ശാന്തൻപാറ പോലീസ് 324/17 dated 20-4-2017 നമ്പരായി FIR രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

## പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി സ്ഥലം വിനിയോഗിക്കുന്ന കേസ്സുകളിൽ ഭൂമി തിരികെയെടുക്കാൻ നടപടി

243 (3851) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യമായും കുറഞ്ഞനിരക്കിലും ഭൂമി പാട്ടത്തിന് ലഭിച്ച സ്ഥാപനങ്ങളിലും വ്യക്തികളിലും ഗണ്യമായൊരു ഭാഗം നാമമാത്രമായ തുക പോലും അടയ്ക്കാതിരിക്കുകയോ അല്ലെങ്കിൽ പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി സ്ഥലം വിനിയോഗിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ ഭൂമി തിരികെയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തലസ്ഥാന നഗരിയിൽ പ്രവർത്തിക്കുന്ന ശ്രീമൂലം ക്ലബ്, ട്രിവാൻഡ്രം ക്ലബ്, മന്നം മെമ്മോറിയൽ ക്ലബ്, ശാസ്തമംഗലം യൂണിവേഴ്സിറ്റി വിമൻസ് അസോസിയേഷൻ, ടെന്നീസ് ക്ലബ്, ഗോൾഫ് ക്ലബ് തുടങ്ങി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പാട്ടത്തുകയിൽ മുൻസർക്കാർ ഇളവു നൽകാനുണ്ടായ കാരണം അറിയിക്കാമോ; വെള്ളയമ്പലം ഓഫീസേഴ്സ് ക്ലബിന് പാട്ടത്തിന് നൽകിയ സ്ഥലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വാണിജ്യസ്ഥാപനങ്ങൾക്ക് സ്ഥലം പാട്ടത്തിന് നൽകുമ്പോൾ ഈടാക്കേണ്ട പാട്ടം എത്രയെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്; മേൽപ്പറഞ്ഞവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്ക് അനുവദിയ്ക്കാനുണ്ടായ സാഹചര്യമെന്താണ്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനും പാട്ടക്കരാർ ലംഘിച്ച കേസ്സുകളിൽ ഭൂമി തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി &സി) 6-2-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 96/2016/റവ പ്രകാരം വാണിജ്യ സ്ഥാപനങ്ങൾക്ക് ഭൂമിയുടെ മാർക്കറ്റ് വിലയുടെ 5 ശതമാനം തുക (കുറഞ്ഞത് പ്രതിവർഷം 15,000 രൂപ) ആണ് പാട്ടമായി ഈടാക്കുന്നത്. ശ്രീമൂലം ക്ലബ്, ശാസ്തമംഗലം യൂണിവേഴ്സിറ്റി വിമൻസ് അസോസിയേഷൻ എന്നിവർക്ക് പാട്ടത്തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. ഗോൾഫ് ക്ലബ് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടെന്നീസ് ക്ലബ്, മന്നം മെമ്മോറിയൽ ക്ലബ് എന്നിവയ്ക്ക് പാട്ട തുകയിൽ ഇളവ് അനുവദിച്ച ഉത്തരവ് പുനഃപരിശോധിച്ച് വരികയാണ്. വെള്ളയമ്പലം ഓഫീസേഴ്സ് ക്ലബ്ബിന് പാട്ടത്തിന് നൽകിയ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലവിൽ വട്ടിയൂർക്കാവ് വില്ലേജിൽ എൽ.ആർ.എം. ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നു.

**പുറമ്പോക്കുകളിൽ ദശാബ്ദങ്ങളായി താമസിക്കുന്നവർക്ക് പട്ടയം**

244 (T*3852) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, റവന്യൂ, വനം, ജലവിഭവം തുടങ്ങിയ വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിന്റെ തീരുമാന പ്രകാരം 3 മാസത്തിനകം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും തുടർന്ന് റിവ്യൂ മീറ്റിംഗ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകൾക്ക് കീഴിലുള്ളതും, പ്രസ്തുത വകുപ്പുകളുടെ വികസനത്തിന് ആവശ്യമില്ലാത്തതുമായ പുറമ്പോക്കുകളിൽ ദശാബ്ദങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) വർഷങ്ങളായി സർക്കാർ പുറമ്പോക്ക് ഭൂമി കൈവശം വച്ച് താമസിക്കുന്നവർ അർഹരാണെങ്കിൽ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി ഭൂമിയുമായി ബന്ധപ്പെട്ട വകുപ്പിന്റെ സമ്മതപത്രം, താലൂക്ക് പതിവ് കമ്മിറ്റിയുടെ അംഗീകാരം എന്നിവ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റോഡ്, തോട്, ആറ് പുറമ്പോക്ക് എന്നിവ നിലവിലെ നിയമപ്രകാരം പതിച്ചുകൊടുക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗ തീരുമാനപ്രകാരം സംയുക്ത പരിശോധന പൂർത്തിയായിട്ടും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതുമൂലം പട്ടയം നൽകുവാൻ കഴിയാത്ത എല്ലാ ജില്ലകളുടെയും സംയുക്ത പരിശോധനാ റിപ്പോർട്ട് ഏകോപിപ്പിച്ച് കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) ബന്ധപ്പെട്ട വകുപ്പിന്റെ സമ്മതപത്രം ലഭിക്കുന്ന കേസ്സുകളിൽ നിയമാനുസരണം പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വില്ലേജ്മാനായിരുന്ന ബി. രമേശയുടെ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

245 (3853) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അഡൂർ വില്ലേജ് ഓഫീസിൽ വില്ലേജ്മാനായി ജോലി ചെയ്തിരുന്ന ബി. രമേശയുടെ 7 മാസത്തെ പെൻഷനും പരേതന്റെ കുടുംബത്തിന് ലഭിക്കേണ്ട ഫാമിലി പെൻഷനും ഇതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ലഭിക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി കുടുംബത്തിന് ലഭിക്കാനുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ ഇപ്പോൾ അന്വേഷിച്ചതിൽ ടിയാൾ ട്രഷറിയിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ടാണ് പെൻഷൻ തടഞ്ഞു

വച്ചിരിക്കുന്നതെന്നറിയുന്നു. ശ്രീ. രമേശ ബി. അടൂർ വില്ലേജിൽ വില്ലേജുമാൻ ആയി ജോലി നോക്കിവരവെ 31-3-2011-ൽ സർവ്വീസിൽനിന്നും പെൻഷൻപറ്റി പിരിയുകയും 18-10-2016-ൽ മരണമടയുകയും ചെയ്തിരുന്നു. 31-3-2016 വരെ ടിയാന് പെൻഷൻ ലഭിച്ചിട്ടുണ്ട്. ടിയാന്റെ മരണശേഷം കുടുംബ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ട്രഷറിയിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

(സി) ട്രഷറിയിൽ നിന്നാണ് ഫാമിലി പെൻഷൻ നൽകേണ്ടത്.

**കരുനാഗപ്പള്ളി ബ്ലോക്ക് നമ്പർ 10-ൽ റീ-സർവ്വേ നമ്പർ 582/11-ലെ ഭൂമി**

246 (3854) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റി-സർവ്വേ നമ്പർ 582/11-ൽപ്പെട്ട ഭൂമി ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണെന്നുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി റവന്യൂവകുപ്പിന് വിട്ടുകിട്ടുന്നതിനുവേണ്ടി കത്ത് നൽകിയിട്ടുണ്ടോ; എന്ത് ആവശ്യത്തിന് വേണ്ടിയാണ് റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്;

(സി) കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകണമെന്നാവശ്യപ്പെട്ട് നിയമകാര്യവകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സ്ഥലം കല്ലട ഇറിഗേഷൻ പ്രോജക്ട് (കെ.എ.പി.-യുടെ) -ന്റെ ഉടമസ്ഥതയിലുള്ള സർക്കാർ പുറമ്പോക്കാണ്.

(ബി) പ്രസ്തുത സ്ഥലത്തെ ആകെയുള്ള 56.00 ആർസിൽ നിന്നും 24.29 ആർസ് സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിനായി ജലവിഭവ വകുപ്പിന്റെ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 31.71 ആർസ് സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മാണത്തിനായി വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോടതി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളാ ഹൈക്കോർട്ട് രജിസ്ട്രാർ അഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ട് നൽകുന്നതിനുള്ള തീരുമാനം ജലവിഭവ വകുപ്പ് നാളിതുവരെ അറിയിച്ചിട്ടില്ല.

**പുളിയിലപ്പാറയിലെ 110 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

247 (3855) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ പുളിയിലപ്പാറയിലെ 110 ഓളം വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇവർക്ക് 50 സെന്റിൽ കൂടാത്ത തരത്തിൽ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മുഖ്യമന്ത്രിയുടേയും അഞ്ച് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നടപടികൾ പൂർത്തിയാക്കി ഇവർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-11-2016-ൽ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗതീരുമാനപ്രകാരം വനഭൂമി കയ്യേറിയ 116 പേരുടെ ലിസ്റ്റ് ഉണ്ടാക്കി പരമാവധി 50 സെന്റിൽ പരിമിതപ്പെടുത്തി ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടിയുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിച്ച് രേഖയും പകരം ആവശ്യമായ ഭൂമി വനം വകുപ്പിന് കൈമാറുന്നതുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ നൽകുന്നതിനുള്ള നടപടി നിർദ്ദേശങ്ങൾ ചാലക്കുടി തഹസിൽദാർക്കും ഇക്കാര്യത്തിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്കും, വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും നൽകിയിട്ടുള്ളതും സർവ്വെ വകുപ്പ് മുഖേന സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതാണ്.

**ഒരുവർഷം പ്രാബല്യമുള്ള ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി**

248 (T*3856) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുമ്പോൾ എന്ത് ആവശ്യത്തിനെന്നും എവിടെ സമർപ്പിക്കാനെന്നും രേഖപ്പെടുത്തുന്നതുമൂലം സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന ഓരോ ഘട്ടത്തിലും അപേക്ഷ നൽകി കാത്തിരിക്കേണ്ടതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉദ്യോഗസ്ഥർക്കും അപേക്ഷകർക്കും ഒരു പോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ സ്ഥിതി ഒഴിവാക്കാനായി ഒരു വർഷക്കാലം പ്രാബല്യമുള്ളതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിലെയും മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ളതുമായ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പ്രത്യേക ആവശ്യത്തിനായാണ്. ആയതിനാൽ ഏത് ആവശ്യത്തിനാണെന്നും എവിടെ സമർപ്പിക്കുവാനാണെന്നും രേഖപ്പെടുത്തി മാത്രമേ ജാതി സർട്ടിഫിക്കറ്റ് നൽകാനാവൂ.

(ബി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിലെയും മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ള ജാതിസർട്ടിഫിക്കറ്റ് നൽകുന്ന വിഷയം നാളിതുവരെ സർക്കാരിന്റെ പരിഗണനയിലില്ല.

## മൂന്നാറിലെ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നശിപ്പിച്ചതായി റിപ്പോർട്ടുകൾ

249 (3857) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രേഖകളിൽ ഏതെങ്കിലും ഭാഗം നഷ്ടപ്പെടുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) മൂന്നാർ, കെ.ഡി.എച്ച് വില്ലേജുകളിൽ സർക്കാർ ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച പുറമ്പോക്ക്-തരിശ് രജിസ്റ്ററുകൾ ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി**

250(T*3858) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏഴ് ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റിയിലെയും പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അളന്ന് തിട്ടപ്പെടുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിൽ കയ്യേറപ്പെട്ട ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) 1616 ഹെക്ടർ 79 ആർ 31 ച.മീറ്റർ

(സി) ബാധകമല്ല.

(ഡി) 01.78.74 ഹെക്ടർ

(ഇ) കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച അവബോധം

251 (3860) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ലോ കോസ്റ്റ് കൺസ്ട്രക്ഷൻ സംബന്ധിച്ച് നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഏതൊക്കെയാണെന്നും ഇത്തരം സാങ്കേതികവിദ്യയും സാങ്കേതിക സഹായവും നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) ചെലവുകുറഞ്ഞതും ഗുണമേന്മയുള്ളതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണത്തിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി പ്രീ-ഫാബ്രിക്കേറ്റഡ് ഭവനങ്ങളുടെ സാദ്ധ്യതകളെപ്പറ്റി കേരളാ നിർമ്മിതി കേന്ദ്രം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കോസ്റ്റ് ഫോർഡ് (COST FORD) മുതലായ സ്ഥാപനങ്ങൾ പഠനം നടത്തിവരുന്നു. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകൾ അഥവാ സീഫ് ടെക്നോളജി (Cost Effective Environment Firendly Technology) വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(ബി) റാറ്റ് ട്രാപ് ബോണ്ട്, ജാളി വോൾ, ഫില്ലർ സ്ലാബ്, ഫ്രെയിംലെസ് ഡോർ ആന്റ് വിൻഡോസ്, ബാംബൂ കൺസ്ട്രക്ഷൻ, മഡ് കൺസ്ട്രക്ഷൻ ഹാഫ്ബ്രിക് വോൾ കൺസ്ട്രക്ഷൻ, ആർച്ചസ്, ലിന്റൽസ് തുടങ്ങിയവയാണ് നിലവിൽ ഉപയോഗിച്ചുവരുന്ന ലോ കോസ്റ്റ് സാങ്കേതിക വിദ്യകൾ. ഇത്തരം സാങ്കേതിക സഹായം നൽകുന്ന സ്ഥാപനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം (KESNIK), ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ് ഫോർഡ് (COST FORD), സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയാണ്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഗുണമേന്മയുള്ള വീടുകളുടെ നിർമ്മാണം നടപ്പിൽ വരുത്തുന്നുണ്ട്. ചെലവുകുറഞ്ഞ നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രങ്ങൾ അവലംബിച്ചുവരുന്ന പ്രധാനപ്പെട്ട സാങ്കേതിക വിദ്യകൾ താഴെപ്പറയുന്നവയാണ് :

1. അസ്ഥിവാരം-ഡ്രൈ റബിൾ മേസണറി, റബിൾ ഇൻ മഡ് മോർട്ടാർ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം.
2. സൂപ്പർസ്ട്രക്ചർ-റാറ്റ് ട്രാപ് ബ്രിക് മേസണറി, സ്റ്റബിലൈസ്ഡ് മഡ് ബ്ലോക്സ്, ഇന്റർലോക്ക് കോൺക്രീറ്റ് ബ്രിക്സ്, ഇന്റർലോക്ക് മഡ് ബ്ലോക്കുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള ഭിത്തിയുടെ നിർമ്മാണം. കോൺക്രീറ്റ് ഡോർ-വിൻഡോ കട്ടിളകൾ, ഫെറോസിമന്റ് ഷട്ടറുകൾ ഉപയോഗിച്ചുള്ള നിർമ്മാണം.
3. മേൽക്കൂര-ഫില്ലർ സ്ലാബ്, ഷെൽ റൂഫിംഗ്, തിൻ റിബ്ഡ്സ്ലാബ്, ടൈൽഡ് റൂഫ്, എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള മേൽക്കൂരയുടെ നിർമ്മാണം.
4. ഇതുകൂടാതെ നിലവിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള നിർമ്മാണം നിർമ്മിതി കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

നിർമ്മിതി കേന്ദ്രങ്ങൾ കൂടാതെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളും ചെലവുകുറഞ്ഞ നിർമ്മാണങ്ങൾ നടത്തിവരുന്നു.

(സി) കേരള സംസ്ഥാനത്ത് നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ഇത്തരം നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹാബിറ്റാറ്റ് ടെക്നോജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളും ചെലവുകുറഞ്ഞ നിർമ്മാണങ്ങൾ നടത്തിവരുന്നു.

(ഡി) ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്നീ സ്ഥാപനങ്ങൾ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## ഭൂരഹിതകേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ സ്ഥലം അനുവദിച്ചവർക്ക് പട്ടയം

252(3861) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതകേരളം പദ്ധതി പ്രകാരം കാസർഗോഡ് തെക്കിൽ വില്ലേജിലെ മാഹിനാബാദിൽ മൂന്ന് സെന്റ് വീതം എത്രപേർക്ക് സ്ഥലം അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലം അനുവദിച്ചവർക്കെല്ലാം പട്ടയം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് എപ്പോൾ പട്ടയം നൽകുമെന്നും ഇതുവരെ നൽകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(ഡി) ഭൂരഹിത കേരളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് മൂന്ന് സെന്റ് വീതം സ്ഥലം അനുവദിച്ചിട്ടുണ്ടെന്ന് വില്ലേജുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇവരിൽ എത്രപേർക്ക് പട്ടയം നൽകിയെന്നും ബാക്കിയുള്ളവർക്ക് എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 186 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) പട്ടയം നൽകിയിട്ടുണ്ട്. എന്നാൽ പട്ടയ പ്രകാരം കൈമാറിയ ഭൂമി വാസയോഗ്യമല്ലെന്നും കോടതി കേസ്സുകൾ നിലനിൽക്കുന്നുവെന്നും ആക്ഷേപം ഉന്നയിച്ചുകൊണ്ട് 92 ഗുണഭോക്താക്കൾ പട്ടയം തിരികെ ഏൽപ്പിച്ചിട്ടുണ്ട്. ആക്ഷേപങ്ങളിൽ അന്വേഷണം നടത്തിയതിൽ പ്ലോട്ടുകൾ മാറ്റി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ജില്ലയിൽ പദ്ധതി പ്രകാരം 16144 പേർക്ക് മൂന്ന് സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ജില്ലയിൽ 14549 പേർക്ക് പട്ടയം വിതരണം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

**ഭവന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ**

253(3862) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. പി. ഉണ്ണി :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്രധാന സർക്കാരിതര സംഘടനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭവനനിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ മുതലായവയുടെ സഹായത്തോടെ ഭവനരഹിതരുടെയും പൂർത്തിയാക്കാത്ത വീടുകളുടെയും സമഗ്രമായ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതികേന്ദ്രം, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ഹൗസ് ഫെഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യഫെഡ്, ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയവയാണ് സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ. കൂടാതെ പ്രൈവറ്റ് മേഖലയിൽ നിരവധി ഏജൻസി/കമ്പനികളും പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള പദ്ധതികൾ

254 (3863) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭവന രഹിതരായ എല്ലാ കുടുംബങ്ങളെയും വീടിനർഹരാക്കാൻ എന്തെങ്കിലും സർവ്വേയോ പഠനമോ നടത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ ഈ കർമ്മപദ്ധതിയിൽ ഏതൊക്കെ വകുപ്പുകളാണ് ഒന്നുചേർന്ന് പ്രവർത്തിക്കുന്നത്; ഇതിനായി പദ്ധതി രേഖയോ ആസൂത്രണ രേഖയോ തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ രാഷ്ട്രീയമായോ മറ്റെന്തെങ്കിലും കാരണങ്ങളാലോ ഉൾപ്പെടാതെ പോയ വ്യക്തികളെ അപ്പീലിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്താൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നിലവിൽ എന്തൊക്കെ സംസ്ഥാന പദ്ധതികളുണ്ട്; ഇതിനായി എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്;

(സി) ഓരോ വിഭാഗത്തിനും നിലവിലുള്ള ഭവന പദ്ധതികളിൽ സർക്കാർ വിഹിതം, ഗുണഭോക്തൃ വിഹിതം, വായ്പാവിഹിതം ഇവ എത്രയെന്ന് വ്യക്തമാക്കാമോ; വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പെട്ടെന്ന് വായ്പ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്?

### ഉത്തരം

(എ) ഉണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ നവകേരളമിഷന് കീഴിൽ രൂപീകരിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ.

പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേയുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത സർവ്വേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത്

തദ്ദേശ സ്വയംഭരണ വകുപ്പാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ)നമ്പർ 391/2017 തസ്വഭവ തീയതി 9-2-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സർവ്വേ പൂർത്തിയായെങ്കിലും ആയതിന്മേലുള്ള പരിശോധന നടന്നുവരികയാണ്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ലൈഫ് മിഷനെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മിഷൻ യോഗത്തിലാണ്, കർമ്മപരിപാടികളും തുടർന്നുള്ള ഉത്തരവുകളും പുറപ്പെടുവിക്കുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള മാർഗ്ഗനിർദ്ദേശവും ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും ഭവനം നൽകുന്നതിനും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയുള്ള ഭവനരഹിതർക്ക് നൽകാവുന്ന ധനസഹായത്തിന്റെ അളവും നിശ്ചയിച്ചിട്ടുണ്ട്. രാഷ്ട്രീയമോ മറ്റൊരു പരിഗണനയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡമാക്കിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ പട്ടികയിൽ ഇല്ലാത്തപക്ഷം അവർക്ക് പഞ്ചായത്ത്തല ആദ്യഘട്ട അപ്പീലിനും ജില്ലാതലത്തിൽ രണ്ടാംഘട്ട അപ്പീലിനും വ്യവസ്ഥ ഉണ്ടായിരിക്കുന്നതാണ്.

(ബി) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയും പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം) പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസി ഗ്രാമവികസന വകുപ്പുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ നടപ്പുവർഷം മുതൽ ഭവനധനസഹായത്തിന് ഏകരൂപം ഉണ്ടായിരിക്കുന്നതാണ്. ആയതുപ്രകാരം ജനറൽ വിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി/മത്സ്യത്തൊഴിലാളികൾ/തോട്ടം തൊഴിലാളികൾ മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപയും എസ്.റ്റി.ക്കാർക്ക് ചെലവാകുന്ന യഥാർത്ഥ തുകയും നൽകുന്നതാണ്. ലൈഫ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമല്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി, മറ്റ് വകുപ്പുകളുടെ പദ്ധതികൾ എന്നിവയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമാണെങ്കിൽ മുകളിൽ സൂചിപ്പിച്ച നിരക്കിന് പുറമേ ഗുണഭോക്തൃവിഹിതം നൽകേണ്ടതാണ്.

## തിരുവനന്തപുരത്തെ ഹൗസിംഗ് ബോർഡ് കെട്ടിട സമുച്ചയത്തിലെ അസൗകര്യങ്ങൾ

255 (3864) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഹൗസിങ് ബോർഡ് ആസ്ഥാനത്തിന് എതിരെയുള്ള ഹൗസിങ് ബോർഡിന്റെ കെട്ടിട സമുച്ചയത്തിൽ ഏതെല്ലാം ഓഫീസുകളും വ്യാപാരസ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ കെട്ടിടത്തിൽ അനേകം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവിടെയുള്ള ജീവനക്കാരുടെയും ഓഫീസിലേയും വാഹനങ്ങൾക്ക് ആവശ്യമായ പാർക്കിങ് സൗകര്യം പോലും ഒരുക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർക്കിങ്ങിനായി സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ വ്യാപാരസ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് ആളുകൾ ദിനംപ്രതി വന്നുപോകുന്ന എൻട്രൻസ് കമ്മീഷണറുടെ ഓഫീസ്, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഓഫീസ് തുടങ്ങിയ നിരവധി പ്രധാന ഓഫീസുകൾ സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിൽ പൊതുശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവിടെയുള്ള ശൗചാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ കെട്ടിടത്തിലെ കുടിവെള്ള ടാങ്കുകൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ മലിനമായ ജലമാണ് വിതരണം നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ കെട്ടിടത്തിന് സമീപം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഈ നടപടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ; സമയബന്ധിതമായി ഇവ പരിഹരിക്കുമോ; എന്നത്തേക്ക് ഇവ പരിഹരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ്, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, ഡിസ്ട്രിക്ട് ഇൻഷ്വറൻസ് ഓഫീസ്, ഡയറക്ടറേറ്റ് ഓഫ് വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, പി ആന്റ് ഇ എംപ്ലോയ്മെന്റ് ഓഫീസ്, സിഡ്കോ, റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹൗസിംഗ് കമ്മീഷണർ ഓഫീസ് എന്നീ ഓഫീസുകളും ശ്രീ. സുസാഡിമ, ശ്രീ. അരുൺ കുമാർ ഝാ, ശ്രീ. സി. എം. വർഗ്ഗീസ്, ശ്രീ. സോമൻ ജേക്കബ്, ശ്രീ. മുരുകൻ, ശ്രീ. ജറാൾഡ്, ശ്രീ. ഷൈജു, ശ്രീമതി മോളി മാനുവൽ, ശ്രീ. എം. പി. ശ്രീകുമാർ എന്നിവർ നടത്തുന്ന വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

(ബി) ഓഫീസിലെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഇരുചക്ര വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാലുചക്ര വാഹനങ്ങൾക്കുകൂടി പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് സ്ഥലപരിമിതിമൂലം സാധിക്കുന്നില്ല.

(സി) ഷട്ടറുള്ള 7 കാർ ഷെഡ്ഡുകൾ വാടകയ്ക്ക് നൽകാൻ ലഭ്യമാണെങ്കിലും സിഡ്കോ മാത്രമേ ഒരു കാർഷെഡ് വാടകയ്ക്കെടുത്ത് വാടക ലഭ്യമാക്കി വരുന്നുള്ളൂ. മറ്റ് കാർ ഷെഡ്ഡുകൾ വാടകയ്ക്കെടുത്ത് കാർ ഷെഡ്ഡായി ഉപയോഗിക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ ഈ കാർ ഷെഡ്ഡുകൾ വ്യാപാരികൾ വാടകയ്ക്കെടുത്ത് ഗോഡൗണായും ഓഫീസായും ഉപയോഗിച്ചുവരുന്നു. ഒരു കാർ ഷെഡ്ഡിൽ ബോർഡിന്റെ പഴയ റിക്കാർഡുകൾ സൂക്ഷിച്ചിരിക്കുന്നു.

(ഡി) ഈ കെട്ടിടത്തിൽ എല്ലാ ഫ്ലോറുകളിലും ശൗചാലയങ്ങൾ ലഭ്യമാണ്. ഇവ ഓഫീസുകൾ സന്ദർശിക്കുന്നവരും ഉപയോഗിച്ചുവരുന്നുണ്ട്.

(ഇ) ഹൗസിംഗ് ബോർഡ് കെട്ടിട സമുച്ചയത്തിലെ ശൗചാലയങ്ങൾ ദിവസവും രണ്ട് നേരം ക്ലീനിംഗ് മെറ്റീരിയൽസ് ഉപയോഗിച്ച് വൃത്തിയാക്കുന്നുണ്ട്. സമയാസമയങ്ങളിലുള്ള പരാതികൾ യഥാസമയം പരിഹരിച്ചുവരുന്നുണ്ട്. എന്നാൽ പൊതുസ്ഥലങ്ങൾ/പൊതു ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ പൊതുജനങ്ങൾക്കുള്ള ഉദാസീനത, പ്ലാസ്റ്റിക് വസ്തുക്കളുടെ നിക്ഷേപം എന്നിവയാണ് ശൗചാലയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് കാരണം. കുടിവെള്ള ടാങ്കുകൾ സമയാസമയം വൃത്തിയാക്കാറുണ്ട്. അവസാനമായി 02/2017-ൽ ഓവർ ഹെഡ് വാട്ടർ ടാങ്ക്, സമ്പ് എന്നിവ പൂർണ്ണമായും വെള്ളം വറ്റിച്ച്

വൃത്തിയാക്കിയിരുന്നു. കഴിഞ്ഞ മാസം കേരള വാട്ടർ അതോറിറ്റിയിലെ വാട്ടർ ലൈനിലുണ്ടായ ചോർച്ചമൂലം മലിനജലം കലർന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ച് പുതിയ വാട്ടർ ലൈൻ വഴി ജലം എത്തിക്കുകയും വാട്ടർ ടാങ്കുകൾ ഉടൻ വീണ്ടും വൃത്തിയാക്കുകയും ഉണ്ടായി.

(എഫ്) മാലിന്യങ്ങൾ ഓഫീസ് സമയത്തിനുശേഷം രാത്രി കാലങ്ങളിൽ കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിന് ശുചിത്വമിഷന്റെ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള ചവർ സംസ്കരണത്തിന് നടപടി കൈക്കൊണ്ടുവരുന്നു.

(ജി) ന്യൂനതകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

ശൗചാലയങ്ങൾ:- ആവശ്യമായ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടപ്പിലാക്കും. ദിവസവും രണ്ട് നേരം കഴുകി വൃത്തിയാക്കുന്നത് കൂടാതെ ആവശ്യമെങ്കിൽ കൂടുതൽ തവണ കഴുകി വൃത്തിയാക്കുന്നതാണ്.

ചവർ സംസ്കരണം:- ശുചിത്വ മിഷന്റെ നിർദ്ദേശാനുസരണമുള്ള നടപടികൾ മറ്റ് ഓഫീസുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നിലവിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

വാട്ടർ ടാങ്കുകൾ:- സമയാസമയങ്ങളിൽ വൃത്തിയാക്കിവരുന്നു.

## കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക് ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് നടപടി

256 (3865) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക് ഡാമിലെ ചോർച്ച പരിഹരിക്കുന്നതിന് തയ്യാറാക്കിയ 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മലപ്പുറം നഗരസഭയിലെയും പരിസര പ്രദേശങ്ങളിലെയും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഗണിച്ച് ചെക്ക് ഡാമിലെ ചോർച്ച പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഭരണാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി ഒരു പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾക്ക് വൻ തുക ചെലവാകുമെന്നതിനാൽ അധിക ജലം സംഭരിക്കാൻ കഴിയുംവിധം പുതിയ ചെക്ക് ഡാം സ്ഥാപിക്കുന്നതാണോ അഭികാമ്യമെന്ന് പരിശോധിക്കേണ്ടതായുണ്ട്. ഇതിനായി വിശദമായ സർവ്വെ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സർക്കാർ ആഫീസുകളിലും പൊതുവിദ്യാലയങ്ങളിലും നീരുറവ് പദ്ധതി**

257 (3866) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന നീരുറവ് പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാമാണ് പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകളിലും പൊതുവിദ്യാലയങ്ങളിലും മഴവെള്ള സംഭരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വേനൽക്കാലം ജലസമൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ 2017 മാർച്ച് 21-ന് ജല അതോറിറ്റിയുടെ നേതൃത്വത്തിൽ ഉദ്ഘാടനം നിർവ്വഹിച്ച "നീരുറവ്" പദ്ധതിയുടെ ഭാഗമായി മഴവെള്ളം സംഭരണവും സ്വാഭാവിക ഉറവ സംരക്ഷണവുമാണ് വിഭാവനം ചെയ്തിരുന്നത്. അടുത്ത കാലവർഷത്തിന് മുമ്പേ അടിയന്തര പ്രാധാന്യം നൽകി ചെയ്തുതീർക്കേണ്ട ഈ പദ്ധതിക്ക് 2017-ലെ വരൾച്ചാ ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിണറുകൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ കിണറിൽ ജലലഭ്യത കൂട്ടാൻ വേണ്ടി കിണറുകൾക്ക് സമീപം മഴക്കുഴി നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന ബഡ്ജറ്റിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പ്ലാൻ തുക ഉപയോഗപ്പെടുത്തി "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ "ജലസൗഹൃദ വിദ്യാലയം" പദ്ധതിയിൽ ഉൾപ്പെടുത്തി 840 സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്ന ജോലികൾ

പുരോഗമിക്കുകയാണ്. 2017-18 സാമ്പത്തിക വർഷം 1000 പൊതുസ്ഥാപനങ്ങളിലെ നിലവിലുള്ള സംഭരണികളുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

### നെയ്യാറ്റിൻകര മണ്ഡലത്തിലെ കുമിളി പദ്ധതി

258(3867) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തിരുപ്പുറം പഞ്ചായത്തിലെ കുമിളി പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നിലവിൽ തടസ്സം എന്തെങ്കിലും ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ-സി) പ്രസ്തുത പദ്ധതിക്കായി ടാങ്ക് നിർമ്മിക്കാനാവശ്യമായ സ്ഥലം കരുംകുളം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഇത് 2017 ജൂൺ മാസത്തിനകം ലഭ്യമായാൽ 2017 ഡിസംബർ മാസത്തോടുകൂടി സ്കീം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല.

### ജലദൗർലഭ്യത്തിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങളെക്കുറിച്ച് പഠനം

259 (3868) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജലാശയങ്ങളുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നീ മാനദണ്ഡങ്ങളിൽ കുറവ് വന്നിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിലെ ജലദൗർലഭ്യത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ ഒരു പുനരവലോകനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജലാശയങ്ങളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതുപ്രകാരം 44 പ്രധാന നദികൾ, 14 പ്രധാന കായലുകൾ, 40974 കുളങ്ങൾ, 58 ഡാമുകളുടെ റിസർവോയറുകൾ എന്നിവയാണ് സംസ്ഥാനത്തുള്ളത്. കുളങ്ങളുടെ പരപ്പ്, വിസ്തീർണ്ണം, ആഴം എന്നീ വിവരങ്ങൾ ശേഖരിച്ച് അവയുടെ Geographic Location അനുസരിച്ച് മാപ് ചെയ്തിട്ടുണ്ട്. കൂടുതൽ പഠനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഓരോ കുളത്തിനും Unique Identification Number നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ എന്നിവയുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നീ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തിയിട്ടില്ല. എന്നാൽ Encrochment, Siltation എന്നിവ കാരണം വിസ്തൃതിയിൽ മാറ്റം വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഈ വർഷം (2016-17) സംസ്ഥാനം നേരിട്ടത് വളരെ വലിയ ജലദൗർലഭ്യമാണ്. മഴയുടെ ലഭ്യതയിൽ വന്ന കുറവാണ് ഇതിന് കാരണമായത്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പൂർണ്ണമായി സംരക്ഷിച്ച് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പൂർണ്ണതോതിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും ബോധ്യമാണ്. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിലും കേന്ദ്ര സഹായത്തോടെയുള്ള PMKSY പദ്ധതിയിലും കുളങ്ങളും ജലസ്രോതസ്സുകളും പുനരുദ്ധരിക്കുവാനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം മണ്ഡലങ്ങളിൽ ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധജലം എത്തിച്ച് കൊടുക്കാൻ നടപടി**

260(3869) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിർദ്ദേശാനുസരണം നിയോജക മണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം നേരിടുന്ന കോളനികളിലും റസിഡന്റ്സ് അസോസിയേഷനുകളിലും മറ്റ് ഉൾപ്രദേശങ്ങളിലും 10000, 5000 ലിറ്റർ ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധജലം എത്തിച്ച് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ ചില പ്രദേശങ്ങളിൽ വാൽവ് തുറന്നു കൂടുതൽ സമയം കൂടുതൽ വെള്ളം കൊടുക്കുകയും മറ്റ് പ്രദേശങ്ങളിൽ മനപൂർവ്വം വെള്ളം കൊടുക്കാതിരിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം, പേരൂർക്കട, മണ്ണാംമൂല ഭാഗത്ത് ഇങ്ങനെയുള്ള സംഭവം നടക്കുന്നതായി പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവ മുഖേനയാണ് കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കർ ലോറികളിൽ ശുദ്ധജലവിതരണം നടത്തുന്നത്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോട്ടയം ജില്ലയിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

261(3870) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിലെ ഒൻപത് നിയമസഭാ മണ്ഡലങ്ങളിലായി എത്ര മൈനർ ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിലെ ഒമ്പത് നിയമസഭാ മണ്ഡലങ്ങളിലായി 649 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുകയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയോജക മണ്ഡലത്തിന്റെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | 2 | 3 |
| 1 | കോട്ടയം | 370.86 |
| 2 | പൂഞ്ഞാർ | 1222.05 |

| 1 | 2 | 3 |
|---|---|---|
| 3 | കാഞ്ഞിരപ്പള്ളി | 2088.47 |
| 4 | പാലാ | 4942.72 |
| 5 | വൈക്കം | 1217.25 |
| 6 | പുതുപ്പള്ളി | 973.29 |
| 7 | ഏറ്റുമാനൂർ | 753.50 |
| 8 | ചങ്ങനാശ്ശേരി | 501.95 |
| 9 | കടുത്തുരുത്തി | 1015.10 |

**വാട്ടർ അതോറിറ്റി പണം അനുവദിക്കാതെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ**

262 (3871) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പണം അനുവദിക്കാത്തതുകൊണ്ട് ചെറുതും വലുതുമായ ഏതെല്ലാം പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേ അതോറിറ്റിക്കോ പൊതുമരാമത്ത് വകുപ്പ് അധികൃതർക്കോ പണം നൽകാത്തതിന്റെ പേരിൽ ഏതെങ്കിലും ജില്ലയിൽ പുതുതായി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മുടങ്ങികിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇത്തരത്തിൽ പ്രവൃത്തികൾ മുടങ്ങികിടക്കുന്നതെന്നും, പ്രവൃത്തി ആരംഭിക്കാൻ എപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രവർത്തികൾ ചെയ്ത വകയിൽ കേന്ദ്ര വിഹിതം കുറഞ്ഞതുകാരണം 31-3-2017 വരെ 234.20 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഫണ്ട് ലഭ്യത കുറഞ്ഞതുമൂലം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. നാഷണൽ ഹൈവേ അതോറിറ്റിക്കോ പൊതുമരാമത്ത് വകുപ്പ് അധികൃതർക്കോ പണം നൽകാത്തതിന്റെ പേരിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി* ചേർത്തിരിക്കുന്നു. ലഭ്യമായ തുക ഒടുക്കി പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

**കോട്ടയം ജില്ലയിലെ മേജർ ഇറിഗേഷൻ പദ്ധതികൾ**

263 (3872) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിലെ ഒൻപത് നിയമസഭാ മണ്ഡലങ്ങളിലായി എത്ര മേജർ ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 246 മേജർ ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയമസഭാ മണ്ഡലത്തിന്റെ പേര് | അനുവദിച്ച പദ്ധതികളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|
| 1 | വൈക്കം | 41 | 372.50 |
| 2 | കടുത്തുരുത്തി | 16 | 4635 |
| 3 | ഏറ്റുമാനൂർ | 10 | 193 |
| 4 | കോട്ടയം | 78 | 796.40 |
| 5 | പാലാ | 18 | 561 |
| 6 | പൂഞ്ഞാർ | 16 | 656 |
| 7 | പുതുപ്പള്ളി | 13 | 238 |
| 8 | ചങ്ങനാശ്ശേരി | 23 | 346 |
| 9 | കാഞ്ഞിരപ്പള്ളി | 31 | 284 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുതുക്കി പണിയുന്നതിന് നടപടി**

264(3873) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുതുക്കി പണിയുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുതുക്കിയ നിരക്കിൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തി കാഞ്ഞങ്ങാട്-കാസർഗോഡ് കെ.എസ്.ടി.പി. റോഡ് പ്രോജക്ടിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചതിനെത്തുടർന്ന് പാലത്തിന്റെ അടിത്തട്ട് പരിശോധിച്ചപ്പോൾ പുതിയ പാലത്തിന്റെ തൂണുകൾ റഗുലേറ്ററിന്റെ ഏപ്രണിൽക്കൂടിയാണ് നിർമ്മിച്ചിട്ടുള്ളതെന്നും അതുമൂലം ഏപ്രണ് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് എന്നും മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ നിലവിലുള്ള റഗുലേറ്ററിന്റെ പുനരുദ്ധാരണം സാദ്ധ്യമല്ല. ഇപ്പോൾ 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് കിഫ്ബിയുടെ ധനസഹായത്തോടെ നിലവിലുള്ള റഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**കോതമംഗലം മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

265(3874) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, ചല്ലാരിമംഗലം, വാരപ്പെട്ടി, കീരംപാറ ഗ്രാമപഞ്ചായത്തുകൾക്കും, കോതമംഗലം മുനിസിപ്പൽ പ്രദേശത്തിനും, കൃഷി,കുടിവെള്ള ലഭ്യത എന്നിവയ്ക്ക് ഏറെ പ്രയോജനകരമായിരുന്ന നൂവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കാലങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പുനരാരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കവളങ്ങാട് പഞ്ചായത്തിലെ ആവോലിച്ചാലിൽ ഇറിഗേഷൻ വകുപ്പിന്റെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഇല്ല. ആവോലിച്ചാലിൽ വിവിധ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജല വിതരണം നടത്തുന്നതിനുള്ള കേരള ജല അതോറിറ്റിയുടെ ശുദ്ധീകരണശാലയും രണ്ട് മോട്ടോർ പുരകളും ഉണ്ട്.

(ബി & സി) ബാധകമല്ല.

**കായംകുളം മണ്ഡലത്തിലെ വാട്ടർ കിയോസ്കുകൾ**

266(3875) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കിയോസ്കുകൾ സ്ഥാപിക്കുന്നതടക്കമുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ടുത്തിയാണ് നടത്തുന്നത്. വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ മുതുകുളം പഞ്ചായത്തിലെ പുത്തൻ കുളം, കണ്ടല്ലൂർ പഞ്ചായത്തിലെ ഓണംപള്ളി, പത്തിയൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പുതിയ ട്യൂബ് വെൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അച്ചൻകോവിലാറിലെ വെള്ളത്തിൽ ഉപ്പിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെതുടർന്ന് മുണ്ടോളിക്കടവ് പാലത്തിനരികെ ബണ്ട് നിർമ്മിച്ചിട്ടുള്ളതും, ജല ഉപയോഗം പരിമിതപ്പെടുത്തുന്നതിനായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുള്ളതുമാണ്. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ പുത്തൻപുരയ്ക്കൽ കോളനി, വേളങ്ങാട്ട് കോളനി, കുഴിവേലികുറ്റിഭാഗം എന്നിവിടങ്ങളിൽ ചെറുകിട ജലവിതരണ പദ്ധതികൾ ഭൂജലവകുപ്പ് നടപ്പാക്കിയിട്ടുണ്ട്. നിലവിൽ രൂക്ഷമായ

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും പൈപ്പ്ലൈൻ എത്താത്തതുമായ പ്രദേശങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ കളക്ടറുടെയും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യാൻ ക്രമീകരണം നടത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ദിവസേന 20,000 ലിറ്റർ ജലം വാഹനത്തിൽ വിതരണം ചെയ്യുന്നുണ്ട്.

**കാർഷിക പുരോഗതിക്കായി രൂപം നൽകിയ ജലസേചന പദ്ധതികൾ**

267(3876) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പുരോഗതിക്കായി രൂപം നൽകി, നിർമ്മാണം തുടങ്ങിയ ജലസേചന പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനിയും പൂർത്തീകരിക്കേണ്ടവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും തുടങ്ങിയ വർഷം, പ്രാരംഭ പദ്ധതിത്തുക, പുതുക്കിയ പദ്ധതിത്തുക, ഇതുവരെ ചെലവാക്കിയ തുക, പദ്ധതികൊണ്ട് ലഭ്യമായ ജനോപയോഗം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട അഴിമതി ഉൾപ്പെടെയുള്ള കെടുകാര്യസ്ഥതകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൂർത്തീകരിക്കാനുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി വരുന്ന തുക എത്രയെന്നും പദ്ധതി പൂർത്തീകരിച്ചാൽ ജനങ്ങൾക്ക് ലഭ്യമാകുന്ന ഉപയോഗം എന്തെല്ലാമെന്നും അറിയിക്കുമോ; ഉപയോഗപ്രദമായവയുടെ പണികൾ പൂർത്തീകരിക്കാനും അല്ലാത്തവയുടെ തുടർ പ്രവൃത്തികൾ നിർത്തിവയ്ക്കാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പദ്ധതി വിഭാഗം 1:

പദ്ധതി വിഭാഗം 1-ന്റെ കീഴിൽ സംസ്ഥാനത്തെ കാർഷിക പുരോഗതിക്കായി രൂപം നൽകി, നിർമ്മാണം തുടങ്ങിയ ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഴശ്ശി പദ്ധതി കൃഷിക്കായി പ്രയോജനപ്പെടുന്നു എന്നതിനു പുറമെ കണ്ണൂർ ജില്ലയിൽ കുടിവെള്ള വിതരണത്തിനുള്ള ജലസംഭരണികൂടിയാണ്. കുറ്റ്യാടി ജലസേചന പദ്ധതിയിൽ 10,232 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കേരള ജല അതോറിറ്റിയുടെ ജലസ്രോതസ്സും കുറ്റ്യാടി ജലസംഭരണിയിലാണ്. 2010 വർഷത്തിൽ ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ പദ്ധതിയുടെ ഇടതുകര-വലതുകര കനാലുകളുടെ 59 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നു. ബാണാസുര സാഗർ പദ്ധതി 2019-20 വർഷത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ കാർഷിക മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകും. മലമ്പുഴ, പോത്തുണ്ടി, മംഗലം, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ, വാളയാർ, ചുള്ളിയാർ, മീങ്കര എന്നീ പദ്ധതികൾ കൃഷിക്കുവേണ്ടി ജലസേചന വകുപ്പിനും കുടിവെള്ളത്തിനായി കേരള ജല അതോറിറ്റിക്കും ഉപകാരപ്രദമാണ്.

<u>പദ്ധതി വിഭാഗം 2 :</u>

ഈ ഓഫീസിന് കീഴിൽ കാർഷിക പുരോഗതിക്കായി രൂപം നൽകിയിട്ടുള്ള പദ്ധതികൾ നെയ്യാർ, കല്ലട, പമ്പ, ചാലക്കുടി, പെരിയാർവാലി, ഇടമലയാർ, ചീരക്കുഴി, വടക്കാഞ്ചേരി, ചിമ്മിനി, മൂവാറ്റുപുഴവാലി എന്നീ ജലസേചന പദ്ധതികളാണ്. ഇവയിൽ നെയ്യാർ, കല്ലട, പമ്പ, ചാലക്കുടി, പെരിയാർവാലി, ചീരക്കുഴി, വടക്കാഞ്ചേരി, ചിമ്മിനി എന്നിവയാണ് പൂർത്തീകരിച്ച പദ്ധതികൾ. ഇടമലയാർ, മൂവാറ്റുപുഴവാലി എന്നീ ജലസേചന പദ്ധതികളാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) <u>പദ്ധതി വിഭാഗം 2 :</u>

ഈ ഓഫീസിനു കീഴിൽ വരുന്ന തൃശ്ശൂർ ജില്ലയിലെ ചിമ്മിനി ഡാമിന്റെ നാല് മുതൽ ഒമ്പത് വരെ ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അനധികൃതമായി സിമന്റിന്റെ അളവ് കുറച്ച് ഉപയോഗിച്ച് നിർമ്മിതിയുടെ ഗുണനിലവാരം കുറഞ്ഞുപോയതായും ആയത് പ്രകാരം 2,949 ബാഗ് സിമന്റ് കുറവ് ഉപയോഗിച്ചതുമൂലം ഗവൺമെന്റിനുണ്ടായ നഷ്ടം 1,26,600 രൂപ നഷ്ടവും അതിന്റെ പലിശയും ചേർത്ത് 7,64,664 രൂപ സഞ്ചിത നഷ്ടമായി കണക്കാക്കി കോൺട്രാക്ടർ ശ്രീ. ഇ. വി. ഏലിയാസിൽനിന്നും 3,52,332 രൂപയും ശേഷം പലിശയും ഈടാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽനിന്നും 30-4-2015-ന് നോട്ടീസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുകയുണ്ടായി. ടി നോട്ടീസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ മകൻ ജിനു ഏലിയാസ് WP (C) 4669/46 നമ്പരായി ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ ഈ ഓഫീസിന് കീഴിൽ വരുന്ന കല്ലട ജലസേചന പദ്ധതിയിൽ 51, 52 എൽ.സി.ബി. (ലോക്കൽ കോമ്പറ്റേറ്റീവ് ബിഡ്ഡിംഗ്) വ്യവസ്ഥകൾ പ്രകാരം സർക്കാരും കരാറുകാരും തമ്മിലുള്ള പ്രവൃത്തി സംബന്ധമായ തർക്കങ്ങൾ ആർബിട്രേഷനുവിടുന്നതിനു വ്യവസ്ഥയുണ്ടായിരുന്നു. സയമബന്ധിതമായി പൂർത്തിയാക്കാത്ത പല പ്രവൃത്തികളും റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തതിനെ തുടർന്ന് ആർബിട്രേഷൻ നടക്കുകയും തുടർന്ന് വിവിധ കോടതികളിൽ അവാർഡിനെതിരെ കേസുകൾ ഫയൽ ചെയ്യപ്പെടുകയും അവയിൽ പലതിലും കരാറുകാർക്ക് അനുകൂലമായി വിധിന്യായം ഉണ്ടാവുകയും ചെയ്തു. കേരള റിവോക്കേഷൻ ഓഫ് ആർബിട്രേഷൻ ക്ലോസ്സസ് ആന്റ് റീ ഓപ്പണിംഗ് ഓഫ് അവാർഡ്സ് ആക്ട്-98 ന്റെ ആമുഖത്തിൽ നിരവധി ആർബിട്രേറ്റർമാർ കരാർ വ്യവസ്ഥകൾ ശരിക്കും കണക്കിലെടുക്കാതെ തെറ്റായും സ്വേച്ഛാപരമായും കരാറുകാർക്ക് അർഹതയില്ലാതെ തുക അനുവദിച്ചിട്ടുണ്ടെന്നും അത് സംസ്ഥാനത്തിന് നഷ്ടം വരുത്തിയിട്ടുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ട്. ചില പ്രവൃത്തികളുടെ നടത്തിപ്പിൽ അഴിമതി നടന്നതിനാൽ വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് കോടതി ചില ഉദ്യോഗസ്ഥരെയും കരാറുകാരെയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) <u>പദ്ധതി വിഭാഗം 1:</u>

കാരാപ്പുഴ പദ്ധതി പൂർത്തീകരിക്കാൻ 243.54 കോടി രൂപയും ബാണാസുരസാഗർ പദ്ധതി പൂർത്തീകരിക്കാൻ 210 കോടി രൂപയും ആവശ്യമാണ്. കാരാപ്പുഴ പദ്ധതി പൂർത്തിയായാൽ 5,221 ഹെക്ടർ സ്ഥലത്തും ബാണാസുരസാഗർ പദ്ധതി പൂർത്തിയായാൽ 2,800 ഹെക്ടർ സ്ഥലത്തും ജലസേചനം സാധ്യമാകും.

<u>പദ്ധതി വിഭാഗം 2 :</u>

പൂർത്തീകരിക്കാനുള്ള പദ്ധതികളിൽ മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് 75.8 കോടി രൂപ ആവശ്യമാണ്. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ 35,619 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ജലസേചന സൗകര്യം ലഭ്യമാണ്. കൂടാതെ 10.5 MW വൈദ്യുതി ഉൽപ്പാദനം ലഭ്യമാണ്. വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുഴയിലേയ്ക്ക് ഒഴുകുന്ന വെള്ളം ടി ജില്ലകളിലെ കടിവെള്ള സ്രോതസ്സുകൾക്ക്

ആവശ്യമായ ജലം നൽകുന്നു. കൂടാതെ 700 ക്യൂസെക്സ് വെള്ളം വെള്ളൂർ ന്യൂസ് ഫാക്ടറിക്ക് നൽകുന്നു. ഇടമലയാർ ജലസേചന പദ്ധതിയുടെ പ്രാരംഭ ലക്ഷ്യപ്രകാരം പദ്ധതി പൂർത്തീകരിക്കണമെങ്കിൽ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 164 കോടി രൂപ ചെലവുവരും. ഇതുവഴി 14,394 ഹെക്ടർ സ്ഥലത്തെ കാർഷിക ആവശ്യങ്ങൾക്ക് ജലവിതരണം നടത്തുവാനും ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനും സാധിക്കും.

പ്രസ്തുത പദ്ധതികളുടെ ഭാവി തീരുമാനിക്കുന്നതിനായി 12-4-2017-ൽ ആസൂത്രണ ബോർഡിൽ യോഗം ചേർന്നിരുന്നു. തിരുവനന്തപുരം ആസൂത്രണ ബോർഡ് ഓഫീസിൽ നടന്ന പ്രസ്തുത യോഗത്തിൽ ആസൂത്രണ ബോർഡ് അംഗങ്ങൾ, ജലവിഭവ വകുപ്പുമന്ത്രി, ധനകാര്യ മന്ത്രി, ജലവിഭവ വകുപ്പ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവർ മേൽ പ്രസ്താവിച്ച പദ്ധതികളെപ്പറ്റി വിശദമായി പഠിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുവാൻ നിശ്ചയിക്കുകയുണ്ടായി. പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് സമിതി പ്രധാനമായും പഠനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

268(3877) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കുമോ?

ഉത്തരം

2016-17 വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതിയൊന്നും നൽകിയിട്ടില്ല. മൈനർ ഇറിഗേഷൻ വഴി ചുവടെ ചേർത്തിരിക്കുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് :

1. പനവൂർ പഞ്ചായത്തിൽ വഞ്ചുവം പാലത്തിന്റെ നിർമ്മാണം (എം.എൽ.എ. ഫണ്ട്)- 33.00 ലക്ഷം- 75 ശതമാനം പൂർത്തീകരിച്ചു.

2. ജലസേചന സൗകര്യത്തിനായി പെരിങ്ങമല പഞ്ചായത്തിൽ നരിക്കൽ തെന്നൂർ വയലിക്കട ഏലാത്തോടിന്റെ ബണ്ട് സംരക്ഷണം-22.50 ലക്ഷം-പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**സംഭരണശേഷി വർദ്ധിപ്പിച്ച ഡാമുകൾ**

269(3878) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലയളവിൽ മണ്ണും ചെളിയും നീക്കി ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ച ഡാമുകളുടെയും പൂർത്തീകരിക്കുവാനുള്ള ഡാമുകളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) അടുത്ത 4 വർഷം ഏതൊക്കെ ഡാമുകളാണ് ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം ഓരോ ഡാമിലും എത്ര ടി എം സി ജലം അധികമായി ശേഖരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിലെ മണലും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ് (SOP) തയ്യാറാക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കൺവീനറായി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം SOP തയ്യാറാക്കി വരുന്നു. ആഴം കൂട്ടുന്ന പ്രവൃത്തി ഒരു ഡാമിലും നടത്തിയിട്ടില്ല.

(ബി) ഇപ്പോൾ തയ്യാറാക്കിവരുന്ന എസ്.ഒ.പി. പ്രകാരം ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള പൈലറ്റ് പദ്ധതികളായി തെരഞ്ഞെടുത്തിരിക്കുന്നത് ജലസേചന വകുപ്പിനു കീഴിലുള്ള മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെയാണ്. ഇവ പ്രാവർത്തികമാക്കി കഴിഞ്ഞാൽ ഇതിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ/ അനുഭവങ്ങൾ എന്നിവ അനുസരിച്ച് മറ്റു ഡാമുകളുടെ ആഴം കൂട്ടുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള അരുവിക്കര ഡാമിന്റെ ആഴം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കുവാനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) ഓരോ ഡാമിലും മണൽ നീക്കുന്നതിനനുസരിച്ചുള്ള ജലം അധികമായി ശേഖരിക്കാൻ കഴിയുന്നതാണ്. ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തിയായാൽ അരുവിക്കര ഡാമിൽ ഒരു മില്യൻ ക്യൂബിക് മീറ്റർ ജലം അധികമായി ശേഖരിക്കാൻ കഴിയുമെന്ന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡെൽ) ന്റെ പഠന റിപ്പോർട്ടിൽ പറയുന്നു.

## നദികളിൽ റെഗുലേറ്ററുകൾ സ്ഥാപിക്കുന്ന നടപടി

270(3879) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറക്കുന്നതിനായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ ഉൾപ്പെടെ ഇരുപതോളം നദികളിൽ മുപ്പതോളം റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽനിന്ന് 600 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചശേഷം ഇതു സംബന്ധിച്ച് ഏതൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഷിറിയ പുഴയിൽ റെഗുലേറ്റർ നിർമ്മിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഓരുവെള്ളക്കയറ്റം നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രവൃത്തികളുടെ ലൊക്കേഷൻ തീരുമാനിക്കുന്നതിനും ഡിസൈൻ ചെയ്യുന്നതിനാവശ്യമായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെ ബംബ്രാണ റഗുലേറ്ററിന്റെ പുനർനിർമ്മാണം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

271(3880) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പും ജല അതോറിട്ടിയും വിവിധ പദ്ധതികൾമൂലവും കിഫ്ബി വഴിയും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) <u>ജലസേചന വകുപ്പ്:</u>

ചിറ്റൂർ നിയോജകമണ്ഡലത്തിലെ 3 ഏരിയകളുടെ (കമ്പലത്തറ ഏരി, വെങ്കലക്കായം ഏരി, കുന്നംപിടാരി ഏരി) സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി, പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്, ചിറ്റൂർ ബ്ലോക്കുകളിലെ മഴനിഴൽ മേഖലയിലുള്ള കുളങ്ങളുടെ നവീകരണം, ചെക്ക്ഡാമുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പി.എം.കെ.എസ്.വൈ. ജില്ലാ ഇറിഗേഷൻ പ്ലാനിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ 11 വി.സി.ബി./ റെഗുലേറ്ററുകളുടെ നിർമ്മാണം, 4 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, കുളങ്ങളുടെ നവീകരണം തുടങ്ങിയ ജലസേചന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. ചിറ്റൂർ പുഴയ്ക്ക് കുറുകെ വടകരപ്പള്ളിക്കും വളവ് പാലത്തിനും ഇടയിൽ രണ്ട് റെഗുലേറ്ററുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പരിവേഷണ പ്രവൃത്തികൾ നടത്തിവരുന്നു.

<u>കേരള ജല അതോറിറ്റി:</u>

അറ്റകുറ്റപ്പണികൾ കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി മുഖാന്തിരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജകമണ്ഡലത്തിൽ കൊഴിഞ്ഞാംപാറയ്ക്കും സമീപ വില്ലേജുകൾക്കുമായിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ 200 mm എ.സി. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന് മൂങ്കിൽമട ജലസംഭരണി മുതൽ സത്രം സംപ് വരെ മാറ്റി സ്ഥാപിക്കാൻ 5.43 കോടി രൂപയുടെ പ്രൊപ്പോസൽ നിലവിലുണ്ട്.

NRDWP 2016-ൽ ഉൾപ്പെടുത്തി എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടത്തിന് 34.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്ക് മൊത്തം തുകയുടെ 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്.

1. ജലഗ്രാമം-കൊഴിഞ്ഞാമ്പാറ-വടകരപതി-എരുത്തേമ്പതി-സമ്പൂർണ്ണ കുടിവെള്ള പദ്ധതി രണ്ടാംഘട്ടം-മൊത്തം തുക-29 കോടി രൂപ.

വകയിരുത്തിയത്- 5.80 കോടി രൂപ.

2. എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി- രണ്ടാംഘട്ടം മൊത്തം തുക- 25 കോടി രൂപ.

വകയിരുത്തിയത്- 5.00 കോടി രൂപ.

കൂടാതെ 2017-18 വാർഷിക പദ്ധതി - ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയും (15 കോടി രൂപ) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പ്രോജക്ട്സ് 1 :

ഈ കാര്യാലയത്തിന് കീഴിലെ ചിറ്റൂർ ഡിവിഷനിൽ മൂലത്തറ വലതുകര പ്രധാന കനാൽ, കോരയാർ മുതൽ വരട്ടയാർ വരെ നീട്ടുന്നതിനുള്ള പ്രവൃത്തി കിഫ്ബി വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പഴയ നിരക്കിലുള്ള ഡി.പി.ആർ. പ്രകാരം 49.50 കോടി രൂപയാണ് പദ്ധതി അടങ്കൽ തുക. പുതിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഭൂജല വകുപ്പ് :

ജലക്രാന്തി പദ്ധതിയിലുൾപ്പെടുത്തി 2017 മുതൽ 2021 വരെ 180 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് ചിറ്റൂർ നിയോജകമണ്ഡലത്തിലെ ജലഗ്രാമങ്ങളായ എരുത്തേമ്പതി, വടകരപ്പതി എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജല പരിപോഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ മണ്ഡലത്തിൽ 10 സ്ഥലങ്ങളിൽ തുറന്ന കിണർ റീചാർജിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതി**

272(3881) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14-1-2016-ൽ അരുവിക്കരയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ പുരോഗതി ഏതുവരെയായി; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കുപ്പിവെള്ളം എന്ന് മുതൽ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലാന്റ് കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും പണികൾ 90 ശതമാനം പൂർത്തിയായിട്ടുണ്ട്. തറയിടൽ, പെയിന്റിംഗ്, ജനൽ വാതിലുകൾ

ഉറപ്പിക്കൽ, പ്ലാന്റിനുള്ളിലെ റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു. ഇലക്ട്രിക്കൽ പണികളുടെ 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാന്റിൽ സ്ഥാപിക്കാനുള്ള യന്ത്ര സാമഗ്രികളുടെ രൂപകൽപ്പനയും അവ പ്ലാന്റിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനും ഏകദേശം മൂന്നുമാസം സമയ ദൈർഘ്യം ബന്ധപ്പെട്ട കരാർ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കാലവിളംബം കൂടാതെ വിവിധ സ്ഥാപനങ്ങളിൽനിന്ന് സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ യഥാസമയം ലഭ്യമായാൽ ജൂലൈ അവസാന വാരത്തോടുകൂടി പ്ലാന്റ് പ്രവർത്തിപ്പിച്ച് കുപ്പിവെള്ളം വിപണിയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോടശ്ശേരി പഞ്ചായത്തിലെ പീലാർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

273(3882) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരണത്തോടടുത്ത സാഹചര്യത്തിലും ഡിസ്ട്രിബ്യൂഷൻ സംവിധാനം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഇനിയും സ്വീകരിക്കാത്തതുമൂലം കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി, അടിയന്തരമായി ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിശദമായ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ കെ.എസ്.ഇ.ബി. കണക്ഷനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട് പാക്കേജുകളുമായി ബന്ധപ്പെട്ട പദ്ധതികൾ

274(3883) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുകളുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് ആകെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പദ്ധതിക്കും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് നൽകിയ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി നൽകിയ ഉത്തരവ് നമ്പർ | തുക (കോടിയിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | കെ.ഇ.എൽ.- 1 | സ.ഉ. (ആർ.റ്റി.) നമ്പർ 117/ഡബ്ല്യൂ.ആർ.ഡി./10 തീയതി 25-1-2010 | 24.76 |
| 2 | കെ.ഇ.എൽ.- 2 | സ.ഉ. (ആർ.റ്റി.) നമ്പർ 1226/2009/ഡബ്ല്യൂ.ആർ.ഡി. തീയതി 2-11-2009 | 118.98 |
| | | സ.ഉ. (ആർ.റ്റി.) നമ്പർ 276/2010/ഡബ്ല്യൂ.ആർ.ഡി. തീയതി 9-3-2010 | |
| 3 | കെ.ഇ.എൽ.- 3 | സ.ഉ. (ആർ.റ്റി.) നമ്പർ 1205/2010/ഡബ്ല്യൂ.ആർ.ഡി. തീയതി 13-10-2010 | 379.15 |
| 4 | കെ.ഇ.എൽ.- 4 | സ.ഉ. (ആർ.റ്റി.) നമ്പർ 633/2012/ഡബ്ല്യൂ.ആർ.ഡി. തീയതി 30-5-2012 | 248.39 |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ | സ.ഉ. (ആർ.റ്റി.) നമ്പർ 1072/2013/ഡബ്ല്യൂ.ആർ.ഡി. തീയതി 3-10-2013 | 758.39 |
| 6 | തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ | സ.ഉ. (ആർ.റ്റി.) നമ്പർ 1141/2013/ഡബ്ല്യൂ.ആർ.ഡി. തീയതി 22-10-2013 | 255.335 |
| 7 | തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ | സ.ഉ. (ആർ.റ്റി.) നമ്പർ 1141/2013/ഡബ്ല്യൂ.ആർ.ഡി. തീയതി 22-10-2013 | 13.49 |

(ബി) ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>കെ.ഇ.എൽ. 1: നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>

ആലപ്പുഴ ജില്ലയിലെ നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളായ മോട്ടോർഷെഡ്, മോട്ടോർതറ, പൊതുമട എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിരിക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 24.76 കോടി രൂപയാണ്. ഈ പദ്ധതി 31-3-2016-ൽ പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ 37 മോട്ടോർത്തറ/ഷെഡ്ഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. കൂടാതെ 8 പൊതുമടകളും 3 ബോക്സ് കൾവെർട്ടുകളും 8 പൈപ്പ് കൾവെർട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. 18.1 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. കരാറുകാർക്കുള്ള തുക മുഴുവൻ നൽകിയിട്ടില്ല.

2. <u>കെ.ഇ.എൽ. 2: കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായുള്ള ഈ പദ്ധതിയുടെ അടങ്കൽ തുക 118.98 കോടി രൂപയാണ്. ഈ പദ്ധതി 3 പ്രവൃത്തികളിലായി അറേഞ്ച് ചെയ്ത് 30-9-2016-ൽ പൂർത്തീകരിച്ചു. ഇതിൽ E, H, I, D വടക്ക്, D തെക്ക്, റാണി, ചിത്തിര, C, D എന്നീ 9 പാടശേഖരങ്ങളാണുള്ളത്. 3266 ഹെക്ടർ വിസ്തീർണ്ണമുള്ള 9 പാടശേഖരങ്ങൾക്കും കൂടി 65.25 കി.മീ. നീളം വരുന്ന പുറം ബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ 94 മോട്ടോർത്തറ/ഷെഡ്ഡുകളുടെ നിർമ്മാണം/പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 14 പൊതുമടകളും പൂർത്തീകരിച്ചിട്ടുണ്ട്. 124.245 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. കരാറുകാർക്കുള്ള മുഴുവൻ തുകയും നൽകിയിട്ടില്ല.

3. കെ.ഇ.എൽ.3: ഫേസ്- 1: കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

കോട്ടയം, ആലപ്പുഴ ജില്ലകളിലെ 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.15 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18-8-2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അതിൽ 106.13 കോടി രൂപയ്ക്ക് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ തുകയ്ക്കുള്ള 94 പാടശേഖരങ്ങളുടെ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തു. ഈ സ്കീമിൽ ഇതുവരെ 44 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിച്ചു. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഏകദേശം 127.8 കി.മീ. ബണ്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 61 മോട്ടോർത്തറ/ഷെഡ്ഡുകളുടെ നിർമ്മാണം/പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 68 പൊതുമടകളും 14 ബോക്സ് കൾവേർട്ടുകളും 22 പൈപ്പ് കൾവേർട്ടുകളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 77.933 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

4. കെ.ഇ.എൽ.4: ഓണാട്ടുകര പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 15-12-2011-ൽ കൂടിയ കേന്ദ്ര എംപവേർഡ് കമ്മിറ്റി അതിൽ 30 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 12 നിർത്തടങ്ങളിലായി 44 പ്രവൃത്തികൾ ആണ് ഉള്ളത്. ഇവയിൽ 5 നിർത്തടങ്ങളിലായി കിടക്കുന്ന 21 പ്രവൃത്തികൾ അറേഞ്ച് ചെയ്തു. 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 12 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഏകദേശം 33.2 കി.മീ. ബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 17

ഫൂട്ട് ബ്രിഡ്ജ്, 9 സ്ലാബ്/പൈപ്പ് കൾവർട്ട്, 27 റാംപ് വിത്ത് കടവ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. 36.53 കോടി രൂപയാണ് ഇതുവരെയുള്ള ചെലവ്.

5. കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് 758.39 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തു. 397 പാടശേഖരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്.

20-12-2013-ലും 7-10-2014-ലും കൂടിയ പ്രോസ്പരിറ്റി കൗൺസിൽ യോഗത്തിൽ വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങൾകൂടി കുട്ടനാട് താലൂക്കിൽ ഉൾപ്പെടുത്തണമെന്നുണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 2014-ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും സമർപ്പിച്ച 1212.45 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു. ടെണ്ടറിന് പ്രതികരണം ലഭിച്ച 83 പ്രവൃത്തികളിൽ എഗ്രിമെന്റ് ഒപ്പിട്ട 155.72 കോടി രൂപയുടെ 57 പണികൾ ആരംഭിക്കുകയും അതിൽ 40 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. മേൽ പാടശേഖരങ്ങളിലെ 128.26 കി.മീ. ബണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. 90.467 കോടി രൂപയാണ് ഇതുവരെയുള്ള ചെലവ്.

6. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ

255.335 കോടി രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. ഇനി ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ലഭിച്ചാൽ മാത്രമേ കേന്ദ്രസഹായം ലഭ്യമാവുകയുള്ളൂ.

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഒന്നും രണ്ടും ഘട്ടങ്ങളിലെ പഴയ 62 ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ ഘടിപ്പിച്ചു. 20 അടി ലോക്കിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ചു. ഷട്ടറുകളുടെ നിയന്ത്രണത്തിനുള്ള ലിഫ്റ്റിംഗ് മെക്കാനിസം സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുന്നു. 30 അടി ലോക്കിന്റെ പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു. 40 അടി ലോക്കിന്റെ കരാർ ഉടമ്പടിക്കുള്ള നടപടി പുരോഗമിക്കുന്നു. തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തികളിൽ പാലം പണി പൂർത്തീകരിച്ചു. 14 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകളും അനുബന്ധ ലിഫ്റ്റിംഗ് മെക്കാനിസവും സ്ഥാപിച്ചു. ബാക്കി 14 ഷട്ടറുകളും 2 ലോക്ക് ഷട്ടറുകളും സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള മൺചിറ പൊളിക്കുന്ന ജോലിയും ലിങ്ക് ഐലന്റുകളുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. ഇതുവരെ 153.869 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

7. തോട്ടപ്പള്ളി സ്പിൽ വേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യശേഷി വർദ്ധിപ്പിക്കൽ.

പ്രസ്തുത പ്രവൃത്തിക്ക് 13.49 കോടിയുടെ ഭരണാനുമതി ലഭിച്ചു. തോട്ടപ്പള്ളി സ്പിൽ വേയുമായി ബന്ധപ്പെട്ട പ്രവൃത്തികളും സമീപ പ്രദേശത്തെ 2 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും ഉൾപ്പെടുത്തി 47 കോടിയുടെ പുതുക്കിയ ഡി.പി.ആർ. സർക്കാർ പരിശോധിച്ചു വരുന്നു.

തോട്ടപ്പള്ളി സ്പിൽ വേയുടെ നിലവിലുള്ള പഴയ 40 ഷട്ടറുകൾ മാറ്റി പുതിയ 40 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ ഘടിപ്പിക്കുന്ന പണികൾ പൂർത്തീകരിച്ചു. കായൽ സൈഡിലെ ലീഡിംഗ് ചാനലിലെ ഡ്രെഡ്ജിംഗ് Mechanical Wing വകുപ്പുതലത്തിൽ ചെയ്യുന്നു. ഈ പദ്ധതിക്ക് ഇതുവരെ 8.249 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ നവീകരണവും അറ്റകുറ്റപ്പണികളും**

275(3884) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മിക്ക മണ്ഡലങ്ങളിലൂടെയും കടന്നുപോവുന്ന കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര തുക അനുവദിച്ചുവെന്നും അനുവദിച്ച തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കനാൽ നവീകരണത്തിനായി അനുവദിച്ച തുകയും നടന്ന് വരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം കടുത്ത വരൾച്ച അനുഭവപ്പെടുന്ന സാഹചര്യത്തിൽ കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ബലപ്പെടുത്തലിനും അറ്റകുറ്റപ്പണികൾക്കുമായി കൂടുതൽ തുക അനുവദിക്കുന്നതിനും പ്രവൃത്തികൾ നടപ്പിലാക്കാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈയിടെ ഇരിങ്ങൽ ബ്രാഞ്ച് കനാലിന്റെ കൊല്ലം ഭാഗത്ത് കനാൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊട്ടിത്തകർന്ന കനാൽ അടിയന്തരമായി പുനർ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ നവീകരണവും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2012- 13 | 240 ലക്ഷം |
| 2013-14 | 240 ലക്ഷം |
| 2014-15 | 240 ലക്ഷം |
| 2015-16 | 240 ലക്ഷം |
| 2016-17 | 200 ലക്ഷം |

കനാൽ ചോർച്ച പരിഹരിക്കാനാവശ്യമായ കനാൽ ലൈനിംഗ് പ്രവൃത്തികൾ, കനാൽ അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ, മണ്ണും ചെളിയും നീക്കം ചെയ്യൽ, കാട് വെട്ടിമാറ്റൽ, കുറ്റ്യാടി ജലസേചന പദ്ധതിയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് അനുവദിച്ച തുക ഉപയോഗിച്ച് നടത്തിയിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കനാൽ നവീകരണത്തിനായി അനുവദിച്ച തുക താഴെപ്പറയുന്നു:

2016-17- 200 ലക്ഷം

2017-18- 200 ലക്ഷം

കനാൽ ചോർച്ച പരിഹരിക്കാനാവശ്യമായ കനാൽ ലൈനിംഗ് പ്രവൃത്തികൾ കനാൽ അറ്റകുറ്റപ്പണികൾ, മണ്ണും ചെളിയും നീക്കം ചെയ്യൽ, കാട് വെട്ടിമാറ്റൽ മുതലായ പ്രവൃത്തികൾ നടന്നുവരുന്നു. അഴിയൂർ ബ്രാഞ്ച് കനാലിലെ വള്ളിക്കാട് അക്വഡക്ട് പുനർനിർമ്മിക്കുന്നതിന് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കൂടുതൽ തുക അനുവദിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകർന്ന കനാൽ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ആസ്തിവികസന ഫണ്ടുപയോഗിച്ച് കുഴൽക്കിണർ നിർമ്മാണം

276(3885) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് (2016-17)-ൽ നിന്നുള്ള തുക ചെലവഴിച്ച് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും തൊടിയൂർ ഗ്രാമപഞ്ചായത്തിലും കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശത്തിനുമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ;

(ബി) കുഴൽക്കിണർ സ്ഥാപിക്കുന്നതിന് അടിയന്തരമായി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) കുഴൽക്കിണർ നിർമ്മാണ പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

## നഗരങ്ങളിൽ കുടിവെള്ള വിതരണത്തിന് ഏക സ്രോതസ്സിനെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം

277(3886) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരവാസികളുടെ കുടിവെള്ള സ്രോതസ്സ് വറ്റിവരണ്ട സാഹചര്യത്തിൽ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് എന്തു സ്ഥിരം ബദൽ മാർഗ്ഗമാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് ;

(ബി) നെയ്യാർ ഡാമിൽനിന്ന് ജലമെത്തിക്കാൻ സ്വീകരിച്ച നടപടിയോടൊപ്പം കുടിവെള്ളം പൈപ്പ് പൊട്ടി പാഴാകുന്നതും, ഉപഭോക്താക്കൾ ദുരുപയോഗം ചെയ്യുന്നതും തടയാൻ ജാഗ്രതാ നിർദ്ദേശം നൽകുമോ;

(സി) ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ കുടിവെള്ള വിതരണത്തിനായി ഏകസ്രോതസ്സിനെ ആശ്രയിക്കുന്ന രീതിക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) തലസ്ഥാനവാസികളുടെ കുടിവെള്ള സ്രോതസ്സായ പേപ്പാറ ഡാമും അരുവിക്കര ഡാമും വറ്റി വരണ്ട സാഹചര്യത്തിൽ ഇത് തരണം ചെയ്യുന്നതിനായി നെയ്യാറിൽനിന്നും 118 ദശലക്ഷം ലിറ്റർ ജലം ദിവസേന അരുവിക്കരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ വരും വർഷങ്ങളിൽ തിരുവനന്തപുരം ജലവിതരണ പദ്ധതിയുടെ ജലസ്രോതസ്സായ പേപ്പാറയിലെ സംഭരണ ശേഷി മതിയാകാത്തതിനാൽ നെയ്യാർ ഡാമിൽനിന്നും 120 എം.എൽ.ഡി. വെള്ളം തിരുവനന്തപുരം നഗരത്തിനും 4 പഞ്ചായത്തുകൾക്കും നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ ശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിനായി 60 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിനോടനുബന്ധമായിട്ടുള്ള മറ്റ് ഘടകങ്ങൾക്ക് 2017-18-ലെ കിഫ്ബി പദ്ധതിയിൽ 150 കോടി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ നഗരത്തിൽ ഒരു ബദൽ പദ്ധതിയും ഒരു ബദൽ സ്രോതസ്സും ലഭിക്കുന്നതാണ്.

(ബി) പൈപ്പ് പൊട്ടൽ സംബന്ധിച്ച പരാതികൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസംമൂലം അറ്റകുറ്റപ്പണികൾക്ക് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കാറുണ്ട്. ജലദുരുപയോഗം കണ്ടെത്താനും തടയാനുമായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചരണം നടത്താറുണ്ട്.

(സി) തിരുവനന്തപുരം നഗരത്തിന് വേണ്ടി കരമന നദിക്ക് പുറമേ നെയ്യാർ സ്രോതസ്സാക്കി 120 എം.എൽ.ഡി. ശുദ്ധീകരണ ശാലയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തിയായാൽ കുടിവെള്ള വിതരണത്തിനായി ഏക സ്രോതസ്സിനെ ആശ്രയിക്കുന്ന രീതിക്ക് മാറ്റംവരുന്നതാണ്. കൂടാതെ എറണാകുളത്തു നിലവിലുള്ള ശുദ്ധജല വിതരണം നടത്തുന്നതിന് പ്രധാനമായും പെരിയാറിനെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ JNNRUM പദ്ധതി കമ്മീഷൻ ചെയ്തതോടെ എറണാകുളം നഗരത്തിലും സമീപ പഞ്ചായത്തുകളായ കുമ്പളം, മരട്, ചെല്ലാനം, കുമ്പളങ്ങി എന്നിവിടങ്ങളിലേയ്ക്ക് ശുദ്ധജല വിതരണത്തിനായി മൂവാറ്റുപുഴ സ്രോതസ്സുകൂടി ഉപയുക്തമായിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽ ചാലിയാറിനു പുറമെ പെരുവണ്ണാമൂഴി സ്രോതസ്സായി JICA പദ്ധതി നടപ്പാക്കികഴിഞ്ഞു. കൊല്ലം നഗരത്തിനും തൃശ്ശൂർ നഗരത്തിനും കുടിവെള്ള വിതരണത്തിനായി ബദൽ പദ്ധതികൾ ഏറ്റെടുത്തു കഴിഞ്ഞു.

**പോത്തുണ്ടി ജലസംഭരണിയെ ഉപയോഗപ്പെടുത്തി ജലവിതരണ പദ്ധതി**

278(3887) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി ജലസംഭരണിയെ ഉപയോഗപ്പെടുത്തി ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളിലേക്ക് സമഗ്ര ജലവിതരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കാലം കൊണ്ടാണ് പദ്ധതി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. പോത്തുണ്ടി ജലസംഭരണിയെ ഉപയോഗപ്പെടുത്തി ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളിലേയ്ക്ക് സമഗ്ര ജലവിതരണ പദ്ധതിക്ക് ഒന്നാം ഘട്ടമായി 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം ഏകദേശം 3 വർഷംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോണോത്തുപുഴ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് നടപടി**

279(3888) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കോണോത്തുപുഴ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കോണോത്തുപുഴ മാലിന്യമുക്തമാക്കി സ്ഥിരമായി സംരക്ഷിക്കുന്നതിന് പൊതുജനപങ്കാളിത്തത്തോടു കൂടി ഒരു പദ്ധതി നടപ്പിലാക്കുമോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കോണോത്തുപുഴയുടെ മാലിന്യ മുക്തം അടക്കമുള്ള നവീകരണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കാവുന്നതാണ്. കോണോത്തുപുഴയിലെ വിവിധ ഭാഗങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് 5 ലക്ഷം രൂപ ചെലവഴിച്ച് തൃപ്പൂണിത്തുറ നഗരസഭ നെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

**പനത്തുറയിൽ കടൽഭിത്തി ബലപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ**

280(3889) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പനത്തുറയിൽ 2011-2016 കാലയളവിൽ സി.ഇ.എസ്.സി.പി.-5930 പനത്തുറ-വേലിത്തറ 50 മീറ്റർ ദൂരം കടലാക്രമണത്താൽ പൊളിഞ്ഞുപോയ കടൽഭിത്തി ബലപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പനത്തുറയിൽ രണ്ട് പുലിമുട്ടുകൾക്കുമദ്ധ്യേ എത്ര ദൂരം കടൽഭിത്തി ബലപ്പെടുത്തിയിട്ടുണ്ട്; അടങ്കൽ തുക എത്രയായിരുന്നു;

(സി) പനത്തുറ വേബ്രിഡ്ജ് നിർമ്മിക്കുവാൻ ക്ഷേത്രംവക വസ്തുവിൽനിന്നും എത്ര സെന്റ് ഭൂമി വിലകൊടുത്ത് വാങ്ങിയിട്ടുണ്ട്; സെന്റ് ഒന്നിന് എത്ര തുകയെന്ന് വിശദമാക്കുമോ;

(ഡി) പനത്തുറ ക്ഷേത്രത്തിന് സമീപം എത്രദൂരം കടൽഭിത്തി ബലപ്പെടുത്തിയെന്നും അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ പനത്തുറയിൽ 2015-ൽ മദ്രാസ് ഐ.ഐ.ടി.യുടെ രൂപകൽപ്പന അനുസരിച്ച് കടലാക്രമണത്താൽ പൊളിഞ്ഞു പോയ 50 മീറ്റർ ദൂരം കടൽഭിത്തി, 30 ലക്ഷം രൂപ ചെലവഴിച്ച് ബലപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പനത്തുറയിൽ 2011-ൽ ഒന്നാമത്തെ പുലിമുട്ടിന്റെ തെക്കുഭാഗത്തായി 25 ലക്ഷം രൂപ ചെലവഴിച്ച് 75 മീറ്റർ നീളത്തിൽ കടൽഭിത്തി ബലപ്പെടുത്തിയിട്ടുണ്ട്.

(സി) കടൽഭിത്തിക്ക് ആവശ്യമായ വേബ്രിഡ്ജ് നിർമ്മിക്കുന്നതിലേയ്ക്ക് ക്ഷേത്രം വക സ്ഥലം സൗജന്യമായി നൽകിയിട്ടുള്ളതായാണ് ഉടമ്പടി കരാറിൽ കാണുന്നത്.

(ഡി) പനത്തുറ ക്ഷേത്രത്തിന് സമീപം 50 മീറ്റർ ദൂരം കടൽഭിത്തി ബലപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ തുക 30 ലക്ഷം രൂപയാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികൾ**

281(3890) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഷൊർണ്ണൂർ നഗരസഭാ പദ്ധതികളായ മേച്ചിലാത്ത്കുന്ന്, പന്തലാട്ടുപറമ്പ് പി.വി.ജെ.ബി കോളനി, പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ, എസ്.സി. കുടുംബങ്ങൾക്കുള്ളവ, പഴനിപറമ്പ്, മുല്ലയ്ക്കൽ കോളനി കുടിവെള്ള പദ്ധതി എന്നിവയുടെ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എപ്പോൾ പണികൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ ജില്ലാപഞ്ചായത്ത് ഡെപ്പോസിറ്റ് പദ്ധതികൾ ഏതെല്ലാം; എത്ര തുക അനുവദിച്ചു; പ്രവൃത്തികൾ ഏതുഘട്ടത്തിലാണ്; പണികൾ എപ്പോൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏതെല്ലാം; എത്ര തുക അനുവദിച്ചിട്ടുണ്ട്; പണികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എപ്പോൾ പൂർത്തീകരിക്കും എന്നും വ്യക്തമാക്കുമോ;

(ഇ) കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷന്റെ നവീകരണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് ജല അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1. മേച്ചിലാത്ത് കുന്ന് കുടിവെള്ള പദ്ധതി ആകെ അടങ്കൽ തുക 63 ലക്ഷം രൂപ. ഭാരതപ്പുഴയിലെ സംഭരണ കിണർ, പമ്പിംഗ് മെയിൻ, ഗ്യാലറി പമ്പ് ഹൗസ്, പമ്പ് സെറ്റ്, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയാക്കി നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ജലവിതരണം നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായ സംഭരണി നിർമ്മിക്കുന്നതിനാവശ്യമായ തുകയും സ്ഥലവും ആവശ്യമാണ്.

2. പന്തലാട്ടുപറമ്പ് കുടിവെള്ള പദ്ധതി- ഈ പദ്ധതിക്കായി 8 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കുളപ്പുള്ളി-ഒറ്റപ്പാലം റോഡിൽനിന്ന് പൈപ്പ് ലൈൻ, 5000 ലിറ്റർ സംഭരണി സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ്ഫോം എന്നിവ പൂർത്തിയായി. സംഭരണി സ്ഥാപിക്കലും ലിങ്ക് ചെയ്യുന്ന പ്രവൃത്തിയും പൂർത്തിയാക്കാനുണ്ട്. 31-5-2017-നകം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

3. പി.വി.ജെ.ബി. കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 15 ലക്ഷം രൂപ- പൂർത്തിയായി.

4. പഴനിപ്പറമ്പ് കുടിവെള്ള പദ്ധതി- 14 ലക്ഷം രൂപ- പദ്ധതിക്കായി ആദ്യം കുഴിച്ച കിണറിൽ ജലലഭ്യതയില്ലാത്തതിനാൽ നഗരസഭയുടെ 28-4-2017-ലെ കത്തനുസരിച്ച് വീണ്ടും കുഴൽ കിണർ കുഴിക്കുന്നതിന് ദർഘാസ് വിളിച്ചിട്ടുണ്ട്. കുഴൽ കിണർ 15-6-2017-ന് പൂർത്തിയാകും. ജലലഭ്യതയനുസരിച്ച് ബാക്കി പ്രവൃത്തികൾ ദർഘാസ് വിളിക്കുന്നതാണ്.

5. മുല്ലയ്ക്കൽ കോളനി കുടിവെള്ള പദ്ധതി-3.38 ലക്ഷം രൂപ-പണി പൂർത്തിയായി.

(സി) 1. പോണാട് കുടിവെള്ള പദ്ധതി-20 ലക്ഷം രൂപ-വാണിയംകുളം ജില്ലാ പഞ്ചായത്ത് ഈ പദ്ധതിക്ക് ഒന്നാം ഘട്ടമായി 2011-12-ൽ 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആയതുപയോഗിച്ച് കിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയാക്കി. രണ്ടാം ഘട്ടമായി 2015-16-ൽ 10 ലക്ഷം രൂപ കൂടി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പമ്പിംഗ് മെയിൻ 85 ശതമാനം പൂർത്തിയായി. 31-5-2017-നകം പണികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. വെള്ളിയാട് കുടിവെള്ള പദ്ധതി വിപുലീകരണം-10 ലക്ഷം രൂപ: 2016-17ൽ 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജൂലൈ 31-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ്-6.83 ലക്ഷം രൂപ-തൃക്കടീരി ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് ഉപയോഗിച്ച് വടക്കേക്കര-മലയറുകിൽ കോളനി കുടിവെള്ള പദ്ധതിക്കായി കുഴൽ കിണർ

ഇതിനകം പൂർത്തിയാക്കി. പമ്പ് ഹൗസ്, പൈപ്പ് ലൈൻ, സംഭരണി എന്നിവയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പമ്പുസെറ്റ് ദർഘാസ് വിളിച്ചിട്ടുണ്ട്. 15-6-2017-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പുകൾ 2013-14-ൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2009-10-ൽ അനുമതി ലഭിച്ച് മിർപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 4 മോട്ടോറുകൾ പ്രവർത്തനസജ്ജമാണ്. പ്രസ്തുത പദ്ധതിയുടെ മെയിൻ കനാലിന്റെ അവസാനഭാഗം 750 മീറ്റർ മണ്ണ് വീണ് നികന്നു പോയത് മാറ്റി വെള്ളം എത്തിക്കാനുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

**പൂരക്കടവിൽ ഏര്യംപുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ്**

282(3891) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏര്യംപുഴക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ് : 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ പൂരക്കടവിൽ ഏര്യംപുഴയ്ക്ക് കുറുകെ ട്രാക്ടർവേയോടു കൂടിയ വിയറിന്റെ നിർമ്മാണത്തിനുവേണ്ടി 380 ലക്ഷം രൂപയുടെ ശിപാർശ ചീഫ് എഞ്ചിനീയർ (ഐ.&എ.) നൽകിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. കൂടാതെ ആർ.ഐ.ഡി.എഫ്. 22-ന്റെ കാലാവധി മാർച്ച് 31, 2017-ന് അവസാനിക്കുകയും ചെയ്തു.

**ജലദൗർലഭ്യം പരിഹരിക്കാൻ നടപടി**

283(3892) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യം പരിഹരിക്കാൻ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജലവിനിയോഗം പരമാവധി കുറയ്ക്കുവാൻ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മഴയുടെ ലഭ്യതയിലുണ്ടായ കുറവ് കാരണം ജലദൗർലഭ്യം ഈ വർഷം കൂടുതലായി അനുഭവപ്പെട്ട സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ നദികളിലും മറ്റ് ജലസ്രോതസ്സുകളിലും ജലസേചനം, വൈദ്യുതി വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലും ലഭ്യമായ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. നെയ്യാർ ജലസംഭരണിയിൽ നിന്നുള്ള ജലം തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ലഭ്യമാക്കാൻ കഴിഞ്ഞത് വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം വഴിയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്നുണ്ട്.

ജലനിധി നടപ്പാക്കുന്ന പദ്ധതികളും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് യഥാസമയം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലനിധി, ജല അതോറിറ്റിയുമായി ചേർന്ന് നടപ്പാക്കുന്ന മൾട്ടി ജി.പി. പദ്ധതികൾ, ബൾക്ക് വാട്ടർ കുടിവെള്ള പദ്ധതികൾ എന്നിവയുടെ പൊതുവായ ഘടകങ്ങളുടെ പ്രവൃത്തികൾ ജല അതോറിറ്റിയും, വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജലനിധിയുമാണ് നടപ്പാക്കുന്നത്. അതുപോലെ വനം വകുപ്പ്, കെ.എസ്.ഇ.ബി., പൊതുമരാമത്ത് വകുപ്പുകളുമായി പ്രവർത്തനം ഏകോപിപ്പിച്ച് കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിനും കെ.എസ്.ഇ.ബി.യിൽനിന്നും സമയബന്ധിതമായി വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കി പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതിനുപരിയായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ജലവിനിയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ വകുപ്പുകൾവഴി നടത്തിവരുന്നു. ലോക ജലദിനത്തിന്റെ ഭാഗമായുള്ള പ്രചാരണ പരിപാടികളുടെ ഈ വർഷത്തെ ഊന്നൽ ജലവിനിയോഗം

കുറയ്ക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുക എന്നതായിരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജലവിനിയോഗത്തെക്കുറിച്ചുള്ള പരിപാടികൾ/ ക്ലാസ്സുകൾ അടുത്ത വർഷം വ്യാപകമായി നടത്തുന്നതിന് ജലസേചന വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുവാനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടന്നുവരുന്നു. കൂടാതെ ജല ദുരുപയോഗം കണ്ടെത്താനും തടയാനുമായി കേരള ജല അതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുമുണ്ട്.

ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധ ക്ലാസ്സുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് സംഘടിപ്പിച്ചുവരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നത്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി സ്കൂളുകളിൽ ഭൂജല സംരക്ഷണത്തെ കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു.

കൂടാതെ ജലനിധിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലത് ചുവടെകൊടുക്കുന്നു:

- എല്ലാ ജലനിധി പഞ്ചായത്തുകളിലും ലോക ജലദിനത്തിൽ ജലദിന പ്രതിജ്ഞ ചൊല്ലുകയും ജലവിനിയോഗം കുറയ്ക്കുന്നതിനെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു.
- ജലവിനിയോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ജലനിധി രണ്ടു പുസ്തകങ്ങൾ ഇറക്കിയിട്ടുണ്ട്. ഇത് എല്ലാ ജലനിധി പഞ്ചായത്തുകളിലും വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- ജലവിനിയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ബോധവൽക്കരണത്തി നായി ജലനിധിയുടെ നേതൃത്വത്തിൽ കിറ്റിഷോ സംഘടിപ്പിച്ചിട്ടുണ്ട്.

- ജലവിനിയോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകളിലൂടെ ജലനിധി എല്ലാ ആഴ്ചകളിലും പരിപാടികൾ അവതരിപ്പിച്ചു വരുന്നു.
- ജലനിധിയുടെ വാർത്താ പത്രികയായ ജലതരംഗത്തിലൂടെ ജലവിനിയോഗം സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും അത് ജലനിധി പഞ്ചായത്തുകളിൽ വിതരണം ചെയ്തു വരുന്നു.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ ക്രോസ് ബാർ-കം-ബ്രിഡ്ജ്**

284(3893) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാടിയ പുഴക്ക് കുറകെ (തൃക്കരിപ്പൂർ-പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച്) നിർമ്മിക്കാൻ തീരുമാനിച്ച ക്രോസ് ബാർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. തൃക്കരിപ്പൂർ-പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത സ്ഥലത്തിന് തൊട്ടടുത്ത് തലച്ചാൽ ഉപ്പുവെള്ള പ്രതിരോധ അണക്കെട്ട് നിലവിലുള്ളതിനാൽ പ്രസ്തുത സ്ഥലത്ത് മറ്റൊരു ക്രോസ് ബാർ നിർമ്മിക്കുന്നത് പരിഗണനയിലില്ല.

**ജലസ്രോതസ്സുകളുടെ കണക്കുകളും മഴവെള്ള സംഭരണവും**

285(3894) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികൾ/മറ്റ് ചെറു നദികൾ/കായലുകൾ/കുളങ്ങൾ ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള കണക്കുകൾ പ്രകാരം എത്ര എണ്ണം ഉണ്ട് എന്നും അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും വ്യക്തമാക്കുമോ;

(ബി) ഇവയെ സംരക്ഷിക്കാനായി സ്റ്റേറ്റ് ഫണ്ട്, ആർ.എം.എഫ്. (റിവർ മാനേജ്മെന്റ് ഫണ്ട്) എന്നിവ ഉപയോഗിച്ച് മുൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഫണ്ടിൽനിന്നും ഫ്ളഡ് കൺട്രോൾ, ഫ്ളഡ് ഡാമേജ് എന്നീ പ്രവൃത്തികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ചെലവാക്കിയത് എത്ര തുകയെന്നും പ്രസ്തുത തുക എന്തു നടപടികൾക്കായി ഉപയോഗിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് മൺസൂൺ മഴമൂലവും അല്ലാതെയും ലഭിക്കുന്ന മഴവെള്ളം കടലിലേക്ക് ഒഴുകി നഷ്ടമാകുന്നതൊഴിവാക്കാനും, ഇവ സംരക്ഷിക്കാനും അതുമൂലം വേനൽകാലത്ത് ജലലഭ്യത ഉറപ്പുവരുത്താനുമായി ജലവകുപ്പ് മറ്റുവകുപ്പുകളെ ഏകോപിപ്പിച്ച് എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) "Water Resources of Lateral-2014" പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 44 പ്രധാന നദികളും 14 പ്രധാന കായലുകളും 40,974 കുളങ്ങളും ഉണ്ട്. മഴയുടെ ദൗർലഭ്യം കാരണം നദികളിലെ നീരൊഴുക്ക് കുറയുകയും encroachment, siltation എന്നിവ കാരണം കുളങ്ങൾ/കായലുകൾ എന്നിവയുടെ വിസ്തൃതിയിൽ മാറ്റംവരികയും ചെയ്തിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ഫണ്ട്, റിവർ മാനേജ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നദികളുടെ സംരക്ഷണ പ്രവൃത്തികൾ, തടയണ, അടിയണ, റെഗുലേറ്റർ എന്നിവയുടെ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ, കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ, കായലുകളുടെ സംരക്ഷണ പ്രവൃത്തികൾ എന്നിവ ചെയ്തുവരുന്നു.

(സി) കഴിഞ്ഞ മൂന്നു വർഷക്കാലമായി ഫ്ലഡ് കൺട്രോൾ ഇനത്തിൽ 32,43,69,111 രൂപയും ഫ്ലഡ് ഡാമേജ് ഇനത്തിൽ 56,24,33,911 രൂപയും ചെലവഴിക്കുകയുണ്ടായി. ഈ തുകകൾ നദികളുടെയും തോടുകളുടെയും സംരക്ഷണം/ആഴംകൂട്ടൽ പ്രവൃത്തികൾക്കും തടയണകൾ, റെഗുലേറ്റർ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായാണ് ചെലവഴിച്ചത്.

(ഡി) മഴയിൽനിന്ന് ലഭിക്കുന്ന ജലം സംഭരിച്ച് നിർത്തുന്നതിന് നിലവിൽ 19 വൻകിട പദ്ധതികൾ (ഡാമുകൾ/ ബാരേജുകൾ) ജലസേചന വകുപ്പിന് കീഴിലുണ്ട്. തടയണകൾ, അടിയണകൾ, റെഗുലേറ്ററുകൾ തുടങ്ങിയവ ഉപയോഗിച്ചും മഴവെള്ളം കടലിലേയ്ക്ക് ഒഴുകുന്നത് കുറച്ച്, സംഭരണം/സംരക്ഷണം നടത്തിവരുന്നു. കേരള ജല അതോറിറ്റിയുടെ കീഴിലുള്ള ഡാമുകളിലും മഴവെള്ളം സംഭരിച്ച് കുടിവെള്ളത്തിനായി വിനിയോഗിക്കുന്നു. കുളങ്ങളും കായലുകളും വലിയതോതിൽ ജലം സംഭരിച്ച് നിർത്തുന്നതിന് സഹായിക്കുന്നുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന

ആവശ്യം നിറവേറ്റുന്നതിന് നിലവിലുള്ള സംഭരണശേഷി തികയാതെ വരുന്ന അവസ്ഥയുണ്ട്. ഇത് മറികടക്കുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പിലാക്കുന്നതിന് ഹരിതകേരളം മിഷന്റെ ഭാഗമായ ജലവിഭവ മിഷൻ (ജലസമൃദ്ധി) വിഭാവനം ചെയ്യുന്നു. ആദ്യ ഘട്ടത്തിൽ കുളങ്ങളും നീർച്ചാലുകളും തോടുകളും പുനരുദ്ധരിച്ച് ജലസംഭരണവും നീരൊഴുക്കും സുഗമമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ നദികളിൽ സാധ്യമായിടങ്ങളിൽ റെഗുലേറ്ററുകൾ, തടയണകൾ എന്നിവ നിർമ്മിച്ച് ചെറിയ ജലസംഭരണികളാക്കിമാറ്റി നദികളിലെ നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പദ്ധതികളും സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കാൻ വിഭാവനം ചെയ്യുന്നു.

ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന "മഴകേന്ദ്രം" മഴവെള്ള സംഭരണ മേഖലയിൽ സ്വതന്ത്രമായി നേതൃത്വം നൽകുന്ന പദ്ധതികൾക്കു പുറമെ വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് "ജലസൗഹൃദ വിദ്യാലയം" പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 840 സർക്കാർ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണികളുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ "മഴവെള്ള സംഭരണം- ഭൂജല പരിപോഷണം" പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്ക് നിർമ്മിച്ചുനൽകുന്ന മഴവെള്ള സംഭരണികളുടെ പ്രവർത്തനങ്ങൾ അതാതു ഗ്രാമപഞ്ചായത്തുകളുടെ സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്. മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്നതിന് "മഴകേന്ദ്രം" ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ചെർപ്പുളശ്ശേരിയിൽ വീടുകളിലെ കിണർ വെള്ളത്തിൽ പെട്രോൾ ഇന്ധനം

286(3895) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർപ്പുളശേരി അയ്യപ്പൻ കാവിനു സമീപമുള്ള വീടുകളിലെ കിണർ വെള്ളത്തിൽ പെട്രോൾ ഇന്ധനം കലർന്ന് ഉപയോഗശൂന്യമാകുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഇതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) കടുത്ത കുടിവെള്ളക്ഷാമമുള്ള ഈ കാലത്ത് സ്രോതസ്സുകളിലെ ജലം ഉപയോഗിക്കാനാവാത്ത സ്ഥിതിവിശേഷം ഗുരുതരമായിക്കണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ചെർപ്പുളശ്ശേരി അയ്യപ്പൻ കാവിനു സമീപമുള്ള വീടുകളിലെ കിണർ വെള്ളത്തിൽ സമീപത്തുള്ള പെട്രോൾ പമ്പിൽനിന്നും ചോർച്ചയിലൂടെ ഇന്ധനം കലരുന്നതായി പ്രാദേശിക ചാനലുകളിലും പത്രങ്ങളിലും വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി**

287(3896) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിൽ മങ്കട നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന് നൽകിയ ഡി.പി.ആറിൽ ഈ മണ്ഡലത്തിലെ എത്ര കുളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുഴൽ കിണർ-കൈപ്പമ്പുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിലെ 45 കുളങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി (ചെളിവാരി വൃത്തിയാക്കൽ) മങ്കട നിയോജക മണ്ഡലത്തിലെ 7 കുളങ്ങളുടെ പട്ടിക ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. കൂട്ടിലങ്ങാടി പഞ്ചായത്തിലെ മേക്കുളം കുളം ചെളിവാരി വൃത്തിയാക്കൽ- 0.81 ലക്ഷം രൂപ.

2. കുറുവ ഗ്രാമപഞ്ചായത്തിലെ വള്ളംകുളം വൃത്തിയാക്കൽ- 2.05 ലക്ഷം രൂപ.

3. അങ്ങാടിപ്പുറം പഞ്ചായത്തിലെ ചോളക്കുളത്തിന്റെ പുനരുദ്ധാരണം- 1.72 ലക്ഷം രൂപ.

4. മങ്കട പഞ്ചായത്തിലെ അയ്യപ്പൻചോല കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ- 1.45 ലക്ഷം രൂപ.

5. മക്കരപ്പറമ്പ് പഞ്ചായത്തിലെ തെക്കത്ത് കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി- 1.00 ലക്ഷം രൂപ.

6. മൂർക്കനാട് പഞ്ചായത്തിലെ കാളയാർ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ- 0.79 ലക്ഷം രൂപ.

7. പുഴക്കാട്ടിരി പഞ്ചായത്തിലെ എക്കുർ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ- 1.10 ലക്ഷം രൂപ.

(സി) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കുഴൽക്കിണർ കൈപമ്പുകൾ നവീകരിക്കുവാൻ അനുമതി നൽകിയിരുന്നു. ഇതിൽ നാലെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ശേഷിച്ച ഒരു കുഴൽക്കിണറിൽ ജലനിരപ്പ് കുറവായതിനാൽ റിപ്പയർ ചെയ്യാൻ സാധിച്ചിട്ടില്ല.

**ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് നടപടി**

288(3897) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് ഗുരുതരമായ നിലയിൽ താഴുന്ന സാഹചര്യത്തിൽ ജലനിരപ്പ് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) സമയബന്ധിതമായി പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജല വകുപ്പ് ഭൂജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് "ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും" പദ്ധതി സംസ്ഥാനത്ത് അവലംബിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിക്കായി വകയിരുത്തിയിരുന്നു. 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. ഇതിനായി 39.68 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തടയണകൾ നിർമ്മിച്ച് മഴവെള്ളം തടഞ്ഞുനിർത്തിയും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികൾ നിർമ്മിച്ചും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കിണറുകളുടെ റീചാർജ്ജിംഗ്

289(3898) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കിണറുകളുടെ റീചാർജ്ജിംഗ് നടത്തുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഈ പഞ്ചായത്തിലെ എത്ര കിണറുകളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത് എന്നറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് തയ്യാറാകുമോ;

(ഡി) നിരന്തരമായി ഈ പ്രവർത്തനം നടത്തുന്നതിനും കൂടുതൽ മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയം പേരൂർ ഗ്രാമപഞ്ചായത്തിൽ ഭൂജല വകുപ്പ് നേരിട്ട് കിണറുകളുടെ റീചാർജ്ജിംഗ് നടത്തുന്ന പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടത്തുന്നില്ല.

## കുടിവെള്ളക്ഷാമവും ജലചൂഷണവും

290(3899) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവിതാനത്തിലുണ്ടായിട്ടുള്ള കുറവും വേനൽമഴയുടെ ലഭ്യതക്കുറവും കുടിവെള്ളക്ഷാമത്തിനിടയാക്കുകയും ജലസേചനത്തെ കാര്യമായി ബാധിക്കുകയും ചെയ്തത് പ്രത്യേകം അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പാലക്കാട് ജില്ലയിലും പരിസര പ്രദേശങ്ങളിലുമുള്ള സ്വകാര്യ കുടിവെള്ള കമ്പനികളും സോഫ്റ്റ് ഡ്രിങ്കിസ് കമ്പനികളും അമിത ജലചൂഷണം നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലചൂഷണത്തിന്റെ തോത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഭൂജലവിതാനം സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം ജാഗ്രതാ പൂർണ്ണമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വരൾച്ച നേരിടുന്നതിന് മുൻകരുതൽ നടപടിയെന്ന നിലയിൽ ജലവിഭവ വകുപ്പ് മന്ത്രി 7-12-2016-ന് ഭൂജല വകുപ്പ് ജില്ലാ ഓഫീസർമാരുടെയും ഉത്തരവാദപ്പെട്ട മറ്റു ഉദ്യോഗസ്ഥരുടെയും അവലോകന യോഗം നടത്തിയിരുന്നു. യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് 5505 ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും 585 കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമായി 12,40,33,000 രൂപ ചെലവഴിച്ച് പ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ഭൂജല അതോറിറ്റി പാലക്കാട് ജില്ലയിൽ 13 സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിനായി വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നും ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ കമ്പനികൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. കൂടാതെ വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്മേൽ ഭൂജല ഉപഭോഗം 75 ശതമാനം കുറയ്ക്കണമെന്ന നിർദ്ദേശം ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസിൽനിന്നും പെപ്സി ഉൾപ്പെടെ ജില്ലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഭൂജല വകുപ്പ് ഭൂജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് "ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും" പദ്ധതി സംസ്ഥാനത്ത് അവലംബിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിക്കായി വകയിരുത്തിയിരുന്നു. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിയിൽ 41 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതികൾ 2016-17-ൽ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം കൃത്രിക ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

**പൂർത്തിയാക്കിയ പുതിയ കുടിവെള്ള-ജലവിതരണ പദ്ധതികൾ**

291(3900) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതിയ എത്ര കുടിവെള്ള-ജലവിതരണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾവഴി എത്ര ലിറ്റർ കുടിവെള്ളമാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള ജല അതോറിറ്റി പൂർത്തിയാക്കിയ ജലവിതരണ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ സർക്കാർ വന്നതിനുശേഷം 247 കുടിവെള്ള പദ്ധതികൾ ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന പണി പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിന് ഗുണഭോക്താക്കളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 23,921 കുടുംബങ്ങളിലെ 1.06 ലക്ഷം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

(ബി) കേരള ജല അതോറിറ്റി പദ്ധതികൾവഴി പ്രതിദിനം ഏകദേശം 127.7 ദശലക്ഷം ലിറ്റർ കുടിവെള്ളമാണ് ലഭ്യമാക്കുന്നത്. അളോഹരി പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ജലനിധി പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഭരണതലത്തിൽനിന്നും കൃത്യമായ നിർദ്ദേശങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. കൂടാതെ പദ്ധതികൾ പൂർത്തീകരിച്ചശേഷം ബന്ധപ്പെട്ട മെയിന്റനൻസ് ഡിവിഷനുകൾക്ക് കൈമാറി ജലവിതരണം കാര്യക്ഷമമാക്കുവാൻ വേണ്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണതലത്തിലും പ്രദേശിക തലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് അവലോകന യോഗങ്ങൾ നടത്തുകയും, പദ്ധതി നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനും, പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനും വേണ്ട നടപടികൾ ജലനിധി സ്വീകരിക്കാറുണ്ട്.

**നെയ്യാറിൽനിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി**

292(3901) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നെയ്യാറിൽനിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി വിജയപ്രദമായിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് സംസ്ഥാന ഖജനാവിൽനിന്നും എന്ത് തുക ചെലവായെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുന്നതിനായി ക്യാഷ് അവാർഡ് നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നെയ്യാറിൽനിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി പ്രതീക്ഷിച്ചതിനേക്കാൾ വിജയകരമായിരുന്നു.

(ബി) നെയ്യാറിൽനിന്നും അരുവിക്കര ജലസംഭരണിയിലേയ്ക്ക് ജലമെത്തിക്കുന്നതിലേയ്ക്ക് സർക്കാർ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് ആറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും 146.06 ലക്ഷം രൂപ പമ്പ് വാങ്ങുന്നതിനും കെ.എസ്.ഇ.ബി.യിൽ അടയ്ക്കുന്നതിനുമായി ചെലവാക്കിയിട്ടുണ്ട്. ചെലവുകൾ അന്തിമമായിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ജീവനക്കാരെയും തൊഴിലാളികളെയും സർക്കാരിന്റെ പ്രത്യേക അനുമോദനം സമർപ്പിക്കുന്നതാണ്. ക്യാഷ് അവാർഡ് നൽകുന്ന സംഗതി പരിഗണനയിലില്ല.

**ഉദയംപേരൂർ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം**

293(3902) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഉദയംപേരൂർ പഞ്ചായത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ;

(സി) അടിയന്തര പ്രാധാന്യത്തോടെ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായ 2 ടാങ്കുകൾക്ക് സ്ഥലം ലഭ്യമാകേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച മുൻകരുതലുകൾ**

294(3903) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി നാലുമാസം മുൻപ് സർക്കാർ നിയമസഭയിൽ പ്രഖ്യാപിച്ച പ്രകാരം കുടിവെള്ളക്ഷാമുണ്ടാകുമെന്ന് കണക്കാക്കി ജലവിഭവ വകുപ്പ് എന്തെങ്കിലും കരുതൽ നടപടികൾ ഈ നാലുമാസത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തുടനീളം തണ്ണീർ പന്തലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പ്രകാരം ഏതൊക്ക സ്ഥലങ്ങളിൽ തണ്ണീർ പന്തലുകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം പാറമടകളിലും മറ്റും കാലങ്ങളായി കെട്ടികിടക്കുന്ന മലിനജലമാണ് എന്ന വസ്തുത മനസ്സിലാക്കി

ഇതിനെ ചെറുക്കാൻ ഉദ്യോഗസ്ഥ ജനപങ്കാളിത്ത സ്ക്വാഡ് അടിയന്തരമായി സെക്ഷൻ ആഫീസുകൾതോറും ഉണ്ടാക്കി ശുദ്ധജലം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>കേരള ജല അതോറിറ്റി :</u>

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ ജല അതോറിറ്റി താഴെപ്പറയുന്ന രീതിയിലുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. അടിക്കടി ലീക്ക്മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കംചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കി.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾവഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകിവരുന്നുണ്ട്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക, വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നുണ്ട്. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്നുറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ തലസ്ഥാനത്ത് ജലലഭ്യത ഉറപ്പാക്കുന്നതിനായി നെയ്യാർ ഡാമിൽനിന്നും അരുവിക്കര ജലസംഭരണിയിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നെയ്യാർ ഡാമിലെ കാപ്പുകാട്നിന്നും ജലം പമ്പ് ചെയ്ത് 1.5 കിലോമീറ്റർ അകലെയുള്ള തോടുവഴി കരമന നദിയിലെ അണിയില കടവിൽ എത്തിക്കുന്ന പ്രവൃത്തി

യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി. ഇത് വൈദ്യുതി, വനം, റവന്യൂ, വ്യവസായം, പോലീസ്, ഗതാഗതം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജലവിഭവ വകുപ്പാണ് നടപ്പാക്കിയത്.

ജലസേചന വകുപ്പ് :

2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂജല വകുപ്പ് :

ഭൂജല വകുപ്പിന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 1240.33 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി 244 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5328 കൈ പമ്പുകളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി :

സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു:

1. പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ഫെബ്രുവരി മുതൽ ഇതുവരെ 86 പദ്ധതികൾ പൂർത്തീകരിക്കുകയും 11,452 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക്, അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു വരുന്നതുമായ പദ്ധതികൾക്ക് എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 42 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി 3000-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

4. ഭൂജല സംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വരൾച്ചയെ നേരിടുന്നതിനായി ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം, സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംരണം-ഭൂജലപരിപോഷണം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗാർഹിക അടിസ്ഥാനത്തിലും വിദ്യാലയങ്ങളിലുമാണ് മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചു നൽകുന്നത്. ഇതിന്റെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിലും 1800 വ്യക്തിഗത കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതാണ്.

(സി) ഈ വിഷയം തദ്ദേശ സ്വയംഭരണം, റവന്യൂ, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ടതാണ്.

**കുടിവെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കാൻ നടപടി**

295(3904) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളമായുപയോഗിക്കേണ്ട ശുദ്ധജലം ഇപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്കും ചെടി നനയ്ക്കാനും വാഹനങ്ങൾ കഴുകാനും ദുരുപയോഗം ചെയ്യുന്നുണ്ടെന്ന വസ്തുത അറിവുണ്ടോ;

(ബി) ഇതു നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ടാങ്കറിൽ നിറച്ചുകൊടുക്കുന്ന വെള്ളം കുടിവെള്ള ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ പരിശോധനാ സംവിധാനങ്ങളുണ്ട്; പ്രസ്തുത സംവിധാനങ്ങൾവഴി കഴിഞ്ഞ രണ്ടുമാസത്തിനിടെ എത്ര ദുരുപയോഗങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലവിനിയോഗവും ദുരുപയോഗവും പരമാവധി കുറയ്ക്കുന്നതിന് പത്രമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴി ജലം അമൂല്യമാണെന്നും പാഴാക്കരുതെന്നുമുള്ള സന്ദേശം ജനങ്ങളിൽ എത്തിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ശ്രമം നടത്തിവരുന്നു. കൂടാതെ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ശുദ്ധജലം പാഴാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദുരുപയോഗ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ താക്കീത്, പിഴ ചുമത്തൽ, വാട്ടർ കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(സി) ടാങ്കറിൽ നിറച്ചുകൊടുക്കുന്ന വെള്ളം കുടിവെള്ള ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ കേരള ജല അതോറിറ്റിയുടെ നിലവിൽ പരിശോധനാ സംവിധാനങ്ങൾ പര്യാപ്തമല്ല.

## മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ

296(3905) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുമൂലം മുടങ്ങിക്കിടക്കുന്ന എത്ര ശുദ്ധജല പദ്ധതികൾ സംസ്ഥാനത്തുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി പ്രത്യേക നിക്ഷേപ നിധിയിൽനിന്ന് എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഫണ്ടിന്റ അപര്യാപ്തത കൊണ്ട് വിഭാവനം ചെയ്ത അത്ര ദൈർഘ്യത്തിൽ വിതരണ ശൃംഖല സ്ഥാപിക്കാൻ കഴിയാത്തതുമൂലം പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമാകാത്ത ഏതാനും പദ്ധതികളുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വിതരണശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികളായ ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി- വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, ഇടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ ശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പെരുനാട്- അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. 163.1 കോടി രൂപയുടെ അനുമതി മേൽ പദ്ധതികൾക്ക് സർക്കാരിൽനിന്ന് ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ കോട്ടയം ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ ജോലികൾ ആരംഭിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. മാനന്തവാടി ഇടവക, നല്ലൂർനാട് വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം (പാക്കേജ് 1) പെരുനാട് -അത്തിക്കയം വില്ലേജുകളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ (പാക്കേജ് 1) എന്നീ പദ്ധതികളുടെ ടെണ്ടറുകളുടെ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "വിതരണ ശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന" പദ്ധതികൾക്കായി 163.1 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**അടുത്ത വേനൽക്കാലത്തെ നേരിടാൻ കർമ്മ പരിപാടി**

297(3906) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച പോലുള്ള അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ജില്ല തിരിച്ചുള്ള കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച പോലുള്ള അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി നദികളിലും മറ്റ് ഉപരിതല ഭൂഗർഭ ജല സ്രോതസ്സുകളിലും ജലലഭ്യത ഉറപ്പാക്കാൻ സ്ഥിരം തടയണകൾ, റെഗുലേറ്റർ കം ബ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കുകയും നീർത്തടാധിഷ്ഠിതമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി കുളങ്ങളും തോടുകളും സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്ഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

മഴവെള്ള സംരക്ഷണത്തിലൂടെ കിണറുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ സമ്പുഷ്ടമാക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് ഭൂജല വകുപ്പ്, ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിലൂടെ ഭൂജല സ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിന്

കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭ്രജല സംപോഷണം നടപ്പാക്കിവരുന്നു. ഭ്രജലവിതാനം കുറഞ്ഞ സ്ഥലങ്ങളിൽ മഴവെള്ള സംഭരണം നടത്തി ഭ്രജല വിതാനം ഉയർത്തുകയും അതിലൂടെ ഭ്രജല ശേഖരം വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, തുറന്ന കിണറുകൾ, കുഴൽ കിണറുകൾ വഴിയുള്ള സംപോഷണം എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഭ്രജല വകുപ്പ് ഇതിനായി അവലംബിച്ച് വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 2, 3 ബാച്ചുകളിലെ ഗ്രാമപഞ്ചായത്തുകളിലായി പൂർത്തീകരിക്കാനുള്ള പദ്ധതികളും മറ്റ് മൾട്ടി ജി പി പദ്ധതികളും പൂർത്തീകരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ ജില്ലകളിലെ ആവശ്യകത പരിഗണിച്ചും സംസ്ഥാന ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. അതിനാൽ ജില്ല തിരിച്ചുള്ള കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്.

**കൊല്ലം നഗരത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ**

298(3907) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടയാറ്റിലെ കടപ്പുഴയിൽ തടയണ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ശാസ്താംകോട്ടയിൽ എത്തിച്ച് ശുദ്ധീകരിച്ച് കൊല്ലം നഗരത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതി ഉപേക്ഷിച്ചുവോ എന്നറിയിക്കുമോ;

(ബി) കൊല്ലം നഗരത്തിൽ വിതരണം ചെയ്യുന്നതിനായി, പുത്തൂർ ഞാങ്കടവിൽ സ്ഥാപിയ്ക്കുന്ന പദ്ധതിയിൽനിന്നും വെള്ളം ശാസ്താംകോട്ടയിൽ എത്തിച്ച്, കുടിവെള്ളം വിതരണം ചെയ്യുന്ന ചവറ-പന്മന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉപേക്ഷിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മലിനജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കുന്ന പദ്ധതി സംബന്ധിച്ച നയം

299(3908) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിന ജലം ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കുന്ന പദ്ധതിയെ സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) കേരള സർവ്വകലാശാലയിലെ പരിസ്ഥിതി പഠന വിഭാഗമോ ഇതര സർക്കാർ ഏജൻസികളോ ഇത്തരത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനം കടുത്ത ജലദൗർലഭ്യത്തിലേക്ക് കടക്കുന്നതായ സൂചന ലഭ്യമായിത്തുടങ്ങിയ സാഹചര്യത്തിൽ മലിനജലം ശുദ്ധീകരിച്ച് കൃഷിയ്ക്കും ഇതര ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗാർഹിക മലിനജലം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള സ്വീവറേജ് സംവിധാനം നിലവിൽ തിരുവനന്തപുരത്തും ഭാഗികമായി കൊച്ചി നഗരത്തിലും മാത്രമാണ് നിലവിലുള്ളത്. തിരുവനന്തപുരത്തെ മുട്ടത്തറയിലുള്ള പുതിയ മലിനജല ശുദ്ധീകരണ ശാലയിൽ പ്രതിദിനം ഏകദേശം 40 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കുന്നുണ്ട്. ഇതു നിർമ്മാണ പ്രവൃത്തികൾക്കും ജലസേചനം മുതലായ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

(ബി) ഇതു സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഒന്നും തന്നെ ജലവിഭവ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) മുട്ടത്തറയിലെ ജലം ഗാർഹികേതര ആവശ്യങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## കുടിവെള്ള ഗുണനിലവാരം പരിശോധിക്കുന്ന നിയന്ത്രണ അധികാരമുള്ള ഏജൻസി

300(T3909*) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ശക്തി പ്രാപിക്കുന്നതോടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ വ്യാജന്മാർ പെരുകുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്കും നിയന്ത്രണ സംവിധാനങ്ങൾക്കും അധികാരമുള്ള ഏജൻസി ഏതാണ്;

(സി) കിണറുകൾ റീചാർജ് ചെയ്യുന്നതിന് ടാങ്കറുകളിൽ കുടിവെള്ള വിതരണക്കാർ വെള്ളം എത്തിച്ചുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ എത്തിക്കുന്ന ജലം പ്രധാനമായും കുളം, പുഴ എന്നിവിടങ്ങളിൽ നിന്നാണ് ശേഖരിക്കുന്നതെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് വിവിധ ഏജൻസികൾവഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കും നിയന്ത്രണ സംവിധാനങ്ങൾക്കും ഉള്ള അധികാരം കേരള ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല. എന്നാൽ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കും നിയന്ത്രണ സംവിധാനങ്ങൾക്കുമായി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, എറണാകുളം നെട്ടൂരിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാതല ലാബുകളും സബ് ഡിവിഷൻ ലാബുകളും പ്ലാന്റുകളോടനുബന്ധമായി പരിശോധനാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൃഷിക്ക് ജലം ഉപയോഗിക്കുന്നതിന് വിലക്ക്**

301(T *3910) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച കാരണം നെൽകൃഷിയിടങ്ങൾ വരണ്ടുണങ്ങി കൃഷിക്കുപയുക്തമല്ലാതാകുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽക്കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കൃഷിക്ക് ജലം ഉപയോഗിക്കുന്നതിന് നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെൽക്കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളുടെ കനാലുകളിലൂടെ എല്ലാ വർഷത്തെയും പോലെ ഈ വർഷവും പരമാവധി ജലവിതരണം നടത്തിയിരുന്നു. എന്നാൽ ഡാമുകളിലെ സംഭരണ ശേഷിയിലുണ്ടായ കുറവുമൂലവും കടുത്ത വരൾച്ച കണക്കിലെടുത്തും കുടിവെള്ളത്തിന് പ്രാമുഖ്യം നൽകിയതിനാലും കൃഷിക്കുള്ള ജലവിതരണം പരിമിതപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.

(സി) കേരള സർക്കാർ [Disaster management (Revenue-K) വകുപ്പ്] പുറത്തിറക്കിയ സർക്കുലർ തീയതി 31-10-2016 പ്രകാരം ജലഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി കുടിവെള്ളം-ഗാർഹിക ഉപയോഗം-വളർത്തുമൃഗങ്ങൾക്ക്-വന്യജീവികൾക്ക്-കൃഷിക്ക്-വ്യവസായത്തിന് എന്ന മുൻഗണനാക്രമം 2017 മേയ് മാസം വരെ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. കൂടാതെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ കുടിവെള്ളത്തിന് പ്രാധാന്യം നൽകി, ലഭ്യമാകുന്ന ജലം കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശം കർഷകരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്.

(ഡി) ജലസംരഭരണികളിലെ ജലലഭ്യത അനുസരിച്ച് നെൽകൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജലമാഫിയാ സംഘത്തിന്റെ ജലമൂറ്റലും കച്ചവടവും**

302(3911) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല ഉപയോഗ നിയന്ത്രണത്തിന് 2002-ലെ നിയമം നിലനിൽക്കേ ജലമാഫിയാ സംഘം ജലമൂറ്റലും കച്ചവടവും നടത്തുന്നതു സംബന്ധിച്ച അന്വേഷണത്തിൽ കഴിഞ്ഞ ഒരു വർഷമായി എത്ര പേരെ കണ്ടെത്തിയെന്നും എത്ര കേസുകൾ ചാർജ്ജ് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) ഭൂഗർഭ ജലസ്രോതസ്സുകൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ വ്യാപിക്കാനുള്ള സാധ്യതയുള്ളതിനാൽ സംസ്ഥാനം അതിർത്തി പങ്കിടുന്ന മറ്റ് സംസ്ഥാന അതിർത്തി പ്രദേശത്തുനിന്നും ജലചൂഷണം നടത്തി നമ്മുടെ സംസ്ഥാനത്ത് അധിക വില ഈടാക്കി ജലം കച്ചവടം നടത്തുന്നതും, ഇതിന്

ഉണ്ടാസംഘങ്ങൾ തന്നെയുള്ളതും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ പരിശോധന നടത്തിയെന്നും ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ ഇവയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷം ജലവകുപ്പ് കണ്ടെത്തിയ ജലമാഫിയ സംഘത്തിന്റെ ജലചൂഷണവും കുറ്റക്കാരായി കണ്ടെത്തിയവരെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് അനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്കിൽ 14 പേർക്ക് പിഴ ചുമത്തിയിട്ടുണ്ട്. അഞ്ചോളം പേർക്ക് സ്റ്റോപ്പ് മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിൽ ഒരാൾക്ക് കുഴൽ കിണറിൽനിന്നും അമിത ജലചൂഷണം നടത്തിയതിനും വിൽപ്പനയ്ക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുക, ബണ്ടുകൾ ബലപ്പെടുത്തുക, കുളങ്ങളിൽ ജലം എത്തുന്നതിനും പുറത്തേയ്ക്കും പോകുന്നതിനുമുള്ള സംവിധാനം ഒരുക്കുക, ബണ്ടിൽനിന്നും മണ്ണ് വീണ്ടും കുളത്തിലെത്താതിരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ. തോടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ചെറിയ തടയണകൾ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ/ മണ്ണ് സംരക്ഷണ മണ്ണുപര്യവേഷണ വകുപ്പ് മുഖേനയാണ് നിർവ്വഹിച്ചു വരുന്നത്.

(ഡി) തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന 14 പേർക്ക് പിഴ ചുമത്തുകയുണ്ടായി:

1. ശേഖരൻ, ഹൗസ് നമ്പർ: 397, ചൊവ്വര, കോട്ടുകാൽ പഞ്ചായത്ത്.

2. ശ്രീമതി ബീന പി.എം., W/o ശേഖരൻ, ഹൗസ് നമ്പർ: 397, ചൊവ്വര, കോട്ടുകാൽ പഞ്ചായത്ത്. (നാഗക്ഷേത്രത്തിനു സമീപമുള്ള കിണർ)

3. ഷിബു കുമാർ (ഉല്ലാസ്), തെങ്ങുനട്ടവീട്, ചപ്പാത്ത്, പുന്നക്കുളം പി.ഒ., കോട്ടുകാൽ പഞ്ചായത്ത്.

4. ജി.എസ്. ഗോപകുമാർ, ഹൗസ് നമ്പർ: 20, വാർഡ്-7, പത്മവിലാസം, കോട്ടുകാൽ പഞ്ചായത്ത്.

5. ബൈജു, C/o സുധാകരൻ, തിരുവോണം, മുല്ലക്കര, കോട്ടുകാൽ.

6. കെ. സുകുമാരൻ, ജയലക്ഷ്മി നിവാസ്, മുല്ലക്കര, കോട്ടുകാൽ പഞ്ചായത്ത്.

7. ഗോപകുമാർ, ഗോകുലം, മുല്ലക്കര, കഴിവൂർ പി.ഒ., കോട്ടുകാൽ പഞ്ചായത്ത്.

8. സുധീഷ്, കൃഷ്ണ സർവ്വീസ് സെന്റർ, മരപ്പാലം, കോട്ടുകാൽ പഞ്ചായത്ത്.

9. സിന്ധു എസ്., ശിവ സദനം, കോട്ടുകാൽ പി.ഒ., കോട്ടുകാൽ പഞ്ചായത്ത്.

10. സുരേഷ്, സുരേഷ് ഭവൻ, കരിച്ചൽ, കഴിവൂർ പി.ഒ., കാഞ്ഞിരകുളം പഞ്ചായത്ത്.

11. അനിൽകുമാർ, അശ്വതി മാവുനിന്ന, കരിച്ചൽ, പുല്ലുവിള, കഴിവൂർ, കാഞ്ഞിരംകുളം പഞ്ചായത്ത്.

12. രാജേന്ദ്രൻ എസ്., ആർ.ബി. നിവാസ്, പുളിങ്കുടി.

13. ലക്ഷ്മണൻ നാടാർ, അജിമന്ദിരം. കല്ലുവിള.

14. സാബു, മാവിളവീട്, ചാണി.

കൊല്ലം ജില്ലയിൽ 3 പേർക്ക് എതിരേയും ആലപ്പുഴ ജില്ലയിൽ 6 പേർക്ക് എതിരേയുമുള്ള പരാതികളുടെ അന്വേഷണ റിപ്പോർട്ട് അതത് കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പൊതുജനങ്ങളുടെ പരാതിയെ തുടർന്ന് താഴെ പറയുന്ന രണ്ട് കുപ്പിവെള്ള സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

1. ഹാപ്പി ഇൻഡസ്ട്രീസ്, കാക്കനാട് തൃക്കാക്കര നഗരസഭ.

2. സുരേഷ് ജോർജ്ജ്, പനക്കലോടി ഹൗസ്, തേങ്ങോട് പി.ഒ., തൃക്കാക്കര നഗരസഭ.

കൂടാതെ സി.എ. ഹംസ, ചേരോടത്ത് ഹൗസ്, കുട്ടമശ്ശേരി തോട്ടുമുഖം പി.ഒ., ആലുവ, കീഴ്മാട് ഗ്രാമപഞ്ചായത്ത് നടത്തിവന്ന അനധികൃത ജലചൂഷണം ഭൂജല വകുപ്പ് എറണാകുളം ജില്ലാ ഓഫീസിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി വിധിയിലൂടെ നിർത്തിവച്ചു.

പാലക്കാട് ജില്ലയിൽ ശിവാനന്ദൻ S/o തങ്കപ്പൻ, കളത്തിൽ വീട്, തൃപ്പള്ളം കാഞ്ഞിരക്കടവ് മലമ്പുഴക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ളക്ഷാമത്തിന് കുറ്റമറ്റ പരിഹാര നടപടി**

303(3912) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1978-ൽ പേപ്പാറ ഡാം നിർമ്മിച്ച് ജലശേഖരണം നടത്തിയിട്ടും വേനൽ കടുത്തപ്പോൾ തിരുവനന്തപുരം നഗരത്തിൽ കുടിനീരില്ലാത്ത അവസ്ഥയുണ്ടായെങ്കിൽ ശുദ്ധജല ഉപയോഗത്തിലെ അശാസ്ത്രീയത, കുടിക്കാനല്ലാത്ത ആവശ്യങ്ങൾക്കുള്ള അമിത ജലഉപയോഗം, ശാസ്ത്രീയമായ ജല മാനേജ്മെന്റിന്റെ അഭാവം, സ്രോതസ്സുകളുടെ സംരക്ഷണം, വർഷം തോറും വർദ്ധിച്ചുവരുന്ന ജലആവശ്യകത, കുറഞ്ഞു വരുന്ന ജലലഭ്യത, എന്നിവയെക്കുറിച്ച് സമഗ്ര പഠനം നടത്തി കുറ്റമറ്റ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കുമോ?

ഉത്തരം

വേനൽ കടുത്തതോടുകൂടി വിവിധ പ്രദേശങ്ങളിൽ വെള്ളം ലഭിക്കാത്ത സാഹചര്യം ഉണ്ടായപ്പോൾ പമ്പ് ഹൗസുകളുടെ നിലവിലുള്ള പ്രവർത്തന സമയം ക്രമീകരിക്കുവാനും കൂടാതെ വാൽവുകൾ കൺട്രോൾ ചെയ്തും ജല വിതരണ സമയത്തിൽ ആവശ്യമായ മാറ്റംവരുത്തിയും ലീക്കുകൾ സമയബന്ധിതമായി റിപ്പയർ ചെയ്തും കുടിവെള്ള വിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കടുത്ത വരൾച്ച, വർഷംതോറും വർദ്ധിച്ചു വരുന്ന ജല ആവശ്യകത, കുറഞ്ഞു വരുന്ന ജല ലഭ്യത, കാലാവസ്ഥാ വ്യതിയാനംമൂലം മഴയിലുള്ള കുറവ് എന്നിവമൂലം കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ വർദ്ധിച്ച ജല ആവശ്യകത കണക്കിലെടുത്ത് നെയ്യാർ ഡാം സ്രോതസ്സായി 120 MLD യുടെ ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ളത്തിന്റെ ദുരുപയോഗവും ജലചൂഷണവും തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും വിവിധ തരത്തിലുള്ള സ്ക്വാഡ് പ്രവർത്തനങ്ങളും കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

**നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

304(3913) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനായി മണ്ഡലത്തിൽ നിലവിൽ എന്തൊക്കെ പദ്ധതികൾ നടന്നു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നാദാപുരം മണ്ഡലത്തിൽ നിലവിൽ കുന്നുമ്മൽ സമീപ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണുള്ളത്. നാദാപുരം മണ്ഡലത്തിലെ ആറ് വില്ലേജുകളിലേയ്ക്കും കുറ്റ്യാടി മണ്ഡലത്തിലെ ഒരു വില്ലേജിലും ശുദ്ധജല വിതരണം നടത്താൻ ഉദ്ദേശിച്ച പദ്ധതിയാണ്. ARWSS പദ്ധതിയിലുൾപ്പെടുത്തി 1491.12 ലക്ഷം രൂപയുടെയും സ്പാൻ സഹായത്തോടെ 1797.48 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ഗ്രാവിറ്റി മെയിൻ പ്രവൃത്തി ഒഴിച്ച് മറ്റ് ഘടകങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു. 18 കി. മീ. ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനിന്റെ 1 കി.മീ. പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. പൈപ്പ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് ഒടുക്കേണ്ട 3.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക അടക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. പമ്പ് സെറ്റ്, ശുദ്ധീകരണ ശാല, പമ്പിംഗ് മെയിൻ എന്നിവയുടെ ട്രയൽ റൺ തുടങ്ങി. ഇതു പൂർത്തീകരിക്കുന്നതോടെ കായക്കൊടി, കുറ്റ്യാടി പഞ്ചായത്തുകൾക്ക് മേയ് 2017-ഓടെ ജലവിതരണം ഉറപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് പഞ്ചായത്തുകളുടെ ട്രയൽ റൺ പൂർത്തീകരിച്ച് ഒക്ടോബർ 2017-ന് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നാദാപുരം മണ്ഡലത്തിൽ ഇടച്ചേരി ഗ്രാമപഞ്ചായത്തിൽ ജലനിധി 33 ചെറുകിട പദ്ധതികൾ നടപ്പാക്കുന്നു. അവയിൽ 29 പദ്ധതികൾ കമ്മീഷൻ ചെയ്ത് കുടിവെള്ള വിതരണം നടത്തിവരുന്നു. ബാക്കിയുള്ള പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന 2 പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു.

## നെയ്യാർ ഡാം റിസർവോയറിൽനിന്ന് വെള്ളം അരുവിക്കരയിൽ

305(3914) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പേപ്പാറ ഡാമിൽ നിന്നുള്ള വെള്ളം നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ആവശ്യങ്ങൾക്ക് തികയാതെ വരുന്ന സാഹചര്യത്തിൽ എന്തൊക്കെ നടപടികളാണ് സർക്കാർ ആലോചിക്കുന്നത്;

(സി) നെയ്യാർ ഡാമിന്റെ റിസർവോയറിൽനിന്ന് വെള്ളം ശുദ്ധീകരിക്കുന്ന അരുവിക്കരയിലെ റിസർവോയർ വരെ പ്രത്യേക ചാലുകൾ നിർമ്മിച്ചായിരിക്കുമോ വെള്ളം എത്തിക്കുന്നതെന്ന്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ ചേരുകയും തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ യോഗങ്ങളിലെ തീരുമാനങ്ങൾക്കനുസരിച്ച് വിവിധ നടപടികൾ കൈക്കൊണ്ടു വരുന്നു.

(ബി) കടുത്ത വേനലിൽ അരുവിക്കരയിലേയും പേപ്പാറയിലേയും ജലനിരപ്പ് ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിൽ നിന്നുള്ള വെള്ളം അരുവിക്കരയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഡാം സ്രോതസ്സായി 100 MLD ജലം നഗരത്തിൽ എത്തിക്കാനുള്ള സമഗ്ര പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

(സി) നെയ്യാർ ഡാമിലെ കാപ്പുകാട് നിന്നും ജലം പമ്പ് ചെയ്ത് വിവിധ തരം പൈപ്പുകളിലൂടെ 1.5 കി.മീ. അകലെയുള്ള കുമ്പിൾമൂട് തോട്ടിലെത്തിച്ച് അവിടെനിന്നും 9 കി.മീ. അകലെയുള്ള കരമനയാറിലെ അണിയിലക്കടവിലേയ്ക്ക് തോടുവഴി കൊണ്ടുവരുകയാണ് ചെയ്യുന്നത്. വൈദ്യുതി, വനം, വ്യവസായം, മോട്ടോർ വാഹനം, റവന്യൂ, ധനകാര്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ജലവിഭവ വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.

## പരാതികൾ അധികൃതരെ അറിയിച്ചാൽ യഥാസമയം പരിഹാരം കാണാത്ത അവസ്ഥ

306(3915) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി സംസ്ഥാനത്ത് തുടങ്ങിയ കൺട്രോൾ റൂമുകളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൈപ്പു പൊട്ടി കുടിവെള്ളം പാഴാക്കുന്നതുൾപ്പെടെയുള്ള പരാതികൾ അധികൃതരെ അറിയിച്ചാലും യഥാസമയം പരിഹാരം കാണാത്ത അവസ്ഥ പരിശോധിക്കുന്നതോടൊപ്പം പൈപ്പ് പൊട്ടൽ തുടങ്ങിയവ അറിയിക്കുന്നതിനായി കൺട്രോൾ റൂമിൽ ഒരു ടോൾ ഫ്രീ നമ്പർ സിസ്റ്റം നടപ്പാക്കുന്നകാര്യം പരിഗണിക്കുമോ;

(സി) കൺട്രോൾ റൂമുകളുടെ പ്രവർത്തനത്തിലൂടെ കണ്ടെത്തിയ കുറ്റകരമായ പ്രവൃത്തികൾ എന്തെല്ലാമാണെന്നും എത്ര പേരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പും കേരള ജല അതോറിറ്റിയും സംയുക്തമായി തുടങ്ങിയ കൺട്രോൾ റൂമുകൾ നിലവിലില്ല. എന്നാൽ കേരള ജല അതോറിറ്റി വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൺട്രോൾ റൂമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പെപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്നതുൾപ്പെടെയുള്ള പരാതികൾ നിരീക്ഷിച്ച് ഉചിതമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ ഡിവിഷൻ തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസംമൂലം അറ്റകുറ്റപ്പണികൾക്ക് താമസം നേരിടുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കാറുണ്ട്.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കേരള ജല അതോറിറ്റി കൺട്രോൾ റൂമുകൾ ജില്ലാ അടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. കൂടാതെ 24 x 7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം 1800 425 5313 എന്ന ടോൾ ഫ്രീ നമ്പരിൽ ഹെഡ് ആഫീസിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) കുറ്റകരമായ പ്രവൃത്തികൾ ഒന്നുംതന്നെ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിലൂടെ കണ്ടെത്തിയിട്ടില്ല.

## കുടിവെള്ള കമ്പനികളുടെ ജല ഉപഭോഗം-സഭാസമിതി റിപ്പോർട്ടിന്മേൽ നടപടി

307(3916) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുടിവെള്ള കമ്പനികളും കോള കമ്പനികളും കിണറുകളും കുഴൽകിണറുകളും നിർമ്മിച്ചും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇത്തരം പല കമ്പനികൾ അനിയന്ത്രിതമായ തോതിൽ ജലമൂറ്റുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കമ്പനികളുടെ ജല ഉപഭോഗം നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദാക്കുമോ;

(ഡി) ഇത്തരം കമ്പനികളുടെ ജലഉപഭോഗം നിയന്ത്രിക്കുന്നതിന് ടെലിമെട്രി സംവിധാനമേർപ്പെടുത്തണമെന്ന നിയമസഭാ സമിതി റിപ്പോർട്ട് നിലവിലുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ?

### ഉത്തരം

(എ) ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ശാസ്ത്രീയമായ ജലലഭ്യത പരിശോധന നടത്തി സുരക്ഷിതമായ അളവിൽ ജലം ഉപയോഗിക്കുന്നതിനാണ് അനുമതി നൽകി വരുന്നത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് ശിപാർശ ചെയ്യുന്ന അപേക്ഷകളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി അന്തിമമായി നിരാക്ഷേപ പത്രം നൽകി വരുന്നു. ഇത്തരം കമ്പനികളുടെ പ്രതിദിനം ഉപയോഗിക്കുന്ന ഭൂജലത്തിന്റെ അളവ് പരിമിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഭൂജല അതോറിറ്റി ഇതുവരെ 115 സ്വകാര്യ കുപ്പിവെള്ള കമ്പനികൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിനായി വാട്ടർഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നും ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ കമ്പനികൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ലോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടു കൂടിയാണ് എൻ.ഒ.സി. നൽകുന്നത്. ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം പരിശോധിച്ച് വിലയിരുത്താറുണ്ട്. ദിനംപ്രതി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പെപ്സി കമ്പനിയിൽ ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് നിയമസഭ സമിതി റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ പെപ്സി കമ്പനിയിൽ സ്കാഡാ (SCADA-Supervisory Control and Data Acquisition) സിസ്റ്റമാണ് ഭൂജല ഉപഭോഗം മനസ്സിലാക്കുന്നതിന് സ്ഥാപിച്ചിട്ടുള്ളത്. ടെലിമെട്രി സംവിധാനം ഏർപ്പെടുത്തണമെന്ന് ഭൂജല വകുപ്പ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെലിമെട്രി സംവിധാനം ഉടൻ തന്നെ ഏർപ്പെടുത്താമെന്ന് പെപ്സി കമ്പനി ഭൂജല വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**ജലവർഷിണി, മഴപ്പൊലിമ പദ്ധതികൾ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി**

308(3917) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജലവർഷിണി, മഴപ്പൊലിമ എന്നീ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികൾ വിജയകരമാണെങ്കിൽ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജലവർഷിണി പദ്ധതിക്കായി എറണാകുളം, കോഴിക്കോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലാണ് മഴപ്പൊലിമ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

റവന്യൂ വകുപ്പാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.

## കുപ്പിവെള്ള വിതരണം നടത്തുന്ന കമ്പനികളും ലൈസൻസും

309(3918) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള വിതരണം നടത്തുന്ന കമ്പനികൾക്ക് ജലവിഭവവകുപ്പിൽ നിന്നും ലൈസൻസോ അനുമതിയോ ആവശ്യമുണ്ടോ;

(ബി) എങ്കിൽ ആയത് നല്കുന്നതിന്റെ ചുമതല ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് എത്ര കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുപ്പിവെള്ള വിതരണം നടത്തുന്ന കമ്പനികൾക്ക് സ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിന് ജലവിഭവ വകുപ്പിന് കീഴിലുള്ള ജലസേചന വകുപ്പിൽനിന്നും, ഭൂജലം ഉപയോഗപ്പെടുത്തി കുപ്പിവെള്ള വിതരണം നടത്തുന്ന കമ്പനികൾക്ക് ഭൂജല അതോറിറ്റിയിൽനിന്നും അനുമതി ആവശ്യമാണ്.

(ബി) സ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിന് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെയും ഭൂജലം ഉപയോഗപ്പെടുത്തി കുപ്പിവെള്ളം വിതരണം നടത്തുന്നതിന് ജലവിഭവ സെക്രട്ടറി ചെയർമാനും ഭൂജല വകുപ്പ് ഡയറക്ടർ സെക്രട്ടറിയുമായുള്ള സംസ്ഥാന ഭൂജല അതോറിറ്റിയുടെ അന്തിമമായ നിരാക്ഷേപപത്രം ആവശ്യമാണ്.

(സി) ജലവിഭവ വകുപ്പിന്റെ അധീനതയിൽ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) എന്ന സർക്കാർ നിയന്ത്രണ പൊതുമേഖലാ സ്ഥാപനം 'ഹില്ലി അക്വ' എന്ന കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ നിർമ്മാണ ജോലികൾ 14-1-2016-ൽ ആരംഭിച്ചത് പുരോഗമിച്ചുവരുന്നു. ഭൂജല അതോറിറ്റി അനുമതി നൽകിയിട്ടുള്ള കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എ.ഡി.ബി. പദ്ധതി

310(3919) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എന്ത് തുകയാണ് പ്രസ്തുത പദ്ധതിക്ക് എ.ഡി.ബി. സഹായമായി ലഭ്യമാക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ലഭ്യമാക്കുന്നതിന് സാമ്പത്തിക സഹായത്തിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. തുടർന്ന് പദ്ധതിയുടെ പ്രാഥമിക രൂപരേഖ (PPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു.

(ബി) പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിച്ചതിനുശേഷം എ.ഡി.ബി. യുടെയും അംഗീകാരം ലഭ്യമായാൽ മാത്രമേ പദ്ധതി ആരംഭിക്കാനാവുകയുള്ളൂ.

(സി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ എത്ര തുക വേണമെന്ന് നിശ്ചയിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു.

## കൊടുംവരൾച്ച നേരിടുന്നതിന് പദ്ധതി

311(3920) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുംവരൾച്ച കാരണം കേരളം നേരിടുന്ന കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും ദീർഘവീക്ഷണത്തോടും ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച മുൻകരുതൽ നടപടികൾ യഥാസമയം വിലയിരുത്തിയിട്ടുണ്ടോയെന്നും പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ജനകീയ പങ്കാളിത്തത്തോടെ ഈ വിഷയത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ശുദ്ധജല സംരക്ഷണത്തിന് സ്കൂൾതലം മുതൽ അവബോധം സൃഷ്ടിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>കേരള ജല അതോറിറ്റി :</u>

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന രീതിയിലുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് :

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.
3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.
4. ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കംചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.
6. തദ്ദേശഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾവഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകിവരുന്നുണ്ട്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞവ കൂടാതെ (വരൾച്ച സംബന്ധിച്ച) സ്ഥിതിഗതികൾ മേഖലാടിസ്ഥാനത്തിൽ നിരന്തരം അവലോകനം ചെയ്യുക, 24x7 പ്രവർത്തിക്കുന്ന കൺട്രോൾ റൂമിന്റെ പ്രവർത്തനംവഴി സത്വര പരാതി പരിഹാരം, വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ, Drought Management Cell-ന്റെ പ്രവർത്തനത്തോടെ ഏകോപിപ്പിക്കുക എന്നിവയും നടന്നുവരുന്നു.

വൈദ്യുതി, വനം, റവന്യൂ, പോലീസ്, ഗതാഗതം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നെയ്യാർ ഡാമിലെ കാപ്പുകാട് നിന്നും ജലം 1.5 കിലോമീറ്റർ പമ്പ് ചെയ്ത് അകലെയുള്ള തോടുവഴി കരമന നദിയിലെ അണിയിലക്കടവിൽ എത്തിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി. കിണറുകൾ/നദികൾ എന്നിവ സ്രോതസ്സായ കുടിവെള്ള പദ്ധതിയിൽ സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പുവരുത്താൻ സ്ഥിരം തടയണകൾ, റെഗുലേറ്റർ-കം-ബ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കാനുള്ള പദ്ധതികൾ ജലസേചന വകുപ്പുവഴി നടത്താനുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

ജലസേചന വകുപ്പ് :

സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ചമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ തടയണകൾ, വി.സി.ബി., ആർ.സി.ബി.കൾ, നദിയിലേയ്ക്ക് കടലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉപ്പുവെള്ള പ്രതിരോധ ബണ്ട് എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. വരൾച്ചയുടെ പശ്ചാത്തലത്തിൽ പൂർത്തീകരിച്ച തടയണകൾ, വി.സി.ബി., ആർ.സി.ബി.കൾ എന്നിവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.50 ലക്ഷം രൂപയുടെ അനുമതി നൽകി പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിലൂടെ 220 കുളങ്ങളും RRF പദ്ധതിയിലൂടെ 99 കുളങ്ങളും നവീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിലൂടെ ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് :

ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികൾ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, പഞ്ചായത്ത് ഡെപ്പോസിറ്റ് ഫണ്ട്, എം.എൽ.എ. എസ്.ഡി.എഫ്., എം.പി.-എൽ.എ.ഡി. എന്നിവയിൽ ഉൾപ്പെടുത്തിയാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി കൈ പമ്പുകളുടെ അറ്റകുറ്റപ്പണികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവുമാണ് നിലവിൽ വകുപ്പ് വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്നത്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ കുഴൽക്കിണർ നിർമ്മിച്ച് പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലം സംരക്ഷിക്കുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്നു.

ജലനിധി :

സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചു നടപ്പിലാക്കിവരുന്നു:

1. പൂർത്തീകരണ ഘട്ടത്തിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ മേയ് മാസത്തിനുള്ളിൽ ഘട്ടം ഘട്ടമായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2017 ഫെബ്രുവരി മുതൽ ഇതുവരെ 86 പദ്ധതികൾ പൂർത്തീകരിക്കുകയും 11,452 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക്, അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു വരുന്നതുമായ പദ്ധതികൾക്ക് എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം നടത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 42 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി 3000-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

4. ഭൂജല സംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വരൾച്ച നേരിടുന്നതിനായി ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം, സംസ്ഥാന സർക്കാരിന്റെ പദ്ധതി തുക ഉപയോഗിച്ച് മഴവെള്ള സംഭരണം-ഭൂജലപരിപോഷണം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗാർഹിക അടിസ്ഥാനത്തിലും വിദ്യാലയങ്ങളിലുമാണ് മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുന്നത്. ഇതിന്റെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിലും 1800 വ്യക്തിഗത കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം അവലോകനം ചെയ്യുന്നതിന് കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ ജലവിഭവ വകുപ്പ് സെക്രട്ടറിയും ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ സ്ഥിരമായി അവലോകനം ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് കുഴൽക്കിണർ അടിസ്ഥാനപ്പെടുത്തിയുള്ള വിവിധ പദ്ധതികൾ ഭൂജല വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനും കുടിവെള്ള വിതരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ തൃപ്തികരമാണ്.

(സി & ഡി) ഭൂജലത്തിന്റെ ദുരുപയോഗവും ജലചൂഷണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഭൂജല വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധ ക്ലാസ്സുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് സംഘടിപ്പിച്ചുവരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നത്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ ഭൂജല സംരക്ഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

ജലനിധി പദ്ധതിയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത സ്കൂൾ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ എല്ലാ വർഷങ്ങളിലേയും പോലെ ക്ലബ്ബുകളിലൂടെ ശുദ്ധജല സംരക്ഷണത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. കിറ്റിഷോ എന്ന നൂതന ആശയംവഴി കുട്ടികൾക്ക് ജലസംരക്ഷണത്തെപ്പറ്റിയുള്ള ബോധവൽക്കരണം നൽകുക.
2. തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകി, അതുവഴി വിദ്യാർത്ഥികളിലേയ്ക്കും ആശയങ്ങൾ എത്തിക്കുക.
3. വിദ്യാർത്ഥികൾക്കായി ജലനിധി രൂപകൽപ്പന ചെയ്തിറക്കിയ പുസ്തകങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്ത് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക.

**പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

312(3921) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ കാലഘട്ടത്തിൽ കുടിവെള്ള സംരക്ഷണത്തിന് പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാരിൽനിന്നും എന്തൊക്കെ സാമ്പത്തികസഹായമാണ് ഇതിന് നല്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പൊതു, സ്വകാര്യ ക്ഷേത്രം വക എന്നിവയിലായി ഏകദേശം 41028 കുളങ്ങൾ ഉണ്ടെങ്കിലും അവയിൽ പലതും കയ്യേറ്റം, മണ്ണിടിച്ചിൽ, എക്കൽ അടിയൽ, ചെടിപടലങ്ങൾ എന്നിവമൂലം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഓരോ പൊതു കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453

കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MGNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവർത്തിനടപ്പിലാക്കുന്നത്. ഇതിനായി ഏകദേശം 6011 കുളങ്ങളുടെ വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്ലാൻ സ്കീം/ സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയും കുളങ്ങൾ നവീകരിക്കുന്നതാണ്.

(ബി) MGNREGS-ന്റെ ഫണ്ട് ഉപയോഗിച്ചും ജലസേചന വകുപ്പിനു ടാങ്കുകളും കുളങ്ങളും പുനരുദ്ധരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ചുമാണ് ഈ പ്രവൃത്തികൾ ചെയ്യുന്നത്.

**ജലസ്രോതസ്സുകൾ കണ്ടെത്താൻ പ്രത്യേക ഉദ്യോഗസ്ഥതല അന്വേഷണ വിഭാഗം**

313(3922) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പല സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായത് ഉദ്യോഗസ്ഥരുടെ ദീർഘവീക്ഷണക്കുറവും മുൻകരുതലില്ലായ്മയും കൊണ്ടാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള വിതരണത്തിന് ചില സ്ഥലങ്ങളിൽ നില നിൽക്കുന്ന പ്രശ്നങ്ങൾ പരിഗണിക്കാത്തതും ബദൽ നടപടികൾ സ്വീകരിക്കാത്തതുമാണ് ഇന്നത്തെ സ്ഥിതിക്ക് കാരണമായതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ജല അതോറിറ്റി വേനൽക്കാല പൂർവ്വ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ ഇല്ലാതാക്കാമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേരളത്തിൽ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾക്കു പുറമെ, വരും കാലങ്ങളിലെ ജലക്ഷാമം കണക്കാക്കി ശക്തമായ ജലസ്രോതസ്സുകൾ കണ്ടെത്താൻ പ്രത്യേക ഉദ്യോഗസ്ഥതല അന്വേഷണ വിഭാഗത്തെ ചുമതലപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സാധ്യമായതും ലഭ്യമായതുമായ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ച് കുടിവെള്ള വിതരണത്തിന് എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുമ്പോൾ അത് എത്രയും പെട്ടെന്ന് തീർപ്പാക്കാൻ ശ്രദ്ധിക്കാറുണ്ട്.

(സി) സ്രോതസ്സുകളിൽ തടയണ കെട്ടിയും, നീർച്ചാലുകൾ നിർമ്മിച്ചും പുതിയ താൽക്കാലിക തടയണകൾ നിർമ്മിച്ചും തുടർച്ചയായി ഉണ്ടാകുന്ന ചോർച്ചമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പുതിയവ സ്ഥാപിച്ചും നിലവിലുള്ള കിണറുകൾ വൃത്തിയാക്കി കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തിയും നിലവിലുള്ള പമ്പുകളുടെയും ശുദ്ധീകരണ ശാലകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയും വേനൽക്കാല പൂർവ്വ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും മഴലഭ്യതയിൽ കനത്ത കുറവ് നേരിടുന്നതുമൂലം ചിലയിടങ്ങളിൽ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെട്ടിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം ദീർഘിപ്പിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ടാങ്കർ ലോറികളിലും ജലം എത്തിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കൃത്യനിർവ്വഹണത്തിനിടെ മരണമടഞ്ഞ ടി. വി. ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

314(3923) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ചാലക്കുടി സെക്ഷൻ ഓഫീസിനുകീഴിൽ ഫിറ്റർ തസ്തികയിൽ ജോലിയിലിരിക്കെ കൃത്യനിർവ്വഹണത്തിനിടെ വാഹനാപകടത്തിൽ 20-11-2015-ൽ മരണമടഞ്ഞ ടി. വി. ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ഇൻഷ്വറൻസ് ആനുകൂല്യം അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ വീഴ്ചമൂലം ഇനിയും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് ആനുകൂല്യം ഉടൻ നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) മരിച്ച ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖാമോൾക്ക് ആശ്രിത നിയമനം നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമായിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീ. ശിവഷാജന്റെ കുടുംബത്തിനുള്ള ഇൻഷ്വറൻസ് ആനുകൂല്യം കേരള വാട്ടർ അതോറിറ്റി ഫണ്ടിൽനിന്നും നൽകുന്നതിനുള്ള ഒരു ശിപാർശ കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 4-2-2016-ലെ കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷ പ്രകാരം ടി തുക ഇൻഷ്വറൻസ് വകുപ്പ് അനുവദിച്ചാൽ ആയത് കേരള വാട്ടർ അതോറിറ്റിയിൽ തിരികെ നൽകിക്കൊള്ളാം എന്ന വ്യവസ്ഥ പ്രകാരമാണ് ശിപാർശ ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുന്നത്.

(സി) മരിച്ച ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖാമോൾക്ക് ആശ്രിത നിയമനം നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വാട്ടർ അതോറിറ്റി ബോർഡിന്റെ ശിപാർശ അടക്കമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കി 11-5-2017-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ തീരുമാനം വൈകാതെ എടുക്കുന്നതാണ്.

(3849, 3859 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30.A.M.]

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ചോദ്യത്തിന് ഉപചോദ്യം ചോദിക്കുന്നതിലെ മാനദണ്ഡത്തെക്കുറിച്ച് പല അംഗങ്ങൾക്കും ധാരണയില്ല. ചെയർ അത് വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. ചെയറിന് മുന്നിൽ കാണുന്ന ആളുകളെയോ ആദ്യം കൈ ഉയർത്തിയ ആളുകളെയോ വിളിക്കുക എന്ന രീതിയല്ല സ്വീകരിക്കുന്നത്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും മാറിമാറി അംഗങ്ങളെ ക്ഷണിക്കും. കക്ഷികളെ പരിഗണിക്കും; ഒരു കക്ഷിയിൽനിന്നും ഒന്നിൽ കൂടുതൽ അംഗങ്ങൾ ഉന്നയിക്കുമ്പോൾ കക്ഷിനേതാക്കൾക്ക് പരിഗണന കൊടുക്കും; പിന്നീട് ഘടകകക്ഷികൾക്ക് കൊടുക്കും; പുതുമുഖങ്ങൾക്കും സംവരണപ്രകാരം കടന്നുവന്നവർക്കും പരിഗണന കൊടുക്കും; അങ്ങനെ എല്ലാ മാനദണ്ഡങ്ങളും പരിപാലിച്ചു കൊണ്ടാണ് ചെയ്യുന്നത്. അവസരങ്ങളുടെ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ട്; ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള ഉപചോദ്യങ്ങൾ എത്രയാണെന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യസമയത്ത് അത് ചെയറിന്റെ കയ്യിൽ ലഭ്യമാകുന്നുണ്ട്. ഇതെല്ലാം നോക്കിയിട്ടാണ് അംഗങ്ങളെ വിളിക്കുന്നത്. ശ്രീ. അടൂർ പ്രകാശിനെ ഒഴിവാക്കാൻവേണ്ടി ചെയ്യുതല്ല. ശ്രീ. റോജി എം. ജോണിന് ഒരു തവണ മാത്രമാണ് അവസരം ലഭിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അങ്ങേയ്ക്ക് മുമ്പ് അദ്ദേഹത്തിന് പരിഗണന നൽകിയത്. അത് മനസ്സിലാക്കുക.

## II അടിയന്തരപ്രമേയം

### കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം

മി. സ്പീക്കർ: മൂന്നുമാസംമുമ്പ് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷി യോഗത്തോടെ രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതിവന്നുവെന്ന് കരുതിയ കണ്ണൂർ ജില്ലയിൽ മേയ് 12 വെള്ളിയാഴ്ച നടന്ന ചൂരക്കാട്ട് ബിജുവിന്റെ കൊലപാതകത്തോടെ സമാധാന ജീവിതത്തിനുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ ഭീഷണിയും സംസ്ഥാന ഭരണത്തലവനായ ബഹുമാനപ്പെട്ട ഗവർണ്ണർ തന്നെ ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് നിർദ്ദേശം നൽകേണ്ടിവന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ്, ഡോ. എം. കെ. മുനീർ, ശ്രീ. അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ചട്ടം 304 പ്രകാരം ശ്രീ. ഒ. രാജഗോപാലും നോട്ടീസ് നൽകിയിട്ടുള്ളതായി സഭയെ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 മേയ് 12-ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ബി.ജെ.പി. പ്രവർത്തകനായ ബിജു കൊലചെയ്യപ്പെടുകയുണ്ടായി. ബിജുവിന്റെ മരണത്തിനിടയാക്കിയ സംഭവം ദൗർഭാഗ്യകരവും അപലപനീയവുമാണ്. ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫ് അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ചതുപോലെ സർവ്വകക്ഷി യോഗത്തോടെ രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതിവരുത്താൻ തന്നെയാണ് ശ്രമം. അത് തുടരുക തന്നെ ചെയ്യും. ഇത്തരം ചില സംഭവങ്ങളെ ആരും ന്യായീകരിക്കുന്നില്ല. ബിജുവിന്റെ മരണത്തിനിടയാക്കിയ സംഭവത്തിൽ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 510/2017 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ഐ.പി.സി. സെക്ഷൻ 302 അടക്കമുള്ള വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. തളിപ്പറമ്പ് സി.ഐ.-യാണ് അന്വേഷണ ഉദ്യോഗസ്ഥൻ. തളിപ്പറമ്പ് ഡിവൈ.എസ്.പി. അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നു. രാഷ്ട്രീയവിരോധം കാരണം സി.പി.ഐ.(എം) പ്രവർത്തകരാണ് കൊലപാതകത്തിന്റെ പിന്നിലെന്ന് ബിജുവിന്റെ കൂടെയുണ്ടായിരുന്ന രാജേഷ് പോലീസിന് നൽകിയ മൊഴിയിൽ പറയുന്നു. മോട്ടോർ സൈക്കിളിൽ തന്റെ സുഹൃത്തായ ബിജുവിനെ പിറകിലിരുത്തി മുട്ടത്ത് നിന്നും കക്കംപാറയിലേയ്ക്ക് മോട്ടോർ ബൈക്ക് ഓടിച്ചുവരുന്നതിനിടയിൽ ഇന്നോവ കാറിൽ പിന്തുടർന്ന് ബൈക്കിന്റെ പിറകിൽ ഇടിച്ചുവീഴ്ത്തി, വെട്ടി കൊലപ്പെടുത്തിയെന്നാണ് പോലീസിന് കിട്ടിയ മൊഴിയിൽ ആരോപിക്കുന്നത്. 11-7-2016-ന് പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ രാമന്തളിയിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ധൻരാജിനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായിരുന്നു ബിജു. രാഷ്ട്രീയ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാ കക്ഷികൾക്കും ഉത്തരവാദിത്വമുണ്ട്. 2017 ഫെബ്രുവരി 14-ന് സർവ്വകക്ഷി യോഗത്തിന് മുന്നോടിയായി ഉഭയകക്ഷി ചർച്ച നടത്തുകയുണ്ടായി. 2017 ഫെബ്രുവരി 14-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രാഷ്ട്രീയകക്ഷികളുടെ സംസ്ഥാന, ജില്ലാ ഭാരവാഹികൾ പങ്കെടുത്ത സർവ്വകക്ഷി സമാധാനയോഗം കണ്ണൂരിൽ നടക്കുകയുണ്ടായി. ഈ സർവ്വകക്ഷി യോഗതീരുമാനപ്രകാരം എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിയിലും സ്ഥിരം സമാധാന സമിതികൾ രൂപീകരിക്കാനും ഓരോ രാഷ്ട്രീയ പാർട്ടിയും സർവ്വകക്ഷി യോഗത്തിലേയ്ക്ക് ഒരു സ്ഥിരം അംഗത്തെ നിയോഗിക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതിനെത്തുടർന്ന് 220 പ്രാദേശിക സർവ്വകക്ഷിയോഗങ്ങൾ നടന്നിട്ടുണ്ട്. ഈ യോഗങ്ങളിലെല്ലാം ജനപ്രതിനിധികൾക്കും രാഷ്ട്രീയനേതാക്കൾക്കും പുറമേ റവന്യൂ, പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. കളക്ടറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളും ജനപ്രതിനിധികളും പങ്കെടുത്ത് കൊലപാതകം നടന്ന പ്രദേശവും വീടും

സന്ദർശിക്കാനും തീരുമാനിച്ചിരുന്നു. ഇതിന്റെയൊക്കെ ഫലമായി ജില്ലയിലെ രാഷ്ട്രീയ സംഘർഷത്തിന് അയവ് വന്നിരുന്നു. കഴിഞ്ഞ ദിവസം നടന്ന ദൗർഭാഗ്യകരമായ സംഭവം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന ശ്രമങ്ങൾക്ക് വിഘാതമാകരുത് എന്ന ലക്ഷ്യത്തോടെ ഉഭയകക്ഷി ചർച്ചയിൽ പങ്കെടുത്ത പ്രധാന നേതാക്കന്മാരുമായി മുഖ്യമന്ത്രി ബന്ധപ്പെടുകയും സംഘർഷം പടരാതിരിക്കാൻ അവരുടെ സഹായവും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെന്ന് കരുതുന്ന രണ്ടുപേർ പോലീസ് കസ്റ്റഡിയിലാണ്. പ്രതികൾ ഉപയോഗിച്ചതായി കരുതുന്ന വാഹനം കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. മറ്റുള്ളവരെ പിടികൂടാനുള്ള ഊർജ്ജിതശ്രമം നടക്കുന്നുണ്ട്. പോലീസ് കർശനമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കും. കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരും. കൊലപാതകങ്ങൾ ആരും ആഗ്രഹിക്കുന്ന കാര്യമല്ല. സമാധാന യോഗത്തിനു ശേഷമുള്ള മൂന്നുമാസക്കാലയളവിൽ പയ്യന്നൂരിൽ യാതൊരു രാഷ്ട്രീയ അക്രമസംഭവങ്ങളുമുണ്ടായിരുന്നില്ല. സമാധാനശ്രമങ്ങൾക്ക് നല്ല ഫലമുണ്ടായി എന്നത് വസ്തുതയാണ്. ജില്ലയിലെ മറ്റുഭാഗങ്ങളിലുണ്ടായ രാഷ്ട്രീയ അക്രമസംഭവങ്ങളിൽ നിയമപരമായ നടപടികൾ പോലീസ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ, ഒ. രാജഗോപാലിന്റെ നേതൃത്വത്തിൽ ബി.ജെ.പി. പ്രതിനിധി സംഘം 13-5-2017-ന് ബഹുമാനപ്പെട്ട ഗവർണറെ കണ്ട് നൽകിയ നിവേദനം ഗവർണർ സർക്കാരിന് അയച്ചുതന്നിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ ഒഴിവാക്കുകയും സമാധാനം നിലനിർത്തുകയും ചെയ്യുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 1958-ൽ കേന്ദ്രം കൊണ്ടുവന്ന സായുധസേനാ പ്രത്യേക അധികാര നിയമം കണ്ണൂരിൽ നടപ്പാക്കണമെന്ന് ബി.ജെ.പി. പ്രതിനിധി സംഘം ബഹുമാനപ്പെട്ട ഗവർണർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കിയ നിയമമാണിത്. കേരളത്തിൽ ബാധകമാക്കണമെങ്കിൽ പ്രത്യേകനിയമം കൊണ്ടുവരണം. സായുധസേന പ്രത്യേക അധികാര നിയമം നടപ്പാക്കുന്നതിനോട് സംസ്ഥാന സർക്കാരിന് യോജിപ്പില്ല. മണിപ്പൂരിൽ ഈ നിയമം നടപ്പിലാക്കിയതിന്റെ പ്രത്യാഘാതം നമ്മൾ കണ്ടിട്ടുള്ളതാണ്. അവിടെ ഇറോം ശർമ്മിള നടത്തിയ ഒറ്റയാൾ പോരാട്ടവും അതിന് ലഭിച്ച ദേശീയ ശ്രദ്ധയും മറന്നുകൂടാ. ഇത് നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെല്ലാം പൗരാവകാശ ലംഘനത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ധാരാളം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഐക്യരാഷ്ട്രസഭ നിയോഗിച്ച മനുഷ്യാവകാശ കമ്മീഷനടക്കമുള്ള അന്വേഷണ ഏജൻസികളും ഈ നിയമം നടപ്പിലാക്കിയ കിഴക്കേ ഇന്ത്യയിൽ നടന്നുവരുന്ന മനുഷ്യാവകാശ ലംഘനങ്ങളേയും കസ്റ്റഡി മരണങ്ങളെയും ചൂണ്ടിക്കാണിച്ച് ഈ നിയമം പിൻവലിക്കണമെന്നാണ് ശിപാർശ നൽകിയത്. വടക്കുകിഴക്കൻ സംസ്ഥാനമായ

ത്രിപുരയിൽ ഈ ആക്ട് നടപ്പാക്കാതെ തന്നെ സമാധാനം നിലനിർത്താനുള്ള ശ്രമം വിജയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ തനിക്ക് കിട്ടിയ നിവേദനം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരിന് കൈമാറുക എന്ന ഭരണഘടനാ ചുമതലയാണ് നിറവേറ്റിയത്. എന്നാൽ തങ്ങൾ ആഗ്രഹിച്ച രീതിയിൽ ഗവർണ്ണർ പ്രവർത്തിക്കുന്നില്ല എന്നാരോപിച്ച് സംസ്ഥാന ബി.ജെ.പി. നേതാക്കൾ ഗവർണറെ ഭീഷണിപ്പെടുത്തി കേന്ദ്രത്തെക്കൊണ്ട് ഇടപെടുത്താനാണ് ശ്രമിക്കുന്നത്. ഡൽഹിയിലെ ബി.ജെ.പി. നേതാക്കളാകട്ടെ, സി.പി.ഐ.(എം) നേതാക്കളെ ഡൽഹിയിൽ കാലുകുത്തുവാൻ അനുവദിക്കില്ലെന്നും പ്രഖ്യാപിക്കുക യുണ്ടായി. ഇതെല്ലാം ഫാസിസ്റ്റ് സ്വഭാവമാണ് വെളിപ്പെടുത്തുന്നത്. ഇവിടെയുണ്ടായ സംഭവത്തിൽ പോലീസ് കൃത്യമായി ഇടപെടുകയും ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു അടിയന്തരസ്വഭാവവും ഇതിലില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ അഭിപ്രായത്തോട് ഞങ്ങൾ ഭാഗികമായി യോജിക്കുകയാണ്. അങ്ങ് പറഞ്ഞതു പോലെ മൂന്നുമാസംമുമ്പ് അവിടെ നടന്ന സമാധാന ചർച്ചയിലൂടെ കണ്ണൂരിലെ സമാധാനം പുനഃസ്ഥാപിക്കപ്പെടുമെന്ന് ഞങ്ങളെല്ലാം വിചാരിച്ചതാണ്. ഒരു ചർച്ചയുടെ റെയ്ഞ്ച് മൂന്നുമാസമാണോ? മൂന്നുമാസം കഴിഞ്ഞ് വീണ്ടും കൊലപാതകമുണ്ടായി. അങ്ങ് ശ്രദ്ധിക്കേണ്ട കാര്യം, ഇപ്പോൾ ബിജുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പയ്യന്നൂരിൽ ഒരു സംഘർഷമുണ്ടായിട്ടില്ല; രാഷ്ട്രീയ സംഘർഷങ്ങൾ ഉണ്ടായില്ല. ഒരു വിവാദവും ഉണ്ടായിട്ടില്ല. അങ്ങ് പറഞ്ഞതുപോലെ കുന്നരിവീട് ധൻരാജ് കേസിലെ പന്ത്രണ്ടാം പ്രതിയായ ബിജുവിനെ വളരെ ബോധപൂർവ്വം മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയനുസരിച്ച് കൊല ചെയ്യുകയായിരുന്നു. അതിന്റെ അർത്ഥം ഈ കൊലപാതകങ്ങളെല്ലാം ആസൂത്രിതമാണെന്നും എത്ര ചർച്ച നടത്തിയാലും ഇതൊന്നും അവസാനിക്കാൻ പോകുന്നില്ലെന്നുമാണ്. സംഭവം ദൗർഭാഗ്യകരമാണെന്ന് അങ്ങ് പറഞ്ഞു. അതോടൊപ്പം ഇത് ഒറ്റപ്പെട്ട സംഭവമാണെന്ന് അങ്ങ് പറഞ്ഞത് ഞങ്ങളെ വേദനിപ്പിച്ചു. അങ്ങ് മുഖ്യമന്ത്രിയായ ശേഷം കേരളത്തിൽ 18 കൊലപാതകങ്ങളുണ്ടായി. എല്ലാം ഒറ്റപ്പെട്ടതല്ലേ? ഇനി ഒറ്റപ്പെട്ടതല്ലാതായി മാറണമെങ്കിൽ കൂട്ടകൊലപാതകങ്ങളുണ്ടാകണമോ? ഈ 18 രാഷ്ട്രീയ കൊലപാതകങ്ങളും വളരെ ബോധപൂർവ്വം ആസൂത്രണം ചെയ്ത് നടത്തിയതാണ്. അതിനെ ഒറ്റപ്പെട്ടതായി കണ്ട് ലഘൂകരിക്കുന്നത് ശരിയായ കാര്യമല്ല. 2016 മേയ് മാസം മുതൽ ഒരു കൊല്ലത്തിനിടയിൽ സംസ്ഥാനത്ത് 18 രാഷ്ട്രീയകൊലപാത കങ്ങളാണ് ഉണ്ടായത്. കണ്ണൂർ ജില്ലയിൽ മാത്രം 8 കൊലപാതകങ്ങൾ,

5 ബി.ജെ.പി. പ്രവർത്തകരും 3 സി.പി.ഐ.(എം) പ്രവർത്തകരും കൊല ചെയ്യപ്പെട്ടു. ഇത് അതീവ ഗൗരവതരമെന്ന് പറയാൻ കാരണം കൊലപാതകങ്ങളുടെയെല്ലാം ഒരു ഭാഗത്ത് ദേശീയ ഭരണകക്ഷിയായ ബി.ജെ.പി.-യും മറുഭാഗത്ത് സംസ്ഥാന ഭരണകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയുമാണ്. പെയിന്റിംഗ് തൊഴിലാളിയായ ബിജു മംഗലാപുരത്തുനിന്നും പഴയങ്ങാടിയിൽ ട്രെയിനിൽ വന്നിറങ്ങി സുഹൃത്തിന്റെ ബൈക്കിൽ വീട്ടിലേയ്ക്ക് പോകവേ ആളൊഴിഞ്ഞ സ്ഥലത്തുവച്ച് അദ്ദേഹത്തെ അക്രമികൾ വളരെ ക്രൂരമായി വെട്ടി കൊലപ്പെടുത്തി. ഇതുപോലെ സി.പി.ഐ.(എം) പ്രവർത്തകനായ കുന്നരിവീട്ടിലെ ധൻരാജിനെ വീട്ടുമുറ്റത്ത് സ്വന്തം ഭാര്യയുടെ മുമ്പിൽവച്ച് ക്രൂരമായി കൊലപ്പെടുത്തി. ആ ദിവസം തന്നെ ഒറ്റ രാത്രി കൊണ്ട് പയ്യന്നൂരിൽ രണ്ടുപേരെയാണ് വെട്ടിക്കൊന്നത്. രാത്രി 10.30-ന് സി.പി.ഐ.(എം) പ്രവർത്തകനായ ധൻരാജിനെ വെട്ടിക്കൊന്നു. രണ്ട് മണിക്കൂർ കഴിഞ്ഞ് 12.30-ന് ബി.ജെ.പി. കാരനെ കൊന്ന് പകരംവീട്ടി. എതിരാളികളെ കൊന്നൊടുക്കുവാൻ രാഷ്ട്രീയ മത്സരമാണ് നടക്കുന്നത്. കൊലപാതകത്തിന്റെ റെയ്ഞ്ചിൽ നിങ്ങൾ മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും മത്സരിക്കുകയാണ്. ബിജുവിന്റെ കൊലപാതകം കഴിഞ്ഞ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, പയ്യന്നൂരിൽ സി.പി.ഐ.(എം) പ്രവർത്തകൻ ധൻരാജിന്റെ കൊലപാതകം ബി.ജെ.പി. നേതൃത്വത്തിന്റെ അറിവോടു കൂടിയാണെന്നാണ്. ഇതുപോലെയല്ലേ മറിച്ചുമുണ്ടാകുന്നത്. കണ്ണൂർ ജില്ലയിൽ സി.പി.ഐ.(എം) അറിയാതെ ഒരിലയെങ്കിലും അനങ്ങുമോ? ഓരോ സംഭവങ്ങളിലും അങ്ങയുടെ പാർട്ടിക്ക് പങ്കാളിത്തമില്ലേ? ബിജുവിന്റെ കൊലപാതകത്തിൽ തങ്ങൾക്ക് യാതൊരു പങ്കുമില്ലെന്ന് പയ്യന്നൂർ ഏരിയ കമ്മിറ്റി പറഞ്ഞു. ടി. പി. ചന്ദ്രശേഖരൻ കൊലപാതകമടക്കം ഏതെങ്കിലും സംഭവങ്ങളിൽ പങ്കുണ്ടെന്ന് നിങ്ങൾ പറഞ്ഞിട്ടുണ്ടോ? ഇല്ല. പറഞ്ഞ് ഒഴിയുകയാണ്. യാഥാർത്ഥ്യം നമ്മൾക്ക് അറിയാമല്ലോ; എന്തിനാണ് മനഃസാക്ഷിയെ വഞ്ചിക്കുന്നത്? ബോധപൂർവ്വമായ കൊലപാതകത്തിന് അട്ടപ്പുകുട്ടിയശേഷം കൈകഴുകി മാറാൻ നിങ്ങൾ ശ്രമിക്കുന്നു. ഈ കൊലക്കേസിലെ പ്രതികളായ രണ്ടുപേരെ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലുണ്ടെന്ന് പറഞ്ഞു. അവരാണോ യഥാർത്ഥ പ്രതികൾ? ഇതിന്റെ പിന്നിൽ ബോധപൂർവ്വമായ ഗൂഢാലോചനയുണ്ട്. അവർ രക്ഷപ്പെട്ടുപോകുന്നു. വാടകക്കൊലയാളികൾ ശിക്ഷിക്കപ്പെടുന്നു. ഈ സാഹചര്യം അവസാനിക്കണ്ടേ? ബി.ജെ.പി. നേതാക്കൾ ബഹുമാനപ്പെട്ട ഗവർണർക്ക് ഒരു നിവേദനം കൊടുത്തു, അദ്ദേഹം അത് ഗവൺമെന്റിന് അയച്ചുതന്നു. അസാധാരണമായി ഗവർണർ പറയുന്നത്- "ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുക; അസ്വസ്ഥതയുളവാക്കുന്ന ഇത്തരം സംഭവങ്ങൾക്ക് അറുതിവരുത്തി സമാധാനം ആഗ്രഹിക്കുന്ന ജനങ്ങൾക്ക് മാതൃകാപരമായ

സന്ദേശം നൽകണമെന്നാണ്." ഇത് ഗവൺമെന്റിനോടുള്ള പരസ്യമായ അവിശ്വാസ പ്രകടനമല്ലേ. നിയമവാഴ്ചയുടെ നിയന്ത്രണം നഷ്ടപ്പെട്ടതിന്റെ സൂചനയല്ലേ ഇത്. ഞങ്ങളെ ന്യായീകരിക്കേണ്ട. അങ്ങയുടെ അടുത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടി, സി.പി.ഐ.-യുടെ മുഖപത്രമായ ജനയുഗത്തിന്റെ ഇന്നത്തെ മുഖപ്രസംഗം അങ്ങ് വായിച്ചുനോക്കണം. ഞാൻ പറയുന്നതല്ല, ജനയുഗത്തിന്റെ മുഖപ്രസംഗത്തിൽ എന്താണ് പറയുന്നത്- "..... കണ്ണൂരിൽ കാലങ്ങളായി തുടർന്നുവരുന്നത് അക്രമ, കൊലപാതക രാഷ്ട്രീയ സംസ്കാരമാണ്, അത്തരത്തിൽ കേരളത്തിന്റെ സമൂഹ മനഃസാക്ഷിയെ അസ്വസ്ഥമാക്കുന്നത്. അവിടെ തുടർന്നുവരുന്ന അക്രമ, കൊലപാതക പരമ്പരകൾ ഒന്നുപോലും പൊടുന്നനെ ഉണ്ടാവുന്ന ഒന്നല്ല, അവ ഓരോന്നും കുറ്റമറ്റ രീതിയിൽ ആസൂത്രണം ചെയ്യപ്പെട്ട് സുസംഘടിതമായി നടപ്പാക്കുന്ന കൊടുംപാതകങ്ങളാണ്. നാടിനും ജനതയ്ക്കും അപമാനകരമായ ഇത്തരം നിഷ്ഠൂര സംഭവങ്ങളെ നിശിതമായി അപലപിക്കാനും കുറ്റവാളികളെ തള്ളിപ്പറയാനും ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ നേതൃത്വം സന്നദ്ധമാകുന്നില്ലെന്നത് മഹാഭൂരിപക്ഷം വരുന്ന സമാധാനകാംക്ഷി കളായ ജനങ്ങൾക്കും ഉൾക്കൊള്ളാനാവാത്ത രാഷ്ട്രീയ വൈകൃതമാണ്. അതിലുമപ്പുറം അത്തരം കൊടുംകുറ്റവാളികൾക്ക് രാഷ്ട്രീയത്തിന്റെ പരിവേഷം നൽകി സംരക്ഷിക്കുവാൻ ശ്രമിക്കുന്നു, അവരെ സഹായിക്കുന്നു. നാടിനെ കൊലക്കളമാക്കി, കുടുംബങ്ങളെ വിലാപഭൂമികളുമാക്കി മാറ്റുന്ന ഗൂഢാലോചന കളെയും അക്രമ, കൊലപാതക രാഷ്ട്രീയത്തെയും പരസ്യമായി തള്ളിപ്പറയാതെയും അത്തരം കുറ്റവാളികൾക്ക് രാഷ്ട്രീയത്തിലും രാഷ്ട്രീയസംഘടനകളിലും സ്ഥാനമില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ച് നടപ്പിലാക്കാതെ ഈ മണ്ണിൽ നിന്ന് ദീനരോദനം അവസാനിക്കുകയില്ല......" ജനയുഗം മുഖപ്രസംഗമാണ് ഞാൻ വായിച്ചത്. ആരോടാണ് ഇത് പറയുന്നത്? കോൺഗ്രസ്സിനോടാണോ? അല്ല. അങ്ങയുടെ പാർട്ടിയോടാണ് പറയുന്നത്. കൊലപാതകികൾക്ക് രാഷ്ട്രീയ മാന്യത കൊടുക്കാതെ ഒറ്റപ്പെടുത്താൻ തയ്യാറാകണമെന്ന് അങ്ങയുടെ മുന്നണിയിലെ രണ്ടാമത്തെ കക്ഷി പറയുന്നു. ബി.ജെ.പി. സംഘം ഗവർണറെ കണ്ടു, അദ്ദേഹം അവരുടെ നിവേദനം അങ്ങേയ്ക്ക് അയച്ചുതന്നുവെന്ന് അങ്ങ് പറഞ്ഞു. അതിനുശേഷം ബി.ജെ.പി. നേതാക്കൾ ബഹുമാനപ്പെട്ട ഗവർണറെപ്പറ്റി നടത്തിയ പരാമർശങ്ങൾ വളരെയേറെ നിർഭാഗ്യകരമാണ്. ബി.ജെ.പി.-യുടെ വീട്ടിലെ കൂലിപ്പണി ക്കാരനാണോ ഗവർണർ? മിതമായ ഭാഷയിൽ പറഞ്ഞാൽ ആ പരാമർശങ്ങൾ വലിയ മൗഢ്യമായിപ്പോയി. ബഹുമാനപ്പെട്ട ശ്രീ. ഒ. രാജഗോപാൽ, അങ്ങ് സീനിയറായ നേതാവാണ്, അങ്ങ് പറഞ്ഞുകൊടുക്കണം. ബി.ജെ.പി. ദേശീയ ഭരണകക്ഷിയാണ്. ഒരു ഗവർണറെ അപമാനിച്ച നടപടി അംഗീകരിക്കാൻ ആർക്കെങ്കിലും സാധിക്കുമോ? ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസായ

ശ്രീ. പി. സദാശിവത്തെപ്പറ്റിയുള്ള ബി.ജെ.പി.-യുടെ പരാമർശം പിൻവലിച്ച് അവർ പരസ്യമായി മാപ്പുപറയണം. എന്തുകൊണ്ടാണ് കണ്ണൂർ ജില്ല മാത്രം ഇങ്ങനെ വ്യത്യസ്തമായി കൊലപാതക വേദിയാകുന്നത്? ബി.ജെ.പി.-യാണെങ്കിലും സി.പി.ഐ.(എം) ആണെങ്കിലും കൊലപാതകങ്ങളെ ന്യായീകരിക്കുന്നു; കൊലപാതകികളെ സംരക്ഷിക്കുന്നു. അത് അങ്ങ് മനസ്സിലാക്കണം. കൊലപാതകം കഴിഞ്ഞാൽ കൊലപാതകത്തെ ന്യായീകരിക്കുന്ന നിലപാടുകൾ, സി.പി.ഐ.(എം) വാങ്ങിയാൽ മുതലും പലിശയും ചേർത്ത് തിരിച്ചുകൊടുക്കുന്ന പാർട്ടിയാണെന്നാണ് ചിലർ പറയുന്നത്. അണികളെ അക്രമാസക്തരാക്കാൻ ബോധപൂർവ്വമായി ശ്രമിക്കുന്നു; കൊലയാളികൾക്കുവേണ്ടി ഫണ്ട് ശേഖരണം; അവരുടെ കുടുംബങ്ങൾക്ക് പൂർണ്ണമായ സംരക്ഷണം; അവർക്ക് രക്തസാക്ഷി പരിവേഷം, നിയമ സംരക്ഷണം. ഡി.വൈ.എഫ്.ഐ.-യുടെ പരിഹാസ്യമായ മുഖം കഴിഞ്ഞയാഴ്ച ഒരു യാത്രയിലൂടെ കണ്ടു. യുവജനങ്ങളുടെ അവകാശ സമരങ്ങളിൽ ഡി.വൈ.എഫ്.ഐ. മുൻപന്തിയിലാണ്. കൊലക്കേസുകളിലെ പ്രതികൾക്കു വേണ്ടി ഡി.വൈ.എഫ്.ഐ. ഒരു നീതിയാത്രയുമായി പോയത് വളരെയേറെ അപമാനകരമായിപ്പോയി. ഞാൻ ആ കേസിന്റെ മെരിറ്റിലേയ്ക്ക് പോകുന്നില്ല .....(ബഹളം)........

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പറഞ്ഞത് പറഞ്ഞതുതന്നെയാണ്. കൊലപാതകങ്ങളിൽ പ്രതികളായ കാരായി ചന്ദ്രശേഖരനും കാരായി രാജനും നീതിക്കുവേണ്ടി നീതിയാത്രകനായി പോയത് നിയമവാഴ്ചയോടുള്ള വെല്ലുവിളിയാണ്. ഹൈക്കോടതിക്കുമുമ്പിൽ ജഡ്ജിമാരെ നാടുകടത്താൻ സമരം ചെയ്തവരാണ് നിങ്ങൾ .....(ബഹളം)........വിധി തങ്ങൾക്ക് ഇഷ്ടമല്ലെങ്കിൽ ജഡ്ജിമാർക്കെതിരെ സമരം ചെയ്യും. ആ ശൈലി ശരിയല്ല.....(ബഹളം)........

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ഇരിക്കൂ..... നിങ്ങൾക്ക് പരസ്പരം പറയാനുള്ളത് ചർച്ചയിൽ പറയൂ.....(ബഹളം)........

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ 13 ജില്ലകളിൽനിന്നും കണ്ണൂർ ജില്ല വ്യത്യസ്തമായ ജില്ലയാണ്. കണ്ണൂർ ജില്ല സംസ്ഥാന മുഖ്യമന്ത്രിയുടെയും സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ജില്ലയാണ്. അതുകൊണ്ടുതന്നെ ഭരണകക്ഷിയായ മാർക്സിസ്റ്റ് പാർട്ടിക്ക് മറ്റേതൊരു പാർട്ടിയേക്കാളും കണ്ണൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ ബാധ്യതയും ചുമതലയുമുണ്ട്. അങ്ങ് മൂന്നുമാസം മുമ്പ് കണ്ണൂരിൽ എല്ലാപാർട്ടികളുമായി ചർച്ച നടത്തി, ചർച്ചയ്ക്ക് മുമ്പായി ശ്രീ. കുമ്മനം രാജശേഖരനുമായി സംസാരിച്ച

ധാരണയുണ്ടാക്കി. ആ ധാരണ നടപ്പിലാകണമെങ്കിൽ അങ്ങയുടെ പാർട്ടി തീരുമാനിക്കണം, ബി.ജെ.പി. തീരുമാനിക്കണം. ഇനിയൊരു കൊലപാതകം കണ്ണൂരിന്റെ മണ്ണിൽ ഉണ്ടാകുകയില്ലെന്ന് അങ്ങ് തീരുമാനിച്ചാൽ, ബി.ജെ.പി. തീരുമാനിച്ചാൽ, കണ്ണൂരിൽ സമാധാനമുണ്ടാകും. ദയവായി ഇനിയും ഈ സഭയിൽ കണ്ണൂരിലെ കൊലപാതകം ചർച്ചയാകാൻ അവസരം ഉണ്ടാകരുത്. വളരെയേറെ ദൗർഭാഗ്യകരമാണ് ഈ സംഭവങ്ങൾ. കണ്ണൂർ ജില്ലയിൽ മാത്രം സംഘർഷങ്ങൾ ആവർത്തിക്കുന്നു. യാതൊരു പ്രകോപനവുമില്ലാതെ മുഖ്യമന്ത്രി......

ശ്രീ. എ. എൻ. ഷംസീർ : സർ, ......

മി. സ്പീക്കർ : ശ്രീ. എ. എൻ. ഷംസീർ എന്താണ്? അവിടെ ഇരിക്കു പ്ലീസ്... ചർച്ചയിൽ നിങ്ങൾക്ക് പറയാനുള്ളത് പറഞ്ഞാൽ പോരേ.. അങ്ങ് പറഞ്ഞു കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ മൂന്നുമാസംമുമ്പ്, ഫെബ്രുവരി 14-ാം തീയതി എം.എൽ.എ.-മാരും കക്ഷിനേതാക്കളും പങ്കെടുത്ത ഓൾ പാർട്ടി യോഗം മുഖ്യമന്ത്രി വിളിച്ചുകൂട്ടി. ഇടതുനയം അംഗീകരിച്ചാൽ മാത്രം പോലീസിന് സർക്കാർ സംരക്ഷണം എന്നാണ് യോഗം കഴിഞ്ഞതിനുശേഷം അങ്ങ് പറഞ്ഞത്. പോലീസ് നിഷ്പക്ഷമായിരിക്കുമെന്നും കണ്ണൂരിലെ പോലീസ് യഥാർത്ഥ പോലീസായി മാറുമെന്നും അങ്ങ് പറഞ്ഞു. കണ്ണൂരിലെ പോലീസ് യഥാർത്ഥ പോലീസാണോ? ഒരു കൊല്ലത്തിനിടയിൽ നാല് ജില്ലാ പോലീസ് സൂപ്രണ്ടുമാർ കണ്ണൂർ ജില്ലയിലുണ്ടായി. അത് എന്തുകൊണ്ടാണ്? സി.പി.ഐ.(എം)-ന്റെ ആജ്ഞാനുവർത്തികളല്ലെങ്കിൽ അവിടെയിരിക്കാൻ സാധിക്കില്ല. കണ്ണൂരിലെ പോലീസ് മാർക്സിസ്റ്റ് പാർട്ടിയുടെ 'ബി' ടീമായി മാറിയിരിക്കുന്നു. കണ്ണൂരിലെ പോലീസിന് സ്വാതന്ത്ര്യമില്ല. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി അറിയാതെ അവിടെയൊന്നും നടക്കില്ല. ദയവായി ഈ സാഹചര്യം മാറണം. അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയാണ്, കണ്ണൂരിലെ എം.എൽ.എ.ആണ്. കണ്ണൂർ ജില്ലയിലെ പ്രബലമായ പാർട്ടി മാർക്സിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ട്, കണ്ണൂരിലെ വേദന, കണ്ണൂരിന്റെ കണ്ണുനീർ ഈ സഭയിൽ ഇനിയും ചർച്ച ചെയ്യാൻ ഇടയാകരുത്. അങ്ങ് നടപടി സ്വീകരിക്കണം. മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകാത്തതുകൊണ്ടും കണ്ണൂരിലെ കൊലപാതകങ്ങൾ ആവർത്തിക്കുന്നതുകൊണ്ടും ഇക്കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കഴിഞ്ഞ ഫെബ്രുവരി 14-ന് നടന്ന സമാധാന സംഭാഷണം ഗൗരവപൂർവ്വം തന്നെയാണ് എല്ലാ കക്ഷികളും

എടുത്തിരുന്നത്. ബഹുമാന്യനായ കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ, ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തിയതിനുശേഷം സർവ്വകക്ഷിയോഗവും നടന്നു. എല്ലാവരും ഗൗരവമായി തന്നെ ആ പ്രശ്നം എടുത്തിരുന്നു. സമാധാന സംഭാഷണ ഘട്ടത്തിൽത്തന്നെ അതുമായി ബന്ധപ്പെട്ട് ഒരു ധാരണയുണ്ടായിരുന്നു. സമാധാന സംഭാഷണമെന്നത് ഓരോ കക്ഷികളുടെയും പ്രധാന നേതാക്കന്മാർ പങ്കെടുത്തുകൊണ്ട് നടത്തുന്നതാണ്. ഇത് താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനുള്ള നല്ല ശ്രമങ്ങൾ നടക്കണമെന്ന് അപ്പോൾത്തന്നെ തീരുമാനിച്ചിരുന്നു. ഏതെങ്കിലും കാരണവശാൽ ഇതിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും സംഭവങ്ങൾ ഉണ്ടാവുകയാണെങ്കിൽ സംഭവം നടന്ന സ്ഥലത്ത് യോജിച്ച ഇടപെടൽ വേണമെന്നും തീരുമാനിച്ചിരുന്നു. അതിന് ഫലമുണ്ടായി എന്നതാണ് ഈ സംഭവം നടക്കുന്നതുവരെയുള്ള സംഭവങ്ങളിലെല്ലാം കണ്ടിട്ടുള്ളത്. ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ സംഭവങ്ങളൊന്നും മറ്റൊരു രീതിയിലേയ്ക്ക് വളരാതിരിക്കാൻ പറ്റുന്ന ഇടപെടലുകളുണ്ടായതിന്റെ ഫലമായി ആ സംഭവങ്ങൾക്ക് പിന്നിൽ ഒരു തുടർച്ചയുണ്ടായില്ല. നല്ല രീതിയിൽത്തന്നെ ആ സമാധാന സംഭാഷണത്തിന് ഫലമുണ്ടെന്ന പൊതുപ്രതീതി നിലനിൽക്കുകയായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് ഈ സംഭവം നടക്കുന്നത്. സമാധാന സംഭാഷണ ത്തിന്റെ തുടർച്ചയായി സമാധാന ശ്രമങ്ങൾ വിജയിക്കുമോ എന്ന ചോദ്യത്തിന്, അതുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്ന് കാണാൻ കഴിയും എന്നാണ് ഞാൻ പറഞ്ഞത്. അവിടെ തന്നെയാണ് ഞാൻ നിൽക്കുന്നത്. ഈ ഒറ്റപ്പെട്ട സംഭവം, എല്ലാവരും അപലപിക്കേണ്ട സംഭവമാണ്, ഇതിനെ അപലപിച്ചിട്ടുമുണ്ട്. ബഹുമാന്യനായ കെ. സി. ജോസഫ് പറഞ്ഞതുപോലെ, അവിടെയുള്ള സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റി തന്നെ അവർ അറിയാതെയുള്ള, അവരുടെ ഉത്തരവാദിത്വത്തിലുള്ള കാര്യമല്ലെന്ന് വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബിജുവിനോടൊപ്പമുള്ള ആൾ രാഷ്ട്രീയ വിരോധമാണ് ഈ അക്രമണത്തിന് കാരണമായിട്ടുള്ളതെന്ന് മൊഴി നൽകിയിട്ടുമുണ്ട്. അക്കാര്യത്തിൽ ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്ന് കണ്ടുകൊണ്ട് സമാധാന ശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണ് വേണ്ടത്. സമാധാനശ്രമം ആകെ ഇവിടെ അവസാനിക്കുകയല്ല, അതങ്ങനെ അവസാനിപ്പിക്കാനും കഴിയില്ല. നമ്മുടെ നാട്ടിൽ സമാധാനം ഒഴിച്ചുകൂടാത്തതാണ്. കണ്ണൂരിൽ സമാധാനം സ്ഥാപിക്കാൻ കഴിയുമെന്ന് ഇതിനകം തന്നെ തെളിയിച്ച് കഴിഞ്ഞിട്ടുണ്ട്. എല്ലാവരുടെയും ഭാഗത്തുനിന്ന് അതിന് അനുകൂലമായ പ്രതികരണമാണ് ഉണ്ടാകേണ്ടത്.

ഇവിടെ ഇത്തരം സംഭവങ്ങൾ ഉണ്ടായതിനുശേഷം വന്നിട്ടുള്ള ചില പ്രതികരണങ്ങൾ, സംഭവങ്ങൾ ഇതിനെക്കുറിച്ചൊക്കെ തെറ്റായ ചിത്രങ്ങൾ

നൽകുന്നതിനുകൂടി ഉപകരിക്കുന്ന മട്ടിലായിട്ടുണ്ട്. ബഹുമാന്യനായ ബി.ജെ.പി.യുടെ സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ ഒരു ഫെയ്സ് ബുക്ക് പോസ്റ്റിട്ടു. അത് ഈ സംഭവത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് സി.പി.ഐ.(എം) കാർ പ്രകടനം നടത്തുകയാണെന്ന് പറഞ്ഞുകൊണ്ടുള്ള പോസ്റ്റാണ് വന്നത്. അതിൽ ഒരു പ്രകടനവും കാണിച്ചിട്ടുണ്ട്. അത്തരമൊരു പ്രകടനം എവിടെ നടന്നുവെന്ന് ആർക്കുമറിയില്ല. യഥാർത്ഥത്തിൽ തെറ്റായ കാര്യമാണ്, നിയമവിരുദ്ധമായ കാര്യമാണ്. ആ കാര്യത്തെക്കുറിച്ച് നിയമപരമായ പരിശോധനയും അതിന്റെ ഭാഗമായുള്ള കേസ് എടുക്കലും വേണ്ടിവരും. പരിശോധന കഴിഞ്ഞാലല്ലേ കേസ് എടുക്കാൻ പറ്റൂ. അത്തരത്തിൽ കാര്യങ്ങൾ നീങ്ങേണ്ടതായിട്ടുണ്ട്. ഇവിടെ തെറ്റായ ഒരു ചിത്രം നമ്മൾ സൃഷ്ടിക്കാൻ പാടില്ല. നാം സമാധാനത്തിനാണ് മുൻതൂക്കം നൽകേണ്ടത്. ബഹുമാന്യനായ കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ, ഗവർണറെ ഭീഷണിപ്പെടുത്താൻ സംസ്ഥാന ബി.ജെ.പി. നേതൃത്വം ഈ അവസരം ഉപയോഗിച്ചത് ഇതോടൊപ്പം കാണേണ്ട ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരമൊരു സംഭവം ഉണ്ടായാൽ, ആ സംഭവത്തെക്കുറിച്ച് ബഹുമാന്യനായ ഒ. രാജഗോപാൽ അടക്കം നിവേദനം കൊടുക്കുന്നത് നമുക്ക് മനസ്സിലാക്കാം. ഗവർണർ ആ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് നമുക്കെല്ലാവർക്കും മനസ്സിലാകും. ഗവർണർ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾക്ക് സർക്കാരിന് പറയാനുള്ള കാര്യങ്ങൾ ഗവർണറെ ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ ബി.ജെ.പി.-യുടെ സംസ്ഥാന നേതൃത്വത്തിലെ രണ്ട് ഉത്തരവാദപ്പെട്ട നേതാക്കൾ തന്നെ പരസ്യമായി ഭീഷണിമുഴക്കുന്ന നിലയാണ് ഉണ്ടായത്. അതും അങ്ങേയറ്റം അധിക്ഷേപകരമായ വാക്കുകളാണ് ഉപയോഗിച്ചത്. ഇത്തരമൊരു രീതി നമ്മുടെ ജനാധിപത്യ സംവിധാനത്തിന് ചേർന്നതാണോ? ഒരു പാർട്ടിയെന്ന നിലയിൽ ഇത്തരമൊരു നിലയാണോ സ്വീകരിക്കേണ്ടത്? അത് ബി.ജെ.പി. നേതൃത്വം ആലോചിക്കേണ്ട കാര്യമാണ്. എന്തുകൊണ്ടാണ് ഇത്തരമൊരു നിലപാട് വരുന്നതെന്ന് ബി.ജെ.പി. തന്നെ ആലോചിക്കണം. ഗവർണറെ തെറ്റായ രീതിയിൽ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. തെറ്റായ രീതിയിൽ ഗവർണറെ തങ്ങൾക്ക് വഴങ്ങുന്ന നിലയിലേയ്ക്ക് എത്തിക്കാനാണ് ബി.ജെ.പി.യുടെ പുറപ്പാട്.

10.00 A.M]

സംസ്ഥാനത്ത് 'ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട് നടപ്പാക്കണമെന്നാണ് പറഞ്ഞത്. നമ്മുടെ രാജ്യത്ത് ജനാധിപത്യബോധത്തിന്റെ ഒരു കണികയെങ്കിലും ഉള്ളവർ ഇത്തരമൊരു ആവശ്യം ഉന്നയിക്കുമോ? ഇതുതന്നെ ബി.ജെ.പി.യുടെ നിലപാട് വ്യക്തമാക്കുന്ന ഒരു കാര്യമാണ്. ഈ പ്രശ്നം കൊലപാതകമാണ്; അതിന്റെമേൽ കർക്കശമായ നടപടി വേണം; ശക്തമായ

നിയമ നടപടികളും വേണം; അതിലൊന്നും തർക്കമില്ല. 'ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട് ' നടപ്പാക്കുകയും സായുധസേനയെ ഇവിടെ കൊണ്ടുവരികയും ചെയ്താൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കും? 12 വയസ്സുള്ള കുട്ടി മുറ്റത്ത് കളിച്ചു കൊണ്ടിരിക്കുമ്പോഴാണ് വെടിവച്ച് കൊന്നത്. 4 വയസ്സുള്ള കുട്ടിയെ വരെ വെടിവച്ചുകൊന്നു. (.....ബഹളം.......) മണിപ്പൂരിലെ സംഭവം ഞാൻ പറയുമ്പോൾ എന്തിനാണ് അവർ വേവലാതിപ്പെടുന്നത്? (.....ബഹളം.......) പണ്ട് രമൺ ശ്രീവാസ്തവയേയും കക്ഷത്തുവച്ച് എന്തിനാണ് നടന്നത്; ഡി.ജി.പി.യായ രമൺ ശ്രീവാസ്തവയേയും ഒപ്പം ഇരുത്തിയിട്ടല്ലേ പോയിരുന്നത്?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഇങ്ങനെ കമന്റ് ചെയ്യുന്നത് ശരിയല്ല. മേലാൽ കമന്റിനെക്കുറിച്ച് നിങ്ങൾ പരാതിപ്പെടരുത് പ്ലീസ്..... പ്ലീസ്....

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഈ സഭയിൽ ഇരുന്നുകൊണ്ട് എന്തും വിളിച്ചുപറയാവുന്ന ഒരു അവസ്ഥയാണ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമാണിത്. (.....ബഹളം.......)

<u>മി. സ്പീക്കർ:</u> ..... ഇതൊന്നും ശരിയല്ല. ശ്രീ. കെ. എം. ഷാജി എന്താണ്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ടിനെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് അവിടെയിരുന്നുകൊണ്ട് കമന്റടിക്കുന്നത് ? ഇക്കാര്യത്തിൽ കോൺഗ്രസ്സ് അംഗങ്ങൾക്കുണ്ടാകുന്ന അല്പം വിഷമം എനിക്ക് മനസ്സിലാകും. കാരണം അത് നടപ്പാക്കിയവർ നിങ്ങളാണല്ലോ; നിങ്ങളുടെ കൂടെയിരുന്ന് ശബ്ദിച്ചുകൊണ്ടിരിക്കുന്ന മുസ്ലീംലീഗ് അംഗമായ ബഹുമാന്യനായ കെ. എം. ഷാജിക്ക് എന്തിനാണ് പൊള്ളൽ? ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇത്തരമൊരു കാര്യത്തിനെ അംഗീകരിക്കാനോ പിന്താങ്ങാനോ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന പാർട്ടി തയ്യാറായിട്ടുണ്ടോ? (.....ബഹളം.......)

<u>മി. സ്പീക്കർ:</u> നിങ്ങൾക്ക് സംസാരിക്കാൻ അവസരമുള്ളപ്പോൾ സംസാരിക്കുക.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ആരെയും വെടിവച്ചുകൊല്ലാൻ അവകാശമുള്ള ഒരു നിയമമാണത്. ഇവിടെ ബി.ജെ.പി. ഉന്നയിച്ച ഒരു ആവശ്യത്തിന്റെ പൊള്ളത്തരമാണ് ഞാൻ വ്യക്തമാക്കുന്നത്. ബി.ജെ.പി.യെ പറയുമ്പോൾ എന്തിനാണ് അവർക്ക് പൊള്ളലെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മണിപ്പൂരിനെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് ഇത്രയധികം വേവലാതിയെന്നും

മനസ്സിലാകുന്നില്ല. ഇവിടെ കാണേണ്ടത്, ആരെയും വെടിവെച്ചുകൊല്ലാൻ അവകാശമുള്ള ഒരു നിയമമാണത്. മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടി, അകത്തുള്ള 72 വയസ്സ് പ്രായമുള്ള അമ്മൂമ്മ ഇവരൊക്കെയായിരുന്നു വെടിയേറ്റ് മരിച്ചത്; ആ സംഭവങ്ങൾ നമ്മൾ മറക്കരുത്. എത്ര സ്ത്രീകളെയാണ് ഈ ആക്ടിന്റെ പിൻബലത്തോടെ ബലാൽസംഗം ചെയ്തത്. (.....ബഹളം.......).

മി. സ്പീക്കർ: ഇത് വളരെ വളരെ മോശം. പ്ലീസ്..... പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ അല്പം നാണമെങ്കിലും തോന്നണ്ടേ? നമ്മൾ ഈ രാജ്യത്ത് ജീവിക്കുകയല്ലേ; നമ്മൾ എന്തിന്റെ പേരിലായാലും തെറ്റായ കാര്യങ്ങളെ ന്യായീകരിക്കാനോ പിന്താങ്ങാനോ നിൽക്കണോ? ഈ നിയമത്തിന്റെ ക്രൂരതയാണ് അത് കാണിക്കുന്നത്. ഈ നിയമത്തിന്റെ മറവിൽ ഇത്തരമൊരു സായുധസേന ഇറങ്ങിയാൽ ഒരു നാട്ടിൽ എന്തൊക്കെ നടക്കുമെന്നതിന്റെ അനുഭവമാണ് ഇവിടെ കണ്ടത്. അതിന്റെ ഭാഗമായി നടന്ന സമരങ്ങൾ നമുക്ക് ഓർമ്മയില്ലേ? ഞാൻ അത് പറയാൻ പോലും മടിക്കുന്നു. നിങ്ങൾക്ക് പലർക്കും ഓർമ്മ വരുമെന്നാണ് തോന്നുന്നത്, എന്തായിരുന്നുവെന്നും മിലിട്ടറിയുടെ മുന്നിൽ സ്ത്രീകൾ എങ്ങനെയായിരുന്നു ചെന്നത് എന്നുള്ള ആ ദൃശ്യവും. ഈ രാജ്യം അത്രമാത്രം ക്ഷോഭിച്ച കണ്ട ഒരു പ്രശ്നമായിരുന്നു അത്. ആ അവസ്ഥ ഇവിടെയുണ്ടാകണമോ; ആ അന്തരീക്ഷം ഇവിടെയുണ്ടാകണമെന്നാണോ പറയുന്നത്? നമ്മുടെ രാജ്യത്താകെയുള്ള എതിർപ്പിൽ ഉയർന്നുവന്ന ഒരു പ്രശ്നം, ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി സകല ആളുകളും തള്ളിപ്പറഞ്ഞൊരു പ്രശ്നം, അതാണ് ഇവിടെ കൊണ്ടുവന്ന് നടപ്പാക്കണമെന്ന് പറയുന്നത്. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള യോജിപ്പും നമ്മുടെ സമൂഹത്തിനില്ല. രാജ്യത്തെ ജനാധിപത്യ ശക്തികൾക്കില്ല. ഏതെങ്കിലും തരത്തിൽ 'ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട്' കേരളത്തിൽ നടപ്പാക്കുക എന്നതിനോട് ഞങ്ങൾ മാത്രമായിരിക്കില്ല വിയോജിക്കുന്നത്, പ്രതിപക്ഷവും വിയോജിക്കും എന്നുതന്നെയാണ് ഞാൻ കരുതുന്നത്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതിൽ ചെറിയൊരു മിസ്റ്റേക്കുണ്ട്; പ്രധാനപ്പെട്ട ഒരു മിസ്റ്റേക്ക്. അത് കേരളത്തിൽ നടപ്പാക്കണമെന്നല്ല പറഞ്ഞിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ നടപ്പാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.

........(ബഹളം).........

മി. സ്പീക്കർ: ഇവിടെ മുഖ്യമന്ത്രിയുണ്ട് മറുപടി പറയാൻ.

ശ്രീ. പിണറായി വിജയൻ: സർ, അത് മനസ്സിലായി. കണ്ണൂരിലെ സി.പി.ഐ.

(എം)-നെ വകവരുത്താൻ പലവിധ ശ്രമങ്ങളും നേരത്തെ ആർ.എസ്.എസ്. നടത്തിയിരുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ? അതിനുവേണ്ടി പണമിറക്കുകയും മറ്റ് സ്ഥലങ്ങളിൽനിന്ന് വോളണ്ടിയർമാരെ കൊണ്ടുവരികയും ചെയ്തൊരു കാലമുണ്ടായിരുന്നു; നമുക്കെല്ലാം അറിയാവുന്ന കാര്യമാണത്. പക്ഷെ, അതിന്റെ ഭാഗമായി കണ്ണൂരിലെ സി.പി.ഐ.(എം) തകർന്നു പോയില്ലെന്ന അവസ്ഥ നിലനില്ക്കുന്നുണ്ട്. ഇപ്പോൾ കേന്ദ്ര ഭരണം കയ്യിലുള്ളതുകൊണ്ട് ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ടിന്റെ അടിസ്ഥാനത്തിൽ മിലിട്ടറിയെ ഇറക്കി നിരനിരയായി ശരിയാക്കിക്കളയാം എന്ന ധാരണ ഈ നിർദ്ദേശത്തിന്റെ പിന്നിലുണ്ടെന്നാണ് തോന്നുന്നത്. അതുകൊണ്ടൊന്നും തകർക്കാൻ കഴിയുന്നതല്ല ജനകീയ പ്രസ്ഥാനങ്ങൾ. ഇവിടെ ജനാധിപത്യപരമായി കാര്യങ്ങൾ നീക്കുകയാണല്ലോ വേണ്ടത്? തെറ്റായ കാര്യങ്ങൾ സംഭവിച്ചാൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുതന്നെ പോകാം. എന്നാൽ അങ്ങേയറ്റം അമിതാധികാര പ്രവണതയോടു കൂടിയുള്ള ഒരു നിയമം നടപ്പാക്കി അതിക്രൂരമായ നടപടികളിലേക്ക് പോയി ആരെയും വെടിവച്ചുകൊല്ലാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തുകൊണ്ടുള്ള ഒരു നിയമം നടപ്പാക്കുക എന്നതിനോട് പൊതുവെ യോജിക്കാനാവില്ല. അതാണ് ഇവിടത്തെ പ്രശ്നം. സമാധാന സംഭാഷണത്തിലൂടെ നല്ല ഫലമുണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ചിലരുമായി ഇതിനകംതന്നെ സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സംഭവത്തിനു നേരെയുള്ള സമാധാന ശ്രമങ്ങൾ തടയുകയല്ല വേണ്ടത്; മറിച്ച് ഈ സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ കർക്കശമായ നടപടികളെടുക്കാനാണ് പോലീസ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രാദേശികമായി 220 സ്ഥലങ്ങളിലാണ് സമാധാന സംഭാഷണം നടക്കുകയും അതിന്റെ ഭാഗമായുള്ള കമ്മിറ്റികൾ വരികയും പരസ്പരം കാര്യങ്ങൾ ആലോചിച്ചു പോകുകയുമൊക്കെ ചെയ്യുന്നത്. ആ ഫലം തുടർന്നും നമുക്കുണ്ടാക്കാനാകണം. ആ നില തുടരുകതന്നെ ചെയ്യും. ഇവിടെ കുറ്റവാളികൾക്കെതിരെ കർക്കശമായ നടപടിയുമുണ്ടാകും. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ആവശ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്നും ഇതൊരു കുറ്റസമ്മത

മാണെന്നാണ് വ്യക്തമാകുന്നത്. അദ്ദേഹം സംസാരിച്ചതു മുഴുവൻ ഇവിടെയാരും പറയാത്ത കാര്യത്തെക്കുറിച്ചാണ്. ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട് ഇന്ത്യയുടെ നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലും അതിർത്തി പ്രദേശങ്ങളിലും നടപ്പാക്കിയത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. അങ്ങേയ്ക്ക് അവിടത്തെ സ്ഥിതി അറിയില്ല. 7 വർഷം ആ പ്രദേശത്ത് രാഷ്ട്രീയപ്രവർത്തനം നടത്തിയിരുന്ന ഒരാളാണെന്ന നിലയിൽ ഞാൻ പറയുകയാണ്. എൻ.എസ്.സി.എൻ.(ഐ.എം)-ഉം എൻ.എസ്.സി.എൻ.(കെ.)യും ഉൾപ്പെടെയുള്ള നാഗാ കലാപകാരികൾ രാജ്യദ്രോഹ പ്രവർത്തനം അവിടെ നടത്തിയപ്പോൾ അവിടത്തെ ജനങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണിത്. ഈ നിയമം അവിടെ നടപ്പാക്കിയതിന്റെ പ്രത്യേകതകൾ എന്താണെന്ന് അവിടെപ്പോയി ചോദിച്ചാൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. ഒന്നോ രണ്ടോ ചെറിയ സംഭവങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് നാഗാകലാപകാരികളിൽനിന്നും അവരുടെ എക്കണോമിക് ബ്ലോക്കേഡിൽനിന്നും സാധാരണ ജനങ്ങളെ രക്ഷപ്പെടുത്താനുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കത്തെ അങ്ങ് കാര്യമറിയാതെയാണ് പരാമർശിച്ചത്. ഈ പ്രമേയം അവതരിപ്പിച്ച ശ്രീ. കെ. സി. ജോസഫ് അതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചിട്ടില്ല.

കണ്ണൂരിലെ പയ്യന്നൂരിലുണ്ടായ നിഷ്ഠൂരവും അപലപനീയവുമായ കൊലപാതകത്തെ അങ്ങേയ്ക്ക് മനസ്സിൽ ന്യായീകരിക്കാൻ ആഗ്രഹമുള്ളതു കൊണ്ടാണ് അങ്ങ് ഇപ്പോൾ ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ടിന്റെ തലയിലേയ്ക്ക് കയറി പ്രസംഗം നടത്തിയത്. അങ്ങനെയൊരു ആക്ട് നടപ്പാക്കണ മെന്ന് ഞങ്ങളാരും പറഞ്ഞില്ലല്ലോ; പ്രമേയം അവതരിപ്പിച്ച ശ്രീ. കെ. സി. ജോസഫ് പറഞ്ഞില്ലല്ലോ? പയ്യന്നൂരിൽ നടന്ന സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടായിരിക്കണമായിരുന്നു മുഖ്യമന്ത്രി സംസാരിക്കേണ്ടത്. ആരെ സഹായിക്കാനാണ് ഈ കൊലപാതകമെന്നാണ് എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്. നിങ്ങൾ ബി.ജെ.പി. യെ സഹായിക്കുകയാണ്, ആർ.എസ്.എസ്.-നെ സഹായിക്കുകയാണ്; ദേശീയ തലത്തിൽ കേരളത്തിൽ മനുഷ്യാവകാശ ലംഘനം നടക്കുന്നു എന്നുള്ള ബി.ജെ.പി. യുടെ പ്രചരണത്തെ സഹായിക്കാനാണ് ബഹുമാന്യനായ മുഖ്യമന്ത്രി, നിങ്ങളുടെ ഈ കൊലപാതകങ്ങൾ. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദനല്ലല്ലോ; ബഹുമാന്യനായ പിണറായി വിജയനാണ് മുഖ്യമന്ത്രി. പാർട്ടിയിൽ നിയന്ത്രണമുള്ളയാളാണ്. പതിനാറ് വർഷം പാർട്ടി സെക്രട്ടറിയായിരുന്നു. പോളിറ്റ് ബ്യൂറോ മെമ്പറാണ്. ഒരു കാലത്തും ഇല്ലാത്ത നിലയിൽ ഭരണത്തിലും പാർട്ടിയിലും പൂർണ്ണ അധീശത്വമുള്ള ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ എങ്ങനെയാണ് പാർട്ടി

നേതാക്കന്മാർ ഈ കൊലപാതകങ്ങൾ മുഴുവൻ നടത്തുന്നതെന്ന് അങ്ങ് ആലോചിക്കണം. കണ്ണൂരിൽ 8 കൊലപാതകങ്ങളാണ് നടന്നത്. 18 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. പാർട്ടിയും ഭരണവും തമ്മിൽ ഏറ്റുമുട്ടലില്ലാത്തൊരു കാലം, പാർട്ടിയിലും ഗവൺമെന്റിലും ഏക സ്വരത്തോടുകൂടി പ്രവർത്തിക്കാൻ കഴിയുന്നൊരു അന്തരീക്ഷം ഉണ്ടാകണമെന്നാണ് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിച്ചത്. ഒന്നുകിൽ മുഖ്യമന്ത്രിക്ക് പാർട്ടിയിൽ പിടി അയയുന്നു അല്ലെങ്കിൽ അങ്ങ് പറഞ്ഞാലും അണികൾ കേൾക്കുന്നില്ല; മൂന്നാമതായി അങ്ങും പാർട്ടിയും അറിഞ്ഞുകൊണ്ട് ഈ കൊലപാതകങ്ങൾ നടത്തുന്നു എന്നാണ് കണ്ണൂരിൽ നടന്ന ഏറ്റവും അവസാനത്തെ കൊലപാതകം തെളിയിക്കുന്നത്. ഞാൻ മൂന്നാമത്തേത് വിശ്വസിക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം ജനാധിപത്യ സംവിധാനത്തിൽ ഒരു മുഖ്യമന്ത്രി ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല, ചെയ്യില്ലെന്ന് വിശ്വസിക്കാൻ ആഗ്രഹിക്കുകയാണ്. കണ്ണൂരിലെ സമാധാനശ്രമങ്ങൾക്ക് ഞങ്ങൾ പിന്തുണ നൽകിയില്ലേ? ഞങ്ങൾ ആരെങ്കിലും എതിരാണോ? ബി.ജെ.പി., സി.പി.ഐ.(എം) ഇവർ രണ്ടുഭാഗത്തുനിന്നുകൊണ്ട് കണ്ണൂരിലെ ജനങ്ങളുടെ സമാധാന ജീവിതം ഇല്ലാതാക്കുന്നു. സമാധാന ശ്രമങ്ങളെ പരാജയപ്പെടുത്തുന്നു. സ്കൂൾ യൂത്ത് ഫെസ്റ്റിവെൽ നടന്നപ്പോൾ ഒരു കൊലപാതകം നടത്തി ആ ശവശരീരവുമായി ബി.ജെ.പി.ക്കാർ സ്കൂൾ യുവജനോൽസവത്തിനുമുൻപിൽ പ്രകടനം നടത്തിയത് നമ്മൾ കണ്ടതല്ലേ? എന്തിനായിരുന്നു അത്? ഞാൻ യുവജനോൽസവത്തിന്റെ സമാപന സമ്മേളനത്തിന് പോയപ്പോൾ കുട്ടികൾ ഭയവിഹ്വലരായിരുന്നുവെന്ന കാര്യം നിരവധി ആൾക്കാർ എന്നോട് പറഞ്ഞു. എന്തിനാണ് ഈ കൊലപാതകങ്ങൾ? 19-10-2016-ൽ അങ്ങ് ഒരു പ്രസംഗം ഇവിടെ നടത്തിയല്ലോ; I quote- 'അവിടെയാണ് മനുഷ്യത്വമെന്ന മഹാഗുണത്തിന്റെ മഹത്വം എല്ലാവരും ഉൾക്കൊള്ളേണ്ടത്. അത് മനസ്സിൽ നിന്നും ചോർന്നുപോകാൻ ഒരു സാഹചര്യവും അനുവദിക്കില്ലെന്ന് നിശ്ചയിക്കുന്ന നിലയുണ്ടാകണം. പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാം. വ്യത്യസ്ത പാർട്ടികൾ തമ്മിൽ കൊന്നൊടുക്കിയതു കൊണ്ട് അഭിപ്രായ വ്യത്യാസം പരിഹരിക്കാനാകുമോ?'... ഞാൻ എല്ലാം വായിക്കുന്നില്ല. ... 'ക്രൗര്യം കൊണ്ട് ഒരാളെ ഇല്ലാതാക്കാൻ കഴിയും. പക്ഷേ തിരുത്താൻ കഴിയില്ല. സൗമനസ്യം കൊണ്ടേ ആരെയും തിരുത്താനാകൂ. മനുഷ്യത്വപൂർണ്ണമായ ആ മഹാസൗമനസ്യത്തിന്റെ രാഷ്ട്രീയത്തിനായി എല്ലാവരും സ്വയം അർപ്പിക്കുകയാണ് വേണ്ടത്.' ഇത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചില്ലിട്ട് വയ്ക്കേണ്ട ഒരു പ്രസംഗമാണ്. ഇത് ഞങ്ങളോടല്ലല്ലോ പറയേണ്ടത്. സ്വന്തം പാർട്ടി അണികളോട് പറയാൻ എന്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല? അതുകൊണ്ടല്ലേ നിരന്തരമായ കൊലപാതകങ്ങളും അക്രമങ്ങളും ഉണ്ടാകുന്നത്? ബഹുമാന്യനായ കെ. സി. ജോസഫ് ഇവിടെ ചോദിച്ച ഓരോ

മാസവും എസ്.പി.മാരെ മാറ്റേണ്ട സ്ഥിതിയെന്താണുണ്ടായത്? എന്തുകൊണ്ടാണ് കണ്ണൂർ എസ്.പി. യെ മാത്രം നാല് തവണ മാറ്റിയത്? കണ്ണൂരിൽ പോലീസ് സി.പി.ഐ. (എം)-ന്റെ ആജ്ഞാനുവർത്തികളായി മാറുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്ന ഓരോ കേസിലും ഉണ്ടാകുന്ന സംഭവങ്ങൾ. യഥാർത്ഥ പ്രതിയെ പിടിച്ചില്ലെങ്കിൽ വീണ്ടും അക്രമം ഉണ്ടാകും; കൊലപാതകം ഉണ്ടാകും. പോലീസിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. ഒരു ഭാഗത്ത് കേന്ദ്രം ഭരിക്കുന്ന പാർട്ടി, മറുഭാഗത്ത് കേരളം ഭരിക്കുന്ന പാർട്ടി. ഇവർക്ക് ജനങ്ങളോട് ഉത്തരവാദിത്വമില്ലേ? കേന്ദ്രം ഭരിക്കുന്ന പാർട്ടിക്കും കേരളം ഭരിക്കുന്ന പാർട്ടിക്കും ഉത്തരവാദിത്വമുണ്ട്. ഇവർ രണ്ടുപേരും കൂടിച്ചേർന്ന് കേരളത്തിന്റെ മഹത്തായ ജനാധിപത്യ ബോധത്തെയും സമാധാന ജീവിതത്തെയും ഇല്ലാതാക്കുകയാണ്. ഒറ്റപ്പെട്ട കൊലപാതകമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി. കൊലപാതകങ്ങൾ ആസൂത്രിതമാണെങ്കിൽ ആസൂത്രിതമാണെന്നാണ് മുഖ്യമന്ത്രി പറയേണ്ടത്. ട്രെയിനിൽ നിന്നിറങ്ങി മോട്ടാർ സൈക്കിളിൽ പോകുന്നൊരാളിനെ ഒരു വാഹനത്തിൽ വന്ന് സംഘം ചേർന്ന് കൊലപ്പെടുത്തുകയെന്ന് പറഞ്ഞാൽ അത് ആസൂത്രിതമല്ലെങ്കിൽ പിന്നെ എന്താണ് ആസൂത്രിതം? ഇവിടെ നിയമവാഴ്ച തകരുകയാണ്; ക്രമസമാധാന നില തകരുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 300 കൊലപാതകങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായത്. ഓരോ ദിവസവും ഓരോ കൊലപാതകങ്ങൾ ഉണ്ടാകുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഇത്രയും വഷളായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. കൊലപാതകങ്ങളും അക്രമങ്ങളും നിത്യസംഭവങ്ങളാകുന്നു. സംസ്ഥാനത്ത് പോലീസിന്റെ നിയന്ത്രണം പൂർണ്ണമായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഗവർണറുടെ ഇടപെടലിനെ സംബന്ധിച്ച് മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഇപ്പോൾ ഗവർണർ രണ്ടുതവണയാണ് ഇടപെട്ടിരിക്കുന്നത്. ഗവർണർ ഹോം സെക്രട്ടറിയെയും ഡി.ജി.പി.യെയും വിളിച്ചുവരുത്തി. ഇവരെ വിളിച്ചു വരുത്തുന്നത് ആദ്യത്തെ സംഭവമായിരുന്നു. ഗവർണർ അവരോട് സ്ഥിതി വിശേഷങ്ങളെപ്പറ്റിയും ന്യായമായും സമാധാനം പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പറഞ്ഞു. ഇന്നലത്തെ ഗവർണറുടെ കത്ത് വളരെ ഗൗരവമുള്ളതാണ്. സാധാരണഗതിയിൽ ഗവർണർക്ക് ഒരു പരാതി കിട്ടിയാൽ അത് മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഇന്നലെ ഗവർണർ പ്രത്യേക നിർദ്ദേശത്തോടുകൂടി കൊടുത്ത കത്താണ്. ബഹുമാന്യനായ മുഖ്യമന്ത്രീ, ആരാണ് ഇതിന് ഉത്തരവാദി? നിങ്ങൾ ഗവർണറെ എന്തിനാണ് കുറ്റപ്പെടുത്തുന്നത്? ഗവർണറെ ഇൻവോൾവ് ചെയ്യിക്കാനുള്ള ബോധപൂർവ്വമായ

നീക്കം ആരുടെ ഭാഗത്തു നിന്നുണ്ടാകുന്നു? 'Head of the State' ആണ് ഗവർണർ. സാഹചര്യങ്ങളിൽ മാത്രമേ ഗവർണർ ഗവൺമെന്റിന് നിർദ്ദേശം കൊടുക്കാറുള്ളൂ. ഇവിടെ ഗവർണർക്ക് അത്തരമൊരു സാഹചര്യം ഉണ്ടാക്കിയതിന്റെ പൂർണ്ണ ഉത്തരവാദി സംസ്ഥാനത്തെ സി.പി.ഐ. (എം) ആണ്, കണ്ണൂരിലെ സി.പി.ഐ. (എം) ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവർണറുടെ ഇടപെടൽ ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. കണ്ണൂരിൽ സമാധാനസമ്മേളനം നടന്നു. അതിനുശേഷം എല്ലാവരും സഹകരിച്ചു. താഴെ തലത്തിൽ യോഗങ്ങൾ നടന്നു, സർക്കിൾ തലത്തിൽ യോഗങ്ങൾ നടന്നു. എല്ലാവരും സഹകരിച്ചു. പക്ഷെ അപ്പോഴും ആയുധ ശേഖരണവും ബോംബ് നിർമ്മാണങ്ങളും നടന്നുകൊണ്ടിരുന്നു. ഒരു ഭാഗത്ത് സമാധാന യോഗം നടക്കുമ്പോൾ മറുഭാഗത്ത് ആയുധം ശേഖരിക്കുന്ന നടപടി ബഹുമാന്യനായ മുഖ്യമന്ത്രി പരിശോധിക്കണം. ഈ അക്രമകാരികളെ കണ്ടെത്താൻ പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ല. ബോംബ് സ്ക്വാഡ് എന്ത് ചെയ്യുന്നു? എന്തുകൊണ്ട് ആയുധശേഖരം പിടികൂടാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല? ആയുധശേഖരങ്ങൾ മാത്രമല്ല ആളുകളെ കൊല്ലാനുള്ള പ്രത്യേക പരിശീലനങ്ങൾ കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് സമാധാന യോഗം നടക്കുമ്പോൾ മറുഭാഗത്ത് ആയുധ പരിശീലനവും ആളുകളെ കൊല്ലാനുള്ള പ്രവർത്തവും സി.പി.ഐ. (എം)-ന്റെയും ബി.ജെ.പി.-യുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നു. പോലീസ് കയ്യുംകെട്ടി നോക്കിനിന്നു. ഗവൺമെന്റിന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. ഈ നിലയ്ക്ക് നിങ്ങൾ പോയാൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമോയെന്ന് ഞാൻ ഭയപ്പെടുന്നു. ഉണ്ടാകാതിരിക്കട്ടെ യെന്ന് ഞാൻ ആശ്വസിക്കുന്നു.

കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാന ജീവിതമാണ്. ഈ സംസ്ഥാനത്ത് പട്ടാപ്പകലാണ് ഈ കൊലപാതകം നടന്നത്. ഞങ്ങൾക്ക് അതിൽ പങ്കില്ലെന്ന് പയ്യന്നൂർ ഏരിയാ കമ്മിറ്റി പറഞ്ഞുവെന്ന് ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ഏതെങ്കിലും കൊലപാതകം നടന്നാൽ ഞങ്ങളാണ് ഇത് ചെയ്തതെന്ന് പാർട്ടി എന്നെങ്കിലും സമ്മതിച്ചിട്ടുണ്ടോ? ഏതെങ്കിലും കൊലപാതകത്തിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ? ബി.ജെ.പി. സമ്മതിച്ചിട്ടുണ്ടോ? അങ്ങനെ ഒരു പാർട്ടിയും സമ്മതിക്കാറില്ല. അത് ഒരു മഹത്വമായി അങ്ങ് പറയരുത്. ഇവിടെ നടന്ന കൊലപാതകങ്ങളിൽ പാർട്ടിയുടെ ഉത്തരവാദിത്തം വളരെ വ്യക്തമാണ്. ശ്രീ. കുമ്മനം രാജശേഖരൻ സോഷ്യൽ മീഡിയയിലൂടെ പ്രദർശിപ്പിച്ച, ഡാൻസ് ചെയ്യുന്ന ചിത്രം ശരിയല്ലെന്നാണ് അങ്ങ് പറഞ്ഞത്. തെറ്റായ വാർത്ത പ്രചരിപ്പിച്ചതിന് ശ്രീ. കുമ്മനം രാജശേഖരന്റെ പേരിൽ കേസ്സെടുക്കാമല്ലോ? അത് ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണം.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്നുണ്ടായിരിക്കുന്നത് അതീവഗുരുതരമായ സാഹചര്യമാണ്. ഇത്തരം കൊലപാതകങ്ങൾ തുടരാൻ പാടില്ല. സമാധാനജീവിതം ഉറപ്പുവരുത്തണം.

ഇവിടെ ഗവർണറെപ്പറ്റി പരാമർശിക്കുകയുണ്ടായി. ഞങ്ങളാരും ഗവർണറെ ഇതിൽ ഇടപെടുത്തണമെന്ന് ആഗ്രഹിക്കുന്നവരല്ല. അങ്ങനെ ആർക്കും ഇവിടെ ആഗ്രഹമില്ല. ഇന്നലെ ഗവർണർക്കുനേരെ ബി.ജെ.പി. നേതാക്കന്മാർ നടത്തിയ പരാമർശം അതീവ ലജ്ജാകരമാണ്; അത് തെറ്റായ നടപടിയാണ്. അത് അവർ പിൻവലിക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഗവർണർ ബി.ജെ.പി.യുടെ കയ്യിലെ ആയുധമല്ല. അവരുടെ പാവയായി ഗവർണർ പ്രവർത്തിക്കണമെന്ന് ബി.ജെ.പി. ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് തെറ്റായ ധാരണയാണ്. ഇന്ത്യയുടെ ചീഫ് ജസ്റ്റിസായിരുന്ന ആളാണ് ജസ്റ്റിസ് പി. സദാശിവം. അദ്ദേഹം ബി.ജെ.പി. പറയുന്നതനുസരിച്ച് പ്രവർത്തിക്കണമെന്ന് പറയുന്നതിനോട് നമുക്കാർക്കും യോജിക്കാൻ കഴിയില്ല. വളരെ വ്യക്തിത്വമുള്ള ആളാണ് കേരളാ ഗവർണർ. അദ്ദേഹത്തിന് ഭരണഘടനയും നിലവിലുള്ള നിയമങ്ങളും അറിയാം. ആ ഉന്നതനായ വ്യക്തിയെ വളരെ മോശമായി ചിത്രീകരിച്ച ബി.ജെ.പി. നേതാക്കന്മാരുടെ നടപടിയെ ശക്തമായ ഭാഷയിൽ ഞാൻ അപലപിക്കാൻ ആഗ്രഹിക്കുകയാണ്.

ബഹുമാന്യനായ മുഖ്യമന്ത്രിക്ക് എന്തുപറ്റി? അദ്ദേഹം പൊതുപ്രവർത്തന ജീവിതത്തിൽ വളരെക്കാലത്തെ പാരമ്പര്യമുള്ള ആളാണ്. ഇന്നലത്തെ ഇന്ത്യൻ എക്സ്പ്രസ്സിൽ ബഹുമാന്യനായ ടി. ജെ. എസ്. ജോർജ്ജ് നല്ല ഒരു ആർട്ടിക്കിൾ എഴുതിയിട്ടുണ്ട്. അതിലെ ചില ഭാഗങ്ങൾ മാത്രം ഞാൻ വായിക്കാം "There is a pattern in Pinarayi Vijayan's conduct: He always takes a position against public opinion. Is it ego, arrogance or the Strong Man showing that he can do what he pleases?" വേറെ നിരവധി കാര്യങ്ങളുണ്ട്. അദ്ദേഹം അത് വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. "From day one, however, and for reasons no one can understand, Pinarayi become a standing monument to foolishness" സ്വതന്ത്രമായി എന്നും കോൺഗ്രസ്സിനെ വിമർശിച്ചിട്ടുള്ള ശ്രീ. ടി. ജെ. എസ്. ജോർജ്ജ് ഇന്ത്യൻ എക്സ്പ്രസ്സിൽ എഴുതിയ ലേഖനമാണിത്. ഈ കൊലപാതകങ്ങളെയും കൊലപാതകികൾ നടത്തുന്ന നടപടികളെയും അങ്ങ് ന്യായീകരിക്കാൻ പാടില്ല. അതിനെ കർശനമായി നിയന്ത്രിക്കണം. അങ്ങ് ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. നാട്ടിൽ സമാധാനജീവിതവും നിയമവാഴ്ചയും ഉറപ്പുവരുത്താൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി, ഈ കൊലപാതകങ്ങൾ നടത്തുന്ന ആളുകൾക്കുനേരെ കർശന നടപടി സ്വീകരിക്കണം. അങ്ങയുടെ വാക്കുകളിൽ

അതില്ലാത്തതിൽ ഞാൻ ദുഃഖിക്കുന്നു. സഭാ നടപടികൾ നിർത്തിവച്ച് ഇത്രയും ഗൗരവമുള്ള വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, അങ്ങയുടെ മറുപടിയിൽ ഒറ്റപ്പെട്ട സംഭവം എന്നു പറഞ്ഞതിന്റെ ന്യായീകരണം ഇവിടെ പറയുകയുണ്ടായി. ധൻരാജ് എന്ന വ്യക്തിയുടെ വധക്കേസ്സിലെ പന്ത്രണ്ടാം പ്രതിയാണ് പയ്യന്നൂരിൽ വെട്ടേറ്റ് മരിച്ച ആർ.എസ്.എസ്. പ്രവർത്തകനെന്ന് അങ്ങയുടെ പ്രസംഗത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അതിനർത്ഥം ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇത് ഒരു ശൃംഖലയായി, ഒന്നിനുപകരം ഒന്ന് എന്ന നിലയ്ക്ക് കണ്ണൂരിൽ നടന്നുകൊണ്ടിരിക്കുന്ന കൊലപാതകങ്ങളുടെ മറ്റൊരു കണ്ണിയായി മാത്രമേ നമുക്ക് കാണാൻ സാധിക്കൂ. ഇത് ഇനിയെങ്കിലും അവസാനിക്കുമോ എന്ന ആശങ്കയാണ് കേരളത്തിലെ ജനങ്ങൾക്കുള്ളത്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, ഈ കൊലപാതകം കൊണ്ട് ആർക്കാണ് ഗുണം കിട്ടുന്നതെന്ന് പരിശോധിക്കണം. നമ്മൾ പരസ്പരം പാലൂട്ടുന്ന ശത്രുക്കളായി മാറാൻ പാടില്ല. രാവിലെ ശത്രുക്കളായിരുന്നവരെ രാത്രിയിൽ പാലൂട്ടുന്ന അവസ്ഥയാണ് ആർ.എസ്.എസ്.-ഉം സി.പി.ഐ. (എം).-ഉം തമ്മിലുണ്ടാകുന്ന സംഘർഷത്തിലൂടെ സംജാതമാകുന്നത്. ശ്രീ. എ. കെ. ആന്റണി പറഞ്ഞ ഒരു കാര്യമുണ്ട്. കണ്ണൂരിൽ ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം)-ഉം തമ്മിലുള്ള സംഘർഷമുണ്ടാക്കുന്ന സന്ദേശം, ഈ ജില്ലയിൽ രണ്ട് പാർട്ടിയേയുള്ളൂ, നിങ്ങൾക്ക് സംരക്ഷണം വേണമെങ്കിൽ ഒന്നുകിൽ ആർ.എസ്.എസ്.-ആവുക അല്ലെങ്കിൽ സി.പി.ഐ.(എം) ആവുക. അതിനപ്പുറത്ത് മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനും പ്രസക്തിയില്ല എന്ന രീതിയിൽ, പരസ്പരം വളരുന്നതിനു വേണ്ടിയുള്ള സാഹചര്യമുണ്ടാക്കാൻ മാത്രമേ ഇത്തരം കൊലപാതകങ്ങളിലൂടെ സാധിക്കുകയുള്ളൂവെന്ന് ദയവായി മുഖ്യമന്ത്രി മനസ്സിലാക്കണം. അവിടെ സമാധാന മുണ്ടാകണമെന്ന അങ്ങയുടെ ആഗ്രഹത്തോടൊപ്പം നിൽക്കാൻ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തയ്യാറാണ്. ഇത് രാഷ്ട്രീയത്തിനപ്പുറത്തുള്ള വിഷയമാണെന്ന് അങ്ങ് പറഞ്ഞല്ലോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ അറസ്റ്റ് ചെയ്തിട്ടുള്ളവർ ഏത് പാർട്ടിയിൽപ്പെട്ടവരാണ്? അപ്പോൾ ഇത് രാഷ്ട്രീയം തന്നെയാണ്. അവിടത്തെ രാഷ്ട്രീയ നേതാക്കന്മാർ അറിഞ്ഞുകൊണ്ട് നടക്കുന്ന സംഭവമാണ്. ഇവിടെ പോലീസ് ഇന്റലിജൻസില്ലേ? ഇങ്ങനെയുള്ള ഒരു വ്യക്തി വന്നിറങ്ങുമ്പോൾ, അങ്ങയുടെ നിയന്ത്രണത്തിലുള്ള പോലീസ് വകുപ്പ്, അങ്ങയുടെ പാർട്ടി ഭരിക്കുന്നു. എന്നിട്ടും ഇങ്ങനെയൊരു കൊലപാതകം നടക്കുമെന്ന് എന്തുകൊണ്ട് മുൻകൂട്ടി

കണ്ടില്ല? മൗനംപാലിച്ച് അങ്ങനെ നടക്കട്ടെയെന്ന് ഇരുകൂട്ടരും ആഗ്രഹിക്കുന്നു. ശ്രീ. ഒ. രാജഗോപാലിനോട് എനിക്ക് പറയാനുള്ളത്, ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട് കണ്ണൂരിൽ വേണമെന്നാണ് ശ്രീ. ഒ. രാജഗോപാൽ ആവശ്യപ്പെട്ടത്. കണ്ണൂർ എവിടെയാണ്? കേരളത്തിൽ തന്നെയല്ലേ? അങ്ങനെയുള്ള എന്തെങ്കിലും ആഗ്രഹവും വച്ചുകൊണ്ട്, ഈ ആക്ട് ഇവിടെ നടപ്പിലാക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനെ ഒറ്റക്കെട്ടായി നേരിടാൻ ഇവിടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുണ്ട്. ഇവിടത്തെ പോലീസ് ഒന്നുകൂടി ഉണർന്നുപ്രവർത്തിച്ചാൽ ഇതൊക്കെ നേരെയാക്കാൻ സാധിക്കും. മുഖ്യമന്ത്രി നേരെ നിന്നാൽ ഇതൊക്കെ നിർത്താൻ സാധിക്കും. 'എന്തിനാണ് നമ്മൾ കൊല്ലുന്നത്, അപ്പുറത്ത് നിൽക്കുന്ന ആൾ ഇപ്പുറത്തേയ്ക്ക് വരേണ്ടവരായിരിക്കും. ഇപ്പുറത്തുള്ളവർ അപ്പുറത്തേയ്ക്കും പോകേണ്ടവരായിരിക്കും. അങ്ങനെ ഒന്ന് മനസ്സിൽ കരുതുകയാണെങ്കിൽ നാളെ നമ്മുടെ ആളാകേണ്ട ഇയാളെ എന്തിനാണ് കൊല്ലുന്നത് എന്ന് ആലോചിച്ചാൽ കൊലപാതകം ഇല്ലാതാക്കാൻ സാധിക്കും' എന്ന അങ്ങയുടെ ഒരു പ്രസ്താവന ഞങ്ങൾ വായിച്ചു. അങ്ങോട്ടുമിങ്ങോട്ടും പോകുന്ന ആളുകളാണെന്ന് അങ്ങ് സമ്മതിക്കുന്നുണ്ട്. പക്ഷേ അങ്ങനെയെങ്കിലും കരുതി സമാധാനമുണ്ടാക്കേണ്ട ഒരു സാഹചര്യമില്ലേ?

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്........

<u>ഡോ. എം. കെ. മുനീർ</u>: സർ, ഗവർണറെ ഇക്കാര്യത്തിൽ ഇടപെടുത്തിയിരിക്കുന്നു. ഗവർണർക്ക് കിട്ടിയ ഒരു കത്ത് അദ്ദേഹം ഫോർവേഡ് ചെയ്തു. അതാണ് അതിന്റെ നടപടിക്രമം. അതിന് മറുപടി കൊടുക്കേണ്ടത് മുഖ്യമന്ത്രിയാണ്. ഗവൺമെന്റ് എന്തുചെയ്തുവെന്ന് പറയണം? അതിന് ഡൽഹിയിൽ പോയി സമരം ചെയ്ത്, അവിടെനിന്ന് ഈ ഗവർണറെ നിലയ്ക്കുനിർത്തും, തിരിച്ചുവിളിക്കും എന്നൊക്കെ പറയുന്ന ധാർഷ്ട്യം കേരളത്തിൽ നടത്താൻ ശ്രമിച്ചാൽ അതിനെ ഒറ്റക്കെട്ടായി നേരിടുന്നതിന് ഇവിടത്തെ മതേതര വിശ്വാസികൾ ഒരുമിച്ചുണ്ടാകും എന്ന കാര്യം കൂടി അറിയിക്കുകയാണ്. എന്നാണ് സമാധാന ചർച്ച? എന്നാണ് സമാധാന ചർച്ചയ്ക്ക് അന്ത്യം? സമാധാന ചർച്ച എന്നാൽ സമാധാനമുണ്ടാക്കേണ്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സമാധാനമുണ്ടാക്കിയാൽ നാട്ടുകാർക്ക് മുഴുവൻ സമാധാനമുണ്ടാകും. കുട്ടികളുടെ യുവജനോത്സവം നടക്കുന്ന സ്ഥലത്ത് കൊണ്ടുപോയി മൃതദേഹം വയ്ക്കുക, യുവജനോത്സവത്തിന് തൊട്ടുമുമ്പ് കൊലപാതകം നടത്തുക, എൻ.ജി.ഒ. യൂണിയൻ സമ്മേളനത്തിനുമുമ്പ് കൊലപാതകം നടത്തുക, എന്താണ് ഇതിന്റെ അർത്ഥം? പൂരത്തിനുമുമ്പുള്ള സാമ്പിൾ വെടിക്കെട്ട് എന്ന രീതിയിൽ കൊലപാതകം നടത്താൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെ കടിഞ്ഞാണിടാൻ അതിന്റെ തലപ്പത്തുള്ളവർക്ക് സാധിക്കുന്നില്ലെങ്കിൽ അതിനെക്കുറിച്ച് നമുക്ക് എന്നും

പരിതപിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. കണ്ണൂരിൽ ഇപ്പോൾ നടന്നത് എട്ടാമത്തെ രാഷ്ട്രീയ കൊലപാതകമാണ്. അങ്ങയുടെ മണ്ഡലത്തിൽ തന്നെ എത്ര കൊലപാതകങ്ങൾ നടന്നുവെന്ന് മുഖ്യമന്ത്രി ആലോചിക്കണം. ഒരു വീട്ടിൽ ഒരു വിധവ എന്ന പദ്ധതി നടപ്പിലാക്കുന്ന അവസ്ഥാവിശേഷം നിർത്തലാക്കി എല്ലാ അമ്മമാർക്കും കുട്ടികൾക്കും സമാധാനമുണ്ടാക്കുന്ന അന്തരീക്ഷമുണ്ടാക്കാനുള്ള സാഹചര്യത്തെക്കുറിച്ച് അങ്ങ് ഒന്നും പറയാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇന്നലെ ഒരു മാതൃദിനം കൂടി കടന്നു പോയിരിക്കുകയാണ്. വീണ്ടും ഒരമ്മയുടെ കണ്ണുനീരിൽ മുങ്ങിയ, അനവധി അമ്മമാരെ ഭീതിയിലാഴ്ത്തുന്ന ഒരു മാതൃദിനംകൂടി കടന്നുപോയിരിക്കുന്നു. ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ഭയാനകമായ ഒരു സാഹചര്യവും ഭീതിയും ഇന്ന് വീണ്ടും വളർത്തിക്കൊണ്ടുവരികയാണ്. 220-ഓളം പ്രാദേശികവും അല്ലാത്തതുമായ സമാധാന യോഗങ്ങൾ കണ്ണൂരിൽ നടത്തുകയുണ്ടായി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. അത്തരത്തിലുള്ള യോഗങ്ങൾക്ക് അതിന്റെ പ്രയോജനമുണ്ടായിട്ടില്ലെന്നാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കൊലപാതകത്തിൽനിന്ന് വീണ്ടും മനസ്സിലാക്കാൻ കഴിഞ്ഞത്. 8 രാഷ്ട്രീയ കൊലപാതകങ്ങൾ ഒരു ജില്ലയിൽ തന്നെയുണ്ടാകുമ്പോൾ അതിനെ ഒറ്റപ്പെട്ട സംഭവമായി ഗവൺമെന്റ് ദയവായി കാണരുത്. ഇത് ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. ഒരു ഗവൺമെന്റിന്റെ ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുമ്പോഴാണ് അടുത്ത ഒരു രാഷ്ട്രീയ കൊലപാതകത്തിനുകൂടി മറുപടി പറയേണ്ട ഗതികേട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്ന് ഉണ്ടായിരിക്കുന്നത്. ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഇത്തരം സന്ദർഭങ്ങളിൽ അങ്ങ് മുൻകയ്യെടുത്ത് പ്രവർത്തിച്ചില്ലെങ്കിൽ ഇതുപോലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടുകയും ഈ സഭ ഇത്തരത്തിലുള്ള വിഷയങ്ങൾ ഇനിയും ചർച്ച ചെയ്യേണ്ട സാഹചര്യത്തിലേയ്ക്ക് വരികയും ചെയ്യും. ആംഡ് ഫോഴ്സസ് (സ്പെഷ്യൽ പവേഴ്സ്) ആക്ട് നടപ്പിലാക്കണമെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. അതിന്റെ ആവശ്യവുമില്ല. സംസ്ഥാനത്ത് സുസജ്ജമായ, ശക്തമായ പോലീസ് സേനയുണ്ട്. അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം മാത്രം ഗവൺമെന്റ് കൊടുക്കുക. തീർച്ചയായും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരെയൊക്കെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ കഴിയും. എത്രാമത്തെ രാഷ്ട്രീയ കൊലപാതകത്തെക്കുറിച്ചാണ് സഭയിൽ ചർച്ച ചെയ്യുന്നത്. ഈ ഒരു

വർഷത്തിനിടയ്ക്ക് ഇത്തരത്തിലുള്ള ഗുരുതരമായ വിഷയങ്ങൾ ആവർത്തിക്കുന്നു. അതുകൊണ്ട് തന്നെ സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടത് എല്ലാ കക്ഷികൾക്കും എല്ലാ അംഗങ്ങൾക്കും അവരുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവസരമാണ് നിഷേധിക്കപ്പെടുന്നത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ഡോ. എൻ. ജയരാജ്: സർ, കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങൾ യഥാർത്ഥത്തിൽ നമ്മുടെ ജനാധിപത്യത്തെ വേദനിപ്പിക്കുന്ന ഒരവസ്ഥയാണ്. കഴിഞ്ഞ 10 മാസങ്ങൾക്കിടെ 8 കൊലപാതകങ്ങളാണ് കണ്ണൂരിൽ നടന്നത്. ഒട്ടേറെ സമാധാന ചർച്ചകളും സർവ്വകക്ഷിയോഗങ്ങളുമൊക്കെ നടന്നെങ്കിലും ഇത് ആവർത്തിക്കുന്ന ഒരു പ്രക്രിയയായി മാറുകയാണ്. അതുകൊണ്ട് തന്നെ വൈരനിര്യാതന ബുദ്ധിയോടെയുള്ള ഈ സമീപനം മാറ്റേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വളരെ ഗൗരവമായ ഈ വിഷയം ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എൻ. ജയരാജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇന്ന് ഇവിടെ ചർച്ച ചെയ്യുന്നത് കേരളത്തെ മുഴുവൻ ബാധിക്കുന്ന വളരെ സുപ്രധാനമായ ഒരു വിഷയമാണ്. ഈ രാജ്യത്ത് വ്യത്യസ്ത പാർട്ടികളുണ്ട്, വ്യത്യസ്ത കാഴ്ചപ്പാടുകളുള്ളവരുണ്ട്, വ്യത്യസ്ത മതക്കാരും ജാതിക്കാരുമുണ്ട്. സമാധാനപരമായി ജീവിക്കുന്നതിന് മാതൃകാപരമായ ഒരു സാഹചര്യം കേരളം പ്രദാനം ചെയ്തിട്ടുണ്ട്. ഇവിടെ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നുണ്ട്. വർഗ്ഗീയ കൊലപാതകങ്ങൾ ഭാഗ്യവശാൽ നടക്കുന്നില്ല. സമാധാനം പൊതുവെ കാംക്ഷിക്കുന്ന ജനതയാണ് കേരളത്തിലുള്ളത്. ഇതാണ് വസ്തുതയെങ്കിലും ഇതിനൊരു അപവാദമെന്ന നിലയ്ക്ക് ചില സംഭവങ്ങൾ നടക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ കയറിയതിനുശേഷം ഞാൻ പ്രതിനിധാനം ചെയ്യുന്ന ഭാരതീയ ജനതാ പാർട്ടി സംഘ്പരിവാറിന്റെ 14 പേരാണ് കൊലചെയ്യപ്പെട്ടിട്ടുള്ളത്. ഇത് വളരെ ദൗർഭാഗ്യകരമായ സാഹചര്യമാണ്. ഈ അന്തരീക്ഷത്തിൽ സമാധാനം ഉണ്ടാകണം, എല്ലാവർക്കും നീതി കിട്ടണം എന്നാഗ്രഹിക്കുകയാണ്. അതുകൊണ്ടാണ് അതിനുള്ള ശ്രമം നടത്തിയിട്ടുള്ളത്. ഭരണഘടനയനുസരിച്ച് സത്യപ്രതിജ്ഞ ചെയ്യുന്ന ആളുകൾ ഭരിക്കുന്ന അവസരത്തിൽ പക്ഷപാതമില്ലാതെ, നേരും നെറിയും കാണിക്കുന്ന ഒരു ഭരണ സംവിധാനം ഇവിടെ ഉണ്ടാകുമെന്ന്

നമ്മൾ വിചാരിച്ചു. അത് മുഴുവൻ ശരിയാണെന്ന് തോന്നുന്നില്ല എന്നതാണ് ഇവിടത്തെ അനുഭവത്തിലൂടെ കാണുന്നത്. ഇവിടെ ഇപ്പോൾ പല സംഭവങ്ങളും കാണുന്നുണ്ട്. നേരും നെറിയും സത്യത്തിനുമെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനാണെങ്കിൽ അയാളെ ഉടനെ ആർ.എസ്.എസ്. എന്ന് മുദ്രകുത്തുന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നു. അത് വളരെ നിർഭാഗ്യകരമായ സാഹചര്യമാണ്. ഒരു hatred-ന്റേതായിട്ടുള്ള ഒരു പ്രചരണവും അന്തരീക്ഷവും വ്യാപകമായി വളർത്തിക്കൊണ്ടുവരികയാണ്. ആർ.എസ്.എസ്.-ന് എതിരായിട്ടല്ല കൊലപാതകങ്ങൾ നടക്കുന്നത്. കൊലപാതകങ്ങൾ നടക്കുന്ന കാര്യത്തിൽ ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയും മറുഭാഗത്ത് ആർ.എസ്.എസ്., ബി.ജെ.പി., സി.പി.ഐ., കോൺഗ്രസ്, മുസ്ലീംലീഗ് എന്നീ പാർട്ടികളുണ്ട്. ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയാണ്. ഇതാണ് നമ്മുടെ നാട്ടിലെ സാഹചര്യം. ഇതൊരു യാഥാർത്ഥ്യമാണ്. അത് എങ്ങനെ നിയന്ത്രിക്കാൻ സാധിക്കും? എല്ലാവർക്കും അവരവരുടേതായ വീക്ഷണം വച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കണം. ഇതിനുള്ള മാർഗ്ഗം അവനവന്റെ വിശ്വാസ പ്രമാണങ്ങൾ ഉപേക്ഷിക്കൽ അല്ല. പ്രവർത്തനം നിർത്തിവയ്ക്കാൻ പറയുന്നതല്ല അതിനുള്ള മാർഗ്ഗം. നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ആൾക്കാർക്കെതിരെ സത്യസന്ധമായി നടപടി സ്വീകരിക്കാൻ തയ്യാറാകണം. അതിന് തയ്യാറാകുന്നില്ല. Upright ആയിട്ടുള്ള ഉദ്യോഗസ്ഥർക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഒരു ക്ലാരിഫിക്കേഷനുണ്ട്. അങ്ങ് സി.പി.ഐ.(എം)-നെ ഒരു ഭാഗത്തും മറ്റുള്ള പാർട്ടികളെ അപ്പുറത്തും നിർത്തിയ കൂട്ടത്തിൽ സി.പി.ഐ.-യെ നിർത്തേണ്ട. സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള ബന്ധത്തെ ഇക്കൂട്ടത്തിൽപ്പെടുത്തി അങ്ങ് തെറ്റായിട്ടാണ് വിലയിരുത്തിയത്.

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിൽ സി.പി.ഐ.യും അക്രമത്തിന് വിധേയമായിട്ടുണ്ട്. അങ്ങ് അത് അറിയാതെ പറയുന്നതാണ്. ഒരു പക്ഷെ മന്ത്രിയാകുമ്പോൾ അറിയില്ലായിരിക്കാം. സമാധാനം ഉറപ്പുവരുത്തേണ്ടത് ഈ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യമാണ്. എല്ലാവർക്കും അവരുടെ പ്രവർത്തനങ്ങൾ നടപ്പാക്കണം. ഇന്ത്യാ രാജ്യം ഭരിക്കുകയും ഏറ്റവും കൂടുതൽ എം.പി.-മാരെയും എം.എൽ.എ.-മാരെയും ജയിപ്പിക്കാൻ സാധിച്ച പ്രസ്ഥാനത്തിന് കേരളത്തിൽ മാത്രം പ്രവർത്തിക്കാൻ പാടില്ല എന്നുള്ള സാഹചര്യം ചിലയാളുകൾ നിർബന്ധമായി എടുക്കുകയാണെങ്കിൽ അത് വിഷമമുള്ള കാര്യമാണ്. അത് ഉൾക്കൊള്ളാൻ സാധ്യമല്ല. ഈ അധികാരം ഉറപ്പുവരുത്തേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്. അക്കാര്യത്തിൽ വീഴ്ചവരുത്തുന്നു. നിയമം നടപ്പാക്കാൻ സത്യസന്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരോട് കാണിക്കുന്നതായ വിവേചനം, അവരെ അവഹേളിക്കൽ, അവരെ പീഡിപ്പിക്കുന്ന സംഭവങ്ങൾ നമ്മുടെ കൺമുമ്പിൽ കാണുന്നു. എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്.

സമാധാനത്തിന്റെ മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് നടത്താനുള്ള ശ്രമം നടത്തണം. അതിനുവേണ്ടി നമ്മൾ ആഗ്രഹിക്കുകയും മുമ്പോട്ടുപോകുകയും ചെയ്യുന്നു. പക്ഷേ നിർഭാഗ്യവശാൽ അതിനെ മുടക്കാൻവേണ്ടി ചിലയാളുകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് ഒരു സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്ത അവസരത്തിൽ ആ ജില്ലയിൽത്തന്നെ ആ പാർട്ടിയുടെ ആൾക്കാർ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്നുള്ളത് വളരെ ഖേദകരമായ സാഹചര്യമാണ്. ഈ പശ്ചാത്തലത്തിലാണ് ഉദ്യോഗസ്ഥർ കൈ കെട്ടി നിൽക്കേണ്ടിവരുമ്പോൾ സ്വാഭാവികമായും എന്താണ് പോംവഴിയുള്ളത്; അതിനുള്ള പോംവഴിയായിട്ടാണ് ഇത്തരത്തിലുള്ള ഒരു സംവിധാനം, ഒരു ഡിമാന്റ് ഉന്നയിക്കാൻ ഇടയായിട്ടുള്ളത്. അത് കേരളം മുഴുവൻ നടപ്പാക്കണമെന്ന് മാത്രമല്ല ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല. എല്ലാവർക്കും നീതി ഉറപ്പുവരുത്തണം. നീതി ഉറപ്പുവരുത്താനുള്ള ഉദ്യോഗസ്ഥരുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം പറയുകയുണ്ടായി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... പ്ലീസ് കൺക്ലൂഡ്...... ദീർഘമായി സംസാരിക്കരുത്. അങ്ങ് ഒരു സബ്മിഷന് നോട്ടീസ് നൽകിയതുകൊണ്ടാണ് സമയം അധികം നൽകിയത്.

ശ്രീ. ഒ. രാജഗോപാൽ: സർ, പട്ടാളക്കാരെ സംബന്ധിച്ച് ആക്ഷനുണ്ടാകുന്ന അവസരത്തിൽ excess ചില ഭാഗങ്ങളിലുണ്ടാകാം. ഞാൻ ഓർക്കുന്നു. പാലക്കാട് ഒരു വീട്ടിൽ കളിച്ചുകൊണ്ടിരിക്കുന്ന ഒരു മുസ്ലീം പെൺകുട്ടിയെ സംസ്ഥാന പോലീസ് വെടിവച്ച് കൊല്ലുകയുണ്ടായി. അത് ബി.ജെ.പി.-യോ പട്ടാളമോ അല്ല, ക്ലാഷിനിടയിൽ വരുന്നതാണ്. അവരുടെ പ്രത്യേക ഉദ്ദേശ്യം ഈ കുട്ടികളെ കൊല്ലുക എന്നുള്ളതല്ല. പട്ടാളക്കാരെ അപമാനിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് വന്ന വാക്കുകൾ നിർഭാഗ്യകരമായിപ്പോയി. ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യാൻ തയ്യാറാകാതിരിക്കുന്ന സാഹചര്യത്തിൽ ഞാൻ വാക്കൗട്ട് ചെയ്യാൻ നിർബന്ധിതനായിരിക്കുന്നു. ഒട്ടേറെ കാര്യങ്ങൾ വേറെ പറയാനുണ്ട്. സമയം എനിക്ക് പരിമിതമാണ്. ഇത് വളരെ നിർഭാഗ്യകരമായിപ്പോയി. എന്റെ പാർട്ടിക്ക് ഗവർണറെ അധിക്ഷേപം പറയേണ്ട ആവശ്യമില്ല. അത് ഉദ്ദേശിക്കുന്നില്ല. ആരെങ്കിലും പറയുകയാണെങ്കിൽ അത് യുവാക്കളുടെ വികാര പ്രകടനം മാത്രമായി കണ്ടാൽ മതിയെന്ന് മാത്രമേ എനിക്ക് അതേക്കുറിച്ച് പറയാനുള്ളൂ.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി യു. പ്രതിഭ ഹരി: സർ, സംസ്ഥാനത്തെ പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടേറെ ന്യൂനതകളും അപാകതകളുമുണ്ട്. അതിലെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനാണ് ഈ അവസരം ഉപയോഗിക്കുന്നത്. ചിറകില്ലാത്ത മാലാഖമാരാണ് കുഞ്ഞുങ്ങളെന്ന ഖലീൽ ജിബ്രാനെന്ന മഹാനായ മനുഷ്യന്റെ പ്രശസ്തമായ ഒരു നിരീക്ഷണമുണ്ട്. അമ്മയുടെ മടിത്തട്ട് കഴിഞ്ഞാൽ ഈ ചിറകില്ലാത്ത മാലാഖമാരെ നമ്മൾ കൊണ്ടുചെന്ന് ഏൽപ്പിക്കുന്ന ഏറ്റവും വിശ്വസ്തമായ സ്ഥലമാണ് പ്രീ-പ്രൈമറി അദ്ധ്യാപകരുടേത്. അതുപോലെ തന്നെയാണ് അങ്കണവാടി ടീച്ചർമാരും. ഒരു കുട്ടിയുടെ താൽപ്പര്യവും അഭിരുചിയുമനുസരിച്ചുകൊണ്ട് അവരുടെ സ്വഭാവ രൂപവൽക്കരണത്തിൽ ഏറ്റവും വലിയ പങ്കുവഹിക്കാൻ ഇടയാക്കുന്ന വളരെ ക്ലേശകരമായ ഒരു ജോലിയാണ് പ്രീ-പ്രൈമറി അദ്ധ്യാപകരുടേത്. ആയമാരും ടീച്ചർമാരുംകൂടി അയ്യായിരത്തോളം ആളുകളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ഇന്ന് സർക്കാർ വലിയ രീതിയിലുള്ള ഒരു മാറ്റം കേരളത്തിലുണ്ടാക്കുമ്പോൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 1980 കാലഘട്ടത്തിൽ തുടങ്ങിയ പ്രീ-പ്രൈമറിയുടെ ഭാഗമായി നിന്നിട്ടുള്ള ടീച്ചർമാരും ആയമാരും അനുഭവിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. ഒരു വേതനവുമില്ലാതെയാണ് ആദ്യകാലത്ത് ഇവർ ജോലി ആരംഭിച്ചത്. എന്നാൽ പിന്നീട് നിരവധി പ്രക്ഷോഭങ്ങളിലൂടെ വളരെ തുച്ഛമായ വേതനം, 300 രൂപയും 500 രൂപയും പ്രതിഫലം വാങ്ങി, ക്ലേശകരമായ ജോലി നിർവ്വഹിച്ച ഇവർ പിന്നീട് കോടതിയെ സമീപിച്ചു. ടീച്ചർമാർക്ക് 5,000 രൂപയും ആയമാർക്ക് 3,500 രൂപയും നൽകാൻ കോടതി ഉത്തരവായി. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സുപ്രീംകോടതിയെ സമീപിച്ച് ഗവൺമെന്റ് ആ ഉത്തരവിനെ തകിടം മറിക്കാൻ ശ്രമിച്ചു. കോടതിയെ സമീപിച്ച ടീച്ചർമാർക്കാണ് ന്യായം കിട്ടിയത്. 5,000 രൂപ, 3,500 രൂപ എന്നിങ്ങനെയുള്ള വേതനത്തിലേയ്ക്ക് എത്തിച്ചേർന്ന സ്ഥിതിവിശേഷമാണുണ്ടായത്. വളരെ സന്തോഷത്തോടുകൂടി പറയട്ടെ, ഈ ഗവൺമെന്റ് വന്നതിനുശേഷം ചുരുങ്ങിയ കാലംകൊണ്ട് ഒറ്റയടിക്ക് ടീച്ചർമാരുടെ വേതനം 5,000 രൂപയിൽ നിന്ന് 9,000 രൂപയിലേയ്ക്കും ആയമാരുടെ വേതനം 3,500 രൂപയിൽ നിന്ന് 6,000 രൂപയിലേയ്ക്കുമുള്ള വലിയൊരു വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. അത് ഒട്ടും കുറച്ചുകാണുന്നില്ല. പിന്നീട് രണ്ട് ബഡ്ജറ്റുകളിലായി 500 രൂപ വീതം ടീച്ചർമാരുടെ വേതനം വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ

അത് ആയമാർക്ക് ലഭിച്ചിട്ടില്ല. 10,000 രൂപയാണ് ലഭിക്കുന്നതെങ്കിലും 'സ്കെയിൽ ഓഫ് പേ' യിൽ ഉൾപ്പെടുത്തി എല്ലാ ഉദ്യോഗസ്ഥർക്കും കിട്ടുന്നതുപോലെ മാസം ആദ്യം അവർക്ക് വേതനം കിട്ടുന്നില്ല. അത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന്റെ അക്കൗണ്ടിലേയ്ക്കും അവിടെനിന്നും എ.ഇ.ഒ.-യുടെ അക്കൗണ്ടിലേയ്ക്കും പിന്നീട് അത് സ്കൂളിലെ പ്രഥമ അദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്കും വന്നതിനുശേഷം എപ്പോഴെങ്കിലും അവരുടെ ദയാ ദാക്ഷിണ്യത്തിന് പാത്രമായി ഈ പണം അവരുടെ കൈകളിലേയ്ക്ക് കിട്ടുകയാണ്. ഏറ്റവും ബുദ്ധിമുട്ടുള്ള ജോലി ചെയ്യുന്നവരാണ് പ്രീ-പ്രൈമറിയിലെ അദ്ധ്യാപകരും ആയമാരും. ഒരു തരത്തിലും അവരോട് അനീതി കാണിക്കാൻ കഴിയില്ല. എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും കിട്ടുന്ന അതേ നീതിയും അവകാശവും ഇവർക്കും ലഭിക്കേണ്ടതായിട്ടുണ്ട്. സ്ത്രീകളായ ജീവനക്കാരുടെ പ്രശ്നങ്ങൾ, അവരോട് സംസാരിച്ചാൽ വലിയ വേദനയാണ് അവർ അനുഭവിക്കുന്നത് എന്ന് കാണാം. മെറ്റേണിറ്റി ബെനിഫിറ്റുപോലും അവർക്ക് കിട്ടുന്നില്ല. ഗർഭിണിയാകുന്ന ഒരു പ്രീ-പ്രൈമറി അദ്ധ്യാപികയ്ക്ക് ജോലി എപ്പോഴാണ് നഷ്ടപ്പെടുന്നതെന്ന ഭയമാണ്. മെറ്റേണിറ്റി ലീവില്ലാത്ത ഈ മേഖലയിൽ മൂന്ന് മാസത്തോളം പ്രസവാവധി എടുത്തുകഴിഞ്ഞാൽ പിന്നീട് ചെല്ലുമ്പോൾ അവർക്ക് ചിലപ്പോൾ ജോലിയുണ്ടാവില്ല. എല്ലാ പി.ടി.എ.-യും അവരോട് മോശമായാണ് പെരുമാറുന്നതെന്ന് പറയുന്നില്ല, എങ്കിൽപ്പോലും പല പി.ടി.എ.-കളും ഇവരോട് ഒരു അടിമ മനോഭാവത്തോടുകൂടി ജോലി ചെയ്യിക്കുന്ന ഒരു സ്ഥിതിവിശേഷംകൂടി സംജാതമാണ്. ഇതെല്ലാം പരിശോധനയ്ക്ക് വിധേയമാകേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങയുടെ നേതൃത്വത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് അല്ലെങ്കിൽ സ്കൂളുകളെയൊക്കെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പോകുന്ന വിപ്ലവകരമായ മുന്നേറ്റത്തിന് കേരളം സാക്ഷ്യം വഹിക്കാൻ പോകുകയാണ്. അവിടെ ഏറ്റവും വലിയ പങ്കുവഹിക്കാൻ കഴിയുന്നവരാണ് ഈ പ്രീ-പ്രൈമറി അദ്ധ്യാപകർ. വലിയ രൂപത്തിൽ അവർക്ക് ഇടപെടാൻ കഴിയും. കൂടുതൽ കുട്ടികളെ അവർക്ക് സ്കൂളുകളിലേയ്ക്ക് എത്തിക്കാൻ കഴിയും. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മുന്നണിയിൽ നിർത്തി പ്രവർത്തിപ്പിക്കേണ്ടവരായി പ്രീ-പ്രൈമറി അദ്ധ്യാപകരെ മാറ്റുന്നതോടൊപ്പം സ്ത്രീകളായ ജീവനക്കാർക്ക് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും ഒരു വിട്ടുവീഴ്ചയുമില്ലാതെ കൃത്യമായി എല്ലാ മാസവും ആദ്യംതന്നെ അവരുടെ കൈകളിൽ എത്തിക്കുന്നതിനുള്ള ഇടപെടൽ തീർച്ചയായും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. തുല്യ ജോലിക്ക് തുല്യ വേതനമെന്ന് പറഞ്ഞാൽ ഇവർക്ക് ഇനിയും കൂടുതൽ പേമെന്റിലേയ്ക്ക് എത്തേണ്ടതാണ്. ഇപ്പോൾ ലഭിക്കുന്ന വേതനമെങ്കിലും കൃത്യമായി കൊടുത്ത് അവർ നേരിടുന്ന മാനസികമായ

ഒട്ടേറെ പീഡനങ്ങൾക്കും വിഷമങ്ങൾക്കും അറുതിവരുത്തുന്നതിനുവേണ്ടി അങ്ങയുടെ ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. സംസ്ഥാനത്ത് രണ്ട് തരത്തിലുള്ള പ്രീ-പ്രൈമറി സംവിധാനമാണ് നിലവിലുള്ളത്. സർക്കാർ നേരിട്ട് നടത്തുന്ന ക്ലാസ്സുകളും സർക്കാർ സ്കൂളിലെ പാരന്റ്-ടീച്ചർ അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്നവയും. ആദ്യത്തെ വിഭാഗത്തിലെ ജീവനക്കാരുടെ നിയമനാധികാരി സർക്കാരും രണ്ടാമത്തെ വിഭാഗത്തിന്റെ നിയമനാധികാരി പി.ടി.എ.-യുമാണ്. 1988-ലാണ് അധിക സ്ഥലമുണ്ടെങ്കിൽ സ്വന്തം ചെലവിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കാൻ സർക്കാർ സ്കൂളിലെ പി.ടി.എ.-കൾക്ക് അനുവാദം നൽകിയത്. എന്നാൽ 7-12-2012 മുതൽ സംസ്ഥാനത്ത് സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കാൻ പാടില്ലെന്ന് ഉത്തരവായിട്ടുണ്ട്. സർക്കാർ നേരിട്ട് നടത്തുന്ന 52-ഉം പി.ടി.എ.-യുടെ നേതൃത്വത്തിൽ നടത്തുന്ന 2159-ഉം പ്രീ-പ്രൈമറി സ്കൂളുകളുമാണ് സംസ്ഥാനത്തുള്ളത്. പി.എസ്.സി. മുഖേന നിയമനം ലഭിച്ച ആദ്യത്തെ വിഭാഗം ജീവനക്കാർ നിശ്ചിതയോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിതരായവരും അവർക്ക് എൽ.പി.എസ്.എ.-യുടെ ശമ്പള സ്കെയിലും ആയമാർക്ക് ക്ലാസ്സ് IV-ന്റെ ശമ്പള സ്കെയിലും അനുവദിച്ചു നൽകിയിട്ടുണ്ട്. സ്വന്തം ചെലവിൽ നടത്തിക്കൊണ്ടുപോകണമെന്ന നിബന്ധനയോടെയാണ് പ്രീ-പ്രൈമറി ക്ലാസ്സ് നടത്താൻ പി.ടി.എ.-ക്ക് സർക്കാർ അനുവാദം നൽകിയിരുന്നത്. എന്നാൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രീ-പ്രൈമറി ജീവനക്കാർക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1-8-2012 മുതൽ സർക്കാർ ഓണറേറിയം നൽകിവരുന്നു. 1-8-2012-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും ഓണറേറിയം അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചു നൽകാൻ കോടതി വിധിയുണ്ടായി. 7-12-2012-ലെ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ളവർക്കുമാത്രമായി ടി വർദ്ധനവിന്റെ ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ഭൂരിഭാഗത്തിനും സർക്കാർ നിശ്ചയിച്ച യോഗ്യതയില്ലാത്തതിനാൽ യോഗ്യതയിൽ ഇളവ് അനുവദിക്കുകയും 1-8-2012-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാവർക്കും വർദ്ധനവിന്റെ ആനുകൂല്യം അനുവദിക്കുകയും ചെയ്തു. സർക്കാർ സ്കൂളിൽ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗം തികച്ചും സ്വകാര്യ സംരംഭങ്ങളാണ്.

എങ്കിലും തുല്യ ജോലിക്ക് തുല്യ വേതനം വേണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. നിരവധി കേസുകളുമുണ്ട്. വ്യക്തിഗതമായും അസോസിയേഷൻ മുഖേനയും കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. 1988 മുതൽ പ്രീ-പ്രൈമറി ആരംഭിക്കുവാൻ സർക്കാർ പി.ടി.എ.-ക്ക് അനുവാദം നൽകിയെങ്കിലും ഇവരുടെ സേവന വ്യവസ്ഥകളൊന്നുംതന്നെ നിശ്ചയിച്ചിട്ടില്ല. ഇവർ കെ.എസ്.ആർ.-ന്റെയോ മറ്റ് റൂൾസിന്റെയോ പരിധിയിൽപ്പെടുന്നില്ല. അതിനാൽ ഇവരുടെ സേവന വ്യവസ്ഥകൾ ഇപ്പോൾ നിയമനാധികാരിയുടെ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിലാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുന്നതിനായി മേൽപ്പറഞ്ഞ എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തി നിർദ്ദേശങ്ങൾ രണ്ട് മാസത്തിനകം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമായി SCERT ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചാലുടൻ അതിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മേഖലയിലെ പ്രശ്നപരിഹാരത്തിന് നടപടികളുണ്ടാകും.

ശ്രീമതി യു. പ്രതിഭ ഹരി: സർ, അവർക്ക് 'സ്കെയിൽ ഓഫ് പേ'യിലേയ്ക്ക് വരണമെന്ന് ആഗ്രഹമുണ്ട്. ആ രൂപത്തിലേയ്ക്കുള്ള ഒരു ഇടപെടൽകൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത് പരിശോധിക്കാനാണ് കമ്മിറ്റിയെ നിശ്ചയിച്ചിട്ടുള്ളത്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ അത് പി.എസ്.സി. നേരിട്ട് നിയമിച്ചതല്ല. പി.ടി.എ. നേരിട്ട് നിയമിച്ചതാണ്. ഒരു വാചകം വളരെ വ്യക്തമായി പറഞ്ഞത്, നിയമനാധികാരിയുടെ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഇവരുടെ വേതനം നടന്നുപോകുന്നത്. ഇക്കാര്യങ്ങൾ ഏതായാലും വളരെ വിശദമായി പരിശോധിക്കുന്നതിനുവേണ്ടിയാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

## (2) പാർവ്വതീപുത്തനാറിന്റെ ശോചനീയാവസ്ഥ

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരം നഗരത്തിലെ പാർവ്വതീ പുത്തനാറിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. തിരുവിതാംകൂർ ചരിത്രത്തിന്റെ അടയാളങ്ങളിൽ വലിയൊരു

മുഖമുദ്രയാണ് തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള പാർവ്വതീപുത്തനാർ. 1824-25 കാലഘട്ടത്തിൽ, 195 വർഷങ്ങൾക്കുമുമ്പ് ജലഗതാഗതത്തിനു വേണ്ടിയാണ് ഈ തോട് നിർമ്മിച്ചത്. തിരുവിതാംകൂർ രാജാക്കന്മാർ മാത്രമല്ല, ലോർഡ് കഴ്സൺ, സ്വാമി വിവേകാനന്ദൻ അതുപോലെയുള്ള മഹത് വ്യക്തികളും ഈ ജലഗതാഗത സൗകര്യം ഉപയോഗിച്ചിരുന്നതായി ചരിത്രരേഖകളിൽ കാണാം. ഇത് ഇന്നൊരു മാലിന്യവാഹിനിയും രോഗവാഹിനിയുമായി മാറിയിരിക്കുകയാണ്. നഗരത്തിലെ സകല മാലിന്യങ്ങളും വലിച്ചെറിയുന്നതിനുള്ള ഒരു പ്രദേശമായി പാർവ്വതീപുത്തനാർ മാറിയിരിക്കുന്നു. സ്വിവറേജ് സൗകര്യങ്ങളില്ലാത്തതുകൊണ്ട് ഇരുവശത്തും തിങ്ങിപ്പാർക്കുന്ന ജനങ്ങൾ വീട്ടുകളിൽ നിന്നുള്ള മാലിന്യങ്ങളും ആ പ്രദേശത്തുള്ള മുഴുവൻ കക്കൂസ് മാലിന്യങ്ങളും നേരിട്ട് പാർവ്വതീപുത്തനാറിലേയ്ക്കാണ് തുറന്നുവിട്ടിരിക്കുന്നത്. അതോടൊപ്പം ആറുനിറയെ പോളകൾകൊണ്ട് നിറഞ്ഞതു കാരണം നീരൊഴുക്ക് തടസ്സപ്പെട്ട് പരിസരത്ത് താമസിക്കുന്നവർക്ക് ഗുരുതരമായ രോഗങ്ങൾ കുറെക്കാലമായി പിടിപെട്ടുകൊണ്ടിരിക്കുന്നു. പകർച്ചവ്യാധികളുടെ സീസണിൽ അത് പടർന്നുപിടിക്കുന്നതിന്റെ ഒരു കേന്ദ്രമായി ഇത് മാറിയിരിക്കുന്നു. ആ പ്രദേശത്തുകൂടി പോകുന്ന ആളുകൾക്ക് ദുർഗന്ധം നിമിത്തം സഞ്ചരിക്കുന്നതിനുള്ള ഒരു സാഹചര്യംപോലും ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്.

തിരുവനന്തപുരം നഗരത്തിൽ മഴ പെയ്യുമ്പോൾ വെള്ളപ്പൊക്കമുണ്ടാകുന്നതിന് ഒരു പ്രധാന കാരണം പാർവ്വതീ പുത്തനാറിലെ നീരൊഴുക്ക് നിലച്ചതുകൊണ്ടാണ്. അതും പകർച്ചവ്യാധികൾക്ക് കാരണമായിരിക്കുന്നു. നഗര ജീവിതത്തിനുതന്നെ ഏറ്റവും ഭീഷണിയായി മാറിയിരിക്കുന്ന പ്രസ്തുത തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. കോവളം, നേമം, തിരുവനന്തപുരം, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിലൂടെ 16 കിലോമീറ്റർ നീണ്ടുകിടക്കുന്നതാണ് പ്രസ്തുത തോട്. ഈ തോടിന്റെ ഇരുവശവും തകർന്നിരിക്കുകയാണ്. സൈഡ്‌വാൾ പുനർനിർമ്മിച്ചും പോളകൾ നീക്കം ചെയ്തും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിച്ചും തോടിന്റെ പഴയകാല പ്രൗഢി വീണ്ടെടുക്കേണ്ടതുണ്ട്. പാർവ്വതീപുത്തനാറിന്റെ കുറുകെയുള്ള രണ്ട് പ്രധാനപ്പെട്ട പാലങ്ങളാണ് തെരുനെല്ലി പാലവും ആറാട്ട് പാലമെന്ന് അറിയപ്പെടുന്ന വള്ളക്കടവ് പാലവും. തെരുനെല്ലി പാലത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പതിനാല് കോടി രൂപ അനുവദിച്ചു. അത് ടെണ്ടർ ആയിട്ടുണ്ട്. പക്ഷെ വള്ളക്കടവ് പാലം ഇപ്പോഴും തകർന്ന നിലയിലാണ്. ഇതിനും കഴിഞ്ഞ സർക്കാർ ബഡ്ജറ്റിൽ 11 കോടി രൂപ അനുവദിച്ചു. അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുപ്പ് ജോലികൾ മുന്നോട്ടുപോകുന്നില്ല. കഴിഞ്ഞ ഒരു വർഷമായി ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിനൊരു

സ്പീഡായിട്ടുള്ള ഒരു നടപടിയും ആരംഭിച്ചിട്ടില്ല. വളരെ അപകടകരമായ സ്ഥിതിയിലാണ് വള്ളക്കടവ് പാലം. അപ്രോച്ച് റോഡിനുവേണ്ടിയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടിയും സ്വീകരിക്കണം.

ഏറ്റവും ആദ്യം ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം എന്നു പറയുന്നത് ഇരുവശത്തും താമസിക്കുന്ന വീടുകളുടെ സ്വിവറേജ് ആറ്റിലേയ്ക്ക് ഒഴുക്കി വിടുന്നതിനെ പ്രതിരോധിക്കുക എന്നതാണ്. എത്ര ശുചീകരിച്ചാലും അതിനൊരു പരിഹാരമുണ്ടായില്ലെങ്കിൽ ഈ ശുചീകരണ പ്രവർത്തനങ്ങൾ പൂർണ്ണാവസ്ഥ യിലേയ്ക്ക് എത്തുകയില്ല. ആ പ്രദേശത്തുള്ള മുഴുവൻ ഡ്രെയിനേജുകളും തുറന്നുവിട്ടിരിക്കുന്നത് ഇവിടേയ്ക്കാണ്. മുട്ടത്തറയിൽ നഗരത്തിലെ മുഴുവൻ കക്കൂസ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് 75 കോടി രൂപ മുടക്കി സ്ഥാപിച്ചിട്ടുണ്ട്. ആദ്യമായി പാർവ്വതീപുത്തനാർ ശുചീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമ്പോൾ രണ്ട് സൈഡും പൈപ്പുകൾ സ്ഥാപിച്ച് ഈ മാലിന്യങ്ങൾ ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നടപടികളാണ് ആദ്യമായി സ്വീകരിക്കേണ്ടത്. അത് കഴിഞ്ഞേ മറ്റ് കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് കോടി രൂപ അനുവദിച്ച് ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഒരു കോടി രൂപ അനുവദിച്ചുകൊണ്ട് ഒരു വർഷം നാല് പ്രാവശ്യം ക്ലീനിംഗ് നടത്തുന്നതിലേയ്ക്കും പോളകൾ മാറ്റുന്നതിനും വേണ്ടിയുള്ള നടപടികളും ആരംഭിച്ചിരുന്നു. പക്ഷെ അതൊന്നും ശാശ്വതമല്ല. എന്തായിരുന്നാലും ഇതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാർവ്വതീപുത്തനാറിനെ വീണ്ടെടുക്കുക എന്നത് ചരിത്രത്തെ വീണ്ടെടുക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് നമ്മുടെ നഗരത്തിന്റെ പ്രൗഢിയുടെയും പൈതൃകത്തിന്റെയും ഉറവിടമായിരുന്ന പ്രസ്തുത തോടിന്റെ നവീകരണം ഉടനടി ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പാർവ്വതീ പുത്തനാറിന്റെ ഇന്നത്തെ ഏറ്റവും ശോചനീയമായ അവസ്ഥ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ വികസനത്തിനായി നാറ്റ്പാക് വഴി പഠനം നടത്തി, അതിനെ അടിസ്ഥാനപ്പെടുത്തി ഒന്നാം ഘട്ടമായി 20 കോടി രൂപയുടെ പദ്ധതി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.ഐ.ഐ.ഡി.സി.(Kerala Infrastructure Investment Development

Corporation) വഴി കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചുകഴിഞ്ഞു. അതിലെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് അക്കമിട്ട് പറയുവാൻ എന്റെ കൈവശം ഇപ്പോഴൊന്നുമില്ല. ഇതിന്റെ വികസനത്തിന് പ്രധാന തടസ്സമായി കാണുന്നത് കായൽ പാർശ്വങ്ങളിലെ കയ്യേറ്റങ്ങളാണ്. കനാൽ സ്ഥലം അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ല് സ്ഥാപിക്കുന്നതിനുള്ള സർവ്വേ, കോവളം മുതൽ വർക്കലവരെ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. സർവ്വേ നടത്തുന്നതിനും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുമുള്ള തുക അനുവദിച്ചിട്ടുണ്ട്. ഭവനരഹിതരായ ആളുകളെ പുനരധിവസിപ്പിച്ച് ഭൂമി ഏറ്റെടുത്തശേഷം രണ്ടാം ഘട്ടത്തിന്റെ പദ്ധതി തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടവും 'കിഫ്ബി'-യുടെ ധനസഹായ ത്തോടുകൂടിയാണ് നടപ്പാക്കേണ്ടത്. ഇങ്ങനെ 16.14 കിലോമീറ്റർ നീളംവരുന്ന പാർവ്വതീപുത്തനാറിന്റെ ശോചനീയാവസ്ഥ രണ്ട് ഘട്ടങ്ങളിലായി പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രണ്ട് വിഷയങ്ങളും വളരെ ഗൗരവമുള്ളതാണ്. അതിന്റെ വശങ്ങളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ടും അല്ലാതെയും താമസിക്കുന്ന ആളുകൾ അവരവരുടെ പുരയിടങ്ങളിൽ പ്രത്യേകമായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാതെ കക്കൂസ് മാലിന്യങ്ങൾ സെപ്റ്റിക് ടാങ്കിലെ സോക്ക് പിറ്റിലൂടെ വരുന്ന വെള്ളമല്ല, കക്കൂസ് മാലിന്യങ്ങൾതന്നെ പാർവ്വതീപുത്തനാറിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥയുണ്ട്. പോളകൾ കൊണ്ട് നീരൊഴുക്ക് തടയും. ചരിത്ര പ്രസിദ്ധമായ വളരെയധികം ശ്രദ്ധിക്കപ്പെട്ടിരുന്ന ജലഗതാഗതത്തിനുപോലും ഉപയോഗിച്ചിരുന്ന പാർവ്വതീ പുത്തനാർ മാലിന്യം നിക്ഷേപിക്കാനുള്ള ഒരിടമായി മാറിയെന്നുള്ളത് നമുക്കെല്ലാം വളരെ അപമാനമാണ്. അതുകൊണ്ട് നാട്ടിലെ പല ജലസ്രോതസ്സുകളും ജനങ്ങൾ വേണ്ടത്ര ഗൗരവത്തോടുകൂടി സംരക്ഷിച്ച്, ശുചിയായി നിലനിർത്തുവാൻ ശ്രദ്ധിക്കുന്നില്ലെന്ന ഒരു വസ്തുതകൂടി നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഈ വരൾച്ചയുടെ കാലഘട്ടത്തിൽ ജലാശയങ്ങൾ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലങ്ങളായി കാണുന്ന ആ മാനസികാവസ്ഥയിൽനിന്നും പൊതുസമൂഹത്തെ മാറ്റിയെടുക്കാൻ നമുക്ക് കൂട്ടായ പരിശ്രമം ആവശ്യമാണ്. ആ പരിശ്രമത്തിൽ പങ്ക് ചേരണം, ഇവിടെ ചൂണ്ടിക്കാണിച്ചതടക്കമുള്ള കാര്യങ്ങൾ ഏത് പരിധിവരെ നിർവ്വഹിക്കാൻ കഴിയുമെന്നത് ഗൗരവതരമായി പരിശോധിക്കുന്നതാണ്. ഇത് സംബന്ധിച്ച് ഒരു പ്രത്യേകയോഗം വിളിക്കുന്നതിന് മുൻകയ്യെടുക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇൻലാന്റ് നാവിഗേഷനുമായി ബന്ധപ്പെട്ട ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. ഇതിനുവേണ്ട നടപടികൾ

സ്വീകരിക്കുമെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. മറ്റൊരു പ്രധാന പ്രശ്നം ഈ നഗരത്തിൽ ചെറിയ മഴ പെയ്യുമ്പോൾത്തന്നെ വെള്ളപ്പൊക്കമുണ്ടാകുന്നു എന്നതാണ്. പാർവ്വതീപുത്തനാറിന്റെ നീരൊഴുക്ക് തടസ്സപ്പെട്ട് പോളകൾ നിറഞ്ഞിരിക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. മഴക്കാലം ആരംഭിക്കുന്നതിനുമുമ്പായി പോളകൾ നീക്കംചെയ്യുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് പ്രത്യേക നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ ചെറിയ മഴ പെയ്യുമ്പോൾത്തന്നെ ഈ ആറ്റിലെ വെള്ളം കയറി നഗരത്തിൽ മുഴുവൻ വെള്ളപ്പൊക്കമുണ്ടാകും. കടലിലേയ്ക്ക് വെള്ളം ഒഴുകിപ്പോകാനുള്ള ഒരു അവസരം ഉണ്ടാകുന്നില്ല. മഴക്കാലത്തിന് മുമ്പുതന്നെ നീരൊഴുക്കിന്റെ തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ചെറിയൊരു മഴ പെയ്യുമ്പോൾത്തന്നെ തിരുവനന്തപുരം നഗരത്തിൽ വെള്ളപ്പൊക്കമുണ്ടാകുന്നു എന്നത് കുറെ നാളുകളായി നാം അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടാണ്. അത് പരിഹരിക്കാനാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'ഓപ്പറേഷൻ അനന്ത' എന്ന പദ്ധതി നടപ്പാക്കിയത്. ആ പദ്ധതി നടപ്പാക്കിയതിൽ നിരവധി വിമർശനങ്ങളും ആക്ഷേപങ്ങളുമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച രൂപത്തിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് എന്ത് ചെയ്യുവാൻ കഴിയുമെന്നത്, 'ഓപ്പറേഷൻ അനന്ത'-യിൽ ഏത് ഘട്ടം വരെ ചെയ്യുവാൻ കഴിഞ്ഞുവെന്നുള്ളത് പരിശോധിച്ചശേഷം കൂടുതൽ എന്തുചെയ്യുവാൻ കഴിയുമെന്ന് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) നേമം പോലീസ് സ്റ്റേഷനിലെ മർദ്ദനം

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്നലെ നേമം പോലീസ് സ്റ്റേഷനിൽ നടന്ന അതിക്രൂരമായ മർദ്ദനത്തിന്റെ വിവരങ്ങളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. യൂത്ത് കോൺഗ്രസ് നേമം മണ്ഡലം പ്രസിഡന്റ് ശ്രീ. സജീറിനെ നേമം പോലീസ് സ്റ്റേഷൻ എസ്.ഐ.-യും പോലീസുകാരുമായി ചേർന്ന് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജനനേന്ദ്രിയത്തിന് ഗുരുതരമായി പരുക്കേറ്റ് ഇന്നലെ രാത്രിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. കസ്റ്റഡിയിലെടുത്ത രണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ജാമ്യത്തിലെടുക്കാൻ നേമം പോലീസ് സ്റ്റേഷനിൽ എത്തിയതായിരുന്ന ശ്രീ. സജീർ. എസ്.ഐ. സമ്പത്തും സി.പി.ഒ. ജയകുമാറും ചേർന്ന് ഈ ചെറുപ്പക്കാരനെ ഭീകരമായി മർദ്ദിച്ചു. തോക്കിന്റെ പാത്തികൊണ്ട് അടിക്കുകയും ലാത്തികൊണ്ട് കുത്തുകയും തറയിലിട്ട്

ചവിട്ടുകയും ചെയ്തു. ഇന്നത്തെ പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും ഇതുസംബന്ധിച്ച വാർത്ത വന്നിരിക്കുകയാണ്. 'കേരളകൗമുദി' പത്രത്തിൽ വന്നിരിക്കുന്ന വാർത്ത, 'തോക്കിന്റെ പാത്തികൊണ്ട് മർദ്ദിച്ചവശനാക്കിയശേഷം വഴിയിൽ കിടന്ന ആളാണെന്നുപറഞ്ഞ് തിരുവല്ലം പോലീസ് സ്റ്റേഷനിൽ എത്തിക്കുകയായിരുന്നു' എന്നാണ്. ഇന്ന് അവിടെ പ്രാദേശികമായി ഹർത്താൽ ആചരിക്കുകയാണ്. ഈ എസ്.ഐ. എന്നുപറയുന്ന വ്യക്തി എസ്.എഫ്.ഐ. അക്രമി സംഘത്തിലെ ഒരു പ്രധാനിയായിരുന്ന സമ്പത്ത് കൃഷ്ണനാണ്. എസ്.എഫ്.ഐ.-ക്കാർ എസ്.ഐ. ആകുന്നതിൽ തെറ്റൊന്നുമില്ല. ഏത് പാർട്ടിക്കാരനും പാർട്ടി വിശ്വാസികളുമൊക്കെ എസ്.ഐ. ആകാറുണ്ട്. വളരെ ഭീകരമായി ഈ ചെറുപ്പക്കാരനെ മർദ്ദിക്കുക മാത്രമല്ല, പരാതിക്കാരായ ആളുകളെ വൈകുന്നേരം വരെ അവിടെ ഇരുത്തിയശേഷം അവരുടെ കൈയിൽനിന്നും വെള്ള പേപ്പറിൽ ഒപ്പിട്ട് വാങ്ങിക്കുകയുണ്ടായി. ആ പേപ്പറിൽ എന്താണ് എഴുതിയതെന്ന് അറിയില്ല. ഇനി ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയുന്ന സമയത്ത് ഇതെല്ലം ആ ചെറുപ്പക്കാരന്റെ കുറ്റമാണെന്ന് വരുത്തിത്തീർക്കാനാണോ വെള്ള പേപ്പറിൽ ഒപ്പിട്ട് വാങ്ങിയതെന്നും ഞങ്ങൾക്കറിയില്ല. ഏതായാലും ഇന്നലെ വളരെ ഭീകരമായി ജനനേന്ദ്രിയത്തിന് പരിക്കേറ്റ നിലയിൽ ഈ ചെറുപ്പക്കാരനെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. വളരെ ഭീകരമായി മർദ്ദിച്ചതിന്റെ അടയാളങ്ങളാണ് ശരീരത്തിലുള്ളത്. ഇന്നലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയമാകേണ്ടിവന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് എഴുതിത്തരുന്ന വിവരങ്ങളല്ലാതെ നിഷ്പക്ഷമായ ഒരു അന്വേഷണം ഇക്കാര്യത്തിൽ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

11.00 A.M.]

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വെള്ളായണിയിൽ ഒരു കരാറുകാരന്റെ കീഴിൽ ഡെക്കറേഷൻ ജോലികൾ ചെയ്തുവരുന്ന എറണാകുളം സ്വദേശിയായ അനീഷ് എന്നയാൾ തിരുവനന്തപുരം നേമം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മുൻപരിചയമില്ലാത്ത ശ്രീജിത്ത് എന്ന ആളിനെതിരെ പരാതിക്കാരനെ കരണത്തടിച്ച് പരിക്കേൽപ്പിച്ചു എന്നുകാണിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പരാതിക്കാരനെയും എതിർകക്ഷി യെയും 14-5-2017-ന് ഉച്ചയ്ക്ക് ഒരു മണിയോടെ സ്റ്റേഷനിൽ വിളിച്ചുവരുത്തിയത്. സ്ഥലവാസിയായ ശ്രീജിത്ത് എന്നയാളാണ് ഇതിലെ എതിർകക്ഷിയെന്ന് മനസ്സിലാക്കി പരാതി അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്ന സി.പി.ഒ. അജയകുമാർ ഇരുവരേയും സ്റ്റേഷനിൽ ഹാജരാകാൻ നിർദ്ദേശിച്ചു. പെട്രോളിംഗ്

ഡ്യൂട്ടി കഴിഞ്ഞെത്തിയ എസ്.എച്ച്.ഒ.യും സി.പി.ഒ. അജയനും ഇരുകൂട്ടരോടും സംസാരിച്ചിരിക്കെ നേമം യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സജീർ പെട്ടെന്ന് സ്റ്റേഷനിൽ കയറി വരികയും ശ്രീജിത്ത് എന്നയാളെ വിളിച്ചുവരുത്തിയത് ചോദ്യം ചെയ്യുകയും സ്റ്റേഷന്റെ റിസപ്ഷൻ കൗണ്ടറിന്റെ ഗ്ലാസും ഫ്രെയിമും അടിച്ച് പൊട്ടിക്കുകയും ചെയ്തു. ഇതേത്തുടർന്ന് സജീറിനെ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതാണ്. റിസപ്ഷനിലെ ഗ്ലാസും ഫ്രെയിമും പൊട്ടിയതിൽ സർക്കാർ മുതൽ 1,500 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സജീറിന് ചികിത്സാ സഹായം വേണമെന്ന് ആവശ്യപ്പെട്ടതു പ്രകാരം മേപ്പടിയാനെ ജനറൽ ആശുപത്രിയിലും അവിടെനിന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ച് ചികിത്സ നടത്തിവരുന്നു. സംഭവത്തിൽ പരിക്കേറ്റ സി.പി.ഒ. അജയൻ നേമം ശാന്തിവിള ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതാണ്. പോലീസിന്റെ ഡ്യൂട്ടിക്ക് തടസ്സം വരുത്തിയതിനും പൊതുമുതൽ നശിപ്പിച്ചതിനും സജീറിനെതിരെ ക്രൈം 1001/2017 ആയി നേമം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പോലീസ് സ്റ്റേഷനിൽ നടന്നതായി ആരോപിക്കപ്പെട്ട സംഭവം സംബന്ധിച്ചും ഡി.സി.പി., അഡ്മിനിസ്ട്രേഷൻ അന്വേഷണം നടത്തിവരുന്നുണ്ട്.

ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗൗരവമായി അന്വേഷിക്കാനുള്ള സംവിധാനം ഒരുക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് ഇന്നലെ ആ സ്ഥലത്ത് പോയിരുന്നതാണ്. ഒരു ചെറുപ്പക്കാരന്റെ ജനനേന്ദ്രിയം തകർക്കത്തക്കനിലയിൽ അടിക്കേണ്ട യാതൊരു സാഹചര്യവും അവിടെയില്ലായിരുന്നു. ദയവായി അങ്ങ് നിഷ്പക്ഷമായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ സർക്കാർ ഒരുതരത്തിലുള്ള ലോക്കപ്പ് മർദ്ദനവും അംഗീകരിക്കുന്നില്ല. ലോക്കപ്പിൽ മർദ്ദനം നടത്തിയാൽ ആ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി ഉണ്ടാകുമെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ള താണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായി ത്തന്നെ അന്വേഷിക്കും. ഈ അന്വേഷണത്തിന് പുറമേയുള്ള അന്വേഷണ സംവിധാനം ഏർപ്പെടുത്തും.

## (2) കോളനി നവീകരണം

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പിറവന്തൂർ പഞ്ചായത്തിലെ മുള്ളുമല ഗിരിജൻ കോളനിയെ 2013-ൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി. അതോടൊപ്പം മേലില

ഗ്രാമപഞ്ചായത്തിലെ നരിക്കുഴി എസ്.സി. കോളനിയേയും ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചു. അന്ന് ഒരു യുവാവ് ആലുവയിലുള്ള കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസിന്റെ എം.ഡി. ആണെന്ന് പറഞ്ഞ് സമീപിക്കുകയും സത്യസന്ധതയോടെ പണി തീർത്ത് തരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. 2017 ആയിട്ടും യാതൊരു നീക്കവും ഉണ്ടായില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ രണ്ട് കോളനികളിലെയും നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതിയുണ്ടെന്ന് കാണിച്ച് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. എ. പി. അനിൽ കുമാറിനും ശ്രീമതി പി. കെ. ജയലക്ഷ്മിക്കും ഞാൻ പരാതി നൽകിയിരുന്നു. അതിന്മേൽ ഇന്നുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. മുള്ളുമല ഗിരിജൻ കോളനിയുടെ സ്ഥിതി വളരെ മോശമാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കുന്നതുകൊണ്ട് തെറ്റില്ല. കാരണം അതു കാണേണ്ട ഒരു അത്ഭുതമാണ്. സബ്കോൺട്രാക്ട് കൊടുത്ത് തട്ടിപ്പ് നടത്തി അവിടെ പാവപ്പെട്ടവർക്ക് കക്കൂസ് കുഴിച്ചു കൊടുത്തു. സെപ്റ്റിക് ടാങ്കിന് കുഴി എടുത്ത് അതിന് പുറത്തൊരു സ്ലാബ് ഇട്ടിട്ടുണ്ട്. അത് ഉപയോഗിക്കാൻ പറയുകയാണ്, അതിന് മറയൊന്നുമില്ല. അടുത്തടുത്ത വീടുകളാണ്. ഞാൻ കണ്ടതാണ്. പൈസ വെട്ടിക്കുന്നു എന്ന് പരാതി പറഞ്ഞവർക്ക് വീടുപണി പൂർത്തിയാക്കി കൊടുത്തിട്ടില്ല. സരസൻ എന്നുപേരുള്ള ട്രൈബൽ വിഭാഗത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ ഇവിടെ അഴിമതി നടക്കുകയാണെന്ന് പറഞ്ഞ് ഒരു പരാതി കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി ഈ കോളനി സന്ദർശിക്കണം. അവന്റെ വീട് മാത്രം പണിത് കൊടുത്തില്ല. ആ ചെറുപ്പക്കാരന്റെ വീട് മാത്രം പകുതി തീർത്തിട്ടിരിക്കുകയാണ്. വാശിയാണ്. അതിന് പുനലൂരിലെ ചില ട്രൈബൽ ഉദ്യോഗസ്ഥരും കൂടെ നിൽക്കുന്നുണ്ടെന്നുതന്നെ പറയാം. കുടിവെള്ളത്തിന് ഒരു പദ്ധതി തുടങ്ങി മോട്ടോർ വച്ച് വെള്ളം അടിച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ കറണ്ട് ചാർജ്ജ് കൊടുക്കാൻ ആളില്ല. ട്രൈബൽ ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ആരും കൊടുക്കില്ല. അവസാനം ഇലക്ട്രിസിറ്റി ബോർഡുകാർ വന്ന് മീറ്ററും മോട്ടോറുമെല്ലാം എടുത്തുകൊണ്ടുപോയി. ചുരുക്കിപ്പറഞ്ഞാൽ ഈ കടുത്ത വേനലിൽ ഒരു തുള്ളി വെള്ളം ഈ കോളനിയിലില്ല. സർക്കാരിന്റെ കയ്യിൽനിന്ന് പണം ചെലവാക്കി ഇത് ചെയ്തെന്നുമായി, എന്നാൽ ഒന്നും കിട്ടിയതുമില്ല. വീടുകളിലെ നിർമ്മാണ പ്രവർത്തനങ്ങളൊക്കെ വളരെ മോശമാണ്. കക്കൂസ് കുഴിച്ച് കൊടുത്ത് സെപ്റ്റിക് ടാങ്കും സ്ലാബുമിട്ട് ഉപയോഗിച്ചോളാൻ പറയുന്ന മര്യാദകേടൊക്കെ ഈ പറയുന്ന പാവങ്ങളോട് ചെയ്യുന്നത് ശരിയല്ല. അങ്ങിതിൽ ഇടപെടണം.

അതുപോലെയാണ് നരിക്കുഴി കോളനിയിൽ റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. മഴ വന്നപ്പോൾ എല്ലാം ഒലിച്ചുപോയി. മുട്ടത്തോടിന്റെ കനമുള്ള

പി.വി.സി. പൈപ്പ് ഇട്ടു കൊടുത്തു. അതെല്ലാം പൊട്ടിക്കഴിഞ്ഞു. 80 ശതമാനം പോലും വർക്ക് പൂർത്തിയാക്കിയില്ല. കഴിഞ്ഞ മാസവും ഞാൻ യോഗം വിളിച്ച് കർശന നിർദ്ദേശം കൊടുത്തു. ഇതിൽ എസ്.സി. ഡിപ്പാർട്ടുമെന്റിൽനിന്ന് വളരെ നല്ല ഇടപെടലുണ്ട്. അവിടത്തെ ഓഫീസറും ഇപ്പോഴത്തെ ഉദ്യോഗസ്ഥരും നരിക്കുഴി കോളനിയുടെ കാര്യത്തിൽ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ പുനലൂർ ട്രൈബൽ ഓഫീസിൽനിന്നും വളരെ മോശമായ സമീപനമാണ് ഈ വിഭാഗത്തിൽപ്പെട്ടവരോട് സ്വീകരിക്കുന്നത്. ഈ പാവങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഉദ്യോഗസ്ഥരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അങ്ങ് തീരുമാനിക്കണം. കർശനമായ ഒരു അന്വേഷണം നിർദ്ദേശിച്ച് പരാതി കൊടുത്തിട്ട് രണ്ടു വർഷം പിന്നിടുകയാണ്. ഒരു നടപടിയുമില്ല. ഇത് ഈ പാവങ്ങളോട് ചെയ്യുന്ന വഞ്ചനയാണ്. ഒരു എം.എൽ.എ. എന്ന നിലയിൽ കൊടുക്കുന്ന പരാതിക്ക് യാതൊരു വിലയുമില്ലെങ്കിൽ പിന്നെ അത് പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതൊരു പരാതിയായിട്ടുകൂടി പരിഗണിക്കണം. രണ്ട് മന്ത്രിമാർക്കും എഴുതി കൊടുത്ത പരാതി സർക്കാരിന്റെ ഫയലിൽ കാണും. ഇതിൽ കർശനമായ നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് മുള്ളുമല ഗിരിജൻ കോളനിയിലെ ഈ പ്രശ്നം പരിഹരിക്കുകയും വേണം. സരസൻ എന്ന ചെറുപ്പക്കാരന് വന്ന ഗതികേട് അങ്ങ് ഇടപെട്ട് പരിഹരിച്ചു കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, പത്തനാപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പിറവന്തൂർ പഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനിയായ മുള്ളുമലയുടെയും മേലില ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനിയായ നരിക്കുഴി കോളനിയുടെയും നവീകരണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2013-14-ലെ ഹാംലറ്റ് വികസന പദ്ധതി പ്രകാരവും പട്ടികജാതി വികസന വകുപ്പിന്റെ 2012-13-ലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലും ഉൾപ്പെടുത്തിയാണ് ഓരോ കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയത്. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ എഫ്.ഐ.ടി. (Forest Industries Travancore Limited) യെയാണ് നോഡൽ ഏജൻസിയായി മുൻസർക്കാർ ചുമതലപ്പെടുത്തിയത്. മുള്ളുമല കോളനിയിൽ കിണർ നിർമ്മാണം, കക്കൂസ് നിർമ്മാണം, വീട് അറ്റകുറ്റപ്പണി, കമ്മ്യൂണിറ്റി ഹാൾ, വീടുകളുടെ വൈദ്യുതീകരണം, 17 വീടുകളുടെ റൂഫ് കോൺക്രീറ്റിംഗ്, 13 വീടുകളുടെ ഭിത്തി നിർമ്മാണം, കുളം നവീകരണം എന്നിവയും നരിക്കുഴി കോളനിയിൽ 20 വീടുകളുടെ പ്ലാസ്റ്ററിംഗും വൈറ്റ് സിമെന്റ് വാഷിംഗും രണ്ട് വീടുകളുടെ റൂഫ്

റിപ്പെയറിംഗും അങ്കണവാടി കെട്ടിടത്തിന്റെ മീറ്റിംഗ് ഹാൾ, കിണർ നിർമ്മാണം ഇതെല്ലാം ഉൾക്കൊള്ളുന്ന പദ്ധതിയായിരുന്നു ഇത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഒന്നാം ഗഡുവായി 19.83 ലക്ഷം രൂപയും രണ്ടാം ഗഡുവായി 40 ലക്ഷം രൂപയും എഫ്.ഐ.ടി.-ക്ക് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 65 ലക്ഷം രൂപയാണ് ഇതുവരെ അനുവദിച്ചത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പദ്ധതി നിർവ്വഹണത്തിൽ ഈ രണ്ട് പദ്ധതികളിലും അപാകതകൾ ഉണ്ടെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി അവ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നിരവധി തവണ അറിയിപ്പ് നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നേരിട്ട് എഫ്.ഐ.ടി. അധികൃതരുമായി നടത്തിയ ചർച്ചയിൽ അപാകതകൾ പരിഹരിച്ചുകൊണ്ട് ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 30-6-2017-നുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള നിർദ്ദേശവും എഫ്.ഐ.ടി.-ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതേവരെ ഏജൻസി നടപടി സ്വീകരിച്ചിട്ടില്ല. മൂന്നാം ഗഡു തുക അനുവദിക്കണമെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട് എന്ന് രേഖാമൂലം എഫ്.ഐ.ടി.യെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാത്തപക്ഷം ഏജൻസിക്കെതിരെ നിയമനടപടി സ്വീകരിക്കും. ഈ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും.

പുനലൂർ ട്രൈബൽ ഓഫീസറുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ അന്വേഷണം നടത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കും. ഇതുപോലെ കഴിഞ്ഞ പ്രാവശ്യവും പ്രതിപക്ഷത്തുനിന്ന് ചില എം.എൽ.എ.മാർ ഈ കോളനി നവീകരണത്തിന്റെയും അതുപോലെ പട്ടികവർഗ്ഗ കോളനികളിലെ ഹാംലറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടും സൂചിപ്പിച്ചിരുന്നു. ഈ രൂപത്തിൽ കുറേ അപാകതകൾ സംഭവിച്ചിട്ടുണ്ട്. അതൊക്കെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. യഥാർത്ഥത്തിൽ സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിച്ചത്. ഇനി തുടരാൻ പോകുന്ന ഒരു പദ്ധതിക്കും ഈ രൂപത്തിലുള്ള ഗതികേട് ഏതായാലും ഉണ്ടാവില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. ഈ വർഷം മുതൽ സമഗ്ര ഊര് വികസനവും പട്ടികജാതി കോളനി വികസനവുമായി ബന്ധപ്പെട്ടുള്ള പരിപാടികളും ഒരു പരാതിയുമില്ലാതെ മുന്നോട്ടു പോകുന്നതിനുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, ഹാംലറ്റ് പദ്ധതിയുടെ ഗൈഡ്‌ലൈൻസിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ സാധിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഗുണഭോക്തൃ സമിതികളെ വിളിച്ചുചേർത്ത് അവിടെ ചർച്ച നടത്തി എന്താണോ ആവശ്യമുള്ളത് അതുകൂടി ചേർത്താണ് പദ്ധതി ആവിഷ്കരിക്കുന്നത്. ഇവിടെ ജനറലായ ധാരണ മാത്രമേയുള്ളൂ. ഗൈഡ്ലൈൻസിന് മാറ്റംവരുത്താൻ അവിടെ വിളിച്ചുചേർക്കുന്ന ഗുണഭോക്തൃ സമിതിയുണ്ട്. ഞാൻ ഇന്നലെ ഒരു കോളനിയിലെ യോഗത്തിൽ പങ്കെടുത്തിരുന്നു. അവിടെനിന്നുവന്ന കുറേ നിർദ്ദേശങ്ങളുണ്ട്. ഇവിടെനിന്ന് നമ്മൾ കൊടുത്തിട്ടുള്ള ഒരു ബ്രോഡ് ഗൈഡ്ലൈനുണ്ട്. അതിൽനിന്നുകൊണ്ടുതന്നെ ആ അഭിപ്രായങ്ങൾകൂടി ചേർത്തിട്ടാണ് ഇപ്പോൾ പദ്ധതി ആവിഷ്കരിക്കുന്നത്.

## (3) നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. മുരളീധരൻ: സർ, സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഒരു സമുദായമാണ് നായിഡു സമുദായം. നിലവിൽ നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ, സംവരണാനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. ഈ സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സർക്കാർ നിയോഗിച്ച രതവേൽ പാണ്ഡേ കമ്മീഷൻ പരിഗണിക്കുകയും ഇത് സംബന്ധിച്ച് പഠനം നടത്തുകയും നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് അനുകൂലമായിട്ടുള്ള റിപ്പോർട്ട് നൽകുകയും ചെയ്തു. തുടർന്ന് കിർത്താഡ്സ് പഠനം നടത്തി തെളിവെടുത്ത് വളരെ വിശദമായിട്ടുള്ള റിപ്പോർട്ട് പിന്നോക്ക വിഭാഗ കമ്മീഷന് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ കമ്മീഷൻ നായിഡു സമുദായത്തെ പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും സംവരണാനുകൂല്യത്തിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പിന്നോക്ക വിഭാഗ കമ്മീഷൻ പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കം നിൽക്കുന്ന നായിഡു സമുദായത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം അനുവദിക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്നാടുവഴി ഉദ്ദേശം 3 നൂറ്റാണ്ട് മുൻപ് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്തവരുടെ പിൻഗാമികളാണ് കേരളത്തിലെ നായിഡു സമുദായം.

ബലിജ, കവറൈ, ഗവറ, ഗവറൈ, ഗവറൈ നായിഡു, ഗാജലുബലിജ എന്നീ വിഭാഗക്കാരാണ് പൊതുവിൽ നായിഡുവായി അറിയപ്പെടുന്നത്. നായിഡു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുണ്ടെന്ന് നരവംശശാസ്ത്ര പഠന ഏജൻസിയായ കിർത്താഡ്സ് കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം കമ്മീഷൻ പരിശോധിക്കുകയും 4-5-2017-ൽ കൂടിയ യോഗത്തിൽ നായിഡു സമുദായത്തിൽ ഉൾപ്പെട്ട മേൽ വിവരിച്ച ഏതെല്ലാം ജാതിക്കാർക്കാണ് സംവരണത്തിന് അർഹതയുള്ളത് എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. കമ്മീഷന്റെ നിർദ്ദേശപ്രകാരം കിർത്താഡ്സ് ഈ വിഷയം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചശേഷം, പിന്നോക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്താൽ മാത്രമേ ഈ വിഷയത്തിൽ സർക്കാരിന് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ഇത് ഇപ്പോൾ പിന്നോക്ക വിഭാഗകമ്മീഷന്റെ മുമ്പിലുള്ള ഒരു പ്രശ്നമാണ്, ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഉചിതമായ തീരുമാനം ഗവൺമെന്റ് സ്വീകരിക്കും.

## (4) കുടിവെള്ള വിതരണം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര വാട്ടർ അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഇവിടെ അവതരിപ്പിക്കുന്നത്. 1972-ലാണ് നെയ്യാറ്റിൻകരയിൽ വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുന്നത്. അന്ന് സ്ഥാപിച്ച എ.സി. പൈപ്പുകളാണ് ഇപ്പോഴും അവിടെയുള്ളത്. അത്തരം പൈപ്പുകൾ നിരവധി പ്രദേശങ്ങളിൽ പൊട്ടുന്നത് നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ട നടപടി വാട്ടർ അതോറിറ്റി മുൻകൂട്ടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 35000 മീറ്റർ ദൂരം പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൂട്ടുകയും കരാറുകാരൻ ടെണ്ടർ നടപടി ആരംഭിക്കുകയും ചെയ്തു. എന്നാൽ ആ ഘട്ടത്തിൽ നടപടികൾക്ക് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ വന്ന കുറവിന്റെ ഭാഗമായി ആകെ 2000 മീറ്ററിൽ മാത്രമേ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ കഴിഞ്ഞുള്ളൂ. നെയ്യാറ്റിൻകര-കളിയിക്കാവിള പാതയിൽ വഴിമുക്ക് മുതൽ അമരവിള വരെ ഏകദേശം 6 കിലോമീറ്റർ ദൂരം ദേശീയപാതാ അതോറിറ്റി പെർമിഷൻ കൊടുക്കാത്തതുകാരണം തടസ്സമായി നിൽക്കുകയാണ്. കൃത്യസമയത്ത് ഈ പ്രവൃത്തിക്കാവശ്യമായ നിലപാടുകൾ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിന്റെ ഭാഗമായി, കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ കാശ് കിട്ടാൻ വേണ്ടി കോടതിയെ സമീപിച്ചതിനാൽ വർക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. 1972 കാലഘട്ടത്തിൽ 1000-ൽ

താഴെ ഉപഭോക്താക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഏകദേശം 15000 ത്തിലധികം വരുന്ന ഗാർഹിക ഉപഭോക്താക്കൾ ആ ഡിവിഷനിൽ മാത്രം ഉണ്ട്. പൈപ്പുകൾ ആ നഗരത്തിന്റെ മൂന്ന് പ്രദേശങ്ങളിലായി വാങ്ങി ശേഖരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് സത്വര നടപടികൾ സ്വീകരിക്കണം. പൈപ്പുകൾ ഇങ്ങനെ അനന്തമായി പൊട്ടി ഒലിക്കുകയും കൃത്യമായി അത് മെയിന്റയിൻ ചെയ്യാത്ത രൂപത്തിലുണ്ടാകുന്നതുമായ പ്രശ്നങ്ങൾ അവിടെ വർദ്ധിച്ചുവരികയാണ്. അത് പരിഹരിക്കുന്നതിനാവശ്യമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കാലപ്പഴക്കത്താൽ എ.സി. പൈപ്പുകളും, റിമോ പൈപ്പുകളും പൊട്ടി ഒലിക്കുന്നു എന്നത് കേരളത്തിൽ ആകെയുള്ള പ്രശ്നമാണ്; നെയ്യാറ്റിൻകര മണ്ഡലത്തിൽ മാത്രം ഉള്ളതല്ല. നെയ്യാറ്റിൻകര മണ്ഡലത്തിൽ വർഷങ്ങൾ പഴക്കമുള്ള എ.സി. പൈപ്പുകൾ പലയിടത്തും നിലവിലുണ്ട്. ഇവ കിഫ്ബിയിലും സ്റ്റേറ്റ് പ്ലാനിലും ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാറ്റി സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരികയാണ്. നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇപ്പോൾ മാരായമുട്ടം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി മാമ്പഴക്കര പമ്പ് ഹൗസ് മുതൽ പെരുങ്കടവിള ജംഗ്ഷൻ വരെ 150 എം.എം. എ.സി. പമ്പിംഗ് മെയിൻ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അത് മാറ്റി പകരം 200 എം.എം. ഡി.ഐ. പൈപ്പ് ഇടുന്നതിന് 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആര്യങ്കോട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി മുന്നാട്ടുമുക്ക് പമ്പ് ഹൗസ് മുതൽ നെടഞ്ഞിക്കുന്ന് ഭൂതല ജലസംഭരണി വരെ 150 എം.എം. എ.സി പൈപ്പ് മാറ്റി പകരം 200 എം.എം. ഡി.ഐ. കെ9 പൈപ്പ് സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി 2016-17 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. അത് ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. ബാക്കി സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേടായ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഈ വരൾച്ചക്കാലത്ത് വെള്ളം പ്രഷറിൽ വിടുമ്പോൾ നിരവധി സ്ഥലങ്ങളിൽ പൈപ്പ് പൊട്ടുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ പെട്ടെന്ന് അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്, വെള്ളം നഷ്ടപ്പെട്ടുപോകാൻ പാടില്ല. ഈ പ്രതിഭാസം തുടർന്നുകൊണ്ടിരിക്കുന്നത് ഒഴിവാക്കാൻവേണ്ടി കഴിയുന്നത്ര സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി പൈപ്പുകൾ മാറ്റിസ്ഥാപിക്കാനാണ് മുൻഗണന നൽകി പ്രവർത്തിക്കുന്നത്.

## (5) പാലം നിർമ്മാണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിനേയും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ചേലക്കോട്ടുകുളങ്ങര - വലിയതറകടവ് പാലം നിർമ്മിക്കണമെന്ന ആവശ്യത്തിന് ഏറെ വർഷക്കാലത്തെ പഴക്കമുണ്ട്. അടൂർ, കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ പ്രദേശങ്ങളിലേയ്ക്ക് ഈ പാലം പൂർത്തീകരിക്കുന്നതോടുകൂടി എളുപ്പമാർഗ്ഗം സഞ്ചരിക്കാൻ കഴിയുന്നതാണ്. വളരെ പഴക്കമുള്ള ഈ ആവശ്യം ജനങ്ങളുടെ ഇടയിൽ വന്നതിന്റെഭാഗമായി എം.എൽ.എ. എന്ന നിലയിൽ ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയുണ്ടായി. ലാന്റ് സർവ്വേ ഏകദേശം പൂർത്തീകരിച്ച കഴിഞ്ഞു. അതിർത്തി നിർണ്ണയിച്ച കൊണ്ടുള്ള ബൗണ്ടറി സ്റ്റോൺ നിർമ്മിച്ച കഴിഞ്ഞു. വളരെ വേഗം ഈ പാലം നിർമ്മിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. കോവൂർ കുഞ്ഞുമോന്റെ നിയമസഭാ മണ്ഡലത്തിലെ ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്തിനെയും തൊടിയൂർ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചേലക്കോട്ടുകുളങ്ങര-വലിയതറകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായിട്ടുണ്ട്. അതിന്റെ ഡിസൈൻ വരച്ചുകൊണ്ടിരിക്കുകയാണ്, താമസിയാതെ പൂർത്തിയാകും. ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ വിവരങ്ങൾ ശേഖരിച്ച വരികയാണ്. പാലത്തിന് സമീപമുള്ള റോഡിന്റെ ഭാഗമായുള്ള പി.ഡബ്ല്യ.ഡി. അതിർത്തി നിർണ്ണയക്കല്ലുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലുൾപ്പെട്ട ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് സംബന്ധിച്ച വിവരം പി.ഡബ്ല്യ.ഡി.-ക്ക് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഡിസൈൻ പൂർത്തിയായി, ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുകളും ലഭ്യമാകുന്നമുറയ്ക്ക് മറ്റ് നിർമ്മാണ നടപടികളിലേയ്ക്ക് കടക്കാനുദ്ദേശിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്ന വിശദാംശങ്ങൾ ഉടൻ തന്നെ നല്കണമെന്ന് താല്പര്യപ്പെടുന്നു.

## (6) ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെ നിർമ്മാണം

ഡോ. എൻ. ജയരാജ്: സർ, എന്റെ മണ്ഡലമായ കാഞ്ഞിരപ്പള്ളിയിൽ ആസ്തി വികസന ഫണ്ടിൽനിന്നും രണ്ട് മൂന്ന് വർഷങ്ങളായി അനുവദിച്ച വിവിധ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇതേവരെ ആരംഭിക്കാനോ പൂർത്തീകരിക്കാനോ കഴിയാതെ പല ഘട്ടങ്ങളായി മുൻപോട്ടു പോകുകയാണ്. യഥാർത്ഥത്തിൽ ഇത് പൊതുമരാമത്ത് വകുപ്പിന്റെ മാത്രം പ്രശ്നമല്ല, വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട കാര്യമാണ്. ഇതിൽ ചിലത് വനം

വകുപ്പുമായി ബന്ധപ്പെട്ടതാണ്. മരം മുറിച്ചുമാറ്റുന്നതിന് ലോകത്ത് എങ്ങുമില്ലാത്ത വിലയാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ വന്ന് നിശ്ചയിക്കുന്നത്. ലേലം ചെയ്യുമ്പോൾ ആ വിലയ്ക്ക് ഏറ്റെടുക്കാൻ ആളില്ല. ഇത് അനന്തമായ പ്രക്രിയയായി നീണ്ടുപോകുകയാണ്. മണങ്ങല്ലൂർ സ്കൂൾപ്പെടെയുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുൻപോട്ടുപോകാത്തതിന്റെ ഒരു പ്രധാന കാര്യം മരം മുറിച്ചു മാറ്റാത്തതാണ്. അതോടൊപ്പം സോയിൽ ഇൻവെസ്റ്റിഗേഷൻ കെട്ടിട നിർമ്മാണത്തിൽ നിർബന്ധമുള്ള കാര്യമാണ്, അതിനായി പൊതുമരാമത്ത് വകുപ്പ് എംപാനൽ ചെയ്ത കുറേ ഏജൻസികളുണ്ട്. കിഫ്ബി ഉൾപ്പെടെ വലിയ പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ എംപാനൽ ചെയ്ത ഏജൻസികളുടെ എണ്ണം വളരെ കുറവാണ്. അവർക്ക് ഏറ്റെടുക്കാവുന്നതിനേക്കാൾ കൂടുതൽ ജോലിഭാരം വരുന്നതിനാൽ സമയബന്ധിതമായി ഇവരുടെ സേവനം ലഭ്യമല്ലാതെ വരികയും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്ന അവസ്ഥയിൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

കിറ്റ്കോയ്ക്ക് കൊടുത്ത ഒരു വർക്കിൽ അവർ ചെയ്ത സ്ട്രക്ചറൽ ഡിസൈൻ തെറ്റാണെന്ന് പറഞ്ഞ് ഇപ്പോൾ തിരിച്ചയച്ചിരിക്കുകയാണ്. ഈ പ്രവൃത്തികളെല്ലാം പൊതുമരാമത്തുമായി മാത്രം ബന്ധപ്പെട്ട വിഷയമല്ല. ഇതുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും പ്രവർത്തനം കെട്ടിടനിർമ്മാണത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കപ്പാട് ഗവൺമെന്റ് സ്കൂളിന് 1 കോടി 40 ലക്ഷം രൂപ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടം സ്കൂളിനില്ലാത്തതിനാൽ നൽകിയതാണ്. നിലവിലെ കെട്ടിടത്തിന്റെ മുകളിൽ കെട്ടിടം പണിചെയ്താൽപ്പോരേ എന്ന രീതിയിൽ കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിലെ ഒരു അണ്ടർ സെക്രട്ടറി ആ ഫയലിൽ ക്വറി ഇട്ടിരിക്കുകയാണ്. ഇനി അതിനു പിറകേ മൂന്നുനാല് മാസം നഷ്ടപ്പെടും. നിലവിലുള്ള ഓടിട്ട കെട്ടിടത്തിന് മുകളിൽ എങ്ങനെയാണ് രണ്ടുനില കെട്ടിടം പണിയുക എന്ന കാര്യം സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ആ അണ്ടർ സെക്രട്ടറിക്ക് മാത്രമേ അറിയാൻ കഴിയുകയുള്ളൂ. സി.പി. നായരുടെ സർവ്വീസ് സ്റ്റോറിയിൽ 'ഒബ്ജക്ഷൻ പരമേശ്വരൻ' എന്ന കഥാപാത്രത്തെപ്പറ്റി പറയുന്നുണ്ട്, ഇപ്പോഴും ഇത്തരത്തിലുള്ള ഒബ്ജക്ഷൻ പരമേശ്വരന്മാർ നമ്മുടെ സർവ്വീസിലിരിക്കുന്നതുകൊണ്ട്, എം.എൽ.എ മാർക്ക് പ്രിവിലേജായി ലഭിക്കുന്ന ആസ്തി വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാതെ മണ്ഡലത്തിലെ വർക്കുകൾ ഇങ്ങനെ അനന്തമായി നീളുകയാണ്. എം.എൽ.എ. യുടെ കാലാവധി കഴിഞ്ഞാൽപ്പോലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയില്ല.

പൊൻകുന്നം മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം അത്തരത്തിലുള്ള ഒന്നാണ്, 14 സർക്കാർ ആഫീസുകൾ കഴിഞ്ഞ നാലു വർഷമായി വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സിവിൽ സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം പണി പൂർത്തീകരിച്ചു, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന്റെ ലിഫ്റ്റ് വയ്ക്കാനുള്ള കാലതാമസമാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ എട്ടൊൻപത് മാസമായി ഈ കാലതാമസത്തിന്റെ ഭാഗമായി സർക്കാർ ഖജനാവിൽനിന്നും ഈ കെട്ടിടങ്ങൾക്ക് വാടക കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ യഥാർത്ഥത്തിൽ അക്ഷന്തവ്യമായ അപരാധമായി കാണാതിരിക്കാൻ കഴിയില്ല. ആസ്തിവികസന ഫണ്ടിൽ നിന്നുണ്ടാകുന്ന പ്രവൃത്തികളുടെ ഇതേപോലുള്ള കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിരവധി ആവശ്യങ്ങളാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്, മറുപടി ചുരുക്കി പറയാം. കഴിഞ്ഞ കാലങ്ങളിൽ മുടങ്ങിക്കിടന്ന പ്രവൃത്തികളെപ്പറ്റിയാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ആ പ്രവൃത്തികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പരിശോധിച്ച് ഇപ്പോഴുള്ള സ്ഥിതിയാണ് ഞാൻ റിപ്പോർട്ട് ചെയ്യുന്നത്.

1. വാഴൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം, ഫെബ്രുവരിയിലാണ് കരാറുകാരൻ ഏറ്റെടുത്തത്. മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവാദം നൽകേണ്ടത് വനം വകുപ്പാണ്, അവർ അനുവാദം തരുന്നില്ല. മൂല്യനിർണ്ണയപ്രകാരമുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതുപ്രകാരം മരങ്ങൾ ലേലം ചെയ്ത് മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം പണികൾ ആരംഭിക്കും.

2. ചേലപ്പാടി ആർ. വി. ജി. എച്ച്. എസ്. സ്കൂൾ കെട്ടിടം - 2016 നവംബർ മാസത്തിൽ കരാറുകാരൻ ഏറ്റെടുത്തു. പ്രവൃത്തി നല്ല നിലയിൽ പുരോഗമിച്ചു വരികയാണ്.

3. മണങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി-2017 ഫെബ്രുവരി മാസം പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടി, മരങ്ങൾ മുറിക്കേണ്ടതായിട്ടുണ്ട്. അടുത്തയാഴ്ച അതിന്റെ മണ്ണ് പണികൾ ആരംഭിക്കുന്നതാണ്.

4. കുന്നഭാഗം ഗവൺമെന്റ് ഹൈസ്കൂൾ സ്കൗട്ട് ഓഫീസ് കെട്ടിട നിർമ്മാണം-2017 ഫെബ്രുവരിയിൽ ആരംഭിച്ചു. അടിത്തറയുടെ പണികൾ പുരോഗമിച്ചുവരുന്നു.

5. കുന്നഭാഗം സ്പോർട്സ് സ്കൂൾ കെട്ടിടം - കിറ്റ്കോ നിർമ്മിച്ച മാസ്റ്റർ പ്ലാൻ തകരാറായിരുന്നു, ഡ്രോയിംഗിൽ പിശകുണ്ടായിരുന്നു, ഡ്രോയിംഗ്

പുനഃക്രമീകരിക്കുകയുണ്ടായി. അംഗീകാരത്തിനായി കിറ്റ്കോയ്ക്കും സ്കൂൾ അധികൃതർക്കും കൊടുത്തിട്ടുണ്ട്. അംഗീകാരം ലഭിച്ചതിനുശേഷം കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതിക അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. അനുമതി ലഭിച്ചശേഷം പണികൾ ആരംഭിക്കാവുന്നതാണ്.

6. ചെറുവള്ളി എൽ.പി.എസ്. കിച്ചൺ ബ്ലോക്ക്-2017 ഫെബ്രുവരി മാസം ആരംഭിച്ചു. അടിത്തറയുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. പ്ലിന്ത് ബീം വരെ പൂർത്തിയാക്കിയിട്ടുണ്ട്.

7. താഴത്ത് വടകര ഗവൺമെന്റ് എച്ച്. എസ്. എസ്. ഓഡിറ്റോറിയം-2016 സെപ്റ്റംബറിൽ പണി ആരംഭിച്ചു. പ്ലിന്ത് ബീം വർക്ക് നടന്നുകൊണ്ടിരിക്കുന്നു.

8. നെടുങ്കുന്നം ആയുർവ്വേദ ആശുപത്രി കെട്ടിടം-മണ്ണ് നിർമ്മാണ പരിശോധനകൾക്കായുള്ള നടപടികൾക്ക് ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ ഏറ്റെടുത്തില്ല. ഇപ്പോൾ ക്വട്ടേഷനായി ഇന്റഗ്രൽ സൊല്യൂഷൻസിന് നൽകിയിരിക്കുകയാണ്, നോട്ടീസ് നല്കിയിട്ടുണ്ട്. കരാർ വച്ചാലുടൻ മണ്ണ് പരിശോധന ആരംഭിക്കാവുന്നതാണ്.

പി.ഡബ്ല്യൂ.ഡി-ക്ക് എംപാനൽ ഒന്നുമില്ല, അതെല്ലാം കിഫ്ബിയുടേതാണ്. അത് വിപുലീകരിക്കേണ്ടത് കിഫ്ബിയാണ്. അതിൽപ്പെട്ടവർക്കുമാത്രമേ വർക്ക് കൊടുക്കാൻ പറ്റുകയുള്ളൂ. ഇതിന്റെയെല്ലാം കാരണം രോഗത്തിന് ചികിത്സ ചെയ്യാത്തതാണ്. പി.ഡബ്ല്യൂ.ഡി.-യോട് പറയാം, പി.ഡബ്ല്യൂ.ഡി.-യുടെ ആവശ്യങ്ങൾ ആരോട് പറയും? രോഗത്തിന് ചികിത്സ വരണമെങ്കിൽ ഭരണപരിഷ്കാരം നടക്കണം, അല്ലാതെ ഒരു പരിഷ്കാരവും ഇവിടെ ആവലാതിയില്ലാതെ തീരാൻ പോകുന്നില്ല. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥനെ കുറിച്ച് അങ്ങിവിടെ പറഞ്ഞല്ലോ, ഞങ്ങൾക്കെന്ത് ചെയ്യാൻ പറ്റും? മണ്ണിന്റെ വില കാരണം, കഴിഞ്ഞ നാല് വർഷമായി കുട്ടനാട്ടിൽ പണി നടക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷമായി, സി.ടി.ഇ. മണ്ണിന്റെ വില നിശ്ചയിച്ച് കൊടുക്കുന്നില്ല. ഗവൺമെന്റിന് മുകളിലാണ് സി.ടി.ഇ.! നമുക്ക് എന്തു ചെയ്യാൻ പറ്റും; പല തവണ ഞാൻ സംസാരിച്ചു, ശ്രീ. തോമസ് ചാണ്ടി സംസാരിച്ചു, അയാൾ വില നിശ്ചയിച്ച് തരില്ല. ഞാൻ വിശദീകരിക്കുകയല്ല. അടിസ്ഥാനപരമായി ഇവിടത്തെ രീതികളിൽ മാറ്റംവരാതെ നമുക്ക് നൂറ് ശതമാനം പരാതിരഹിതമായി കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. അണ്ടർ സെക്രട്ടറിക്ക് എന്താണ് നഷ്ടം; ജോയിന്റ് സെക്രട്ടറിക്കോ ഗവൺമെന്റ് സെക്രട്ടറിക്കോ എന്തെങ്കിലും നഷ്ടമുണ്ടോ? ഇതേപോലുള്ള ധാരാളം പ്രശ്നങ്ങളുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം.

പി.ഡബ്ല്യൂ.ഡി. വകുപ്പിനെ ഏൽപ്പിച്ചു കഴിഞ്ഞാൽ ചിലപ്പോൾ ചിലകാര്യങ്ങളിൽ തടസ്സങ്ങളുണ്ടാകാറുണ്ട്, അത് നീക്കം ചെയ്യാൻ തയ്യാറാണ്. മരം മുറിക്കേണ്ടത് വനം വകുപ്പാണ്, സ്കൂൾ കോമ്പൗണ്ടിലെ മരം മുറിക്കാൻ ഇവരുടെ അനുവാദം എന്തിനാണ്, ഇവർ വച്ചതാണോ? ഇവിടെ ഒരു ദേശീയ നിയമമുണ്ട്, ആയിക്കൊള്ളൂ, സ്കൂളിനകത്ത് കെട്ടിടം പണി നടത്തുന്നതിന് മരം മുറിക്കാൻ സ്കൂളിനവകാശമില്ല. നമ്മൾ തമ്മിൽ പറയേണ്ട കാര്യമല്ല, 60 വർഷമായി ഇതൊന്നും ആരും മാറ്റിയിട്ടില്ല, ആ കാര്യമാണ് പറയുന്നത്. മാറ്റണമെങ്കിൽ എല്ലാവരും ഒരുമിച്ച് ആലോചിക്കണം. സ്കൂളിലെ മരം മുറിക്കുന്ന കാര്യത്തിൽ ഞാൻ വനം വകുപ്പ് മന്ത്രിയാണെങ്കിൽത്തന്നെ എനിക്ക് എന്ത് കാര്യമാണുള്ളത്; നാഷണൽ ഹൈവേയിൽ മരം വച്ചത് വനംവകുപ്പാണോ? മറിഞ്ഞു വീണാൽപ്പോലും വെട്ടാൻ സാധിക്കില്ല. ഇത് ബന്ധപ്പെട്ട വകുപ്പിന്റേയോ മന്ത്രിമാരുടേയോ പിഴവല്ല. ഇതിന്റെയെല്ലാം ഫലമായി ചോരുന്നത് ഖജനാവാണ്. ഞാൻ നിങ്ങളോട് യോജിച്ച് പറയുകയാണ്, പി.ഡബ്ല്യൂ.ഡി. ചെയ്യാനുള്ളത് മുഴുവൻ ചെയ്യുന്നുണ്ട്, അപാകതയുണ്ടെങ്കിൽ മാറ്റിത്തരാം. ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ചെയ്യുകയും കൂടി വേണം.

## (7) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കോഴിക്കോട്-തൃശ്ശൂർ ദേശീയ പാതയിൽ വളരെയേറെ ഗതാഗത തടസ്സമുണ്ടാക്കുന്നതും അപകടമുണ്ടാക്കുന്നതുമായ പ്രദേശങ്ങളാണ് വളാഞ്ചേരി-വട്ടപ്പാറ പ്രദേശങ്ങളുൾപ്പെടുന്ന ഭാഗങ്ങൾ. 16-12-2012-ലെ ഗവൺമെന്റ് ഉത്തരവനുസരിച്ചാണ് എന്റെ നിയോജകമണ്ഡലമായ കോട്ടയ്ക്കലിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മിക്കാൻ തീരുമാനിച്ചതും നടപടികൾ തുടങ്ങിയതും. ആകെ ബൈപ്പാസിനായി ഏറ്റെടുക്കേണ്ടിയിരുന്നത് 7.2969 ഹെക്ടർ സ്ഥലമായിരുന്നെങ്കിലും ഇതുവരെയായി 1.2393 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുത്തത്. ഏറ്റെടുത്ത സ്ഥലത്തു തന്നെ ഇലക്ട്രിക് പോസ്റ്റും വാട്ടർ അതോറിറ്റിയുടെ പൈപ്പും മാറ്റാത്തതുകാരണം അവിടെ പ്രവർത്തനം നടക്കുന്നില്ല. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 37 കോടി രൂപയാണ് ഇനിയും ആവശ്യമുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ 10 കോടി രൂപ അനുവദിച്ചത് ഏറെ സന്തോഷകരമായിരുന്നു, അതുകൊണ്ടുതന്നെ സ്ഥലമെടുപ്പ് നടന്നുവരികയാണ്. ഇനിയും 27 കോടി രൂപ അനുവദിക്കേണ്ടതായുണ്ട്. ഈ വർഷം അതിനായി ഇതുവരേയും ഒരു സംഖ്യയും നീക്കിവച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല, ഒരു പ്രഖ്യാപനവുമുണ്ടായിട്ടില്ല. റോഡു പണി നടക്കാത്തതിനാലും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കാത്തതിനാലും കോമ്പൻസേഷൻ കൊടുത്ത് തീർക്കാത്തതിനാലും അവിടെയുള്ള ജനങ്ങൾ വളരെയേറെ പ്രയാസത്തിലാണ്,

ഒപ്പം യാത്രക്കാരും വല്ലാത്ത ദുരിതത്തിലാണ്. അടിയന്തരമായി അങ്ങയുടെ വകുപ്പ് ഇടപെട്ട് ഇതിനാവശ്യമായ നടപടി സ്വീകരിച്ച് സ്ഥലമേറ്റെടുപ്പിന് ആവശ്യമായ പണം അനുവദിക്കുകയും റോഡിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ അപകടമരണങ്ങളും മറ്റും നടക്കുന്ന എൻ.എച്ച്. 66-ലെ ഒരു അപകട മേഖലയാണ് വട്ടപ്പാറ വളവ്. അവിടത്തെ വളവ് തീർക്കാനും വാളാഞ്ചേരി ടൗൺ ഒഴിവാക്കുന്നതിനും വേണ്ടിയാണ് ആറ് കിലോമീറ്റർ വരുന്ന കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് പദ്ധതിക്ക് 2012-ൽ രൂപരേഖ തയ്യാറാക്കിയത്. അതുവഴി 3.4 കിലോമീറ്റർ ദൂരം ലാഭിക്കാനും കഴിയും. ഇതിൽ 15 മീറ്റർ വീതിയിൽ നിലവിലെ വളവുകൾ പരമാവധി ഒഴിവാക്കിയാണ് അലൈൻമെന്റ് തയ്യാറാക്കുന്നത്. അതിനുവേണ്ടി ഏകദേശം 7.3 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് 2012-ൽ ഇറക്കിയിട്ടുണ്ട്. 25 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചു. 15 കോടി രൂപ റോഡിനും 10 കോടി രൂപ സ്ഥലത്തിനുമാണ്. അതിന്റെ അടിസ്ഥാനത്തിൽ 1.23 ഹെക്ടർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറി. ബാക്കി സ്ഥലം ഏറ്റെടുക്കാൻ ഇനി 37,48,33,734 രൂപകൂടി വേണം. അത് ആവശ്യപ്പെട്ടിരിക്കുകയാണ്. 10 കോടി രൂപ കൂടി അധികമായി കൊടുത്തു. ഇനിയും 27.5 കോടിയോളം രൂപ വേണം. കിട്ടിയ പണം ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മൂന്ന് കൾവർട്ടുകളും സംരക്ഷണ ഭിത്തികളും നിർമ്മിച്ചു. ഫോർമേഷൻ ബേസും സബ് ബേസും നിർമ്മിക്കുന്നതിന് 45 സെന്റിമീറ്റർ മണ്ണെടുത്തപ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് റോഡിന് നടുക്ക് കിടക്കുകയാണ്. രണ്ട് വകുപ്പുകളും ചേർന്ന് വേണ്ടത്ര പരിശോധന നടത്താത്തതുകൊണ്ട് അത് പൊട്ടിപ്പോവുകയും ജലവിതരണം തടസ്സപ്പെടുകയും ചെയ്തു. ആറ് കിലോമീറ്റർ നീളത്തിലുള്ള പൈപ്പ് ലൈൻ നിർദ്ദിഷ്ട റോഡിന്റെ അരികിലേയ്ക്ക് മാറ്റണം. അതിന് പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് കാശ് കൊടുക്കണം. കുടിവെള്ളത്തിന്റെ പ്രശ്നമായതിനാൽ പൈപ്പ് സ്ഥാപിക്കാതിരിക്കാൻ സാധിക്കില്ല. വൈദ്യുതി വകുപ്പ് പോസ്റ്റ് ഇട്ടാൽ അത് മാറ്റാൻ പൊതുമരാമത്ത് വകുപ്പ് കാശ് കൊടുക്കണം. അത് പണ്ടുമുതലുള്ള രീതിയാണ്. വീണ്ടും 91 ലക്ഷം രൂപ കൂടി ഇത് മാറ്റാൻവേണ്ടി പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൊടുക്കണം. അതിന് വൈദ്യുതി വകുപ്പ് 73 ലക്ഷം രൂപ ആവശ്യപ്പെട്ടു. ഇതെല്ലാം കൂടി വരുമ്പോൾ 27 കോടി രൂപ പോര, ഏതാണ്ട് 28 കോടിയോളം രൂപ അനുവദിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സഹിതം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് 25-1-2017-ൽ പ്രൊപ്പോസൽ

കൊടുത്തെങ്കിലും പ്രസ്തുത പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചില്ല. അതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ വീണ്ടും പരിഗണനയ്ക്ക് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിന്റെ വിശദമായ എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളും ഇപ്പോൾ സമർപ്പിക്കാൻ പോകുകയാണ്. ഇതാണ് അതിന്റെ സാങ്കേതിക പ്രശ്നം. പ്രസ്തുത ബൈപ്പാസ് നിർമ്മിക്കുന്നതിനോട് സർക്കാർ യോജിക്കുന്നു.

## (8) കൺസ്ട്രക്ഷൻ അക്കാദമി

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ 10 ഏക്കർ ഭൂമി 15 കോടി രൂപക്ക് വാങ്ങി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ ചുമതലയിൽ രാജ്യാന്തര നിലവാരമുള്ള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആരംഭിക്കുകയും അതിന് തറക്കല്ലിടുകയും അതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുമൊക്കെ ചെയ്തതാണ്. എന്നാൽ ആറ് വർഷം കഴിഞ്ഞിട്ടും ഇതുവരെ അതിന്റെ നടപടികളൊന്നും തുടങ്ങിയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലതവണ മന്ത്രിയുടെയും നിയമസഭയുടെയുമൊക്കെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വന്നെങ്കിലും അത് അവഗണിക്കുന്ന സമീപനമാണുണ്ടായത്. മാത്രമല്ല, അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബിജോണിന്റെ മണ്ഡലത്തിൽ ഇത്തരത്തിലൊരു അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നപ്പോൾ അദ്ദേഹം പറഞ്ഞത്, അത് പൊതു-സ്വകാര്യ-പങ്കാളിത്തത്തിലുള്ള അക്കാദമിയാണെന്നും ഇതുമായി ബന്ധമില്ലെന്നും ഇത് സ്ഥാപിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്നുമാണ്. എന്നാൽ 6-3-2014-ൽ അക്കാദമിയുടെ ഭരണസമിതി ചേരുകയും അതിന്റെ ഭാഗമായി സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകത്തക്ക വിധത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കേന്ദ്രങ്ങളാണ് ആവശ്യമെന്നും ആയതിനാൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം ടി സ്ഥലത്ത് ആരംഭിക്കുന്നതിന് സാധ്യത പരിശോധിക്കണമെന്നുള്ള നിഗമനത്തിലാണ് പിന്നീട് എത്തിച്ചേർന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. പലതവണ ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം നിയമസഭയിൽ മറുപടി നൽകിയത്, കൺസ്ട്രക്ഷൻ അക്കാദമിക്ക് പകരമായി ഒരു ഓട്ടോ മൊബൈൽ അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് സർക്കാർ പോകുന്നുവെന്നാണ്. അതിനുവേണ്ടി EOI (Expression of Interest) ക്ഷണിച്ചെങ്കിലും ആർക്കും

അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഇത് നടപ്പിലാക്കാൻ കഴിയാത്തത് ജനങ്ങളിൽ വലിയ ആശങ്കയുണ്ടാക്കുകയാണ്. ഞാൻ 8-11-2016-ൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയതിന്റെ ഫലമായി പരിശോധിക്കാമെന്ന് പറയുകയുണ്ടായി. എന്നാൽ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് 1-3-2017-ൽ നിയമസഭയിൽ 1039-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് അങ്ങയുടെ ഉത്തരമായി ലഭിച്ചത്. അതുകൊണ്ടാണ് വീണ്ടും ഈ വിഷയം സബ്മിഷനായി സഭയിൽ അവതരിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. ചാത്തന്നൂരിൽ ഈ അക്കാദമി നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന വലിയ ബഹുജനാഭിപ്രായം രൂപപ്പെട്ടുകയാണ്. തൊഴിലാളികളോട് പ്രതിബദ്ധതയുള്ള അങ്ങ് ഈ വിഷയം ഗൗരവമായിട്ടെടുത്ത് ഹൈവേയോട് ചേർന്ന് കിടക്കുന്ന 10 ഏക്കർ ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ നിർമ്മാണ മേഖലകളിലെയും അനുബന്ധ മേഖലകളിലെയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുഗുണമായ ആധുനിക പരിശീലനം ബോർഡിലെ അംഗതൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും നൽകുക എന്ന ലക്ഷ്യത്തോടെ സെസ്സിനത്തിലുള്ള വരുമാനത്തിന്റെ ഒരു വിഹിതം ചെലവഴിച്ച് ഹൈദ്രാബാദിലുള്ള 'നാഷണൽ അക്കാദമി ഓഫ് കൺസ്ട്രക്ഷൻ' എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ, 'കേരള കൺസ്ട്രക്ഷൻ അക്കാദമി' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് തീരുമാനിക്കുകയും അതിന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അനുമതിയും നൽകിയിട്ടുള്ളതാണ്. കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന് ആവശ്യമായി വേണ്ട പത്ത് ഏക്കർ സ്ഥലം കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽനിന്നും ബോർഡ് വിലയ്ക്കുവാങ്ങുകയും തുടർന്ന് പ്രോജക്ട് റിപ്പോർട്ടടക്കം സമർപ്പിക്കുകയും ചെയ്തിരുന്നു. അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും അന്നത്തെ തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. പി. കെ. ഗുരുദാസൻ 1-3-2011-ൽ അക്കാദമിക്ക് തറക്കല്ലിടുകയും ചെയ്തു. തുടർന്ന്, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുന്ന നിലപാടാണ് കൈക്കൊണ്ടത്. കൺസ്ട്രക്ഷൻ അക്കാദമിയുമായി ബന്ധപ്പെട്ട് 6-3-2014-ൽ മുൻ തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ

യോഗത്തിൽ കേരള കൺസ്ട്രക്ഷൻ അക്കാദമി വൈന്റ് അപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് കീഴിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ നിലവിൽ വന്ന സാഹചര്യത്തിൽ ചാത്തന്നൂരിലെ നിർദ്ദിഷ്ട കേരള കൺസ്ട്രക്ഷൻ അക്കാദമി വൈന്റ് അപ്പ് ചെയ്യുന്നത് സംബന്ധിച്ച് ബോർഡിന്റെ അഭിപ്രായം ആരായുകയും ബോർഡിന്റെ 2-3-2017-ലെ യോഗം അജണ്ട നമ്പർ 36/17 ആയി ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന സ്ഥാപനം നിർത്തലാക്കേണ്ടതില്ലെന്നും നിലവിൽ ബോർഡ് ഇതിനായി കൊല്ലം ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ പത്ത് ഏക്കർ സ്ഥലത്ത് അക്കാദമി ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചതായും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ തൊട്ടടുത്ത സ്ഥലങ്ങളിലായി രണ്ട് കൺസ്ട്രക്ഷൻ അക്കാദമികൾ സ്ഥാപിച്ച് പ്രവർത്തനം നടത്താൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തത ആവശ്യമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തി സമൂഹത്തിന് പ്രയോജനകരമായ തരത്തിൽ തീരുമാനം കൈക്കൊള്ളണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആഗോളതലത്തിൽ കൺസ്ട്രക്ഷൻ മേഖലയിലുള്ള എല്ലാ ടെക്നോളജിയും കേരളത്തിന് പരിചയപ്പെടുത്താനും പുതിയ തൊഴിൽ അന്വേഷകർക്ക് പരിശീലനം നൽകി വാർത്തെടുക്കുന്നതിനും സാധ്യമാകത്തക്കനിലയിൽ ചവറയിലെ കൺസ്ട്രക്ഷൻ അക്കാദമിയെ പ്രായോഗികമാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിലുള്ള ഈ സ്ഥലം എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡും ആ മണ്ഡലത്തിലെ എം.എൽ.എ.-യുമായും മറ്റെല്ലാവരുമായി ആലോചിച്ചശേഷം എന്ത് പദ്ധതിയാണോ അവിടെ നടപ്പിലാക്കാൻ സാധിക്കുക എന്ന് പരിശോധിച്ച് ആ പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അവിടെ കൺസ്ട്രക്ഷൻ അക്കാദമി തന്നെ സ്ഥാപിക്കണമെന്ന നിലപാടിൽ ആ ബോർഡ് മാറുകയാണ് ചെയ്യേണ്ടത്. കുറച്ചുകൂടി ഗുണകരമായ മറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലേയ്ക്ക് നമുക്ക് പോകാൻ സാധിക്കും. അപ്രകാരമുള്ള ഒരു കൂടിയാലോചന ബഹുമാനപ്പെട്ട അംഗവുമായി ആലോചിച്ച് എത്രയുംവേഗം ഈ സഭ കഴിഞ്ഞ ഉടനെ നടത്തുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

## (9) മത്സ്യത്തൊഴിലാളി സഹായ പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ തൊഴിൽ ലഭ്യതയുടെ കാര്യത്തിലും ജീവിക്കാനുള്ള വരുമാനത്തിന്റെ കാര്യത്തിലും പരിതാപകരമായ അവസ്ഥയിലാണ്. അതുകൊണ്ടാണ് അവർക്ക് പ്രത്യേക ക്ഷേമപദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിന് എ.പി.എൽ./ബി.പി.എൽ. തരംതിരിവ് അശാസ്ത്രീയമായാണ് നടപ്പാക്കുന്നത്. ഒരേ വള്ളത്തിൽ കടലിൽ പോകുന്ന ഒരു തൊഴിലാളി എ.പി.എൽ., മറ്റൊരാൾ ബി.പി.എൽ. എന്നിങ്ങനെയാണ്. പലപ്പോഴും കടലിൽ പോയാൽ മീൻ കിട്ടാതെ തിരിച്ചുവരുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. വരുമാനത്തിന്റെ കാര്യത്തിൽ ആദിവാസികളെക്കാൾ പിന്നിലാണ് മത്സ്യത്തൊഴിലാളികളെന്നാണ് പല പഠനങ്ങളും വ്യക്തമാക്കുന്നത്. ഇവർക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇവരുടെ സമ്പാദ്യ സമാശ്വാസ പദ്ധതി ഈ ഗവൺമെന്റ് വർദ്ധിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും ഭവന നിർമ്മാണ സഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം മത്സ്യത്തൊഴിലാളികളുടെ സഹായ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ഒരു പദ്ധതിയിലും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ല. കേന്ദ്ര ഗവൺമെന്റാണ് പെട്രോളിന്റെയും ഡീസലിന്റെയും കാര്യത്തിൽ ബി.പി.എൽ.കാർക്ക് മാത്രമേ കൊടുക്കുകയുള്ളൂ എന്ന വ്യവസ്ഥവച്ചിരിക്കുന്നത്. അത് ഇവിടെ നടപ്പിലാക്കാൻ കഴിയുന്നില്ല. എന്നാൽ അവർ ഡീപ് സീ ട്രോളറുകൾക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭവന നിർമ്മാണ പദ്ധതിയിൽ 2012-13 വരെ രണ്ടുലക്ഷം രൂപയാണ് സഹായധനമായി കൊടുത്തിരുന്നത്. 2017-18 വർഷത്തിൽ ഭവനനിർമ്മാണത്തിനുള്ള സഹായധനം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സമാശ്വാസ പദ്ധതിയിൽ 2,700 രൂപ കൊടുത്തിരുന്നത് 2016-17 മുതൽ 4,500 രൂപയാക്കി ഉയർത്തിയിരിക്കുകയാണ്. ബെനിഫിഷ്യറി വിഹിതമായി 1,500

രൂപയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 3,000 രൂപയും ചേർത്ത് 4,500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സഹായവും ഇപ്പോൾ പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹ ധനസഹായം 1,500 രൂപയിൽനിന്ന് 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ മത്സ്യബന്ധന സമയത്തോ അതിനടുത്ത സമയങ്ങളിലോ അപകടങ്ങളിലല്ലാതെ മരിക്കുന്നവർക്കുള്ള സഹായം 20,000 രൂപയിൽനിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അനുബന്ധ തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള സഹായം 5,000 രൂപയിൽനിന്ന് 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് രണ്ടുവർഷം മുമ്പുതന്നെ വർദ്ധിപ്പിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാർദ്ധക്യകാല പെൻഷൻ ഏപ്രിൽ മുതൽ 1,000 രൂപയിൽനിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുവഴിയുണ്ടായ ഏറ്റവും സുപ്രധാനമായ മാറ്റം, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും നടപ്പിലാക്കിയിരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് ആക്സിഡന്റ് ക്ലെയിം 5 ലക്ഷം രൂപയായിരുന്നത് ഈ ഡിസംബർ മാസം മുതൽ 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയാണ്. ഇതിലൊന്നും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ല. എല്ലാ തൊഴിലാളികളെയും ഗവൺമെന്റാണ് ഇൻഷ്വർ ചെയ്യുന്നത്. ഇൻഷ്വറൻസ് ക്ലെയിം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്. ആശ്രിതരുടെ മരണത്തിനുള്ള സഹായം എന്നൊക്കെ പറഞ്ഞ് കുറച്ച് പദ്ധതികൾകൂടി ക്ഷേമനിധി ബോർഡ് പറയുന്നുണ്ട്. പരമാവധി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സഹായിക്കാനും ഇപ്പോൾ നിലനിൽക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും അവരെ പൊതുധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ പദ്ധതികൾക്ക് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലെന്ന കാര്യം ഞാൻ ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) ജലവൈദ്യുത പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് നാദാപുരം മണ്ഡലത്തിൽ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് തുടക്കം കുറിച്ചത്. അതിൽ പശുക്കടവുള്ള പൂഴിത്തോട്, വിലങ്ങാട് പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു. എന്നാൽ ചാത്തൻകോട്ടുനട ജലവൈദ്യുത പദ്ധതി ഇനിയും

പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ആ ജോലി ഏറ്റെടുത്ത കോൺട്രാക്ടർ സാമ്പത്തിക പരാധീനത കാരണം പണി നിർത്തിവച്ചിരിക്കുകയാണ്. മറ്റ് രണ്ട് പദ്ധതികളും ഉദ്ദേശിച്ചതിനെക്കാൾ വേഗതയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. പശുക്കടവിലുള്ള പദ്ധതിയുടെ ഉല്പാദനച്ചെലവ് ഇതിനകംതന്നെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചാത്തൻകോട്ടുനട പദ്ധതി ഇനിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഇന്നത്തെ അവസ്ഥയെന്താണ്; അത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയും?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, നാദാപുരം മണ്ഡലത്തിൽ പണി നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതിയാണ് ചാത്തൻകോട്ടുനട II. ഈ പദ്ധതിയുടെ നിർമ്മാണം 6-3-2010-ലാണ് ആരംഭിച്ചത്. Coromandel Infrastructure Private Limited, Coromandel Engineering Company Private Limited, Boving Fouress Limited എന്നീ കൺസോർഷ്യമാണ് ഈ പദ്ധതിയുടെ നിർമ്മാണം ടെണ്ടർ പ്രകാരം ഏറ്റെടുത്തത്. 24 മാസം കാലാവധിയുണ്ടായിരുന്ന പദ്ധതിയുടെ നിർമ്മാണം 2012-ൽ പൂർത്തിയാകേണ്ടിയിരുന്നതാണ്. എന്നാൽ 45.36 കോടി രൂപ ചെലവുവരുന്ന പദ്ധതിയുടെ 5.31 കോടി രൂപയുടെ പണികൾ മാത്രമേ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുത്ത് നൽകുന്നതിലുണ്ടായ കാലതാമസമാണ് പണി പൂർത്തിയാക്കുന്നതിൽ പ്രധാന തടസ്സമായി വന്നത്. 13.42 ഹെക്ടർ സ്ഥലം ആവശ്യമുണ്ടായിരുന്ന പദ്ധതിക്ക് തുടക്കത്തിൽ 3.49 ഹെക്ടർ സ്ഥലമെടുത്ത് നൽകാനേ കഴിഞ്ഞുള്ളൂ. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് നൽകാൻ കഴിഞ്ഞത് 2011 ഡിസംബറിൽ മാത്രമാണ്. സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ നിർമ്മാണ കാലാവധിയും ദീർഘിപ്പിച്ചു നൽകേണ്ടിവന്നു. എന്നാൽ പഴയ നിരക്കിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതി വന്നതിനാൽ നിരക്ക് വർദ്ധനവ് അനുവദിക്കണമെന്ന നിലപാടാണ് കരാറുകാരെടുത്തത്. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ പണി മുടങ്ങിയതിനെത്തുടർന്ന് കരാർ യാതൊരു റിസ്ക് ആന്റ് കോസ്റ്റുമില്ലാതെ foreclose ചെയ്യുകയും 4-3-2016-ൽ ഇത് ക്ലോസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തു. കരാർ foreclose ചെയ്യാൻ തീരുമാനിച്ചതനുസരിച്ച് പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി 61 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പ്രത്യേകം പ്രത്യേകം ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. Foreclose ചെയ്യാനുള്ള തീരുമാനം കരാറുകാരും അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ബാക്കി പണികൾ ടെണ്ടർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

## V റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ എട്ടു മുതൽ

പതിനൊന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടു മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VI ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXII | നഗരവികസനം | 388,39,16,000 | 1,000 | 1164,99,50,000 | ....... | 1164,99,50,000 |
| XXXV | പഞ്ചായത്ത് | 146,47,69,000 | 138,50,00,000 | 439,43,06,000 | 415,50,02,000 | 854,93,08,000 |
| XXXVI | ഗ്രാമവികസനം | 969,77,52,000 | ...... | 2909,32,57,000 | .... | 2909,32,57,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരാസൂത്രണ നിയന്ത്രണ പരിധികൾ ലംഘിച്ചുള്ള നിർമ്മാണം തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുനായ ആക്രമണങ്ങളിൽനിന്നും നഗരവാസികൾക്ക് സംരക്ഷണം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാലിന്യപ്രശ്ന പരിഹാരത്തിന് ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കാനാകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരവികസന പദ്ധതികളിൽ പ്രത്യേകിച്ച് കേന്ദ്ര പദ്ധതിയായ അമൃതം പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭാവിയിലെ ശുദ്ധജല ആവശ്യകതകൂടി കണക്കിലെടുത്ത് നഗരപരിസരങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൃത്തിഹീനമായ അറവുശാലകൾ നവീകരിച്ച് ശുദ്ധമായ മാംസലഭ്യത ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാര നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1164,99,50,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതുതായി രൂപീകരിച്ച നഗരസഭകളിൽ ജീവനക്കാരില്ലാത്തതുമൂലം വിവിധ ആവശ്യങ്ങൾക്കായി നഗരസഭകളിലെത്തുന്ന ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV-പഞ്ചായത്ത്

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിലാണ് എന്ന് വിജിലൻസ് കണ്ടെത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം, ആസൂത്രണ പദ്ധതികളുടെ നടത്തിപ്പ് എന്നിവയിൽ ഉള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ കുടിവെള്ളപ്രശ്നപരിഹാരത്തിന് പ്രഥമ പരിഗണന നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് പദ്ധതികളിൽ ജലസംരക്ഷണത്തിന് പ്രാധാന്യം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് പ്രദേശത്തെ ശുദ്ധജല തടാകങ്ങൾ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ മാലിന്യ നിക്ഷേപത്തിലൂടെ നശിപ്പിക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകൾക്ക് കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കാത്തതുമൂലം റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീർന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുനായ ശല്യം പരിഹരിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതുമൂലം സ്ട്രീറ്റ് ലൈറ്റുകൾ കത്താത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം

ജോലിചെയ്യുന്നവർക്ക് യഥാസമയം വേതനം നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,93,08,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതായും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തതായും പറയപ്പെടുന്നത് സംബന്ധിച്ചും ജനസംഖ്യാ അനുപാതത്തിൽ തസ്തികകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI-ഗ്രാമവികസനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംയോജിത നീർത്തട പരിപാലന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലും അർഹമായ ഫണ്ട് നേടിയെടുക്കുന്നതിലും കാര്യക്ഷമമായി പ്രവർത്തിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പി.എം.ജി.എസ്.വൈ. പ്രകാരം നടത്തുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയതായി രൂപീകരിച്ച ബ്ലോക്കുകൾക്ക് കെട്ടിട നിർമ്മാണത്തിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2909,32,57,000 രൂപയിൽനിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. ടി. വി. ഇബ്രാഹിം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. ടി. എ. അഹമ്മദ് കബീർ

ഡോ. എം. കെ. മുനീർ

ശ്രീ. പി. കെ. ബഷീർ

<u>ശ്രീ. പി. കെ. ശശി</u>: സർ, തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ സംസ്ഥാന രൂപീകരണത്തിന്റെ 60-ാം വാർഷികമാഘോഷിക്കുന്ന ഈ അവസരത്തിൽ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ജനകീയാംഗീകാരം നേടുന്നവയാണ്. കഴിഞ്ഞ അഞ്ചുകൊല്ലം നാടുഭരിച്ച യു.ഡി.എഫ്. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നു കഷണങ്ങളാക്കി വെട്ടിമുറിക്കുക യാണുണ്ടായത്. അഞ്ചാം മന്ത്രിയുടെ വരവോടുകൂടിയാണ് നഗരവികസനം ബഹുമാന്യനായ അംഗം മഞ്ഞളാംകുഴി അലിക്ക് ലഭിച്ചത്. ഒരു വകുപ്പ് ശ്രീ. കെ. സി. ജോസഫിനും പഞ്ചായത്തിന്റെ വകുപ്പ് ഡോ. എം. കെ. മുനീറിനും കിട്ടി. കയ്യും കാലും തലയും വെട്ടിമാറ്റി ഉടലുമാത്രമാണ് ഡോ. എം. കെ. മുനീറിന് കൊടുത്തതെന്ന അഭിപ്രായം അക്കാലത്ത് ശക്തമായി ഉണ്ടായിരുന്നു. മൂന്ന് വകുപ്പ്, മൂന്ന് മന്ത്രി, മൂന്ന് ഭരണകേന്ദ്രം, ഇതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ ചെലവ് നടന്നു. ഈ ഓരോ വകുപ്പുകളിലും കൊള്ളരുതായ്മകൾ നടന്നു എന്നതൊഴിച്ചാൽ ഈ മേഖലയിൽ വകുപ്പുമായി ബന്ധപ്പെട്ട് സൃഷ്ടിപരമായ ഒരു പ്രവർത്തനവും നടന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അഞ്ചുകൊല്ലം നാടുഭരിച്ച ആളുകൾ അധികാരവികേന്ദ്രീകരണത്തെ തകർത്തു. സമുദായ താൽപ്പര്യം സംരക്ഷിക്കാൻ അഞ്ചാം മന്ത്രിയെ കിട്ടിയേതീരൂ എന്ന് ലീഗ് വാശിപിടിച്ച പ്പോഴാണ് ആ മന്ത്രിസ്ഥാനം കൊടുത്തത്. പക്ഷെ അഞ്ചല്ല, 500 മന്ത്രിമാരെ ലഭിച്ചാലും ആ സമുദായത്തിനുവേണ്ടി ഒരു കാര്യവും ചെയ്യാൻ ലീഗിന് കഴിയില്ലെന്ന് കാലം തെളിയിച്ചു. പുതിയ ഗവൺമെന്റ് വന്നു, മൂന്നായി വിഭജിക്കപ്പെട്ട വകുപ്പിനെ ഒന്നാക്കി മാറ്റി. ആ വകുപ്പിനെ ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീലിന്റെ നേതൃത്വത്തിൽ പ്രവർത്തനനിരതമാക്കി. ഊർജ്ജസ്വലനായ മന്ത്രി ഡോ. കെ. ടി. ജലീൽ തന്റെ വകുപ്പിൽ മികവ് തെളിയിക്കുമ്പോൾ ആർക്കാണ് ഈ ഗവൺമെന്റിനെയും ഈ വകുപ്പിനെയും എതിർക്കാൻ സാധിക്കുന്നത് ?മുസ്ലീംലീഗിന്റെ ആളുകൾക്ക് ഡോ. കെ. ടി. ജലീൽ മന്ത്രിയെ പിടിക്കില്ല, വിജയത്തിലേയ്ക്ക് കയറാൻ മാത്രമല്ല അവിടെനിന്ന് ഇറങ്ങിപ്പോരാനും ഈ കോണിതന്നെ ഉപയോഗിക്കാമെന്ന് തെളിയിച്ച ആളാണ് ബഹുമാന്യനായ മന്ത്രി. ആ ചൊരുക്ക് ലീഗുകാർക്ക് വിട്ടിട്ടില്ല. യു.ഡി.എഫ്. എന്നും അധികാരം കേന്ദ്രീകരിക്കുന്നതിലാണ് താൽപ്പര്യം കാണിച്ചത്. ഞങ്ങളങ്ങനെയല്ല, അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിന്നവരാണ് ഇടതുപക്ഷ പ്രസ്ഥാനം. കേരളം പിറവിയെടുക്കുന്നതിന് മുമ്പ് മലബാർ ഡിസ്ട്രിക്ട് ബോർഡിൽ പി. ടി. ഭാസ്കര പണിക്കർ പ്രസിഡന്റായിരുന്ന കാലത്തുതന്നെ അധികാരം വികേന്ദ്രീകരിച്ച് ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത അനുഭവമുള്ളവരാണ് ഞങ്ങൾ. 1957-ൽ അധികാര

വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു. അതിന്റെ റിപ്പോർട്ട് ചർച്ച ചെയ്യുമ്പോഴേയ്ക്കും വിമോചന സമരം നടത്തി ആ ഗവൺമെന്റിനെ അട്ടിമറിച്ചു. അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള എല്ലാ നീക്കങ്ങളെയും കോൺഗ്രസും വലതുപക്ഷ രാഷ്ട്രീയവും എല്ലാക്കാലത്തും അട്ടിമറിക്കുകയാണുണ്ടായത്. ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ് അധികാര വികേന്ദ്രീകരണത്തെ കേവലം ഒരു ഭരണപരിഷ്കാരമായി, ഒരു നിയമം എന്ന രൂപത്തിൽ കാണാതെ അതൊരു സാമൂഹിക പ്രസ്ഥാനമായി മാറ്റാൻ ഇടതുപക്ഷം തീരുമാനിച്ചത്. അതാണ് ജനകീയാസൂത്രണം. ഈ നാടുകണ്ട അതിവിപുലമായ ബഹുജന പ്രസ്ഥാനമായി ജനകീയാസൂത്രണ പ്രസ്ഥാനം മാറി. ജനലക്ഷങ്ങളാണ് ഈ പ്രസ്ഥാനത്തിന്റെ പിറകിൽ അണിനിരന്നത്. കേരളത്തിന്റെ വികസനരംഗത്ത് ജനപങ്കാളിത്തത്തിലൂടെ കൈവരിച്ച വലിയ നേട്ടങ്ങൾ ആർക്കാണ് മറക്കാനാവുന്നത്?

എന്താണ് യു.ഡി.എഫ്.-ന്റെ പാരമ്പര്യം? വർഷങ്ങളോളം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയില്ല, ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു. 1984-ൽ പഞ്ചായത്ത് ഭരണസമിതികളെ പിരിച്ചുവിട്ടു. 1991-ൽ ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ടു. ജനകീയാസൂത്രണത്തെ അട്ടിമറിച്ചു. ജനകീയ പങ്കാളിത്തത്തെ യു.ഡി.എഫ്.-ന് അംഗീകരിക്കാനാവില്ല. പഞ്ചായത്തും കുടുംബശ്രീ പ്രസ്ഥാനവും വികസന പ്രവർത്തനങ്ങളുമൊക്കെ കാശുണ്ടാക്കാനുള്ള ഏർപ്പാടായി മാറ്റിയവർക്ക് ജനകീയാസൂത്രണം എന്ന ഈ മഹത്തായ പ്രസ്ഥാനത്തെ അംഗീകരിക്കാനാവില്ല. പഞ്ചായത്ത്, വികസനം എന്നൊക്കെ കേൾക്കുമ്പോൾ 'കല്യാണം നിശ്ചയിച്ച പെണ്ണിന് കെട്ടാൻ പോകുന്ന ചെറുക്കന്റെ പേര് കേൾക്കുമ്പോൾ കവിളിൽ വിരിയുന്ന നാണമുണ്ട് ', ആ നാണമാണ് യു.ഡി.എഫ്.കാർക്കുണ്ടാകാറുള്ളത്.' അതെല്ലാം കയ്യിൽ കാശുണ്ടാക്കാനുള്ള ഏർപ്പാടാക്കി മാറ്റിയ ആളുകൾക്ക് ഇന്ന് നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ മേഖലയിലും മറ്റ് ഏത് മേഖലയിലാണെങ്കിലും ശരി, നടക്കുന്ന വികസന പ്രവർത്തനങ്ങളൊന്നുംതന്നെ മനസ്സിലാക്കാനാവില്ല. യു.ഡി.എഫ്.-ന്റെ ഭരണത്തിൽ ഗ്രാമസഭകളെ തകർത്തു. കർമ്മസമിതികളും വികസന സെമിനാറുകളുമൊക്കെ കടലാസ്സിലൊതുക്കി. ഗുണഭോക്തൃ സമിതികൾ ഇല്ലാതാക്കി. ജനങ്ങളുടെ പങ്കാളിത്തം തകർത്തു. പ്രാദേശിക ആസൂത്രണത്തെ ഉദ്യോഗസ്ഥരുടെ കേന്ദ്രീകരണത്തിലേയ്ക്കെത്തിച്ചു. നാടിന്റെ വികസന രംഗത്ത് പ്രത്യക്ഷപ്പെട്ട സർഗ്ഗാത്മകത പൂർണ്ണമായും നഷ്ടപ്പെട്ട കാലമാണ് യു.ഡി.എഫ്.-ന്റെ അഞ്ചുകൊല്ലത്തെ ഭരണം. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി ആ കാലഘട്ടത്തിൽ അട്ടിമറിച്ചു. മാലിന്യമുക്ത കേരള പദ്ധതി ഒരു subsidiary പരിപാടിയാക്കി മാറ്റി.

12.00 Noon]

കുടുംബശ്രീ പ്രസ്ഥാനം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ സംഭാവനയാണ്. അമ്പത് ലക്ഷം സ്ത്രീകളാണ് കുടുംബശ്രീ പ്രസ്ഥാനത്തിൽ അണിനിരന്നത്. നാട് കണ്ട ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനം; സ്ത്രീകൾ അബലകളല്ല, വലിയ സാമൂഹിക ശക്തികളാണെന്ന് തെളിയിക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ ഈ ഗവൺമെന്റും വകുപ്പും ശക്തമായ രൂപത്തിൽ മുന്നോട്ടുപോകും. കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാൻ ജനശ്രീ പദ്ധതി കൊണ്ടുവന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. എം. എം. ഹസ്സൻ ആയിരുന്നു അതിന്റെ നേതാവ്. കണ്ണിൽക്കണ്ടതെല്ലാം തവിടുപൊടിയാക്കി, കണ്ണിനുമുന്നിൽപ്പെട്ടവരെയെല്ലാം കുത്തിമലർത്തി നടക്കുന്ന അമ്പലക്കുറ്റനെപ്പോലെ നമ്മുടെ നാട്ടിൽ എന്തൊക്കെ നന്മയുണ്ടായിരുന്നോ അതിനെ മുഴുവൻ തകർത്തെറിഞ്ഞ ആളുകളാണ് കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ഈ നാട് ഭരിച്ചത്. ആ ശൂന്യതയിൽനിന്നാണ് ഈ ഗവൺമെന്റ് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത്. കൂരാക്കൂരിരുട്ടിൽനിന്ന് കേരളത്തെ വെളിച്ചത്തിലേയ്ക്ക് നയിക്കുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി പ്രഖ്യാപിച്ചു. ഒരുവർഷത്തെ എണ്ണമറ്റ പ്രവർത്തനങ്ങളെക്കുറിച്ച് പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം അതൊന്നും വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല.

കുടുംബശ്രീ പ്രസ്ഥാനത്തെ മഹാപ്രസ്ഥാനമാക്കി മാറ്റാൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിലെ ഒരു മന്ത്രിക്കെതിരെ, ഞങ്ങൾക്കെതിരെ സ്ത്രീവിരുദ്ധർ എന്ന ആക്ഷേപം വന്നില്ലേ; ബഹുമാന്യനായ മന്ത്രി ശ്രീ. എം. എം. മണിയെ ഒരു പ്രസംഗത്തിന്റെ പേരിൽ നാടുകടത്തിയില്ലേ; ജയിലിനകത്തിട്ടില്ലേ; അതിനെല്ലാം നേതൃത്വം കൊടുത്തയാൾ ഇന്ന് കേരള നിയമസഭയിലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവാണ്. അദ്ദേഹമല്ലെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയായിരിക്കും. അദ്ദേഹവുമല്ലെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരിക്കും. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാരാണ്. എങ്ങനെയാണെങ്കിലും ആ പ്രസംഗത്തിന്റെ പേരിൽ നടപടിയെടുക്കാനാകില്ല, ആ കേസ് നിലനിൽക്കുന്നതല്ലെന്ന് കോടതി ഇപ്പോൾ പറഞ്ഞിരിക്കുന്നു. മുസ്ലീംലീഗിലെ ബഹുമാന്യനായ ഡോ. എം. കെ. മുനീറിന്റെ പ്രിയപ്പെട്ട പിതാവായ മൺമറഞ്ഞുപോയ സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ വാക്കുകൾ ഞാനിവിടെ ഉദ്ധരിക്കുകയാണ്. 'അറേബ്യയിലെ സുഗന്ധദ്രവ്യങ്ങൾ ആകെയെടുത്ത് പുരട്ടിയാലും നിങ്ങളുടെ കൈകളിലെ ചോരക്കറ, പാപത്തിന്റെ കറ കഴുകിക്കളയാനാകില്ല'. ഇപ്പോൾ നിങ്ങൾക്ക് വിഷയദാരിദ്ര്യമാണ്, ഒന്നും പറയാനില്ല. ആർ.എസ്.എസ്.-ന്റെ വക്കാലത്തെടുത്ത് അവർക്കുവേണ്ടിയാണ് സംസാരിക്കുന്നത്. ഇവിടെ ഒരു

കൊലപാതകത്തെയും ഞങ്ങൾ ന്യായീകരിക്കുന്നില്ല. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു മരണവും സന്തോഷം തരുന്നതല്ല. എല്ലാ മരണവും ദുഃഖകരമാണ്. അതുകൊണ്ട് ഇപ്പോൾ നടന്ന ഈ കൊലപാതകത്തെ ആരും ന്യായീകരിക്കുന്നില്ല. കണ്ണൂരിലെ പയ്യന്നൂരിലുണ്ടായ ഈ കൊലപാതകത്തെ ശക്തമായ ഭാഷയിലാണ് ഞങ്ങൾ അപലപിക്കുന്നത്. ശരിയായ ദിശയിൽത്തന്നെ അന്വേഷണം നടത്തും, ആരെയും രക്ഷപ്പെടാനോ കണ്ണൂരിലെ സമാധാനം തകർക്കാനോ അനുവദിക്കുകയില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ആർ.എസ്.എസ്-നെപ്പോലെ ഈ നാടുകണ്ട ഏറ്റവും വലിയ ഒരു വംശഹത്യയ്ക്ക് നേതൃത്വം കൊടുത്ത പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. അതാണ് ആർ.എസ്.എസ്-ഉം കോൺഗ്രസ്സും തമ്മിലുള്ള ബന്ധം. ഇന്ദിരാഗാന്ധി കൊലചെയ്യപ്പെട്ടതിനെ തുടർന്ന് രാജ്യത്ത് കലാപമുണ്ടായപ്പോൾ സിക്കുകാരെ മുഴുവൻ കൂട്ടക്കൊല നടത്താൻ ഡൽഹിയിൽ വച്ച് പ്ലാൻ ചെയ്ത കൊലപാതകം, എത്ര ആളുകളെയാണ് ആ കാലഘട്ടത്തിൽ കൊലപ്പെടുത്തിയത്? നൂറുകണക്കിന് സിക്ക് സഹോദരന്മാർ കൊലചെയ്യപ്പെട്ടപ്പോൾ അതിനെ ന്യായീകരിച്ച ആളുകളാണ് കോൺഗ്രസ്. അന്ന് കോൺഗ്രസിന്റെ നേതാവായ രാജീവ് ഗാന്ധി പറഞ്ഞു, 'ഒരു വലിയ വടവൃക്ഷം കടപുഴകി വീഴുമ്പോൾ സ്വാഭാവികമായും അതിന്റെ താഴെയുള്ള കുറെ ചെറുചെടികൾ തകർന്നുപോകും' എന്ന്. ആയിരക്കണക്കിന് സിക്കുകാരെ കൂട്ടക്കൊലയ്ക്ക് വിധേയമാക്കിയ ആ വംശഹത്യയെ ന്യായീകരിച്ച ആളുകളാണ് കോൺഗ്രസ്സുകാർ. അവരാണ് ഇപ്പോൾ ഇവിടെ സമാധാനത്തെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്നത്. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് തക്കലയെന്ന സ്ഥലത്ത് യാത്രക്കാർ ഉണ്ടായിരുന്ന ബസ്സ് കോൺഗ്രസ്സുകാർ തടഞ്ഞുനിർത്തി തീവച്ചില്ലേ? ആ ബസ്സിലുണ്ടായിരുന്നവരെല്ലാം മരിച്ചില്ലേ? ഇതിനെയെല്ലാം ന്യായീകരിച്ച ആളുകളല്ലേ കോൺഗ്രസ്സുകാർ. ഇപ്പോൾ അവർ സമാധാനത്തെക്കുറിച്ച് സംസാരിക്കുകയാണ്. ആർ.എസ്.എസ്.-നെ ന്യായീകരിക്കുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം. സിക്ക് കലാപത്തിൽ ഉണ്ടായതുപോലെ ഈ രാജ്യത്തെ ഏറ്റവും വലിയ വംശഹത്യയ്ക്ക് നേതൃത്വം കൊടുത്തവരാണ് ആർ.എസ്.എസ്.-കാർ. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ നാട്ടിലാണ് വംശഹത്യ നടത്തിയത്. ആയിരക്കണക്കിന് ആളുകളെയല്ലേ കൊന്നുതള്ളിയത്. മുസ്ലീം ന്യൂനപക്ഷങ്ങളെ, മതന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യാൻ വേണ്ടി ആസൂത്രിതമായ നീക്കം ഗുജറാത്തിൽ നടന്നില്ലേ? എത്ര ആളുകളെയാണ് കൊലപ്പെടുത്തിയത്? എന്തിനുവേണ്ടിയാണ് കോൺഗ്രസുകാർ ആർ.എസ്.എസ്.-ന്റെ വക്കാലത്തെടുക്കുന്നത്? ഇവരൊക്കെ സമാധാനത്തിന്റെ വക്താക്കളാണോ? തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ഹനീഫ എന്ന കോൺഗസ്സുകാരനെ കൊലപ്പെടുത്തിയില്ലേ? ഹനീഫയുടെ ഉമ്മ മുഖ്യമന്ത്രിയെ കണ്ട് പറഞ്ഞു, എന്റെ

മകനെ കൊന്നയാൾ ഈ മന്ത്രിസഭയിൽ നേതൃത്വം കൊടുക്കുന്നുണ്ടെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചതുപോലെ ശ്രീ. കെ. എം. ഷാജി എന്തിനാണ് ഇങ്ങനെ കിടന്ന് തുള്ളുന്നത്? മുസ്ലീംലീഗിന്റെ പേര് മാറ്റണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ മുസ്ലീംലീഗല്ല, കുമ്മനം ലീഗായി മാറിയിരിക്കുന്നു. ശ്രീ. കുമ്മനം രാജശേഖരന്റെ പാരമ്പര്യമാണ്. അവരുടെ നേതൃത്വം അംഗീകരിക്കുന്നു. ആർ.എസ്.എസ്-നെ ന്യായീകരിക്കുകയാണ്. അതിൽ അത്ഭുതമില്ല. വനിതാ ലീഗിന്റെ പ്രസിഡന്റായിരുന്ന ശ്രീമതി ഖമറുന്നിസ അൻവർ ഒരു മറയുമില്ലാതെയല്ലേ പറഞ്ഞത് .....

<u>മി. സ്പീക്കർ</u> : പ്ലീസ്, കൺക്ലൂഡ്.... പ്ലീസ്..... അടുത്ത ആൾ സംസാരിക്കട്ടെ. ഒരാൾ നീട്ടിക്കൊണ്ടുപോയാൽ ബാക്കിയെല്ലാവരും അത് അനുകരിക്കും.

<u>ശ്രീ. പി. കെ. ശശി</u>: സർ, ബി.ജെ.പി.യുടെ തെരഞ്ഞെടുപ്പ് ഫണ്ട് ഉദ്ഘാടനം ചെയ്യാൻ ശ്രീമതി ഖമറുന്നിസ അൻവർ പോയി. ഇവിടെ ഇന്ന് വികാരം പ്രകടിപ്പിച്ച ശ്രീ. കെ. എം. ഷാജി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ വാനോളം പുകഴ്ത്തിയില്ലേ; സ്വഭാവികമായും ഇതെല്ലാവർക്കും ബോദ്ധ്യമാണ്. വോട്ട് കിട്ടാൻ മതം വേണം, കിട്ടിയാൽ പണം വേണം. അതാണ് ലീഗ്. മതത്തിന്റെ പേരുപറഞ്ഞ് വോട്ടുപിടിച്ചാൽ പിന്നെ വേണ്ടത് പണമാണ്. പിന്നെ എന്തും ചെയ്യാം. കച്ചവടമാണ് വേണ്ടത്. ആ കച്ചവടം പുറത്തറിയാതിരിക്കാൻ മതത്തെ ഉപയോഗിക്കും. മതത്തെ മറയ്ക്കാൻ വർഗ്ഗീയതവേണം. വർഗ്ഗീയതയും മതിയാകാതെ വരുമ്പോൾ തീവ്രവാദത്തെ കൂട്ടുപിടിക്കും. രാഷ്ട്രീയമായ പാപ്പരത്തമാണ്. ഈ കൊലപാതക രാഷ്ട്രീയം കേരളത്തിൽ അവസാനിപ്പിക്കണമെന്ന ആത്മാർത്ഥമായ സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയും ബഹുമാന്യനായ മുഖ്യമന്ത്രിയും സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അത് സഹിക്കാത്ത ആളുകൾ അപ്പുറത്തുനിന്ന് കുരച്ചുചാടും. അതൊന്നും ഞങ്ങൾക്ക് വിഷയമല്ല. കേരളത്തിലെ ജനങ്ങളുടെ പിന്തുണയോടുകൂടി ഈ ഗവൺമെന്റ് മുമ്പോട്ടുതന്നെ പോകും എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുന്നു.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ശശി ഇവിടെ പറഞ്ഞത് അധികാര വികേന്ദ്രീകരണമാണ് എൽ.ഡി.എഫ്.-ന്റെ നയമെന്നും അധികാര കേന്ദ്രീകരണമാണ് യു.ഡി.എഫ്.-ന്റെ നയമെന്നുമാണ്. ഇവിടെ ഡോ. എം. കെ. മുനീറിനും ശ്രീ. മഞ്ഞളാംകുഴി അലിക്കും ശ്രീ. കെ. സി. ജോസഫിനും കൂടി അധികാരം വീതംവച്ച് കൊടുത്തപ്പോൾ അതല്ലേ ഏറ്റവും വലിയ അധികാര

വികേന്ദ്രീകരണം. ഡോ. കെ. ടി. ജലീൽ കോണിയിറങ്ങി വന്നതുകൊണ്ട് രക്ഷപ്പെട്ട ആളാണെന്ന് ഇവിടെ പറയുകയുണ്ടായി. കോണി ഇറങ്ങിവന്നതിന്റെ ഗുണം മാത്രമേ അദ്ദേഹത്തിനുള്ളൂ. വേറൊരു ഗുണവുമില്ല. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി പത്തുവർഷം ഇടതുപക്ഷത്തുനിന്നിട്ട് വന്ന ആളാണ്. അദ്ദേഹം ഇവിടെ വന്ന് രക്ഷപ്പെട്ട ആളാണ്. ഇത്തരം കാര്യങ്ങൾ നമുക്ക് അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പറയാൻ പറ്റുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'പ ' യിൽ തുടങ്ങുന്നതിനെല്ലാം പ്രശ്നാധിഷ്ഠിത കഷ്ടകാലമാണ്. അതിലൊന്നാമത്തേതാണ് പഞ്ചായത്ത്. 'പ' യിലാണ് ആരംഭിക്കുന്നത്. പോലീസ് 'പ' യിലാണ് ആരംഭിക്കുന്നത്. പാപ്പാത്തിച്ചോല, കഷ്ടകാലമല്ലേ? പെമ്പിളൈ ഒരുമയിലും 'പ ' യുണ്ട്. എല്ലാത്തിനും കഷ്ടകാലമാണ്. ഒടുവിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും 'പ ' യിൽ തുടങ്ങുന്നു. അവിടെയും കഷ്ടകാലം തന്നെയാണ്. എന്തെങ്കിലും ഒരു നല്ലകാലമുള്ള കാര്യം 'പ ' യിൽ തുടങ്ങുന്നത് പശു മാത്രമാണ്. അത് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ഗുണമാണെന്ന കാര്യം ഞാൻ സൂചിപ്പിക്കട്ടെ. 56 ഇഞ്ച് നെഞ്ചളവും ഇരട്ടച്ചങ്കുമൊന്നുമല്ല നമുക്കാവശ്യം. രാജ്യത്തിനതല്ല ആവശ്യം. ....(ബഹളം)..... ഞാൻ ജയിച്ചതിൽ നല്ലകാലവും നിങ്ങൾ അധികാരത്തിൽ വന്നതിൽ ദോഷകാലവും.......

മി. സ്പീക്കർ: ശ്രീ. കെ. ബാബു......, ദയവായി നിങ്ങൾ കമന്റ് ചെയ്യാതിരിക്കു. സഭയിൽ സമർത്ഥന്മാരാകേണ്ടത് ഇങ്ങനെയല്ല.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് ഘോഷിക്കുന്ന ഗാന്ധിയൻ ചിന്തകളും മൂല്യങ്ങളുമാണ് രാജ്യത്തിനാവശ്യം. മാലിന്യ നിർമ്മാർജ്ജനത്തിനും അഴിമതി രഹിത ഭരണത്തിനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദനത്തിലും എന്തുകൊണ്ട് നമ്മൾ പരാജയപ്പെട്ടുപോകുന്നു എന്നുള്ളത് ആത്മാർത്ഥമായി ചിന്തിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഓണറേറിയമെന്ന പേരിൽ എന്തെങ്കിലും കൊടുത്തിട്ട്, സാമ്പത്തിക സ്രോതസ്സില്ലാതെ അംഗങ്ങൾക്കെങ്ങനെ ജീവിക്കാൻ കഴിയുമെന്നുള്ളത് ചർച്ച ചെയ്യപ്പെടണ്ടേ. തേങ്ങ ചോരുന്നത് കാണില്ല, കടുക് ചോരുന്നത് കാണാം എന്നുള്ള ചിന്താഗതിയിൽ നിന്ന് നമ്മളെല്ലാം മാറേണ്ടിയിരിക്കുന്നു. എത്ര പദ്ധതികൾ ആവിഷ്കരിച്ചാലും എത്രമാത്രം എക്സ്പെൻഡിച്ചറാക്കിയാലും സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ആനുകൂല്യങ്ങൾ കുറച്ചുകൂടി തൃപ്തിപ്പെടുത്തുന്ന രീതിയിൽ നൽകിയില്ലെങ്കിൽ പ്രാദേശിക ഗവൺമെന്റുകൾ ശക്തിപ്പെടുകയില്ല. മലയാളികൾ വ്യക്തി ശുചിത്വം കൂടുതലുള്ളവരാണ്. മൂന്ന് നേരം കുളിക്കും. പക്ഷെ സ്വന്തം വീട്ടിലെ മാലിന്യങ്ങൾ

നാലാള് കൂട്ടുന്നിടത്ത് കൊണ്ടിടുകയെന്നത് മലയാളികളുടെ സ്വഭാവമാണ്. 2017 സ്വച്ഛ് സർവ്വേക്ഷൻ (Swachh survekshan) സർവ്വേയിൽ കേരളത്തിലെ നഗരങ്ങളെല്ലാംതന്നെ വൃത്തിഹീനമാണെന്നാണ് റിപ്പോർട്ട്. കേരളത്തിൽ ഒന്നാം സ്ഥാനത്തായ കോഴിക്കോടുതന്നെ ഇന്ത്യയിൽ 271-ാം സ്ഥാനത്താണ്. 2015-ൽ കൊച്ചി നാലാം സ്ഥാനത്തായിരുന്നു. ഇവിടെ ഒ.ഡി.എഫ്. പ്രഖ്യാപിച്ചു. തുറന്ന സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യാത്ത സംസ്ഥാനമെന്ന പ്രഖ്യാപനം വളരെ സന്തോഷകരമാണ്. പക്ഷെ, പൊതു ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ പിന്നോട്ട് പോകുകയാണ്. എത്രമാത്രം മോശമായ അവസ്ഥയാണുള്ളതെന്ന് മനസ്സിലാക്കാൻ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ ടോയ്‌ലറ്റ് പരിശോധിച്ചാൽ മാത്രംമതി. പുതിയ നിബന്ധനയനുസരിച്ച് പഞ്ചായത്തുകളും സ്വയംഭരണ സ്ഥാപനങ്ങളും പത്ത് ശതമാനം തുക മാലിന്യ സംസ്കരണത്തിനുവേണ്ടി മാറ്റിവയ്ക്കണമെന്നുണ്ട്. പക്ഷെ, കഴിഞ്ഞ വർഷം അത് എത്രമാത്രം ഫലം കണ്ടു? ചെറിയ ഫലം മാത്രമേ അതുകൊണ്ടുണ്ടായിട്ടുള്ളൂ. പല സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിക്ക് 10 ശതമാനമെന്നത് 30 ശതമാനമാക്കി ഉയർത്തിയതിന് മന്ത്രിസഭയെ അഭിനന്ദിക്കുകയാണ്. പക്ഷെ, ഇത് നല്ല ഉദ്ദേശത്തോടെയാണെങ്കിലും ഉല്പാദന മേഖലയിൽ വേണ്ടത്ര രീതിയിൽ ഉല്പാദനമുണ്ടായിട്ടില്ലെന്നതാണ് സത്യം. പല പദ്ധതികളും ഫണ്ട് ചെലവഴിക്കാൻ വേണ്ടിയുള്ള പദ്ധതികളായി അവശേഷിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് മോശമായി ഞാനൊന്നും പറയുന്നില്ല. അദ്ദേഹം കാഴ്ചയിൽ മിടുക്കനും സംസാരപ്രിയനുമാണ്. പക്ഷെ മത്സരബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടോയെന്നത് പരിശോധിക്കണം. എന്തെല്ലാം പരാധീനതകൾ നിങ്ങൾ ചൂണ്ടിക്കാണിച്ചാലും യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മത്സരബുദ്ധിയോടെയുള്ള പ്രവർത്തനങ്ങളും അതിന്റെ റിസൾട്ടും ഉണ്ടായിട്ടുണ്ട്.

ഞാൻ അഞ്ചുവർഷം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. രണ്ട് തവണ ഇന്ത്യയിലെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള അവാർഡും സംസ്ഥാന അവാർഡും ലഭിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ എല്ലാ രീതിയിലുമുള്ള സഹായ സഹകരണങ്ങൾ കൊണ്ടാണെന്നുള്ളത് ഞാൻ സൂചിപ്പിക്കുന്നു. ഡോ. എം. കെ. മുനീർ നടപ്പിലാക്കിയ പല ഭരണ പരിഷ്കാരങ്ങളും അദ്ദേഹത്തിന്റെ മനസ്സുപോലെ തന്നെ സുന്ദരവും ഭാവനാസമ്പന്നവുമായിരുന്നു. പാവങ്ങൾക്ക് ഏറെ ആശ്വാസമായിട്ടുള്ള പഞ്ചായത്തും സാമൂഹ്യനീതിയും ഒന്നിച്ചപ്പോൾ ആർക്കും നീതി ലഭിക്കാത്ത അവസ്ഥയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഇന്ന്

വലിയൊരു ദുരിതമായി മാറിയിരിക്കുകയാണ്. ഡബിൾഎൻട്രി സിസ്റ്റവും ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആക്കിയതും യു.ഡി.എഫ്. ഭരണകാലത്തെ നേട്ടങ്ങൾ തന്നെയായിരുന്നു. പദ്ധതികൾക്ക് ഓൺലൈൻ അംഗീകാരം കിട്ടിയതും യു.ഡി.എഫ്. ഗവൺമെന്റിന്റെ വലിയൊരു നേട്ടം തന്നെയാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുമെന്ന് പറയുന്നു. അത് നല്ല കാര്യമാണ്. പക്ഷെ, സെക്രട്ടേറിയറ്റിൽ ഐ.എ.എസ്.-കാരും കെ.എ.എസ്.-കാരും തമ്മിൽ ഇതുമായി ബന്ധപ്പെട്ട് ഈഗോ ക്ലാഷ് ഉണ്ടായാൽ സെക്രട്ടേറിയറ്റ് നിശ്ചലമായിപ്പോകുമെന്ന കാര്യം സൂചിപ്പിക്കുകയാണ്. എഞ്ചിനീയറിംഗ് വിംഗിനെ പൂർണ്ണമായും പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്താൽ അതവരുടെ സീനിയോറിറ്റിയെ മാത്രമല്ല, വരുംവർഷങ്ങളിൽ പഞ്ചായത്തുകളുടെ നിർവ്വഹണത്തെത്തന്നെ ബാധിക്കും. മുമ്പ് ദ്വിവർഷ പ്രോജക്ടുകൾ നടപ്പിലാക്കാമായിരുന്നു. പക്ഷെ ഇപ്പോൾ അതില്ല. ദ്വിവർഷ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്താൽ മുൻകൂറായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അതുകൂടി മന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മന്ത്രി വല്ലപ്പോഴും ഇടതുപക്ഷത്തിന്റെ പ്രകടന പത്രിക വായിച്ചു നോക്കണം. ഇലക്ഷൻ സമയത്ത് നേതാക്കന്മാർക്ക് പ്രസംഗിക്കാൻവേണ്ടി മാത്രമുള്ളതാണെന്ന് എ.കെ.ജി. സെന്ററിൽപ്പോലും പറയുന്നത് എനിക്കറിയാം. എന്നിരുന്നാലും ഇതൊന്ന് വായിച്ച് നോക്കണം. തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുമെന്ന് പറഞ്ഞു; എന്തെങ്കിലും സ്ഥാപിച്ചോ എന്നറിയില്ല. കുടുംബശ്രീ ബാങ്ക് ലോണിന് നാല് ശതമാനം പലിശ സബ്സിഡി നൽകുമെന്ന് പറയുന്നുണ്ടെങ്കിലും അതൊന്നും നടന്നില്ല. ബൈബിളിലെ ഒരു ഉപമകൂടി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. മത്തായിയുടെ സുവിശേഷം 13-ന്റെ 3 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ ഒന്ന്, അവൻ വിത്ത് വിതച്ചപ്പോൾ ചിലത് വഴിയരികിൽ വീണു; പക്ഷികൾ വന്ന് അത് തിന്നുകളഞ്ഞു-വഴിയരികിൽ വീണത് മഹിജയാണ്, കേരളത്തിലെ സ്ത്രീ സമൂഹമാണ്. കഴുകന്മാർ ഇരകളെ ആക്രമിക്കുന്നതുപോലെ ഡി.ജി.പി. അവരെ ആക്രമിച്ചുകളഞ്ഞു. രണ്ടാമത്തെ വാചകം, ചില വിത്ത് വളരെയേറെ മണ്ണില്ലാത്തതായ പാറപ്പുറത്ത് വീണു. മണ്ണിന് ആഴമില്ലാതിരുന്നതുകൊണ്ട് അതുടനെ മുളച്ചു. എന്നാൽ സൂര്യനുദിച്ച പ്പോൾ അത് വാടിപ്പോയി. വേരില്ലാതിരുന്നതുകൊണ്ട് അത് ഉണങ്ങിപ്പോയി - ഇവിടെ ശ്രീ. ഇ. പി. ജയരാജനും ശ്രീ. എ. കെ. ശശീന്ദ്രനുമാണ് പാറപ്പുറത്തുവീണ വിത്തുകൾ. സൂര്യനുദിച്ചപ്പോൾ അത് വാടിപ്പോയി. മറ്റൊന്ന്, മുള്ളുകൾക്കിടയിൽ വീണതാണ്. മുള്ളുകൾ വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു - ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. കാനം രാജേന്ദ്രനും മുള്ളുകൾക്കിടയിലാണ് വീണത്. പക്ഷെ ശ്രീ. പിണറായി വിജയനെന്ന മുള്ള് മുളച്ചുവന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. കുറച്ച് നല്ല വിത്ത് നിലത്തുവീണു - അത് നൂറും അറുപതും മുപ്പതും മേനിയായി ഫലം

ഉത്ഭവിച്ചു. ആ വിത്താണ് ഈയിരിക്കുന്ന പ്രതിപക്ഷം. ഞങ്ങൾ പറയുന്നത് എന്തെങ്കിലും കേട്ടാൽ എല്ലാം ശരിയാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഞ്ചെട്ട് ഉപദേശകരെ തീറ്റിപ്പോറ്റുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷെ അതുകൊണ്ട് ഒരു ഫലവുമുണ്ടാകാൻ പോകുന്നില്ല. ഡി.ജി.പി. എന്നുപറഞ്ഞാൽ 'ഡയറക്ടർ ജനറൽ ഓഫ് പെയിന്റടി' എന്നാക്കി മാറ്റിയ ഭരണമാണിത്, സൂക്ഷിക്കണം. എല്ലാ ഭാവുകങ്ങളും നേരുന്നു. ബാലറ്റ് പേപ്പറിലെ 'വിജയൻ' നിയമസഭയിൽ 'പരാജയൻ' ആകുന്നതിൽ എനിക്ക് ദുഃഖമുണ്ടെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഹാരപ്പ, മോഹൻജോദാരോ എന്നീ സ്ഥലങ്ങളിലൂടെ നമുക്ക് ലഭിച്ച ചരിത്ര മുഹൂർത്തങ്ങളിലൂടെയാണ് നഗരാസൂത്രണത്തിന് തുടക്കം കുറിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ നമ്മുടെ രാജ്യത്തെയും അന്നത്തെ അവിടത്തെ ജീവിത സാഹചര്യങ്ങളെയും ഭാവനാപൂർവ്വം പരിശോധിക്കുമ്പോഴാണ് എത്രമാത്രം മുന്നിലായിരുന്നു ഈ സാംസ്കാരിക ഉന്നതിയെന്ന കാര്യം മനസ്സിലാകുന്നത്. തീർച്ചയായും അതുവച്ചുകൊണ്ടായിരിക്കണം നമ്മളിതിനെ കാണേണ്ടത്. ശ്രീ. പി. കെ. ശശി സൂചിപ്പിച്ചതുപോലെ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂന്ന് മന്ത്രിമാരാണ് ഈ വകുപ്പുകൾ കൈകാര്യം ചെയ്തതെങ്കിലും നമ്മുടെ രാജ്യത്തെ ഭൂമാഫിയയും അതുപോലുള്ള സംഘങ്ങളും ചേർന്നാണ് വലിയ തോതിലുള്ള ഫ്ലാറ്റ് നിർമ്മാണങ്ങളുടെ കച്ചവട കേന്ദ്രമാക്കി ഈ മേഖലയെയാകെ മാറ്റിക്കൊണ്ടിരുന്നതെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പിന്നീട്, അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഇളവ് നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നുവെന്ന് പറഞ്ഞതിലൂടെ അവർക്ക് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്ന സാഹചര്യത്തിലേയ്ക്ക് ആ ഗവൺമെന്റ് മാറുകയായിരുന്നു. വളരെ ബോധപൂർവ്വം നിയമങ്ങളെ കയ്യിലെടുക്കുന്ന നിലയിലേയ്ക്ക് പോകാനുള്ള അവസരമാണ് ഈ വിഭജനം കൊണ്ടുണ്ടായത്. അതിന് മാറ്റംവരുത്താനുള്ള നിലയിലേയ്ക്ക് ഡോ. കെ. ടി. ജലീലിന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വരികയാണ്. 1994-ൽ 73, 74 എന്നീ ഭരണഘടനാ ഭേദഗതികളെ തുടർന്ന് പഞ്ചായത്തീരാജ്/മുനിസിപ്പൽ ആക്ട് പാസ്സായതോടെ പ്രവർത്തിക്കാൻ ഉദ്യോഗസ്ഥരും ഫണ്ടും അതോടൊപ്പം സ്വാതന്ത്ര്യവും അധികാരവും ലഭിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ലഭിക്കുന്ന പ്ലാൻ ഫണ്ട് 40:30:30 എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ 40 ശതമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ ഉല്പാദന മേഖലയ്ക്കായി മാറ്റിവയ്ക്കപ്പെട്ടു. അതുകൊണ്ടുതന്നെ കാർഷിക മേഖലയിൽ തകർച്ചയുണ്ടാകുന്ന ഒരു സാഹചര്യം വന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇന്ന് ആ നില മാറി. 40:30:30 എന്ന തോതിൽ കണിശമായി അത് നടപ്പിലാക്കാനുള്ള

ശ്രമമാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഇന്ന് ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ ഓണറേറിയവും ഓഫീസിലെ ജീവനക്കാരുടെ ശമ്പളവുമെല്ലാം നൽകുമ്പോഴും മതിയായ രീതിയിൽ റവന്യൂ ലഭിക്കുന്നില്ലെന്ന വസ്തുത നിലവിലുണ്ട്. ഇതിനൊരു പരിഹാരം കാണുന്നതിന് ഇത്തരം ലോക്കൽ ബോഡികൾ തീരുമാനമെടുക്കേണ്ടതുണ്ട്. എങ്ങനെ വരുമാനം ഉണ്ടാക്കിയെടുക്കാൻ കഴിയും, ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും നൽകാൻ കഴിയും എന്നീ കാര്യങ്ങൾ തീരുമാനിക്കേണ്ട തായിട്ടുണ്ട്. (അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

അതോടൊപ്പം നമ്മുടെ ഒട്ടേറെ പഞ്ചായത്തുകൾ പൂർണ്ണമായും കാർഷിക മേഖലയിലാണ്. അവിടെ ഈ നിലയിൽ വരുമാനമെടുക്കാൻ തീരുമാനിച്ചാൽ കാർഷിക മേഖല ഇല്ലാതായിപ്പോകും. കാർഷിക മേഖലയിലെ ആളുകൾ നാടിനുവേണ്ടി ഉല്പാദിപ്പിക്കുന്ന വിദേശപണം ഉൾപ്പെടെ കണക്കാക്കി അവർക്ക് ഇൻസെന്റീവ് നൽകി അത്തരം പഞ്ചായത്തുകളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളെപ്പറ്റി ആലോചിച്ചില്ലെങ്കിൽ കേരളത്തിൽ ഇപ്പോഴുള്ള പച്ചപ്പും കാർഷിക മേഖല തന്നെയും തകരുന്ന നില വരാൻ ഇടയുണ്ട്. ഇത്തരമൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ സംസ്ഥാനത്ത് റെസിഡൻഷ്യൽ ഏരിയ, അഗ്രിക്കൾച്ചർ ഏരിയ, ഇൻഡസ്ട്രിയൽ ഏരിയ എന്നിങ്ങനെ നേരത്തേതന്നെ തീരുമാനിക്ക പ്പെടേണ്ടതായിരുന്നു. അതില്ലാതെ പോയതിന്റെ പ്രശ്നങ്ങൾ പരിഹരിക്കണെ മെങ്കിൽ, ഇന്നത്തെ കാർഷിക മേഖലയെ സംരക്ഷിക്കണമെങ്കിൽ ഇത്തരം കാർഷിക പഞ്ചായത്തുകൾ ഏതെന്ന് തിട്ടപ്പെടുത്തണം. അവിടെനിന്നും ലഭിക്കുന്ന കാർഷിക രംഗത്തെ വരുമാനം മാത്രമല്ല, ജലസ്രോതസ്സുകളുടെ സംരക്ഷകർ കൂടിയാണ് കൃഷിക്കാർ. വിവിധ ഏജൻസികളിലൂടെ രാജ്യത്തിന് ലഭിക്കുന്ന പണത്തിന്റെ വിഹിതം ഒരു പ്രത്യേക ഇൻസെന്റീവ് രൂപത്തിൽ കാർഷിക മേഖലയെ നിലനിർത്താൻ ആവിഷ്കരിക്കേണ്ടതുണ്ട്. ഒരു പൊതു ചർച്ചയിലൂടെ ഈ വകുപ്പ് ആ വിഷയത്തെ ഗൗരവപൂർവ്വം കാണേണ്ടതാണ്. ബഡ്ജറ്റ് അലോക്കേഷനിൽനിന്നും ലഭിക്കുന്നതിനുപുറമെ സ്വയം എങ്ങനെ വരുമാനം ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നതും ആലോചിക്കണം. ഫ്ലാറ്റ് നിർമ്മാണവും കച്ചവട മേഖല ഉൾപ്പെടെയുള്ള അതിരുവിട്ട ചിന്തകളിലേയ്ക്ക് കടന്നുപോകുമ്പോഴാണ് കാർഷിക മേഖലയിൽ കൈവയ്ക്കാനുള്ള നിലപാടിലേയ്ക്ക് വരാനിടയുള്ളത്. അതുകൊണ്ട് അവർക്ക് പ്രത്യേക പ്രോത്സാഹനം നൽകേണ്ടതുണ്ടെന്ന് ഈ ധനാഭ്യർത്ഥന ചർച്ചയിൽ ഗൗരവപൂർവ്വം ഞാൻ ആവശ്യപ്പെടുകയാണ്.

13-ാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് മുന്നോട്ട് പോകുകയാണ്. ഗാന്ധിജിയുടെ രാമരാജ്യവും നെഹ്റുവിന്റെ ക്ഷേമരാഷ്ട്രത്തെക്കുറിച്ചും സുദീർഘമായ കാലയളവിൽ നാം സ്വാതന്ത്ര്യാനന്തരം പ്രസംഗം നടത്തി. ഇവിടെ പ്രഖ്യാപിച്ച നാല് മിഷനുകളിലൂടെ അത് നടപ്പിലാക്കാൻ പോകുകയാണ്. 13-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ ജനകീയ മുന്നേറ്റമാണ് ഗ്രാമസഭകളിലൂടെ ഉയർന്നുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരുമെല്ലാം ഈ സഭകളിലും പൊതു ചർച്ചകളിലും പങ്കെടുത്തുകൊണ്ട് ഒരു പുതിയ കേരളം എങ്ങനെ സൃഷ്ടിക്കാൻ കഴിയുമെന്ന നിലയിലുള്ള ചർച്ചകൾ നടത്തുന്നു വെന്നതാണ് ഇന്ന് നാട്ടിൽ നടക്കുന്ന വലിയ മാറ്റം. തീർച്ചയായും അതൊരു ജനകീയ പദ്ധതിയായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഒ.ഡി.എഫ്. പ്രഖ്യാപിച്ച ഒരു സംസ്ഥാനമാണിത്. ജനപ്പെരുപ്പം, വീടിന്റെ വർദ്ധനവ് എന്നിവയെല്ലാം വരുന്ന മുറയ്ക്ക് ഇതൊരു തുടർ പ്രക്രിയയായി പോകേണ്ടതുണ്ട്. സംസ്ഥാനത്തെ നഗരങ്ങളിൽ വളരെ ചിട്ടയായും മാതൃകാപരമായും പ്രവർത്തിക്കുന്ന പൊതുവിസർജ്ജന കേന്ദ്രങ്ങൾ ഉണ്ടാക്കി യെടുക്കേണ്ടതുണ്ട്. ഇത്തരം ചില കേന്ദ്രങ്ങളൊന്നും കാര്യക്ഷമമായല്ല ഇന്ന് പ്രവർത്തിക്കുന്നത്. തന്മൂലം വരൾച്ചയും ജലക്ഷാമവും വരുമ്പോൾ വലിയ തോതിൽ സ്കിൻ ഡിസീസസ് വരാനുള്ള സാധ്യതയുണ്ട്. ഈ ആധുനിക കാലഘട്ടത്തിൽ അതിനൊരു പരിഹാരം അനിവാര്യമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിനെ അഴിമതി വിമുക്തമാക്കേണ്ടതിന്റെ അനിവാര്യത ഈ ഗവൺമെന്റ് വന്നപ്പോൾ ബോധ്യപ്പെട്ടു. അഴിമതിയിൽ മുങ്ങിയ ഈ വകുപ്പിനെ എങ്ങനെ മാറ്റിയെടുക്കാൻ കഴിയുമെന്നുള്ള ഗൗരവമേറിയ ചർച്ചയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയത്. അതിന്റെ ഭാഗമായി 'ഫോർ ദ പീപ്പിൾ' എന്ന പേരിൽ വെബ് അധിഷ്ഠിത പരാതി പരിഹാര ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും അഴിമതി വിമുക്തമായ കേരളത്തിനുവേണ്ടി ശ്രമം നടത്തുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു നില സ്വീകരിച്ചുവരുന്നത്. അതോടൊപ്പം ഈ മൂന്ന് വകുപ്പുകളെ ചേർത്തുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവെന്നുള്ളതും ഏറെ ശ്ലാഘനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പഞ്ചായത്ത് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങിയ മേഖലകളിൽ നാം അനുഭവിച്ച പ്രയാസങ്ങൾ നമുക്കറിയാം. ഇന്ന് അതുമായി ബന്ധപ്പെട്ട് ഇരുന്നൂറ്റി ഏഴോളം സെക്രട്ടറി തസ്തികകളിൽ നിയമനം നടത്തിക്കഴിഞ്ഞു. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ 253 പേരെ നിയമിച്ചു. അക്കൗണ്ട് ഹെഡ് ക്ലാർക്ക് തസ്തികയിൽ 217 പേരെയും സീനിയർ ക്ലാർക്ക്

തസ്തികയിൽ 158 പേരെയും പ്രൊമോഷനിലൂടെ നിയമിച്ചിട്ടുണ്ട്. ഈ പ്രൊമോഷനുകളെ തുടർന്ന് ഇരുന്നൂറ്റിയമ്പതോളം പേർക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും പുതുതായി നിയമനം ലഭിച്ചുവെന്നുള്ളതും ഏറെ സന്തോഷത്തിന് വക നൽകുന്നതാണ്. എന്നാൽ എല്ലാ പഞ്ചായത്തുകളും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി പോസ്റ്റുകളിലും എഞ്ചിനീയറിംഗ് രംഗത്ത് എഞ്ചിനീയർമാരെയും ഓവർസിയർമാരെയും പോസ്റ്റ് ചെയ്യുന്ന നിലയിലേയ്ക്ക് വളരെവേഗം മുന്നോട്ട് പോകണം. എങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിൽ ഈ നാല് മിഷന്റെയും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. 100 ശതമാനവും ചെലവഴിക്കുക എന്നുള്ളതല്ല, ആവശ്യങ്ങൾക്കനുസരിച്ച് രാജ്യത്തിന്റെ വികസനത്തിനുവേണ്ടി പണം ചെലവഴിച്ചുവെന്ന് നമുക്ക് ഉറപ്പുവരുത്തണം. ഇല്ലെങ്കിൽ അവസാനത്തെ ദിവസത്തിനുവേണ്ടി കാത്തുനിന്ന് ബില്ലുകൾ സബ്മിറ്റ് ചെയ്യുന്ന നിലയിലേയ്ക്ക് വീണ്ടും എത്തിച്ചേരും. അതൊഴിവാക്കുന്നതിനുള്ള സമീപനം സ്വീകരിച്ചേ പറ്റൂ. അതിരൂക്ഷമായ വരൾച്ചയുടെ കാലയളവിൽ കേരളത്തിൽ 141 പഞ്ചായത്തുകളിൽ വെൽ റീച്ചാർജ്ജ്-ജല സുരക്ഷ പദ്ധതി നടപ്പിലാക്കി. രണ്ടേകാൽ ലക്ഷം കിണറുകളാണ് ഈ പദ്ധതിയുടെ ഭാഗമായി റീചാർജ്ജ് ചെയ്തതെന്നത് തീർച്ചയായും അഭിമാനിക്കാൻ വക നൽകുന്നതാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി 2016-17 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയതിൽ 49 നഗരസഭകൾക്ക് 14.91 കോടി രൂപ അനുവദിച്ചുനൽകി. ഈ തുക വിനിയോഗിച്ച് ഇതുവരെ 2,29,974 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്നതും സന്തോഷത്തിന് വകനൽകുന്ന കാര്യമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 17(2) പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഒട്ടേറെ പരാതികൾ കഴിഞ്ഞ കാലയളവിൽ നമുക്കുണ്ടായതാണ്. അതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. എം.ജി.എൻ.ആർ.ഇ.ജി.എ. കരാർ ജീവനക്കാരുടെ തസ്തികയിൽ 10 ശതമാനം എസ്.സി./എസ്.ടി. സംവരണം ഏർപ്പെടുത്തിയതിന് വകുപ്പുമന്ത്രിയെ ഞാൻ എല്ലാ അർത്ഥത്തിലും മുക്തകണ്ഠം പ്രശംസിക്കുകയാണ്. പുതുതായി രൂപീകരിക്കപ്പെട്ട 28 നഗരസഭകളിൽ 1317 തസ്തികകളും കണ്ണൂർ കോർപ്പറേഷനിൽ 177 തസ്തികകളും ഇതിനകം സൃഷ്ടിച്ചു. നേരത്തേ ഒട്ടേറെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുമുണ്ടാക്കാൻ വ്യഗ്രതയേറിയ സമീപനങ്ങൾ കൈക്കൊണ്ടെങ്കിലും ഒരു പോസ്റ്റുപോലും ക്രിയേറ്റ് ചെയ്തിരുന്നില്ല. ഈ ഗവൺമെന്റ് വന്ന് ഇത്രയും മാസത്തിനകം അതുമുഴുവൻ പൂർത്തീകരിച്ചു വെന്നുള്ളതാണ് എടുത്തുപറയേണ്ട വസ്തുത. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ 2,58,035 അയൽക്കൂട്ടങ്ങളായിരുന്നു പ്രവർത്തിച്ചിരുന്ന

തെങ്കിൽ ഇന്ന് 2,71,000 ആയി അത് വർദ്ധിച്ചു. ശ്രീ. പി. കെ. ശശി സൂചിപ്പിച്ചതു പോലെ, ജനുവരി മാസം കുടുംബശ്രീ ശാക്തീകരണത്തിനുവേണ്ടി പ്രത്യേക അയൽക്കൂട്ടങ്ങൾ ചേർന്നു. ഇതുവഴി 6678 പുതിയ അയൽക്കൂട്ടങ്ങൾകൂടി രൂപീകരിക്കുകയുണ്ടായി. അയൽക്കൂട്ടങ്ങളുടെ എണ്ണം 40 ലക്ഷത്തിൽനിന്ന് 50 ലക്ഷമായി വർദ്ധിച്ചു. കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ജനുവരി 28-ന് സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങളിലും പ്രത്യേക അയൽക്കൂട്ടങ്ങൾ ചേരുകയുണ്ടായി.

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെടുന്നവരുടെ മുഖ്യധാരാവത്കരണവും സാമൂഹ്യവും സാമ്പത്തികവുമായ ഉന്നതിയും ലക്ഷ്യമാക്കി കാസർഗോഡ്, കോഴിക്കോട്, എറണാകുളം, കോട്ടയം എന്നീ നാല് ജില്ലകളിൽ അയൽക്കൂട്ട രൂപീകരണവും യോഗങ്ങളും ഇതിനകം സംഘടിപ്പിച്ചുവെന്നത് ഏറെ അഭിനന്ദനത്തിന് വക നൽകുന്നതാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലും കാണാത്ത ഒരു നിലയാണ് ഇതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ളത്. മദ്രസാ അദ്ധ്യാപകർക്ക് ഭവന നിർമ്മാണ വായ്പാ പദ്ധതി ആവിഷ്കരിക്കുകയും അതിനെ "മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഭവന വായ്പാ പദ്ധതി" എന്ന് നാമകരണവും ചെയ്തു. ഇതിന്റെ ഭാഗമായി ഈ വർഷം 225 പേർക്ക് 2 ലക്ഷം രൂപവീതം പലിശരഹിത വായ്പ നൽകാൻ തീരുമാനിച്ചു വെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

സംസ്ഥാനത്തെ ഗ്രാമസഭകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള ലൈബ്രേറിയൻ, നഴ്സറി ടീച്ചർ എന്നിവരുടെ ഓണറേറിയം 12,000 രൂപയായും ആയയുടെ ഓണറേറിയം 8,000 രൂപയായും വർദ്ധിപ്പിച്ചു. ഇത് നേരത്തേ യഥാക്രമം 2,050, 1,400 രൂപ വീതമായിരുന്നു. കഴിഞ്ഞ അഞ്ച് വർഷവും നിയമസഭയിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു ഇത്. ഇപ്പോൾ ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ഇതുമായി ബന്ധപ്പെട്ട് സബ്മിഷൻ ഉന്നയിച്ചതും എനിക്ക് ഓർമ്മയുണ്ട്. ഏതായാലും എൽ.ഡി.എഫ്. ഗവൺമെന്റ് ഇത് പ്രാവർത്തികമാക്കിയിരിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മേന്മയായി ചൂണ്ടിക്കാണിച്ചിരുന്നത് യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് മന്ത്രിമാർ ഭരിച്ചിരുന്ന വകുപ്പുകൾ ഒറ്റ വകുപ്പാക്കി ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നുവെന്നുള്ളതാണ്.

എന്റെ സ്നേഹിതനായ ശ്രീ. പി. കെ. ശശി വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്നുള്ള രീതിയിൽ എന്തെല്ലാമോ പറഞ്ഞു. വകുപ്പിനെപ്പറ്റി ഒരക്ഷരം മിണ്ടിയില്ല. മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്തിരുന്ന വകുപ്പ് ഒന്നാക്കിയത് വലിയ മേന്മയായാണ് അദ്ദേഹം പറഞ്ഞത്. എൽ.ഡി.എഫ്.-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാരോടും കോർപ്പറേഷൻ ചെയർമാന്മാരോടും സെക്രട്ടറിമാരോടും ഇത് ശരിയാണോ തെറ്റാണോയെന്ന് ചോദിച്ചു നോക്കണം. ഇത് നൂറുശതമാനവും തെറ്റായ തീരുമാനമാണ്. ഇക്കാര്യം എൽ.ഡി.എഫ്. പുനഃപരിശോധിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇത് വലിയൊരു വകുപ്പായി മാറി. ഈ വർഷത്തെ പദ്ധതി ചെലവ് 68 ശതമാനമായി എന്നുപറയുമ്പോൾ സത്യത്തെ മറച്ചുവയ്ക്കുകയല്ലേ ചെയ്യുന്നത്. ചരിത്രത്തിൽ ആദ്യമായാണ് മുൻ വർഷത്തെ ക്യാരി ഓവർ നൽകാതെ പഞ്ചായത്തുകളെ പറഞ്ഞുപറ്റിച്ചത്. 1987 കോടി രൂപ ക്യാരി ഓവറുണ്ടായിരുന്നത് നൽകാമെന്നുള്ള ഗവൺമെന്റ് ഉത്തരവ് ഇറക്കിയിരുന്നെങ്കിലും അവസാനം കൈമലർത്തി. പഞ്ചായത്തുകാരെല്ലാം ആകെ വിഷമത്തിലാണ്. ക്യാരി ഓവർ നൽകിയിരുന്നെങ്കിൽ നമ്മുടെ പദ്ധതി ചെലവ് 47 ശതമാനമായി ചുരുങ്ങില്ലേ. യു.ഡി.എഫ്.-ന്റെ കാലത്ത് ക്യാരി ഓവർ നൽകിയിട്ടും ആദ്യ വർഷം ചെലവാക്കിയത് 76 ശതമാനമായിരുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, അഡീഷണലായിട്ടുള്ള പണം എടുത്തുകൊടുക്കുകയാണോ; അതോ ബില്ലിന് അനുസരിച്ച് പണം പിൻവലിക്കാൻ അനുവാദം കൊടുക്കുകയാണോ ചെയ്യുന്നത്. എങ്ങനെയാണ് carry over കൊടുക്കുന്നത്?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എനിക്ക് കുറേ കാര്യങ്ങൾ പറയാനുണ്ട്. വളരെ വിശദമായി പറയേണ്ടിവരും. പക്ഷെ, ചരിത്രത്തിൽ ആദ്യമായാണ് carry over കൊടുക്കാത്ത സർക്കാരുണ്ടാകുന്നത്. അതുപോലെ മറ്റൊരു കാര്യത്തിനുംകൂടി അങ്ങ് മറുപടി പറയേണ്ടതാണ്. ഈ വർഷത്തെ പദ്ധതി രൂപരേഖ ഉണ്ടാക്കുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും എവിടെ എത്തിയെന്ന് ആർക്കും അറിയില്ല. ഈ വർഷം പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് ബഡ്ജറ്റ് ഡോക്കുമെന്റായി നമ്മൾ അവതരിപ്പിച്ച അപ്പെൻഡിക്സ്-4 അബദ്ധ പഞ്ചാംഗ മായിരുന്നില്ലേ; അത് പിൻവലിച്ച് വീണ്ടും ഒരു ഓർഡറായി ഇവിടെ കൊണ്ടുവരികയല്ലേ ചെയ്തത്. ഒരു ബഡ്ജറ്റ് ഡോക്കുമെന്റിൽ ഇത്ര ഗുരുതരമായ പിശക് ഉണ്ടാകുന്നതും അത് പിൻവലിച്ച് പുതിയത് സമർപ്പിക്കേണ്ടിവരുന്നതും കേരള ചരിത്രത്തിൽ ആദ്യമായാണ്. ഇപ്പോൾ മിക്ക പഞ്ചായത്തുകളും വളരെ വലിയ ആശയക്കുഴപ്പത്തിലാണ്. പല പഞ്ചായത്തുകളുടെയും അലോട്ട്മെന്റുകൾ ആദ്യത്തേത് കൂടുതലും ഇപ്പോഴത്തേതിൽ വളരെ കുറവുമാണ്. ഡോക്കുമെന്റിന്റെ

അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കിയ പലർക്കും കുരങ്ങന് ആമയെ കിട്ടിയതു പോലെയാണ്, എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ല. ഐക്യകേരളം രൂപീകൃതമായതിനുശേഷം ഏകീകൃത നഗര-ഗ്രാമാസൂത്രണ നിയമം കൊണ്ടുവരാൻ വേണ്ടി കഴിഞ്ഞ അമ്പത് വർഷമായി ശ്രമിച്ചിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഇതിന് സാധിച്ചത്. ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ആദ്യ നിയമം എന്നുള്ള നിലയിൽ ദേശീയതലത്തിൽ ശ്രദ്ധ ആകർഷിച്ചിരുന്നു. ഡൽഹിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'Spatio-Economic Development Record' എന്ന ജേർണലിൽ ഈ നിയമം ടൗൺ പ്ലാനിംഗിലെ ഒരു നാഴികക്കല്ലെന്നാണ് വിശേഷിപ്പിച്ചത്. ഇത്തരത്തിലുള്ള നിയമത്തെ പുതിയ സർക്കാർ വളരെ സംശയ ദൃഷ്ടിയോടെ വീക്ഷിച്ചുകൊണ്ട് ഇതിനെപ്പറ്റി പഠിക്കാനും പുതിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കാനും ഒരു ശിൽപ്പശാല ഐ.എം.ജി.-യിൽ സംഘടിപ്പിച്ചു. അതിൽ വന്ന നിർദ്ദേശങ്ങൾകൂടി നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റിയെ നിയോഗിച്ചു. സംസ്ഥാനത്തിന്റെ നഗര-ഗ്രാമാസൂത്രണത്തിന്റെ ഏറ്റവും ഉന്നതമായ ജനകീയ സമിതിയെന്ന നിലയിൽ, മുഖ്യമന്ത്രി ചെയർമാനും വകുപ്പുമന്ത്രി വൈസ് ചെയർമാനും പ്രതിപക്ഷനേതാവ്, എം.പി, എം.എൽ.എ., കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ചെയർമാന്മാരും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ അംഗങ്ങളായിട്ടുള്ള ജനകീയ സമിതിയാണ് മുൻ സർക്കാർ പാസ്സാക്കിയ ഒറിജിനൽ ആക്ടിൽ രൂപകൽപ്പന ചെയ്തിരുന്നത്. പക്ഷെ, ഇവരെ എല്ലാവരെയും ഒഴിവാക്കികൊണ്ട് ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായ, ജനപ്രതിനിധികൾ ആരും തന്നെയില്ലാത്ത, ഉദ്യോഗസ്ഥ കമ്മിറ്റിയാക്കി ഇതിനെ തരംതാഴ്ത്തി, ഇതിന്റെ ജനകീയ പരിവേഷം ഇല്ലാതാക്കി, ഒരു ഉദ്യോഗസ്ഥപ്രമുഖ കമ്മിറ്റിയാക്കി മാറ്റാനുള്ള ശ്രമം നടന്നുവരുന്നുണ്ട്. അതിനെപ്പറ്റി ചർച്ച ചെയ്ത് വളരെയധികം സംസാരിച്ചു. 13 വർഷക്കാലം എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ആളാണ് ചീഫ് സെക്രട്ടറി. അദ്ദേഹം കുറേക്കാലം ശ്രമിച്ചിട്ടും നടക്കാത്ത ചില നിയമങ്ങൾ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാസ്സാക്കിയപ്പോൾ അതിനെ വളരെ സംശയത്തോടുകൂടിയാണ് അദ്ദേഹം വീക്ഷിച്ചത്. അദ്ദേഹത്തിന്റെ കാലത്ത് നടക്കാതിരുന്നത് യു.ഡി.എഫ്.-ന്റെ കാലത്ത് നടന്നപ്പോൾ ചില ഈഗോ വർക്ക് ഔട്ട് ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിയമത്തിൽ നല്ല നിർദ്ദേശങ്ങൾ പുതിയതായി ആര് കൊണ്ടുവരികയാണെങ്കിലും അതിനെ ഉൾക്കൊള്ളണം, അതിനെ ആരും തന്നെ എതിർക്കുന്നില്ല. പക്ഷെ, വെറുതെ ഒരു മാറ്റത്തിനുവേണ്ടി മാറ്റുകയാണെങ്കിൽ അതോടെ ഈ നിയമത്തിന്റെ അന്തഃസത്ത തന്നെ ഇല്ലാതാകും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളം, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ടൗണായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നൂറോളം മുനിസിപ്പാലിറ്റികളാണ് കേരളത്തിലുള്ളത്. അയൽ സംസ്ഥാനങ്ങളെ നമ്മൾ മോഡലാക്കുകയാണെങ്കിൽ ഏകദേശം 200-ഓളം പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കേണ്ടിവരും. ഇപ്പോൾ നിലവിലുള്ളത് രണ്ട് കെട്ടിടനിർമ്മാണ ചട്ടങ്ങളാണ്. പഞ്ചായത്തിന് കെ.പി.ബി.ആർ.-ഉം മുനിസിപ്പാലിറ്റികൾക്ക് കെ.എം.ബി.ആർ.-ഉം. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് കേരളത്തിന് ഏകീകൃത ബിൽഡിംഗ് റൂൾ മതിയെന്ന ചർച്ച നടന്നിരുന്നു. ഈ സർക്കാർ രണ്ട് നിയമങ്ങൾക്കുപകരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് മൂന്ന് വെവ്വേറെ നിയമങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു എന്നാണ് കേൾക്കുന്നത്. മുനിസിപ്പാലിറ്റികൾ മുഴുവൻ നാളെ കോർപ്പറേഷനും പഞ്ചായത്തുകൾ മിക്കവാറുമെല്ലാം മുനിസിപ്പാലിറ്റികളുമാകും. അപ്പോൾ രണ്ടുമൂന്ന് നിയമം ഉണ്ടാക്കുന്നത് വലിയ അബദ്ധത്തിൽ ചെന്ന് ചാടുന്നതാണ്, ഇല്ലക്ക് പരിഷ്കാരം ആയിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിൽനിന്ന് സർക്കാർ പിൻവാങ്ങണം. ഉദ്യോഗസ്ഥന്മാർക്ക് ജനങ്ങളുടെ പ്രയാസങ്ങൾ അറിയില്ല. കാര്യങ്ങൾ സുഗമമായി വേഗത്തിൽ നടക്കണമെങ്കിൽ ആശയക്കുഴപ്പങ്ങളും ആശങ്കകളും ഇല്ലാതാകണം, വരാൻ പോകുന്ന അബദ്ധം ഒഴിവാക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്.

കെട്ടിടനിർമ്മാണ പെർമിറ്റുകൾക്ക് വലിയ കാലതാമസം നേരിടുകയും അഴിമതികളുമുണ്ടായിരുന്നു. അഴിമതിയും നടക്കുന്നു. അത് മാറ്റുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പഞ്ചായത്ത് വകുപ്പിന്റെ കീഴിലുള്ള ഐ.കെ.എം. വഴി 'സങ്കേതം' എന്ന് പറയുന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ അപേക്ഷ തയ്യാറാക്കിയത്. ഏകദേശം ഒരു ലക്ഷത്തോളം പെർമിറ്റ് ഇത്തരത്തിൽ നൽകാൻ കഴിഞ്ഞു. അത് വളരെ പെട്ടെന്നും അഴിമതിരഹിതവുമായിരുന്നു. ഇത്തരത്തിലുള്ള സംരംഭത്തെ ഇല്ലാതാക്കിക്കൊണ്ട് മുമ്പ് ഉപയോഗിച്ച് പരാജയപ്പെട്ട ഒരു കമ്പനിയുടെ AutoDCR എന്ന സോഫ്റ്റ്‌വെയർ സംവിധാനം പൊടിതട്ടിയെടുക്കാൻ ശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിൽ AutoCAD വളരെ വിലകൂടിയ ഒന്നാണെന്ന് നമുക്കറിയാം. ഒരു പഞ്ചായത്തിൽ ചിലപ്പോൾ ഒന്നോരണ്ടോ AutoCAD വേണ്ടിവരും. നമ്മുടെ സംസ്ഥാനത്ത് മൂവായിരത്തോളം AutoCAD ആണ് ആവശ്യം വരുന്നതെങ്കിൽ അതിന് വമ്പിച്ച ചെലവാണ് വരുന്നത്. ഇതു പുതുക്കണമെങ്കിൽ റിന്യൂവൽ ഫീസ് ഇനത്തിൽ എല്ലാ വർഷവും 20,000-ഓളം രൂപ കൊടുക്കണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരിക്കലും നമുക്ക് താങ്ങാൻ കഴിയില്ല.

എല്ലാ സ്ഥലങ്ങളിലും വികസന അതോറിറ്റികളുണ്ട്. ഇന്ത്യയിൽ കേരളത്തിൽ മാത്രമല്ല ബംഗാൾ അടക്കം എല്ലായിടത്തുമുണ്ട്. ആ വികസന അതോറിറ്റികൾ കഴിഞ്ഞ പ്രാവശ്യം റിവൈവ് ചെയ്തിരുന്നു. അതിനെയെല്ലാം ഇല്ലാതാക്കി അത് വീണ്ടും അടച്ചുപൂട്ടി. കൊച്ചിയിലും തിരുവനന്തപുരത്തുമുള്ള വികസന അതോറിറ്റികൾ കൂടി അടച്ചുപൂട്ടിക്കൂടായിരുന്നോ; എന്ത് കൊണ്ട് അടച്ചുപൂട്ടുന്നില്ല? കൊല്ലത്തും കോഴിക്കോട്ടും ഇഷ്ടംപോലെ പദ്ധതികൾ ആരംഭിച്ചു, അവിടെ പുതിയ ബിൽഡിംഗുകൾ വരുന്നുണ്ട്, വെയർഹൗസ്, മെക്കനൈസ്ഡ് പാർക്കിംഗ് ഇതൊക്കെ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ടെണ്ണം നിലനിർത്തിക്കൊണ്ട് മറ്റുള്ളത് പൂട്ടുന്നത് ശരിയല്ല. ഇതാണ് ഞാൻ പറഞ്ഞ ഈഗോ.

കെ.എസ്.യു.ഡി.പി. പദ്ധതിക്ക് എ.ഡി.ബി. ലോൺ കഴിഞ്ഞതാണ്. അത് പൂട്ടേണ്ടതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. SPV കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ക്യാബിനറ്റിൽ വന്ന് തുടങ്ങിയതാണിത്. ഇത് അടച്ചുപൂട്ടണമെന്നുണ്ടെങ്കിൽ തിരിച്ച് ക്യാബിനറ്റിൽ തന്നെ പോകണമെന്നാണ് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ പറഞ്ഞിരിക്കുന്നത്. ഇത് പൂട്ടുന്നതിന് ആരും എതിരല്ല. പക്ഷെ, കുറേ പ്രശ്നങ്ങളുണ്ട്. ക്യാബിനറ്റിൽ പോകാതെ പ്രിൻസിപ്പൽ സെക്രട്ടറിയും അദ്ദേഹത്തിന്റെ ഒന്നുരണ്ട് അസിസ്റ്റന്റുമാരും കൂടി ചേർന്നാണ് പൂട്ടാനുള്ള തീരുമാനം എടുത്തത്. കോടിക്കണക്കിന് രൂപയുടെ അസറ്റുകൾ കോർപ്പറേഷനിൽ കിടക്കുകയാണ്. അത് ഹാന്റ് ഓവർ ചെയ്യാനോ ടേക്ക് ഓവർ ചെയ്യാനോ ഒരു നടപടിയും ചെയ്തിട്ടില്ല. കോഴിക്കോട്ടും തൃശ്ശൂരും, എറണാകുളത്തും ഉദ്യോഗസ്ഥരുണ്ട്. അവരുടെ കയ്യിലുള്ള അക്കൗണ്ട് ഓഡിറ്റിംഗ് കഴിഞ്ഞിട്ടില്ല. ഇതുവരെ അതിനുള്ള നിർദ്ദേശം കൊടുത്തിട്ടില്ല. പൂട്ടുന്നത് വളരെ വലിയ പ്രശ്നത്തിലേയ്ക്ക് പോകുമെന്നാണ് എനിക്ക് പറയാനുള്ളത്. അവസാനം കോടിക്കണക്കിന് രൂപ എ.ഡി.ബി.യും കേന്ദ്ര സർക്കാരും ഇവിടെ വന്ന് കുത്തിന് പിടിച്ച് വാങ്ങിക്കൊണ്ടുപോകുന്ന സ്ഥിതിവരും.

പ്രിയങ്കരനായ മുഖ്യമന്ത്രി വടകരയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് ഈ സർക്കാരിനെ താഴെയിറക്കാൻ വേണ്ടി സി.ഐ.എ. ശ്രമിക്കുന്നുവെന്നാണ്. അതുകേട്ട് ഞാൻ മാത്രമല്ല കേരളത്തിലെ എല്ലാ ജനങ്ങളും ചിരിച്ച് മണ്ണുകപ്പിയെന്നുള്ളതാണ് സത്യം. ഈ സർക്കാരിനെ താഴെയിറക്കാൻ സി.ഐ.എ. ശ്രമിക്കുന്നത് എന്തിനാണ്; സി.ഐ.എ.-യുടെ തലവന് രാവിലെ എന്താണ് പണി? ഉത്തരകൊറിയയുടെയും മറ്റുള്ളവരുടെയും കാര്യങ്ങൾ വിട്ടു. ബ്രണ്ണൻ കോളേജിലെ ചുമരിൽ പോസ്റ്റർ ഒട്ടിച്ചോ അല്ലെങ്കിൽ മഹാരാജാസ് കോളേജിൽ കമ്പിപ്പാര കൊണ്ടിട്ടോ മറ്റുള്ള പഞ്ചായത്തുകളിൽ ബൈ-ഇലക്ഷൻ വരുന്നുണ്ട്,

അവിടെ നാല് വോട്ട് കിട്ടിയിട്ട് അവരെ തകിടം മറിക്കാൻ പറ്റുമോ; ഇതൊക്കെ നോക്കുന്നതാണോ സി.ഐ.എ.-യുടെ പണി; ഈ സർക്കാരിന് എന്തിനാണ് സി.ഐ.എ.? നിങ്ങളുടെ കുറേ നേതാക്കന്മാർ തന്നെ ഇതിനെ താഴെയിറക്കും. അതുമാത്രമല്ല, ഒരു ബന്ധവുമില്ലാത്ത കുറേ ഉദ്യോഗസ്ഥരും അഡ്വൈസ് ചെയ്യാൻ അഞ്ചെട്ട് ആളുകളും ഒരുമിച്ച് നിന്നാൽ ഈ സർക്കാരിനെ അടുത്തുതന്നെ താഴെയിറക്കും. അതിന് ഞങ്ങളെ കുറ്റം പറയരുതെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഞാൻ നിർത്തുകയാണ്.

<u>ശ്രീ. പി. വി. അൻവർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു നാടിന്റെ പൊതുവികസനത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ആ തദ്ദേശഭരണ സ്ഥാപനങ്ങൾ നേർവഴിയിൽ പ്രവർത്തിക്കുമ്പോൾ മാത്രമാണ് നാട്ടിൽ വികസനം വരുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഏകദേശം കാൽ ഡസ്സനോളം മന്ത്രിമാർ ഭരിച്ചിരുന്ന വകുപ്പിനെ മലപ്പുറം ജില്ലയിലെ ചെറുപ്പക്കാരനായ, ഡോ. കെ.ടി. ജലീൽ കഴിഞ്ഞ ഒരു വർഷമായി വളരെ സുന്ദരമായി മുന്നോട്ട് കൊണ്ടുപോവുകയാണ്. ഈ നാടിന്റെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തക്ക രീതിയിൽ കഴിഞ്ഞ ഒരു വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ബഹുഭൂരിപക്ഷം പദ്ധതികളും നടപ്പിലാക്കാൻ ബാധ്യതപ്പെട്ടവരാണ് യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്. ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ വകുപ്പ് ഇവിടെ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന മുഴുവൻ പദ്ധതികൾക്കും നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പലപ്പോഴും നമ്മുടെ നാടിന്റെ വികസനത്തിന് തടസ്സമാകുന്നതും കാലതാമസമുണ്ടാക്കുന്നതും ഈ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ്. ആ കാലതാമസം ഈ ഒരു കോ-ഓർഡിനേഷൻ വരുന്നതോടുകൂടി പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. തദ്ദേശസ്വയംഭരണ വകുപ്പിനെ അഴിമതിമുക്തവും സുതാര്യവുമാക്കുന്നതിനും പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഇൻഡ്യയിൽ ആദ്യമായി 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ്സൈറ്റ് അധിഷ്ഠിത പദ്ധതിപരിഹാര ഓൺലൈൻ സോഫ്റ്റ്‌വെയർ ആരംഭിച്ചിരിക്കുകയാണ്. പലപ്പോഴും നമ്മുടെ നിയമങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്, ഒരു ജനാധിപത്യ സംവിധാനത്തിൽ നടക്കുന്ന കാര്യങ്ങളിൽ വരുന്ന അഴിമതികളിലാണ് ഒരു വകുപ്പോ നിയമമോ ചാർട്ട് ചെയ്യുമ്പോൾ ഏറ്റവും

കൂടുതൽ ശ്രദ്ധ കൊടുക്കാറുള്ളത്. അതിന്റെ ഭാഗമായി നിരവധി നിയമങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൂട്ടി ഘടിപ്പിച്ചതിന്റെ ഫലമായി പല പദ്ധതികളും ലേറ്റാവുകയാണ്. ആ തരത്തിലുള്ള ഒരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നേർക്കുനേർ നിന്ന് ജനങ്ങൾക്ക് പരാതി കൊടുക്കാൻ ഈ വെബ്സൈറ്റും സോഫ്റ്റ്‌വെയറും ഉപയോഗപ്പെടുത്താൻ സാധിക്കും. അതിന്റെ ഫലമായി ഉദ്യോഗസ്ഥർക്ക് സത്യസന്ധമായി പ്രവർത്തിക്കാനുള്ള ഒരു മാനസിക സാഹചര്യം കേരളത്തിലുണ്ടാക്കാൻ കഴിയുന്നതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. നവകേരളത്തിന് ജനകീയാസൂത്രണമെന്ന ലക്ഷ്യത്തോടെ ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്കതരത്തിൽ പദ്ധതി രൂപീകരണ നിർവ്വഹണ മാർഗ്ഗരേഖകൾ ഉത്തരവുകളായി കൊടുത്തു കഴിഞ്ഞു. വെളിയിട വിസർജ്ജന വിമുക്ത പരിപാടിയുടെ ഭാഗമായി 2,02,178 ശൗചാലയങ്ങൾ ഈ 11 മാസക്കാലയളവിൽ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. 2011 മേയ് മാസത്തോടെ കേരളം സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി മാറുമെന്നു തന്നെയാണ് വിശ്വസിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും എസ്റ്റിമേറ്റുകൾ, ടെൻഡറുകൾ, ബില്ലുകൾ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ നിർബന്ധമാക്കിയതിലൂടെ ഇത് സുതാര്യവും കാര്യക്ഷമവുമാകും. പലപ്പോഴും ഉദ്യോഗസ്ഥർക്ക് ഇത്തരം കാര്യങ്ങളിൽ കൃത്യമായ ഒരു നേർരേഖയില്ലാത്തതിന്റെ പേരിൽ വന്നുകൊണ്ടിരുന്ന ഡിലേ ഇതുമൂലം പരിഹരിക്കാൻ കഴിയുന്നതാണ്.

അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പൊതുമരാമത്ത് വകുപ്പുകളുടെ ഇ-ടെൻഡറിംഗ് സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി. ഐ.ടി. മിഷന്റെ ഇ-ടെൻഡർ സംവിധാനത്തിൽ ഏറ്റവും കൂടുതൽ ടെൻഡറുകൾ പ്രസിദ്ധീകരിക്കുന്നത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ്. കൂടാതെ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്രഷ് ചെയ്ത് അതിൽനിന്ന് 10 ശതമാനം ടാറിൽ ഉപയോഗിച്ചുകൊണ്ട് റോഡുകൾ നിർമ്മിക്കുവാനുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ എഞ്ചിനീയറിംഗ് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും 941 ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. നിലവാരത്തിലേക്ക് എത്തിക്കുന്നതിന് ലോകബാങ്കിൽ നിന്ന് ആറ് കോടി രൂപ വകയിരുത്തിയതിലൂടെ മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ഒരു

സർട്ടിഫിക്കറ്റിൽ മാത്രം ഒതുങ്ങുകയില്ല. ഇതിന്റെ ഭാഗമായി കുറേ പാരാമീറ്റേഴ്സ് പറയുന്നുണ്ട്. ആ പാരാമീറ്റേഴ്സിൽ ഉൾപ്പെടുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കിട്ടിക്കഴിഞ്ഞാൽ ഇന്ന് പഞ്ചായത്തുകളിലുള്ള ഐ.ടി. സംവിധാനത്തിലും ജനങ്ങൾക്കുള്ള സൗകര്യങ്ങളിലുമൊക്കെ വലിയ മാറ്റങ്ങളുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

അതുപോലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ട കാരണങ്ങളാൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയായിട്ടുള്ളതുമായ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ കൊടുക്കാൻ ഉത്തരവു നൽകി. ഈ ഉത്തരവുതന്നെ റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ളം, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിവയ്ക്ക് ഒരു ഐ.ഡി. കാർഡായി ഉപയോഗിക്കാൻ സാധിക്കും. ഇത് കേരളത്തിലെ ആളുകൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് അറിയുന്ന വരാണ് ഈ നിയമസഭയ്ക്കകത്തിരിക്കുന്നത്. പല കാരണങ്ങൾ കൊണ്ട് കൊച്ചുവീടുകൾ കെട്ടിയവർക്കുപോലും പെർമിറ്റ് കിട്ടാതെ അല്ലെങ്കിൽ നമ്പരിടാതെ വൈദ്യുതി പോലും കിട്ടാതെ വീടിനകത്ത് മണ്ണെണ്ണ വിളക്ക് കത്തിച്ച് ജീവിക്കുന്ന അവസ്ഥയുണ്ടായിരുന്നു. കുടിവെള്ളം പോലും കിട്ടില്ലായിരുന്നു. കേരളത്തിൽ ആയിരക്കണക്കിനാളുകൾക്ക് ഇതൊരു വലിയ ആശ്വാസ പദ്ധതിയും ഉപകാരപ്രദവുമായിത്തീർന്നു. അത്തരമൊരു തീരുമാനം എടുത്ത ബഹുമാനപ്പെട്ട മന്ത്രിയേയും വകുപ്പിനേയും മന്ത്രിസഭയേയും ഞാൻ അഭിനന്ദിക്കുകയാണ്.

വികസന പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം ഒഴികെയുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തി. ജനറൽ വിഭാഗത്തിന് നിലവിലുണ്ടായിരുന്ന 50,000 രൂപയിൽ നിന്ന് 1,00,000 രൂപയായും എസ്.സി. വിഭാഗത്തിന് 50,000 രൂപയിൽനിന്ന് 1,50,000 രൂപയായും സമൂഹത്തിൽ ഏറ്റവും പാവപ്പെട്ട എസ്.ടി. വിഭാഗത്തിന് പരിധിയില്ലാതെയുമാണ് ഉയർത്തിയിരിക്കുന്നത്.

പഞ്ചായത്ത് ഓഫീസിൽ നിന്ന് ഒരു കാര്യത്തിനുള്ള അനുമതി കിട്ടാനായി ചെല്ലുമ്പോൾ ഏറ്റവും വലിയ പ്രശ്നം അവിടെ സെക്രട്ടറിമാരില്ല എന്നതായിരുന്നു. ഹൈക്കോടതിയിലെ കേസ്സുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ഒരു പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും കാലം നീണ്ടുപോയത്. ആ കേസ് തീർപ്പാക്കി ഒഴിഞ്ഞു കിടന്നിരുന്ന ഏകദേശം 207-ഓളം വരുന്ന സെക്രട്ടറി തസ്തികകളിൽ നിയമനം നടത്തി. അസിസ്റ്റന്റ് സെക്രട്ടറിമാരിൽ 250 പേരെയും അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് തസ്തികകളിൽ 217 പേരെയും സീനിയർ ക്ലാർക്ക് തസ്തികയിൽ

158 പേരെയും പ്രൊമോഷൻ നൽകി നിയമിച്ചു. ഈ പ്രൊമോഷനുകളെ തുടർന്ന് 250-ഓളം പേർക്ക് പി.എസ്.സി. വഴി പുതുതായി നിയമന ഉത്തരവ് നൽകാനും ഈ സർക്കാരിന് സാധിച്ചു.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇ-പേയ്മെന്റ് സംവിധാനം നടത്താൻവേണ്ടി പഞ്ചായത്ത് ഓഫീസിൽ ചെന്നാൽ ദിവസങ്ങളോളം അവിടെ കയറിയിറങ്ങേണ്ടിവരുന്നു; അത്രയും തിരക്കായിരുന്നു. ചില ദിവസങ്ങളിൽ പല പേമെന്റുകളും അടച്ചുകിട്ടാതെ ജനങ്ങൾ ശ്വാസം മുട്ടുകയായിരുന്നു. അതിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കാൻ ഇ-പേയ്മെന്റ് സമ്പൂർണ്ണമായി ഏർപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചു. മലപ്പുറം ജില്ലയിൽ മുഴുവൻ പഞ്ചായത്തുകളിലും 2017 ഫെബ്രുവരി 13 മുതൽ ഈ സംവിധാനം നിലവിൽ വന്നു. പഞ്ചായത്ത് ഓഫീസുകളിലൊക്കെ ഇ-പേമെന്റ് സംവിധാനം വന്നുകഴിഞ്ഞു. പലതിലും ട്രയൽ നടന്നുകൊണ്ടിരിക്കുകയാണ്; ചിലതൊക്കെ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങി. എന്തായാലും ഫെബ്രുവരി 2018-ൽ ഇത് പരിപൂർണ്ണമാക്കാൻ കഴിയുമെന്നുതന്നെയാണ് ഈ ഗവൺമെന്റ് വിശ്വസിക്കുന്നത്.

12-8-2008-ന് മുമ്പ് നികത്തുകയോ നികത്തപ്പെടുകയോ ചെയ്യപ്പെട്ടതും ഡാറ്റാ ബാങ്കിലോ കരട് ഡാറ്റാ ബാങ്കിലോ ഉൾപ്പെടാതെയിരിക്കുകയും ചെയ്ത ഭൂമിയിൽ നിർമ്മാണാനുമതി, ഒക്കുപ്പെൻസി പെർമിറ്റ്, എൻ.ഒ.സി. എന്നിവ നൽകുന്നതിന് സഹായകരമായ രീതിയിൽ സർക്കാർ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടത്തെ എം.എൽ.എ.-മാരാണ് അത് ശ്രദ്ധിക്കേണ്ടത്. അതുകൊണ്ട് പ്രയാസപ്പെടുന്ന ആളുകളെ പറഞ്ഞുമനസ്സിലാക്കി അത് നടപ്പിലാക്കി കൊടുക്കുവാൻ എം.എൽ.എ.-മാർ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം മാർച്ച് 31-ാം തീയതിവരെ സംസ്ഥാനത്ത് 681.73 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 113 ശതമാനം നേട്ടമാണ് ഈ ഇനത്തിൽ സംസ്ഥാന സർക്കാർ നടപ്പു സാമ്പത്തിക വർഷം കൈവരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ 83 പ്രോജക്ടുകളിലായി സർക്കാർ 4.27 ലക്ഷം ഹെക്ടർ പ്രദേശത്ത് നീർത്തട പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി 18.3 ഹെക്ടർ പ്രദേശത്ത് അധികമായി ജലസേചനം എത്തിക്കാനും 13,016 കർഷകർക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ മഴവെള്ള കൊയ്ത്തിനും ജലസംഭരണത്തിനും ഉതകുന്ന 439 പുതിയ നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും നിലവിലുള്ള 420 നിർമ്മിതികളുടെ അറ്റകുറ്റ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 17(2) പ്രകാരം എല്ലാ പ്രവൃത്തികളുടെയും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ പേരിൽ ഒട്ടനവധി ആരോപണങ്ങൾ പലപ്പോഴും സംസ്ഥാനത്ത് ഉണ്ടാകാറുണ്ട്. ആ ആരോപണങ്ങൾ ജനങ്ങൾക്കുതന്നെ ഓഡിറ്റ് ചെയ്യാനുള്ള, അതിന്റെ വാസ്തവം മനസ്സിലാക്കാനുള്ള സാഹചര്യമൊരുക്കുന്നതാണ് ഈ നിർദ്ദേശം.

എം.ജി.എൻ.ആർ.ഇ.ജി.എസ്. കരാർ ജീവനക്കാരുടെയും അയ്യൻകാളി നഗര തൊഴിലുറപ്പ് തൊഴിലാളികളുടെയും വേതനം വർദ്ധിപ്പിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വേതനം 16,500 രൂപയിൽനിന്നും ഇരട്ടിയായി ഏകദേശം 25,000 രൂപയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം 13,200 രൂപയിൽനിന്നും 18,500 രൂപയായും ഉയർത്തി. ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്.

ഒന്നുരണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗ്രാമപഞ്ചായത്തുകളിൽ തസ്തികകൾ വർദ്ധിപ്പിച്ചുവെങ്കിലും ഇതൊന്നും എവിടെയും എത്തുന്ന അവസ്ഥയല്ല. പഞ്ചായത്ത് ഓഫീസിൽനിന്നും ഒരു കെട്ടിടത്തിന് പെർമിറ്റ് കിട്ടണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് ഇനിയും ഒരു വർഷമെങ്കിലും കാത്തിരിക്കേണ്ട അവസ്ഥയാണ്. അനധികൃത കെട്ടിടങ്ങൾ എന്ന പേരിൽ പല കെട്ടിടങ്ങളും ഉണ്ടാകുന്നത് ഇങ്ങനെയാണ്. വീട് നിർമ്മിക്കുന്നതിന് പെർമിറ്റിന് ആവശ്യപ്പെട്ട് ആപ്ലിക്കേഷൻ കൊടുത്താൽ സമയബന്ധിതമായി പെർമിറ്റ് ലഭ്യമാകുന്നില്ല. ഈയൊരു സാഹചര്യത്തിൽ പെർമിറ്റിനായി ആപ്ലിക്കേഷൻ കൊടുക്കുന്ന ഉപഭോക്താവ് കെട്ടിടങ്ങളും വീടുകളും നിർമ്മിക്കാൻ നിർബന്ധിതനാകുകയാണ്. പിന്നീട് ഫൈൻ അടച്ചാണ് അത് റെഗുലറൈസ് ചെയ്തെടുക്കുന്നത്. നമ്മുടെ പഞ്ചായത്തുകളിൽ ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതാണ് ഇതിനൊക്കെ കാരണം. പഞ്ചായത്തുകളിൽ 30 വർഷം മുൻപുണ്ടായിരുന്ന സ്റ്റാഫ് പാറ്റേണാണ് ഇന്നും നിലനിൽക്കുന്നത്. അന്ന് പതിനായിരം രൂപയോ ഒരു ലക്ഷം രൂപയോ ആണ് ഒരു പഞ്ചായത്തിന് വരുമാനമായി ഉണ്ടായിരുന്നത്. അയ്യായിരമോ രണ്ടായിരമോ പത്തായിരത്തിനു താഴെയോ ജനങ്ങളുള്ള പഞ്ചായത്തുകളായിരുന്നു. ഇന്ന് ഇരുപത്തയ്യായിരവും മുപ്പതിനായിരവും നാൽപ്പതിനായിരവും അൻപതിനായിരവും ആളുകൾ താമസിക്കുന്ന പഞ്ചായത്തുകളുണ്ട്. എന്റെ നിയോജകമണ്ഡലമായ വഴിക്കടവ് പഞ്ചായത്തിൽ നാൽപ്പത്തയ്യായിരം ജനങ്ങളുണ്ട്. ഒരു എ.ഇ.-യോ ഒരു

എഞ്ചിനീയറോ എന്തുചെയ്യും. സ്ഥിരമായി ആളുകളെ നിയമിക്കാൻ കഴിയില്ലെങ്കിൽ നാട്ടിലുള്ള നല്ല വിദ്യാഭ്യാസം നേടിയ എം.ടെക്, ബി.ടെക്, ഡോക്ടറേറ്റ് എന്നിവ നേടിയ ഉദ്യോഗാർത്ഥികൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ട്. അവരുടെ സേവനം താൽക്കാലികമായെങ്കിലും ഉപയോഗപ്പെടുത്തി പഞ്ചായത്തുകളിലുള്ള സ്റ്റാഫിന്റെ പരിമിതി പരിഹരിച്ചെങ്കിൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. കെട്ടിട നികുതിയിനത്തിൽ ഗവൺമെന്റിന് കിട്ടേണ്ട കോടിക്കണക്കിന് രൂപ വാങ്ങാൻ ഒരു മാർഗ്ഗവുമില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ് ......... പ്ലീസ്..

ശ്രീ. പി. വി. അൻവർ: സർ, ഇത് വാങ്ങുന്നതിനോ കണക്കുകൂട്ടുന്നതിനോ പഞ്ചായത്തുകളിൽ സ്റ്റാഫുകളില്ല. ഈയൊരവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽനിന്ന് ജനങ്ങൾ പലതും പ്രതീക്ഷിക്കുന്നുണ്ട്. ഇത്തരം പ്രയാസങ്ങൾ മാറ്റിയെടുക്കാൻ ശക്തമായ നിലപാടെടുക്കേണ്ടത് ഗവൺമെന്റാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയിൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന കൊടുത്ത് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വളരെ വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, 20 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിക്കുന്നത്. കഴിഞ്ഞകാലത്തെ അനുഭവങ്ങളുടെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട്, പദ്ധതികളുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കാനും ബഹുസ്വരമാക്കാനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ആ അനുഭവങ്ങൾ മാറേണ്ടതുണ്ട്. ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്ന പ്രധാനപ്പെട്ട കാര്യം തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻകാല പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഒട്ടേറെ സാങ്കേതികതകളാണ്, പ്രത്യേകിച്ച് അതിന്റെ നടപടിക്രമങ്ങളിലുണ്ടാകുന്ന അവ്യക്തതകളും സാങ്കേതികമായ ഒട്ടേറെ തടസ്സങ്ങളും ലഘൂകരിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്. രണ്ടുകോടി ലക്ഷം രൂപയുടെ അടങ്കലുള്ള പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഏതാണ്ട് അറുപത്തയ്യായിരം കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയാണ് മാറ്റിവച്ചിട്ടുള്ളത്. എത്രമാത്രം ഗൗരവത്തോടുകൂടിയാണ് ജനകീയാസൂത്രണത്തേയും താഴെത്തട്ടിലുള്ള പ്രവർത്തനങ്ങളേയും കാണാൻ

ശ്രമിക്കുന്നത് എന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. രണ്ടാം തലമുറയിലേക്ക് ഇതിന്റെ പ്രവർത്തനങ്ങൾ മാറിക്കൊണ്ടിരിക്കുന്നൊരു കാലഘട്ടമാണ്. കഴിഞ്ഞ ഇരുപത് വർഷക്കാലം ഒൻപതാം പഞ്ചവൽസര പദ്ധതിയുടെ കാലഘട്ടം മുതൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ കാലഘട്ടം വരെയുള്ള കാലയളവിൽ, കേരളത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമൊക്കെ ആരംഭിച്ച കാലഘട്ടത്തിൽ നേരിട്ട വെല്ലുവിളികളല്ല വരാൻ പോകുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികളെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ടുള്ള ഒരു സമീപനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് മുന്നോട്ട് കൊണ്ടുവരണം. മുൻകാലങ്ങളിലെ നമ്മുടെ പദ്ധതികളെല്ലാം ഹ്രസ്വകാല കാഴ്ചപ്പാടിൽ നിലനിർത്തിക്കൊണ്ട് മുന്നോട്ട് പോകുന്നവയായിരുന്നു. ദീർഘകാല കാഴ്ചപ്പാടുകൾ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉദാഹരണത്തിന് ജില്ലാ പദ്ധതികൾ, കുറെ പദ്ധതികൾ കൂട്ടിച്ചേർത്ത് ജില്ലാ പദ്ധതികളെന്നുപറഞ്ഞ് വയ്ക്കുന്ന ഒരു കൂട്ടത്തിനപ്പുറത്ത് സമഗ്രമായ ജില്ലയുടെ കാഴ്ചപ്പാടോടുകൂടിയുള്ള ജില്ലാ പദ്ധതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ആ അനുഭവസമ്പത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ ഇടപെടലിലൂടെ സമഗ്രമായ ജില്ലാ പദ്ധതികൾക്ക് നേതൃത്വം കൊടുക്കാനുള്ള ശ്രമം ഉണ്ടാകണം.

വിവിധ തട്ടുകളും വിവിധ ഡിപ്പാർട്ടുമെന്റുകളും തമ്മിലുള്ള ഏകോപനത്തിന്റെ വിഷയമാണ് ഇവിടെയെല്ലാമുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഗവൺമെന്റ് എത്രമാത്രം ഇച്ഛാശക്തിയോടെ ശ്രമിച്ചാലും നമ്മുടെ ബ്യൂറോക്രസിയുടെ മൈന്റ്സെറ്റിൽ മാറ്റമുണ്ടാകാതെ ഈ പ്രവർത്തനങ്ങളിലെല്ലാം മാറ്റമുണ്ടാക്കാൻ കഴിയില്ല. അതാണ് ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യങ്ങളിലെല്ലാം ഒരു മാറ്റം ഉണ്ടാക്കാൻവേണ്ട വളരെ ആസൂത്രിതമായ ശ്രമംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോഴും ഒരുതരം ഉദ്യോഗസ്ഥ മേധാവിത്വം നമ്മളെ ഭരിക്കുന്നുണ്ടോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാരണം വലിയ ലക്ഷ്യങ്ങളാണ് മുൻപോട്ട് വയ്ക്കുന്നത്. പക്ഷെ ഈ ലക്ഷ്യങ്ങളെ തടസ്സപ്പെടുത്തുന്ന വലിയ കണ്ണികളായി, അതിന്റെ ചങ്ങലകളായി പലപ്പോഴും ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സ്വഭാവങ്ങൾ മാറുന്നത് കാണാൻ സാധിക്കും. ഗ്രാമസഭകളുടെ പങ്കാളിത്തം നാമമാത്രമായ പങ്കാളിത്തങ്ങളായി മാറുകയാണ്. തുടക്കത്തിൽ ഉണ്ടായിരുന്ന വലിയ ജനകീയ ഇടപെടലുകൾ ഇന്ന് ഗ്രാമസഭകളിലേക്ക് കടന്നുവരുന്നില്ലെന്നതും കൃത്യമായ സംവാദങ്ങൾ അതുമായി ഉണ്ടാകുന്നില്ലെന്നുള്ളതും

പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനം ഉണ്ടാകണമെന്ന് പറഞ്ഞത്. ഉദാഹരണത്തിന്, ഹരിത കേരളം പദ്ധതിയുടെ ശുചീകരണ പ്രവർത്തനങ്ങളിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർമാരെ മാറ്റിനിർത്തിയിരിക്കുകയായിരുന്നു. സർക്കാർ തലത്തിൽ അങ്ങനെയൊരു തീരുമാനമെടുത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ സേവനം പ്രധാനപ്പെട്ടൊരു കാര്യമാണ്. അത് ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടായില്ല. കേരളത്തിന്റെ വികസന സാധ്യതകളും നമ്മുടെ റിസോഴ്സുകൾ സംബന്ധിച്ചും കൃത്യമായൊരു ആസൂത്രണം നമുക്കില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

സർവ്വകാലശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയുമൊക്കെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. സർവ്വകലാശാലകളുടെ അനുഭവസമ്പത്തും അക്കാഡമിക് താൽപ്പര്യങ്ങളും ഗവേഷണങ്ങളുമൊക്കെ നമ്മുടെ പ്രകൃതി വിഭവങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടുകളെയും കുടുതൽ ശക്തമായി നിയന്ത്രിക്കാനുള്ളൊരു വേദിയായി മാറേണ്ടതാണ്.

ലൈഫ് പദ്ധതിയിൽ വീടുകൾക്കെല്ലാം ടെറസ് വേണമെന്ന് പറയുന്നൊരു ആശയമുണ്ട്. ഇന്നത്തെ കേരളത്തിലെ കാലാവസ്ഥയിൽ, വേനൽകാലത്ത് ടെറസ് വീടുകളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഓവന് അകത്തിരിക്കുന്നൊരു അവസ്ഥയാണ്. ഓട് വ്യവസായം തകർച്ചയെ നേരിടുന്ന കാലഘട്ടത്തിൽ പാരിസ്ഥിതികമായി ഒട്ടേറെ സാധ്യതകളുള്ള ആ മേഖലയിൽ, ടെറസിനുപകരം ഓട് ഇടുന്ന വീടുകളാക്കി മാറ്റിയാലുള്ള അപകടമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് നാമമാത്രമായിട്ടുള്ളൊരു പെൻഷനെങ്കിലും നൽകണമെന്നത് വളരെക്കാലമായി സഭയിൽ ആവശ്യപ്പെടുന്നതാണ്. പ്രസ്തുത വിഷയം സബ്മിഷനിൽ ഉൾപ്പെടെ കടന്നുവന്നിട്ടുള്ളതുമാണ്. അക്കാര്യത്തിൽ നല്ലൊരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

1.00 P.M.]

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലാന്റ് ഡെവലപ്മെന്റിന് മാത്രമാണ് അവകാശമുള്ളത്. ഇന്ന് കേരളത്തിൽ വ്യാപകമായ മണ്ണെടുപ്പിന് റവന്യൂ ഡിപ്പാർട്ട്മെന്റിനും ജിയോളജി ഡിപ്പാർട്ടുമെന്റിനും മാത്രമായി അവകാശം കൊടുത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും കാഴ്ചക്കാരായി നിൽക്കുമ്പോൾ അവരുടെ മുന്നിലൂടെ ടൺ കണക്കിന് മണ്ണ്

കൊണ്ടുപോകുന്ന കാഴ്ചയുണ്ട്. മണ്ണെടുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയില്ലെങ്കിൽ നമ്മൾ എന്ത് വിഭാവന ചെയ്താലും പാരിസ്ഥിതികമായ ദുരന്തത്തിലേയ്ക്ക് അത് കേരളത്തെ കൊണ്ടുചെന്നെത്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കിണർ റീ-ചാർജ്ജിംഗിനും മഴവെള്ള സംഭരണികൾക്കും കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ മൂന്നിൽ രണ്ട് ഭാഗം റോഡുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലാണ്. എം.എൽ.എ. ഫണ്ടും ആസ്തിവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കാലതാമസം നേരിടുന്നതിന് പ്രധാനപ്പെട്ട കാരണം എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ കുറവാണ്. അത് നികത്താനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച അസിസ്റ്റന്റ് സെക്രട്ടറിമാരുടെ അധികാരം എന്താണെന്ന് ഇപ്പോഴും കൃത്യമായി നിർവ്വചിച്ചിട്ടില്ല. പുതിയ കാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് യുവജന പങ്കാളിത്തം ഉറപ്പ് വരുത്തണം. പുതിയ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മേഖലകൾ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ യുവജനപങ്കാളിത്തം കൂടി ഉറപ്പാക്കി രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ശക്തവും കാര്യക്ഷമവുമാക്കി വികസന പ്രക്രിയയെ കൂടുതൽ ത്വരിതപ്പെടുത്താൻ കഴിയണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ ജനങ്ങളോടായി ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ഭാവിതലമുറയ്ക്കുവേണ്ടി കേരളത്തെ സംരക്ഷിച്ചുനിർത്തുമെന്നായിരുന്നു അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ദീർഘകാലാടിസ്ഥാനത്തിൽ ലക്ഷ്യം കാണേണ്ട, ലക്ഷ്യബോധത്തോടുകൂടിയുള്ള പ്രഖ്യാപനമായിരുന്നു അത്. ആ ലക്ഷ്യം നടപ്പിലാക്കുകയെന്ന ദൗത്യം ശരിയാംവണ്ണം ഏറ്റെടുത്തുകൊണ്ടാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ പ്രവർത്തിക്കുന്നത് എന്നതിൽ അതിയായ സന്തോഷമുണ്ട്.

നമ്മുടെ പ്രകൃതിയും മണ്ണും ജലവുമെല്ലാം മലിനമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേരളത്തെ പുനർനിർമ്മിക്കേണ്ടതുണ്ടെന്നാണ് ഈ സർക്കാർ തീരുമാനിച്ചത്. ആ പുനർനിർമ്മിതിയിലേയ്ക്കുള്ള യാത്ര എന്ന നിലയിൽ ഒരു നവകേരളത്തെ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് നവകേരള മിഷന്റെ പ്രവർത്തനം

ആരംഭിച്ചത്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് ഒരുവർഷം പൂർത്തിയാകാറാവുന്നതേയുള്ളൂ. ശുചിത്വപൂർണ്ണമായ പ്രദേശമാക്കി കേരളത്തെ മാറ്റിയെടുക്കുക എന്നത് നവകേരള മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായിരുന്നു. ഇന്ത്യയിൽ വെളിയിട വിസർജ്ജന വിമുക്തമായ ഒരു സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നത് കേവലം ഒരു പരാമർശത്തിലൂടെ കടന്നുപോകേണ്ട കാര്യമല്ല. ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യപടി വിജയകരമായി പൂർത്തിയാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അങ്ങനെ ഓരോ കാര്യങ്ങളും പടിപടിയായി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടം ഇവിടെ ആരംഭിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ് അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത്. അതിന്റെ രജതജൂബിലി വർഷത്തിലൂടെയാണ് ഇപ്പോൾ നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ആ ഘട്ടത്തിലാണ് ജനകീയാസൂത്രണ പദ്ധതിയോടും അധികാര വികേന്ദ്രീകരണത്തോടും പ്രതിബദ്ധതയുള്ള ഒരു രാഷ്ട്രീയ മുന്നണി കേരളത്തിൽ അധികാരത്തിൽ വരാനിടയായത്. അതിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ട് രണ്ടാംഘട്ട ജനകീയാസൂത്രണപദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ലൈഫ് പോലുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിച്ചതുപോലെ, അതിന്റെ അടിസ്ഥാനഘടകമായി പ്രവർത്തിക്കേണ്ടത് ഗ്രാമസഭകൾ തന്നെയാണ്. ഇപ്പോൾ ഗ്രാമസഭകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ വസ്തുത മനസ്സിലാക്കി ഏറ്റവും ജനകീയവും അർത്ഥവത്തായതുമായ ഭരണസിരാകേന്ദ്രമായി ഗ്രാമസഭകളെ മാറ്റിയെടുക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് മുഖ്യമന്ത്രി മുതൽ എല്ലാവരുമുൾക്കൊള്ളുന്ന ആളുകൾ ഗ്രാമസഭകളിൽ പങ്കെടുക്കുക എന്ന ഒരു യജ്ഞത്തിന് തുടക്കം കുറിക്കുകയുണ്ടായി. 90 ശതമാനം സ്ഥലത്തും അത് വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന വസ്തുത ജനങ്ങളിലേയ്ക്ക് ഭരണം ഇറങ്ങിച്ചെല്ലുന്നതിന്റെ പ്രകടമായ ദൃഷ്ടാന്തമായി കാണേണ്ടതുണ്ട്. ലൈഫ് പദ്ധതിയെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. അഴിമതിമുക്തമായ ഭരണം നമ്മുടെ സംസ്ഥാനത്തിന് പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യപടി ആരംഭിക്കേണ്ടത്, ജനങ്ങൾക്ക് പരാതി പറയാനും പരാതിക്ക് പരിഹാരം കാണാനുമുള്ള സംവിധാനമുണ്ടാക്കുന്നതിലൂടെയാണ്. അതിന് ഇവിടെ തുടക്കം കുറിച്ചിരിക്കുകയാണ്. For the people എന്നത് ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ഗവൺമെന്റ് എന്നുകൂടി അർത്ഥമാക്കാൻ കഴിയുന്ന വിധത്തിൽ വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് ഇക്കാര്യം ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്. നമ്മൾ നാട്ടിൻപുറങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ നഗരങ്ങൾക്ക് ധാരാളം

വികസന നേട്ടങ്ങൾ എടുത്തുകാണിക്കാനുണ്ടെങ്കിലും നഗരങ്ങളിലും ദാരിദ്ര്യ നിർമ്മാർജ്ജനം ഇപ്പോഴും കൈവരിക്കേണ്ട ലക്ഷ്യങ്ങളിൽ ഒന്നായി അവശേഷിക്കുകയാണ്. അതിനുവേണ്ടിയാണ് നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് NULM (National Urban Livelihood Mission) പദ്ധതി സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തീരുമാനിച്ചത്. അങ്ങനെ വരുമ്പോൾ നഗരം, ഗ്രാമം എന്ന വ്യത്യാസമന്യേ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള ശക്തമായ നീക്കം നടത്തുന്നതിന്റെ ഫലമായി ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തെ പുനർനിർമ്മിക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസത്തോടും പ്രതീക്ഷയോടും കൂടിയാണ് ജനങ്ങളെല്ലാം ഈ സർക്കാരിനെ നോക്കിക്കാണുന്നത്. ആ പ്രതീക്ഷയ്ക്കനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിയുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. സംസ്ഥാനത്ത് എഴുപത്-എഴുപത്തിയഞ്ച് ശതമാനത്തിലധികം വോട്ടർമാർ ജനാധിപത്യപ്രക്രിയയിൽ പങ്കാളികളാകുന്നതിനുവേണ്ടി പോളിംഗ് ബൂത്തിലേയ്ക്ക് പോകുന്നു. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ഗ്രാമസഭകളിലേയ്ക്ക് വരുന്നവരുടെ അംഗസംഖ്യ താരതമ്യേന കുറവാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ഇപ്പോൾ ആരംഭിച്ച പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയായി മുന്നോട്ടുകൊണ്ടുപോകാനുള്ള സംരംഭങ്ങൾക്കാണ് ഗവൺമെന്റ് നേതൃത്വം നൽകേണ്ടത്.

സംസ്ഥാനത്തെ 14 നഗരസഭകളിലായി 10,600-ൽ അധികം തെരുവ് കച്ചവടക്കാരുണ്ടെന്നാണ് സർവ്വേ കണക്കാക്കിയിരിക്കുന്നത്. അവർക്ക് തിരിച്ചറിയൽ കാർഡ് നൽകണമെന്ന ആവശ്യം വളരെ ശക്തമായി ഉയർന്നു വന്നിട്ടുണ്ട്. ആ പ്രശ്നത്തിന് കഴിയുന്നത്ര അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് സഗൗരവം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ പാതകളിൽ അധികവും ഗ്രാമീണ പാതകളാണെന്ന് ഡോ. എൻ. ജയരാജ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു, ആ പാതകൾ പഞ്ചായത്തിന്റെയും നഗരസഭകളുടെയും കൈവശമാണുള്ളത്. ഇപ്പോൾ നാം പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള മുഖ്യപദ്ധതിയായ ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഫണ്ട് കണ്ടെത്തേണ്ടത് പ്ലാൻ ഫണ്ടിൽ നിന്നാണ്. അങ്ങനെ പ്ലാൻഫണ്ടിൽനിന്നും പണം കണ്ടെത്തുമ്പോൾ സ്വാഭാവികമായും മുൻകാലങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ കുറവ് വരുത്തേണ്ടിവരുമോയെന്ന ആശങ്ക ഗ്രാമപഞ്ചായത്തുകൾക്കുണ്ട്. അതുകൊണ്ടുതന്നെ പല ഗ്രാമപഞ്ചായത്തുകളും നഗരസഭകളും റോഡ്

നവീകരണവും മെയിന്റനൻസുമായി ബന്ധപ്പെട്ട ജോലികൾക്ക് പണം നീക്കി വയ്ക്കുന്നതിനുപകരം ആ പണം കൂടി ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. തത്ഫലമായി ഗ്രാമീണ റോഡുകളാകെ ഇല്ലാതാകുന്ന അവസ്ഥയിൽ എത്തിച്ചേരാനിടയുണ്ട്. 6 മീറ്ററിൽ കൂടുതൽ വീതിയുള്ളതും രണ്ടോ രണ്ടരയോ മൂന്ന് കിലോമീറ്ററോ ദൈർഘ്യമുള്ളതുമായ റോഡുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതെന്തിനാണ്? അത് പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുത്ത്, ആ റോഡുകളുടെ സംരക്ഷണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്ഥാപിക്കുകവഴി നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾക്ക് മികച്ച ഭരണസംവിധാനം കാഴ്ചവയ്ക്കുക എന്നത് സർക്കാരിന്റെ പ്രതിബദ്ധതയോടുകൂടിയ നയമാണ്. ആ നയം നടപ്പിലാക്കാനുള്ള ശ്രമങ്ങൾക്ക് എല്ലാഭാഗത്തുനിന്നുള്ള പിന്തുണയും ഉണ്ടാകും. ഗവൺമെന്റ് അത് നടപ്പിലാക്കുകതന്നെ ചെയ്യുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ രീതിയിൽ ദിശാബോധത്തോടുകൂടി മുന്നോട്ടുപോകാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ത്രിതല പഞ്ചായത്ത് സംവിധാനം ഇന്ത്യയിലൊട്ടാകെ നടപ്പാക്കാൻ തീരുമാനമെടുത്തത് ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരമാണ്. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് അക്ഷരാർത്ഥത്തിൽ അധികാരം താഴെത്തട്ടിലേയ്ക്ക് കൊടുക്കുന്ന സംവിധാനമായ ത്രീ ടയർ സിസ്റ്റം നടപ്പാക്കിയത്. ജനകീയാസൂത്രണത്തിലൂടെ പദ്ധതികളുടെ ആസൂത്രണവും ഇംപ്ലിമെന്റേഷനും താഴെത്തട്ടിലേയ്ക്ക് എത്തിക്കാനുള്ള വലിയ പരിശ്രമം നടത്തി. കേരള മോഡൽ എന്ന പേരിൽ ലോകം മുഴുവൻ ശ്രദ്ധിക്കുന്ന തരത്തിലേയ്ക്ക് ഒരു വലിയ മാറ്റം കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. എന്നാൽ പുതിയ ഒരു സംവിധാനം കൊണ്ടുവരുമ്പോൾ അതിൽ ചില പ്രശ്നങ്ങളുണ്ടാകാറുണ്ട്. അത് ചർച്ച ചെയ്തിട്ടുള്ളതുമാണ്. അതെല്ലാം പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട നിലയിൽ ജനങ്ങളിലേയ്ക്ക് അധികാരം എത്തിക്കാനും വികസന പ്രവർത്തനങ്ങളിലൂടെ താഴെത്തട്ടിലുൾപ്പെടെ മാറ്റിയെടുക്കാനുമുള്ള ശ്രമം നടക്കുന്നു. അതിന്റെ ഭാഗമായി ജനങ്ങളിലേയ്ക്ക് അധികാരവും മാറ്റങ്ങളും എത്തിക്കാൻ സമാനതകളില്ലാത്ത തരത്തിലാണ് നവകേരള സൃഷ്ടിക്കായുള്ള 4 മിഷനുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. ഭവനരഹിതർക്ക് സുരക്ഷിത പാർപ്പിടം ഉറപ്പുനൽകുന്ന 'ലൈഫ് ' പദ്ധതി, ആരോഗ്യ സംരക്ഷണ സംവിധാനം

മെച്ചപ്പെടുത്തുന്നതിനുള്ള 'ആർദ്രം' പദ്ധതി, വിദ്യാഭ്യാസം മികവുള്ളതാക്കി അടിസ്ഥാന സൗകര്യവും പഠന നിലവാരവും മെച്ചപ്പെടുത്തി എടുക്കുന്നതിന് വേണ്ടിയുള്ള 'സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' തുടങ്ങിയ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയാണ്. 'ഹരിത കേരളം' പദ്ധതിയിലൂടെ വിഷരഹിതമായ പച്ചക്കറി ഉത്പാദനവും ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്ന നിരവധി പദ്ധതികളും നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതുപോലുള്ള മാറ്റങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എന്നാൽ പത്ത്-പതിനൊന്ന് മാസംകൊണ്ട് ഒരു വലിയ റിസൾട്ടുണ്ടാക്കാൻ ഒരാൾ വിചാരിച്ചാൽ സാധിക്കില്ല. അത്രയേറെ ശ്രദ്ധേയമായാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഏറ്റവും പ്രധാനം ഗ്രാമസഭകൾ തന്നെയാണ്. ഗ്രാമസഭകൾ ഇന്ന് വെറുതേ നോക്കുകുത്തികളായി മാറുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് പറഞ്ഞു. അതിന് മാറ്റമുണ്ടാക്കാനാണ് ഈ സർക്കാർ ശ്രമിച്ചിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ടാണ് ഗ്രാമസഭകൾ കൂടിയത്. എന്തൊരു ആവേശമായിരുന്നു അത്. എം.എൽ.എ.-മാർ, എം.പി.-മാർ, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തുകൊണ്ട്, ജനങ്ങൾക്ക് വേണ്ടിയാണ് ഈ സർക്കാർ എന്ന് കാണിച്ചുകൊടുക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ ഗ്രാമസഭകൾ കൂടിയത്. അപ്പുറത്ത് ഇരിക്കുന്നവരും ഇപ്പുറത്ത് ഇരിക്കുന്നവരും എല്ലാവരും ചേർന്ന് നല്ല കാര്യങ്ങളെ ഒരു ചരടിൽ കോർത്ത മണികളെപ്പോലെ കാണണം. പ്രതിപക്ഷം രാഷ്ട്രീയമായി വിമർശിച്ചോളൂ. ജനോപകാരപ്രദമാകുന്ന ഓരോ പദ്ധതികളും നല്ല നിലയ്ക്ക് അവരവരുടെ മണ്ഡലത്തിൽ നടപ്പാക്കാൻ അപ്പുറത്ത് ഇരിക്കുന്നവർ കൂടി സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ ആണെന്നു കരുതി മാറിനിൽക്കേണ്ട കാര്യമില്ല. ഇപ്പോൾ വിദേശ മലയാളികൾ ഉൾപ്പെടെ പല മേഖലകളിലും ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായി വന്നിട്ടുണ്ട്. ലൈഫ് പദ്ധതിക്കനുകൂലമായി എന്റെ മണ്ഡലത്തിലുള്ള പുത്തൂർ റോട്ടറി ക്ലബ്ബ് ഒന്നര ഏക്കർ സ്ഥലം വാങ്ങി അവിടെ വീട് നിർമ്മിച്ച് നൽകുകയാണ്. ഒരു തൊഴിൽ യൂണിറ്റ് പ്രവർത്തിക്കുന്നതും അവിടെ വന്നാൽ കാണാൻ സാധിക്കും. അതുപോലെ സ്കൂളുകളുടെ ഡെവലപ്മെന്റിനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. ഗവൺമെന്റ് സംവിധാനത്തിലൂടെ നമുക്ക് മാത്രമായി എല്ലാം വേഗത്തിൽ ചെയ്യാൻ കഴിയുമോ? ഒരു ബ്ലോക്ക് പണിത് തരാമെന്ന് എത്ര പേരാണ് ഓഫർ ചെയ്തത്? ഇതല്ല ഈ ഗവൺമെന്റിന്റെ ലക്ഷ്യം, ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കി കേരളത്തെ ഏറ്റവും മെച്ചപ്പെട്ട നിലയിലേയ്ക്ക് എത്തിക്കുക എന്നതാണ്. ജലസ്രോതസ്സ് സംരക്ഷിക്കാൻ വേണ്ടിയും സഹായിച്ചു. ഇവിടെ മുഴുവൻ മാലിന്യ കൂമ്പാരമാകുന്നുവെന്ന് ആരോ സംസാരിക്കുന്നത് കേട്ടു. ഒ.ഡി.എഫ്. ആയി പ്രഖ്യാപിച്ചിട്ട് ഒന്നും വന്നില്ലെന്നും

പറയുകയുണ്ടായി. മനുഷ്യന്റെ മൈന്റ്സെറ്റ് മാറ്റണം. മറ്റ് രാജ്യങ്ങളിലൊക്കെ പോയാൽ വേസ്റ്റ്ബിന്നുകൾ വച്ചിരിക്കുന്നത് കാണാമല്ലോ. റോഡുകളിൽ മാലിന്യം വലിച്ചെറിയാതിരിക്കണം. വേസ്റ്റ് ബിന്നുകൾ വയ്ക്കാനുള്ള സംവിധാനം വേണം. അത് സ്പോൺസർ ചെയ്യിക്കണം. അത്തരത്തിൽ ഒരു ശീലം ആളുകൾക്കിടയിൽ ഉണ്ടാക്കണം. റോഡിൽ തുപ്പിയാൽ പെനാൽറ്റി വരും എന്ന നിയമം വന്നുകഴിഞ്ഞാൽ തീർച്ചയായും ആളുകൾ തുപ്പാൻ മടിക്കും. വേസ്റ്റ് റോഡിൽ വലിച്ചെറിഞ്ഞാൽ ഇപ്പോൾ പെനാൽറ്റി ഉണ്ട്. പ്ലാസ്റ്റിക്ക് നിരോധിച്ചിട്ടുണ്ട്. അത്തരത്തിലുള്ള വളരെയേറെ കാര്യങ്ങൾ ഈ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. എനിക്ക് അനുവദിച്ചിട്ടുള്ള സമയം തീരുന്നു.

ശ്രീ. അനിൽ അക്കര: സർ, ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. മാഡം വളരെ നന്നായി പ്രസംഗിക്കുകയാണ്. ഇവിടെ ആകെയൊരു മന്ത്രിയുള്ളത് ഉറങ്ങുകയാണ്. ഇത് ആരും കേൾക്കുന്നില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കേരളത്തിന് ഏറ്റവും ഗുണകരമാകുന്ന, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഓരോ പദ്ധതികളും ദീർഘകാലാടിസ്ഥാനത്തിൽ ലക്ഷ്യമിട്ടുകൊണ്ട് ത്രിതല പഞ്ചായത്തുകളെക്കൂടി കൂട്ടിച്ചേർത്തുകൊണ്ട് എല്ലാവരും ചേർന്ന് അവരവരുടെ മണ്ഡലത്തിൽ ചെയ്യാനുള്ള മനസ്സുണ്ടാകണം. വിവാദങ്ങൾ അതിന്റെ വഴിക്ക് പോകും. എന്നാൽ നാട് നന്നാകുക എന്നുള്ളതാണ് പ്രധാനം. സമയം നമുക്കുവേണ്ടി കാത്തുനിൽക്കില്ല. ഉള്ള സമയം പരമാവധി വിനിയോഗിച്ചുകൊണ്ട് ഓരോ പദ്ധതികളും നമ്മുടെ നാട്ടിൽ ഓരോ ഇഞ്ച് സ്ഥലത്തും നടപ്പാക്കിയെടുക്കാനുള്ള പരിശ്രമം എല്ലാവരും ചേർന്ന് നടത്തണം. ത്രിതല പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട സംവിധാനമാണ് കുടുംബശ്രീ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുടുംബശ്രീക്ക് കൊടുക്കേണ്ടിയിരുന്ന പത്തുപതിനാല് കോടി രൂപ മുഴുവൻ ജനശ്രീക്ക് കൊടുത്തു. അതൊരു രാഷ്ട്രീയ പാർട്ടിയുടെ സംഘടനയല്ലേ? എല്ലാ രാഷ്ട്രീയ കക്ഷികളും ഉള്ളതാണ് കുടുംബശ്രീ. ജനശ്രീക്ക് പണം കൊടുത്തിട്ട് എത്രയോ പേർ കടം വാങ്ങി അത് കോൺഗ്രസിന്റെ മണ്ഡലം കമ്മിറ്റിയിൽ കൊണ്ടുപോയി അടയ്ക്കുകയും പിന്നീട് ആ പണം അടയ്ക്കാതിരുന്നതിനെപ്പറ്റിയും പത്രവാർത്ത വന്നിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടുംബശ്രീയെ വളരെ ശക്തമാക്കി. നമ്മുടെ നാടിന്റെ വികസന പ്രവർത്തനത്തിനും വീടില്ലാത്തവരുടെ സർവ്വേ നടത്താനും അവർക്ക് ട്രെയിനിംഗ് കൊടുത്തുകൊണ്ട് നല്ലൊരു ഗ്രൂപ്പിനെ ഉണ്ടാക്കി കുടുംബശ്രീയെ ശക്തിപ്പെടുത്തി നാടിന്റെ നട്ടെല്ലാക്കി മാറ്റി ജനങ്ങളിലേയ്ക്ക് ഇക്കാര്യങ്ങൾ എത്തിക്കാനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത്. അതുപോലെ തന്നെയാണ് ഫോർ ദ പീപ്പിൾ പ്രോജക്ട്. തദ്ദേശഭരണ

സ്ഥാപനങ്ങളിലെ സ്വജനപക്ഷപാതവും അഴിമതിയും സേവനങ്ങളിലുള്ള കാലതാമസവും ഇല്ലാതാക്കുന്ന പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. അത് നല്ല റിസൾട്ട് ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. കുടുംബശ്രീ സംവിധാനത്തെപ്പറ്റി കുറച്ച് കാര്യങ്ങൾകൂടി പറയാനുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ ഫലവത്തായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നുണ്ട്. ആഴ്ചയിലുള്ള മീറ്റിംഗ്, വായ്പയെടുക്കൽ, അവരുടെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഒരു നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്ന പഴയ രീതി മാറ്റി ആധുനിക കാലഘട്ടത്തിനനുസൃതമായുള്ള മാറ്റങ്ങൾ വരുത്താൻ അവർക്ക് ഒരു വർഷത്തേയ്ക്ക് ഒരു വെബ്പോർട്ടൽ സൗജന്യമായി കൊടുത്തുകൊണ്ട് ശ്രേഷ്ഠാ പദ്ധതിയിലൂടെ അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ഏറ്റവും നല്ല പദ്ധതിയല്ലേ ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത്?

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിനും ഈ സർക്കാർ ഊന്നൽ നൽകുന്നു. കഴിഞ്ഞ തവണ നിങ്ങൾക്കാർക്കും സാധിച്ചില്ലല്ലോ? കുടുംബശ്രീക്ക് വിജിലന്റ് ഗ്രൂപ്പ് എന്ന പേര് നൽകി സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കാനും അയൽക്കൂട്ട പ്രദേശം സുരക്ഷിതമാക്കാനും അവകാശ സംരക്ഷണം ഉറപ്പാക്കാനും നിയമസഹായം കൊടുക്കാനും കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഇല്ലാതാക്കിയെടുക്കാനുമുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടിയുള്ള ശക്തമായ ഇടപെടലാണ് നടത്തുന്നത്. കൊട്ടാരക്കര മണ്ഡലത്തിലെ ഉമ്മന്നൂർ പഞ്ചായത്തിലെ ഗ്രൂപ്പ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾക്ക് അവിടെ വന്നാൽ കാണാൻ കഴിയും. തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ വന്നപ്പോൾ കണ്ട് മനസ്സിലാക്കിയതാണ്. അവിടെ കൗൺസിലിംഗ് സെന്റർ ഉൾപ്പെടെ പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രത്യേക ഗ്രൂപ്പ് എത്രയോ കുടുംബങ്ങൾക്ക് കൗൺസിലിംഗ് കൊടുത്ത് മാറ്റിയെടുത്തിട്ടുണ്ടെന്ന കാര്യത്തിൽ എനിക്കും സന്തോഷമുണ്ട്. കുടുംബശ്രീയുടെ കീഴിൽ തൊഴിൽ ചെയ്യുന്നതിനുള്ള ഗ്രൂപ്പുകളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തയ്യൽ യൂണിറ്റുകളാണ്. അതുകൂടി ഇതിനോടൊപ്പം പറയേണ്ട കാര്യമാണ്. ടെണ്ടർ കൊടുക്കാതെ യൂണിഫോം തയ്ക്കാനുള്ള ഓർഡർ ആ ഗ്രൂപ്പുകൾക്ക് കൊടുക്കാൻ ഈ സർക്കാർ തീരുമാനിച്ചതിലൂടെ അവരെ ഇതിലേയ്ക്ക് ആകർഷിക്കാനും നമ്മുടെ നാടിന് ഗുണകരമാക്കി മാറ്റാനും സാധിച്ചു. യൂണിഫോം സമയബന്ധിതമായി ചെയ്ത് തീർക്കാൻ അവർക്ക് കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് കൊണ്ടുവന്ന ഏറ്റവും വലിയ ഒരു പദ്ധതിയാണ് തൊഴിലുറപ്പ്. എന്നാൽ വളരെ സങ്കടത്തോടെ പറയാതിരിക്കാൻ വയ്യ, കേന്ദ്ര ഗവൺമെന്റ് അതിനെതിരെ മുഖംതിരിച്ച് നിൽക്കുകയാണ്. ഇപ്പോൾ 650 കോടി രൂപ വേതന

കുടിശ്ശികയായി കൊടുക്കാനുണ്ട്. ഇത് വൻതോതിൽ നമുക്ക് നഷ്ടം ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെന്റ് ലക്ഷ്യമിടുന്ന ഒട്ടേറെ കാര്യങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ കഴിയുന്നതാണ്. അതിനെയെല്ലാം അട്ടിമറിക്കുന്ന ഒരു സ്ഥിതിയാണ് വരുന്നത്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കോമൺ മിനിമം പ്രോഗ്രാമിൽപ്പെടുത്തി ശക്തമായ സമ്മർദ്ദം ചെലുത്തി നടപ്പിലാക്കിയ പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. അതിലെ എല്ലാ ഘടകങ്ങളും മാറ്റിമാറ്റി കൊണ്ടുപോകുന്നു. തൊഴിലുറപ്പ് പദ്ധതിക്കായി ഫണ്ട് ലഭ്യമാകാത്ത അവസ്ഥയുമുണ്ട്. കേരളത്തിന് പ്രയോജനപ്പെടുന്ന ഈ പദ്ധതിയെ നല്ല നിലയ്ക്ക് പുനരുജ്ജീവിപ്പിച്ചുകൊണ്ടുവരാൻ തക്കവണ്ണം വലിയ ഇടപെടൽ രാഷ്ട്രീയം മാറ്റിവച്ച് എല്ലാവരും ചേർന്ന് നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ബി.ജെ.പി. അംഗം ഇവിടെ ഇല്ല. അദ്ദേഹം കൂടി മുൻകൈ എടുത്ത് വിവേചനം അവസാനിപ്പിക്കണം. അതിനുവേണ്ടി തുക അനുവദിക്കാതെ ഇപ്പോൾ കുറച്ചുകൊണ്ടുവരികയാണ്. ഹരിതകേരളം മിഷൻ പരിപാടിയിലെ മഴക്കാലപൂർവ്വ ശുചീകരണം എന്ന പദ്ധതിയെ ഇത് പ്രതികൂലമായി ബാധിക്കും. ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്താവുന്ന ഒന്നാണ് തൊഴിലുറപ്പ് പദ്ധതി. ആ പ്രശ്നം അടിയന്തരമായി പരിഹരിച്ച് തുക ലഭിക്കേണ്ടതായിട്ടുണ്ട്. രാഷ്ട്രീയമായിട്ടുള്ള പ്രശ്നങ്ങൾ ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇടതുപക്ഷ സർക്കാർ വരും എല്ലാം ശരിയാകും എന്ന് പറഞ്ഞതിന്റെ ഒരു ചെറിയ ഉദാഹരണം പറയാം. തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന്റെ സൂചിക 2015-16-ൽ ചെലവ് 1,483 കോടി രൂപയായിരുന്നു. തൊഴിൽ ദിനം 7.41 കോടിയും ശരാശരി തൊഴിൽ ദിനം 49-ഉം ആയിരുന്നു. 2016-17 ആയപ്പോൾ 2,426 കോടി രൂപ ചെലവ് ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ തൊഴിൽദിനങ്ങൾ 6.81 കോടി ആക്കാനായി സാധിച്ചിട്ടുണ്ട്. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാൻ ഈ ചുരുങ്ങിയ സമയം കൊണ്ട് സാധിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ ഗ്രൂപ്പുകളെ ഉപയോഗിച്ചുകൊണ്ട് നല്ല പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഗവൺമെന്റിന്റെ പോളിസി ഒരു ചരടിൽ കോർത്ത മണികളെപ്പോലെ തദ്ദേശഭരണ സ്ഥാപനങ്ങൾ എം.പി. ഫണ്ട്, സർക്കാരിന്റെ ഫണ്ട്, കേന്ദ്രഫണ്ട് എന്നിവയെല്ലാം യോജിപ്പിച്ചുകൊണ്ട് ഒരു spatial പ്ലാനിംഗിലൂടെ എല്ലാ സ്ഥലത്തും നടപ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിന് ഒരു മാറ്റമുണ്ടാക്കാൻ സാധിക്കുമെന്ന കാര്യത്തിൽ നമുക്ക് സംശയമില്ല. ഒരു നദി പുനരുജ്ജീവിപ്പിക്കാൻ അല്ലെങ്കിൽ ഒരു കുളം വൃത്തിയാക്കാൻ പഞ്ചായത്ത് ഇത്ര തുക വയ്ക്കുകയാണ്. ഹരിതകേരളം പദ്ധതിയിൽ അത് വരുന്നുണ്ട്. തീർച്ചയായും ആ ഒരു കോ-ഓർഡിനേഷൻ വന്നുകഴിഞ്ഞാൽ വലിയ മാറ്റമുണ്ടാകും. ഓരോ പഞ്ചായത്തും എം.എൽ.എ. ചെയ്യട്ടെ എന്നല്ല

പറയേണ്ടത്. പഞ്ചായത്തുകളും ത്രിതല പഞ്ചായത്തുകളും യോജിച്ച് ആവശ്യമായ വിഹിതം വച്ചുകൊണ്ട് നല്ല ടീമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ രീതിയിൽ എല്ലാ പദ്ധതികളും ചെയ്യാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. അതിന് മുഴുവൻ പേരുടെയും പൂർണ്ണ മനസ്സോടെയുള്ള, വിവാദങ്ങൾ മാത്രം പർവ്വതീകരിച്ചുകൊണ്ടുവരാതെ, ആ വിവാദങ്ങൾ കൊണ്ട് നമുക്ക് നേട്ടമൊന്നും ഉണ്ടാകുന്നില്ല. പക്ഷേ നല്ല കാര്യങ്ങൾ ചെയ്യാൻ ഒരു മനസ്സോടെ കൈകോർത്താൽ നമുക്ക് മാറ്റമുണ്ടാക്കാൻ സാധിക്കും. തീർച്ചയായും അതിന് എല്ലാവരും മുന്നോട്ട് വരണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീമതി പി. അയിഷാ പോറ്റിയെങ്കിലും ഈ വകുപ്പിനെപ്പറ്റി ഒന്ന് സംസാരിച്ചതിൽ വളരെ സന്തോഷമുണ്ട്. ഞാൻ ഇവിടെ സംസാരമെല്ലാം കേട്ടുകൊണ്ടിരിക്കുകയാണ്. എല്ലാവരും വേറെ വിഷയങ്ങളാണ് സംസാരിക്കുന്നത്. ഞാൻ കാണുന്ന ഒരു പ്രധാനപ്പെട്ട കാര്യം ഡോ. കെ. ടി. ജലീൽ നല്ലൊരു മനുഷ്യനാണ്. അദ്ദേഹം ഒരു നല്ല പ്രസംഗത്തൊഴിലാളിയാണ്. പ്രസംഗം ഒരു തൊഴിലാണ്. അദ്ദേഹത്തിന്റെ വകുപ്പിൽ എന്തെങ്കിലും നടക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് അറിയാമോ? കേരളത്തിലെ പഞ്ചായത്തുകളിൽ എത്ര ശതമാനം പദ്ധതി വിഹിതം നടപ്പാക്കി എന്നുചോദിച്ചാൽ അദ്ദേഹത്തിന് പറയാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹം ചിരിച്ചുകളിച്ച് പ്രസംഗിച്ച് നടക്കുകയാണ്. എനിക്ക് ചിരിവരുന്നത് എന്താണെന്നുവച്ചാൽ അദ്ദേഹത്തിന് നല്ല ഒരു സെക്രട്ടറിയെ കിട്ടിയിട്ടുണ്ട്. ശ്രീ. ടി. കെ. ജോസ്, ഐ.എ.എസ്. അദ്ദേഹവും ഒരു പ്രസംഗത്തൊഴിലാളിയാണ്. ഈയടുത്തകാലത്ത് എത്രയും വേഗം ടൗൺ പ്ലാനിംഗിനെ നന്നാക്കിയെടുക്കുന്നതിന് കാര്യങ്ങൾ വിശദീകരിക്കാൻ ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടി. 10-22 ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ. അവിടെ മന്ത്രിയുമുണ്ടായിരുന്നു. അദ്ദേഹം പ്രസംഗം തുടങ്ങി. മൂന്ന് മണിക്കൂർ അദ്ദേഹം പ്രസംഗിച്ചു. പ്രസംഗിച്ചത് ടൗൺപ്ലാനിംഗ് നന്നാക്കുന്ന കാര്യമാണ്. മന്ത്രി രണ്ടര മണിക്കൂർ ഇരുന്ന് കേട്ടു. അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥർ കിടന്നുറങ്ങി. ടൗൺ പ്ലാനിംഗിന്റെ കാര്യമാണ്. അതായത് മന്ത്രിയും ചേരും, സെക്രട്ടറിയും ചേരും. പ്രസംഗം നിർത്തി പ്രവർത്തനത്തിലേയ്ക്ക് പോകണം. കേരളത്തിലെ എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനമുണ്ട്? ക്രിസ്ത്യാനിയെ അടക്കുന്നതിന് പള്ളിയുണ്ട്, മുസൽമാന് പള്ളിയുണ്ട്, അവിടെ കൊണ്ടുപോയി അടക്കാം. ലക്ഷംവീട്ടിൽ കിടക്കുന്ന പാവപ്പെട്ടവർ മരിച്ചാൽ എവിടെ അടക്കും? ഇതിനെപ്പറ്റി ഇതുവരെ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ? അവർക്കൊരു പൊതുശ്മശാനം നിർബന്ധമായും പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റിന് കഴിയില്ലേ; നിങ്ങൾ എന്തുകൊണ്ട് മിണ്ടുന്നില്ല? നിങ്ങൾ ആ ജോലി ഏറ്റെടുക്കണം.

മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച്, ഈ രാജ്യം നാറുകയല്ലേ; ഇതുപോലെ മാലിന്യം കുമിഞ്ഞുകൂടിയ കാലഘട്ടം കേരളത്തിലുണ്ടായിട്ടുണ്ടോ? എന്റെ നാട്ടിൽ മാലിന്യം വണ്ടിയിൽ കൊണ്ടുവന്ന് മലയുടെ മുകളിൽ വലിച്ചെറിയുകയാണ്. ആ വണ്ടി കത്തിക്കാൻ ഞാൻ പറഞ്ഞു. ഇന്നലെ പത്രസമ്മേളനം നടത്തി. എന്റെ നിയോജകമണ്ഡലത്തിൽ കയറുന്നത് അറവുമാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളുമാണ്. സഹിക്കാൻ കഴിയുമോ? മാലിന്യങ്ങൾ വരുന്ന ലോറി കത്തിച്ച് കളയണമെന്ന് പറഞ്ഞിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അത് ചെയ്യാൻ പോകുകയാണ്. എന്ത് ചെയ്യാൻ പറ്റും; ഗുണ്ടായിസമാണെങ്കിൽ ഗുണ്ടായിസം. ഇതുപോലെ ആശുപത്രി മാലിന്യങ്ങൾ ലോറിയിൽ കൊണ്ടുവരികയാണ്. അത് ഇറക്കിയിട്ട് രോഗം ബാധിക്കുകയാണ്. ലോറിയെ കത്തിക്കുക അല്ലാതെ എന്തുചെയ്യാൻ സാധിക്കും; നിവൃത്തിയില്ല. കേസ്സെടുക്കുന്നെങ്കിൽ കേസ്സെടുക്ക്; എനിക്ക് വിരോധമില്ല. പക്ഷേ മനുഷ്യന് നാട്ടിൽ ജീവിക്കണ്ടേ? ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടത് മാലിന്യ നിർമ്മാർജ്ജനമാണ്. അതിനൊരു പരിഹാരമെന്താണ്?

<u>മി. ചെയർമാൻ</u> : യെസ്....അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ മാലിന്യങ്ങൾ ഒറ്റവാഹനത്തിൽ മുഴുവൻ സ്വീകരിച്ച് അവിടെ വച്ചുതന്നെ സംസ്കരിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങൾ അറേബ്യൻ രാജ്യങ്ങളിൽ കാണാൻ കഴിയും. എന്തുകൊണ്ടാണ് അതുപോലെ പത്ത് വാഹനങ്ങൾ ഇവിടെ കൊണ്ടുവരാത്തത്? അങ്ങയെക്കുറിച്ച് ആർക്കും അഴിമതി പറയാനില്ല. ശ്രീ. മാത്യു ടി. തോമസ് ഒരു ടെണ്ടറുമില്ലാതെ വെള്ളം കൊണ്ടുവന്നില്ലേ; ആരെങ്കിലും പരാതിപ്പെട്ടോ; വളരെ അർജന്റായി ചെയ്യേണ്ട കാര്യങ്ങളിൽ ഒരു ടെണ്ടറുമില്ലാതെ ചെയ്താലും നമുക്കാർക്കും പരാതിയില്ല. ആരെങ്കിലും മിണ്ടിയോ; ശ്രീ. മാത്യു ടി. തോമസിനെതിരെ മിണ്ടിയാൽ അദ്ദേഹത്തോടൊപ്പംനിന്ന് യുദ്ധം ചെയ്യാൻ ഇവിടെ എം.എൽ.എ.-മാർ ഉണ്ടെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ.

അതുപോലെയാണ് പി.ഡബ്ല്യു.ഡി. മന്ത്രി. ഞാൻ അദ്ദേഹത്തെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ ആളാണെന്നാണ് പറയുന്നത്. അതുകൊണ്ടാണ് മിണ്ടാത്തത്. പി.ഡബ്ല്യു.ഡി. മന്ത്രി എത്ര തന്റേടമായി പോകുന്നുണ്ട്. ആ തന്റേടം എന്തുകൊണ്ടാണ് ഡോ. കെ. ടി. ജലീൽ കാണിക്കാത്തത്? മാലിന്യ സംസ്കരണ ത്തിനുള്ള ശക്തമായ പദ്ധതി തയ്യാറാക്കണമെന്ന് വളരെ നിർബന്ധമായും ഡോ. കെ. ടി. ജലീലിനോട് ഞാൻ പറയുന്നു. തയ്യാറാക്കണം. ഏത് ആരോപണം വന്നാലും ഒരുമിച്ചുനിന്ന് കേരളത്തിലെ ജനങ്ങൾ അതിനെ നേരിടുകയും അങ്ങയുടെ

തന്റേടത്തെ ജനങ്ങൾ അഭിനന്ദിക്കുകയും ചെയ്യും എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. അങ്ങയുടെ നിർബന്ധത്തിന് വഴങ്ങി നിവൃത്തിയില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. കെ. ബാബു: സർ, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ അടിസ്ഥാനപരമായി പങ്കുവഹിച്ച ഒരു ചരിത്ര സംഭവത്തിന്റെ അറുപതാം വാർഷികമാണ് നാം ആഘോഷിക്കുന്നത്. ആദ്യ മന്ത്രിസഭയുടെ നേർ പൈതൃകത്തിന് അർഹതപ്പെട്ട സഖാവ് പിണറായി വിജയൻ സർക്കാർ ആവിഷ്കരിക്കുന്ന ഹരിത കേരളം അടക്കമുള്ള പദ്ധതികളും വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ സുവർണ്ണകാലം തിരിച്ചുകൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങളും കേരളമാതൃക വീണ്ടും ശക്തിപ്പെടുത്തുക തന്നെ ചെയ്യും. ത്രിതല സംവിധാനങ്ങൾ ഭരണകൂടങ്ങളാകണമെങ്കിൽ കേവലം രാഷ്ട്രീയ അധികാര കൈമാറ്റം മാത്രം പോരാ. 73, 74-ാം ഭരണഘടനാ ഭേദഗതി രാഷ്ട്രീയ അധികാര വികേന്ദ്രീകരണം മാത്രമാണ് നടത്തിയത്. എന്നാൽ ആസൂത്രണ വികേന്ദ്രീകരണവും സമ്പത്തിന്റെ വികേന്ദ്രീകരണവും ഭരണപരമായ വികേന്ദ്രീകരണവും ചേർത്തുകൊണ്ടാണ് കേരളത്തിൽ 1997-ൽ സഖാവ് നായനാർ ഗവൺമെന്റ് ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. അതുകൊണ്ട് തന്നെയാണ് കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ ഭരണകൂടങ്ങളായത്. ആ ഭരണകൂടങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് കഴിഞ്ഞ ഒരു വർഷത്തിനകത്ത് വകുപ്പുകളുടെ ഏകീകരണവും പൊതു സർവ്വീസും ആരംഭിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളെ അഴിമതി വിമുക്തവും സുതാര്യവുമാക്കാൻ ഫോർ ദി പീപ്പിൾ; എസ്റ്റിമേറ്റുകൾ, ടെണ്ടറുകൾ, ബില്ലുകൾ എന്നിവ തയ്യാറാക്കി സമർപ്പിക്കാൻ പ്രൈസ് സോഫ്റ്റ്‌വെയർ; പ്രവൃത്തികൾക്ക് ഇ-ടെണ്ടർ, ജനങ്ങൾക്ക് ഇ-പേമെന്റ്, ഇന്റർനെറ്റ് മുഴുവൻ വീടുകളിലും ലോക ബാങ്ക് ഫണ്ട് ഉപയോഗപ്പെടുത്തി പഞ്ചായത്തും ഡയറക്ടറേറ്റും ജില്ലാ ആഫീസുകളും ഉൾപ്പെടെ 941 പഞ്ചായത്തുകളെ ISO നിലവാരത്തിലെത്തിക്കാൻ 6 കോടി രൂപ ചെലവഴിച്ചു. സാമ്പത്തിക വികേന്ദ്രീകരണം ഈ ഗവൺമെന്റ് നടപ്പിലാക്കുന്നു. 2016-17-ൽ 8,617 കോടി രൂപ, 2017-18-ൽ 6,227 കോടി രൂപ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് - 2,183 കോടി രൂപ, ജനറൽ പർപ്പസ് 1,337 കോടി രൂപ ഉൾപ്പെടെ 9,748 കോടി രൂപയാണ് പ്രഖ്യാപിച്ചത്. 1,771 കോടി രൂപ അധികമായി പ്രഖ്യാപിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ബാക്കിവച്ച, പിടിച്ചെടുത്തിരുന്ന 654 കോടി രൂപ ആരാണ് കൊടുക്കുക; അതുൾപ്പെടെ 25 ശതമാനത്തിലേയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് എത്തിക്കുന്നതിനുള്ള ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ റിപ്പോർട്ടിനനുസരിച്ച് പടിപടിയായി ഉയർത്തുമെന്ന്

പറഞ്ഞതിൽ ഏറെ ആശ്വസിക്കുന്നു. ഫണ്ട് ചെലവഴിക്കുന്നതിലെ സമയക്രമവും സാമ്പത്തികക്രമവും നിശ്ചയിക്കുന്നതിൽ ഈ ഗവൺമെന്റ് മുൻകൈ എടുത്തു. അതിന്റെ ഭാഗമായി സ്പിൽ ഓവർ എന്ന വളർച്ചാവസ്ഥയിൽനിന്നും 100 ശതമാനം എക്സ്പെൻഡിച്ചർ എന്ന വളർച്ചാവസ്ഥയിലേയ്ക്ക് കൊണ്ടെത്തിക്കും എന്നതിന് തർക്കമില്ല. ഭരണപരമായ വികേന്ദ്രീകരണം നടപ്പിലാക്കാനാവശ്യമായ ഉദ്യോഗസ്ഥ വിന്യാസവും ഈ വകുപ്പിനകത്ത് നടന്നു. 2664 പുതിയ തസ്തികകളും അതിലൂടെയുള്ള നിയമനത്തിനും ത്രിതല പഞ്ചായത്തിന് നേതൃത്വം കൊടുക്കുന്ന മന്ത്രി ഉൾപ്പെടെ നേതൃത്വപരമായി നിന്നുകൊണ്ട് ഇപ്പോൾ തസ്തിക സൃഷ്ടിച്ച് പോസ്റ്റിംഗ് നടത്തി. ആയമാർ മുതൽ അതിനുള്ളിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് വേതനവും വലിയ തോതിൽ വർദ്ധിപ്പിച്ചു. ത്രിതല പഞ്ചായത്തംഗങ്ങളുടെ വേതനം വർദ്ധിപ്പിച്ചത് യു.ഡി.എഫ്. ആണെന്ന് ഇവിടെ യുവകവി പറയുന്നുണ്ടായിരുന്നു. അതാണോ ശരി? വെറുതെ കടലാസ്സിനകത്ത് എഴുതിവച്ച് പോയതല്ലാതെ ഒരു നയാപൈസ വർദ്ധിപ്പിച്ചില്ല. ഈ ഗവൺമെന്റാണ് അവർക്ക് തുക വർദ്ധിപ്പിച്ചുകൊടുത്തത്. ഏകദേശം 2500 വർഷങ്ങൾക്കുമുമ്പ് ഏതൻസിലെ സിറ്റി സ്റ്റേറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ ജനങ്ങൾക്ക് മുമ്പാകെ പ്രതിജ്ഞ എടുക്കുമ്പോൾ അവിടെ പറയുന്നത് 'പൗരധർമ്മത്തിന്റെ ആക്കം കൂട്ടാൻ ഞങ്ങൾ അനവരതം യത്നിക്കുകയും അങ്ങനെ ഞങ്ങൾ ഈ പട്ടണത്തെ മുമ്പുള്ളതിനെക്കാൾ ചെറുതായിട്ടല്ല മറിച്ച് ഞങ്ങളെ ഏൽപ്പിച്ചതിനെക്കാൾ കൂടുതൽ മഹത്തരവും ഉത്കൃഷ്ടവും സുന്ദരവുമാക്കി മാറ്റുകയും ചെയ്യും' എന്നാണ് അവർ പ്രഖ്യാപിക്കുന്നത്. തന്റെ പ്രദേശത്തിന്റെ മഹത്വവും സൗന്ദര്യവും വളർത്താനുതകുന്ന പൗരബോധം തന്നെയാണ് അത്. അതുതന്നെയാണ് ശ്രീ. പിണറായി വിജയൻ സർക്കാർ പ്രഖ്യാപിച്ച നവകേരള മിഷൻ, ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾ. ചരിത്രത്തിലാദ്യമായാണ് ഒരു ഗ്രാമസഭയിലേയ്ക്ക് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ ഇറങ്ങിത്തിരിച്ചുകൊണ്ട് ജനകീയ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനത്തിന് നേതൃത്വം കൊടുത്തത്. അതുകൊണ്ടാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലം നവകേരളത്തിന് ജനകീയാസൂത്രണമെന്ന ആപ്തവാക്യം ഉയർത്തിപ്പിടിച്ച് ജനകീയാസൂത്രണ പദ്ധതിയെ തിരിച്ചു കൊണ്ടുവരുന്നത്. ഹരിതകേരളത്തിന്റെ മറ്റൊരു പ്രധാന പദ്ധതിയാണ് മാലിന്യമുക്ത കേരളം. മേഘാലയിലെ കിഴക്കൻ ഖാസി ജില്ലയിലെ മൗല്യാനോ ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമമായി ഡിസ്കവറി ഇന്ത്യ വിലയിരുത്തുന്നു. എന്തുകൊണ്ട്? സാംസ്കാരികമായും വിദ്യാഭ്യാസപരവുമായി ഉയർന്നുനിൽക്കുന്ന ഈ കേരളവും മാലിന്യമുക്തമായൊരു സംസ്കാരത്തിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് കഴിയണം. ശ്രീ. പി. സി. ജോർജ് എം.എൽ.എ. മാലിന്യമുക്തമായ പ്രവർത്തനത്തിന് എന്താണ് ഈ ഗവൺമെന്റ് ചെയ്തതെന്ന് ചോദിച്ചു? ആ സംസ്കാര യജ്ഞത്തിനാണ്

ഗ്രീൻ പ്രോട്ടോക്കോൾ, അതിന് നേതൃത്വം നൽകാൻ ഒരു ഓഫീസർ, ഗ്രീൻ ടെക്നോളജി സെന്ററുകൾ. 2017-18-ലെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം നിർബന്ധിതമായും ഈ മാലിന്യമുക്ത കേരളത്തിന്റെ പദ്ധതികൾക്ക് മാറ്റി വയ്ക്കണമെന്നാണ് പ്രഖ്യാപിച്ചത്. അങ്ങനെ വന്നാൽ 620 കോടി രൂപ മാലിന്യമുക്ത കേരളത്തെ വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കും. ആധുനിക അറവുശാലകൾക്ക് 100 കോടി രൂപ മാറ്റിവച്ചു. വൈദ്യുതി ശ്മശാനം/പൊതുശ്മശാനം എവിടെയെന്ന് ചോദിച്ചു. 100 കോടി രൂപയാണ് ഇതിലേയ്ക്ക് മാറ്റിവച്ചത്. ശുചിത്വ മിഷന് 127 കോടി രൂപയും 4 ലാന്റ് ഫില്ലറുകൾക്ക് 50 കോടി രൂപയും മാറ്റിവച്ചു. തോട്ടിപ്പണി അവസാനിപ്പിച്ചെങ്കിലും മാനുവൽ സ്കാവഞ്ചർ നിലനിൽക്കുന്ന ഈ കേരളത്തിൽ ആധുനിക യന്ത്രം ഉപയോഗപ്പെടുത്തി തോട്ടിപ്പണിക്ക് വിരുദ്ധമായുള്ള യന്ത്രവൽക്കരണത്തിന് 10 കോടി രൂപ മാറ്റിവച്ച സർക്കാരാണിത്. ഒറ്റ വർഷംകൊണ്ട് ഒ.ഡി.എഫ്. പ്രഖ്യാപനത്തിലൂടെ 2,22,178 കക്കൂസുകൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിർമ്മിച്ചുകൊടുത്തതും ഈ ഗവൺമെന്റാണ്. അതുകൊണ്ടുതന്നെ മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് 3 R- കൾ വളരെ പ്രസക്തമാകുന്നു. Reduce, Re-use, Re-cycle. ആ രീതിയിലേയ്ക്കാണ് ഇവിടെ പോകുന്നത്. LIFE എന്നത് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ പേര് മാത്രമല്ല, അന്തിയുറങ്ങാനൊരിടമില്ലാത്ത ലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ പട്ടിണിപ്പാവങ്ങളുടെ സ്വപ്ന സാക്ഷാത്കാരത്തിന്റെ പേരുകൂടിയാണ്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ ധനകാര്യം, ഭവന നിർമ്മാണം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, എസ്.സി./എസ്.ടി. വികസനം, മത്സ്യബന്ധനം മാത്രമല്ല സംസ്ഥാന ആസൂത്രണ ബോർഡിന്റെ സമ്പൂർണ്ണ ഏകോപനത്തിന്റെയും ഭാഗമായി സമ്പൂർണ്ണ പാർപ്പിട പദ്ധതി ഒരു കുടക്കീഴിൽ കൊണ്ടുവന്ന് 5 ലക്ഷത്തോളം വരുന്നയാളുകൾക്ക് വീടു കൊടുക്കുന്നു. IAY പ്രകാരം നമുക്ക് ലഭിച്ചിട്ടുള്ള വീടുകൾക്ക് 2 ലക്ഷം രൂപയാണ് അധികമായി കൊടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഭാഗമായി ഗവൺമെന്റ് കൊടുക്കേണ്ട 50,000 രൂപ പ്രകാരമുള്ള 140 കോടി രൂപയിൽ 73 കോടി രൂപ കൊടുത്തത് ഈ ഗവൺമെന്റാണ്. നഗരപ്രദേശങ്ങളിലെ മുഴുവൻ ആളുകൾക്കും വീട് കൊടുക്കാനുള്ള പദ്ധതി കുടുംബശ്രീ മുഖാന്തരം അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. അത് ഗവൺമെന്റ് അംഗീകരിച്ചു. ഇവിടെ ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി 1998-ൽ ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനത്തെ ആരാണ് തകർത്തത്? ഹസൻജി രൂപീകരിച്ച ജനശ്രീ എവിടെയാണിപ്പോൾ? 14 കോടി രൂപയോളം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ആ പ്രവർത്തനങ്ങൾക്ക് മാറ്റിവച്ചുവെന്നാണ് പറയുന്നത്. അത് അന്വേഷിക്കേണ്ടതാണ്. 2,58,035 അയൽക്കൂട്ടങ്ങളിൽനിന്ന് 2,76,768 കുടുംബശ്രീ യൂണിറ്റുകളായി

വർദ്ധിപ്പിച്ചു. 40 ലക്ഷം അംഗത്വത്തിൽനിന്ന് 50 ലക്ഷമായി വർദ്ധിപ്പിച്ചു. 200 കോടി രൂപ ആദ്യ ബഡ്ജറ്റിലും 161 കോടി രൂപ ഇപ്പോഴത്തെ ബഡ്ജറ്റിലും വകയിരുത്തിയതുൾപ്പെടെ 361 കോടി രൂപയാണ് കുടുംബശ്രീയെ മെച്ചപ്പെടുത്തുന്ന തിനുവേണ്ടി ഈ ഗവൺമെന്റ് മാറ്റിവച്ചത്. 3 വർഷമായി കുടുംബശ്രീകൾ ക്കുണ്ടായിരുന്ന എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക വച്ചിട്ടാണ് യു.ഡി.എഫ്. പോയതെങ്കിൽ അത് മുഴുവൻ തീർത്തുകൊടുത്തത് ഈ ഗവൺമെന്റാണ്. ചെയർപേഴ്സൺമാരുടെ വേതനം 4,000 രൂപയിൽ നിന്നും 6,000 രൂപയായി ഉയർത്തിയെങ്കിലും അത് കുറവായതിനാൽ വർദ്ധിപ്പിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ബഡ്സ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് എയ്ഡഡ് പദവി നൽകി. 'അഗതിരഹിത കേരളം' പദ്ധതിക്ക് തുടക്കം കുറിച്ചു. സ്ത്രീകൾ കലാ-കായിക രംഗത്ത് അരങ്ങ് തകർക്കുന്ന 19-ാം വാർഷികത്തിന്റെ 'അരങ്ങ് ' എന്ന പരിപാടി കേരളത്തിൽ ജനകീയ മുന്നേറ്റം കുറിക്കുന്നത് നാം കാണുകയാണ്. 4 ജില്ലകളിലുണ്ടായിരുന്ന 'സ്നേഹിത' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. അങ്ങനെ ഈ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അകത്ത് പറയാൻ കഴിയാത്ത അവസ്ഥയിൽ പുറത്ത് പറഞ്ഞാൽ ജനങ്ങൾ എതിർക്കും എന്നുള്ളതുകൊണ്ട് എന്തെല്ലാമാണ് ഇവിടെയിരിക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ പറയുന്നത്. അതുകൊണ്ടാണ് സഭയ്ക്കകത്ത് വിഷയ ദാരിദ്ര്യം അനുഭവിക്കുന്ന യു.ഡി.എഫ്.-ലെ ചില അംഗങ്ങൾ സി.പി.ഐ.(എം.)-ന്റെ ബ്രാഞ്ച് മുതൽ പി.ബി. വരെയുള്ള കാര്യങ്ങളെക്കുറിച്ച് പറയുന്നത്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് ഒരു ചുക്കും ചുണ്ണാമ്പും അറിയാത്തവരാണവർ. ഭൂരിപക്ഷ വർഗ്ഗീയ ഭ്രാന്തന്മാർ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ വേട്ടയാടുമ്പോൾ മതന്യൂനപക്ഷങ്ങൾ അവരുടെ കാവലാളായി കാണുന്നത് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ഇടതുപക്ഷ പ്രസ്ഥാനത്തെയുമാണെന്ന് നിങ്ങൾ മറക്കരുത്. ഇന്ത്യയിൽ ഒരു വർഗ്ഗീയ കലാപമുണ്ടായാൽ ഈ പാർട്ടിയുടെ അഖിലേന്ത്യാ യോഗം ചേരുന്നത് എവിടെയാണ്? മലപ്പുറത്ത് ബഹുമാന്യനായ പാണക്കാട് തങ്ങളുടെ കുടുംബത്തിലാണ്. 11 മണിക്ക് യോഗം ചേരും. 11.30-ന് രണ്ട് അണ്ടിപ്പരിപ്പും മൂന്ന് മുന്തിരിയും ഈന്തപ്പഴവും ഒരു ചിക്കൻ ഷവർമ്മയും ദഹിക്കാൻ മസാലയും കഴിച്ചാണ് പോകുന്നത്. ഒരു മണിയാകുമ്പോൾ പൊരിച്ച കോഴിയും മുട്ടനാടിന്റെ ബിരിയാണിയും കഴിച്ച് നല്ല ഏമ്പക്കവും വിട്ട് എല്ലാ കാര്യങ്ങളും തങ്ങളെ ഏൽപ്പിച്ചു പിരിഞ്ഞുപോകുന്ന പാർട്ടിയല്ല കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് നിങ്ങൾ മനസ്സിലാക്കണം. പൊട്ടക്കിണറ്റിൽ വീണ തവളയെക്കണക്ക് മലപ്പുറമല്ല ഇന്ത്യയെന്നും അവിടെയുള്ള മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നും നിങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഇവിടെ വിദ്യുച്ഛക്തിയെന്ന് എഴുതാൻ അറിയില്ലെന്നാണ് ഒരു മന്ത്രിയെ അധിക്ഷേപിക്കുന്നത്. അദ്ദേഹം പറഞ്ഞല്ലോ, എഴുതാൻ അറിയാം, വായിക്കാൻ

അറിയാം, കറന്റ് ഉണ്ടാക്കാനും എല്ലാ വീടുകളിലേയ്ക്കും എത്തിക്കാനും കഴിയും. ഈ അറ്റ വേനലറുതിയിൽ അണക്കെട്ടുകളിൽ ഒരു തുള്ളി വെള്ളം പോലുമില്ലാതെ വറ്റി വരണ്ടു കിടക്കുമ്പോഴും കറന്റ് കട്ടില്ലാത്ത സംസ്ഥാനമാക്കി മാറ്റിയത് മണിയാശാനാണ്. അതുപോലെ ഇന്ത്യയിൽ ആദ്യമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലും കറന്റ് എത്തിക്കുകയെന്ന ലക്ഷ്യത്തിന് ഈ ഗവൺമെന്റ് തുടക്കം കുറിച്ചു. മാത്രമല്ല, ഇന്ത്യയിൽ ആദ്യമായി മുഴുവൻ വീടുകളിലും കറന്റ് എത്തിക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിൽ നിൽക്കുന്നത്. ഈ സമ്മേളനകാലയളവിൽ യു.ഡി.എഫ്.-ന് കറുത്ത ബാനറും ഒടുവിൽ വെളുത്ത ബാനറുമായിരുന്നു. മാർപാപ്പയെ തെരഞ്ഞെടുക്കുന്ന സിനഡ് പോലെ ആലോചനയിൽ ആദ്യം കറുത്ത പുകയുയർന്നു. പിന്നീട് വെളുത്ത പുകയും. പക്ഷെ യു.ഡി.എഫ്.-നകത്ത് ഒരു പുകയുമില്ല. അത് വെറും ചാരമായി കിടക്കുന്ന അവസ്ഥയാണ്. സഭാ സമ്മേളനത്തിന്റെ തുടക്കത്തിൽ പ്രതിഷേധിച്ചിറങ്ങുമ്പോൾ ചെമ്മനം ചാക്കോയുടെ കവിതയിൽ പറഞ്ഞതുപോലെയാണ്....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. ബാബു: അവസാനിപ്പിക്കാം. ഒരു മിനിട്ട്.

"പ്രതിഷേധിച്ചേവം നിയമസഭയിലെ

പ്രതിപക്ഷ നായകനെന്നപോലെ"-എന്നാണ്. സ്വന്തം കൃഷിയിടം വെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോൾ വയ്യാതെ കിടക്കുന്ന അച്ഛന്റെ പക്കലേയ്ക്ക് വന്ന മകനോട് ഇക്കാര്യം പറഞ്ഞപ്പോൾ ഇറങ്ങിപ്പോകുന്ന മകനെ നോക്കി ചൊല്ലിയതാണിത്. കേരളത്തിലെ വികസനത്തിന്റെ കാര്യത്തിലും അരിയുടെ കാര്യത്തിലും വേനൽ വറുതിയിൽ ഉഴലുന്ന ജനങ്ങൾക്കുവേണ്ടിയും ഇതിനകത്ത് ചർച്ച ചെയ്യുമ്പോൾ പ്രതിഷേധിച്ചേവം ഇറങ്ങിപ്പോകുന്നവരെ കാണുകയാണ്. മൂന്നാറിലെ പൊമ്പിളൈ ഒരുമൈ സമരം മുതലുള്ള എല്ലാ കാര്യങ്ങളും ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഇതു മാത്രമല്ല ഇനിയുമുണ്ട് കയ്യിൽ. അത് ഞാൻ പ്രയോഗിക്കും. അകത്തും പുറത്തും സമരത്തിന്റെ കൊടുങ്കാറ്റ് വീശുമെന്നാണ് പറഞ്ഞത്. അത് കേട്ടപ്പോൾ പട്ടണപ്രവേശത്തിലെ പവനായിയെയാണ് എനിക്ക് ഓർമ്മവന്നത്. നാടൻ മലപ്പുറം കത്തിയുണ്ട്, ഗൂർഖകൾ ഉപയോഗിക്കുന്ന അമ്പും വില്ലുമുണ്ട്. അതുപോലെ ഒന്ന് സൂം ചെയ്താൽ അഞ്ച് കിലോമീറ്റർ ദൂരത്തിൽ വെടിവയ്ക്കാവുന്ന ടെലിസ്കോപ്പ് തോക്കുണ്ട്, മെഷീൻ ഗണ്ണുണ്ട്, ടൈം ബോംബുണ്ട്. ഒടുവിൽ ഒരു കെട്ടിടത്തിന്റെ മുകളിൽനിന്ന് പവനായി താഴെ വീണ് മരിച്ചുകിടക്കുമ്പോൾ തിലകൻ പറഞ്ഞു, പവനായി ശവമായിയെന്ന്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ദയവായി ചുരുക്കണം.

<u>ശ്രീ. കെ. ബാബു:</u> സർ, ഏതെല്ലാം സമരമാണ് ഇവർ ഉയർത്തിക്കൊണ്ടു വന്നത്. എല്ലാ സമരങ്ങളും പവനായിയുടെ അവസ്ഥയിലേയ്ക്കാണ് ഈ കേരളത്തിൽ മാറുന്നത്. കേരളത്തിലെ ഊർദ്ധശ്വാസം വലിച്ചുകിടക്കുന്ന കോൺഗ്രസ്സിനെയും യു.ഡി.എഫ്.-നെയും പത്ര മാധ്യമങ്ങളുടെ ജീവവായുകൊണ്ട് പുനർജ്ജീവിപ്പിക്കാൻ സാധ്യമല്ലെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. അനിൽ അക്കര:</u> സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കേരളത്തിലെ അധികാര വികേന്ദ്രീകരണം, പഞ്ചായത്ത് രാജ് പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി വച്ച് നോക്കുമ്പോൾ വളരെ ദയനീയമാണ്. ഡോബർമാൻ നായ നന്നായി ഓടും, നന്നായി കുരയ്ക്കും, നല്ല ബുദ്ധിയുള്ളവയാണ്. ആ ഡോബർമാൻ നായയുടെ അവസ്ഥയിലാണ് ഇന്ന് കേരളത്തിലെ പഞ്ചായത്ത് സ്ഥാപനങ്ങളെല്ലാം. ഈ നായകൾക്ക് നല്ല ബുദ്ധിയുണ്ടാക്കാനായി അവയുടെ ചെവി ചെത്തും, വന്ധ്യംകരണം നടത്തും, വാൽ മുറിക്കും അങ്ങനെയാണ് ആ നായ ഏറ്റവും ബുദ്ധിയുള്ളതാകുന്നത്. അതേ രീതിയിൽ കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായ പഞ്ചായത്തുകളുടെ അധികാരം മുഴുവൻ കവർന്നെടുക്കുകയാണ്. ശ്രീ. കെ. ബാബു നവകേരള മിഷനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് അങ്ങനെയൊരു മിഷനേയില്ലെന്നാണ്. നവകേരള മിഷൻ, അങ്ങനെയൊരു മിഷനുണ്ടോ? ഞാൻ കേട്ടിട്ടില്ല. മുഖ്യമന്ത്രിയും പറഞ്ഞത് അങ്ങനെ ഇനി പറയരുതെന്നാണ്. ഇവിടെയുള്ള മിഷനെന്ന് പറയുന്നത് ഹരിതമിഷൻ, ലൈഫ് തുടങ്ങിയ മിഷനുകളാണ്. നവ കേരളത്തിന് പുതിയ മിഷനുകളാണ് പ്രഖ്യാപിച്ചത്. എന്താണ് ലൈഫ് മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്? കേരളത്തിൽ നാലുലക്ഷത്തോളം ആളുകൾക്ക് വീടില്ല. എന്നാൽ എട്ട് ലക്ഷത്തോളം ആളുകൾക്ക് ഇരട്ട വീടുകളുണ്ട്. ബഹുമാന്യനായ തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞത് വായ്പയായി എടുത്ത് 25% സംഖ്യ ഓരോ വർഷവും പ്ലാൻ ഫണ്ടിൽനിന്നും മടക്കി അടയ്ക്കണമെന്നാണ്. അതുപോലെതന്നെ പലിശ സംസ്ഥാന ഗവൺമെന്റ് അടയ്ക്കുമെന്നാണ് പറഞ്ഞത്. ബഹുമാന്യനായ മന്ത്രിയോട് ഞാൻ ചോദിക്കുകയാണ് എന്നാണ് നമുക്ക് ഈ വായ്പയെടുക്കാൻ കഴിയുന്നത്? കേരളത്തിൽ ബഹുമാന്യനായ ഇ.എം.എസ്.-ന്റെ പേരിൽ ഭവന പദ്ധതി നടപ്പിലാക്കിയതല്ലേ. 2008-2009 കാലഘട്ടത്തിലാണ് ആ പദ്ധതി നടപ്പിലാക്കിയത്. അപ്പോൾ വായ്പയെടുത്തതിന് പത്ത് വർഷത്തേയ്ക്കാണ് അതിന്റെ തിരിച്ചടവ്. കേരളത്തിലെ എണ്ണൂറ്റി ചില്ല്വാനം വരുന്ന പഞ്ചായത്തുകളിൽ

എഴുന്നൂറോളം പഞ്ചായത്തുകൾ ഇന്ന് കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും വായ്പകളെടുത്ത ബാങ്കുകളാണ്. ഇതിന്റെ തിരിച്ചടവ് കാലാവധി അവസാനിക്കുന്നത് 2018-2019 സാമ്പത്തിക വർഷത്തിലാണ്. എങ്ങനെ എണ്ണായിരം കോടി രൂപ നിങ്ങൾ തിരിച്ചടയ്ക്കും? അതിനൊരു വ്യക്തമായ മറുപടി അന്ന് ചോദിച്ചപ്പോഴും പറഞ്ഞില്ല. പറയുന്നത് വായ്പയെടുക്കുമെന്ന് മാത്രമാണ്. 2018-2019 കാലഘട്ടത്തിലല്ലാതെ പഞ്ചായത്തുകളിൽനിന്നും ഇനി വായ്പയെടുക്കുവാൻ കഴിയില്ല. പണം തിരിച്ചടയ്ക്കേണ്ട അവസ്ഥയിൽ എങ്ങനെ ലൈഫ് പദ്ധതി നടപ്പിലാകും? വ്യക്തമായ മറുപടി ഇതുമായി ബന്ധപ്പെട്ട് നൽകുന്നില്ല.

ആശുപത്രികളുമായി ബന്ധപ്പെട്ട കാര്യം ചോദിക്കുമ്പോൾ 'ആർദ്രം' എന്നാണ് പറയുന്നത്. ഇവിടെ മുൻ രാജ്യസഭാ അംഗം ഡോ. റ്റി. എൻ. സീമ ഹരിത മിഷന്റെ ഡയറക്ടറായി പ്രവർത്തിക്കുകയാണ്. അവർ പറയുകയാണ് കേരളത്തിന് ഇത് ഏറ്റവും അനുഗ്രഹീതമായ വർഷമാണ്. ഒരു വീട്ടമ്മ നേരം വെളുക്കുമ്പോൾ രാവിലെ കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യാൻ പാത്രങ്ങൾ വൃത്തിയാക്കുന്നതു പോലെ ഈ വേനൽക്കാലത്ത് നമ്മുടെ കുളങ്ങളും, കിണറുകളുമെല്ലാം വൃത്തിയാക്കണം. കേരളത്തിലെ പഞ്ചായത്തുകൾ എത്ര കുളങ്ങളും കിണറുകളും വൃത്തിയാക്കിയിട്ടുണ്ട്? ഇവിടെ മറ്റ് സന്നദ്ധപ്രവർത്തകരാണ് വൃത്തിയാക്കി യിട്ടുള്ളത്. ഇവിടെ അതുമായി ബന്ധപ്പെട്ടുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിഞ്ഞില്ല. അതൊരു യാഥാർത്ഥ്യമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് നാം കടക്കുകയാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഏറ്റവും മിടുക്കനായ ഒരു പ്രവർത്തകനായി വന്നതിന്റെ ഭാഗമായാണ് ഈ നിയമസഭയിൽ എത്തിയതെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. 1997-ൽ ബഹുമാന്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയാസൂത്രണത്തിന് തിരികൊളുത്തുന്ന സമയത്ത്, തോറ്റവരും ജയിച്ചവരും തമ്മിലുള്ള സമന്വയമാണ് കേരളത്തിലെ വികസനമെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എ. കെ. ആന്റണിയേയും ഇ. കെ. നായനാരേയും സാക്ഷിനിർത്തിയാണ് അദ്ദേഹം അത് പറഞ്ഞത്. ഒമ്പതാം പദ്ധതിക്കാലം കഴിഞ്ഞ് 2002 ഫെബ്രുവരി മാസത്തിൽ തന്നെ പദ്ധതി രൂപീകരിച്ചു. 2002-ലെ പദ്ധതി 2007-ൽ അവസാനിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിയുടെ 2002-മുതൽ 2012 വരെയുള്ള പത്തുവർഷക്കാലം കേരളത്തിലെ പഞ്ചായത്തുകളുടെ സുവർണ്ണകാലഘട്ടമായിരുന്നുവെന്ന് രാഷ്ട്രീയത്തിനതീതമായി ഞാൻ പറയും. അതിനുശേഷം വന്ന കേരളത്തിന്റെ കാലഘട്ടം അത്ര സുഖകരമാണെന്ന അഭിപ്രായം എനിക്കില്ല. ഇന്നത്തെ അവസ്ഥ

യെന്താണ്? പതിമൂന്നാം പഞ്ചവത്സര പദ്ധതി നമ്മൾ ചർച്ച ചെയ്യുകയാണ്. ഈ പദ്ധതി എന്നാണ് ആരംഭിക്കുന്നതെന്ന് മന്ത്രിക്കുപോലും പറയുവാൻ കഴിയുമോ? ഇപ്പോൾ പല പഞ്ചായത്തുകളിലും ഗ്രാമസഭകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫെബ്രുവരി മാസത്തിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കി പതിമൂന്നാം പഞ്ചവത്സര പദ്ധതികൾ ആരംഭിക്കണം. നമുക്ക് അതിന് കഴിഞ്ഞില്ല. എന്തുകൊണ്ടാണ് ആരംഭിക്കുവാൻ കഴിയാതിരുന്നത്? നമ്മുടെ കഴിഞ്ഞ വർഷത്തെ പ്ലാൻ പോലും നമുക്ക് പൂർത്തിയാക്കുവാൻ സാധിച്ചില്ല. ഹരിതമിഷനുമായി ബന്ധപ്പെട്ടും വലിയ സന്തോഷത്തോടുകൂടി തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് പറയുന്നുണ്ടല്ലോ. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരു ജില്ലയിൽ ശരാശരി അമ്പത് കോടിയിൽ കൂടുതൽ പണം തൊഴിലാളികൾക്ക് കൊടുക്കണം. എന്താണ് ദേശീയ തൊഴിൽ ഉറപ്പ് നിയമത്തിൽ പറയുന്നത്? സമയത്ത് പണം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സെക്രട്ടറിയുടെ ശമ്പളത്തിൽനിന്നും പിടിക്കണമെന്നാണ് പറയുന്നത്. പക്ഷെ എന്തുകൊണ്ട് കഴിയുന്നില്ല? ബഹുമാനപ്പെട്ട കെ. സി. ജോസഫ് കേരളത്തിന്റെ ഗ്രാമവികസന മന്ത്രിയായിരുന്ന കാലഘട്ടം ദേശീയ തൊഴിലുറപ്പുപദ്ധതിക്ക് ഇതേ രീതിയിൽ പണം കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. അന്ന് പഞ്ചായത്തുകളോട് നിങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നുമെടുത്ത് പണം പ്രോജക്ട് ആഫീസർ വഴി കൊടുക്കാൻ പറഞ്ഞു. അങ്ങനെ കേരളത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കൊടുക്കാനുള്ള പണം മുഴുവനും കൊടുത്തുതീർത്തു. എന്തുകൊണ്ട് ഇപ്പോൾ കൊടുക്കാൻ പറഞ്ഞില്ല. പണം കൊടുക്കാതിരുന്നത് വളരെ ബുദ്ധിപൂർവ്വമാണ്. പണം കൊടുക്കാൻ ഇല്ലാത്തതുകൊണ്ടാണ് കൊടുക്കാൻ കഴിയാതിരുന്നത്. ഇപ്പോൾ പഞ്ചായത്തുകളിൽ മുഴുവൻ അദാലത്തുകൾ നടക്കുകയാണ്. ഇവിടെ പെൻഷനുമായി ബന്ധപ്പെട്ട് വലിയ ചന്തുറ്റത്തോടുകൂടി പറയുന്നുണ്ടല്ലോ. ഇന്ന് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും നഗരസഭകളിലും അദാലത്തുകൾ നടക്കുകയാണ്. എന്തിനുവേണ്ടിയാണ്? അവിടെ പെൻഷനുമായി ബന്ധപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടിയാണ്. എല്ലാം ശരിയായി ഞങ്ങൾ എല്ലാവർക്കും വീട്ടിൽ കൊണ്ടുപോയി പെൻഷൻ കൊടുക്കുമെന്ന് പറയുന്ന സർക്കാർ എന്തിനാണ് അദാലത്തുകൾ നടത്തുന്നത്? അവിടെ പ്രശ്നങ്ങൾ ഉള്ളതുകൊണ്ടുതന്നെയാണ്. യഥാർത്ഥത്തിൽ പെൻഷൻ കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇവിടത്തെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം റോഡുകളാണ്. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഒരു റോഡ് എങ്കിലും ഗവൺമെന്റിന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഒരു റോഡ് ഈ ഗവൺമെന്റിന്

ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ടെണ്ടർ നടപടികളിലേയ്ക്ക് പോകുമ്പോൾ എക്സസ് ഫണ്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇതിനു കാരണം. എന്തുകൊണ്ട് മന്ത്രിക്ക് ഇത് പരിഹരിക്കുവാൻ കഴിയുന്നില്ല? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എക്സസ് ഫണ്ട് കൊടുത്തുകൊണ്ട് നന്നായി പരിഹരിച്ചുവല്ലോ. ഒരു റോഡുപോലും നമുക്ക് പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് നിങ്ങളുടെ മുമ്പിലിരിക്കുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയെ കണ്ട് പഠിക്കണം എന്നാണ്. അദ്ദേഹം കേരളത്തിലെ മുഴുവൻ റോഡുകളും ടാർ ചെയ്യുകയാണ്. ആ നയം പഞ്ചായത്ത് വകുപ്പിൽ നടപ്പിലാക്കിയാൽ ഈ പ്രശ്നം തീരും, അല്ലാതെ അത് കേന്ദ്രത്തെക്കുറിച്ചും മറ്റ് ആളുകളെക്കുറിച്ചും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും തകർക്കുവാനുള്ള ശ്രമം നടക്കുകയാണ്. ഒരു സംശയവും ഇക്കാര്യത്തിൽ ഇല്ല. അതിനുവേണ്ടിയാണ് ലൈഫ് പദ്ധതിയും ആർദ്രം പദ്ധതിയും ഹരിതമിഷൻ എന്നീ പദ്ധതികളും. ഇവിടെ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തേണ്ട പദ്ധതികൾ മറ്റ് ആളുകൾക്ക് കൈമാറി. നമ്മുടെ ശരീരത്തിന്റെ ഓരോ ഭാഗങ്ങളും വെട്ടിമുറിക്കപ്പെട്ടതുപോലെ പോകുമ്പോൾ ബഹുമാന്യനായ കെ. ടി. ജലീലിന് ഇതൊന്നും അറിയില്ലെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. കാരണം അദ്ദേഹം ഒരു പഞ്ചായത്ത് മെമ്പറും ജില്ലാ പഞ്ചായത്ത് മെമ്പറുമായിരുന്ന ആളാണ്. അത് യു.ഡി.എഫ്. ഗവൺമെന്റായതുകൊണ്ടുള്ള കുഴപ്പമെങ്കിൽ അതൊക്കെ നമുക്ക് മറക്കാം. ആക്ടിൽ പറയുന്നത് പഞ്ചായത്ത് ഭരണസമിതിയെന്നാൽ പ്രതിപക്ഷമെന്ന നിലയിലല്ല, എല്ലാവരും ഭരണപക്ഷമാണ്. അതുകൊണ്ട് ഭരണപക്ഷത്തിരിക്കുന്ന ആളുകൾ മുമ്പിലിരിക്കുന്ന മന്ത്രിയെ കണ്ട് പഠിച്ചാൽ ഈ പ്രശ്നം നമുക്ക് പരിഹരിക്കാൻ കഴിയും.

ഇവിടെ കുടുംബശ്രീയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ പറയുന്നുണ്ടല്ലോ. കുടുംബശ്രീയുടെ ഏറ്റവും സുവർണ്ണകാലഘട്ടമെന്നു പറയുന്നതേതാണ്? ശ്രീമതി ശാരദാ മുരളീധരനും ശ്രീ. ടി. കെ. ജോസ് ഐ.എ.എസും ഇരുന്ന കാലഘട്ടത്തിലാണ് കുടുംബശ്രീ കേരളത്തിൽ ഏറ്റവും മികച്ച പ്രസ്ഥാനമായി മാറിയത്. അവരെയാണോ ഇപ്പോൾ നിങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത്? കേരളത്തിലെ കുടുംബശ്രീയെ തകർത്ത ആളുകളെ തദ്ദേശസ്വയംഭരണ വകുപ്പിനെ എന്തിനാണ് ഏൽപ്പിച്ചിട്ടുള്ളത്? അതുകൊണ്ട് രാഷ്ട്രീയപരമായ കാര്യങ്ങളൊന്നും പറഞ്ഞുപോകേണ്ട കാര്യമില്ല. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം ഈ വകുപ്പിനെ എങ്ങനെ രക്ഷപ്പെടുത്താമെന്നതാണ്. ബഹുമാന്യനായ മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇതിന്റെ തുടക്കമെന്ന് പറയുന്നത് മഹാത്മാഗാന്ധിയുടെ സ്വാശ്രയ പദ്ധതികളാണ്. സേവാഗ്രാമിലും

മഹാരാഷ്ട്രയിലെ വാർദ്ധയിലും അദ്ദേഹം ആരംഭിച്ച സേവാഗ്രാം പ്രോജക്ടാണ്. ആ പ്രോജക്ട് കണ്ടാണ് ബഹുമാന്യനായ രാജീവ് ഗാന്ധി ബോംബെയിലെ എ.ഐ.സി.സി. സമ്മേളനത്തിൽ പഞ്ചായത്ത് രാജ് എന്ന സങ്കൽപ്പം കൊണ്ടുവന്നത്. അതിനുശേഷമാണ് പാർലമെന്റിൽ ആ നിയമം പാസ്സാക്കിയത്. അന്ന് എതിർത്ത് തോൽപ്പിക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ അവരുടേതാക്കി മാറ്റാൻ ശ്രമിക്കുന്നത്. 1997-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണം നല്ല രീതിയിൽ കൊണ്ടുവന്നു. അതുകൊണ്ടുതന്നെ ഏറ്റവും നല്ല അധികാര വികേന്ദ്രീകരണമായി മാറാൻ നമുക്ക് കഴിയണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ വരികയാണ്. രണ്ടു മൂന്ന് സംസ്ഥാനങ്ങളുടെ ചുമതലയുള്ള പാർട്ടി ഭാരവാഹിയാണ് ഞാൻ. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ആളുകൾ ഇങ്ങോട്ട് പഠിക്കുവാൻവേണ്ടി വരികയാണ്. ഇവിടെ നിന്നും പഠിച്ചുപോകുന്ന ആളുകൾ അവിടെ നല്ലപോലെ നടപ്പാക്കുമ്പോൾ അവിടത്തെ മോശം രീതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ വിശ്രമമില്ലാതെ ശ്രമിക്കുകയാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങളുണ്ട് ഞാൻ അതിലേക്കൊന്നും കടന്നുപോകുന്നില്ല. പഞ്ചായത്തുകളിൽ ദിവസവേതനക്കാരെയാണ് ഡ്രൈവർ മാരായി നിയമിച്ചിട്ടുള്ളത്. പി.എസ്.സി-യിൽ നിരവധിയാളുകൾ ഡ്രൈവർമാരുടെ ഒഴിവുകളിലേയ്ക്ക് കാത്ത് നിൽക്കുകയാണ്. നമുക്ക് എന്തുകൊണ്ട് കൊടുക്കാൻ കഴിയുന്നില്ല, അങ്ങനെ നിരവധി പ്രശ്നങ്ങൾ നിൽക്കുമ്പോൾ പഞ്ചായത്തുകളെ അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും നല്ല മാതൃകയാക്കാൻ നമുക്ക് കഴിയണം. ശ്രീ. നരേന്ദ്ര മോദിയുടെ മോഡലാണ് ഇവിടെ നടപ്പിലാക്കുന്നത്. ഇന്ത്യയിൽ ശ്രീ. നരേന്ദ്രമോദി പഞ്ചായത്തുകളെ തകർക്കുവാൻ ശ്രമിക്കുകയാണ്. സംസ്ഥാനത്തെ എം.പി.മാർ ഓരോ ഗ്രാമങ്ങൾ ദത്തെടുത്ത് മോദിക്ക് പഠിക്കാൻ ശ്രമിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നമ്മളെല്ലാം ഓരോ ഭാഗം വച്ച് കൊടുക്കുകയാണ്. ഈ ഗവൺമെന്റിന് ആത്മാർത്ഥത യുണ്ടെങ്കിൽ പതിനൊന്നുമാസക്കാലം കൊണ്ട് ഒരു വീടെങ്കിലും പഞ്ചായത്തിൽ നിന്നും കൊടുക്കാൻ കഴിഞ്ഞോ എന്ന ചോദ്യം ഞാൻ ഉന്നയിക്കുകയാണ്. ലൈഫ് പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് എത്ര രൂപ വിലയിരുത്തും എന്ന് കാണിക്കുവാൻ ഈ ഗവൺമെന്റിന് കഴിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റ് അധികാര വികേന്ദ്രീകരണം തച്ചുടയ്ക്കാൻ ശ്രമിക്കുന്നു എന്നത് ആരോപണമായിത്തന്നെ ഒരിക്കൽക്കൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. ധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ അൽപ്പം മുമ്പ് ശ്രീ. പി. സി. ജോർജ് സംസാരിച്ചപ്പോൾ ഡോ. കെ. ടി. ജലീലിന്

പ്രസംഗം മാത്രമേയുള്ളൂ എന്നാണ് അദ്ദേഹം പരാമർശിച്ചത്. പ്രസംഗം നല്ലൊരു കലയാണെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയുവാനുള്ളത്. വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ നന്നായി പ്രസംഗിക്കും, അതിനോടൊപ്പം നന്നായി പ്രവർത്തിക്കുകകൂടി ചെയ്യുന്ന മന്ത്രിയാണെന്നാണ് അദ്ദേഹത്തോട് പറയുവാനുള്ളത്. ഈ സഭയിലെ ഞങ്ങളുടെ പ്രിയപ്പെട്ട എൽ.ഡി.എഫ്.ന്റെ സഖാക്കൾ ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. എം. സ്വരാജും ശ്രീ. കെ. രാജനുമെല്ലാം നന്നായി പ്രസംഗിക്കുന്നവരാണ്. ഒപ്പം അവരെല്ലാം നന്നായി പ്രവർത്തിക്കുന്നവർ കൂടിയാണെന്ന് ശ്രീ. പി. സി. ജോർജ് എന്ന സഹപ്രവർത്തകൻ മനസ്സിലാക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഈ ചർച്ചയിൽ പങ്കെടുത്ത് മത്തായിയുടെ സുവിശേഷം 3 മുതൽ 11 വരെയുള്ള വാക്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ചില പരാമർശങ്ങൾ നടത്തി. എൽ.ഡി.എഫ്. വിത്ത് വിതയ്ക്കും. വളവും വെള്ളവും നന്നായി ചേർക്കും. നന്നായി വളർത്തും. ഒപ്പം ഞങ്ങൾ തന്നെ അത് കൊയ്യും എന്നാണ് ശ്രീ. എൽദോസ് കുന്നപ്പിള്ളിയോട് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയുവാനുള്ളത്.

കഴിഞ്ഞ 11 മാസക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിവിധ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിച്ചു എന്നത് രാഷ്ട്രീയമൊന്നും നോക്കാതെ നിഷ്പക്ഷമായി ചിന്തിക്കുന്ന കേരളത്തിലെ മുഴുവൻ ജനതയും ഇന്ന് ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്ന സംഗതികളിലൊന്നാണ്. ശുദ്ധീകരിച്ച വകുപ്പായി തദ്ദേശ സ്വയംഭരണ വകുപ്പിനെ മാറ്റാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. ചങ്കുറപ്പോടെ കാര്യക്ഷമമായി പ്രവർത്തിച്ച് നട്ടെല്ല് നിവർത്തി ആവേശപൂർവ്വം ഈ വകുപ്പിനെ മുന്നോട്ട് നയിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന ഉരുക്ക് മനുഷ്യനാണ് ഡോ. കെ. ടി. ജലീൽ എന്നാണ് എന്റെ അഭിപ്രായം. വളരെ ശ്രദ്ധയോടുകൂടി ഈ വകുപ്പിനെ കൈകാര്യം ചെയ്യുകയാണ്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇവിടെ ചെയ്തതെന്താണ്? ഒരു വകുപ്പിനെ അവർ മൂന്നായി വിഭജിച്ചു. ഡോ. എം. കെ. മുനീറിന് ഒരു ഭാഗം, ശ്രീ. കെ. സി. ജോസഫിന് മറ്റൊരു ഭാഗം, ശ്രീ. മഞ്ഞളാംകുഴി അലിക്ക് മറ്റൊരു ഭാഗം. വകുപ്പിന് ഒരുപാട് ചുമതലകളുണ്ട് എന്നുനിശ്ചയിച്ച് നിങ്ങൾ വിഭജിച്ചപ്പോൾ യഥാർത്ഥത്തിൽ നിങ്ങളുടെ മുഖം തിരിച്ചറിയാം. നിങ്ങൾ നടപ്പാക്കിയ കാര്യങ്ങളിൽ എടുത്തു പറയാവുന്നത്, സേവാഗ്രാം എന്നുപറയുന്ന ബോർഡ് വച്ചതാണ്. കേരളത്തിൽ ഗ്രാമസഭകൾ ചേർന്ന് അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുവാൻ ജനങ്ങൾക്ക് കൂടുതൽ സേവനം നൽകുമെന്ന് പ്രഖ്യാപിച്ച് നിങ്ങൾ കേരളത്തിന്റെ ഓരോ വാർഡ് കേന്ദ്രങ്ങളിലും സേവാഗ്രാം

ആരംഭിച്ചു. ഗാന്ധിജിയുടെ തല ഉപയോഗപ്പെടുത്തി. എവിടെയാണ് സേവാഗ്രാമിന്റെ പ്രവർത്തനം കേരളത്തിൽ നടന്നത്. യഥാർത്ഥത്തിൽ സേവാഗ്രാം സമ്പൂർണ്ണ പരാജയമായ പദ്ധതിയായിരുന്നു. നമ്മുടെ നാട്ടിൽ സേവാഗ്രാമിന് ഓഫീസ് തുടങ്ങുമെന്ന് പറഞ്ഞവർ പി.എച്ച്.സി., അംഗൻവാടി, എൽ.പി. സ്കൂളുകൾ എന്നിവയുടെ മുമ്പിൽ സേവാഗ്രാമിന്റെ ബോർഡ് സ്ഥാപിച്ചു. നിങ്ങൾ മൂന്നുപേരും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾക്ക് അതിനപ്പുറത്ത് എന്തെങ്കിലും നേട്ടം കൈവരിച്ചു എന്നുപറയാൻ കഴിയില്ല.

അഴിമതിക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്ന ഒരു സർക്കാരാണിത്. ഡോ. കെ. ടി. ജലീൽ ഇക്കഴിഞ്ഞ ഫെബ്രുവരി മാസം 2-ാം തീയതി മുതൽ ആരംഭിച്ച 'ഫോർ ദി പീപ്പിൾ' നിങ്ങളെല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. ഒരു പക്ഷേ ചെറുതായി തോന്നിയേക്കും. അഴിമതി മുക്തമായ ഒരു ഭരണമാണ് കേരളം ആഗ്രഹിക്കുന്നത്. പതിനായിരക്കണക്കിന് മനുഷ്യർ ദൈനംദിനം വിവിധ ആവശ്യങ്ങൾക്ക് കടന്നുചെല്ലുന്ന ഇടമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. അവിടെ അഴിമതി മുക്തവും കൈക്കൂലി മുക്തവുമായ ഇടമാകണമെന്ന് ആഗ്രഹിച്ചതിന്റെയും തീരുമാനിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ഈ കഴിഞ്ഞ ഫെബ്രുവരി മാസം 2 മുതൽ 'ഫോർ ദി പീപ്പിൾ' ആരംഭിച്ചത്. ജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും അഭിപ്രായങ്ങൾ ആരായാനും പരാതിയുണ്ടായാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാനും കഴിയുന്ന നിലയ്ക്കുള്ള സംവിധാനമാണത്. 2004 ഫെബ്രുവരി മാസം 20-നാണ് 'ഫോർ ദി പീപ്പിൾ' എന്ന സിനിമ പുറത്തിറങ്ങിയത്. ആ സിനിമ കാണാത്ത യു.ഡി.എഫ്.കാർ ഉണ്ടെങ്കിൽ ഒന്ന് കാണണം. ഫോർ ദി പീപ്പിൾ എന്ന സിനിമയിൽ അഴിമതിക്കും കൈക്കൂലിക്കും എതിരായി 4 എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അവർ തന്നെ ഒരു വെബ്സൈറ്റ് ഓപ്പൺ ചെയ്ത് പരാതികൾ സ്വീകരിക്കുകയും ആ പരാതിയുടെ അടിസ്ഥാനത്തിൽ അഴിമതിക്കാരെ, ആരോഗ്യ മേഖലയിലായാലും മറ്റ് വകുപ്പുകളിലായാലും എവിടെ അഴിമതി നടന്നാലും ആ അഴിമതിയുടെ വിവരങ്ങൾ ലഭ്യമായാൽ അതിന് അനുസൃതമായ നടപടി സ്വീകരിക്കുന്ന, പ്രതികരിക്കുന്ന നാല് യുവാക്കളുടെ കഥ പറയുന്ന സിനിമയാണ് 'ഫോർ ദി പീപ്പിൾ'. ശ്രീ. ജയരാജാണ് ആ സിനിമ സംവിധാനം ചെയ്തത്. അതിൽ ഭരത് എന്ന നടൻ വിവേക് എന്ന കഥാപാത്രമായി അഭിനയിച്ചു. അരവിന്ദ്, ഈശ്വർ അയ്യർ, ഷെഫീഖ് എന്നിവർ അഴിമതിക്കെതിരായ പ്രതീകങ്ങളായി മാറിയ കഥാപാത്രങ്ങളായിരുന്നു. ആ വിവേകിന്റെ കഥാപാത്രത്തോടാണ് ഡോ. കെ. ടി. ജലീലിനെ ഞാൻ ചേർത്ത് വയ്ക്കുന്നത്. അഴിമതിക്കെതിരായ പ്രതികരണങ്ങൾ നടത്തുക എന്നതാണ് ഈ സർക്കാരിന്റെ നയം. അഴിമതി തുടച്ചുനീക്കുന്നതിനായി ഈ വകുപ്പ് ഫലപ്രദമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ഇക്കഴിഞ്ഞ 11 മാസത്തിനിടയിൽ നിരവധി ജനങ്ങൾക്ക് സ്വീകാര്യമായ 'ലൈഫ് പദ്ധതി'. എം.എൻ. ഗോവിന്ദൻ നായർ, ഇ.എം.എസ്. എന്നീ രണ്ട് നാമധേയങ്ങളെ വിസ്മരിക്കാൻ മലയാളികൾക്കാവില്ല. ഈ രണ്ടു പേരുടെയും നാമധേയത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാർ ശ്രീ. അനിൽ അക്കര ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്ത് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചു. ആ പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ചതിന്റെ ഫലമായി പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെയെല്ലാം പരിധിയിൽ വ്യാപകമായി ഭവന നിർമ്മാണത്തിന് അക്കാലത്ത് 75,000 രൂപ കൊടുത്തു എന്നത് ഓർക്കണം. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണം അവസാനിച്ചതിനെ തുടർന്ന് യു.ഡി.എഫ്. അധികാരത്തിൽ വന്നുവെങ്കിലും കഴിഞ്ഞ 5 വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടി എത്ര ആളുകൾക്ക് വീട് കൊടുത്തു? കേരളത്തിൽ ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകാനും വീടില്ലാത്തവർക്ക് പരിപൂർണ്ണമായി വീട് കൊടുക്കുന്ന പദ്ധതി 2021-ഓടുകൂടി കേരളത്തിന്റെ മണ്ണിൽ പരിപൂർണ്ണമായി നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള സർക്കാരാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള ഏറ്റവും സുശക്തമായ പ്രവർത്തനവുമായി കേരളത്തിലെ സർക്കാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി നഗരസഭാ പ്രദേശങ്ങളിൽ 2016-17 സാമ്പത്തിക വർഷം പിന്നിടുമ്പോഴും 2017-18 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 29,000 വീട് നിർമ്മിച്ചു നൽകുവാൻ കേന്ദ്രത്തിന്റെ സഹായവും കേരള സർക്കാരിന്റെ വിഹിതവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ ഇന്ന് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. നാലായിരം വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു സംശയവും വേണ്ട 2018 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ കേരളത്തിൽ നഗരസഭാ പ്രദേശങ്ങളിൽ ഈ പറഞ്ഞതുപോലെ 29,000 വീടുകളുടെ നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്ന സംവിധാനത്തിലേയ്ക്ക് പോകും.

കുടുംബശ്രീ എന്ന സംവിധാനം അടുക്കളയുടെ നാല് ചുമരുകൾക്ക് അകത്തുനിന്ന് സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന മഹത്തായ പ്രസ്ഥാനമാണ്. കുടുംബശ്രീയുടെ രണ്ട് പതിറ്റാണ്ട് കാലത്തെ പ്രവർത്തനങ്ങൾ ഒന്നൊന്നായി മറിച്ചുനോക്കിയാൽ അക്കാര്യം നമുക്ക് ബോധ്യമാകും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്ത് കുടുംബശ്രീയെ തകർക്കുക എന്ന ഗൂഢാലോചനയും ആ നിലയ്ക്കുള്ള നീക്കങ്ങളും നടത്തിയപ്പോൾ യഥാർത്ഥത്തിൽ

കുടുംബശ്രീ സംവിധാനം ബലപ്പെടുകയാണ് ചെയ്തത്. അത് സ്വയം കുടുംബശ്രീ അംഗങ്ങൾ പരിശ്രമിച്ചതുകൊണ്ടാണ്. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരിക്കൽ സഭയിൽ പറഞ്ഞു, ഏറ്റവും വിശ്വാസപൂർവ്വം ഏതൊരു ജോലിയും ഏൽപ്പിക്കാൻ കഴിയുന്നത് കുടുംബശ്രീ സംവിധാനത്തെയാണ് എന്ന്. കേരളത്തിലെ പതിനായിരക്കണക്കിന് സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, അവർക്ക് വിവിധ കൃഷി മേഖലകളിലേയ്ക്ക് ഇറങ്ങിത്തിരിക്കുന്നതിന് ഉൾപ്പെടെ ഒട്ടേറെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുമെന്ന് ബഡ്ജറ്റിൽ ഉൾപ്പെടെ പ്രഖ്യാപിക്കുകയുണ്ടായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കാർഷിക മേഖലയിലും ക്ഷീര മേഖലയിലുമെല്ലാം ജോലി ചെയ്യുന്നവരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഒരു നിർദ്ദേശമായി പറയുവാനുള്ളത്. നമ്മുടെ നാട്ടിൽ കരിങ്കൽ ക്വാറികളും ക്രഷർ യൂണിറ്റുകളും നടത്തുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. പക്ഷേ 7,000 രൂപ മുതൽ 8,000 രൂപ വരെ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന എന്നതിന് അപ്പുറത്ത് ഗ്രാമപഞ്ചായത്തുകൾക്ക് തനതായി ഈ മേഖലകളിൽനിന്ന് വരുമാനം കണ്ടെത്താൻ വേണ്ടിയുള്ള ഇടപെടൽ ബന്ധപ്പെട്ട വകുപ്പ് നടത്തണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കെട്ടിടങ്ങൾക്ക് അതിന്റെ സ്ക്വയർ ഫീറ്റ് അടിസ്ഥാനപ്പെടുത്തി തുക നിശ്ചയിച്ചിട്ടുണ്ട്. പക്ഷേ പുതിയ കെട്ടിടങ്ങളേക്കാൾ പഴയ കെട്ടിടങ്ങൾ ഉള്ളവർക്ക് കൂടുതൽ ലാഭം ലഭ്യമാകുന്ന എന്നുള്ള ആക്ഷേപം ഉയരുന്നുണ്ട്. അതുകൊണ്ട് ഹൈവേയുടെ ഓരത്തിൽ നിർമ്മിക്കുന്ന കെട്ടിടമാണെങ്കിലും എം.സി. റോഡിന്റെ മുന്നിലുള്ള കെട്ടിടമാണെങ്കിലും ഗ്രാമീണ റോഡുകളുടെയോ ജില്ലാ റോഡുകളുടെയോ ആണെങ്കിലും പണിയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി നിശ്ചയിക്കുന്നതിൽ കുറേക്കൂടി ശ്രദ്ധാപൂർവ്വമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മാലിന്യ സംസ്കരണത്തിന് കേരളം മാതൃകയാകേണ്ടതുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുമ്പോഴും സിങ്കപ്പൂർ പോലുള്ള രാജ്യങ്ങളിൽ നടപ്പാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾ കേരളത്തിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ കൊണ്ടുവരാൻ സർക്കാർ മുൻകയ്യെടുക്കുകയും വിദേശ രാജ്യങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാന്റുകളും അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലേയ്ക്ക് പോകേണ്ടതുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളുടെ നിലവിലുള്ള പരിമിതമായ അധികാരങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അംഗങ്ങൾക്കാണെങ്കിലും അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കാണെങ്കിലും അധികം ജോലിയില്ല. അവർക്ക് ജോലി കൊടുക്കാൻ കഴിയുന്ന, ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുറച്ചുകൂടി അധികാരങ്ങൾ കൊടുക്കുന്ന നിലയ്ക്കുള്ള ഇടപെടലുകൾ ഉണ്ടാകണം. ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകളിൽ ജീവനക്കാരുടെ ഷോർട്ടേജ് എല്ലായിടത്തുമുണ്ട്. അത് പരിഹരിക്കാൻ സർക്കാർ ഇടപെടണം. ജനപ്രതിനിധികളായി പിരിഞ്ഞുപോയവർ, പഞ്ചായത്ത് മെമ്പർമാർ, നഗരസഭാ കൗൺസിലർമാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം ദീർഘകാലമായിട്ടുള്ള ഒരു ആവശ്യമെന്ന നിലയിൽ സർക്കാർ സജീവമായി പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

2.00 P.M.]

ശ്രീ. കെ. ആൻസലൻ: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ചും അതിന്റെ ഭരണത്തെ സംബന്ധിച്ചും മന്ത്രിയെ സംബന്ധിച്ചും തെറ്റായ ചില വ്യാഖ്യാനങ്ങളും ആരോപണങ്ങളും രാഷ്ട്രീയപ്രേരിതമായി നടത്തുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പിനെ കീറിമുറിച്ചത് എന്തിനായിരുന്നു? ലീഗിന് ശ്രീ. മഞ്ഞളാംകുഴി അലിയെന്ന അഞ്ചാമത് ഒരു മന്ത്രിയെ വേണം. അതിനുവേണ്ടി ഒരു വകുപ്പിൽ നിന്നും അടർത്തി അദ്ദേഹത്തിന് മന്ത്രി സ്ഥാനം കൊടുത്തു. അതല്ലാതെ വേറെ മെച്ചപ്പെട്ട എന്തെങ്കിലും പ്രവർത്തനം നടന്നോ? ഗ്രാമസഭകളും വാർഡ് സഭകളും അഞ്ചുപ്രാവശ്യം ചേർന്നിരുന്നു, യു.ഡി.എഫ്. വന്നു, അത് മൂന്ന് പ്രാവശ്യമാക്കി മാറ്റി. എന്തിനാണ് അങ്ങനെ മാറ്റിയത്? ഇ.എം.എസ്. പാർപ്പിട പദ്ധതി അനുസ്യൂതമായി തുടരുന്നതിനുവേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിയായിരുന്നു ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് ആരംഭിച്ചത്. അതിനെ ഇല്ലാതാക്കി മാണി സാർ പറഞ്ഞു, സാഫല്യം വഴി വീടുകൊടുക്കുമെന്ന്. എവിടെ സാഫല്യം? എത്ര ആളുകൾക്ക് വീടുകൊടുത്തു? വ്യക്തഗത ആനുകൂല്യങ്ങളുടെ അവസ്ഥ എന്തായിരുന്നു? പഞ്ചായത്ത്/നഗരഭരണത്തെ ഇല്ലാതാക്കി അഴിമതിയുടെ കൂത്തരങ്ങാക്കുകയാണ് കേരളത്തിലെ മുൻ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അതിന് ഒരുപാട് തെളിവുണ്ട്. എന്റെ മണ്ഡലത്തിലെ കാരോട് പഞ്ചായത്ത് ഇന്ന് എൽ.ഡി.എഫ്. ഭരിക്കുന്നു. അവിടെ ഒരു കുളമുണ്ട്, 10.5 ഏക്കർ വിസ്തീർണ്ണമുള്ള വെൺകുളം. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആ കുളത്തിന്റെ നവീകരണത്തിനും മറ്റുമായി ഒരു പദ്ധതി ആസൂത്രണം

ചെയ്തു. 15 ലക്ഷം രൂപവരെ വർക്ക് എടുക്കാൻ വ്യവസ്ഥയുള്ളപ്പോൾ ഒരുകോടി രൂപയുടെ വർക്കിന് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥ മേധാവികളുംകൂടി ചുമതലപ്പെടുത്തി. ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായിരുന്നു. എന്തായി അവസ്ഥ? കഴിഞ്ഞ മഴക്കാലത്ത് എല്ലാംകൂടി നിലം പൊത്തി. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ നൽകിയ പരാതി, അദ്ദേഹം കൃഷിവകുപ്പുമന്ത്രിക്ക് കൈമാറുകയും, കൃഷി വകുപ്പുമന്ത്രി വളരെ വ്യക്തമായ നിലപാട് സ്വീകരിച്ച് വിജിലൻസ് എൻക്വയറി ഏർപ്പെടുത്തുകയും ചെയ്തു. എനിക്കു തോന്നുന്നു, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി കൃഷി ഡിപ്പാർട്ടുമെന്റിലെ ഉന്നതരായ അഞ്ച് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുന്ന നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു. ഈ 10-ാം തീയതി ഇറക്കിയ ഉത്തരവാണ്. കർഷകക്ഷേമ വകുപ്പിലെ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ ശ്രീ. എം. എസ്. സജു, ദക്ഷിണമേഖല എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിട്ടുള്ള ശ്രീമതി എസ്. ജയശ്രീ, തിരുവനന്തപുരം കൃഷി അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സാം. കെ. ജയിൻ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. പി. ടി. നവീൻ, ശ്രീമതി എൽ. മഞ്ജു എന്നിവർ. ആ അഴിമതിയുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പിന്റെ ഭാഗമായ മുൻ വില്ലേജ് ഓഫീസർ, റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ, പഞ്ചായത്തിന്റെ സെക്രട്ടറിമാരായും അസിസ്റ്റന്റ് സെക്രട്ടറിമാരായും ആ കാലയളവിൽ ഡ്യൂട്ടി നിർവ്വഹിച്ചവർ, അവിടത്തെ മുൻ പഞ്ചായത്ത് പ്രസിഡന്റ്, കോൺഗ്രസ്സിന്റെ നേതാവ് തുടങ്ങി ഒട്ടനവധി ആളുകൾ നടപടിക്ക് വിധേയമാകാൻ പോകുകയാണ്. ആ റിപ്പോർട്ട് വായിക്കുമ്പോൾ രസകരമാണ്, 10000 കിലോ കമ്പി ആ കുളത്തിന്റെ നവീകരണത്തിന് ഉപയോഗപ്പെടുത്തി എന്നാണ് ഗുണഭോക്തൃ കമ്മിറ്റിയുടെ വൗച്ചറിലുള്ളത്, റിപ്പോർട്ടിലുമുണ്ട്. ഉദ്യോഗസ്ഥർ പരിശോധിക്കുമ്പോൾ 500 കിലോ കമ്പിപോലും ആ കുളത്തിനകത്ത് ഇല്ല. കോൺക്രീറ്റ് ചെയ്തിട്ടുള്ള ഭാഗം ഉദ്യോഗസ്ഥർ കൈകൊണ്ട് എടുത്ത് ഞെരടുമ്പോൾ പിണ്ണാക്ക് പൊടിയുന്നതുപോലെ പൊടിയുന്നു. ഈ കമ്പികൊണ്ടുവരുന്നതിനുവേണ്ടി ടാർസൺ ലോറിയും മറ്റ് ലോറികളും ഉപയോഗിച്ചിരുന്നു. അതിന് വൗച്ചർപ്രകാരം തുക കൊടുത്തു. ഉദ്യോഗസ്ഥർ അന്വേഷിച്ചപ്പോൾ സ്കൂട്ടറിന്റെ നമ്പരും ഓട്ടോറിക്ഷയുടെ നമ്പരും കണ്ടുപിടിക്കപ്പെട്ടു. ഇത്രയും ഭീമമായിട്ടുള്ള തീവെട്ടിക്കൊള്ള ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്നതിന് ആവശ്യമായ എല്ലാ രൂപത്തിലുമുള്ള പിന്തുണയാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ളത്. കോൺഗ്രസ്സിന്റെ ഭരണമുണ്ടോ, അവിടെ യഥേഷ്ടം മോഷണം നടത്താം. ഒന്നിനും ഓഡിറ്റില്ല, പരിശോധനയില്ല, പരാതി കിട്ടിയാൽ പരിശോധിക്കുന്ന നിലപാടില്ലാത്ത സമീപനമാണ് യു.ഡി.എഫ്.-ന്റെ തദ്ദേശസ്വയംഭരണ വകുപ്പിലെ നടപടികൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഇവിടെ മിടുക്കനായിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയാണുള്ളത്. ശ്രീ. കെ. സി. ജോസഫിനെയും ഡോ. എം. കെ. മുനീറിനേയും ശ്രീ. മഞ്ഞളാംകുഴി അലിയേയും നിങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ഏൽപ്പിച്ച് ആ വകുപ്പിനെ സുദീർഘമാക്കി. കേരളത്തിന്റെ ചരിത്രത്തിൽ നിങ്ങൾ നടപ്പാക്കിയിട്ടുള്ള കുത്തഴിഞ്ഞ, അപരിഷ്കൃതമായ നടപടികളെയെല്ലാം മാറ്റിയെടുത്തുകൊണ്ട്, കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിനെ സുതാര്യമായി ജനങ്ങൾക്ക് ഗുണകരമാകുന്ന രൂപത്തിൽ ഒട്ടനവധി നടപടികളുമായി ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ മുന്നോട്ടു കൊണ്ടുപോവുകയാണ്.

ഇവിടെ ശ്രീ. അനിൽ അക്കര സൂചിപ്പിച്ച ലൈഫ്, ആർദ്രം, ഹരിത കേരളം ഇതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കാൻ പോകുന്ന പദ്ധതികളാണ്. തദ്ദേശസ്വയംഭരണ വകുപ്പാണല്ലോ, സി.എച്ച്.സി.-യും മറ്റുമൊക്കെ മെയിന്റെയിൻ ചെയ്യുന്നത്. താലൂക്ക് ആശുപത്രിയൊക്കെ തദ്ദേശസ്വയംഭരണ വകുപ്പാണല്ലോ നോക്കുന്നത്. തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ അറിവില്ലായ്മയുടെ ഭാഗമായി യു.ഡി.എഫ്.-ന്റെ ആളുകൾ വാരിവിതറുകയാണ്. നിങ്ങൾക്ക് എന്ത് അവകാശമാണ് അഴിമതിയെക്കുറിച്ച് പറയാൻ? ബന്ധു നിയമനത്തെ സംബന്ധിച്ച് ശ്രീ. ഇ. പി. ജയരാജനെ പുറത്താക്കുന്നതിനുവേണ്ടി നിയമസഭയ്ക്കകത്ത് എന്തൊക്കെ പ്രസംഗങ്ങളായിരുന്നു. പുറത്ത് എന്തൊക്കെ വലിയ പ്രക്ഷോഭങ്ങളായിരുന്നു, അതിന്റെയൊന്നും ആവശ്യം വന്നില്ലല്ലോ? ഇവിടെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറേ ആളുകളുടെ ബന്ധുക്കളെ വിവിധ തസ്തികകളിൽ മാറ്റി സ്ഥാപിക്കുകയും നിയമിക്കുകയും ചെയ്തു. നിങ്ങൾ എന്തു നിലപാടെടുത്തു? ശ്രീ. ഉമ്മൻ ചാണ്ടിയുടെ അമ്മായിയുടെ മകൻ കുഞ്ഞ് ഇല്ലംപള്ളിയെ കേരള സഹകരണ സംഘം പരീക്ഷാ ബോർഡിന്റെ അദ്ധ്യക്ഷനായി നിയമിച്ചു, ബന്ധുവല്ലേ? ശ്രീ. കെ. എം. മാണിയുടെ മരുമകൻ, ഐ.എ.എസ്.-ൽ നിന്നും ശിക്ഷാ നടപടിക്ക് പുറത്താക്കപ്പെട്ട അദ്ദേഹത്തെ തൊഴിൽ മന്ത്രിയുടെ ഉപദേശകനായി ചീഫ് സെക്രട്ടറിയുടെ പദവിക്ക് തുല്യമായി നിയമിച്ചു, ബന്ധുവല്ലേ? *****[*] അന്തരിച്ച മുൻ സ്പീക്കറുടെ സഹധർമ്മിണി സുലേഖടീച്ചറെ സർവ്വവിജ്ഞാനകോശം ഡയറക്ടറായി നിയമിച്ചു, ബന്ധുവല്ലേ? ദേവസ്വം വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന മുൻ മന്ത്രി ശ്രീ. വി.എസ്. ശിവകുമാറിന്റെ സഹോദരനെ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചു, ബന്ധുവല്ലേ? ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന്റെ മുൻ മന്ത്രി ശ്രീ. അനൂപ് ജേക്കബ്, അദ്ദേഹത്തിന്റെ ഭാര്യയെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ്

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 2222/ ഇ.ബി/2017/ നി സെ തീയതി 16-5-2017) രേഖയിൽനിന്നും നീക്കം ചെയ്തു.

ഡയറക്ടറാക്കി നിയമിച്ചു, ബന്ധുവല്ലേ? അദ്ദേഹത്തിന്റെ സഹോദരി അമ്പിളിയെ, കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ മാർക്കറ്റിംഗ് മാനേജരായി നിയമിച്ചു, ബന്ധുവല്ലേ? മുസ്ലീംലീഗ് എം.എൽ.എ. ശ്രീ. ഉമ്മർ മാസ്റ്ററുടെ മരുമകൻ അബ്ദുൾ ജലീലിനെ ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി നിയമിച്ചു, ബന്ധുവല്ലേ? നിയമനത്തെ ചോദ്യം ചെയ്ത ഉദ്യോഗസ്ഥനെ വിരട്ടി, ശ്രീ. പി. കെ. അബ്ദുറബ്ബ് സ്വന്തം ലെറ്റർപാഡിൽ നിയമനം നടത്തി. ഇതൊക്കെ കേരളത്തിൽ നടന്നതാണ്. ഐ.ടി. @ സ്കൂളിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ച ശ്രീ. കെ. പി. നൗഫൽ മലപ്പുറത്ത് വനിതാ ലീഗ് നേതാവിന്റെ മകനാണ്. കാല്യമാറ്റക്കാരനായ നെയ്യാറ്റിൻകരയിലെ മുൻ എം.എൽ.എ.-യുടെ മകളെ വെയർഹൗസിംഗ് കോർപ്പറേഷന്റെ അസിസ്റ്റന്റ് മാനേജരായി നിയമിച്ചു. യു.ഡി.എഫ്.-ന്റെ ധാർമ്മികരോഷം എവിടെ? എവിടെയാണ് ശ്രീ. രമേശ് ചെന്നിത്തലയുടെ ധാർമ്മികരോഷം? സ്വന്തക്കാരേയും, ബന്ധുക്കളേയും പ്രധാനപ്പെട്ട പോസ്റ്റുകളിൽ തിരുകിക്കയറ്റി അഴിമതി നടത്തുന്നതിനും, തങ്ങളുടെ കാര്യങ്ങൾ നടത്തുന്നതിനും വേണ്ടി നിർബാധം നടത്തിയത് ആരെങ്കിലും ചോദ്യം ചെയ്തോ? ആർക്കെങ്കിലും ധാർമ്മികരോഷം അണപൊട്ടിയോ? കോൺഗ്രസ്സിന്റെ ഏതെങ്കിലും ആളുകൾക്ക് അത്തരത്തിൽ എന്തെങ്കിലും പ്രതികരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇവിടെ ശ്രീ. ഇ. പി. ജയരാജനെതിരെ അത്തരത്തിൽ ഒരു പരമാർശം വന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും സി.പി.ഐ.(എം)-നും സ്വയം മാതൃകയായി മണിക്കൂറുകൾക്കകം രാജിവച്ചു. മുൻമന്ത്രി ശ്രീ. കെ. ബാബു, കോടതിയുടെ പരാമർശം വന്ന് അഴിമതിക്കാരനാണെന്ന് വിധിക്കപ്പെട്ടു, ശ്രീ. ഉമ്മൻചാണ്ടി രാജിക്കത്ത് വാങ്ങി പോക്കറ്റിലിട്ട് ഒരാഴ്ച കൊണ്ടുനടന്നു. ഇവിടെ കോൺഗ്രസ്സിന്റെ ധാർമ്മികരോഷം എവിടെപ്പോയി? ഏതെങ്കിലും കോൺഗ്രസ്സുകാർ അതിനനുസൃതമായ നിലപാട് സ്വീകരിച്ചോ? ഒരാഴ്ചക്കാലം പോക്കറ്റിലിട്ട് താൽക്കാലികമായി കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി തുടരാൻ അനുവദിച്ചില്ലേ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ]

ശ്രീ. ഉമ്മൻചാണ്ടിയുടെ ഓഫീസിൽ എന്തായിരുന്നു സ്ഥിതി? ഗൺമാൻ സലിംരാജ് ഭൂമി തട്ടിപ്പ് കേസിലെ പ്രതിയായിരുന്നിട്ടും കേസെടുത്തില്ലല്ലോ? അവസാനം പെണ്ണ് പിടിക്കാൻ പോയതിന്റെ ഭാഗമായി നാട്ടുകാർ വളഞ്ഞുവച്ച് പിടിച്ച് പോലീസിൽ ഏൽപ്പിച്ചപ്പോഴാണ് ആ തസ്തികയിൽനിന്നും മാറ്റാൻ തയ്യാറായത്. എന്തായിരുന്നു കേരളത്തിൽ കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും ഭരണം? അവരാണ് ഇവിടെ വന്നിരുന്ന് ചാരിത്ര്യ പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ള കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയുമല്ലോ. യുവതിയെ വിട്ടു നടത്തിയിട്ടുള്ള ഒരു ഫോൺ സംഭാഷണം, വെറുമൊരു

സംഭാഷണമായി മാറ്റേണ്ടതിനുപകരം ചാനലുകാർ ശരിയല്ലാത്ത രൂപത്തിലുള്ള സമീപനം സ്വീകരിച്ചതിനാൽ മുൻ മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ മണിക്കൂറുകൾക്കകം രാജിവച്ചില്ലേ? രാജിക്കത്തെഴുതി മുഖ്യമന്ത്രിക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ധാർമ്മികമൂല്യം ഉയർത്തിപ്പിടിച്ചു. മുൻപ് ഇതായിരുന്നോ സ്ഥിതി? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കോൺഗ്രസിന്റെ സ്ഥിതിയെന്താണ്; ലീഗിന്റെ സ്ഥിതിയെന്താണ്? കോൺഗ്രസിനും ലീഗിനുംവേണ്ടി പ്രവർത്തിച്ചിട്ടുള്ള പാവപ്പെട്ട പ്രവർത്തകർക്ക് യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലം തലയിൽ മുണ്ടിട്ടുനടക്കേണ്ട രൂപത്തിൽ അഴിമതിയുടെ വേതാളങ്ങളായി നൃത്തമാടിയ ഭരണമായിരുന്നല്ലോ കേരളത്തിലുണ്ടായിരുന്നത്. സാധാരണ നിങ്ങൾക്ക് വോട്ടു ചെയ്തു, നിങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും പ്രവർത്തകരോട് നീതി പുലർത്തുവാൻ ആ ഭരണത്തിലെ നേതാക്കന്മാർക്ക് കഴിഞ്ഞിട്ടുണ്ടോ, ഇല്ലല്ലോ? എല്ലാവിധ കൊള്ളരുതായ്മയുടേയും കേന്ദ്രമായി കേരളത്തിലെ യു.ഡി.എഫ്.-ന്റെ ഭരണം മാറി.

ഇവിടെ സി.പി.ഐ.(എം)-നെയും ഇടതുപക്ഷത്തേയും ആക്ഷേപിക്കുകയാണ്. നിങ്ങൾ ആക്ഷേപിക്കേണ്ടതില്ല, ചരിത്രം നിങ്ങളെ പഠിപ്പിക്കും. ഇന്ത്യയിലെ ഇടതുപക്ഷത്തിന്റെ പുറകെ ഇന്ത്യയിലെ കോൺഗ്രസുകാർ അണിനിരക്കുന്ന കാലം വിദൂരമല്ല. ഇന്ത്യയിലെ കോൺഗ്രസ് തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. മണിപ്പൂരിലും ഗോവയിലും ഏറ്റവും വലിയ ഒറ്റക്കക്ഷി ആയപ്പോഴും ഭൂരിപക്ഷമുണ്ടാക്കി മന്ത്രിസഭയുണ്ടാക്കാൻ കഴിയാത്ത പാപ്പരീകരിക്കപ്പെട്ട നേതൃത്വ ഗുണമില്ലാത്തവരായി അഖിലേന്ത്യാ കോൺഗ്രസ് നേതൃത്വം അധഃപതിച്ചു. പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ നിന്നും വണ്ടി കയറി മണിപ്പൂരിലേയ്ക്ക് പോയി, അവിടെയെത്തിച്ചേർന്നപ്പോൾ ബി.ജെ.പി.-ക്കാർ കോൺഗ്രസുകാരെക്കൂടി അടിച്ചു മാറ്റിക്കൊണ്ടുപോയി ഗവൺമെന്റുണ്ടാക്കി. ഇവിടെ ശ്രീ. അനിൽ അക്കര സൂചിപ്പിക്കുകയാണ്, അദ്ദേഹത്തിന് രണ്ടുമൂന്നു സംസ്ഥാനങ്ങളിൽ കോൺഗ്രസിന്റെ ചുമതലയുണ്ടെന്നാണ്. അയ്യോ... കോൺഗ്രസിന്റെ ഗതികേടാണിത്. കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വം ഇത്രയും പാപ്പരീകരിക്കപ്പെട്ടോ? പ്രിയമുള്ളവരേ, ഇന്ത്യയിൽ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഉയർത്തുന്ന വർഗ്ഗീയ ഫാസിസം ഉയർത്തിപ്പിടിക്കുന്ന നടപടികൾക്കെതിരെയുള്ള ഉജ്ജ്വലമായ പോരാട്ടം വർഗ്ഗപരമാണ്. ആ വർഗ്ഗപരമായ പോരാട്ടം ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം ഉയർത്തിക്കൊണ്ടുവരാൻ പോവുകയാണ്. ആ പോരാട്ടത്തിന്റെ ഭാഗമായി ഇന്ത്യയിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് ഇടതുപക്ഷത്തിന് പുറകേയായി അണിനിരക്കേണ്ടിവരും. ഇത് ചരിത്രത്തിന്റെ ഭാഗമാകാൻ പോകുകയാണ്.

കോൺഗ്രസുകാർ ഇടതുപക്ഷത്തേയും സി.പി.ഐ.(എം)-നെയും ആക്ഷേപിക്കുകയാണ്. ഇവിടെ കൊലപാതകത്തെക്കുറിച്ച് ഉറഞ്ഞുതുള്ളുകയാണ്. 1987 മാർച്ച് മാസം 23-ാം തീയതി കോൺഗ്രസുകാർ ഓർത്തു നോക്കണം. ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ.-ക്ക് അറിയാമായിരിക്കും. ചീമേനി എന്ന് പറയുന്ന കയ്യൂരിന്റെ ഭാഗത്തുള്ള സ്ഥലത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പ്രവർത്തകർ ഒത്തു ചേർന്നിട്ടുള്ള സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി ആഫീസ് തീയിട്ട് അഞ്ചാളുകളെ കൂട്ടക്കൊല നടത്തിയ കൊലപാതകക്കറയുടെ പാരമ്പര്യമുള്ളവരാണ് കോൺഗ്രസുകാർ. 1994 നവംബർ 25- ാം തീയതി മറക്കേണ്ടതില്ലല്ലോ? അന്ന് കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് കൂത്തുപറമ്പിൽ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ നിഷ്ഠൂരമായ വെടിവെപ്പിൽ ഡി.വൈ.എഫ്.ഐ.-യുടെ അഞ്ച് പ്രവർത്തകരെ കൊലപ്പെടുത്തി. ആ കൊലപാതക രാഷ്ട്രീയത്തിന്റെ എല്ലാ പാപക്കറയും പുരണ്ടിട്ടുള്ളവർ ഇവിടെ ധാർമ്മികത പറഞ്ഞിട്ട് കാര്യമില്ല.

പ്രിയമുള്ളവരേ, അഞ്ചു വർഷക്കാലം കഴിയുമ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ പരിപാടികളുടെ അവസാനം കുറിക്കുമ്പോൾ ശ്രീ. എൽദോസ് കുന്നപ്പിള്ളി അടക്കമുള്ളവർ ജോത്സ്യന്റെ പ്രവചനം നടത്താൻവേണ്ടി അവിടെ തടുക്കും വച്ചിരിക്കുന്ന കാലം വിദൂരമല്ല. ആ കാലത്തിലേയ്ക്ക് കേരളം മാറുകയാണ്. ധനാഭ്യർത്ഥനകളെ പിന്തുണച്ചു കൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 288. ഇവിടെ ബഹുമാനപ്പെട്ട കെ. ആൻസലൻ എം.എൽ.എ. പ്രസംഗിച്ചപ്പോൾ ******* അത് വാസ്തവ വിരുദ്ധമാണ്, അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ****** വിജിലൻസ് അന്വേഷണത്തിലും അത് വ്യക്തമായിട്ടുള്ള കാര്യമാണ്. അവാസ്തവമായ കാര്യം രേഖയിലുണ്ടാകാൻ പാടില്ല, റൂൾ 288 അനുസരിച്ച് അങ്ങത് റൂൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: അത് കൃത്യമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭരണഘടനാ പിൻബലത്തോടുകൂടി അധികാര വികേന്ദ്രീകരണം നിലവിൽ വന്നതിനുശേഷം നാല് പഞ്ചവത്സര പദ്ധതികൾ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ 2222 ഇ.ബി 2017/നിസെ തീയതി 16-5-2017)

പൂർത്തിയായിരിക്കുകയാണ്. അഞ്ചാം പഞ്ചവത്സര പദ്ധതി നടന്നു കൊണ്ടിരിക്കുകയും പദ്ധതികൾ തുടങ്ങിയിട്ട് 22 വർഷമാകുകയും ചെയ്തു. ഇപ്പോഴും പഞ്ചായത്തുകളും പ്രാദേശിക ഭരണകൂടങ്ങളും സർക്കാരുകളും തമ്മിലുള്ള ഇന്റഗ്രേഷൻ ഇല്ലാത്തതുകൊണ്ട് തന്നെ ആ മേഖലകളിൽ ഒരു വല്ലാത്ത പോരായ്മ നിലനിൽക്കുകയാണ്. അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ ജനങ്ങളിലേക്കെത്തിക്കാൻ ഏറ്റവും പ്രയത്നിച്ച എന്നവകാശപ്പെടുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലിരിക്കുമ്പോൾ പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും അധികാരങ്ങൾ തിരിച്ചു പിടിക്കുന്ന ഒരവസ്ഥാവിശേഷം പല മേഖലകളിലും നമുക്ക് കാണാൻ സാധിക്കുന്നു. എല്ലാം സർക്കാർ പരിപാടികളാക്കി മാറ്റുന്നതും പഞ്ചായത്തുകളുടെ സാമ്പത്തിക ക്രമീകരണങ്ങളിൽ സർക്കാർ നിയന്ത്രണം വരുത്തുന്നതുമൊക്കെ ഈ കാലഘട്ടത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മദ്യശാലകൾ എവിടെയൊക്കെ അനുവദിക്കണമെന്നത് തീരുമാനിക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകൾ ക്കാണുള്ളതെന്ന് നമുക്കറിയാം. ആ അവകാശങ്ങൾ മാറ്റിയെടുക്കാനും അത് ഗവൺമെന്റിലേയ്ക്ക് തിരിച്ചുപിടിക്കാനും ആവശ്യമായ നിലപാടുകളിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടു പോകുന്നു. പഞ്ചായത്ത് വകുപ്പുകൾക്ക് നല്കിയ അധികാരങ്ങളിൽ പലതിലും ഇടപെട്ടുകൊണ്ട് ഇന്നു പ്രവർത്തനങ്ങളേ നടപ്പിലാക്കാവൂ എന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക നിയന്ത്രണത്തിന്റെ മറവിൽ പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പിനാവശ്യമായ പണം നല്കാതെ അത് പിടിച്ചുവച്ച് പഞ്ചായത്തുകളെ ഞെക്കിക്കൊല്ലുന്ന ഒരവസ്ഥാവിശേഷം ഈ ഗവൺമെന്റ് നടപ്പിലാക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ മുന്നിൽനിന്ന് പ്രവർത്തിച്ചിരുന്നു എന്ന് പറയുന്ന ഇടതുപക്ഷത്തിന്റെ അവകാശ വാദങ്ങൾ പലതും പൊളിഞ്ഞുപോവുകയാണ്. ഈ സമയത്തും തന്റേതായ ശൈലിയും പ്രവർത്തനങ്ങളും നിലപാടുകളും സ്വീകരിക്കുന്നു എന്നു പറയുന്ന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ. ശ്രീ. എ. എൻ. ഷംസീർ പ്രസംഗത്തിൽ പറഞ്ഞത്, ആ പറഞ്ഞതിനപ്പുറത്ത് താങ്കൾ ജന്മം കൊണ്ടും കർമ്മം കൊണ്ടും മുസൽമാനാണ് എന്നതു കൊണ്ടുതന്നെ, ആ ഒരു നിലപാട് പൂർത്തീകരിക്കാൻ കഴിയാതെ, താങ്കൾ ഇതിലൊക്കെ നിശ്ശബ്ദനായി നിൽക്കുന്നത് കാണുമ്പോൾ ഒരു സഹപ്രവർത്തകൻ എന്ന നിലയ്ക്ക് വല്ലാത്ത വിഷമം തോന്നുകയാണ് പ്രിയപ്പെട്ട മന്ത്രിയോട്. ഞാൻ പറഞ്ഞത് ഡോ. കെ. ടി ജലീലിന് മനസ്സിലായിട്ടുണ്ടാകും. 2015-2016-ൽ പഞ്ചായത്ത് പദ്ധതികളിൽ ക്യാരിഓവർ ആയി വരുന്ന പ്രവർത്തനങ്ങളുടെ പരിതാപകരമായ അവസ്ഥ എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ മഞ്ഞളാംകുഴി അലി നേരത്തേ സൂചിപ്പിച്ചു. 2016-2017

സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മുഴുവൻ പദ്ധതികൾക്കും മാർച്ച് മാസത്തോടുകൂടി മുഴുവൻ പണവും കൊടുക്കുമെന്ന് പറഞ്ഞിട്ടും മാർച്ചിലും ഏപ്രിലിലും മേയ് അവസാനം വരെയും സംഖ്യ കൊടുക്കാതെ, പഞ്ചായത്തുകളെ ഞെക്കിക്കൊല്ലുന്ന അവസ്ഥാവിശേഷം നിലവിലുണ്ട് എന്നത് താങ്കൾക്ക് അറിയാവുന്നതാണ്. ആ സമയത്ത് ഈ വർഷം പണം ലഭിക്കും എന്നു കരുതി സാമ്പത്തിക ക്രമീകരണം ചിട്ടപ്പെടുത്തിയിരുന്ന പഞ്ചായത്തുകളുടെ വരാനിരിക്കുന്ന വർഷങ്ങളിലേയും സാമ്പത്തിക ക്രമീകരണം മുഴുവൻ താറുമാറായിപ്പോകുന്ന അവസ്ഥാവിശേഷം ഉണ്ടാകുമെന്നതിനപ്പുറത്ത്, താങ്കൾ തന്നെ ഈ സഭയിൽവച്ച് അവകാശപ്പെട്ടിരുന്ന, ഇത്ര ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു എന്നു പറയുമ്പോൾ, അതിൽനിന്നും 30 ശതമാനം കുറയ്ക്കേണ്ടിവരുന്ന അവസ്ഥാവിശേഷം ഈ സാഹചര്യംകൊണ്ട് ഉണ്ടായിട്ടുണ്ടെന്ന് താങ്കൾ മനസ്സിലാക്കാതെ പോയതാണോ എന്നെനിക്കറിയില്ല.

പഞ്ചായത്തുകളുടേതായ പ്രവർത്തനങ്ങളിൽ ഏറ്റവും പുതിയതായി അവതരിപ്പിച്ച ഒരു പദ്ധതിയാണ് ലൈഫ് പദ്ധതി. പ്രസ്തുത പദ്ധതി അവതരിപ്പിച്ചതിനുശേഷം അതിന്റെ പ്രവർത്തനം നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതും അതിന്റെ സർവ്വേ നടത്തുന്നതും കുടുംബശ്രീയാണ്. കുടുംബശ്രീ നടത്തിയ ആ സർവ്വേയിൽ ഒരുപാട് അപാകതകൾ നിലനിൽക്കുന്നതായി ഏറെ പരാതികൾ ഇവിടെ വന്നിട്ടുണ്ട്. അത് പരിഹരിക്കാനായി പഞ്ചായത്തുകളിലേയ്ക്ക് അഫിലിയേറ്റ് ചെയ്തു കൊടുത്ത ആരോഗ്യ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും ഉദ്യോഗസ്ഥരെയും മേൽ പരിശോധനയ്ക്കായി നിയമിക്കണം. അവരെ നിയോഗിച്ചിരിക്കുന്നുവെന്ന് പറഞ്ഞശേഷം ആ വകുപ്പുകൾ അവരുടേതായ ഉദ്യോഗസ്ഥർക്ക് വിട്ടുകൊടുക്കാതെ അതിന്റെ പ്രവർത്തനം അവതാളത്തിലായി നിൽക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കുടുംബശ്രീ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നാണ് വരാനിരിക്കുന്ന പഞ്ചായത്തുകളുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് എന്നുപറയുമ്പോൾ അപാകതകളുള്ള ആ ലിസ്റ്റിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്താൽ പഞ്ചായത്തുകൾ അനുഭവിക്കാൻ പോകുന്ന വലിയ പ്രയാസം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. ലൈഫ് പദ്ധതിക്ക് 25 ശതമാനം പഞ്ചായത്തുകളുടെ വിഹിതമെടുത്ത് ചെലവഴിക്കേണ്ടിവരുമെന്ന് പറയുമ്പോൾ, അതിന്റെ ധനാഗമമാർഗ്ഗം എവിടെ നിന്നാണെന്ന് പറയാതെ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ, വരാനിരിക്കുന്ന പഞ്ചായത്തുകളുടേതായ പദ്ധതികളുടെ വിഹിതത്തിൽനിന്ന് 25 ശതമാനം

കുറയുമ്പോൾ നിർബന്ധമായും നടത്തേണ്ട എസ്.എസ്.എ., വികലാംഗ-വിധവാ-വാർദ്ധക്യ-പോഷകാഹാര പരിപാടികളുടെ കൂട്ടത്തിൽ ഇതുകൂടിയാകുമ്പോൾ പഞ്ചായത്തുകളുടെ പ്രവർത്തനം അവതാളത്തിലാകും. ജനങ്ങളുടെ മുന്നിൽ പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതും അധികാരവികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലേയ്ക്കെത്തി എന്ന് പറയുന്നതുമായ പഞ്ചായത്തുകൾ ഗവൺമെന്റിന്റെ ഒരു ഏജൻസിയായി മാറുന്നുവെന്ന പരിതാപകരമായ അവസ്ഥാവിശേഷം ഉണ്ടാകുമെന്ന് ഞാൻ സംശയിക്കുന്നു. പഞ്ചായത്ത് വകുപ്പ് സംസ്ഥാനത്ത് നിർമ്മിച്ച മുഴുവൻ വീടുകൾക്കും നമ്പർ നൽകുമെന്നുള്ള ഉത്തരവ് ഇറക്കിയെങ്കിലും അത് നടപ്പിലാക്കാൻ കൃഷി വകുപ്പോ റവന്യൂ വകുപ്പോ സമ്മതിക്കാതെ അതിനെതിരായ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പഞ്ചായത്ത് ഇറക്കിയ ആ ഉത്തരവുകൊണ്ട് അഴിമതി മറ്റൊരുവിഭാഗത്തിലൂടെ ഉണ്ടാക്കാൻ സാധിക്കും എന്നത് സ്വാഭാവികമായും സംഭവിക്കാവുന്ന ഒരു കാര്യമാണ്. വിജിലൻസിന്റെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് പഞ്ചായത്ത് വകുപ്പിലാണ് എന്ന് പറയുമ്പോൾ, 'എ' ഗ്രേഡ് കിട്ടിയ പഞ്ചായത്ത് വകുപ്പിന് ഇതു കൂടിയാകുമ്പോൾ 'എ പ്ലസ് ' ഗ്രേഡ് കിട്ടാനുള്ള ഒരു സാധ്യത ഉണ്ടാകുമെന്നല്ലാതെ മറ്റൊന്നും സംഭവിക്കാൻ പോകുന്നില്ല. ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിഷ്ക്രിയത്വമാണ് ഏറ്റവും അപലപനീയമായി കാണാൻ സാധിക്കുന്നത്. 5500 കോടി രൂപയാണ് ഈ വകുപ്പിന് 2016-17 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ അനുവദിച്ചത്. ഒൻപത് മാസംകൊണ്ട് ചെലവഴിച്ചത് 639 കോടി രൂപ മാത്രമാണ്. ഇതിന്റെയെല്ലാം ഫലമായി, മുഴുവൻ പദ്ധതികളും നടപ്പിലാക്കിയത് കേരളത്തിലെ പത്ത് പഞ്ചായത്തുകളിൽ മാത്രമാണ് എന്ന് കണക്കുകൾ വ്യക്തമാക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുമൂലം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം കേരളത്തിന് നഷ്ടമായി. പതിനാല് സംസ്ഥാനങ്ങൾക്ക് 1076 കോടി രൂപ നൽകിയപ്പോൾ ഒരു നയാപൈസ പോലും ആ വകയിൽ സംസ്ഥാന സർക്കാരിന് ലഭിച്ചില്ല. ഗ്രാമീണ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാത്തതും വിവരങ്ങൾ കേന്ദ്രഗവൺമെന്റിനെ അറിയിക്കാത്തതും ഫണ്ട് നിരാകരിക്കാൻ കാരണമായി. അറ്റകുറ്റപ്പണികൾക്കുള്ള പ്രൊപ്പോസലുകളും സമയത്ത് സമർപ്പിക്കാൻ കഴിഞ്ഞില്ല. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതി പ്രകാരം റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ സംസ്ഥാനങ്ങളുടെ ചുമതലയാണ്. ഈ പ്രാവശ്യം മെയിന്റനൻസ് ഗ്രാന്റ് കേന്ദ്രം നൽകാൻ തയ്യാറാകുമ്പോൾ വകുപ്പ് അത് വാങ്ങാതെ ലാപ്സാക്കുകയാണ് ചെയ്തത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1282 കിലോമീറ്റർ ദൈർഘ്യം വരുന്ന 491

റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സർക്കാർ വകുപ്പുകളിലെ അഴിമതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒന്നാമത് എന്ന വിജിലൻസിന്റെ കണ്ടെത്തൽ ആ വകുപ്പിന്റെ പരാജയമായി കാണാവുന്നതാണ്. ഈ നിലയ്ക്ക് സംസ്ഥാന സർക്കാർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ പഞ്ചായത്തുകളിലെ ഏറ്റവും നല്ല പ്രവർത്തനത്തിന് ഊന്നൽ നൽകാൻ പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്.

പദ്ധതി വിഹിതത്തിൽ കാർഷിക മേഖലയ്ക്ക് 100 ശതമാനവും 50 ശതമാനവും സബ്സിഡി അനുവദിക്കാറുണ്ട്. മടങ്ങിവരുന്ന പ്രവാസികൾക്ക്, സ്വയംതൊഴിൽ സംരംഭകർക്ക് എല്ലാ സബ്സിഡി സഹായങ്ങളും നൽകുന്നതിൽ പഞ്ചായത്ത് ഗൈഡ്‌ലൈനിൽ കർശനമായ നിയന്ത്രണമാണുള്ളത്. മടങ്ങിവന്ന പ്രവാസി കൾക്കും സ്വയംതൊഴിൽ സംരംഭകർക്കും സഹായങ്ങൾ ചെയ്തുകൊടുക്കാനുള്ള പൊളിച്ചെഴുത്ത് ആവശ്യമാണ്. ചെലവേറിയതും ജീവിതാന്ത്യംവരെ അനിവാര്യവും ഉപയോഗിക്കേണ്ടതുമായ മാരകരോഗങ്ങൾക്കുള്ള മരുന്ന് പാവപ്പെട്ട രോഗികൾക്ക് വാങ്ങി നൽകുന്നതിന് നിലവിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് സംവിധാനങ്ങളില്ല. ഗവൺമെന്റ് ആശുപത്രികളിൽ കൂടി മരുന്ന് നൽകിയാൽ വലിയ ആശ്വാസമാകും.

മലപ്പുറത്തിന്റെ ബിരിയാണിയും നെയ്ച്ചോറുമൊക്കെയായി പാണക്കാട് കുടുംബത്തിൽനിന്നും വരുന്ന തീരുമാനങ്ങളെക്കുറിച്ച് ശ്രീ. കെ. ബാബു സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ വർഗ്ഗീയ കലാപങ്ങളുടെ ആളിക്കത്തൽ ഉണ്ടാകാൻ ബാബ്റി മസ്ജിദിന്റെ തകർച്ചയ്ക്ക് പ്രേരിപ്പിച്ച കാലഘട്ടങ്ങളിൽ സമാധാനത്തിന്റെ ശാന്തിദൂതുമായി, ഏറ്റവും വലിയ സുന്ദരമായ സന്ദേശം നൽകിയത് പാണക്കാട് തങ്ങളുടെ മലപ്പുറത്തിന്റെ മേഖലകളിൽനിന്നായിരുന്നു എന്ന് പ്രിയപ്പെട്ട ശ്രീ. കെ. ബാബു മനസ്സിലാക്കണം. ഈ വർഗ്ഗീയ കലാപങ്ങളും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളും അധികാരത്തിലിരുന്ന് മതേതര ശക്തികളെ നിരാകരിക്കുന്ന ഈ സമയത്ത് മലപ്പുറത്ത് നടന്ന തെരഞ്ഞെടുപ്പിൽ അഞ്ച് ലക്ഷത്തിലധികം വോട്ട് നേടി ഏറ്റവും നല്ല ഒരു സന്ദേശം ഇന്ത്യയിലെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്ക് നൽകാൻ കഴിഞ്ഞത് പാണക്കാട് തങ്ങളുടെ മലപ്പുറത്ത് നിന്നാണെന്ന് ശ്രീ. കെ. ബാബു മനസ്സിലാക്കണം. അത്തരത്തിൽ മുന്നോട്ടുപോകുന്ന ജനാധിപത്യ മുന്നണിയുടെ പ്രവർത്തനം കാണാതെ പോകരുത് എന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്ത് വകുപ്പിൽ ആവശ്യമായ നല്ല നിലപാടുകൾ സ്വീകരിക്കാൻ പ്രിയപ്പെട്ട മന്ത്രിക്ക് സാധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വളരെ പ്രഗത്ഭരായ മൂന്ന് മന്ത്രിമാർ, ശ്രീ. കെ. സി. ജോസഫ്, ഡോ. എം. കെ. മുനീർ, ശ്രീ. മഞ്ഞളാംകുഴി അലി എന്നിവർ ചേർന്ന് നയിച്ച മൂന്ന് വകുപ്പുകൾ ഒറ്റയ്ക്ക് ഡോ. കെ. ടി. ജലീൽ നയിക്കുമ്പോൾ ചെറിയ പ്രയാസം ഇവർക്കൊക്കെ തോന്നാനിടയുള്ളത് സ്വാഭാവികം മാത്രമാണ്. വളരെ പ്രാഗത്ഭ്യത്തോടുകൂടി ആ വകുപ്പ് ഭരിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിൽ ശ്രീ. മഞ്ഞളാംകുഴി അലിയെപോലെയുള്ള ആളുകളുടെ അസഹിഷ്ണുത കേൾക്കുമ്പോൾ സഹതാപം തോന്നുകയാണ്. കൃത്യമായി ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ഭരിച്ചു; അദ്ദേഹം നല്ല വ്യക്തിയാണ്; എന്റെ വളരെ അടുത്ത സുഹൃത്തുമാണ്. പക്ഷേ പഞ്ചായത്ത് സെക്രട്ടറിമാരില്ലാതെ എത്ര കാലം, എത്ര പഞ്ചായത്താണ് ആ ഭരണത്തിൽനിന്നും പോയത്? നിങ്ങൾ ഒരു കോടതി കേസ്സിന്റെ പേര് പറഞ്ഞല്ലേ 100 കണക്കിന് പഞ്ചായത്തുകളിൽ സെക്രട്ടറിമാരില്ലാതെ കാലം കഴിച്ചത്? ഈ ഗവൺമെന്റ് വന്നപ്പോൾ അത് പരിഹരിച്ചില്ലേ? പഞ്ചായത്തിനെക്കുറിച്ച് നിങ്ങൾക്ക് ഒരു നല്ല വാക്ക് പറയാമായിരുന്നില്ലേ? നിങ്ങളുടെ ഭരണകാലത്ത് എത്ര പോസ്റ്റാണ് പഞ്ചായത്ത് വകുപ്പിൽ ഉണ്ടാക്കിയത്? അത് നിങ്ങൾ പരിശോധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1300-ലധികം പോസ്റ്റുകൾ പുതുതായി ക്രിയേറ്റ് ചെയ്തു. അൽപ്പം മുമ്പ് ശ്രീ. പി. സി. ജോർജ് മാലിന്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മണ്ഡലമായ ഈരാറ്റുപേട്ടയ്ക്ക് മുനിസിപ്പാലിറ്റി പദവി ലഭിച്ചു. എത്ര കണ്ടിജന്റ് തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട് എന്നുള്ള കണക്ക് അദ്ദേഹം ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ ചോദിക്കുമായിരുന്നു. എനിക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും. ശ്രീ. പി. സി. ജോർജിന് ലഭിച്ച പുതിയ മുനിസിപ്പാലിറ്റിയിൽപോലും ഈ സർക്കാരാണ് 10 കണ്ടിജന്റ് ജീവനക്കാരുടെ പുതിയ പോസ്റ്റുകൾ ഉണ്ടാക്കി കൊടുത്തത്. ശ്രീ. പി. സി. ജോർജ് മൂക്ക് പൊത്താതെ ഈരാറ്റുപേട്ടയിൽകൂടി പോകുന്നുണ്ടെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10 സ്ഥിരം തൊഴിലാളികളെയും നാല് താൽക്കാലിക ജീവനക്കാരെയും അവിടെ നിയമിച്ചതിന്റെ ഫലമായിട്ടാണ്. എന്തൊക്കെയാണ് അദ്ദേഹം ഇവിടെ വന്ന് പ്രസംഗിക്കുന്നത്? എനിക്ക് അദ്ദേഹത്തോട് വളരെ സഹതാപം തോന്നുകയാണ്. ഡോ. കെ. ടി. ജലീലിനെക്കുറിച്ച് മാത്രമല്ല, ഈ വകുപ്പിന്റെ സെക്രട്ടറിയെക്കുറിച്ചും പറഞ്ഞു. രണ്ടുപേരും പ്രസംഗത്തൊഴിലാളികളാണെന്ന് ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഴുവൻ എം.എൽ.എ.-മാരോടാണ് ഞാൻ ഇത് പറയുന്നത്. 20 വർഷത്തെ ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്.

ഉൽപ്പാദനമേഖലയിലെ തുക വകയിരുത്തുന്നതിൽ അടിസ്ഥാനപരമായൊരു മാറ്റം വരുത്താൻ ഈ ഗവൺമെന്റ് തയ്യാറായി. ഞാൻ ഇക്കാര്യത്തിൽ വകുപ്പുമന്ത്രിയേയും ഒപ്പം വകുപ്പുസെക്രട്ടറി കൂടിയായ ശ്രീ. ടി. കെ. ജോസിനേയും ഒരുപോലെ അഭിനന്ദിക്കുകയാണ്. ഇന്നലെവരെ നമ്മൾ കൊടുത്തിരുന്നത് വിത്ത്, വളം, കീടനാശിനി തുടങ്ങിയവ വാങ്ങാനായിരുന്നു. അൽപ്പസ്വൽപ്പം കാശ് പണിക്കൂലിയായി കൊടുത്തിരുന്നെങ്കിൽ അതിന് മാറ്റംവരുത്താമായിരുന്നു. ഇപ്പോഴും അത് നിലനിർത്തിയിട്ടുണ്ട്. എന്നാൽ അതോടൊപ്പം സംരംഭകരായി കൃഷി ചെയ്യാൻ മുന്നോട്ട് വരുന്നവർക്ക് കൃഷി മാത്രമല്ല മൃഗസംരക്ഷണം, മത്സ്യകൃഷി തുടങ്ങി ചെറുകിട വ്യവസായത്തിൽ ഉൾപ്പെടെ പലിശരഹിത വായ്പ നൽകാൻ 5 ലക്ഷം രൂപവരെ ഗ്രാമപഞ്ചായത്തിനും 10 ലക്ഷം രൂപവരെ ബ്ലോക്ക് പഞ്ചായത്തിനും അതിനുപരി തുക കൊടുക്കുമ്പോൾ അതിന്റെ പലിശ കൊടുക്കാൻ ജില്ലാപഞ്ചായത്തിനും അധികാരം നൽകുന്ന പദ്ധതിരേഖയിലെ മാർഗ്ഗനിർദ്ദേശത്തിലെ മാറ്റത്തെക്കുറിച്ച് ഒരു വരിയെങ്കിലും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? എന്ത് കണ്ടിട്ടാണ് അവിടെ ജലീലിന്റെ കൈ അറുത്തു, കാല് അറുത്തു, ചിറക് അറുത്തു കരചരണാദികളെല്ലാം നഷ്ടപ്പെട്ടു, ഒന്നും ചെയ്യാൻ പറ്റാത്ത ആളായിരിക്കുന്നുവെന്ന് പറയുന്നത്? 20 വർഷക്കാലത്തെ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് രണ്ടാം ഘട്ടം ആവിഷ്കരിച്ച് കൊണ്ട് മുന്നോട്ടുവച്ച പ്രവർത്തനങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് പറഞ്ഞോ? നിങ്ങളെല്ലാം എം.എൽ.എ.-മാരായിരിക്കുന്ന നിയോജകമണ്ഡലത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഉൾപ്പെടെ ചെയ്യുന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കണം. ഇവിടെ മാലിന്യത്തെക്കുറിച്ച് പറഞ്ഞു. ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളു. അത് എനിക്കുകൂടി വ്യക്തിപരമായി ചില ബന്ധങ്ങൾ ഉള്ളതുകൊണ്ട് പറയുകയാണ്. ഞാൻ സംസ്ഥാനത്തെ കണ്ടിജന്റ് തൊഴിലാളി സംഘടനയുടെ ഭാരവാഹിയാണ്.

എറണാകുളം കോർപ്പറേഷനിൽ 10 കോംപാക്ട് യന്ത്രങ്ങൾ കോടിക്കണക്കിന് രൂപ ചെലവാക്കി വാങ്ങിയെങ്കിലും ഒരെണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. ബാക്കിയെല്ലാം പ്രവർത്തനരഹിതമായിരിക്കുകയാണ്. മാലിന്യ സംസ്കരണത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവാക്കി വാങ്ങിയ കോംപാക്ട് യന്ത്രങ്ങൾ എന്തുകൊണ്ടാണ് കേടായി കിടക്കുന്നതെന്ന് ആ കോർപ്പറേഷൻ പരിധിയിൽനിന്നു വരുന്ന ഒരു എം.എൽ.എ.-യ്ക്കെങ്കിലും പറയാൻ സാധിക്കുമോ? അതെല്ലാം ഒരു തവണ കേടായാൽ പിന്നെ ശരിയാക്കുകയില്ല. പ്രൈവറ്റ് ലോറി വാടകയ്ക്കെടുത്ത് കോടിക്കണക്കിന് രൂപയാണ് ഇത്തരത്തിൽ കൊള്ളയടിക്കുന്നത്. അത് നിങ്ങൾ പരിശോധിക്കണം.

കേരളത്തിൽ മൂക്കുപൊത്താതെ നടക്കാൻ കഴിയില്ലെന്ന് പറയുന്ന ശ്രീ. പി. സി. ജോർജ്ജിന് ഒത്താശ ചെയ്ത് കയ്യടിക്കുമ്പോൾ, നിങ്ങളൊക്കെ എം.എൽ.എ. മാരായിരിക്കുന്ന മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കൃത്യമായി കണ്ടിജന്റ് തൊഴിലാളികൾ നടത്തുന്ന പ്രവർത്തനത്തെ എങ്ങനെയാണ് ആ മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പ്രോത്സാഹിപ്പിക്കുന്നതെന്ന് ഓർക്കണം. കണ്ടിജന്റ് തൊഴിലാളികളെ നന്നായി പ്രോത്സാഹിപ്പിക്കുന്ന മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമുണ്ട്. മാലിന്യ സംസ്കരണത്തിന് 15 ശതമാനംവരെ തുക നീക്കിവയ്ക്കാനുള്ള സൗകര്യം ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ആ തുക വിനിയോഗിക്കുമ്പോൾ മാലിന്യ സംസ്കരണത്തിന് ആധുനികവും ശാസ്ത്രീയവുമായ സംവിധാനം കൊണ്ടുവരാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിർദ്ദേശമുണ്ടാകണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. തുക ചെലവഴിക്കാൻ മാത്രം പഞ്ചായത്തുകളോട് പറഞ്ഞാൽ പോരാ, ആ തുക വിനിയോഗിക്കുന്നതിൽ, ഉറവിട മാലിന്യ സംസ്കരണത്തിനും മാലിന്യ സംസ്കരണ പ്രക്രിയയിലും ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രദ്ധയും ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അല്ലെങ്കിൽ ചെലവഴിക്കപ്പെടുന്ന പണം ഇപ്പോൾ ഞാൻ സൂചിപ്പിച്ച എറണാകുളം കോർപ്പറേഷന്റേതുപോലുള്ള അനുഭവത്തിലേയ്ക്കായിരിക്കും നീങ്ങുക. മാന്വൽ സ്കാവഞ്ചിംഗിനെക്കുറിച്ച് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ 'മാൻഹോൾ' എന്ന സിനിമയുടെ ഉള്ളടക്കംതന്നെ നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്ന തോട്ടിപ്പണിയെക്കുറിച്ചാണ്. 'സെപ്റ്റിക് ടാങ്ക് വൃത്തിയാക്കൽ' എന്നുപറഞ്ഞ് അതിനുതാഴെ ടെലിഫോൺ നമ്പരും കൂടി കാണാത്തവരായി നമുക്കിടയിൽ ആരുമുണ്ടാകില്ല. ആ ടെലിഫോൺ നമ്പരിൽ വിളിച്ചാൽ ആയിരവും രണ്ടായിരവും അയ്യായിരവും രൂപയ്ക്ക് കരാറെടുത്ത് നമ്മുടെ വീടുകളിലെ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കാൻവേണ്ടി നേരിട്ടിറങ്ങി പണിയെടുക്കുന്നത് മനുഷ്യരാണ്. ആ തൊഴിലിൽനിന്ന് അവരെ മാറ്റുന്നതിനുവേണ്ടി 10 കോടി രൂപ നീക്കിവയ്ക്കുകയും ഇനിയും ആ തൊഴിൽ ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെടുന്നപക്ഷം അവർ കുറ്റക്കാരാവുകയും അവരെ ചുമതലപ്പെടുത്തുന്നവരുൾപ്പെടെ അറസ്റ്റിന് വിധേയമാകുകയും ചെയ്യുമെന്ന് പറയാൻ തന്റേടമുള്ള ഒരു ഗവൺമെന്റായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാറിയെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ ചുമതലകളെല്ലാം നിർവ്വഹിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പുതന്നെയാണ്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ധാരാളം കാര്യങ്ങൾ പറയാനുണ്ട്. പക്ഷേ വെടിവഴിപാടുപോലെ ദിവസവും വരുന്ന അടിയന്തരപ്രമേയം ഇതൊന്നും പറയാൻപോലും പറ്റാത്ത വിധത്തിലാക്കുകയാണ്.

ഇന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്തും എന്റെ ജില്ലയിൽനിന്ന് കഴിഞ്ഞ 35 വർഷമായി നിയമസഭയിൽ പ്രതിനിധീകരിക്കുന്ന ശ്രീ. കെ. സി. ജോസഫാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കണ്ണൂർ ജില്ലയെക്കുറിച്ച് അദ്ദേഹത്തിന് വലിയ മതിപ്പൊന്നുമില്ലെന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നി. പക്ഷേ 35 കൊല്ലമായി അങ്ങ് ഈ നിയമസഭയിൽ വന്നിരിക്കുന്നതിന് കാരണക്കാർ ആ ജില്ലക്കാരാണെന്ന് ഒരിക്കലെങ്കിലും ഓർമ്മിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഡി.സി.സി.-യുടെ കോട്ടയം പ്രസിഡന്റായിരിക്കുമ്പോഴും അദ്ദേഹം ജയിച്ചുവന്നത് കണ്ണൂരിൽ നിന്നാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 14-ാം തീയതി അങ്ങുൾപ്പെടെ പങ്കെടുത്ത, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സമാധാന ചർച്ചയിൽ നമ്മളെടുത്ത തീരുമാനം അങ്ങ് ഓർമ്മിക്കുന്നുണ്ടാകും. "ഇനി ഇതെല്ലാം നമുക്ക് അവസാനിപ്പിക്കണം; എവിടെയെങ്കിലും ചെറിയ പ്രശ്നങ്ങളുണ്ടായാൽ അതാത് പാർട്ടികൾ കളക്ടറുടെയും എസ്.പി.-യുടെയും ശ്രദ്ധയിൽപ്പെടുത്തണം; അത് പരിഹരിക്കുന്നതിനുവേണ്ടി ഇടപെടാം." എന്നാണ്. ഞാൻ സമയപരിമിതികൊണ്ട് മുഴുവനും വായിക്കുന്നില്ല. ആ ചർച്ച നടന്ന അന്ന് വൈകുന്നേരം പൊന്ന്യം നായനാർ റോഡിൽവച്ച് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അക്ഷയ്-നെ ആർ.എസ്.എസ്. പ്രവർത്തകനായ നടേശൻ ആക്രമിച്ച് പരിക്കേൽപ്പിച്ചു. അന്നുതന്നെ ഉത്സവം കഴിഞ്ഞ് മടങ്ങുകയായിരുന്ന സൗരവ്, ഇർഷാദ് എന്നിവരെ പൊന്ന്യം മൂന്നാം മൈലിൽവച്ച് ആർ.എസ്.എസ്. പ്രവർത്തകർ ആക്രമിക്കുകയും വൈകുന്നേരം മഞ്ഞോടിയിൽ സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും കൊടിമരങ്ങൾ തകർക്കുകയും ചെയ്തു. 22-ാം തീയതി പൊന്ന്യത്ത് നായനാർ റോഡ് കുന്നുമ്മൽ വച്ച് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ഓട്ടോ ഡ്രൈവർ നിവേദിനെ ആർ.എസ്.എസ്. പ്രവർത്തകൻ ചാന്ദ്നി പ്രദീപിന്റെ നേതൃത്വത്തിലുള്ള ആളുകൾ ആക്രമിച്ചു. 22-നുതന്നെ കോമത്തുപാറ ചെഗുവേര മുക്കിൽ ബൈക്കിലെത്തിയ ആർ.എസ്.എസ്. പ്രവർത്തകർ ബോംബേറ് നടത്തി ജനങ്ങളിൽ പരിഭ്രാന്തി സൃഷ്ടിച്ചു. 26-ന് പാർട്ടി മെമ്പറായ ഹരീഷിനെ ടെമ്പിൾ ഗേറ്റ് അറയ്ക്കലമുക്കിൽ വച്ച് ആർ.എസ്.എസ്.-കാർ മർദ്ദിച്ചു. ഇതിൽ ഒരു നൂറ് ആക്രമണത്തിന്റെ കാര്യങ്ങളുണ്ട്. ബഹുമാന്യനായ കെ.സി. ജോസഫ് ഇക്കാര്യങ്ങൾ പറയുന്നത് 35 കൊല്ലമായി അങ്ങ് പ്രതിനിധീകരിക്കുന്ന ജില്ലയിലെ അക്രമസംഭവങ്ങൾ അവസാനിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയാണെങ്കിൽ ഇതിനെക്കുറിച്ചുകൂടി പരാമർശിക്കേണ്ടതല്ലേ; ഇക്കാര്യങ്ങളിലെല്ലാം ആ ജില്ലയ്ക്കകത്തുള്ള ബി.ജെ.പി./ ആർ.എസ്.എസ്. നേതൃത്വത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് ഒരക്ഷരമെങ്കിലും ഈ സഭയ്ക്കകത്തോ പുറത്തോ എപ്പോഴെങ്കിലും അങ്ങ് പറഞ്ഞിട്ടുണ്ടോ; പകരം ഞങ്ങളെ കുറ്റപ്പെടുത്തും. എനിക്ക് പരാതിയില്ല, അങ്ങിൽനിന്ന് ഞാൻ അത്രയേ

പ്രതീക്ഷിക്കുന്നുള്ളൂ. പക്ഷേ പ്രതിപക്ഷനേതാവ് ആ അടിയന്തരപ്രമേയത്തിൽ ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിലെന്തുകൊണ്ടാണ് മുഖ്യമന്ത്രി കേന്ദ്ര നിയമത്തെ മാത്രം പഴിക്കുന്നത് എന്ന് ചോദിച്ചു. അക്കാര്യത്തിൽ ബി.ജെ.പി. കൊടുത്തിട്ടുള്ള പരാതിയിൽ പറയുന്നത്, കണ്ണൂർ ജില്ലയിൽ ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവർ ആക്ട് നടപ്പാക്കണമെന്നാണ്. അങ്ങനെ നടപ്പാക്കണമെന്നുള്ള നിവേദനം കൊടുത്ത കാര്യവും അതുസംബന്ധിച്ച് ഗവർണർ നടത്തിയ പരാമർശവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാത്തതുകൊണ്ടാണോ, എന്തുകൊണ്ടാണ് മുഖ്യമന്ത്രി അക്കാര്യത്തിൽ കൂടുതൽ ഊന്നിനിന്ന് സംസാരിച്ചതെന്ന് മനസ്സിലാകാതെ പോയത്. ഒരക്ഷരം അതുസംബന്ധിച്ച് അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ അടിയന്തരപ്രമേയാവതരണത്തിൽ ശ്രീ. കെ. സി. ജോസഫോ അതിൽ ഇടപെട്ടുകൊണ്ട് പ്രതിപക്ഷനേതാവോ എന്തുകൊണ്ടാണ് ഒരക്ഷരവും പറയാതിരുന്നത് എന്ന ചോദ്യത്തിന്റെ മറുപടി മറ്റൊന്നുമല്ല, തൃശ്ശൂരിൽ കോൺഗ്രസ് അനുഭാവിയായ സുരേഷ് കഴിഞ്ഞ ഒരു മാസത്തിനിടയിൽ കൊല്ലപ്പെട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ചോദിക്കുകയാണ്, അങ്ങുൾപ്പെടെ അറിയാത്തതുകൊണ്ടാണോ കോൺഗ്രസ്സിന്റെ പ്രവർത്തകനായ സുരേഷ് തൃശ്ശൂരിൽ കൊല്ലപ്പെട്ടതിനെക്കുറിച്ച് ഒരു സബ്മിഷൻ പോലും സഭയിൽ അവതരിപ്പിക്കാത്തത്. സുരേഷിന്റെ കുടുംബത്തെ കാണാനും ആശ്വസിപ്പിക്കാനും അങ്ങേയ്ക്കും അങ്ങയുടെ പാർട്ടി പ്രവർത്തകർക്കും ഒരു മിനിട്ടുപോലും ലഭിക്കാത്തത് എന്താണ്; കാരണം മറ്റൊന്നുമല്ല, ചവിട്ടിക്കൊന്നത് ആർ.എസ്.എസ്.-കാരാണ്. ആർ.എസ്.എസ്. കാരൻ കോൺഗ്രസ്സിന്റെ പ്രവർത്തകൻ സുരേഷിനെ ചവിട്ടിക്കൊന്നാൽ ഒരക്ഷരം ഉരിയാടാനില്ല. അങ്ങനെയൊരു സമീപനം ആർ.എസ്.എസ്.-നോട് സ്വീകരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആളുകൾക്ക് അത് നന്നായി മനസ്സിലാകും. ശ്രീ. കെ. എം. ഷാജി അവിടെയിരുന്ന് അതിന് ഒത്താശ ചെയ്തു കൊടുക്കുന്നതിന്റെ അടിസ്ഥാനം വേറൊന്നുമല്ല. ബാക്കിയുള്ളവരെല്ലാം നിശ്ശബ്ദരായിരുന്നു, മുനീർ സാഹിബ് വളരെ കൃത്യമായി നിലപാട് വ്യക്തമാക്കി. പക്ഷേ ഒരു കാര്യം ചോദിക്കുകയാണ്, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കോഴിക്കോട് നിങ്ങളുടെ പാർട്ടി ആസ്ഥാനത്ത് ആർ.എസ്.എസ്.കാരെ വിളിച്ചുവരുത്തി ചർച്ച ചെയ്തത് എന്തിനുവേണ്ടിയായിരുന്നുവെന്ന് ആലോചിക്കണം. ഇതെല്ലാം ചേർത്ത് വായിക്കുമ്പോഴാണ് ഇവിടെ ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് നടപ്പാക്കുന്നതിനെക്കുറിച്ചുപോലും ഒരക്ഷരം ഉരിയാടാൻ തയ്യാറാകാത്ത നിങ്ങളോട് ഞാൻ സൂചിപ്പിക്കുന്നത് മറ്റൊന്നുമല്ല, 1958-ൽ വന്ന ഈ നിയമം നടപ്പാക്കിയ ഏഴ് സംസ്ഥാനങ്ങളിൽ ആയിരക്കണക്കിനാളുകളാണ് കൊല്ലപ്പെട്ടത്, അവിടെ കൂട്ടബലാത്സംഗങ്ങളാണ് നടന്നത്....

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ......കോഴിക്കോട് പാർട്ടി ആസ്ഥാനത്ത് മുസ്ലീം ലീഗ് ആർ.എസ്.എസ്.-കാരെ വിളിച്ചുവരുത്തി ചർച്ച നടത്തി എന്നത് ശുദ്ധ അസംബന്ധമാണ്. അദ്ദേഹം അത് പിൻവലിക്കുകയോ രേഖയിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യണം.*

ശ്രീ. പി. ടി. എ. റഹീം: സർ, കോഴിക്കോട് മുസ്ലീം ലീഗിന്റെ സെക്രട്ടറിയും ബി.ജെ.പി.-യുടെ നേതാക്കൻമാരുമായി ഓഫീസിലിരുന്ന് ചർച്ച നടത്തുന്ന ചിത്രം വാർത്താമാധ്യമങ്ങളിലൊക്കെ വന്നിരുന്നു. അത് സത്യമാണ്.

മി. സ്പീക്കർ: ചെയർ പരിശോധിക്കാം.

ശ്രീ. ജെയിംസ് മാത്യു: സർ, ഇനി ഞാൻ പറഞ്ഞത് പിൻവലിക്കണോ? സമയപരിമിതിമൂലം ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ചരിത്രവും കാലവും നിങ്ങൾ ചെയ്യുന്നതെന്താണെന്ന് സാക്ഷ്യപ്പെടുത്തുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. പ്രശസ്തനായ കവി പാസ്റ്റർ എമിൽ മാർട്ടിൻ നിമോയിസ്-ന്റെ കവിതയിൽ പറയുന്നത്,

'അവർ സോഷ്യലിസ്റ്റുകളെ തേടിയെത്തി, ഞാനൊന്നും സംസാരിച്ചില്ല, അവർ പിന്നീട് ട്രേഡ് യൂണിയനിസ്റ്റുകളെ തേടിയെത്തി, അപ്പോഴും ഞാനൊന്നും സംസാരിച്ചില്ല, അവർ ജൂതൻമാരെ തേടിയെത്തി, അപ്പോഴും ഞാനൊന്നും സംസാരിച്ചില്ല. അവസാനം അവർ എന്നെത്തേടിയെത്തി, അപ്പോൾ എനിക്കുവേണ്ടി പറയാൻ ആരുമുണ്ടായിരുന്നില്ല.'

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും കോൺഗ്രസിന്റെയും ആളുകൾ ഈ നാലുവരി കവിത രാത്രി ഉറങ്ങുന്നതിനുമുമ്പ് ഉരുവിടണം. ഒരുനാൾ ഇവർ നിങ്ങളെ തേടി വരും. അന്ന് നിങ്ങൾക്കുവേണ്ടി പറയാൻ ഞങ്ങൾ പോലുമുണ്ടാകില്ല. അതുകൊണ്ട് ഞങ്ങൾ പറയട്ടെ, അവസാന മതന്യൂനപക്ഷക്കാരനെയും വേട്ടയാടുമ്പോൾ ഒരു കമ്മ്യൂണിസ്റ്റുകാരന്റെയെങ്കിലും ശ്വാസം അവശേഷിക്കുന്നുവെങ്കിൽ ആർ.എസ്.എസ്.- ഫാസിസ്റ്റ് അക്രമത്തിനെതിരെ ഞങ്ങൾ നിലകൊള്ളും. അങ്ങനെ ഞങ്ങൾ നിലകൊള്ളുന്നതുകൊണ്ടാണ് ബി.ജെ.പി.-യുടെ കേന്ദ്ര നേതൃത്വം മുതൽ സി.ഐ.എ. വരെയുള്ളവരുടെ വേട്ടയാടലിന് കമ്മ്യൂണിസ്റ്റുകാർ ഇരയാവുന്നതെന്ന് ശ്രീ. മഞ്ഞളാംകുഴി അലിക്കും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനും കോൺഗ്രസുകാർക്കും ബോധമുണ്ടാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ച് ഞാൻ അവസാനിപ്പിക്കുന്നു.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 2223/ഇ.ബി./2017/നി.സെ, തീയതി 16-5-2017) രേഖയിൽ നിലനിർത്തി.

ശ്രീ. വി. ടി. ബൽറാം: സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കൈകാര്യം ചെയ്യുന്ന വിജിലൻസ് വകുപ്പ് തന്നെ കേരളത്തിലെ വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽവച്ച് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്ന വകുപ്പായി കണ്ടെത്തിയ ഒരു വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയായതുകൊണ്ട് ഞാനതിനെ എതിർക്കുകയാണ്. ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മന്ത്രി സുമുഖനും സുന്ദരനും വാചാലനും വാഗ്മിയും മനുഷ്യസ്നേഹിയും ഡ്രൈവറെയും അതുപോലെതന്നെ ഗൺമാനെയു മൊക്കെ ഒപ്പമിരുത്തി ഭക്ഷണം നൽകുന്ന വിശാലഹൃദയനുമാണ്. അദ്ദേഹം ഈ വകുപ്പിന്റെ കാര്യത്തിൽ കുറച്ചുകൂടി ജാഗ്രത പുലർത്തണമെന്നും കുറച്ചുകൂടി കാര്യക്ഷമമായി ഈ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകണമെന്നുമാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏറ്റവും കുറച്ച് പദ്ധതി നിർവ്വഹണം നടന്ന ഒരു വർഷമാണ് ഇവിടെ സമാപിച്ചത്. അവസാന സമയത്ത് ഊതിപ്പെരുപ്പിച്ച ചില കണക്കുകളിലേയ്ക്ക് എത്തിക്കാൻ താങ്കൾക്ക് സാധിച്ചിട്ടുണ്ട്. പക്ഷെ ബഡ്ജറ്റിൽ 5653 കോടി രൂപ നീക്കിവച്ചതിൽ 2016-17 സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ അവസാന മാസത്തിന് തൊട്ടുമുമ്പുള്ള മാസമായ ഫെബ്രുവരി അവസാനത്തിൽ ഏതാണ്ട് 1531 കോടി രൂപ (27%) മാത്രമാണ് ചെലവഴിക്കപ്പെട്ടത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സമാനമായ സാഹചര്യത്തിൽ 2015-16 ഫെബ്രുവരി മാസത്തിൽ 37.8% പദ്ധതി നിർവ്വഹണം നടത്താൻ നമുക്ക് സാധിച്ചിരുന്നു. അതിന് മുമ്പിലത്തെ വർഷം 39.9 ശതമാനത്തോളം പദ്ധതി നിർവ്വഹണം ഫെബ്രുവരി അവസാനത്തിൽ നടത്താൻ സാധിച്ചിരുന്നു. അവസാനമാസം ഏതാണ്ട് 68 ശതമാനത്തിലേയ്ക്ക് എത്തിച്ചുവെന്ന് പറയുന്നു, സ്വാഭാവികമായും അതിന്റെ കാരണങ്ങൾ എത്രയോ വർഷങ്ങളായി ഈ മേഖലയിൽ പരിചയമുള്ള നമുക്കൊക്കെ അറിയാം, ഡെപ്പോസിറ്റ് വർക്കുകളായി വാട്ടർ അതോറിറ്റിയിലും മറ്റ് മേഖലകളിലുമൊക്കെ നിക്ഷേപിക്കുന്നത് കൊണ്ടുമാത്രം കണക്കുകളിൽ അത് ഉണ്ടാകുന്നുണ്ട് എന്നുമാത്രമേ കാണാൻ സാധിക്കുകയുള്ളൂ. മുഴുവൻ പദ്ധതിയും പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം വെറും 10 മാത്രമാണ് എന്നുള്ളതും വാർത്തകളിലൂടെ പുറത്തുവന്നിട്ടുണ്ട്. അപ്പോൾ വലിയ രീതിയിലുള്ള മിസ്മാനേജ്മെന്റും ശ്രദ്ധക്കുറവും ഈ മേഖലയിൽ നടക്കുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞു. ഞാനതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. ജനജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട നിരവധി കാര്യങ്ങളിൽ ഇടപെടാനും പരിഹാരമുണ്ടാക്കാനും

കഴിഞ്ഞത് കഴിഞ്ഞ അഞ്ചുവർഷം കൊണ്ടാണ് എന്നുള്ളത് എത്രയോ ഉദാഹരണങ്ങളോടെ നമുക്ക് കാണാൻ സാധിക്കും. ഒരുപക്ഷെ, വളരെ ചെറിയ കാര്യങ്ങളായിരിക്കും. പക്ഷെ അതിന്റെ ഇംപാക്ട് വളരെ വലുതായിരുന്നു. ഉദാഹരണത്തിന്, ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനാക്കുന്ന പ്രവർത്തനം കഴിഞ്ഞ കാലത്ത് നടത്തിയപ്പോൾ ധാരാളം ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ബിൽഡിംഗ് പ്ലാൻ ഓൺലൈനായി സബ്മിറ്റ് ചെയ്യാൻ കഴിയുന്ന അവസ്ഥ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമൊക്കെ ഉണ്ടാക്കിയത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അതിനൊക്കെ സ്വാഭാവികമായ തുടർച്ച പഞ്ചായത്തുകളിലടക്കം ഉണ്ടാക്കാൻ ഈ ഗവൺമെന്റ് ഊർജ്ജിതമായി പരിശ്രമിക്കണം. കഴിഞ്ഞ ഗവൺമെന്റിനെ അകാരണമായി കുറ്റപ്പെടുത്തുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെ ക്കുറിച്ച് അല്ലെങ്കിൽ നടത്താതിരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അപ്പുറത്തുള്ള ആളുകൾ വിമർശനമുന്നയിച്ചപ്പോൾ പുതിയ ഗവൺമെന്റിന്റെ നേട്ടങ്ങളായി ധാരാളം തസ്തികകൾ സൃഷ്ടിച്ചുവെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹ്യൂമൻ ഇൻഫ്രാസ്ട്രക്ചറിനെ ഡെവലപ് ചെയ്യുതും സ്ട്രെങ്ത്തൻ ചെയ്യുതും കഴിഞ്ഞ ഗവൺമെന്റാണെന്നത് വസ്തുതയല്ലേ? എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 400-ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഇന്ന് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിലും അതിന്റെ സൂപ്പർവിഷനിലും നിർവ്വഹണ രംഗത്തുമൊക്കെ നല്ല രീതിയിലുള്ള കരുത്ത് പകർന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനംമൂലമാണ് എന്നത് നിസ്തർക്കമുള്ള ഒരു വസ്തുതയാണ്. കേരളത്തിലെ 950-ഓളം ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ അസിസ്റ്റന്റ് സെക്രട്ടറി എന്ന പുതിയ ഒരു തസ്തിക സൃഷ്ടിച്ചതും ക്ലാർക്കുമാരുടെ അഡീഷണൽ തസ്തിക സൃഷ്ടിച്ചതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. 1500-ഓളം തസ്തികകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സൃഷ്ടിച്ചതുകൊണ്ടാണ് പല രീതിയിലും പദ്ധതി നിർവ്വഹണം മുമ്പോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിച്ചത്. എഞ്ചിനീയറിംഗ് വിംഗിനെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഏതാണ്ട് 195 എ.ഇ.- മാർക്ക് ഒന്നിലേറെ പഞ്ചായത്തുകളുടെ ചുമതല നിർവ്വഹിക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഓവർസിയർമാരുടെ ഏതാണ്ട് 700-ഓളം ഒഴിവുകളുണ്ട്. ഈ ഒഴിവുകളൊക്കെ നികത്തി എത്രയും പെട്ടെന്ന് ആ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്താൻ സാധിക്കേണ്ടതുണ്ട്. കാരണം, ഇതൊരു പ്രായോഗിക പ്രശ്നമായി വരികയാണ്. ജൂൺ മാസം

ആദ്യവാരത്തിൽ സ്കൂൾ തുറക്കുന്നതിനുമുമ്പ് സ്കൂളുകൾക്കൊക്കെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കണം. എന്റെ മണ്ഡലത്തിലടക്കം കഴിഞ്ഞ ദിവസം എ.ഇ.ഒ. പറഞ്ഞത് നമ്മുടെ സ്കൂളുകൾക്കൊന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ പഞ്ചായത്തുകളിൽനിന്ന് എഞ്ചിനീയർമാരെ കിട്ടുന്നില്ലെന്നാണ്. അവർക്ക് മറ്റ് പല ജോലിഭാരമുണ്ടെന്ന് പറഞ്ഞ് അവർ മാറിനിൽക്കുകയാണ്. സ്കൂൾ തുറക്കുന്നതിനുമുമ്പ് കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് കൊടുക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യാനുള്ള പ്രത്യേക ഇടപെടൽ താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് അടക്കമുള്ള കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നിർവ്വഹണ രംഗത്തു വരുമ്പോൾ പലതരത്തിലുള്ള പരിമിതികളുണ്ടാകുന്നുണ്ട്. ചീഫ് എഞ്ചിനീയറുടെ തന്നെ ഒരു റിപ്പോർട്ടിൽ ഞാൻ വായിച്ചത് ഏതാണ്ട് 100 കോടി രൂപ 2016-17 വർഷത്തിൽ ഈ രീതിയിൽ നിർവ്വഹണത്തിന് ലഭിച്ചപ്പോൾ അതിൽ 50 കോടി രൂപയിൽ താഴെ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചതെന്നാണ്. ആ മേഖലയിലും കുറച്ചുകൂടി കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പൊതു ശൗചാലയങ്ങളുടെ വിഷയം സാമൂഹ്യ മാധ്യമങ്ങളിലൂടെയൊക്കെ വലിയ രീതിയിൽ മുൻകാലങ്ങളിൽ ചർച്ച ചെയ്യപ്പെട്ടതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന സമയത്ത് ഫെയ്സ്ബുക്കിലൂടെ ഒരു ചർച്ച നടന്നു, അന്ന് സി.പി.ഐ. (എം). നേതാവായിരുന്ന ഇന്നത്തെ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് വലിയൊരു വാഗ്ദാനം അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ നൽകിയിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ എല്ലാ പൊതു ഇടങ്ങളിലും സ്ത്രീകൾക്കടക്കം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ആധുനിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന്റെ ഒരു പ്ലാൻ എന്റെ മനസ്സിലുണ്ട്, ഞാൻ വന്നുകഴിഞ്ഞാൽ നിർബന്ധമായും അത് ചെയ്യുമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ രണ്ട് ബഡ്ജറ്റ് നമുക്ക് കാണാൻ സാധിച്ചു. ഇപ്പോഴും ആ മേഖലയിൽ കടന്നിട്ടില്ല. കിഫ്ബി വഴി അദ്ദേഹത്തിനത് ചെയ്യാനുള്ള സാഹചര്യം ഇനിയെങ്കിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കൂലി കുടിശ്ശിക സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തതാണ്. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിന്റെ കണക്ക് എടുത്തു നോക്കിയപ്പോൾ ഏതാണ്ട് 2 കോടിരൂപ ഒരു പഞ്ചായത്തിൽമാത്രം കുടിശ്ശിക യാണ്. സംസ്ഥാന ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്വമല്ല എന്ന് അംഗീകരിക്കുമ്പോൾത്തന്നെ ആ മേഖലയിൽ വേണ്ടത്ര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽസ് വർക്കുമായി ബന്ധപ്പെട്ട് പുതിയൊരു ക്രമീകരണം വന്നപ്പോൾ നമ്മളൊക്കെ വലിയ രീതിയിൽ

ആശ്വസിക്കുകയായിരുന്നു. കാരണം പുതിയ കോൺക്രീറ്റ് റോഡുകളൊക്കെ ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ പല പഞ്ചായത്തുകളും തയ്യാറായി വന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ആ നിലയിൽ ഒരു റോഡ് നിർമ്മിച്ചു. നല്ല മനോഹരമായി ഗുണനിലവാരത്തിൽ ആ റോഡ് നിർമ്മിക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ കൂലി 243 രൂപയാണ്. 258 രൂപയാക്കുമെന്ന് പറയുന്നു. ഇതുപോലെയുള്ള വർക്കുകൾ നടത്തുന്ന സമയത്ത് ഈ കൂലി അപര്യാപ്തമായി തോന്നുകയാണ്. 700 രൂപയെങ്കിലും കൊടുക്കേണ്ട ഒരു പ്രവൃത്തിയാണ് പാവപ്പെട്ട സ്ത്രീകളടക്കമുള്ളവർ ഈ മേഖലയുമായി ബന്ധപ്പെട്ട് ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മെറ്റീരിയൽസ് വർക്ക് ഏറ്റെടുക്കുമ്പോൾ ആ തൊഴിലാളികൾക്ക് കേന്ദ്രം നൽകുന്ന സാധാരണഗതിയിലുള്ള കൂലിക്ക് പുറമേ അഡീഷണൽ കൂലി നൽകാൻ സാധ്യതയുണ്ടോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അങ്ങനെയൊരു ബ്രിഡ്ജ് ഫണ്ട്/ഗ്യാപ്പ് ഫണ്ട് നമുക്കുണ്ടാക്കിയെടുക്കാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അങ്ങനെ വന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധാരാളം വർക്കുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതംകൂടി ഉപയോഗപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കും. 1995-ൽ കേരളത്തിൽ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് പഞ്ചായത്തിരാജ് നഗരപാലിക നിയമം നടപ്പാക്കി ആദ്യത്തെ തെരഞ്ഞെടുപ്പ് നടത്തി പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറിയപ്പോൾ ഒരു പ്രധാനപ്പെട്ട അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. അതിലെ വകുപ്പ് 237, 447 പ്രകാരം ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തന പരിധിക്കകത്ത് മദ്യ ഷാപ്പുകൾ വേണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം യു.ഡി.എഫ്. ഗവൺമെന്റ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നു. 1996-ൽ ഭരണം മാറി, ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്തത് പഞ്ചായത്തുകൾക്ക് എ. കെ. ആന്റണി ഗവൺമെന്റ് നൽകിയ ഈ അധികാരം തിരിച്ചെടുക്കുകയായിരുന്നു. പിന്നീടത് സംസ്ഥാന ഗവൺമെന്റിന്റെ കയ്യിലിരുന്നു. 2011-ൽ വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് അത് വീണ്ടും പഞ്ചായത്തുകൾക്ക് തിരികെ നൽകാനുള്ള തീരുമാനമെടുത്തത്. ഇപ്പോഴത്തെ ഗവൺമെന്റ് അത് വീണ്ടും ഗവൺമെന്റിലേയ്ക്ക് തിരിച്ചെടുക്കാൻ പോകുന്നു. അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുകയാണ്. മദ്യ രാജാക്കന്മാർക്കുവേണ്ടി ഈ നാട്ടിലെ ഓരോ ഗ്രാമങ്ങളിലും മദ്യപ്പുഴ ഒഴുക്കാൻവേണ്ടി നിങ്ങൾ ഈ അധികാര വികേന്ദ്രീകരണം എന്ന ആശയത്തെ അട്ടിമറിക്കുന്ന നീക്കത്തിൽനിന്ന് പിന്തിരിയണമെന്ന് വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്. എന്റെ

നിയോജകമണ്ഡലമായ തൃത്താലയിൽ ആരുമറിയാതെ ഒറ്റദിവസംകൊണ്ട് ബിവറേജസിന്റെ ഔട്ട്‌ലെറ്റ് തുറക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ഞങ്ങൾ അടച്ചുപൂട്ടിയതാണ്. അവിടെ പാടം നികത്തി ഉണ്ടാക്കിയ ഒരു കെട്ടിടത്തിൽ, അനധികൃതമാണെന്ന് ഒറ്റനോട്ടത്തിൽത്തന്നെ കാണാൻ സാധിക്കുന്ന കെട്ടിടത്തിലാണ് ബിവറേജസിന്റെ ഔട്ട്‌ലെറ്റ് വരുന്നത്. ഇത് പഞ്ചായത്ത് അറിഞ്ഞുകൊണ്ടാണ്, പഞ്ചായത്തിലെ ആളുകളുടെ അഴിമതിയും ഒത്തുകളിയുമുണ്ട്. ഈ രീതിയിൽ വാടകകിട്ടുന്നതിനുവേണ്ടി ബിൽഡിംഗ് ഓണറുമായി ഒത്തുകളിച്ചുകൊണ്ട് പഞ്ചായത്ത് നടത്തിയ ശ്രമത്തിന്റെ ഭാഗമായാണ് അവിടെ ഈ രീതിയിൽ ജനങ്ങൾക്ക് ദ്രോഹകരമാകുന്ന ഒരു സ്ഥാപനം വന്നത്. ഇന്നലെ അവിടെ സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിന് ആളുകൾ മനുഷ്യച്ചങ്ങല തീർത്ത് പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഇങ്ങനെയുള്ള അവസ്ഥ പല സ്ഥലങ്ങളിലു മുണ്ടെന്ന കാര്യം ബഹുമാന്യനായ മന്ത്രി മനസ്സിലാക്കി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പി.എം.ജി.എസ്.വൈ.-യിൽ നമുക്ക് വലിയ പ്രതീക്ഷകളാണുണ്ടായിരുന്നത്. പക്ഷെ, 2019-ൽ അത് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. 2016-17-ൽ 430 കി.മീറ്റർ റോഡുണ്ടാക്കണമെന്ന് ആഗ്രഹിച്ചിരുന്നുവെങ്കിലും 262 കി.മീറ്റർ മാത്രമാണ് പൂർത്തിയായതായി അറിയുന്നത്. അതിന്റെ ചുമതല വഹിക്കുന്ന ജില്ലയിലെ ഉദ്യോഗസ്ഥരുമായി ഞാൻ സംസാരിച്ചു. അവരുടെ ചില മാനദണ്ഡങ്ങളനുസരിച്ച് പുതിയ കാൻഡിഡേറ്റ് റോഡുകളെന്നുപറഞ്ഞ് ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. പക്ഷെ എന്റെ നിയോജകമണ്ഡല ത്തിൽ ഒരു റോഡുപോലും അതിൽ ഉൾപ്പെട്ടതായി കാണുന്നില്ല. എന്റെ നിയോജകമണ്ഡലത്തെ അങ്ങേയ്ക്ക് പരിചയപ്പെടുത്തേണ്ട കാര്യമില്ല. നമ്മൾ അയൽപക്കക്കാരാണ്. പല റോഡുകളും നമ്മൾ അപ്പുറവും ഇപ്പുറവുമായി പങ്കുവയ്ക്കുന്നവരാണ്. അതുകൊണ്ട് നമ്മുടേതുപോലുള്ള ഗ്രാമീണ മേഖലകളിലെ ഒരു റോഡുപോലും ഇവരുടെ മാനദണ്ഡത്തിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുന്നില്ലാ യെങ്കിൽ ഇതിൽ പ്രകടമായിട്ടുള്ള അനീതിയുണ്ട്. അങ്ങ് ഇക്കാര്യത്തിൽ ഇടപെടണം. ഞാൻ അങ്ങയോട് ഇക്കാര്യം പേഴ്സണലായും സൂചിപ്പിച്ചിട്ടുള്ളതാണ്. ഫേസ് II-ൽ ഏറ്റെടുക്കാൻ പോകുന്ന റോഡുകളുടെ കാര്യത്തിൽ, കാൻഡിഡേറ്റ് റോഡുകൾ സംബന്ധിച്ച് പ്രത്യേകമായിട്ടുള്ള ജാഗ്രതയുണ്ടാകണം. ഒരു പ്രാദേശിക സന്തുലിതാവസ്ഥ ഇക്കാര്യത്തിൽ പാലിക്കാൻ അങ്ങയുടെ ഭാഗത്തുനിന്ന് ജാഗ്രതയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സമയക്കുറവുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അങ്ങയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതുവരെ അങ്ങയെയോ ഈ ധനാഭ്യർത്ഥനകളെയോ പിന്തുണയ്ക്കാൻ നിർവ്വാഹമില്ല എന്നുള്ള കാരണത്താൽ ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളിന്മേൽ 16 പേരാണ് ചർച്ചയിൽ പങ്കെടുത്തത്. ക്രിയാത്മകമായ നിർദ്ദേശങ്ങളും രചനാത്മകമായ വിമർശനങ്ങളും ഇവിടെ പറയുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. മുഹമ്മദ് നബി ഒരിക്കൽ പറഞ്ഞു, മനുഷ്യ ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്, അത് നന്നായാൽ മനുഷ്യൻ നന്നായി. ഇതുകേട്ട് അനുചരൻമാർ പ്രവാചകനോട് ചോദിച്ചു, ഏതാണ് ആ മാംസപിണ്ഡം; അപ്പോൾ പ്രവാചകൻ മുഹമ്മദ് നബി ഹൃദയത്തിന്റെ ഭാഗത്തേയ്ക്ക് കൈവിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു, ഇവിടെയാണ് ആ മാംസപിണ്ഡം എന്ന്. നമ്മുടെ നാടിന്റെ ഭരണ സംവിധാനത്തെയും വികസനപ്രവർത്തനങ്ങളെയും ഒരു മനുഷ്യശരീരത്തോട് ഉപമിച്ചാൽ ഹൃദയത്തിന്റെ സ്ഥാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നന്നായാൽ നാട് നന്നായി, തദ്ദേശഭരണ സ്ഥാപനങ്ങളിൽ വികസനം നടന്നാൽ നാടിന്റെ വികസനം യാഥാർത്ഥ്യമായി എന്ന് നമുക്ക് നിസ്സംശയം പറയാം.

1200 തദ്ദേശഭരണ സ്ഥാപനങ്ങളിലായി ഒരുവർഷം 6450 കോടി രൂപയുടെ പ്ലാൻ ഫണ്ടിന്റെ വിനിയോഗമാണ് നടക്കുന്നത്. പര്യാപ്തമായ ജീവനക്കാരില്ല എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എക്കാലത്തെയും ശാപം. ഡിപ്പാർട്ടുമെന്റുകളിലെ സീനിയോറിറ്റി തർക്കത്തിൽ ഏതാനുംപേർ വ്യക്തിപരമായിട്ടുള്ള കാരണത്താൽ കോടതിയെ സമീപിച്ചതിൽ കക്ഷി ചേർന്നുകൊണ്ട് കഴിഞ്ഞ സർക്കാർ പ്രശ്നത്തെ കൂടുതൽ കലുഷിതമാക്കുകയുണ്ടായി. അതുകൊണ്ടുതന്നെ 2013-നുശേഷം ഡി.പി.സി കൂടാൻ കഴിയാത്തൊരു സാഹചര്യം സംസ്ഥാനത്ത് ഉടലെടുത്തു. ഈ സർക്കാർ വന്നതിനുശേഷം സുപ്രീംകോടതിയിൽ നടത്തിയ ഫലപ്രദമായ ഇടപെടലിനെത്തുടർന്ന് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റുണ്ടാക്കി ഡി.പി.സി. ചേർന്ന് പ്രൊമോഷൻ നൽകാൻ സാധിച്ചുവെന്നുള്ളത് അഭിമാനകരമായിട്ടുള്ള ഒരു കാര്യമായിട്ടാണ് കാണുന്നത്. ഇതിനെത്തുടർന്നാണ് ഇരുന്നൂറോളം സെക്രട്ടറിമാരുടെ പോസ്റ്റുകളും എൻട്രി കേഡറായ എൽ.ഡി.സി. വരെയുള്ള തസ്തികകളിലേയ്ക്കും പ്രൊമോഷൻ നൽകി നിരവധി പോസ്റ്റുകൾ നികത്താൻ സാധിച്ചത്. 362 എൽ.ഡി.സി.-മാരെ പി.എസ്.സി. മുഖേന പഞ്ചായത്ത് വകുപ്പിൽ പുതിയതായി നിയമിക്കുവാനും കഴിഞ്ഞു. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ആശ്രിത നിയമനങ്ങളും പൂർത്തിയാക്കാൻ പന്ത്രണ്ട് മാസംകൊണ്ട് സാധിച്ചു. മേയ് 31- ന് വിരമിക്കുന്ന 62 തസ്തികകളിലേയ്ക്ക് നിയമനം

ലഭിക്കാൻ ഇപ്പോൾത്തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട സുപ്രീംകോടതി സീനിയോറിറ്റി ലിസ്റ്റുണ്ടാക്കാൻ പറഞ്ഞിട്ടുള്ള, നിലവിൽ ഒഴിഞ്ഞുകിടക്കുന്ന 15 ഡി.പി.ഒ.-മാരുടെയും 14 അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഒരു ജോയിന്റ് ഡയറക്ടറുടെയും തസ്തികകളിലേയ്ക്കുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉടനെതന്നെ ഈ തസ്തികകളും നികത്താൻ സാധിക്കും. ധാരാളം അധിക ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ നിർവ്വഹിക്കേണ്ടിവരുന്നുണ്ട്. 195 എ.ഇ.മാരുടെയും 195 ഓവർസിയർമാരുടെയും അധിക തസ്തികകളുണ്ടായാൽ മാത്രമേ ഒരു പഞ്ചായത്തിൽ ഒരു എ.ഇ.-യും രണ്ട് ഓവർസിയറും എന്ന മിനിമം നമ്പറെങ്കിലും യാഥാർത്ഥ്യമാക്കി പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ അതീവതല്പരനായിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുള്ള വിവരവും ഞാൻ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. അധികം വൈകാതെ ഇത് യാഥാർത്ഥ്യമാക്കാനാകും. പുതിയ നഗരസഭകൾ വന്നതോടെ അവിടങ്ങളിൽ സർക്കാർ പുതുതായി സൃഷ്ടിച്ച പോസ്റ്റുകളിലേയ്ക്ക് പി.എസ്.സി. മുഖാന്തിരം നിയമനം നടക്കുന്നതോടെ 542 പഞ്ചായത്ത് ജീവനക്കാരുടെ അധിക സേവനം ലഭ്യമാകുന്നതോടെ ജില്ലാ പഞ്ചായത്തുകളിലേയ്ക്കും ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലേയ്ക്കും ഡി.പി.ഒ. ഓഫീസുകളിലേയ്ക്കും ഇവരുടെ സേവനം വിന്യസിപ്പിച്ചുനൽകുവാൻ സാധിക്കും.

നമ്മുടെ ഗ്രാമങ്ങൾ സമ്പൂർണ്ണ ഒ.ഡി.എഫ്. പ്രദേശമായി പ്രഖ്യാപിക്കാനായത് അഭിമാനാർഹമായ നേട്ടമാണ്. ഇക്കാര്യത്തിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ത്രിതല പഞ്ചായത്ത് ഭരണ സമിതികളും എം.എൽ.എ.-മാരും കാണിച്ച താൽപ്പര്യം ഇത്തരുണത്തിൽ നന്ദിയോടെ ഞാൻ സ്മരിക്കുകയാണ്.

പ്രോപ്പർട്ടി ടാക്സും പ്രൊഫഷണൽ ടാക്സും ഇ-പേമെന്റിലൂടെ നടത്താനുള്ള സൗകര്യം സംസ്ഥാനത്തെ അമ്പത് ശതമാനം പഞ്ചായത്തുകളിൽ പൂർത്തിയായിക്കഴിഞ്ഞു. ശേഷിക്കുന്ന അമ്പത് ശതമാനം സ്ഥാപനങ്ങളിൽ മൂന്നുമാസത്തിനകം പൂർത്തിയാക്കാനാകും. ഭാവിയിൽ പഞ്ചായത്തുകളിൽനിന്ന് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളിൽ പരിശോധന വേണ്ടാത്തവ ഏതൊരാൾക്കും എവിടെനിന്നും ലഭിക്കാനുതകുന്ന സൗകര്യം 2017 ഡിസംബറോടെ ഒരുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം സാമൂഹ്യ പെൻഷനുകൾക്കുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന നൽകാനും അവസരമൊരുക്കും. കുറച്ചൊക്കെ പിഴവുകൾ ചൂണ്ടിക്കാണിക്കാനാകുമെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്ലാൻ മോണിറ്ററിംഗിൽ ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) നടത്തിയ

പ്രവർത്തനം പ്രശംസനീയമാണ്. അടുത്ത ഒരു വർഷംകൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ഡിജിറ്റലായി മാറ്റാനാകുമെന്ന തന്നെയാണ് സർക്കാരിന്റെ ഉറച്ച വിശ്വാസം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനുമാണ് പുതിയതായി രൂപീകരിച്ചത്. ഇതിലേയ്ക്കായി ഒരു തസ്തികപോലും സൃഷ്ടിച്ചിരുന്നില്ല. ഈ സർക്കാർ 1494 പുതിയ പോസ്റ്റുകൾ സൃഷ്ടിച്ച് നിയമനം നടത്താൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ നിയമനം നടന്നുകൊണ്ടിരിക്കുന്നതും ഇടതുപക്ഷ സർക്കാരിന്റെ ചടുലതയ്ക്ക് മികച്ച ഉദാഹരണമാണ്. നഗരസഭകളിലുള്ള 146 എഞ്ചിനീയറിംഗ് പോസ്റ്റുകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻതന്നെ പുറത്തിറങ്ങും. കഴിഞ്ഞ അഞ്ചുവർഷമായി അർബൻ വകുപ്പിൽ പ്രൊമോഷനുകളൊന്നും നടന്നിരുന്നില്ല. എല്ലാ ഉയർന്ന തസ്തികകളിലേയ്ക്കുമുള്ള പ്രൊമോഷനുകളും പിന്നിട്ട പന്ത്രണ്ട് മാസത്തിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സാധ്യമാക്കിയത് ഒരു ചെറിയ കാര്യമായി കാണരുത്. ഇക്കാര്യത്തിൽ അർബൻ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ സേവനത്തെ വിലമതിച്ചു കാണേണ്ടതുണ്ട്. കഴിഞ്ഞ രണ്ടരവർഷമായി കെട്ടിക്കിടന്നിരുന്ന 86 ആശ്രിത നിയമനങ്ങൾ നൽകാനായത് സന്തോഷത്തോടെ മാത്രമേ അനുസ്മരിക്കുവാനാകുകയുള്ളൂ. നഗരഭരണ മേഖലയിൽ ഇരുന്നൂറിലധികം എൽ.ഡി.സി. തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടക്കുകയാണ്.

നഗരസഭകളിലെ നാലായിരത്തി അഞ്ഞൂറോളം വരുന്ന ശുചീകരണ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ആയിരത്തി അഞ്ഞൂറോളം താൽക്കാലിക ശുചീകരണ തൊഴിലാളികളുടെ ദിവസ വേതനം 377 രൂപയിൽനിന്ന് 600 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സ്ഥിരം ജീവനക്കാരായ ശുചീകരണ തൊഴിലാളികളുടെ പെൻഷൻ പരിഷ്കരണ നടപടികൾ ഉടനെതന്നെ തീർപ്പാക്കും. നഗരങ്ങളിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക ഏതാണ്ട് മുഴുവനായും കഴിഞ്ഞവർഷം ചെലവഴിച്ചു. കരാർ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ജോലി ചെയ്യുന്ന എഞ്ചിനീയർമാരുടെ ശമ്പളം 12,000 രൂപയിൽനിന്ന് 25,000 രൂപയായും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം 10,000 രൂപയിൽനിന്ന് 18,000 രൂപയായും ഈ സർക്കാർ വർദ്ധിപ്പിച്ചു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടത്തിനായി ഡയറക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നു.

കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന പ്രതിബന്ധങ്ങൾ ഈ കാലയളവിൽ നീക്കാനായത് ചെറിയ കാര്യമായി കാണാൻ സാധിക്കില്ല. 2076 കോടി രൂപയുടെ പ്രോജക്ടുകൾ സമർപ്പിച്ചുകഴിഞ്ഞു. ഇതിലേയ്ക്കായി 500 കോടി രൂപ കേന്ദ്ര സർക്കാരും 500 കോടി രൂപ സംസ്ഥാന സർക്കാരുമാണ് നൽകുന്നത്.

3.00 P.M.]

സ്മാർട്ട് സിറ്റി പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ചുകൊണ്ട് ഉത്തരവിറക്കി. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച സമയത്തിനകംതന്നെ പ്രവൃത്തികൾ പൂർത്തിയാക്കും. സർക്കാരിന്റെ കൂടിയുള്ള ശക്തമായ ഇടപെടലിനെ തുടർന്ന് തിരുവനന്തപുരം നഗരത്തെ സ്മാർട്ട് സിറ്റി ചലഞ്ചിനായി തെരഞ്ഞെടുത്തതിൽ നമുക്കുള്ള സന്തോഷം അളവറ്റതാണ്. 1521 കോടി രൂപയുടെ പ്രൊപ്പോസൽ ഇതിലേയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ റിസൾട്ട് ജൂൺ മാസത്തിൽ അറിയാം.

അമൃത് നഗരങ്ങളുടെ പട്ടികയിലുൾപ്പെട്ട ഒമ്പത് നഗരങ്ങൾക്കായി 2357 കോടി രൂപയുടെ 375 പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ച വിവരം സഭയെ അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. അമൃതിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെയും നിയമിച്ച് ഉത്തരവായിട്ടുണ്ട്. 2020 ഡിസംബർ വരെയാണ് പദ്ധതികൾ പൂർത്തിയാക്കാനുള്ള കാലാവധി. സമയബന്ധിതമായിത്തന്നെ പദ്ധതികൾ പൂർത്തിയാക്കും. ഗ്രാമ വികസന മേഖലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 637 പേർക്കാണ് പി.എസ്.സി. മുഖേന നിയമനം നൽകിയത്. ഇനിയും 422 വേക്കൻസികൾ നിലവിലുണ്ട്. ഇതിൽ 298 എണ്ണം വി.ഇ.ഒ.-മാരുടേതാണ്. ഇവയെല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ജൂൺ അവസാനത്തോടെ ഇവയെല്ലാം നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി. രാജ്യത്തുതന്നെ ഏറ്റവും കുറവ് ആസ്തി വികസനം ഈ പദ്ധതിയിൽ നടത്തിയിട്ടുള്ള സംസ്ഥാനം കേരളമാണ്. ഇതുവരെ 7 ശതമാനം മാത്രമാണ് മെറ്റീരിയൽ കംപോണന്റിനായി നമുക്ക് ചെലവഴിക്കാനായത്. 2015-16-ൽ ഈയിനത്തിൽ ചെലവഴിക്കാനായത് കേവലം 32 കോടി രൂപ (2.2%) മാത്രമാണ്. എന്നാൽ 2016-17-ൽ ഇത് 166 കോടി രൂപയാക്കി (6.9%) ഉയർത്താൻ സാധിച്ചു. 2017-18-ൽ മൊത്തം ചെലവിന്റെ 30% ഈയിനത്തിൽ ചെലവിടാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതികൾ തയ്യാറാക്കിവരുന്നത്. കേരളത്തിന്റെ വികസന മുന്നേറ്റത്തിൽ അതൊരു നാഴികക്കല്ലാകുമെന്ന കാര്യത്തിൽ സംശയമില്ല. 2017-18-ൽ 3000 കോടി രൂപയാണ് കൂലിയും സാധനങ്ങൾക്കുള്ള വിലയുമായി കേരളം പ്രതീക്ഷിക്കുന്നത്. ഇതിനായുള്ള പ്രോജക്ടുകൾ തയ്യാറാക്കിക്കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം ജോലി ചെയ്ത ഇനത്തിൽ തൊഴിലാളികൾക്ക് 636 കോടി രൂപ കേന്ദ്രത്തിൽനിന്ന്

കുടിശ്ശികയായി ലഭിക്കാനുണ്ട്. അത് നേടിയെടുക്കാനുള്ള തീവ്രശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. 2016-17-ൽ പി.എം.ജി.എസ്.വൈ. ഫെയ്സ് 1-ൽ 314 കി.മീ. റോഡ് പൂർത്തിയാക്കി. 218.50 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്. ഫെയ്സ് 2-ൽ 570 കി.മീ. റോഡ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 320 കി.മീ. റോഡിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. 84 റോഡുകളിൽ 79 എണ്ണം ടെണ്ടർ ചെയ്തു. 5 റോഡുകൾ റീടെണ്ടർ ചെയ്യുകയാണ്. ശേഷിക്കുന്ന 250 കി.മീ. റോഡുകളുടെ ഡി.പി.ആർ. പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിൽ മലപ്പുറം ജില്ലയിലെ 12 റോഡുകളും ഉൾപ്പെടുന്നുണ്ട്. കേന്ദ്ര ഇൻസ്പെക്ഷൻ ടീം തള്ളിയതുകൊണ്ടാണ് ഒന്നാം ഘട്ടത്തിൽനിന്ന് മലപ്പുറം ഒഴിവാക്കപ്പെട്ടത്. അത് നികത്താൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. ആർ.ഐ.ഡി.എഫ്.-ൽ 2016-17-ൽ 45.38 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചു. പി.എം.എ.വൈ. ഗ്രാമീൺ പദ്ധതി പ്രകാരം 32,559 വീടുകൾക്ക് യൂണിറ്റൊന്നിന് 78,000 രൂപയുടെ കേന്ദ്ര സഹായം 2016-17-ൽ ലഭിക്കുകയുണ്ടായി. ഇതിലേയ്ക്കായി 21,541 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ വിഹിതമടക്കം 2.5 ലക്ഷം രൂപയാണ് ഒരു ഗുണഭോക്താവിന് ഇതിലൂടെ നൽകപ്പെടുന്നത്. 2017-18-ൽ 9872 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ ഭവന പദ്ധതികളും കൺവെർജ് ചെയ്ത് ലൈഫ് പാർപ്പിട മിഷന്റെ ഭാഗമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ലൈഫ് മിഷൻ പ്രഖ്യാപിച്ച യൂണിറ്റ് കോസ്റ്റിലേയ്ക്ക് ബാക്കി വരുന്ന സംഖ്യ ഗവൺമെന്റ് ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യും. എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ 225 എഞ്ചിനീയർമാരെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.-യിലൂടെ പുതിയതായി നിയമിച്ചത്. 613 വേക്കൻസികളിലേയ്ക്കുള്ള ഇന്റർവ്യൂ പി.എസ്.സി. നടത്തിക്കൊണ്ടിരിക്കുകയാണ്. താല്ക്കാലികമായി എല്ലാ വേക്കൻസികളിലേയ്ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നൽകിയത് തദ്ദേശ സ്ഥാപനങ്ങൾക്ക് ആശ്വാസം പകർന്നിട്ടുണ്ട്. ജൂലൈ അവസാനത്തോടെ എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ ഒഴിവുകളും നികത്താനാകുമെന്ന് കരുതാം. ബെനിഫിഷ്യറി കമ്മിറ്റികൾക്ക് ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ 5 ലക്ഷത്തിൽ നിന്ന് 50,000 രൂപയാക്കി കുറച്ചിട്ടുണ്ട്. 5 ലക്ഷം വരെ മാനുവൽ ടെണ്ടറും അതിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടറും നടത്താൻ എൽ.എസ്.ജി.ഡി. തീരുമാനിച്ചിട്ടുണ്ട്. ഇക്കാലമത്രയും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ടെക്നിക്കൽ കേഡർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചരിത്രത്തിൽ ആദ്യമായിട്ടാണ് 32 തസ്തികകൾ സൃഷ്ടിച്ച് ഈ രംഗത്ത് മിനിസ്റ്റീരിയൽ വിംഗ് ഉണ്ടാക്കിയിരിക്കുന്നത്. ജൂൺ 1 മുതൽ എഞ്ചിനീയർമാർക്ക് തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ശമ്പളം നൽകുന്ന ഉത്തരവ് ദിവസങ്ങൾ

ക്കളളിൽത്തന്നെ പുറത്തിറങ്ങും. പരിമിതികൾക്കിടയിലും 2016-17 സാമ്പത്തിക വർഷം 6687 കോടി രൂപയുടെ 95692 പ്രോജക്ടുകൾക്ക് PRICE സോഫ്റ്റ്‌വെയറിലൂടെ ടി.എസ്. നൽകാനായത് നമ്മുടെ എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യശേഷിയെയാണ് കാണിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എഞ്ചിനീയർമാരെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഡെപ്യൂട്ട് ചെയ്യുന്നതിനെതിരായി അവർ സമരത്തിലായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്; അവരുടെ പ്രശ്നങ്ങൾ എന്തുകൊണ്ട് ചർച്ച ചെയ്ത് പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നില്ല?

ഡോ. കെ. ടി. ജലീൽ: സർ, എഞ്ചിനീയറിംഗ് വിഭാഗം തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ സമിതികൾക്ക് വശപ്പെടുന്നില്ലെന്നുള്ള പരാതിക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. പലപ്പോഴും ഭരണസമിതികൾക്ക് നിയന്ത്രിക്കാൻ കഴിയാത്തവരായി എഞ്ചിനീയറിംഗ് വിഭാഗം മാറുന്ന സാഹചര്യമുണ്ട്. അഴിമതി ഏറ്റവും കൂടുതൽ നിലനിൽക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടാണെന്നുള്ള ആക്ഷേപത്തിന്റെ വെളിച്ചത്തിലാണ് ഈ ഗവൺമെന്റ് വളരെ അടിസ്ഥാനപരമായിട്ടുള്ള തീരുമാനമെടുത്തത്. കഴിഞ്ഞ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് ഇക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാരുമായി സംസാരിച്ചിരുന്നു. അവരുടെ വേതനത്തിലോ സോഷ്യൽ സ്റ്റാറ്റസിലോ ഒരു തരത്തിലുള്ള ഇടിവും സംഭവിക്കുന്നില്ല. അവർക്ക് ലഭിക്കുന്ന ശമ്പളം ഒന്നാം തീയതി എല്ലാ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലഭിക്കും, ഒരു ആശങ്കയും അവർക്കുണ്ടാകേണ്ട കാര്യമില്ല. അവർക്കുള്ള ശമ്പളം ജൂൺ 1 മുതൽ തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും പ്രത്യേകം പ്രത്യേകം ബിൽഡിംഗ് റൂളുകൾ നിലവിലുള്ളവ ഭേദഗതി ചെയ്ത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ അവസാന ഘട്ടത്തിലാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് നഗരങ്ങളിൽ സമർപ്പിച്ചാൽ വർഷങ്ങളുടെ കാലദൈർഘ്യമുണ്ടാകുന്നുവെന്നും അകാരണമായി ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്നുമുള്ള പൊതുആക്ഷേപത്തിന്റെ വെളിച്ചത്തിൽ സമയബന്ധിതമായും കാര്യക്ഷമമായുമുള്ള തീർപ്പുണ്ടാക്കുന്നതിനുതകുന്ന ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയറിന് രൂപം നൽകുന്ന പദ്ധതി പൈലറ്റ് പ്രോജക്ടായി കോഴിക്കോട് കോർപ്പറേഷനിൽ മൂന്ന് മാസത്തിനകം പൂർത്തിയാക്കാനാകും. തുടർന്ന് ഈ സംവിധാനം ഒരു വർഷത്തിനുള്ളിൽ മറ്റ് കോർപ്പറേഷനുകളിലേയ്ക്കും രണ്ട് വർഷത്തിനകം എല്ലാ മുനിസിപ്പാലിറ്റികളിലേയ്ക്കും തുടർന്ന് പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ഇതോടെ ഈ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും എന്നന്നേയ്ക്കുമായി ഇല്ലാതാക്കാനാകും. ബഹുമാനപ്പെട്ട ഗവർണറുടെ 2016-17-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ പ്രകാരമുള്ള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് റീസ്ട്രക്ചർ ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ അതിന്റെ അന്തിമഘട്ടത്തിലാണ്. സി.ടി.പി./ഡി.ടി.പി. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന മുഴുവൻ ഫയലുകളിലും 2017 ഡിസംബർ അവസാനത്തോടെ സ്പെഷ്യൽ അദാലത്ത് വച്ച് തീർപ്പാക്കാൻ ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും പങ്കെടുത്ത് സി.ടി.പി. ഓഫീസിൽ 11 മണിക്കൂർ നീണ്ട അദാലത്ത് നടന്നുകഴിഞ്ഞു. വരും ആഴ്ചകളിൽ ഡി.ടി.പി. ഓഫീസുകളിലും അദാലത്ത് നടത്താൻ പരിപാടിയുണ്ട്. 93 നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി 42 നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന 47 എണ്ണം ഈ വർഷം പൂർത്തിയാക്കും. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ നിലവിൽ 47 തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ലോകബാങ്ക് സഹായത്തോടെ 'തദ്ദേശമിത്രം' പദ്ധതിയിൽ 358.55 കോടി രൂപ പെർഫോമൻസ് ഗ്രാന്റായും 120 കോടി രൂപ മറ്റ് വികസന പദ്ധതികൾക്കുമായി 50 പിന്നോക്കപഞ്ചായത്തുകൾക്കും 10 മുനിസിപ്പാലിറ്റികൾക്കും അനുവദിച്ചിരുന്നു. പദ്ധതിയുടെ കാലാവധി 3-6-2017-ൽ തീരുകയാണ്. 6 മാസവും കൂടി കാലാവധി നീട്ടി നൽകാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കാലാവധി നീട്ടിക്കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1073 സി.ഡി.എസ്.-കളും 2,77,401 അയൽക്കൂട്ടങ്ങളും 43,08,236 അംഗങ്ങളുമുള്ള ലോകത്തിന് തന്നെ മാതൃകയായ ഒരു മഹാപ്രസ്ഥാനമാണ് കുടുംബശ്രീ. നിർജ്ജീവമായി കിടന്നിരുന്ന അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കാൻ 'ദിശ 2017' എന്ന ക്യാമ്പയിൻ നടന്നുകഴിഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രിയും എം.പി.-മാരും എം.എൽ.എ.-മാരും മന്ത്രിമാരും ഇതിൽ പങ്കാളികളായത് ഞാൻ നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 19140 അയൽക്കൂട്ടങ്ങൾ പുതിയതായി രൂപീകരിച്ചു. വയോജനങ്ങൾ, ഭിന്നലിംഗക്കാർ, ഭിന്നശേഷിക്കാർ, തീരദേശ പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്കായുള്ള 3027 അയൽക്കൂട്ടങ്ങളും ഇതിൽപ്പെടുന്നു. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 4,000 രൂപയിൽ നിന്നും 6,000 രൂപയാക്കി ഈ സർക്കാർ ഉയർത്തി. കുടുംബശ്രീ രംഗത്ത് സേവനം ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം 50 ശതമാനത്തിലധികം വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഉത്തരവ് വൈകാതെ പുറത്തിറങ്ങും. കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ വ്യാപകമായി ആരംഭിക്കുന്നതിന്

ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഓരോ ജില്ലകളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ 'പ്രീ മാരിറ്റൽ കൗൺസിലിംഗ്' സെന്ററുകൾ തുടങ്ങും. 'സ്നേഹിത'-ജൻഡർ ഹെൽപ്പ് ഡസ്ക് ഇപ്പോൾ 6 ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 8 ജില്ലകളിലേയ്ക്കുകൂടി ഇവ ഒരു വർഷത്തിനുള്ളിൽ വ്യാപിപ്പിക്കും. നിരാലംബരായ സഹോദരിമാർക്കും അമ്മമാർക്കും സൗജന്യ നിയമസഹായം നൽകുന്നതിന് ഒരു സീനിയർ വനിതാ അഭിഭാഷകയുടെ മുഴുസമയ സേവനം പ്രാരംഭ ഘട്ടത്തിൽ ജില്ലാടിസ്ഥാനത്തിലും തുടർന്ന് ബ്ലോക്ക് നഗരസഭാ അടിസ്ഥാനത്തിലും ഏർപ്പെടുത്തും. ഒരു കുടുംബത്തിൽനിന്ന് ഒരാൾക്ക് മാത്രമേ ഇപ്പോൾ കുടുംബശ്രീയിൽ അംഗത്വമുള്ളൂ. ഇതിനാൽ പുതിയ തലമുറയിൽപ്പെടുന്നവർക്ക് കടന്നുവരാനുള്ള അവസരമുണ്ടാകുന്നില്ലെന്നുള്ളത് ഒരു ആവലാതിയായി നിലനിൽക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീയിൽ ഒരു കുടുംബത്തിൽ നിന്ന് രണ്ടു പേർക്ക് അംഗത്വം നൽകുന്നതിനെക്കുറിച്ച് കുടുംബശ്രീ ഗവേണിംഗ് ബോഡി ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്. എല്ലാ നഗരസഭകളിലും തെരുവോര കച്ചവടക്കാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടികൾ അവസാന ഘട്ടത്തിലാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ലൈബ്രേറിയൻമാരും നഴ്സറി ടീച്ചർമാരുടെയും വേതനം വർഷങ്ങളായി 2050 രൂപ ആയിരുന്നത് ഈ ഗവൺമെന്റ് 12,000 രൂപയാക്കിയാണ് വർദ്ധിപ്പിച്ചത്. ആയമാരുടെ ശമ്പളം 1,400 രൂപയിൽ നിന്ന് 8,000 രൂപയാക്കിയാണ് ഈ സർക്കാർ ഉയർത്തിയത്. പിണറായി സർക്കാർ പ്രഖ്യാപിച്ച 'ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി' തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ഇതിന്റെ സർവ്വേ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. 6 ലക്ഷത്തോളം ഭവനരഹിതരുണ്ടെന്നാണ് ആദ്യകണക്കുകൾ വ്യക്തമാക്കുന്നത്. വെരിഫിക്കേഷൻ പൂർണ്ണമായിക്കഴിഞ്ഞാൽ ഇതിന്റെ വ്യക്തമായിട്ടുള്ള എണ്ണം കിട്ടും. ഭൂമിയും ഭവനവും ഇല്ലാത്തവർക്ക് 14 ജില്ലകളിലും ഫ്ലാറ്റ് സമുച്ചയങ്ങൾ ഉയരുകയാണ്. ഇതിന്റെ തുടക്കമായി കൊല്ലത്ത് പുനലൂരിൽ ഫ്ലാറ്റുകളുടെ ശിലാസ്ഥാപനം ഈ സർക്കാരിന്റെ ഒന്നാം വാർഷികദിനത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി നിർവ്വഹിക്കുവാൻ പോകുകയാണ്.

അടുത്തകാലത്ത് പുറത്തുവന്ന വിജിലൻസിന്റെ ഒരു സർവ്വേ റിപ്പോർട്ടിനെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. തദ്ദേശസ്ഥാപനങ്ങളാണ് അഴിമതിയുടെ കാര്യത്തിൽ മുന്നിട്ട് നിൽക്കുന്നതെന്നുള്ള അഭിപ്രായമാണ് ആ സർവ്വേയിൽ ഉയർന്നുവന്നത്. ഇത് നമ്മെ ഓരോരുത്തരെയും പ്രയാസപ്പെടുത്തിയിട്ടുള്ള കാര്യമാണ്. തദ്ദേശസ്ഥാപനങ്ങളാണ്, തദ്ദേശ വകുപ്പല്ല. തദ്ദേശമന്ത്രിക്ക് പത്ത് പൈസയുടെ ഭരണാനുമതി നൽകാനുള്ള അവകാശമോ അർഹതയോ ഇല്ല.

ലഭിക്കുന്ന പ്ലാൻ ഫണ്ട് മുഴുവൻ തദ്ദേശസ്ഥാപനങ്ങൾക്ക് വീതിച്ചുനൽകുകയാണ് ചെയ്യുന്നത്. തദ്ദേശസ്ഥാപനങ്ങളിൽ അഴിമതി നടക്കുന്നുവെന്നുള്ളത് നമ്മൾ ഓരോരുത്തരെയും പ്രയാസപ്പെടുത്തുന്നു. ഏറ്റവും അവസാനം അഴിമതി വരേണ്ട ഒരു മേഖലയാണ് തദ്ദേശസ്ഥാപനങ്ങൾ. എന്തുകൊണ്ടെന്നാൽ തദ്ദേശസ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഒരു സഭയുണ്ട്. ആ സഭയുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് തദ്ദേശസ്ഥാപനങ്ങളിൽ അഴിമതി നടക്കുന്നതെന്നുള്ള കാര്യം ഓരോരുത്തരും ഒരു വിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. വിജിലൻസിന്റെ റിപ്പോർട്ടിനെ പോസിറ്റീവായി എടുക്കുവാനാണ് തദ്ദേശവകുപ്പ് തീരുമാനിച്ചത്. അതുകൊണ്ടാണ് ചില നടപടികൾ ആ രംഗത്ത് വേണമെന്നു കരുതി ശക്തമായ ഇടപെടലിലേയ്ക്ക് നീങ്ങിയത്. തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിക്കുന്ന പരാതികൾ പൊതുജനങ്ങൾക്ക് സമർപ്പിക്കാൻവേണ്ടി 'ഫോർ ദി പീപ്പിൾ' എന്നൊരു വെബ് പോർട്ടൽ തുടങ്ങുകയുണ്ടായി. അതിൽ ആദ്യമായി കിട്ടിയ പരാതി, കോഴിക്കോട് ജില്ലയിലെ ഒരു പഞ്ചായത്ത് സെക്രട്ടറിയെക്കുറിച്ചായിരുന്നു. അതിനെ സംബന്ധിച്ച് വ്യക്തമായി ഡി.ഡി.പി. മുഖേന അന്വേഷണം നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ സെക്രട്ടറിയെ സസ്പെൻഡ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട് ഒരു കോർപ്പറേഷൻ സെക്രട്ടറിയെയും ഒരു മുനിസിപ്പൽ സെക്രട്ടറിയെയും ഒരു ഹെൽത്ത് ഇൻസ്പെക്ടറെയും ഒരു പഞ്ചായത്ത് സെക്രട്ടറിയെയും സസ്പെൻഡ് ചെയ്തുവെന്നുള്ള വിവരവും ഞാൻ ഈ സഭയെ അറിയിക്കുകയാണ്. വരുന്ന ജൂൺ മാസം ഒന്നാം തീയതി മുതൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജീവനക്കാരുടെ പെർഫോമൻസിനെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആവലാതികളും പരാതികളും ബോധിപ്പിക്കുന്നതിന് ഒരു പരാതിപ്പെട്ടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റ് വിംഗിനാണ് ആ പരാതിപ്പെട്ടിയുടെ പൂർണ്ണ ഉത്തരവാദിത്വം. പഞ്ചായത്തിലെ ധനവിനിയോഗത്തെ സംബന്ധിച്ച് നിരീക്ഷിക്കുന്ന പ്രസ്തുത ഓഡിറ്റ് വിഭാഗം അവിടത്തെ ജീവനക്കാരുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഓഡിറ്റ് ഇതിന്റെ അടിസ്ഥാനത്തിൽ നടത്തും. പ്രസ്തുത റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ മേലാധികാരികൾക്കും തദ്ദേശ വകുപ്പിലെ ഉദ്യോഗസ്ഥർക്കും നൽകുന്നതാണ്. ഇത്തരം ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്ത് ആദ്യമായാണ് വരാൻ പോകുന്നത്.

പല അംഗങ്ങളും ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പല അഭിപ്രായങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഞ്ചായത്തിലെ 'പ' യും

പിണറായിലെ 'പി' യും അശുഭ ലക്ഷണമാണെന്ന് പറഞ്ഞ ബഹുമാന്യനായ അംഗത്തോട് വിനയപുരസ്സരം ഒരു കാര്യം ചോദിക്കട്ടെ. പിതാവിലെ 'പി' യും അശുഭലക്ഷണമായിട്ടാണോ അങ്ങ് കാണുന്നത്?

കുടുംബശ്രീ സംരംഭങ്ങൾക്ക് നാലുശതമാനം പലിശയിൽ സഹായം നൽകുന്ന പദ്ധതി എത്രയുംവേഗം നടപ്പിലാക്കും. കഴിഞ്ഞ സർക്കാർ 4 ശതമാനം പലിശയ്ക്ക് ധനസഹായം അനുവദിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഒരു പൈസപോലും കുടുംബശ്രീകൾക്ക് ലഭിച്ചിരുന്നില്ല. ഈ സർക്കാരാണ് ഓണറേറിയം നിലവിലുള്ളതിന്റെ നേരെ ഇരട്ടിയായി വർദ്ധിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചു വെന്നല്ലാതെ അത് നൽകുന്നതിന് മുന്നിട്ട് വന്നിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. എത്ര രൂപയാണോ അവർ കൈപ്പറ്റിയിരുന്നത് അതിന്റെ ഇരട്ടി തുകയാക്കിയാണ് ഓണറേറിയം വർദ്ധിപ്പിച്ചത്.

കാർഷിക പഞ്ചായത്തുകൾക്ക് പ്രത്യേകം സഹായം വേണമെന്ന ആവശ്യം ഇവിടെ ഉയർന്നുവരികയുണ്ടായി. എന്താണ് ചെയ്യാൻ കഴിയുകയെന്ന് തീർച്ചയായും പരിഗണിക്കുന്നതാണ്. പദ്ധതിച്ചെലവ് 68.71 ശതമാനമായത് എന്തുകൊണ്ടാണെന്ന് ചില അംഗങ്ങൾ സംശയം പ്രകടിപ്പിക്കുന്നത് കേൾക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് തെരഞ്ഞെടുപ്പ് വന്നത്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഒരു പൈസ പോലും വിനിയോഗിച്ചിരുന്നില്ല. മാർച്ച് മാസത്തിൽ അതിന്റെ വിനിയോഗത്തിന് ഒരുപാട് ബുദ്ധിമുട്ടുകളുണ്ടായിരുന്നു. എന്നിട്ടും നമ്മുടെയൊക്കെ പാർട്ടികളിൽപ്പെടുന്ന ആളുകൾ തലപ്പത്തിരിക്കുന്ന സ്ഥാപനങ്ങൾ 68.71 ശതമാനം ചെലവഴിക്കുകയുണ്ടായി.

മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിനെക്കുറിച്ച് ഒരു പരാമർശം ബഹുമാനപ്പെട്ട ഒരംഗം നടത്തുകയുണ്ടായി. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിൽ അദ്ദേഹം കൈകടത്തുന്നുവെന്നാണ് പറഞ്ഞത്. വളരെ റെപ്യൂട്ടഡായി, അഴിമതിരഹിതമായ കൈകളോടെ സർവ്വീസിൽനിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥനും ഏറ്റവും പ്രഗല്ഭനായിട്ടുള്ള നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഒരാളുമാണ് അദ്ദേഹം. അത്തരത്തിലുള്ള ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം അവരെ മോശമായി ചിത്രീകരിക്കുന്ന രീതിയിലുള്ള പരാമർശങ്ങൾ ഒഴിവാക്കുന്നതല്ലേ നല്ലത്. ഒരിക്കലും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിൽ അത്തരത്തിലുള്ള ഒരു ഇടപെടലും നടന്നിട്ടില്ല. വികസന അതോറിറ്റികൾ ഒരു ഭാരമായി നമ്മുടെ സംസ്ഥാനത്തിന് അനുഭവപ്പെട്ട പശ്ചാത്തലത്തിലാണ് ആവശ്യമുള്ള രണ്ട് വികസന അതോറിറ്റികൾ മാത്രം നിലനിർത്തി മറ്റ് വികസന

അതോറിറ്റികൾ പിരിച്ചുവിട്ടത്. സ്റ്റാഫിന്റെ അധികാരവും ജംഗമസ്വത്തുക്കളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനും ഈ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.യു.ഡി.പി. പദ്ധതിയുടെ കാലം കഴിഞ്ഞതുകൊണ്ടാണ് ആ പദ്ധതി വൈൻറ് അപ് ചെയ്യുന്നത്. അത് നമുക്ക് വൈന്റ് അപ് ചെയ്തേ പറ്റൂ. ഏതൊക്കെ പദ്ധതികളാണ് അതിൽ നിലനിർത്തേണ്ടത്/പൂർത്തിയാക്കേണ്ടത് അതിനുള്ള പണം ഇനി ഒരിക്കലും എക്സ്റ്റേണൽ ഏജൻസിയിൽനിന്ന് ലഭിക്കുകയില്ല. ആ പദ്ധതികൾ ഏതെന്ന് കണ്ടെത്തി ആവശ്യമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അനുസൃതമായിട്ടുള്ള സഹായം സംസ്ഥാന സർക്കാർ നൽകുന്നതാണ്. സോഫ്റ്റ്‌വെയർ നിലവിൽ വരുന്നതോടെ കെട്ടിട പെർമിറ്റുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരമുണ്ടാകും. ജില്ലാ പദ്ധതികൾ ഉണ്ടാക്കണമെന്നുള്ള നിർദ്ദേശം തീർച്ചയായും നല്ലതാണ്. അത് എല്ലാ ജില്ലാ പഞ്ചായത്തുകളും ഈ വർഷം മുതൽ നടപ്പിലാക്കുമെന്നാണ് കരുതുന്നത്. ഗ്രാമസഭകൾ ശുഷ്കമാവുകയാണ്. തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്ന ആളുകളുടെ ശതമാനത്തിന്റെ നിലവാരത്തിലേയ്ക്ക് ഗ്രാമസഭകളെ ഉയർത്തിക്കൊണ്ടുവരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, അംഗങ്ങൾ ഉൾപ്പെടെ എല്ലാവരും ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള കാമ്പയിനിൽ പങ്കാളിത്തം വഹിക്കുകയുണ്ടായി.

സർവ്വകലാശാലകളുടെ സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വിനിയോഗിക്കണമെന്ന ഒരു നിർദ്ദേശം ഇവിടെ ഉയർന്നു വരികയുണ്ടായി. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ സിവിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ ഡിപ്പാർട്ടുമെന്റുകൾ എല്ലാം ചേർന്ന് ഇന്റേൺഷിപ്പ് എന്നുള്ള രൂപത്തിൽ കോഴ്സ് കഴിഞ്ഞതിനുശേഷം ഒരു വർഷം നമ്മുടെ സംസ്ഥാനത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാനുള്ള സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ ചർച്ചകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായി നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാരുടെ പെൻഷൻ നടപ്പിലാക്കുക എന്നുള്ളത് അസാദ്ധ്യമായ കാര്യമാണ്. കാരണം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത് വലിയ ഒരു ഭാരമായി മാറും. അതുകൊണ്ട് മുൻ മെമ്പർമാരുടെ ഇപ്പോഴുള്ള സംഘടന മുന്നോട്ട് വച്ചിട്ടുള്ള പ്രായോഗികമായ നിർദ്ദേശങ്ങൾ, ക്ഷേമനിധിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രായോഗികമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കും. ഗ്രാമസഭകൾ ശക്തമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകും. തെരുവോര കച്ചവടക്കാർക്ക്

ഐ.ഡി.കാർഡ് എത്രയും വേഗം വിതരണം ചെയ്യും. പഞ്ചായത്തുകളുടെ വലിയ റോഡുകൾ പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറാനുള്ള നിർദ്ദേശം ഇവിടെ മുന്നോട്ട് വയ്ക്കുകയുണ്ടായി. അത് പല തലങ്ങളിലും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടത് ആണെന്നുള്ളതുകൊണ്ട് വ്യക്തമായിട്ടുള്ള തീരുമാനം ഇവിടെ പറയാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

പൊതുശ്മശാനങ്ങൾ ഇല്ലാത്തതാണ് കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നമെന്ന് ഒരു അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ നാന്നൂറ്റിയമ്പതോളം ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ ഉണ്ട്. കഴിഞ്ഞ തവണ എം.എൽ.എ. ഫണ്ടിൽ നിന്ന് 35 ലക്ഷം രൂപ ചെലവിട്ടുകൊണ്ടാണ് എന്റെ നിയോജക മണ്ഡലത്തിൽ ഗ്യാസ് ക്രിമറ്റോറിയം ഒരുക്കിയത്. ഇത്ര വലിയ അഭിപ്രായ പ്രകടനം നടത്തിയ ബഹുമാന്യനായ അംഗത്തിന് എം.എൽ.എ. ഫണ്ടിൽനിന്ന് ഇതുപോലെ പണം ചെലവഴിച്ച് ഗ്യാസ് ക്രിമറ്റോറിയങ്ങൾ നിർമ്മിക്കാവുന്നതാണ്. സംസ്ഥാനത്തെ പല നഗരസഭകളിലും നല്ല ഗ്യാസ് ക്രിമറ്റോറിയങ്ങൾ പ്രവർത്തിക്കുന്നു എന്നുള്ള കാര്യവും ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. അനൂപ് ജേക്കബിന്റെ നിയോജകമണ്ഡലത്തിൽ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ഞാൻ പങ്കെടുത്തിരുന്നു. എറണാകുളം ജില്ലയിലെ ആലുവ മണ്ഡലത്തിലും വളരെ ഗംഭീരമാർന്ന മറ്റൊരു ചടങ്ങിലും പങ്കെടുക്കുവാൻ എനിക്ക് കഴിഞ്ഞു. എല്ലാ സ്ഥലങ്ങളിലും ഗ്യാസ് ക്രിമറ്റോറിയങ്ങൾ ഉണ്ട്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രം എന്തുകൊണ്ടാണ് ഉണ്ടാകാത്തത് എന്നതിനെ സംബന്ധിച്ച് അദ്ദേഹമാണ് ആത്മപരിശോധന നടത്തേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ് : സർ, .......

മി. സ്പീക്കർ: അങ്ങയെക്കുറിച്ചൊന്നും പറഞ്ഞില്ലല്ലോ ഇവിടെ.

ഡോ. കെ. ടി. ജലീൽ : സർ, മിഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാണ്, അല്ലാതെ ദുർബലപ്പെടുത്താനല്ല. പ്രസംഗമല്ല, ഞങ്ങളൊക്കെ പ്രവർത്തിച്ച് കാണിച്ചിട്ടുണ്ട്. അങ്ങയുടെ നിയോജക മണ്ഡലത്തിൽ പാവപ്പെട്ട ആളുകൾക്ക് ക്രിമറ്റോറിയം വേണമെങ്കിൽ എം.എൽ.എ. ഫണ്ടിൽനിന്ന് പണം ചെലവാക്കി അത് നിർമ്മിക്കാമായിരുന്നില്ലേ; ആരെങ്കിലും ഇവിടെ തടസ്സം നിൽക്കുവാൻ മുന്നോട്ട് വന്നിരുന്നോ? സ്വയം ചെയ്യാൻ കഴിയാത്ത കാര്യം മറ്റുള്ളവരുടെ മേൽ പാപമായി അടിച്ചേൽപ്പിക്കുന്നത് ശരിയായ നടപടിയല്ല. കുടുംബശ്രീയെ ശക്തിപ്പെടുത്താനുള്ള നല്ല ഇടപെടലുകളാണ് നടന്നുവരുന്നത്.

13-ാം പഞ്ചവത്സരപദ്ധതി കാലത്ത് ജനകീയാസൂത്രണം പുനർജ്ജനിക്കുമ്പോൾ ഒന്നരമാസത്തിനുള്ളിൽ 511 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി രൂപീകരണം അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. 36 ഗ്രാമപഞ്ചായത്തുകളിൽ ഡി.പി.സി.യിൽ പൂർണ്ണ പദ്ധതി സമർപ്പിച്ചു കഴിഞ്ഞു. ഡി.പി.സി. അപ്രൂവൽ നേടിയ തദ്ദേശസ്ഥാപനങ്ങൾ 12 എണ്ണമാണ്. ഈ മാസം അവസാനിക്കുന്നതോടെ ഏതാണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പൂർത്തിയാക്കി നിർവ്വഹണത്തിലേയ്ക്ക് കടക്കും. രണ്ടാം ജനകീയാസൂത്രണ കാലത്തേയ്ക്കുള്ള മാർഗ്ഗരേഖ അച്ചടിച്ച് പുറത്തിറക്കിയ വിവരം ചില അംഗങ്ങളെങ്കിലും അറിയാതെ പോയത് ഖേദകരമാണ്. ആദ്യം ഒരു നല്ല മനുഷ്യനാകുക എന്നിട്ട് ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസ്ലീമോ ആരുമെങ്കിലും ആകാം. ബഹുമാന്യനായ അഹിലുൽ ബൈത്തിലെ അംഗമായ സുഹൃത്തിനോട് എനിക്ക് അതാണ് സൂചിപ്പിക്കാനുള്ളത്. 2015-16-ൽ പൂർത്തിയാക്കിയ ഒരു ബില്ലും ട്രഷറിയിൽ ...

<u>ശ്രീ. അനിൽ അക്കര</u>: സർ, സാധാരണ കേരളത്തിലെ എല്ലാ ഡി.പി.സി.കളിലും എം.എൽ.എ.മാരെ യോഗത്തിൽ വിളിക്കാറുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എം.എൽ.എ.മാരെ വിളിക്കുന്നില്ല. എനിക്ക് ഡി.പി.സി. യോഗത്തിൽ പങ്കെടുക്കുക എന്നത് താൽപ്പര്യമുള്ള വിഷയമാണ്. അതിന് ഒരു തീരുമാനം ഉണ്ടാകണം.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഭരണഘടനാപരമായ ബോഡിയാണ് ഡി.പി.സി. അതിൽ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ സി.റ്റി.പി., ഡി.റ്റി.പി. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ അദാലത്ത് നടത്തി പരിഹാരം ഉണ്ടാക്കുമെന്ന് പറഞ്ഞു, അത് നല്ല കാര്യമാണ്. അതോടൊപ്പംതന്നെ പതിറ്റാണ്ടുകളായി, ചെറിയ കെട്ടിടങ്ങൾക്ക് യു.എ. നമ്പർ കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന tiny industries-കൾ, സർവ്വീസ് സെന്റേഴ്സുകൾ, ചെറിയ ബിസിനസുകാർ അവർക്കൊന്നും ലൈസൻസ് പുതുക്കിക്കൊടുക്കാൻ എൽ.എസ്.ജി. ഡിപ്പാർട്ടുമെന്റ് തയ്യാറല്ല. അത്തരത്തിൽ പഴയ യു.എ. കേസ്സുകൾ പരിഹരിക്കാനുള്ള അദാലത്ത് ഉടനെ ഉണ്ടാകുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഈ ഗവൺമെന്റ് ആളുകളുടെ പ്രയാസങ്ങൾ ദൂരീകരിച്ച് കൊടുക്കുന്നതിനാണ് പ്രാമുഖ്യം നൽകുന്നത്. അതിന്റെ ഭാഗമായി റെഗുലറൈസേഷന് ഉത്തരവ് പുറപ്പെടുവിക്കാൻ പോകുന്നു. അത്തരമൊരു ഉത്തരവ്

വന്നാൽ യു.എ. നമ്പർ കിട്ടിയിട്ടുള്ളവർക്ക് പെർമനന്റ് നമ്പർ ലഭിക്കുന്നതിന് സാഹചര്യമൊരുങ്ങും. അദാലത്തുകൾ നടത്തി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. 2015-16-ൽ പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾക്ക് പണം നൽകിയിട്ടുണ്ട്. 2016-17-ലെ സമർപ്പിക്കപ്പെട്ട ബിൽ തുകയും ബന്ധപ്പെട്ടവർക്ക് നൽകും. 2016-17-ൽ ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകൾക്കെല്ലാം സ്പിൽഓവർ അനുവദിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രവാസികൾക്ക് പരിഗണന നൽകണമെന്ന നിർദ്ദേശം ഉയർന്നുവരികയുണ്ടായി. തീർച്ചയായും ഉത്പാദന മേഖലയിൽ നീക്കിവയ്ക്കുന്ന പണം പ്രയോജനപ്പെടുത്തി പ്രവാസികൾക്ക് ഉതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. നീക്കിവയ്ക്കപ്പെടുന്ന പണം ശരിയായ വിധമാണോ ചെലവഴിക്കുന്നതെന്ന കാര്യത്തിൽ ഒരു മേൽനോട്ടം ഉണ്ടാകണമെന്ന നിർദ്ദേശം പാലിക്കാൻ ശ്രമിക്കും. വിജിലൻസ് റിപ്പോർട്ടിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ചീഫ് സെക്രട്ടറിയെപ്പറ്റി ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞ കാര്യം ശരിയാണ്. കഴിഞ്ഞ പ്രാവശ്യം ഞാൻ അവിടെ ഉണ്ടായിരുന്ന സമയത്ത്, വിജിലൻസ് ഡയറക്ടറായിരുന്ന ശ്രീ. ജേക്കബ് തോമസിനെപ്പറ്റി അഭിപ്രായം പറഞ്ഞപ്പോൾ പ്രിയങ്കരനായ ബാലേട്ടനും, സുനിൽ കുമാറുമെല്ലാം ഒരുമിച്ച് എന്നെ കടിച്ചുകീറാൻ വന്നു. ഞാൻ അതിൽ ഉറച്ചുനിന്നു. ഇപ്പോൾ അദ്ദേഹം ഇരിക്കുന്നത് എവിടെയാണ്, ഞാൻ പറഞ്ഞ അതേ സ്ഥലത്ത്, അദ്ദേഹത്തിന്റെ വീട്ടിൽ. കുറച്ച് കാലം കഴിയുമ്പോൾ ഈ കാര്യങ്ങൾ എങ്ങനെയുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകും. അന്ന് കൃത്യമായി ബോധം വരുമെന്നാണ് തോന്നുന്നത്.

<u>ഡോ. കെ.ടി. ജലീൽ</u> : സർ, ബഹുമാന്യനായ മഞ്ഞളാംകുഴി അലി സാഹിബിനെ പോലെയുള്ള ഒരാൾ ശ്രീ. എസ്. എം. വിജയാനന്ദനെ പോലുള്ള ഉദ്യോഗസ്ഥനെക്കുറിച്ച് ഇങ്ങനെയൊരു കമന്റ് പറയാൻ പാടില്ലായിരുന്നുവെന്ന വ്യക്തിപരമായ അഭിപ്രായം എനിക്കുണ്ട്. എല്ലാ അംഗങ്ങളും വളരെ സജീവമായി ചർച്ചയിൽ പങ്കെടുത്തു. എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സർവ്വശ്രീ. മഞ്ഞളാംകുഴി അലി, വി. കെ. ഇബ്രാഹിം കുഞ്ഞ്,

അടൂർ പ്രകാശ്, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, ടി. എ. അഹമ്മദ് കബീർ, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2 ശ്രീ. വി. അബ്ദുറഹിമാൻ

3 ശ്രീമതി പി. അയിഷാ പോറ്റി

4 ശ്രീ. കെ. ആൻസലൻ

5 ശ്രീ. ആന്റണി ജോൺ

6 ശ്രീ. എ. എം. ആരിഫ്

7 പ്രൊഫ. കെ. യു. അരുണൻ

8 ശ്രീ. കെ. ബാബു

9 ശ്രീ. എ. കെ. ബാലൻ

10 ശ്രീമതി ഇ. എസ്. ബിജിമോൾ

11 ശ്രീ. ഇ. ചന്ദ്രശേഖരൻ

12 ശ്രീ. കെ. ദാസൻ

13 ശ്രീ. ബി. ഡി. ദേവസ്സി

14 ശ്രീ. സി. ദിവാകരൻ

15 ശ്രീ. എൽദോ എബ്രഹാം

16 ശ്രീമതി ഗീതാ ഗോപി

17 ശ്രീ. ചിറ്റയം ഗോപകുമാർ

18 ശ്രീ. സി. കെ. ഹരീന്ദ്രൻ

19 ഡോ. കെ. ടി. ജലീൽ

20 ശ്രീ. ജെയിംസ് മാത്യു

21 ശ്രീ. ജി. എസ്. ജയലാൽ

22 ശ്രീ. ഇ. പി. ജയരാജൻ

23 ശ്രീ. ജോൺ ഫെർണാണ്ടസ്

24 ശ്രീ. വി. ജോയി

25 ശ്രീ. സി. കൃഷ്ണൻ

26 ശ്രീ. കെ. കൃഷ്ണൻകുട്ടി

27 ശ്രീ. എം. എം. മണി

28 ശ്രീ. മാത്യു ടി. തോമസ്

29 ശ്രീ. കെ. ജെ. മാക്സി

30 ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

31 ശ്രീ. ഡി. കെ. മുരളി

32 ശ്രീ. മുരളി പെരുനെല്ലി

33 ശ്രീ. സി. കെ. നാണു

34 ശ്രീ. എം. നൗഷാദ്

35 ശ്രീ. യു. ആർ. പ്രദീപ്

36 ശ്രീ. എ. പ്രദീപ് കുമാർ

37 ശ്രീമതി യു. പ്രതിഭ ഹരി

38 ശ്രീ. പുരുഷൻ കടലുണ്ടി

39 ശ്രീ. പി. ടി. എ. റഹീം

40 ശ്രീ. എം. രാജഗോപാലൻ

41 ശ്രീ. കെ. രാജൻ

42 ശ്രീ. ആർ. രാജേഷ്

43 ശ്രീ. റ്റി. വി. രാജേഷ്

44 ശ്രീ. കെ. രാജു

45 ശ്രീ. രാജു എബ്രഹാം

46 ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

47 ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

48 ശ്രീ. മുല്ലക്കര രത്നാകരൻ

49 പ്രൊഫ. സി. രവീന്ദ്രനാഥ്

50 ശ്രീ. എസ് . ശർമ്മ

51 ശ്രീ. എ. കെ. ശശീന്ദ്രൻ

52 ശ്രീ. സി. കെ. ശശീന്ദ്രൻ

53 ശ്രീ. പി. കെ. ശശി

54 ശ്രീ. വി. ശശി

55 ശ്രീ. ഐ. ബി. സതീഷ്

56 ശ്രീ. ബി. സത്യൻ

57 ശ്രീ. എ. എൻ. ഷംസീർ

58 ശ്രീ. ജി. സുധാകരൻ

59 ശ്രീ. വി. ആർ. സുനിൽ കുമാർ

60 ശ്രീ. വി. എസ് . സുനിൽ കുമാർ

61 ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62 ശ്രീ. കെ. സുരേഷ് കുറുപ്പ്

63 ശ്രീ. എം. സ്വരാജ്

64 ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65 ശ്രീ. പി. തിലോത്തമൻ

66 ശ്രീ. തോമസ് ചാണ്ടി

67 ഡോ. ടി. എം. തോമസ് ഐസക്

68 ശ്രീ. പി. ഉണ്ണി

69 ശ്രീമതി വീണാ ജോർജ്ജ്

70 ശ്രീ. കെ. വി. വിജയദാസ്

71 ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് . പി

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. ടി. എ. അഹമ്മദ് കബീർ

5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. അനിൽ അക്കര

7. ശ്രീ. എ. പി. അനിൽ കുമാർ

8 ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. കെ. എസ് . ശബരീനാഥൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. വി. എസ് . ശിവകുമാർ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ഉബൈദുള്ള
26. ശ്രീ. എം. ഉമ്മർ

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി. കെ. ബഷീർ, വി. കെ. ഇബ്രാഹിം കുഞ്ഞ്,

എൽദോസ് കുന്നപ്പിള്ളി, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, എം. ഉമ്മർ, ടി. എ. അഹമ്മദ് കബീർ, പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ് . ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു

34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
47. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. സി. കെ. ശശീന്ദ്രൻ
53. ശ്രീ. പി. കെ. ശശി
54. ശ്രീ. വി. ശശി
55. ശ്രീ. ഐ. ബി. സതീഷ്
56. ശ്രീ. ബി. സത്യൻ
57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീ. ജി. സുധാകരൻ
59. ശ്രീ. വി. ആർ. സുനിൽ കുമാർ
60. ശ്രീ. വി. എസ് . സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം . സ്വരാജ്
64. ശ്രീ. ഇ . ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. വി. എസ്. ശിവകുമാർ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ഉബൈദുള്ള
26. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. അൻവർ സാദത്ത്, കെ. സി. ജോസഫ്, എം. ഉമ്മർ, എൻ.

ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, വി. ടി. ബൽറാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്

36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. ആർ. രാജേഷ്:
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
47. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. സി. കെ. ശശീന്ദ്രൻ
53. ശ്രീ. പി. കെ. ശശി
54. ശ്രീ. വി. ശശി
55. ശ്രീ. ഐ. ബി. സതീഷ്
56. ശ്രീ. ബി. സത്യൻ
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീ. ജി. സുധാകരൻ
59. ശ്രീ. വി. ആർ. സുനിൽ കുമാർ

60. ശ്രീ. വി. എസ്. സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ

12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. വി. എസ്. ശിവകുമാർ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ഉബൈദുള്ള
26. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.32-ന് പിരിഞ്ഞു.)

---